# പുരോഹിതൻ തീച്ചൂളയിൽ

റവ. ഡോ. കുര്യൻ വാലുപറമ്പിൽ



## റവ. ഡോ. കുര്യൻ വാലുപറമ്പിൽ:

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ തിരുവനന്തപുരം മേജർ അതിരൂപതയിലെ വൈദികൻ. ജനനം1946 ഫെബ്രുവരി 8. മാതാപിതാക്കന്മാർ; പരേതനായ തോമസ്, ഏലിയാമ്മ. സഹോദരങ്ങൾ ഏഴു പേർ. ഈ കുടുംബം 1960ൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. കുര്യന്റെ വൈദികപരിശീലനം തിരുവനന്തപുരം പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും. വൈദികപട്ടാഭിഷേകം 1972 ഡിസംബർ 18ന്. തുടർന്ന് വിവിധ ഇടവകകളിൽ അജപാലനശുശ്രൂഷ. ഗ്രാമങ്ങളിൽ റോഡുനിർമാണം, ഭവനനിർമാണം, ശുചിമുറിനിർമാണം എന്നിവയ്ക്കു നേതൃത്വമേകാൻ ദൈവം വിനിയോഗിച്ചു. ഏതാനും നിർദ്ധനയുവതികളുടെ വിവാഹത്തിനു സഹായം സംഘടിപ്പിക്കാൻ പരിശുദ്ധ മാതാവ് ഇടപെടുത്തി. വീടുവയ്ക്കാൻ ഇടമില്ലാതിരുന്ന ഏതാനും കുടംബങ്ങൾക്ക് ഇടമുണ്ടാകാൻ പിറന്നുവീഴാൻ സത്രത്തിൽ ഇടം കിട്ടാതിരുന്നോൻ ഇടയാക്കി. തൊണ്ണൂറിലേറെ കുടുംബങ്ങളെ തിരുസഭയിലേക്കു സ്വീകരിക്കാൻ സഭയുടെ നാഥൻ അനുഗ്രഹിച്ചു. 1976 മുതൽ തിരുവനന്തപുരം മേജർ അതിരൂപതയിലെ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടറും 1978 മുതൽ കേരള കത്തോലിക്കാ ബൈബിൾ കമ്മീഷന്റെ ഒരു ആലോചനാസിമിതിയംഗവും ആയി പ്രവർത്തിക്കാൻ സഭ അനുഗ്രഹിച്ചു. ബാംഗ്ളൂർ എൻ.ബി.സി.എൽസിയിൽ ക്രിസ്റ്റ്യൻ ലൈഫ് കമ്മീഷന്റെ ആലോചനാസമതിയിൽ കുറെ കൊല്ലം അംഗമായിരിക്കാനും, കുറെ നാൾ തിരുവനന്തപുരം മേജർ അതിരൂപതയിൽ പാസ്റ്ററൽ കോ-ഓർഡിനേറ്റർ ആയിരിക്കാനും സഭ അവസരം നല്കി. കേരള കത്തോലിക്കാ ബൈബിൾ സൊസൈറ്റിയുടെ ബൈബിൾപ്രചാരണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം നല്കപ്പെടുന്നു. പി.ഒ.സി. 2012ൽ പ്രസിദ്ധീകരിച്ച പുതിയ നിയമത്തിന്റെ പരിഷ്കരിച്ച പതിപ് തയ്യാറാക്കുന്നതിൽ ക്രിയാത്മകമായി സഹകരിക്കാൻ അവസരം നല്കപ്പെട്ടു. 1980ൽ ഫിലിപ്പൈൻസ് ഉൾപ്പടെ ചില ഏഷ്യൻ രാജ്യങ്ങളും, 1982ൽ ചില യൂറോപ്യൻ രാജ്യങ്ങളും അൾജിയേഴ്സും (അൾജീറിയ) സന്ദർശിച്ചു. 1995ൽ “The Way” (*HÇ HODOS*) in the Acts of the Apostles. A Theological Study of ‘The Way’ in the Acts of the Apostles with Special Reference to the *Margavasi* Concept of the Mar Thomma Syrian Christians of India in the Indian Context എന്ന പ്രബന്ധവും അവതരണവും ആധാരമാക്കി ഒന്നാം റാങ്കോടെ കോട്ടയം വടവാതൂർ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഡോക്ടറേറ്റ്. തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിലും മറ്റേതാനും ദൈവശാസ്ത്രാഭ്യാസ സ്ഥാപനങ്ങളിലും ബൈബിൾ, ആരാധനക്രമം, മരിയശാസ്ത്രം മുതലായവ പഠിപ്പിച്ചു. ബൈബിൾ, ആരാധനക്രമം, മരിയശാസ്ത്രം, സഭാശാസ്ത്രം, സഭൈക്യം എന്നിവ അധികരിച്ചുള്ള പതിനെട്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതങ്ങളായി. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പല പ്രസിദ്ധീകരണങ്ങളിലായി എഴുപതിലേറെ ലേഖനങ്ങൾ. 2010 ഏപ്രിൽ മുതൽ തിരുവനന്തപുരം മണ്ണന്തലയടുത്ത് ഉളിയാത്തറ മിഷന്റെ വികാരി.

## സമർപ്പണം

തിരുവചനം വായിക്കാനും പഠിക്കാനും പ്രാർഥിക്കാനും കുർബാനയിൽ ശ്രദ്ധിക്കാനും പഠിപ്പിച്ച പരേതനായ ഞങ്ങളുടെ പിതാവിനും 2015 ജനുവരി 31- ന് നവതി തികയ്ക്കുന്ന മാതാവിനും



മലങ്കര കത്തോലിക്കാ വൈദികജീവിതത്തിന്റെയും ആരാധനയുടെയും സജീവാക്ഷരങ്ങൾ ആദ്യം കാണിച്ചുതന്ന തീക്ഷ്ണമതിയായ മിഷണറിയും സ്നേഹസമ്പന്നനുമായിരുന്ന പരേതനായ ബഹു. സാമുവൽ തെങ്ങുവിളയിലച്ചനും കുളങ്ങരവാലി (വയ്യാറ്റുപുഴ) ഇടവകയ്ക്കും

അക്ഷരങ്ങളഭ്യസിപ്പിച്ച ആദരണീയയർക്കും ആലയങ്ങൾക്കും തിരുവനന്തപുരം പട്ടം സെയിന്റ് അലോഷ്യസ് സെമിനാരിയിലും കോട്ടയം വടവാതൂർ സെയിന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും പൊന്തിഫിക്കൽ പൗരസ്ത്യ വിദ്യാപീഠത്തിലും എനിക്ക് അഭ്യസനം നല്കിയ വന്ദ്യരായ ഗുരുഭൂതന്മാർക്കും ആ മാതൃസ്ഥാപനങ്ങൾക്കും

ഫാദർ കുര്യൻ വാലുപറമ്പിൽ

# PURŌHITAN THĪCHŪLAYIL

**KURIAN VALUPARAMPIL**

(Malayalam)

Author

*Kurian Valuparampil*

© right reserved to the author

First Published

*January 2015*

Published, Printed and Distributed by

*Carmel International Publishing House*
*Cotton Hill, Trivandrum - 695014*
*e-mail: ciph@md4.vsnl.net.in; ciph@asianetindia.com*
*Website: www.carmelpublications.com*

Cover Design

*Rejilal, Viswam Graphics*
*Nalanchira*

Price

# ഉള്ളടക്കം


**അനുഗ്രഹാശംസ:**

മേജർ ആർച്ച്ബിഷപ്
കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ

**അവതാരിക:**

റൈറ്റ് റവ ഡോ. അബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്താ

**വിലപ്പെട്ട വായനാനുഭവങ്ങൾ**

**നന്ദി ചൊല്ലാൻ**

**മുഖവുര** **(1–19)**

വിശുദ്ധീകരിക്കുന്ന അഗ്നി 1
ആന്തരിക നവീകരണത്തിനുള്ള സമർപ്പണം ആഴപ്പെടുത്തുക 3
ഈ നല്ല സമയം 3
ഈ രചനയുടെ ധാരണവും പിറവിയും 7
ഈ രചനയുടെ ഘടന 16
ഒത്തൊരുമിച്ചൊരു തീർഥയാത്ര 17

## ഭാഗം ഒന്ന്

**പുരോഹിതവിശ്വസ്തതയെക്കുറിച്ചൊരു വീണ്ടുവിചാരം** **(21–47)**

1. വിശ്വസ്തതയും വിശുദ്ധീകരണാനുഭൂതിയും 22
പുരോഹിതവിശ്വസ്തതയെക്കുറിച്ചു പാപ്പാ ബനഡിക്ട് XVI 22

2. പുരോഹിതവിശ്വസ്തതയെക്കുറിച്ചൊരു വചനവിചാരം 25
പൗലോസിന്റെ വിശ്വസ്തത 25
ക്രിസ്തുവിന്റെ വിശ്വസ്തത 28
ക്രൈസ്തവ പ്രത്യാശ 35
ദൈവഭവനധ്യാനം തുടർച്ച 41
യേശുക്രിസ്തു പറഞ്ഞുപഠിപ്പിച്ച വിശ്വസ്തത 42

## ഭാഗം രണ്ട്

**വിശുദ്ധീകരണം ദൈവികീകരണം** **(49–89)**

1. ദൈവത്തിന്റെ വിശുദ്ധിയിലേക്ക് 50
എന്താണ് വിശുദ്ധി? 50
ദൈവം പരിശുദ്ധിയാണ് 51

2. ദൈവത്തിന്റെ വിശുദ്ധിയും മഹത്ത്വവും 55

3. വിശുദ്ധീകരണം ദൈവികതയിൽ ഭാഗഭാഗിത്വം 58

4. വിശുദ്ധീകരണം യേശുക്രിസ്തു മുഖാന്തരം 61

5. വിശുദ്ധീകരണം സഭയിൽ 67
സഭ വിശുദ്ധയും വിശുദ്ധീകരിക്കപ്പെടുന്നവളും വിശുദ്ധീകരിക്കുന്നവളും 68
"എല്ലാം ഒരു സാംസ്കാരിക സംവിധാനമല്ലേ?" 70
സഭ രക്ഷാകരസംഭവങ്ങളുടെ ആവിഷ്കരണം 71
വിശുദ്ധീകരണം സഭയുടെ കൂദാശകളിൽ 74
വിശ്വാസം സഭയിലെ ജീവിതാനുഭവം 75

6. വിശുദ്ധീകരണം പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താൽ 82

7. വിശുദ്ധീകരണം പരമ പരിശുദ്ധ ത്രിത്വൈകദൈവത്തിന്റെ പ്രവർത്തനം 88

## ഭാഗം മൂന്ന്

**വിശുദ്ധീകരിക്കപ്പെടുന്ന പുരോഹിതൻ (91–124)**

1. പുരോഹിതൻ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവനും 92

2. വിശുദ്ധീകരിക്കപ്പെടുന്ന പുരോഹിതൻ 95

പുരോഹിതൻ വിശുദ്ധീകരിക്കപ്പെടേണ്ട അവസ്ഥയിൽ നീ നില്ക്കുന്നത് തീച്ചൂളയിലാണ് 95
സ്വർഗത്തിനെതിരായും നിങ്ങളുടെ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി 100
മൺകുടത്തിലാണീ നിക്ഷേപം 103
എനിക്കും കൂനുണ്ട് 107
അലക്ഷ്യം അപൂർണമാക്കിയ അർപ്പണങ്ങൾ 111
ആരാധനക്രമത്തിന്റെ സൗന്ദര്യം ധ്യാനിച്ചുകൊണ്ട് 114
സഭയുടെ ആധികാരിക വാക്കുകളും വചനത്തിന്റെ കൈയൊപ്പും 117
ലോകസ്ഥാപനത്തിനുമുമ്പേ അവിടുന്നു നമ്മെ തിരഞ്ഞെടുത്തു 121

## ഭാഗം നാല്

**വിശുദ്ധ കുർബാന വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷം (125–140)**

1. കുർബാന വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷം 126
കുർബാന വിശുദ്ധിയുടെ ആഘോഷം 128
കുർബാനയുടെ വിശുദ്ധീകരണശക്തി 129
കുർബാനയർപ്പണത്തിനു യോഗ്യരോ? 130
എന്റെ കടത്തിന്റെ ഭാരം! 133

2. പുരോഹിതന്റെ വിശുദ്ധീകരണം വിശുദ്ധ കുർബാനയിൽ 136
വിശുദ്ധിയും ധാർമിക വിശുദ്ധിയും 137

## ഭാഗം അഞ്ച്


**ഞാൻ അർപ്പിക്കുന്ന ബലി ആത്മീയ ബലിയും യുക്ത്യനുസൃതമായ ശുശ്രൂഷയും സജീവബലിയും** **(141–179)**

എന്റെ പ്രാർഥന 142

1. ആത്മീയ ബലിയും യുക്ത്യനുസൃതമായ ശുശ്രൂഷയും 145
   ആത്മീയ ബലി 145
   'ആദ്ധ്യാത്മിക' ശുശ്രൂഷ – യുക്ത്യനുസൃതമായ ശുശ്രൂഷ 146
2. ദൈവത്തിന്റെ ആദ്ധ്യാത്മിക ബലിപീഠത്തിൽ 152
3. തിരുഹിതത്തിനു പ്രസാദകരവും സ്വീകാര്യവുമായ ജീവനുള്ള ബലി 155
   തിരുഹിതത്തിനു പ്രസാദകരമായ ബലി 155
4. തിരുഹിതത്തിനു സ്വീകാര്യമായ സജീവബലി 162
   തിരുഹിതത്തിനു സ്വീകാര്യമായ ബലി 162
   തിരുഹിതത്തിനു സ്വീകാര്യമായ ജീവനുള്ള ബലി 162
   സജീവബലി – ജീവനുള്ള ബലിവസ്തു ബലിയർപ്പണംവഴി ജീവനുള്ളതായി തിരികെ ലഭിക്കുന്നത് 164
5. നിർമല മനസ്സാക്ഷിയോടെ 170
6. നുറുങ്ങിയ ഹൃദയത്തോടും വിനയമുള്ള ആത്മാവോടും ആത്മീയ ബലികൾ 176


## ഭാഗം ആറ്


**കുർബാനയുടെ ഒരുക്കവഴികളിലെ വിശുദ്ധീകരണം** **(181–315)**

1. പൊതുവായ ഒരുക്കം 182
   ദേവാലയവാതില്ക്കൽ 185
   ആനവാതിലിലൂടെ അകത്തേക്ക് 186
   ദേവാലയവാതില്ക്കൽ ഒരു നിമിഷം 193
   ദേവായവാതില്ക്കലെത്തുമ്പോൾ 193
   ദേവാലയപ്രവേശനം 194
   സ്ലീബാ 195
2. ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ – 1 199
   യാമനമസ്കാരം 199
   വിശുദ്ധീകരിക്കുന്ന യാമനമസ്കാരം 199
   ദിവസം മുഴുവനെയും വിശുദ്ധീകരിക്കുന്ന സഭയുടെ പൊതു പ്രാർഥന: ശിരസ്സിന്റെ പൗരോഹിത്യധർമനിർവഹണം 200
   ക്രൈസ്തവ ജാഗ്രതാചൈതന്യത്തിന്റെ പുനരുജ്ജ്വലനം 201
   പരിശുദ്ധ ത്രിത്വവുമായി വൈയക്തിക ബന്ധത്തിലേക്ക് 203
   ദൈവവചനത്തിന്റെ താളക്രമത്താലും സാന്നിധ്യത്താലും 204
   മണവാളനോടു സംസാരിക്കുന്ന മണവാട്ടിയുടെ സ്വരം 205

ദൈവിക സിംഹാസനത്തിനു മുമ്പിൽ 206
അധരഫലമായ സ്തുതിയുടെ ബലികൾ 207
സഹസ്രാബ്ദങ്ങളുടെ പ്രാർഥനാപാരമ്പര്യത്തിന്റെ കണ്ണിയാകാൻ 211

3. ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 2 216
യാമനമസ്കാരം 216
*ശുബഹൊ ലാബൊ വല്റൂബൊ കാദീശൊ* 216
ത്രിത്വസ്തുതി അടിസ്ഥാന വിശ്വാസപ്രഖ്യാപനം 217
ത്രിത്വസ്തുതി ത്രിത്വൈകദൈവത്തിലേക്കും സഭയിലേക്കുമുള്ള
പുനരൈക്യാഘോഷവും സത്യവിശ്വാസസാക്ഷ്യവും 217
രക്ഷയുടെ ക്രിസ്തുകേന്ദ്രീകൃതത്വത്തിന്റെ ആഘോഷം 218
ഏറ്റവും ലളിതമായ സത്യദൈവവിശ്വാസാഭ്യാസം 220

4. ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 3 224
യാമനമസ്കാരം 224
വിശുദ്ധീകരണം കൗമായുടെ ആരംഭത്തിലെ ത്രൈശുദ്ധകീർത്തനത്തിൽ 224
തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന 225
ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ 228

5. ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 4 231
യാമനമസ്കാരം 231
വിശുദ്ധീകരണം കൗമായുടെ ആരംഭത്തിലെ ത്രൈശുദ്ധ
ക്രിസ്തുസ്തവത്തിൽ 231
ദൈവമേ, നീ പരിശുദ്ധനാകുന്നു ... 231
ബലവാനേ, നീ പരിശുദ്ധനാകുന്നു 232
മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു 233
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ 234

6. ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 5 250
യാമനമസ്കാരം 250
വിശുദ്ധീകരണം കൗമായിലെ കർത്തൃപ്രാർഥനയിൽ 250
കർത്തൃപ്രാർഥന 250
എന്തുകൊണ്ടു പ്രാർഥനയുടെ ആരംഭത്തിൽ 251
സറുഗിലെ മാർ യാക്കോബിന്റെ കൂടെ 252
പിതാവ് പുത്രൻവഴി പഠിപ്പിച്ച പ്രാർഥന 253
ക്രൈസ്തവ പ്രാർഥന 255
നീതിയുടെയും പരിപൂർണതയുടെയും സൗന്ദര്യമാകെയുള്ള പ്രാർഥന 256
ദൈവത്തിന്റെ നീതിയുടെ സൗന്ദര്യം 257
ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യം 258
സ്വീകാര്യമായ പൊതുപ്രാർഥന 260
സ്വർഗസ്ഥനായ പിതാവ് പരിശുദ്ധനായ പിതാവ് 260
മക്കളാൽ പരിശുദ്ധമാക്കപ്പെടേണ്ട നാമം 261
നിന്റെ രാജ്യം വരണം; നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ
ഭൂമിയിലും ആകണം 261

| | | |
|---|---|---|
| 7. | ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 6 | 264 |
| | യാമനമസ്കാരം | 264 |
| | വിശുദ്ധീകരണം കൗമായുടെ ആരംഭത്തിലെ 'കൃപ നിറഞ്ഞ മറിയമേ'യിൽ | 264 |
| | മറിയമിനോടുള്ള സമാധാനാശംസ | 268 |
| | മറിയമിനോടുള്ള സ്വസ്തി ആനന്ദിക്കാനാഹ്വാനം | 273 |
| | കൃപ നിറഞ്ഞവളേ - *കെഖറിറ്റോമെനേ* | 276 |
| | *കെഖറിറ്റോമെനേ*യുടെ അപൂർവത | 277 |
| | *ഖറിറ്റൊഓ* എന്ന കാരകക്രിയയുടെ അർഥധ്വനികൾ | 277 |
| | 'നന്മ നിറഞ്ഞ മറിയമേ'യും 'കൃപ നിറഞ്ഞ മറിയമേ'യും | 287 |
| | നമ്മുടെ കർത്താവ് നിന്നോടുകൂടെ | 288 |
| | നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു | 291 |
| | സൊഫ്രോണിയൂസിന്റെ വാക്കുകളിൽ | 295 |
| | നിന്റെ ഉദരഫലമായ യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു | 297 |
| | വിശുദ്ധ മറിയമേ | 300 |
| | തമ്പുരാന്റെ അമ്മേ | 302 |
| | മറിയം എന്ന നാമം | 305 |
| | തിരുഗ്രന്ഥത്തിലെ മറിയനാമധാരികൾ | 307 |
| | പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. | 311 |

# അനുഗ്രഹാശംസ

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ തിരുവനന്തപുരം മേജർ അതിരൂപതയിലെ വൈദികനായ ബഹുമാനപ്പെട്ട ഡോ. കുര്യൻ വാലുപറമ്പിൽ അച്ചൻ രചിച്ച *പുരോഹിതൻ തീച്ചൂളയിൽ* എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാല്യം പ്രകാശിതമാകുന്നു! തന്റെ പൗരോഹിത്യജീവിതത്തെക്കുറിച്ചുള്ള ദൈവപദ്ധതിയുടെ പ്രാർഥനാപൂർവമായ വിചിന്തനവും ധ്യാനപൂർവമായ വായനയുടെ രുചിയൂറുന്ന കുറെയേറെ നുറുങ്ങുകളും ആത്മപരിശോധനയും ദൈവത്തോടുള്ള അപേക്ഷകളും ചേർത്തുവച്ചിരിക്കുന്നതാണ് ഈ വിലപ്പെട്ട ഗ്രന്ഥം.

ദൈവിക കുർബാനകളും രഹസ്യത്തിനടുത്ത യാഗങ്ങളും കരേറ്റപ്പെടുവാനായി ദൈവലായത്തിൽ അതിവിശുദ്ധസ്ഥലമായി പരിശുദ്ധ മദ്ബഹാ കൂദാശ ചെയ്തു സ്ഥിരീകരിക്കുമ്പോൾ സഭ മദ്ബഹായെ സൂക്ഷിച്ചു വീക്ഷിച്ച് ഇപ്രകാരം പ്രഘോഷിക്കുന്നു:

> തീയല്ലോ ഈ മദ്ബഹാ
> തീ തന്നെ - പൂജയിതും
> തീയിതിനെ - ചുറ്റുന്നു
> തീയിനല്ലോ പരിചരിപ്പൂ.
> വൈദികരേ, നിങ്ങളിഹ
> ഇത്തീയിൻ - ജ്വാലകളിൽ
> ഹാലേ - ലൂയ്യാ ഉ ഹാലേ - ലുയ്യാ
> എരിയായ്‌വാൻ സൂക്ഷിപ്പിൻ.*

മദ്ബഹായിൽ നില്ക്കുന്ന പുരോഹിതനെ നോക്കി 'പുരോഹിതൻ തീച്ചൂളയിൽ' എന്നു പറഞ്ഞാൽ അത് ആരാധനാദൈവശാസ്ത്രപ്രകാരമുള്ള നിരീക്ഷണ ധ്യാനപ്രഖ്യാപനം മാത്രമാണ്. ഗ്രന്ഥകാരന്റെ വാക്കുകളിൽത്തന്നെ ഗ്രന്ഥരചനയുടെ ഉദ്ദേശ്യം വ്യക്തമാണ്: "പുരോഹിതന്റെ ഏറ്റവും മഹത്തും ശ്രേഷ്ഠവുമായ ശുശ്രൂഷയിലൂടെ പുരോഹിതനായ എന്നെ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗികമായ സാക്ഷ്യമാണ് ഈ രചന പ്രധാനമായി."

---

* *വി. കുർബാനക്രമം*, ഹൂദോസ് ഈത്തോ ഞായർ, പുറം 211.

പൗരോഹിത്യശുശ്രൂഷയിലൂടെ ദൈവം ആഗ്രഹിക്കുന്നതെന്തെന്ന് തിരിച്ചറിയാനും സ്വാംശീകരിക്കാനുമുള്ള ശ്രമമാണ് എന്നും പുരോഹിതന്റേത്. പൗരോഹിത്യശുശ്രൂഷയിലൂടെ ദൈവസമ്പാദനം എന്ന ജീവിതദൗത്യനിർവഹണത്തിന്റെ തീർഥയാത്രയുടെ മധ്യത്തിലാണ് ബഹു. കുര്യൻ വാലുപറമ്പിലച്ചൻ ഈ ഗ്രന്ഥരചനയിൽ ഏർപ്പെട്ടത്. തന്റെ ജീവിതധർമം പുരോഹിതൻ എന്ന നിലയിൽ സഭയിലാണെന്നും സഭയ്ക്കുവേണ്ടിയാണെന്നും ഉത്തമ ബോധ്യമുള്ള ബഹു. അച്ചൻ ഈ അനുഭവത്തിന്റെ പങ്കുവയ്ക്കൽ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ രചനയിൽ ഏർപ്പെട്ടത്. വേദപുസ്തക സംബന്ധമായ ഉപരിപഠനം ഒരു തപസ്യയായി നിർവഹിച്ച ബഹു. കുര്യനച്ചൻ മലങ്കര സഭയുടെ പൈതൃകഭാവങ്ങളെക്കുറിച്ച് ഏറെ ഗൗരവവും കരുതലും ഉള്ളവനാണ്.

ആരാധനയിൽ പ്രകാശിതമാകുന്ന ദൈവപദ്ധതിയെക്കുറിച്ച് പ്രബുദ്ധരാകാനും, ആരാധനാനുഭൂതിയിൽ ആമഗ്നരാകാനും അവയുടെ ശക്തിയിൽ ദൈവോന്മുഖവും പരോന്മുഖവുമായി രൂപാന്തരപ്പെടാനും വായനക്കാരെ ബഹു. അച്ചന്റെ ഈ രചന പ്രചോദിപ്പിക്കുന്നു. ഈ വാല്യം വൈദികർക്ക് ഉത്തമമായ ഒരു ആധ്യാത്മികസുഹൃത്താണ്. ആരാധനക്രമാധ്യാത്മികത പരിപോഷിപ്പിക്കുവാനും മലങ്കര സുറി യാനി ആരാധനക്രമത്തിന്റെ സൗന്ദര്യം ധ്യാനിക്കുവാനും വൈദികർക്കും സന്യസ്തർക്കും പുരോഹിതജനത്തിനും ഈ ഗ്രന്ഥം ഒരു ശ്രേഷ്ഠസഹായിയാണ്. ഇതിൽ ബഹു. അച്ചൻ പങ്കുവച്ചിട്ടുള്ളത് നിരന്തരമായ ധ്യാനത്തിനുള്ള വകകളാണ്. ജീവിതഗന്ധിയായ വിചിന്തനങ്ങൾ അർഥവത്തായി *പുരോഹിതൻ തീച്ചൂളയിൽ* എന്ന പേരിൽ ഒരു ഗ്രന്ഥമായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന ബഹു. ഡോ. കുര്യൻ വാലുപറമ്പിൽ അച്ചനെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നാമത്തിൽ ഹൃദയപൂർവം ഞാൻ അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥം പ്രയോജനപ്പെടുത്തുവാൻ അനുവാചകരെ ഞാൻ ഹാർദമായി ക്ഷണിക്കുന്നു. വാല്യത്തിന് പ്രചുര പ്രചാരം നേരുന്നു. അടുത്ത വാല്യവും എത്രയും വേഗം അനുവാചകർക്കു ലഭ്യമാക്കുവാൻ ദൈവം ബഹു. അച്ചനെ അനുഗ്രഹിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

**മേജർ ആർച്ച്ബിഷപ്**
**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കോസ്**
പ്രസിഡന്റ്, ഭാരത കത്തോലിക്കാ മെത്രാൻസമിതി (CBCI)

തിരുസന്നിധി
പട്ടം, തിരുവനന്തപുരം
03.12.2014

# അവതാരിക

ബഹു. ഡോ. കുര്യൻ വാലുപറമ്പിൽ രചിച്ച *പുരോഹിതൻ തീച്ചൂളയിൽ* എന്ന ഗ്രന്ഥം ഞാൻ ആർത്തിയോടെ വായിച്ചുതീർത്തു. അതിന്റെ ശീർഷകംതന്നെ ഉദ്വേഗം ജനിപ്പിക്കുന്നതാണ്. പടിപടിയായി, സീനായ്മലയിലെ ദൈവാനുഭവത്തിന്റെ ഉച്ചസ്ഥായിയിലേക്ക് അനുവാചകനെ കൂട്ടിക്കൊണ്ടുപോകുന്ന ഒരനുഭവം! ഗ്രന്ഥകാരന്റെ ബൈബിൾജ്ഞാനവും, ദൈവശാസ്ത്രത്തിലും ആത്മീയതയിലുമുള്ള അവഗാഹവും, വിശുദ്ധരുടെയും സഭാപിതാക്കന്മാരുടെയും പണ്ഡി തരുടെയും രചനകളിലേക്കും ജീവിതത്തിലേക്കും കൂടെക്കൂടെയുള്ള സന്ദർശനവുമൊക്കെക്കൊണ്ട് സന്ദേശത്തിന്റെ കാതൽ യുക്തിസഹമായും ഹൃദയസ്പർശിയായും അവതരിപ്പിക്കുന്ന ശൈലി ശ്രദ്ധേയംതന്നെ. 2009-2010 വർഷങ്ങളിൽ സഭയാചരിച്ച 'വൈദിക വർഷ' ത്തിന്റെ ചുവടുപിടിച്ചും അതിനുമുമ്പും പിമ്പും ബഹു. കുര്യനച്ചൻ കുറിച്ചുവച്ചിരുന്നതും, പിന്നീട് ധ്യാനമനനങ്ങൾ നടത്തിയതും, ശാരീരിക പ്രയാസങ്ങൾക്കിടയിൽ പാകപ്പെട്ടതുമായ ചിന്തകളാണ്, പ്രത്യേകിച്ചും മലങ്കര സഭയിലെ വൈദികരോടും സന്യസ്തരോടും വിശ്വാസികളോടുമായി പങ്കുവയ്ക്കുന്നത്. ഇതുപോലുള്ള ഗ്രന്ഥങ്ങൾ മലങ്കര സഭയിൽ ചുരുക്കമാണ്. കോപ്പിയടിക്കാൻ മുമ്പ് ഒന്നും ഇല്ലാത്തതുകൊണ്ട് അച്ചന്റെ ചിന്തകൾ മൗലികമാണെന്ന് ഖണ്ഡിതമായി പറയാം.

2008-ലെ പെസഹാത്തിരുന്നാളിൽ ബനഡിക്ട് പാപ്പാ വൈദികർക്കു നല്കിയ സന്ദേശത്തിൽ ലത്തീൻ കുർബാനയിലെ ഒരു വാക്യംവ്യാഖ്യാനിക്കുന്നുണ്ട്: "astare coram te et tibi ministrare" (Lord, we thank you for calling us) "to stand before you and serve you." അതിന്റെ ബൈബിൾ പശ്ചാത്തലം നിയമാവർത്തനം 18-ാം അധ്യായം  അഞ്ചും ഏഴും വാക്യങ്ങളാണ്. മാർപ്പാപ്പാ കൂട്ടിച്ചേർക്കുന്നു: "Priest is one who faces God and waits upon him. Priest is the eyes of the world fixed upon God, and the hands of the world in worship before him. The priest lives his priesthood most intensely when standing before the altar."*

പുരോഹിതന്റെ നിലയും നിലപാടും ആദ്യമേ വ്യക്തമായിരിക്കണം. അദ്ദേഹത്തിന്റെ സ്ഥാനം ദൈവത്തിന്റെയും ദൈവജനത്തിന്റെയും മദ്ധ്യത്തി

---

*Benedict XVI, "Homily on Chrysm Mass," March 27, 2008.

ലാണ്. സുറിയാനി സഭയിലെ സന്യസ്തൃർക്ക് ഒരു അപരനാമമുണ്ട്: ''കാലിൽ നില്ക്കുന്നവർ.'' കാലിൽ നില്ക്കുന്നവർ കാവൽ നില്ക്കുന്നവരാണ്. ദൈവസന്നിധിയിൽ പ്രാർത്ഥനയിൽ വ്യാപരിക്കുന്ന ആചാര്യനാണ് ദൈവജനം നാശത്തിൽപ്പെടാതെ കാവൽ നില്ക്കുന്നവൻ. രാത്രിപ്രാർത്ഥനയിൽ മലങ്കര സഭ ആലപിക്കുന്ന സങ്കീർത്തനം 134ന്റെ സുറിയാനി ഭാഷ്യം ഇപ്രകാരമാണ്: *ബാറെക്കൂ ല്മൊറിയൊ കുലഹൂൻ അബ്ദാബ് ദ്മൊറിയൊ ബ്ലയ്ലാവോസൊ.* സങ്കീർത്തനമാലയിൽ സുലഭമായി പ്രയോഗിച്ചിട്ടുള്ള സമാന്തരപ്രയോഗമാണ് (parallelism) ദൈവഭവനത്തിൽ ''ശുശ്രൂഷിക്കുന്നവരും'' രാത്രിയാമങ്ങളിൽ ദൈവഭവനത്തിൽ ''നില്ക്കുന്നവരും.''

പുരോഹിതന്റെ സ്ഥാനം തീനാളങ്ങൾക്കുള്ളിലാണ്: ''തീയല്ലോ ഈ മദ്ബഹാ ... തീയിതിനെ ചുറ്റുന്നു ... തീയിനല്ലോ പരിചരിപ്പൂ ...'' അതുകൊണ്ടാണ് ഗ്രന്ഥകാരൻ പറയുന്നത്: ''ഈ മദ്ബഹായിൽ, ഈ സീനായ്മലയിൽ, പരിശുദ്ധാത്മാവാകുന്ന ജ്വലിക്കുന്ന അഗ്നിയും അപ്പവീഞ്ഞുകളാകുന്ന അഗ്നിക്കനലും ക്രിസ്തുവാകുന്ന അഗ്നിജ്വാലയും! എന്റെ അകത്തു തീക്കനലും പുറത്ത് തീജ്വാലയും. ഞാൻ സത്യമായും തീച്ചൂളയിൽ. പുരോഹിതൻ അകംപുറം തീച്ചൂളയിൽ!'' (പുറം 67).

വി. പൗലോസ് ഉപദേശിക്കുന്നു: ''ഇതാണ് നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം: നിങ്ങളുടെ വിശുദ്ധീകരണം'' (1 തെസ 4:3). ഇതാണ് സാധാരണ വിശ്വാസികളെ സംബന്ധിച്ച് ദൈവാഭീഷ്ടമെങ്കിൽ, തന്റെ പുരോഹിതന്മാരെയും സ്നേഹിതരെയുംപറ്റി എന്തായിരിക്കും ദൈവത്തിനു പറയാനുള്ളത്!

പരിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവർ വിളിക്കനുയോജ്യമായി ജീവിക്കണം. അതൊരു പ്രയാണമാണ്; സീനായ്മലകയറ്റമാണ്. അത് ശ്രമകരമാണ്. എങ്കിലും അത് നടന്നെങ്കിലേ കത്തുന്ന മുൾപ്പടർപ്പ് ദർശിക്കാനും അതിന്റെ ചൂടിൽ ജീവിതം അർപ്പിക്കാനും സാധിക്കുകയുള്ളു. ദർശനമില്ലാത്തവന് അർപ്പണം അസാധ്യമാണ്. സീനായ്മലയിലെ ദർശനത്തിനുശേഷം മോശ നിലത്ത് കുമ്പിട്ടാരാധിച്ചു; ''ഇതാ, ഞാൻ'' എന്നുത്തരിച്ചു (പുറ 3:5,9). ഏശയ്യായ്ക്ക് ദൈവദർശനമുണ്ടായശേഷം അവൻ പ്രതികരിച്ചു: ''ഇതാ, ഞാൻ! എന്നെ അയച്ചാലും!'' (ഏശ 6:8). അദ്ഭുതകരമായ മീൻപിടുത്തത്തിനുശേഷം പത്രോസ് യേശുവിന്റെ കാല്ക്കൽ വീണ്, ''കർത്താവേ, എന്നിൽനിന്ന് അകന്നുപോകണമേ! ഞാൻ പാപിയാണ്'' എന്നു പറഞ്ഞു. ഈ സംഭവത്തിൽ പത്രോസ് ''കാല്ക്കൽ വീണു.'' ശിമയോനും കൂടെയുണ്ടായിരുന്നവരും ''അദ്ഭുതപ്പെട്ടു.'' യാക്കോബും യോഹന്നാനും ''വിസ്മയിച്ചു.'' ഈ പ്രതികരണങ്ങളെല്ലാം ആരാധനയുടെ ഭാവങ്ങൾതന്നെ. ദൈവാരാധനയും പാപബോധവും ഒരുമിച്ചുപോകുന്നു.

''ദൈവം തന്റെ പരിശുദ്ധിയിൽ നമ്മെ പങ്കുകാരാക്കാൻ'' അനാദി മുതൽ നമ്മെ വിളിച്ചെങ്കിൽ, പരിശുദ്ധിതന്നായ ത്രിത്വത്തോട് ചേർ ന്നിരിക്കുകയാണ് ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുകാരാകാനുള്ള മാർഗം. "Our holiness consists in our proximity to the One who is Holy." പരിശുദ്ധനായവനോട് ചേർന്നിരിക്കുന്നതാണ് നമ്മുടെ പരിശുദ്ധിയുടെ അടിസ്ഥാനം. പരിശുദ്ധി എന്ന വാക്കിന്റെ സെമിറ്റിക് മൂലം *ഖദഷ്* (*കെദോഷ്* – ഹീബ്രു, *കാദീശ്* – സുറിയാനി, *കുദ്ശ്* – അറബി) അകന്നിരിക്കുക, വ്യത്യസ്തനായിരിക്കുക എന്നീ അർത്ഥങ്ങളാണ് ദ്യോതിപ്പിക്കുക. ദൈവം മനുഷ്യനിൽനിന്ന് 'അകന്നിരിക്കുന്നതും' 'വ്യത്യസ്തനാ'യിരിക്കുന്നതും ഇപ്രകാരമാണ്: ദൈവത്തിന്റെ പരിശുദ്ധി അവിടുത്തെ സ്നേഹത്തിലും, നീതി അവിടുത്തെ കാരുണ്യത്തിലുമാണ് പ്രകടമാകുന്നത്. സമൂഹത്തിൽ നികൃഷ്ടരായി ഗണിക്കപ്പെട്ടിരുന്ന ഇടയന്മാരിലാണ് നമ്മുടെ കർത്താവിന്റെ ജനനരാത്രിയിൽ ദൈവത്തിന്റെ മഹത്ത്വം പ്രകാശിച്ചത് (ലൂക്കാ 2:9). ദൈവത്തിന്റെ കേവല പരിശുദ്ധി നമുക്കു മനസ്സിലാക്കാൻ പ്രയാസമാണ്. എങ്കിലും ''രക്ഷയുടെ കൂദാശയായ'' സഭയിലും അതിൽ അനുഷ്ഠിക്കപ്പെടുന്ന ഏഴു കൂദാശകളിലും ദൈവത്തിന്റെ പരിശുദ്ധിയോട് അടുക്കാൻ നമുക്ക് വഴി തുറന്നുകിട്ടുന്നു.

വൈദികന്റെ ആത്മീയത അളക്കപ്പെടുന്നത് വി. കുർബാനയർപ്പണത്തിലാണ്. യേശു കുർബാന 'ചൊല്ലിയില്ല.' അവൻ കുർബാനയായി സ്വയം അർപ്പിച്ചു. അതുകൊണ്ടാണ് നാം വി. കുർബാനയിലെ കാഴ്ചസമർപ്പണത്തിനു മുമ്പായി ഇപ്രകാരം പ്രാർത്ഥിക്കുന്നത്: ''ലോകം മുഴുവന്റെയും പാപപരിഹാരത്തിനും രക്ഷയ്ക്കുംവേണ്ടി പിതാവിന് സ്വീകാര്യബലിയായി സ്വയം സമർപ്പിച്ച കുഞ്ഞാടായ മിശിഹാതമ്പുരാനേ, നിനക്കു പ്രീതികരവും, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ ബലിയർപ്പണത്തിന് അനുരൂപവുമായ ജീവനുള്ള ബലിയായി സ്വയം സമർ പ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.'' യേശുവിന്റെ ബലിയുടെ മർമ്മം അടങ്ങിയിരിക്കുന്നത് മനസ്സിന്റെ അർപ്പണത്തിലാണെന്ന് ഹെബ്രായലേഖകൻ ചൂണ്ടിക്കാട്ടുന്നു: ''ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു'' (ഹെബ്രാ 10:8; സങ്കീ 40,6–8). ദൈവഹിതത്തിനു വഴങ്ങാതെ ബലിയർപ്പിച്ചിട്ടു കാര്യമില്ല.

കുർബാനധർമ്മത്തിനുവേണ്ടി മാത്രം ബലിയർപ്പിക്കുന്നവൻ ധർമ്മക്കാരനാണ്. ധാർമ്മിക വിശുദ്ധിയും ഒരുക്കവുമില്ലാതെ പരിശുദ്ധ കുർബാനയെ സമീപിക്കുന്നവർക്ക് ''യേശുവിന്റെ ശരീരത്തെ വിവേചിക്കാത്തതുമൂലം'' നിത്യനാശമുണ്ടാകുമെന്ന് വി. പൗലോസ് പഠിപ്പിച്ചു (1 കോറി 11:29). വൈദികർക്ക് ഭൂമിയിൽ ചെയ്യാവുന്ന ഏറ്റവും മഹത്തമ്മായ കാര്യം വി. കുർബാനയുടെ യോഗ്യമായ അർപ്പണമാണ്. ഈ അർപ്പണത്തിന്റെ ഓരോ ഘട്ടത്തിലും അത് നമ്മെ എങ്ങനെ വിശുദ്ധീകരിക്കുന്നെന്ന് ബഹു. വാലുപറമ്പിലച്ചൻ ദീർഘമായി പ്രതിപാദിക്കുന്നുണ്ട്.

പരിശുദ്ധ കുർബാനയുടെ പ്രധാനപ്പെട്ട ഭാഗം കുർബാന കഴിഞ്ഞുള്ള ജീവിതമാണ്. ജീവിതം വിശുദ്ധ കുർബാനയുടെ തുടർച്ചയാണ്. വി. പൗലോസ് പറഞ്ഞിട്ടുള്ളതുപോലെ, ''എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനുവേണ്ടി ജീവിക്കുക''യാണ് (ഗലാ 2:21) കുർബാനജീവിതം. ഈ രചനയുടെ രണ്ടാം വാല്യം ഇനിയും ഇറങ്ങാനിരിക്കുന്നതേയുള്ളു. അതിൽ കൂടുതൽ മഹത്തരമായ കാര്യങ്ങൾ നമുക്ക് പ്രതീക്ഷിക്കാം. ശാരീരിക ബുദ്ധിമുട്ടുകളും ക്ഷീണവുമൊന്നും വകവയ്ക്കാതെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന ഒരു വൃക്ഷമായി വാലുപറമ്പിലച്ചൻ തുടരുകയാണ്. ബൗദ്ധികമായ ജാഗ്രതയുടെയും സഭയോടുള്ള സ്നേഹത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും പിൻബലത്തോടെ മലങ്കര സഭയെ ധന്യമാക്കുന്ന അച്ചന് നന്ദിയും അഭിനന്ദനങ്ങളും!

കത്തുന്ന മുൾപ്പടർപ്പ് മോശ ആദ്യം അകലെ നിന്നു കണ്ടു. കുറച്ചുകഴിഞ്ഞപ്പോൾ അടുത്തു പോയി കണ്ടു. അവസാനം, കണ്ട അഗ്നിയെ ഉള്ളിലാക്കിക്കൊണ്ട് തന്റെ ദൗത്യത്തിനായി ഇറങ്ങിത്തിരിച്ചു. മോശയ്ക്കുണ്ടായ ഈ അനുഭവം ഈ ഗ്രന്ഥത്തിന്റെ അനുവാചകർക്കും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു!

**ഏബ്രഹാം മാർ ജൂലിയോസ്**
മൂവാറ്റുപുഴ മെത്രാപ്പോലീത്താ

കാതലിക് ബിഷപ്സ് ഹൗസ്
മൂവാറ്റുപുഴ

03. 12. 2014

## വിലപ്പെട്ട വായനാനുഭവങ്ങൾ

ദൈവസ്നേഹിതനായ വൈദികൻ വിശുദ്ധ കുർബാന എന്ന മഹാര ഹസ്യത്തെ ഭക്തിപൂർവം ധ്യാനിച്ച് ദൈവസംസർഗത്തിൽ കഴിയുന്നതിന്റെ ചിത്രം ഈ ഗ്രന്ഥത്തിന്റെ താളുകളിൽ കാണാൻ കഴിയും. ദൈവതിരുമു മ്പിലിരുന്ന് ദൈവിക കിരണങ്ങൾ സ്വീകരിച്ച അനുഭവത്തിന്റെയും, ആഴവും പരപ്പുമാർന്ന വായനയുടെയും, മനനത്തിന്റെയും ഫലമാണ് ഈ ഗ്രന്ഥം. ദൈവിക നിവേശനവും ദൈവിക പ്രേരണയും ഈ ഗ്രന്ഥരചനയിൽ ലഭി ച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല എന്നാണല്ലോ കർതൃവചനം (യോഹ. 15,5). ദൈവ ത്തിൽ വസിക്കുന്നവർക്കേ ഇത്തരം മനനങ്ങൾ സാധ്യമാകൂ (15,4). ഒരു വലിയ രചനയുടെ ഒന്നാംഭാഗം മാത്രമാണിത്. വിശുദ്ധ കുർബാനയുടെ ഒരുക്കത്തിന്റെ ആരംഭത്തെ മാത്രം ആധാരമാക്കിയാണ് ഈ ഭാഗം. ഈ ധ്യാനപഠനവും പ്രാർഥനയും സൂക്ഷ്മമായും ധ്യാനാത്മകമായും വായിക്കു ന്നവർക്ക് ഇത് തികച്ചും അനുഗ്രഹപ്രദമായിരിക്കും. ഈ ഗ്രന്ഥരചനയിൽ ഗ്രന്ഥകാരനുണ്ടായിരുന്ന മനോഭാവം ഉണ്ടെങ്കിലേ ഇത് പൂർണമായി സ്വാംശീ കരിക്കാൻ കഴിയൂ. ആ മനോഭാവം ഇതുപയോഗിക്കുന്ന വൈദികർക്കും ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു. വിശുദ്ധ കുർബാനയെപ്പറ്റി ഇതുപോ ലൊരു ഗ്രന്ഥം രചിക്കണമെന്ന് ഞാൻ ദീർഘനാളായി ആഗ്രഹിക്കുകയും ചിന്തിക്കുകയും ചെയ്തതാണ്. എന്റെ സ്നേഹിതനും സഹപ്രവർത്തകനും ശിഷ്യനുമായ ബഹുമാനപ്പെട്ട കുര്യനച്ചൻ ഈ കാര്യം യാഥാർഥ്യമാക്കിയ തിൽ വളരെ സന്തോഷമുണ്ട്. എല്ലാ ദൈവാനുഗ്രഹവും ഹൃദയപൂർവം നേരുന്നു.

ചേടിയത്ത് ഗീവർഗീസ് മല്പാൻ

കാത്‌ലിക് ബിഷപ്സ് ഹൗസ്
പത്തനംതിട്ട

15. 11. 2014

വിശുദ്ധ കുർബാന ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രബിന്ദുവും സാരാംശപ്രഖ്യാപനവും ആകുന്നു. സഭയ്ക്ക് ലോകത്തിനു നല്കാനുള്ള വരിഷ്ഠമായ വരദാനവും വിശ്വാസികളുടെ സാഹോദര്യത്തിനുള്ള സഭയുടെ സാക്ഷ്യപത്രവും ആണ് അത്. മാർപ്പാപ്പായ്ക്കും പാത്രിയർക്കീസിനും കപ്യാർക്കും സെമിത്തേരികാവൽക്കാരനും സഭയ്ക്ക് നൽകാനുള്ള ഏറ്റവും വലിയ നന്മ അതാണ്. സുപ്രീംകോടതിയിലെ ജഡ്ജിയും മുൻസിപ്പുകോടതിയിലെ ആമ്മീനും തോളോടുതോൾ ചേർക്കുന്നത് ആ നന്മ സ്വീകരിക്കുമ്പോഴാണ്. സമഭാവനയുടെ സാക്ഷ്യവും രംഗവേദിയുമാണ് വിശുദ്ധ കുർബാന.

അനുഭവിക്കുന്നവർക്കായി അനുഷ്ഠിക്കപ്പെടുന്ന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവും ആയ കുർബാന അർപ്പിക്കുമ്പോൾ അർപ്പകരായ പുരോഹിതരുടെ സമഭാവനയ്ക്കും അൾത്താര വേദിയാകുന്നു. മാർപ്പാപ്പായ്ക്കും വാലുപറമ്പിലച്ചനും ഒരുമിച്ച് അർപ്പിക്കാവുന്ന കൂദാശയാണ് കുർബാന. മഹാപണ്ഡിതനായ വൈദികനും അവിദ്യാലംകൃതനായ ഗ്രാമീണപുരോഹിതനും കുർബാന അർപ്പിക്കുമ്പോൾ അവർ തമ്മിലുള്ള ബൗദ്ധികദൂരവും മസ്തിഷ്കഭേദവും അപ്രസക്തമാവുന്നു. അതാണ് വിശുദ്ധ കുർബാനയുടെ നിസ്തുലത. അർപ്പിക്കുന്നവർ തമ്മിലും അനുഭവിക്കുന്നവർ തമ്മിലും സമഭാവന നിഷ്കർ ഷിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്നതാണ് അതിന്റെ നിഗൂഢരഹസ്യാത്മകത.

സമ്മാനം, സമർപ്പണം, ബലി, ബലിയർപ്പണം എന്നീ അർഥങ്ങളുള്ള പദമാണ് കുർബാന. കുർബാന ബലിയാണ്. അപ്പവും വീഞ്ഞും അത് സൂചിപ്പിക്കുന്നുവല്ലോ: ശരീരവും രക്തവും വെവ്വേറെ – മരണം നിശ്ചിതം.

വിശുദ്ധ കുർബാനയെക്കുറിച്ച് അർപ്പകന്റെ ഭാഗത്തുനിന്നുള്ള ദർശനമാണ് *പുരോഹിതൻ തീച്ചൂളയിൽ* എന്ന ഈ കൃതിയുടെ ഉള്ളടക്കം. പൗരോഹിത്യം അഭിഷേകത്തിലൂടെ പൂർത്തീകരിക്കപ്പെടുന്നതാണെങ്കിലും അഭിഷേകത്തിന്റെ അത്യപൂർവനിമിഷങ്ങളിലല്ല, ആ സഞ്ചാരപഥം ആരംഭിച്ച ആദ്യവിനാഴികയിലെ സമർപ്പണത്തിലാണ് അതിന്റെ രഹസ്യം കണ്ടെത്തേണ്ടത് എന്നു പറഞ്ഞ ഫുൾട്ടൻ ഷീനെ അനുസ്മരിച്ചുകൊണ്ടാണ് ഈ സാധകന്റെ സഞ്ചാരം ആരംഭിക്കുന്നത്. ഈ വസ്തതുതയിൽ ഒരു മഹാരഹസ്യം അന്തർലീനമായിരിക്കുന്നു. പൗരോഹിത്യം സമർപ്പണത്തിന്റെ അത്യുദാത്തഭാവമാണ്. ഒരുവൻ തന്നെ അനുഗമിക്കാൻ പുറപ്പെടുന്നുവെങ്കിൽ അവൻ സ്വന്തം കുരിശ് എടുത്തുകൊണ്ട് പിന്നാലെ നടക്കുകയാണ് വേണ്ടത് എന്നു പറഞ്ഞ നസറായന്റെ ശിഷ്യത്വം വരിച്ചവനാണ് പുരോഹിതൻ.

സ്വന്തം കുരിശ് എടുത്തുകൊണ്ടു നടക്കുക എന്നതിൽ അന്തർഭവിച്ചിരിക്കുന്ന ബിംബകല്പന ഗ്രഹിക്കാതെ ഈ കല്പനയുടെ സാരാംശം ഗ്രഹി

ക്കാനാവുകയില്ല. ക്രിസ്തു ജീവിച്ചിരുന്ന കാലത്തെ ശിക്ഷാസമ്പ്രദായത്തിലെ കഴുമരം ആയിരുന്നു കുരിശ്. പ്രതി കഴുമരത്തിലേക്ക് ആനയിക്കപ്പെടുകയാണ് സാധാരണ രീതി. എന്നാൽ റോമൻസമ്പ്രദായം പ്രതിയെക്കൊണ്ട് കഴുമരം ചുമപ്പിക്കുക എന്നതായിരുന്നു. ന്യായാധിപൻ തീർപ്പ് കല്പിച്ച് ശിക്ഷ വിധിക്കുമ്പോൾ Ibis ad crucem എന്നു പറയുന്നതോടെ ശിക്ഷ നടപ്പാക്കാനുള്ള ഏർപ്പാടുകൾ തുടങ്ങുകയായി. ഫ്ളജെല്ലം ആണ് ആദ്യപടി. പിന്നെയാണ് കുരിശിന്റെ വഴി. വഹിക്കുന്നത് കുരിശായാലും തിരശ്ചീന ഖണ്ഡം മാത്രമായ പാറ്റിബുലം ആയാലും അത് ശിക്ഷിതൻതന്നെ ചെയ്യണം. എന്നാൽ ഭാരം വഹിക്കാനല്ലാതെ മറ്റൊന്നിനും അയാൾക്ക് അവകാശമില്ല. വഴി തെരഞ്ഞെടുക്കുന്നതും ഇടവേളകൾ നിർണയിക്കുന്നതും ദാഹജലം വേണമോയെന്ന് നിശ്ചയിക്കുന്നതുമെല്ലാം മുമ്പേ നടക്കുന്ന ശതാധിപനാണ്. ആ ശതാധിപനെ പിൻപറ്റാനുള്ള സ്വാതന്ത്ര്യം മാത്രമാണ് കുരിശ് വഹിക്കുന്നവന് അനുവദനീയം. അതായത്, ശ്രീയേശുവിനെ സർവാധിപനായ 'ശതാധിപൻ' എന്ന് ഗണിച്ച് പിൻപറ്റുന്നവന് മാത്രമാണ് യേശുവിന്റെ അനുയായി ആകുവാൻ കഴിയുന്നത്. അങ്ങനെ സ്വന്തം സ്വാതന്ത്ര്യത്തെ അടിയറവ് വയ്ക്കാനുള്ള തീരുമാനം എടുക്കുന്ന നിമിഷമാണ് പൗരോഹിത്യാർത്ഥിയുടെ ജീവിതത്തിലെ ഏറ്റവും വലിയ നിമിഷം. ബാക്കിയെല്ലാം അതിന്റെ തുടർച്ചയാണ്.

ആ നൈരന്തര്യത്തിന്റെ പരകോടിയാണ് ഓരോ കുർബാനയർപ്പണവും. അവിടെ ഏകാഗ്രമായ ധ്യാനവും അതിന്റെ തുടർച്ചയായി സംലബ്ധമാവുന്ന സ്ഥലകാലാതീതമായ ആനന്ദമൂർച്ഛയും ആണ് ഒരു പുരോഹിതന്റെ വിധി ദൈവസന്നിധിയിൽ നിർണ്ണയിക്കുന്നത്. തൂയോബോയുടെ നേരത്ത് പിണച്ചുവച്ച കരങ്ങളിൽ കാസയും പീലാസയും വഹിച്ച് സ്വയം മറന്ന് നിന്നുപോകുമായിരുന്നു വടക്കൻ തിരുവിതാംകൂറിന്റെ നവോത്ഥാന നായകനായി വാഴ്ത്തപ്പെടുന്ന പി.ഏ. പൗലോസ് കോറെപ്പിസ്കോപ്പാ. താബോർമലയിലെ തേജസ്ക്കരണനിമിഷങ്ങളിൽ മതിമറന്ന് നിൽക്കുന്ന ആ അനുഭവത്തിൽനിന്ന് കോറെപ്പിസ്കോപ്പായെ വിശ്വസ്തനായ കപ്യാർ പാപ്പുച്ചേട്ടൻ കൈമുട്ടിൽ തൊട്ട് 'ശല്യപ്പെടുത്തി' യിട്ടാണ് വിളിച്ചിറക്കിയിരുന്നത്. സഖറിയാവിനെ കാത്ത ഇസ്രയേലിനെപ്പോലെ കുർബാനയ്ക്കു വന്ന ജനം തിരശ്ശീലയ്ക്കപ്പുറത്തെ താഴ്‌വരയിലുണ്ടല്ലോ!

പൗലോസ് കോറെപ്പിസ്കോപ്പായുടെ അനുഭവം ഈ കൃതിയുടെ ആദ്യഭാഗത്തെ ചില വിചിന്തനങ്ങളോട് ചേർന്നുപോകുന്നതാണ്. "ധ്യാനം യോഗമാണ്. വിചിന്തനമോ വിചാരമോ അല്ല. സഭയുടെ കൂദാശകളോടു (ശുദ്ധീകരണശുശ്രൂഷകളോടു) ബന്ധപ്പെടുത്തുമ്പോൾ, ധ്യാനിക്കപ്പെടുന്ന രഹസ്യങ്ങളോട് ഒരുമനപ്പെടുക. ... ഇവയുടെയെല്ലാം അന്തര്യാമിയായ ഐക്യത്തിന്റെ ധ്വനി വെളിപ്പെടുകയും അദ്ഭുതപ്പെട്ടാസ്വദിക്കുകയും ചെയ്യാൻ സാധിക്കുന്ന സാധകന്മാർ അനുഗൃഹീതർ!" (പുറം 8-9).

ഈ കൃതിയിലുടനീളം കാണുന്നത് വിനീതനായ ഉപാസകന്റെ നിസ്സഹായതയിൽ ആർദ്രവാനായ ഉപാസനാമൂർത്തിയുടെ സഹായംവഴി വിശുദ്ധിയുടെ വഴിത്താര തെളിയുന്നതിന്റെ വാങ്മയങ്ങളാണ്. അന്ത്യോഖ്യൻ പാരമ്പര്യത്തിൽ അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങളായി മാറിക്കഴിയുമ്പോൾ ഭീതിജനകമായ ഒരു അരുളപ്പാട് കേൾക്കാം: ''ഈ വിശുദ്ധതകൾ വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം നല്കപ്പെടുന്നു.'' വിനീതരും നിസ്സഹായരുമായ ജനം പ്രതിവചിക്കുന്നു: ''പരിശുദ്ധനായ ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏകറൂഹായും അല്ലാതെ പരിശുദ്ധനില്ല.'' അപ്പോഴാണ് ആർദ്രതയിൽനിന്ന് ഉറവെടുക്കുന്ന ശക്തീകരണമന്ത്രം ധൈര്യം പകരുന്നത്. ''... പിതാവ് നമ്മോടുകൂടെ ... പുത്രൻ നമ്മോടുകൂടെ ... പരിശുദ്ധ റൂഹാ നമ്മോടുകൂടെ.'' പിന്നെ ബലഹീനരോ അവിശുദ്ധരോ അല്ല നാം. ഒരു ശിശുവിന്റെ ബലഹീനത സ്വപിതാവിന്റെ കൈത്താങ്ങിൽ ഇല്ലാതാകുന്നതുപോലെയുള്ള അവസ്ഥ മാത്രമല്ല ഇവിടെ സൂചിതം. പിതാവ് പുത്രനായി മാറുകയും പുത്രൻ പിതാവിന്റെ ശക്തി സ്വാംശീകരിച്ച് ബലപ്പെടുകയും ചെയ്യുന്ന മട്ടിലാണ് ഈ ശക്തീകരണം. അതുകൊണ്ടാണ് വിശുദ്ധ കുർബാന അനുഭവിച്ചുകഴിയുമ്പോൾ നാം ദൈവസുതരാവുന്നത്.

ഓരോ വിശുദ്ധ കുർബാനയും ഒരു നവ്യാനുഭവമാണ്. നിത്യനൂതനമാണ് ആ അനുഭൂതി. ഇന്നലെ കണ്ട കുർബാനയല്ല ഇന്ന് ഞാൻ കണ്ടത്. ഇന്നലെ ചൊല്ലിയ കുർബാനയല്ല വാലുപറമ്പിലച്ചൻ ഇന്നു ചൊല്ലിയത്. അത് തിരിച്ചറിയാനുള്ള പരിശുദ്ധാത്മനൽവരം ലഭിച്ചവർ ഭാഗ്യവാന്മാർ.

പത്തിരുപത് വയസ് പ്രായം ഉള്ളപ്പോൾ കുർബാന ആവർത്തിക്കപ്പെടുന്ന നാടകമാണെന്ന് എനിക്കു തോന്നിയിട്ടുണ്ട്. ചില അച്ചന്മാരുടെ കുർബാന ശ്രുതിമധുരമെന്നും ചിലരുടേത് അവ്യക്തവും അരോചകവും എന്നും തോന്നിയിട്ടുണ്ട്. ഈ എഴുപത്തിനാലാം വയസ്സിൽ ഞാൻ ഒരച്ചനെയും ഒരു മെത്രാനെയും ശ്രദ്ധിക്കുന്നില്ല. സ്വരമാധുരിയോ ഉച്ചാരണസ്ഫുടതയോ എന്നെ ആകർഷിക്കുന്നില്ല; അവയുടെ ന്യൂനത എന്നെ അലോരസപ്പെടുത്തുന്നുമില്ല. എന്റെ കർത്താവും ഞാനും. എനിക്കു താങ്ങായി അവൻ എനിക്കു തന്ന അവന്റെ അമ്മയും. മതി. അത് മതി. ഉപാസകനായ എനിക്കു കിട്ടുന്നതിനെക്കാൾ എത്രയോ ഗരിമയാർന്നതാകണം അർപ്പകനായ പുരോഹിതനു കിട്ടുന്നത് – അയാൾ കേവലം ഒരു നട്ടുവൻ അല്ലെങ്കിൽ. ആ ആനന്ദമൂർച്ഛയുടെ യാത്രാവിവരണവും മാർഗനിർദേശരേഖയുമാണ് ഡോ. കുര്യൻ വാലുപറമ്പിലിനെക്കൊണ്ട് പരിശുദ്ധാത്മാവ് എഴുതിച്ച അതിമനോഹരമായ ഈ കുർബാനാനുഭവസാക്ഷ്യം.

**ഡി. ബാബു പോൾ**

ചീരോത്തോട്ടം, കവടിയാർ, 695003,
2014 ഡിസംബർ 7.

07. 12. 2014

പുരോഹിതധർമത്തെക്കുറിച്ച് തിരിച്ചറിവുകൾ! യജ്ഞവേദിയിൽ എരിയുന്ന അഗ്നി; അതിൽ അർപ്പണം ചെയ്യുന്ന ബലിവസ്തു. പുരോഹിതനാണ് ബലിയർപ്പണം നടത്തുന്നത്. ഹവിസ്സിന്റെ സുഗന്ധം യാഗപീഠത്തിൽനിന്നു പുറപ്പെട്ട് അന്തരീക്ഷമാകെ പൂരിതമാക്കുന്നു.

ഈ വിശുദ്ധ കർമ്മത്തിന്റെ മുഖ്യകാർമ്മികൻ വൈദികനാണ്. യജ്ഞവേദിയിലെ യാഗദ്രവ്യത്തോടൊപ്പം അദ്ദേഹത്തിന്റെ ആത്മശരീരങ്ങളും ഹോമിക്കപ്പെടുന്നു. ഈ സങ്കല്പത്തിലാണ് കുര്യൻ വാലുപറമ്പിലച്ചൻ പ്രകാശമാനമാക്കുന്ന 'തീച്ചൂളയിൽ എരിയുന്ന പുരോഹിതൻ' എന്ന നിദർശനം ശ്രദ്ധേയമാകുന്നത്. വൈദികജീവിതത്തിന്റെ ധന്യത വെളിപ്പെടുത്തുന്ന വിശിഷ്ട ഗ്രന്ഥമാണ് ബഹുമാനപ്പെട്ട അച്ചൻ രചിച്ചിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ കാഴ്ചപ്പാട് അപൂർവമായ ആദ്ധ്യാത്മികാനുഭവം സൃഷ്ടിക്കുന്നു.

പുരോഹിത വിശ്വസ്തതയെക്കുറിച്ചുള്ള വചനവിചാരത്തോടെയാണ് ഗ്രന്ഥം ആരംഭിക്കുന്നത്. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ പ്രബോധനങ്ങൾ പിന്തുടരാൻ ശ്രമിക്കുന്നു. ജനതകളുടെയിടയിൽ ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രഘോഷിച്ച അപ്പസ്തോലന്റെ വാക്കുകൾ ദൈവഹിതത്തിന്റെ നിറവേറലായിരുന്നു. പുരോഹിതൻ സംസാരിക്കേണ്ടത് ദൈവത്തിന്റെ ഭാഷയാണെന്ന് നാം ആഗ്രഹിക്കുന്നു. അയാൾ കാരുണ്യവാനും ദൈവികകാര്യങ്ങളിൽ വിശ്വസ്തനും ശ്രേഷ്ഠനുമായിരിക്കണം. പുരോഹിതന്റെ മഹാമാതൃക കാരുണ്യത്തിന്റെ കടലായ ക്രിസ്തുതന്നെ. പ്രത്യാശയെന്ന ദൈവികപുണ്യത്തിന്റെ അനുഭൂതി പുരോഹിതനിലൂടെ പ്രകാശിതമാകുന്നു.

വിശുദ്ധീകരണത്തെ സംബന്ധിച്ച ക്രിസ്തീയ ബോധ്യങ്ങൾ ദൈവദത്തമായ ദിവ്യജ്ഞാനത്തിൽ അധിഷ്ഠിതമാണെന്ന് ഈ ഗ്രന്ഥം സുവിദിതമാക്കുന്നു. അത് ദൈവംതന്നെയായ വചനം ഭൂമിയിൽ മനുഷ്യനായിത്തീർന്ന ക്രിസ്തു ദൈവവെളിപാടിന്റെ പൂർണതയാണ് എന്ന സത്യമാണ്. പൗരോഹിത്യത്തിന്റെ തത്ത്വമായ ക്രിസ്തുവിനെ ഉൾക്കൊള്ളുകയാണ് യഥാർത്ഥ വൈദികധർമ്മം. ആ വിശുദ്ധീകരണം എങ്ങനെ സഭയിൽ പ്രാപ്യമാകുന്നുവെന്ന് വാലുപറമ്പിലച്ചൻ ഹൃദയംഗമമായി വെളിപ്പെടുത്തുന്നു. സഭ വിശുദ്ധയാണ്; എന്തെന്നാൽ സഭ മിശിഹായുടേതാണ്. പരിശുദ്ധാത്മാവ് അതിൽ വസിക്കുന്നു.

സഭയുടെ വിശുദ്ധി സഭാമക്കൾക്ക് അനുഭവവേദ്യമാക്കുകയെന്നത് പൗരോഹിത്യത്തിന്റെ ധന്യതയാണ്. സഭ മാതാവാണ്; അനേകം മക്കളുടെ അമ്മയാണ്. സഭാമക്കൾ എല്ലാവരും പരിശുദ്ധാത്മശക്തിയിൽ ഐക്യപ്പെട്ടിരിക്കുന്നുവെന്ന പഠനം ഈ ഗ്രന്ഥത്തിൽ മിഴിവാർന്നു തെളിയുന്ന അതിശ്രേഷ്ഠമായ ഒരു സത്യമാണ്. കൂദാശകളുടെ അനുഷ്ഠാനവും സ്വീകരണ

വുംവഴി സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സജീവമായിത്തീരുന്നു. കൂദാശകൾക്കു നേതൃത്വം നല്കുന്ന വൈദികനും പരിശുദ്ധാത്മാഗ്നിയിൽ സവിശേഷമായി വിശുദ്ധീകരിക്കപ്പെട്ടവനാകുന്നു.

പുരോഹിതൻ അർപ്പിക്കുന്ന വിശുദ്ധ കുർബാന ദൈവിക ബലിയാണ്. അതിവിശുദ്ധമായ മദ്ബഹായിൽ ഹോമബലി അർപ്പിക്കപ്പെടുകയാണ്. അതിനുമുമ്പ് പുരോഹിതൻ അഭിഷേകാഗ്നിയിൽ ശുദ്ധീകരിക്കപ്പെടുകയും നവീകരിക്കപ്പെടുകയും വേണം. ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. തീച്ചൂളയിൽ എരിയുന്ന പുരോഹിതൻ എന്ന ആശയം കൂടുതൽ അർത്ഥപൂർണമാവുകയാണ്. ക്രിസ്തുവിന്റെ ബലിയർപ്പണത്തിൽ ദൈവജനത്തെ സന്നിഹിതരാക്കുകയെന്നത് പുരോഹിതന്റെ നിയോഗമാണ്. അത് താരതമ്യങ്ങളില്ലാത്തവിധം അതുല്യവും അതിപ്രധാനവുമത്രേ. അപ്പത്തിൽ മറഞ്ഞിരിക്കുന്ന ആത്മാവും വീഞ്ഞിൽ വസിക്കുന്ന അഗ്നിയും സ്വീകരിച്ച് പുരോഹിതനും വിശ്വാസിസമൂഹവും ദൈവം നമ്മുടെ വിശുദ്ധീകരണമാക്കിയ യേശുവിന്റെ വിശുദ്ധാലയങ്ങളായി തേജസ്കരിക്കപ്പെടുന്നു.

മലങ്കര സുറിയാനി ആരാധനക്രമം അനുഷ്ഠിക്കുന്ന വന്ദ്യപുരോഹിതൻ എന്ന നിലയിൽ അതിന്റെ അനന്യമായ സൗന്ദര്യവും ഭാഷാചൈതന്യവും ഗ്രന്ഥകാരന്റെ ധ്യാനവിഷയമാണ്. ആരാധനക്രമം രക്ഷയുടെ രഹസ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന പ്രതീകങ്ങളുടെ സമ്പന്നവും ഹൃദയംഗമവുമായ പ്രപഞ്ചമാണെന്ന സഭയുടെ ധന്യമായ ഉൾബോധം അദ്ദേഹം സ്പഷ്ടമാക്കുന്നു. കുർബാനയിലെ ദൈവാനുഭവം അവർണനീയമായൊരു ആന ന്ദാനുഭവമാണ്.

ബലിയർപ്പണത്തിനു സജ്ജനാകുന്നതിനുള്ള പുരോഹിതന്റെ ഒരുക്കത്തെക്കുറിച്ച് സൂക്ഷ്മമായ പരിചിന്തനം ചെയ്യുന്നുണ്ട് രചയിതാവ്. ബലിയർപ്പണം അനുദിനം ആവർത്തിക്കപ്പെടുന്ന അനുഷ്ഠാനമോ കേവലമായ ചടങ്ങോ അല്ല എന്നും, ദൈവസമ്പാദനത്തിനുള്ള ആത്മാനുഷ്ഠാനമാണെന്നും അഗ്നിയിലൂടെയും അഗ്നിയാലും നടക്കുന്ന വിശുദ്ധീകരണമാണെന്നും വ്യക്തമാക്കുന്നു. വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷമാണ് കുർബാന എന്ന പരമാർത്ഥപ്രകാശനം എത്ര പൂർണവും അർത്ഥവത്തുമാണ്! ദൈവഹിതത്തിനു പ്രസാദകരവും സ്വീകാര്യവുമായ ജീവനുള്ള ബലിയുടെ ശക്തിയും പരിമളവും വിശ്വാസവും ഭക്തിപൂർവ്വമായ സ്വയാർപ്പണവുമാണ്. ഇത്തരം ബലി ആബേലിന്റെ ബലിപോലെ ദൈവത്തിനു സ്വീകാര്യമായിത്തീരുന്നു. നിർമ്മല മനഃസാക്ഷിയോടെ അർപ്പിക്കപ്പെടുന്ന വിശുദ്ധ ബലി ഇരുട്ടിനുള്ളിൽ പ്രകാശം ചൊരിയുകയും അശുദ്ധിയെ എരിയിച്ചുകളയുകയും ചെയ്യുന്ന അഗ്നിയായി ജ്വലിക്കുന്നു. നുറുങ്ങിയ ഹൃദയത്തിനും വിനയമുള്ള ആത്മാവിനും ഈ അഗ്നിയെ ദൈവഹിതപ്രകാരം ശുശ്രൂഷിക്കാം.

പുരോഹിതന്റെ ധർമത്തെക്കുറിച്ചും എരിയുന്ന അഗ്നിയിൽ സ്വയം യാഗവസ്തുവായി ബലിയർപ്പിച്ച് വിശുദ്ധീകരണം പ്രാപ്യമാക്കുന്നതിനെക്കുറിച്ചും

സൂക്ഷ്മമായ ചിന്തകളാണ് ഈ വിശിഷ്ട ഗ്രന്ഥത്തിൽ ഫാദർ കുര്യൻ വാലുപറമ്പിൽ പങ്കുവയ്ക്കുന്നത്. കായേൻ, ആബേൽ, അബ്രാഹം എന്നീ പൂർവപിതാക്കന്മാരുടെ ബലികളെക്കുറിച്ചുള്ള പഠനാഭ്യാസങ്ങളെ അദ്ദേഹം പൂർണ്ണമായി പുനരാവിഷ്ക്കരിക്കുന്നു. തനതും വ്യക്തവുമായ നിഗമനങ്ങൾ നിരത്തുന്നു. പുരോഹിതധർമ്മം, വിശുദ്ധ ബലിയർപ്പണം, ആരാധനയുടെ ശക്തിയും സൗന്ദര്യവും എന്നിങ്ങനെ വിവിധ തലങ്ങളിൽ ശ്രദ്ധാർഹങ്ങളായ ഒട്ടനവധി നൂതനചിന്തകൾ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു.

പൗരോഹിത്യത്തിന്റെ പ്രസക്തിയും വിശുദ്ധിയും നൂതനമായ അവബോധങ്ങളിൽ പുനർനിർമ്മിക്കപ്പെടുന്നത് ഈ പുസ്തകം അടയാളപ്പെടുത്തുന്നു. വേറിട്ട പഠനത്തിന്റെയും രചനാരീതിയുടെയും മൗലികഭംഗികൾ പ്രത്യക്ഷമാവുകയാണ്. ഗ്രന്ഥനാമം ഉള്ളടക്കത്തിന്റെ സവിശേഷതയെ സാധൂകരിക്കുന്നു. പൗരോഹിത്യം പുതിയ അർത്ഥമാനങ്ങൾ ആവശ്യപ്പെടുന്ന ആധുനിക കാലത്ത് ഏറെ പ്രസക്തമായ ധ്യാനപഠനമാണ് കുര്യൻ വാലുപറമ്പിലച്ചൻ നടത്തിയിരിക്കുന്നത്. ദൈവശാസ്ത്രത്തിന് പ്രാർഥനാരൂപം നല്കിയിട്ടുള്ള സുറിയാനിപിതാക്കന്മാരുടെ വഴിയിലൂടെയും വാലുപറമ്പിലച്ചൻ സഞ്ചരിക്കുന്നു. ദീർഘനാളത്തെ അനുഭവവും പഠനവും നൂതനമായ ധ്യാനവഴികളും ഇതിൽ പ്രകാശനിമിഷങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഗവേഷണപ്രബന്ധമായി ആദരിക്കേണ്ട വിശിഷ്ടഗ്രന്ഥം. തീച്ചൂളയിൽ എരിയാൻ വിധിക്കപ്പെട്ട പുരോഹിതന്മാർ മാത്രമല്ല, യഥാർത്ഥ പൗരോഹിത്യത്തിന്റെ മഹനീയതയെ ആദരപൂർവം സമീപിക്കുന്നവർക്കും പ്രയോജകീഭവിക്കുന്ന പ്രകാശപൂർണമായ പുസ്തകം. പൗരോഹിത്യം ലൗകികതയുടെ സുഖലാളനങ്ങൾക്കുള്ള അവസരമായിക്കരുതുന്ന ഭാഗ്യാന്വേഷികളിൽനിന്ന് തീച്ചൂളയിൽ എരിയുന്ന പുരോഹിതന്മാരെ തിരിച്ചറിവാനും ആത്മബലിയുടെ സുഗന്ധം തിരിച്ചറിയാനും ഈ ഗ്രന്ഥം സഹായിക്കുന്നു.

ബഹുമാനപ്പെട്ട കുര്യൻ വാലുപറമ്പിലച്ചന്റെ നൂതന ചിന്താസരിണിയുടെ പ്രകാശപഥത്തിൽ ഒപ്പം സഞ്ചരിക്കാൻ ഒരവസരം നൽകപ്പെട്ടതിൽ എനിക്ക് പ്രത്യേകം സന്തോഷമുണ്ട്. ആവർത്തനവിരസമായ ആദ്ധ്യാത്മിക പഠനങ്ങൾക്കിടയിൽ ഇങ്ങനെ അപൂർവസുന്ദരമായ ചിന്താപഥങ്ങൾ സൃഷ്ടിക്കുന്ന മൗലികഗ്രന്ഥങ്ങൾ പ്രകാശിതമാകുന്നത് എത്ര ആശ്വാസകരം; അഭിനന്ദനീയം!

ഹൃദയപൂർവം,

**ജോർജ് ഓണക്കൂർ**

സുദർശന, നാലാഞ്ചിറ
തിരുവനന്തപുരം 695015
ഡിസംബർ മൂന്ന്, 2014

## നന്ദി ചൊല്ലാൻ

ഈ രചനയെപ്രതി വാക്കുകളിൽ ഒതുക്കാനാവാത്ത നന്ദിചൊല്ലാൻ ഈയുള്ളവൻ കടപ്പെട്ട അനേകരുണ്ട്. പ്രാർഥിക്കാനും വിശുദ്ധ ഗ്രന്ഥം വായിക്കാനും കുഞ്ഞുപ്രായംമുതൽ എന്നെ പരിശീലിപ്പിച്ച ഞങ്ങളുടെ പരേതനായ പിതാവും 2015 ജനുവരി 31ന് നവതിയുടെ പൂർത്തിയിലെത്തുന്ന ഞങ്ങളുടെ മാതാവും മുതലിങ്ങോട്ട് അനേകർ.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ *പുരോഹിതൻ തീച്ചൂളയിൽ വാല്യം 1*-ന് ചൂടും പ്രകാശവും പ്രശോഭയുമേറ്റുന്ന അനുഗ്രഹാശംസ ആത്മാവിന്റെ അക്ഷരങ്ങളിൽ സ്വന്തം ഹൃദയത്തിന്റെ കരങ്ങളാലെഴുതിച്ചേർത്ത് അതിന് പൊൻതുവൽ ചാർത്തി. അങ്ങനെ ഈ രചനയെയും അനുവാചകരെയും ഇതു ചെയ്യാനിടയായ ഈ എളിയവനെയും സമൃദ്ധമായി അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ അതിരൂപതയിലെ കേവലം ബലഹീനനായ ഒരു വൈദികനാണ് ഈയുള്ളവൻ. സ്നേഹത്തിൽ അത്യുദാരനും എളിയവരെ കരുതുന്നവനുമായ 'ഞങ്ങളുടെ' പിതാവ് ഈ കൃതിക്ക് അനുഗ്രഹാശംസ കരുതിക്കുറിച്ചത് തിരക്കുമുറ്റിയ രാപകലുകൾക്കിടയിലാ ണെന്നതു പ്രത്യേകമോർമിക്കുന്നു. 'ഞങ്ങളുടെ' പിതാവ് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെയും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും പ്രസിഡണ്ട് ആയിരിക്കുന്ന സമയത്ത് അദ്ദേഹത്താൽ പ്രകാശനം ചെയ്യപ്പെടാൻ ഈ കൃതിക്കു ഭാഗ്യമുണ്ടായതോർത്ത് സന്തോഷിക്കുന്നു. പിതാവ് തന്റെ നാമഹേതുകത്തിരുനാളിൽ ഈ വാല്യം സഹൃദയരായ സകലർക്കുംവേണ്ടി ഒരു അവിസ്മരണീയ സദസ്സിനെ സാക്ഷിയാക്കി വെളിച്ചത്തേക്കാനയിച്ചത് നല്ല സമയത്തെ ഇരട്ടി അനുഗ്രഹമായി ഈ രചനയ്ക്ക് ദൈവം ഉപകരണമാക്കിയവൻ വിലമതിക്കുന്നു. എല്ലാറ്റിനും 'ഞങ്ങളുടെ' പിതാവിന് ഹൃദയം നിറഞ്ഞൊഴുകുന്ന നന്ദി.

ഈ വാല്യത്തിനും അനുവാചകർക്കും ഗ്രന്ഥകർത്താവിനും പ്രചോദകമായൊരു അവതാരികകൊണ്ട് വാഴ്വ് വാരിച്ചൊരിഞ്ഞിട്ടുണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മൂവാറ്റുഴ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. അബ്രഹാം മാർ ജൂലിയോസ് പിതാവ്. അദ്ദേഹം മലങ്കര കത്തോലിക്കാസഭാ സൂനഹദോസിന്റെ ദൈവശാസ്ത്രക്കമ്മീഷന്റെയും കെ.സി.ബി.സി ദൈവശാസ്ത്രക്കമ്മീഷന്റെയും ചെയർമാനുമായിരിക്കുന്ന ഈ സമയത്ത് ഈ അവതാരികയാൽ അലങ്കരിക്കപ്പെടാനിടയായത് ഈ

കൃതിയുടെ ഒരു സവിശേഷാനുഗ്രഹംതന്നെ. *പുരോഹിതൻ തീച്ചൂളയിൽ വാല്യം 1*-ന്റെ ഉൾക്കാമ്പ് അനുവാചകർക്ക് ഹൃദ്യവും ആകർഷകവുമായി അവതരിപ്പിക്കാൻ താൻ അവിശ്രാന്തം അത്യധ്വാനം ചെയ്തുവെന്നതിന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ള വാക്കുകൾതന്നെ സാക്ഷികളാണ്. ഈ മഹത്കത്യം തിരുമേനി നിർവഹിച്ചത് ബഹുവിധങ്ങളായ സാധാരണ ഇട യധർമങ്ങളുടെ നിർവഹണത്തിനിടയ്ക്ക് ഒരു അന്തർദേശീയ സഭൈക്യസെ മിനാറിൽ അവതരിപ്പിക്കാൻ ഒരു പ്രബന്ധം തയ്യാറാക്കുന്നതിന്റെ തിരക്കി നിടയിലാണെന്നതും പ്രത്യേകം സ്മരിക്കുന്നു. പരിചയപ്പെട്ട നാൾമുതൽ വ്യക്തിപരമായി എന്നെന്നും എന്നോടു പുലർത്തിയിട്ടുള്ള സവിശേഷ സ്നേഹവും സ്മരിച്ചുകൊണ്ട് പിതാവിന് ഹൃദയപൂർവകമായ കൃതജ്ഞത!

*പുരോഹിതൻ തീച്ചൂളയിൽ വാല്യം 1* -ന്റെ വായനാനുഭവം ധന്യവും ജ്ഞാനസമ്പന്നവുമായ അക്ഷരങ്ങളിലാക്കിത്തന്ന് ഈ രചനയെയും രച യിതാവിനെയും ഉള്ളുതുറന്നനുഗ്രഹിച്ച ആദരണീയരായ പെരിയ ബഹു. ചേടിയത്ത് ഗീവർഗീസ് മല്പാൻ, ശ്രീ ബാബു പോൾ ഐ. എ. എസ്., ശ്രീ ഡോ. ജോർജ് ഓണക്കൂർ എന്നിവരോട് എനിക്ക് അളവറ്റ നന്ദിയുണ്ട്. എല്ലാ വരും പ്രതീക്ഷാതീതിമായ ആസ്വാദന, പ്രോത്സാഹനവാക്കുകളാൽഎന്നെ നേരേയഭിഷേചിക്കുകയും ചെയ്തിട്ടുണ്ട്. ഇവരെല്ലാം താന്താങ്ങളുടെ മേഖ ലകളിൽ വലിയ തിരക്കിന്റെ തിരക്കിനിടയ്ക്കാണ് ഈ വാല്യം സൂക്ഷ്മ മായ മനഃദൃക്കുകളർപ്പിച്ചു പാരായണം ചെയ്ത് തങ്ങളുടെ വായനാനുഭവം പങ്കുവച്ചി ട്ടുള്ളത്. അവരുടെ ഈ വിലയേറിയ സംഭാവനകൾ *പുരോഹി തൻ തീച്ചൂളയിൽ വാല്യം 1* -ന് ആകർഷണീയതയേറ്റുന്ന തൂവലുകൾതന്നെ.

*പുരോഹിതൻ തീച്ചൂളയിൽ വാല്യം 1* പരസ്യമായി രംഗത്തു വരുന്നതി നുമുമ്പ് ഇത് ഭാഗികമായോ പൂർണമായോ വായിച്ചതിന്റെ വായനാനുഭവം അക്ഷരങ്ങളിൽ കുറിക്കാതെ എന്നോട് അഭിമുഖം പകർന്നു പ്രോത്സാഹി പ്പിച്ചവർ ഇനിയുമുണ്ട് എട്ടു പേർ. മുറയ്ക്കാണെങ്കിൽ ഇവർക്കാണ് ആദ്യം നന്ദി പറയേണ്ടത്. ഇവർ ആരംഭത്തിൽത്തന്നെ ഉത്തേജിപ്പിച്ചതുകൊണ്ടാണ് ഈ രചന ഇത്രയുമാക്കാൻ കഴിഞ്ഞത്.

ആദ്യം ബഹു. തട്ടാരുതുണ്ടിൽ വിത്സണച്ചനെ ഓർക്കട്ടെ. ഈ വാല്യം ഇപ്രകാരം വെളിച്ചം കാണുന്നതിനുമുമ്പ്, ഇത് പ്രസിദ്ധീകരണക്ഷമമോ എന്നറിയാൻ രചയിതാവ് ഏറ്റവും അവസാനം ഏല്പിച്ചത് ബഹു. അച്ചനെ യാണ്. ഭാരിച്ച ജോലിത്തിരക്കിനിടയിൽ നേരമില്ലാ നേരത്ത് നേരം കണ്ടെത്തി അദ്ദേഹം അത് അതീവ ശ്രദ്ധയോടെ വായിക്കുക മാത്രമല്ല, അക്ഷരസ്ഖലിതങ്ങൾപോലും തിരുത്തുകയും ചെയ്തുതന്നു. ഇത് പ്രസി ദ്ധീകരിക്കണം എന്ന് നിർബന്ധിച്ച് ഈയുള്ളവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

രചനയുമായി മുന്നോട്ടുപോകണമെന്ന് ആദ്യം സൂചിപ്പിച്ചത് എന്റെ നാലാമത്തെ സഹോദരി മേരിക്കുട്ടിയുടെ മകൻ ആശിഷാണ്. അതിനു തൊട്ടു

പിന്നാലെയങ്ങനെയുണ്ട് എന്റെ നേരേ ഇളയ സഹോദരി കുഞ്ഞുമറിയാമ്മ യുടെ ഇളയ മകൻ ജോബി. പിന്നെ, എന്റെ പിതാവിന്റെ കനിഷ്ഠസഹോദ രൻ പരേതനായ ശ്രീ മത്തായിയുടെ പ്രപൗത്രൻ ബ്രദർ ബിജു തേമ്പാവു നില്ക്കുന്നതിൽ (ഡൽഹി ഭദ്രാസനം, റീജെൻസി).

ഇനി പറയേണ്ടത്, എന്റെ രണ്ടാമത്തെ സഹോദരി, കുഞ്ഞന്നാമ്മയെന്നു വിളിപ്പേരുള്ള അന്നമ്മയുടെ സംഭാവനയാണ്. അവൾ രചനയുടെ ഓരോ ഭാഗവും ശ്രദ്ധയോടെ വായിച്ച് അതതു സമയങ്ങളിൽ വായനാനുഭവങ്ങൾ പങ്കുവച്ചു സഹായിച്ചു. സന്യസ്തജീവിതം സന്യാസഭവനത്തിൽ തുടരാൻ സാധിച്ചില്ലെങ്കിലും, ക്ലെയർവോയിലെ വിശുദ്ധ ബർണാർഡ് *ഉത്തമഗീതത്തെ ക്കുറിച്ചുള്ള പ്രസംഗങ്ങളുടെ* സമാഹാരത്തിന്റെ മൂന്നാം ഭാഗത്തൊരിടത്തു പറയുന്നതുപോലെ, ഒരേ സമയം മാർത്തായുടെയും മേരിയുടെയും ലാസ റിന്റെയും സ്ഥാനധർ മങ്ങൾ ശാരീരിക ക്ലേശങ്ങൾ സഹിച്ചും സ്വന്തം പിതൃ ഭവനത്തിൽ നിറവേറ്റിക്കൊണ്ടിരിക്കുന്നവൾ. ഒരിക്കൽ യേശുവിനു നല്കിയ സ്വയാർ പ്പണം സ്വന്തക്കാരും അവളുടെ ഏറ്റവും മൂത്ത സഹോദരനായ ഞാനും മറ്റു പലരും എത്രയേറെ പ്രേരിപ്പിച്ചിട്ടും പിൻവലിക്കാതെ തുടരുന്ന വൾ. അവളുടെ ശുശ്രൂഷയും കരുതലും കാവലുംകൊണ്ടാണ് എന്റെ താമസം ഞങ്ങളുടെ കുടുംബഭവനത്തിൽ ആയതിനുശേഷം എനിക്ക് പഠന, ധ്യാന, മനനങ്ങൾ ഇത്രയെങ്കിലും ചെയ്യാനായത്. ഷഷ്ടിപൂർ ത്തിയും കഴിഞ്ഞി രിക്കുന്ന അവളോടുള്ള സ്നേഹവും നന്ദിയും ഇവിടെ വാക്കുകളിൽ രേഖ പ്പെടുത്തുന്നു.

അടുത്തയാൾ ഞങ്ങളുടെ കുടുംബത്തിന്റെ നല്ല അയല്ക്കാരനായ കടു വിനാൽ സെയിന്റ് ജൂഡ് കോട്ടേജ് ശ്രീ എ.എ. കുറിയാക്കോസാണ്. അദ്ദേ ഹത്തോടാണ് ഈ രചനയുടെ വായന, പ്രസിദ്ധീകരണക്ഷമതകളും പരഗുണസാധ്യതയും ആദ്യം രഹസ്യമായി അന്വേഷിച്ചത്. അദ്ദേഹം സമ യമെടുത്തു വായിച്ച് ഉറപ്പും പ്രോത്സാഹനവും നല്കി. അനന്തരം ഈ കൃതി ബഹു. ജോഷാ (സുബിൻ) കൊച്ചുവിളയിലച്ചനു നല്കി. ഉദ്ദേശ്യം പറഞ്ഞുകഴിഞ്ഞതുതന്നെ. അദ്ദേഹവും പ്രോത്സാഹിപ്പിച്ചു. അടുത്തതായി ഈ രചനയുടെ രഹസ്യയാത്ര ഏതാനും വർഷങ്ങളായി എന്റെ ആധ്യാ ത്മിക പിതാവും കുമ്പസാരക്കാരനുമായ ബഹു. ജോൺ കണ്ണങ്കരയച്ചന്റെ പക്കലേക്കായിരുന്നു. അദ്ദേഹം വായിച്ചു സമ്മതം നല്കിയപ്പോളാണ് ഇത് വെളിച്ചം കാണണമെന്ന് എന്റെ മനസ്സ് സമ്മതിച്ചത്. സമ്മതം ശരിയോ എന്ന റിയാൻ ബഹു. തട്ടാരുതുണ്ടിൽ വിത്സണച്ചന്റെ പക്കലേക്കു വാല്യമയച്ചു. അദ്ദേഹം എന്നെ അദ്ഭുതപ്പെടുത്തുന്ന ആസ്വാദനവും പ്രോത്സാഹനവും നല്കി. അങ്ങനെ, ഇങ്ങനെയായി.

ഈ രചനയുടെ കാര്യത്തിൽ ഈയുള്ളവൻ ഒട്ടേറെ രചനകളോടും രചയിതാക്കളോടും കടപ്പെട്ടവനാണ്. ഗ്രന്ഥത്തിൽ പകർന്നിട്ടുള്ള ധ്യാന, വിചി ന്തനങ്ങൾക്ക് ഈയുള്ളവനു സഹായകങ്ങളായ രചനകളിൽ മിക്കവാറുമെല്ലാം അടിക്കുറിപ്പുകളിൽ നല്കിയിട്ടുണ്ട്. അതിനാൽ പ്രത്യേക ഗ്രന്ഥസൂചിക

ചേർക്കുന്നില്ല. ദ്വിതീയ സ്രോതസ്സുകളിൽനിന്നു ലഭിച്ച PG, PL -കളിൽനിന്നുള്ള ഭാഗങ്ങളേറെയും മൂലവുമായി ഒത്തുനോക്കി വിവർത്തനം ചെയ്തിരിക്കുന്നു. ഈ രചനയ്ക്ക് ഏറെ പ്രചോദനം നല്കിയ *ശ്ഹീമോ* നമസ്കാരത്തിൽ നിന്ന് അനേകം ഉദ്ധരണികളുണ്ട്. *ശ്ഹീമോ* നമസ്കാരം വൈദിക,സന്യസ്തർ ചൊല്ലുന്ന അനുദിന യാമനമസ്കാരമാണെന്ന് അയ്മേനികളായ സഹോദരങ്ങളുടെ അറിവിനു കുറിക്കുന്നു. വിശുദ്ധ കുർബാനയെക്കുറിച്ചു ധ്യാനിക്കാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ *കുർബാന ഒരു ധ്യാനപഠനം* എപ്പോഴുമൊരു പ്രചോദനസ്രോതസ്സായിരിക്കുന്നു. പരേതനായ ബഹു. കാരിച്ചാൽ പി.റ്റി. ഗീവർഗീസ് പണിക്കരച്ചന്റെ *വിശുദ്ധ കുർബാന തീർത്ഥാടന സഭയിൽ* സ്മരണീയമായൊരു രചനയാണ്. സഭാമല്പാൻ പെരിയ ബഹു. ഗീവർഗീസ് ചേടിയത്തച്ചൻ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ള ആരാധനക്രമവ്യാഖ്യാനഗ്രന്ഥങ്ങളുടെയും വിശുദ്ധ അപ്രേമിന്റെ മറ്റു പല രചനകളുടെയും മറ്റു പലരുടെ രചനകളുടെയും വിവർത്തനങ്ങളുടെ വലിയ സഹായം പ്രത്യേകം സ്മരിക്കുന്നു. എന്റെ ഗുരുഭൂതൻകൂടിയായ അദ്ദേഹത്തിന്റെ കൃതികളില്ലായിരുന്നെങ്കിൽ ഈയുള്ളവന്റെ ഈ രചന ഇത്രയുമാകില്ലായിരുന്നെന്ന് നന്ദിയോടെ ഓർക്കന്നു.

പഠന,ധ്യാന,വിചിന്തനങ്ങൾക്ക് *ഒസ്സെർവാത്തോരെ റൊമാനോ*യിൽ ലഭ്യമായ അനേകം ആശയങ്ങളും വിവരങ്ങളും ഏറെ സഹായിച്ചിട്ടുണ്ട്; സഹായിച്ചുകൊണ്ടിരിക്കുന്നു. അവയിൽ ഒട്ടേറെ ഈ രചനയിൽ ചേർത്തിട്ടുണ്ട്. എല്ലാം തിരുവനന്തപുരം കാർമൽ ഇന്റർനാഷനൽ പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ്/മലയാള വിവർത്തനങ്ങളിൽനിന്നാണ്. യഥാസ്ഥാനങ്ങളിൽ അടിക്കുറിപ്പുണ്ട്. ഈ സഹായത്തിനും മറ്റു പല ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിക്കാനും ആശയങ്ങളെടുക്കാനും അനുവദിച്ചതിനും തിരുവനന്തപുരം കാർമൽ ഇന്റർനാഷനൽ പബ്ലിഷിംഗ് ഹൗസിന് ഹൃദയപൂർവം നന്ദിയർപ്പിക്കുന്നു. ക്ലെയർവ്വായിലെ വിശുദ്ധ ബർണാഡ് ഉത്തമഗീതത്തെ ആസ്പദമാക്കി ചെയ്ത പ്രസംഗങ്ങളുടെ സമാഹാരത്തിൽനിന്നുള്ള ഉദ്ധരണികൾ വിവർത്തനം ചെയ്ത് ഈ ഗ്രന്ഥത്തിൽ ചേർക്കാൻ അനുവദിച്ച ബഹു.സിസ്റ്റേഴ്സിയൻ വൈദിക സമൂഹത്തോടും ലിറ്റർജിക്കൽ പ്രസ്സിനോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. Joseph Ratzinger, Pope Benedict XVI, *Jeusus Of Nazareth*, Part Twoവിൽ നിന്ന് ആശയങ്ങളും, ഉദ്ധരണികൾ വിവർത്തനം ചെയ്തും എടുക്കാൻ സദയം അനുവദിച്ച Ignatius Press, Sanfrasiscoയോടുള്ള അകൈതവമായ കൃതജ്ഞതയും കുറിക്കുന്നു.

ഈ ഗ്രന്ഥത്തിലെ ബൈബിൾവചനങ്ങളെക്കുറിച്ച് ഒരു കുറിപ്പ്: പുതിയ നിയമത്തിൽനിന്നുള്ളവ പൊതുവെ പി.ഒ.സി.ബൈബിൾ പുതിയ നിയമത്തിന്റെ പരിഷ്കരിച്ച പതിപ്പിൽനിന്നാണ് (2012). പഴയ നിയമത്തിൽനിന്നുള്ളവ പി.ഒ.സി ബൈബിളിന്റെ രണ്ടാം പതിപ്പിന്റെ 2000–ാമാണ്ടിലെ പതിപ്പിൽനിന്നാണ്. ഗ്രീക്കു പുതിയ നിയമത്തിൽനിന്നും സുറിയാനി പുതിയനിയമത്തിൽനി

ന്നും ഈയുള്ളവൻ പരിഭാഷപ്പെടുത്തിയവയുണ്ട്. സുറിയാനിയിൽനിന്നുള്ളവ അതാതിടങ്ങളിൽ പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. ഈ കൃതിയിൽ ഉദ്ധരിച്ചിട്ടുള്ള മലങ്കര സഭയുടെ ആരാധനക്രമത്തിലെ പുതിയനിയമവായനകൾ ബ്രിട്ടീഷ് ആൻഡ് ഫോറിൻ ബൈബിൾ സൊസൈറ്റി ലണ്ടനിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സുറിയാനി പുതിയ നിയമത്തിൽനിന്ന് ഈയുള്ളവൻ പരിഭാഷപ്പെടുത്തിയിട്ടുള്ളവയാണ്. അവയുടെ വ്യാഖ്യാന ത്തിന് പി.ഒ.സി ബൈബിളും ഗ്രീക്കു ബൈബിളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പി.ഒ.സി.ബൈബിളിൽ 'ഹെബ്രായർക്കുള്ള ലേഖനം' രണ്ടു കാരണങ്ങളാൽ ഈ രചനയിൽ 'എബ്രായർ...' എന്നാക്കിയിട്ടുണ്ട്. സുറിയാനി, ഗ്രീക്ക് ടെക്സ്റ്റുകളിൽ 'ഹെ...' ഉച്ചാരണമില്ല. 'ഹെബ്രായർ' എന്നായാൽ യഹൂദക്രിസ്ത്യാനികൾക്കുള്ള (ഹീബ്രുഭാഷക്കാർ ക്കുള്ള) എന്നും, 'എബ്രായർ...' എന്നായാൽ കടന്നുപോകുന്നവർക്കുള്ള (തീർഥാടകർക്കുള്ള, പരദേശവാസികൾക്കുള്ള) എന്നും അർഥമാകും. രണ്ടാമത്തേതാണ് ലേഖനത്തിനും ഈ രചനയ്ക്കും അനുയോജ്യം. ഈ രചനയിൽ ബൈബിൾവചനങ്ങൾ ഉദ്ധരണി ചിഹ്നങ്ങൾക്ക് ഉള്ളിലാക്കുന്നതിനു പകരം ചെരിച്ചെഴുതുകയാണ്.

*പുരോഹിതൻ തീച്ചൂളയിൽ വാല്യം 1*-ന്റെ മുദ്രണവും പ്രസിദ്ധീകരണവും ഏറ്റെടുത്ത തിരുവനന്തപുരം കാർമൽ ഇന്റർനാഷനൽ പബ്ലിഷിംഗ് ഹൗസിനും അതിന്റെ അമരക്കാരനായ ബഹു. മാത്യു തുണ്ടത്തിൽ അച്ചനും ഏറെ പ്രത്യേകമായ നന്ദി. ടൈപ്സെറ്റിംഗ്, കവർഡിസൈൻ എന്നിവ ഭംഗിയായി നിർവഹിച്ച നാലാഞ്ചിറ വിശ്വംഗ്രാഫിക്സിന്റെ പ്രൊപ്രൈറ്റർ ശ്രീ റജിലാലിനും നിറഹൃദയത്തോടെ നന്ദി. പ്രോത്സാഹിപ്പിച്ചനുഗ്രഹിച്ചവർക്കും അനുവാചകർക്കുമെല്ലാം അകമഴിഞ്ഞ കൃതജ്ഞതയും സമൃദ്ധമായ ദൈവാനുഗ്രഹവും നേരുന്നു. പുരോഹിതൻ രണ്ടാം വാല്യവും എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട പ്രാർഥനാനുഗ്രഹങ്ങൾ എല്ലാവരോടും വിനയപൂർവം അഭ്യർ ഥിച്ചുകൊണ്ട്,

**ഫാദർ കുര്യൻ വാലുപറമ്പിൽ**

എ എൻ ആർ എ – സി 12
കോട്ടമുകൾ, നാലാഞ്ചിറ – 695015
തിരുവനന്തപുരം, കേരളം
ജനുവരി 02, 2014

# മുഖവുര

## വിശുദ്ധീകരിക്കുന്ന അഗ്നി

തീച്ചൂളയിൽ സ്നാനം നല്കിയാണെന്നെ വിശുദ്ധീകരിച്ചു പുരോഹിതജനത്തിലുൾപ്പെടുത്തിയത്. തീയിറങ്ങിക്കത്തുന്ന ജലമാണ് മാമോദീസായുടേത് (നർസേ). തീ കത്തുന്ന ജലത്തിലാണെന്റെ ജനനം. അഗ്നിയാലും ആത്മാവിനാലും സ്നാനം നല്കപ്പെട്ടവൻ സ്നാനക്കുളത്തിൽവച്ച് അഗ്നിയെയും ആത്മാവിനെയും ധരിപ്പിക്കപ്പെട്ടവനത്രെ.[1] വിശുദ്ധിയിലേക്ക് അഗ്നിസ്നാനം നല്കപ്പെട്ടവന് അഗ്നി ആഹാരമാകുന്നതു സഹജമല്ലോ. "എന്നോട് അടുത്തിരിക്കുന്നവൻ അഗ്നിയോട് അടുത്തിരിക്കുന്നു." ഒരിജൻ ഓർമിച്ചിട്ടുള്ള യേശുമൊഴി. അഗ്നിക്കനലിനെ ശുശ്രൂഷിക്കുന്നവൻ അഗ്നിയിൽ എരിയുന്നവനാണെന്ന് ഓർത്തോർത്തോർമിക്കാൻ തുറന്നിരിക്കുന്ന ചെപ്പുതന്നെ.

തീതീനിപ്പക്ഷി കുലമറ്റുപോയിട്ടില്ല. ക്രിസ്തീയ പുരോഹിതന്മാരുള്ള കാലത്തോളം തീതീനിപ്പക്ഷികളുണ്ടാകും. അവർ തീക്കനൽ തിന്നും. ജനത്തെ തീക്കനൽ തീറ്റും. ദഹിപ്പിക്കാത്ത അഗ്നിയിലായിരിക്കുകയും ചെയ്യും. *നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്*.[2] അഗ്നിക്കു ശുശ്രൂഷിക്കുകയും അഗ്നിയെ ആഹരിക്കുകയും ആഹരിപ്പിക്കുകയും ചെയ്യുന്ന പുരോഹിതനുണ്ടാകുന്ന വിശുദ്ധീകരണാനുഭൂതി ഭാഗികമായെങ്കിലും പകരാനുള്ള ശ്രമത്തിന്റെ പ്രകാശനമാണ് ഈ രചന.

---

[1]അപ്രേം, *എപിഫനിഗീതങ്ങൾ*, 4,19-20. [2]എബ്രാ 12,29

അഗ്നിയായ യേശുവേ, ''നാഥാ, അഗ്നിയിൽനിന്നു രക്ഷിക്കണമെന്നെ; അഗ്നിജ്വാലകളെന്നെ ചുറ്റി ദഹിപ്പിക്കുന്നെന്മെയ്, ഹാനനിയാമേൽ തൂകിയ പനിമഞ്ഞെന്മേലും വീഴ്ത്തണമെ, കൃപയാൽ ജീവിപ്പേൻ.'' സഭയോടൊത്തു ചൊവ്വായുടെ സന്ധ്യകളിൽ ഞാനുയർത്തുന്ന എന്റെ നിലവിളി. ഇത് അഗ്നിയായ നിന്നിൽ എരിയുന്നതിനുള്ള എന്റെ മുൻകൂറപേക്ഷയായി നീ രൂപാന്തരപ്പെടുത്തുന്നുണ്ടെന്നാണ് എന്റെ വിശ്വാസം.

> ആ പല്ലുകടി ശാരീരികപല്ലിന്റേതല്ല. ആ നിത്യാഗ്നി ഭൗതികജ്വാലകൾകൊണ്ടുള്ളതല്ല. ആ പുഴുവും ശാരീരികമല്ല. ഇവയെക്കുറിച്ചു ഭൗതികങ്ങളെന്നോണം പറയുന്നത് ഇതുകൊണ്ടാണ്: പുഴുക്കളുരുവാകുന്നത് പിണ്ഡം അമിതമായി ചൂടാകുന്നതിനാലും പനികൊണ്ടുമാണ്. അതുപോലെ, ഒരുവൾ/ൻ തന്റെ പാപം തിളപ്പിച്ചാവിയായി കളയുന്നില്ലെങ്കിൽ, ... അയാളെ സ്വന്തം അഗ്നി ദഹിപ്പിക്കുകയും സ്വന്തം പുഴുക്കൾ വിഴുങ്ങുകയും ചെയ്യും. അതിനാലാണ് ഏശയ്യാ ഇപ്രകാരം പറയുന്നത്: നിന്റെ അഗ്നിയുടെയും നീ കത്തിച്ച ജ്വാലയുടെയും പ്രകാശത്തിൽ നടക്കുക. അത് പാപങ്ങളുടെ വിഷാദം ജനിപ്പിക്കുന്ന അഗ്നിയാണ്. അത് നിന്റെ ആത്മാവിന്റെ മൂഢമായ പാപങ്ങൾ മനസ്സിലും ഹൃദയത്തിലും കുത്തിക്കീറുകയും നിന്റെ മനസ്സാക്ഷിയുടെ മനോബലം തിന്നുകളയുകയും ചെയ്യുന്നതിനാൽ അത് ഒരു പുഴുവാകുന്നു.[3]

ഓ! പരിശുദ്ധിയായ ദൈവമേ, എന്നെ കാത്തിരിക്കുന്ന നിന്റെ അഗ്നിമയമായ സന്നിധിയിലേക്കു പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന അഗ്നിയഭിഷേകത്താൽ പ്രവേശിക്കാൻ എന്നെ അനുഗ്രഹിക്കണമെ. ഞാൻ ആപാദചൂഡം മേലങ്കിയായി അണിഞ്ഞിരിക്കുന്ന എന്റെ ഇരുമ്പുകുപ്പായങ്ങൾ അഗ്നിയിൽ എരിഞ്ഞടങ്ങാനും അനുഗ്രഹിക്കണമെ. എന്നെ അതിരറ്റു സ്നേഹിച്ചുകൊണ്ടിരിക്കുന്ന സ്നേഹത്തീജ്വാലയായ നിന്നിലേക്ക് എന്റെ ഹൃദയം തിരിക്കാൻ ഞാനാഗ്രഹിക്കുന്നു. നിന്നെക്കൊണ്ടു നിറയാൻ അത് അത്യാർത്തിയോടെ കാത്തിരിക്കുന്നു. എന്റെ ഹൃദയം നിലവിളിക്കുന്നു: വിശുദ്ധീകരിക്കപ്പെടുകയും രൂപാന്തരീകരിക്കപ്പെടുകയും ചെയ്യേണ്ട ഒരു തിരുമുല്കാഴ്ചയായി എന്നെത്തന്നെ നിനക്കു സമർപ്പിക്കാൻ. ഞങ്ങൾതന്നെ നിനക്കു സ്വീകാര്യബലിയായിത്തീരണമെയെന്നു പ്രാർഥിക്കുന്ന ദൈവജനത്തിലെ ഏറ്റവും നികൃഷ്ടനായ ഒരു ജീവിയുടെ കരച്ചിലുയർത്താൻ തന്നെ. അതു

---

[3]വിശുദ്ധ അംബ്രോസ്, *ലൂക്കായുടെ സുവിശേഷത്തിന്റെ വ്യാഖ്യാനം*, 7,205; W.A Jurgens, *The Faith of the Fathers*, Vol. 3, p.163 No.1306-ൽനിന്ന് ഗ്രന്ഥകാരന്റെ പരാവർത്തനം

നിന്നോടു പറയുന്നത് ഒരു മഹാപാപിയുടെ കാര്യമാണെന്നോർത്തു കനിയണമെ. ഇവൻ എണ്ണവും ഘനവുമറ്റ പാപം ക്ഷമിക്കപ്പെട്ടവനും ക്ഷമിക്കപ്പെട്ടുകൊണ്ടിരിക്കുന്നവനുമാണ്. നിന്റെ പുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനും വിധിയാളനുമായ യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും പാപം ക്ഷമിക്കപ്പെടേണ്ടവനുമാണ്.

പാപികളെയും സംരക്ഷിക്കുന്നവനായ പിതാവേ, സ്തുതി! അനുതാപികളെ കൈക്കൊള്ളുന്നവനായ പുത്രാ, വന്ദനം! ആർക്കും നാശം ആഗ്രഹിക്കാത്ത റൂഹായേ, സ്തോത്രം! ഓ! സ്നേഹക്കൂട്ടായ്മയായ ത്രിത്വൈക ദൈവമേ, നിനക്കു യുക്ത്യനുസൃതമായ പ്രതിസ്നേഹാർപ്പണമാകാൻ തക്കവിധം എന്നെ വിശുദ്ധീകരിക്കണമെ. വിശുദ്ധിയുടെ ലക്ഷ്യം സ്നേഹമല്ലോ. വിശുദ്ധീകരണവും സ്നേഹവും എന്നെ വിശ്വസ്തനാക്കുമല്ലോ.

## "ആന്തരിക നവീകരണത്തിനുള്ള സമർപ്പണം ആഴപ്പെടുത്തുക"

2009 ജൂൺ 19 – 2010 ജൂൺ 19 കത്തോലിക്കാസഭ വൈദികവർഷമാചരിച്ചു. വൈദികവർഷം പ്രഖ്യാപിച്ചുകൊണ്ട് 2009 ജൂൺ 16ന് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പുരോഹിതന്മാർക്കുവേണ്ടി ഒരു കത്ത് വത്തിക്കാനിൽനിന്നു പുറപ്പെടുവിച്ചു. കത്തോലിക്കാസഭയിലെ പുരോഹിതന്മാരോടു ബന്ധപ്പെട്ട പല ഉദ്ദേശ്യങ്ങളോടെയാണ് വൈദികവർഷം പ്രഖ്യാപിച്ചത്. ഇക്കാര്യം കത്തിൽ വ്യക്തമത്രേ. ഒന്നാം ഖണ്ഡികയിൽ ആദ്യം വ്യക്തമാക്കുന്ന ഉദ്ദേശ്യം ഇതാണ്: എല്ലാ പുരോഹിതന്മാരുടെയും ആന്തരിക നവീകരണത്തിനുള്ള സമർപ്പണം ആഴപ്പെടുത്തുക. ഈ ആഴപ്പെടുത്തലിന് ഒരുദ്ദേശ്യമുണ്ട്: ഇന്നത്തെ ലോകത്തിൽ കൂടതൽ ശക്തവും സൂക്ഷ്മതനവുമായ സുവിശേഷസാക്ഷ്യം.

## ഈ നല്ല സമയം

പരിശുദ്ധ പിതാവ് ബനഡിക്ട്പാപ്പാ ചൂണ്ടിക്കാട്ടുന്നപോലെ, വിശുദ്ധ ജോൺ വിയാനിയുടെ പൗരോഹിത്യജീവിതവും ശുശ്രൂഷയും പ്രചോദകമായൊരു മാതൃകയാണ്. വത്തിക്കാൻ രണ്ടിനുശേഷം പുരോഹിതനു ലഭിച്ച സുവർണ്ണാവസരമായിരുന്നു വൈദികവർഷം – സ്വയം മനസ്സിലാക്കാൻ; സ്വയം വിലമതിക്കാനും വിലയിരുത്താനും; ദൈവത്തോടും പൗരോഹിത്യാധിഷ്ഠിതമായ ദൈവജനത്തോടും തന്നോടുതന്നെയുമുള്ള ബന്ധം ആഴപ്പെടുത്താനും കൂടുതൽ ശക്തമാക്കാനും. ഇക്കാലയളവിൽ പുരോഹിതന് തന്നെ പുതുതായി അന്വേഷിക്കാനും

കണ്ടെത്താനുമുള്ള ശുഭസന്ധികളും ഉത്തേജകങ്ങളുമായ എത്രയോ ഇടപെടലുകൾ! വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ *ഞാൻ നിങ്ങൾക്ക് ഇടയന്മാരെ നല്കും* എന്ന അപ്പോസ്തോലിക പ്രബോധനം (1992 മാർച്ച് 25); പുരോഹിതന്മാർക്കുവേണ്ടിയുള്ള വത്തിക്കാൻ കോൺഗ്രിഗേഷന്റെ ''പുരോഹിതനും മൂന്നാം സഹസ്രാബ്ദവും'' എന്ന സർക്കുലർ (1999 മാർച്ച് 19); പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ പുറപ്പെടുവിച്ച *സ്നേഹത്തിന്റെ കൂദാശ*യും (2007 ഫെബ്രുവരി 22) *പ്രത്യാശയിൽ രക്ഷ*യും (2007 നവംബർ 30) *കർത്താവിന്റെ വചനവും* (2010 സെപ്തംബർ 30), *വിശ്വാസത്തിന്റെ വാതിലും* (2012 ജനുവരി 6); പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച *വിശ്വാസത്തിന്റെ വെളിച്ചവും* (2013 ജൂൺ 29) *സുവിശേഷത്തിന്റെ ആനന്ദവും* (2013 നവംബർ 24). ആകമാന കത്തോലിക്കാ സഭ ആചരിക്കുന്ന വിശ്വാസവർഷ-നവസുവിശേഷവത്കരണവും. ഇവയെല്ലാം പരിശുദ്ധാത്മാവ് വിളിച്ചേല്പിച്ച ശുശ്രൂഷയെ മാനിക്കാൻ പുരോഹിതനു ലഭിക്കുന്ന സവിശേഷാവസരങ്ങളാണ്. ഒപ്പം, ദൈവം പുരോഹിതനു പുരോഹിതജനത്തിൽ കനിഞ്ഞനുഗ്രഹിച്ചു നല്കിയിട്ടുള്ള സ്ഥാനവും, പുരോഹിതജനം പുരോഹിതനു നല്കിക്കൊണ്ടിരിക്കുന്ന ബഹുമാനാദരവുകളും ഓർത്തോത്ത് ദൈവത്തിനും ദൈവജനത്തിനും നിലയ്ക്കാത്ത നന്ദിയർപ്പിക്കാൻ കൂടുതൽ വിനയാന്വിതനാകാനുള്ള വിലപ്പെട്ട സമയവുമാണ് പുരോഹിതന് ഇക്കാലയളവ്.

വൈദികവർഷാചരണത്തിന്റെ മറ്റു ചില ഉദ്ദേശ്യങ്ങളും മാർപാപ്പായുടെ മുൻസൂചിപ്പിച്ച കത്തിൽ വായിച്ചെടുക്കാനുണ്ടായിരുന്നു. ഒന്നാമത്, പുരോഹിതനെ ശക്തീകരിക്കുക - താൻ നിർവഹിക്കുന്ന പ്രബോധന,നേതൃത്വ(അജപാലക),വിശുദ്ധീകരണ ശുശ്രൂഷകളിലൂടെ തിന്മയെ കീഴടക്കുകയും ജീവൻ സമൃദ്ധമായുണ്ടാകാൻ ഇടയാക്കുകയും ചെയ്യാൻ. കൂടെ, ശുശ്രൂഷാപൗരോഹിത്യത്തെയും പുരോഹിതന്മാരെയുംകുറിച്ചു വിശ്വാസിസമൂഹത്തിലും സമൂഹത്തിൽ പൊതുവെയും പ്രസന്നമായ ആസ്വാദനവും സമീപനവും പ്രോത്സാഹിപ്പിക്കുക. ഇത് വൈദികന്മാർക്കുവേണ്ടി പതിവിൽ കൂടുതലായി പ്രാർഥിക്കാൻ പുരോഹിതജനത്തിന് ഒരു പ്രത്യേക വർഷം സമ്മാനിച്ചു. അതുപോലെതന്നെ, പുരോഹിതന്മാരുടെ ആകമാനമായ ക്ഷേമത്തിന് ആവശ്യമായ ശ്രദ്ധ ക്ഷണിച്ചു. ശുശ്രൂഷാപൗരോഹിത്യത്തിലേക്കുള്ള വിളി പ്രോത്സാഹിപ്പിക്കാനുള്ള നല്ലൊരവസരം ലഭിച്ചു. ഇപ്പറഞ്ഞവയെക്കാളേറെയായിരുന്നു കഴിഞ്ഞുപോയ പുരോഹിതവർഷാചരണവും, പ്രത്യേകിച്ച് അനന്തര കാലയളവും എനിക്ക്. ''പുരോഹിതന്റെ ആത്മീയ ജീവിതത്തിലെ വഴിത്തിരിവ്

പൗരോഹിത്യാഭിഷേകത്തിന്റെ നിമിഷമല്ല, പൗരോഹിത്യസമർപ്പ ണത്തിനു പ്രചോദനമായതിന്റെ ഉൾവിളിയെ വിവേചിച്ചറിയുന്ന നിമി ഷമാണ്'' എന്നു ഫുൾട്ടൻ ജെ ഷീനിന്റെ (*The Priest is not His Own*: *പുരോഹിതൻ തന്റെ സ്വന്തമല്ല*)എന്ന വിഖ്യാതഗ്രന്ഥത്തിലെ വാക്കു കൾ ആവർത്തിച്ചോർക്കാൻ എനിക്കൊരവസരമായി.

ഇവിടെ തികച്ചും വ്യക്തിപരമായൊരു കാര്യം പങ്കുവയ്ക്കട്ടെ. അത് എന്റെ സഹോദരവൈദികന്മാരും മറ്റനുവാചകരും ക്ഷമിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇവിടെയും ഈ കൃതിയിലെവിടെയും വ്യക്തിപര മെന്നോണം കുറിക്കുന്നതൊന്നും എന്റെ മാത്രം അനുഭവമെന്ന മട്ടില ല്ലെന്ന് എടുത്തുപറയട്ടെ. പൗരോഹിത്യസമർപ്പണത്തിന് എനിക്ക് പ്രഥ മത: പ്രചോദനമായ ഉൾവിളിയുണ്ടായത് എന്റെ കൗമാരത്തിൽ അട്ടച്ചാ ക്കൽ ഓർത്തഡോക്സ് പള്ളിയിലെ വിശുദ്ധ കുർബാനയിൽനിന്നാണ് എന്നു തിരിച്ചറിയാൻ കഴിഞ്ഞു. അന്ന് കുർബാനയുടെയോ അർപ്പണ സ്ഥാനത്തിന്റെയോ അർപ്പകരുടെയോ അർഥമൊന്നുമറിഞ്ഞില്ല. എങ്കിലും അന്ന് അവിടത്തെ കുർബാന എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. കുർ ബാനസമയം മുഴുവൻ മദ്ബഹായിലേക്കും കുർബാനയിലേക്കും മാത്രം നോക്കിനില്ക്കണമെന്ന് എന്റെ പിതാവ് പതിവായി കർശനമായി ഓർപ്പി ച്ചിരുന്നതുകൊണ്ടുമാത്രമല്ല. കുർബാനയോടുള്ള അദ്ദേഹത്തിന്റെ ആവേശം എനിക്ക് എന്നും പ്രചോദകമാണ്. കുർബാനയെന്തെന്നു ചെറു പ്രായത്തിൽ സണ്ടേസ്കൂളിൽ പഠിച്ചതായി ഒരോർമയും എനിക്കില്ല. പക്ഷേ, അവസരം കിട്ടുമ്പോഴൊക്കെ ഞങ്ങളുടെ പറമ്പിൽ കുർബാന യർപ്പിക്കലും ചിരട്ടകൊണ്ടു ധൂപക്കുറ്റിയുണ്ടാക്കി വീശലും കപ്പയ്ക്കും കല്ലിനുമൊക്കെ ആശീർവാദവും കുർബാനകൊടുക്കലും ഞാൻ നടത്തി യിരുന്നത് ഇപ്പോഴുമോർക്കുന്നു. കാലത്തു കാലേകൂട്ടി കുർബാനയ്ക്കു പള്ളിയിൽ ചെല്ലുമ്പോൾ മറയ്ക്കുള്ളിൽ മൈലപ്രാ മാത്യൂസ് റമ്പാച്ചനോ മറ്റേതെങ്കിലും അച്ചനോ ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർഥി ക്കുന്നത് മദ്ബഹാവിരിയുടെ താഴത്തെ അറ്റമല്പം പതിയെ പൊക്കി ഒളിഞ്ഞു നോക്കി കണ്ടിട്ടുണ്ട്. അങ്ങനെ അവരെ കാണുന്നത് ബാല്യ, കൗമാരങ്ങളുടെ കുസൃതികൊണ്ടു മാത്രമായിരുന്നെന്നു കരുതാനാകുന്നി ല്ല. (കെസ്ത്രൂമായിൽ കയറി വിരി പൊക്കുന്നത് ബഹു. തോമസ് ശെമ്മാ ശൻ (ഇപ്പോൾ റമ്പാൻ) കണ്ടിരുന്നെങ്കിൽ ഉച്ചിക്ക് ഇടി ഉറപ്പ്). പൗരോഹി ത്യത്തിന്റെ പ്രേഷിതമുഖം എനിക്ക് ഒരുവിധം നന്നായി കാണാനും കുറെ യൊക്കെ നേരിട്ടറിയാനും പങ്കെടുക്കാനും കഴിഞ്ഞത് ഞങ്ങളുടെ കുടുംബം കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടതിനു ശേഷമാണ്. ഈ മുഖം ആദ്യം കാണാൻ എനിക്കു സാധിച്ചത് പരേതനായ ബഹു. സാമുവൽ തെങ്ങുവിളയിലച്ചനിലാണ്.

പുരോഹിതന്റെ ശുശ്രൂഷയും ജീവിതവും വിചിന്തനവിഷയമാക്കാൻ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഒന്നാം ദശകത്തിന്റെ രണ്ടാം പകുതി മുതലിങ്ങോട്ട് എല്ലാംകൊണ്ടും ഉചിതമായ സമയമാണല്ലോ. ഇക്കാര്യത്തിനു വിശദീകരണമൊന്നും ആവശ്യമില്ല. അത്രയ്ക്കു വെല്ലുവിളികളും പ്രതിസന്ധികളുമാണ് പുരോഹിതനു നേരിടേണ്ടിവന്നിരിക്കുന്നത്. അവയ്ക്കിടയിൽ ആത്മസംഘർഷമില്ലാതെ പുരോഹിതജീവിതം നയിക്കാൻ പരിശുദ്ധാത്മവരം അനുനിമിഷം ലഭിച്ചുകൊണ്ടിരിക്കണം. അതിന് പുരോഹിതന് ഏറ്റവും അത്യാവശ്യമായത് തന്റെ വിശുദ്ധീകരണത്തെക്കുറിച്ചുള്ള ഉത്കടമായ താത്പര്യവും ശ്രദ്ധയുമത്രേ. വിശേഷിച്ച്, മലങ്കരപ്പുരോഹിതന്. മലങ്കരയിലെ - മാല്യങ്കരയിലെ - ഒരു എളിയ സഹനപുത്രിയുടെയും എവുപ്രാസ്യാമ്മയുടെയും ചാവറ കുറിയാക്കോസച്ചന്റെയും വിശുദ്ധി സഭയിൽ ഔദ്യോഗികമായി അംഗീകൃതവും വിശ്വപ്രസിദ്ധവുമായിക്കഴിഞ്ഞിരിക്കെ. ഇവരെക്കൂടാതെ കേരള സഭയിലെതന്നെ എത്രയോ പുണ്യാത്മാക്കൾ ദൈവദാസരും ധന്യരുമായി വണങ്ങപ്പെടുന്നു! മലങ്കര കത്തോലിക്കാസഭയിൽത്തന്നെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്. വിശുദ്ധീകരണത്തിനു ദാഹിച്ച ഉജ്ജ്വലമാതൃകകൾ! ഇവരുടെയൊക്കെ മാധ്യസ്ഥം തേടുന്നതിൽ പുരോഹിതനായ ഞാൻ പ്രഥമസ്ഥാനം നല്കേണ്ടത് തീർച്ചയായും ഭൗതിക നന്മകൾക്കല്ല, വിശുദ്ധീകരണത്തിനുതന്നെയാകണം.

പുരോഹിതൻ വചനത്തിന്റെ പ്രബോധകനും കൂദാശകളുടെ പരികർമ്മിയും തനിക്കേല്പിക്കപ്പെട്ട ദൈവജനസമൂഹത്തിന്റെ നായകനുമാണ്. ഈ പുരോഹിതചിത്രം മുകളിലോർത്ത രേഖകൾ പലതും വ്യക്തമാക്കിയിട്ടുണ്ട്. ദൈവജനസമൂഹത്തിൽ പുരോഹിതൻ അധ്യാപകനും വിശുദ്ധീകരിക്കുന്നവനും നായകനുമാണ്. മഹാപുരോഹിതനായ യേശുക്രിസ്തുവിന്റെ പ്രബോധന,വിശുദ്ധീകരണ,നായകത്വധർമങ്ങളിൽ സഭയിലൂടെ സംസർഗം നല്കപ്പെടുന്നതിനാലാണ് ഇപ്പറഞ്ഞ സ്ഥാനമാനധർമങ്ങൾ നിർവഹിക്കാൻ പുരോഹിതനു സാധിക്കുന്നത്.

പുതിയ ഉടമ്പടിയുടെ പൗരോഹിത്യത്തെയും പുരോഹിതനെയുംകുറിച്ചുള്ള ആരംഭസഭാദർശനങ്ങളുടെ മിന്നൽപ്പിണരുകൾ പുതിയ നിയമത്തിലുണ്ട്. വിശേഷിച്ച്, എബ്രായർക്കുള്ള ലേഖനത്തിലും ലൂക്കായുടെയും യോഹന്നാന്റെയും സുവിശേഷങ്ങളിലും. അവയുടെ ഒളികൾക്കു തെളിച്ചവും ശോഭയുമേറ്റുന്ന നിറച്ചാർത്തുകൾ പുരാതനങ്ങളായ ആരാധനക്രമങ്ങളെ ആകർഷകവും ആസ്വാദ്യവുമാക്കുന്നു. ആരാധനക്രമങ്ങൾ സഭകളുടെ പൗരോഹിത്യദർശനങ്ങളുടെ നിദർശനങ്ങളും

ആവിഷ്കരണങ്ങളുമാണ്. ആരാധനക്രമങ്ങളനുസരിച്ചുള്ള ശുശ്രൂഷാ നിർവഹണം പുരാതന സഭകളുടെ പൗരോഹിത്യവിചാരത്തിന്റെ ധ്വനിസമൃദ്ധി ശ്രവിച്ചനുഭവിച്ചാസ്വദിക്കാനുള്ള ആഘോഷങ്ങളുമാണ്.

## ഈ രചനയുടെ ധാരണവും പിറവിയും

ഈ രചന പുരോഹിതവിശ്വസ്തതയെക്കുറിച്ചുള്ള വിചാരത്തിലാരംഭിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആരാധനക്രമമനുസരിച്ച് വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ മലങ്കരപ്പുരോഹിതനുണ്ടാകുന്ന വിശുദ്ധീകരണാനുഭവത്തിന്റെ ചില മാനങ്ങളുടെ അക്ഷരരൂപത്തിലുള്ള ഒരാവിഷ്കരണത്തിൽ എത്തിനില്ക്കുന്നു. വൈദികവർഷാചരണത്തിന്റെ ഒരു ബാക്കിപത്രം എന്ന് വേണമെങ്കിൽ കരുതാം. ഇങ്ങനെയൊരു ഗ്രന്ഥത്തിന് നിയതരൂപം എന്റെ മനസ്സിലില്ലായിരുന്നു. അനേക വർഷങ്ങളിലായി, വിശേഷിച്ച് ദൈവശാസ്ത്ര-ബൈബിൾപഠനത്തിൽ തുടർപഠനം നടത്തിക്കൊണ്ടിരുന്ന വർഷങ്ങളിൽ, കുറിച്ചുവച്ചിരുന്ന വിചിന്തന,ധ്യാനശകലങ്ങളിൽ കുറെയെണ്ണം വൈദികവർഷാരംഭത്തിൽ കൂട്ടിക്കെട്ടിയതാണ് ഈ ഗ്രന്ഥത്തിലെ നല്ലൊരു പങ്ക്. പല കുറിപ്പുകൾക്കും പ്രചോദനമേകിയ ഉറവിടം പൂർണമായി കുറിച്ചുവച്ചിരുന്നില്ല. അതിനാൽ ഈ കൃതിയിൽ ചേർക്കാൻ കഴിയുന്നില്ല. അപ്രേമിന്റെ കൃതികളിൽനിന്നുള്ള ഉദ്ധരണികൾ പലതും മേല്സൂചിപ്പിച്ച പഠനകാലങ്ങളിൽ *CSCO* സീരീസിൽനിന്ന് ഈ ഗ്രന്ഥകർത്താവ് ഭാഷാന്തരം ചെയ്തെടുത്തിട്ടുള്ളതാണ്. മേല്പ്പറഞ്ഞ വർഷങ്ങളിൽ പല സുറിയാനിപിതാക്കന്മാരുടെയും രചനകൾ സുറിയാനിയിൽത്തന്നെ വായിക്കാനും ചില വിഷയങ്ങൾ പഠിക്കാനും അവസരം ലഭിച്ചു. തുടർന്നുള്ള വർഷങ്ങളിലെയും വായനാനുഭവങ്ങളും വിചിന്തനവും അനുദിനധ്യാനവും ആത്മശോധനയുമൊക്കെ ഈ ഗ്രന്ഥത്തിലെ വകകളായിട്ടുണ്ട്. വിശേഷിച്ച്, 2010ലെ വൈദികവർഷം മുതലുള്ളവയിലെ. അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനങ്ങളിൽ എല്ലാവരോടുമൊത്തു ഭാഗികമായോ പൂർണമായോ പങ്കെടുക്കാൻ സാധിക്കാതിരുന്നപ്പോൾ സ്വയം നടന്ന ധ്യാനവഴികളുടെ അനേകം ശാഖകളും ഇതിൽ ഒട്ടിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കുറിപ്പുകളും വിവരങ്ങളും ഇങ്ങനെയൊരു പുസ്തകമുദ്ദേശിച്ച് ശേഖരിച്ചവയല്ല. ഒരേ കാര്യത്തെക്കുറിച്ചു പലയവസരങ്ങളിൽ നടത്തിയ വിചിന്തന,ധ്യാനക്കുറിപ്പുകൾ ചേർത്തിട്ടുള്ളതിനാൽ ആവർത്തനത്തോന്നലുണ്ടാകാം. വിശുദ്ധ കുർബാനയിലെ വിശുദ്ധീകരണം സംബന്ധിച്ച ഒരു ലഘുവിശകലനം 2005 ആഗസ്റ്റ് – 2006 സെപ്തംബർ *ക്രൈസ്തവകാഹള*ത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്നു. അത്

ഈ ഗ്രന്ഥനിർമിതിക്ക് സഹായകമായിട്ടുണ്ട്. എല്ലാംകൂടി മനസ്സിൽ ഒത്തുനോക്കിയപ്പോൾ ഒരു പുസ്തകമാക്കാൻ പ്രേരണയുണ്ടായി.

പുരോഹിതന്റെ ഏറ്റവും മഹത്തും ശ്രേഷ്ഠവുമായ ശുശ്രൂഷയിലൂടെ പുരോഹിതനായ എന്നെ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗികമായ സാക്ഷ്യമാണ് ഈ രചന പ്രധാനമായി. അതേ, വിശുദ്ധകുർബാനയാഘോഷത്തിലൂടെ കണ്ടെത്താനുള്ള ശ്രമത്തിന്റെ. ഒപ്പം, ആഘോഷിക്കപ്പെടുന്ന സംഭവങ്ങളുടെയും വിശ്വാസബോധ്യങ്ങളുടെയും അനുഭൂതിയുടെ വെളിച്ചത്തിൽ കണ്ടെത്താനും. അനുഭൂതി അനുഭവജ്ഞാനമല്ലോ. കർത്താവിന് ഇനിയും സമർപ്പിതനാകേണ്ട, വിശുദ്ധീകരിക്കപ്പെടേണ്ട, എന്നെ തേടിയുള്ള ഒരന്വേഷണത്തിന്റെ ഭാഗികമായ സാക്ഷ്യവും. ഈ സാക്ഷ്യപ്പെടുത്തൽ ലക്ഷ്യമാക്കുന്ന പ്രധാന കാര്യം മലങ്കരക്കുർബാനയാഘോഷത്തിൽ അതിനു നേതൃത്വം നല്കുന്ന പുരോഹിതനായ എനിക്കുണ്ടാകുന്ന വിശുദ്ധീകരണാനുഭൂതിയാണ് - ഭാഗം നാല്. അതിനു പശ്ചാത്തലവും ഒരുക്കവുമാണ് ഒന്നു മുതൽ മൂന്നുവരെ ഭാഗങ്ങൾ.

അനുഭൂതി താത്കാലിക വികാരങ്ങളോ തോന്നലുകളോ അല്ലല്ലോ. കണ്ടും കേട്ടും തൊട്ടും രുചിച്ചുമൊക്കെയുള്ള നേരറിവത്രേ. കൂദാശകളുടെ കൂദാശയായ കുർബാനയെ 'ദിവ്യരഹസ്യങ്ങൾ' എന്ന പൗരസ്ത്യ ദർശനത്തെ പിൻപറ്റി യാത്ര ചെയ്യുന്ന സാധകനു ലഭിക്കുന്ന വിശുദ്ധീകരണാനുഭവത്തിന്റെ ചില നുറുങ്ങുകൾ ഈ വാല്യത്തിൽ നുള്ളിയിടുന്നു. കുർബാനയിൽ സംബന്ധിക്കുന്നത് സ്നാനപ്പെട്ടവരുടെ ഉടമ്പടിക്കടത്തിന്റെ/ഉടമ്പടിക്കടമയുടെ നിറവേറ്റൽ എന്നതിനെക്കാൾ, ദൈവം തന്റെ കൃപയാൽ യേശുക്രിസ്തുവിൽ പൂർത്തിയാക്കിയ രക്ഷയിൽ വിശ്വാസികൾക്കു പങ്കുകൊള്ളാൻ അവിടന്ന് അവരുടെ മധ്യേ നിറവേറ്റുന്ന രക്ഷാകരപ്രവർത്തനം എന്ന സമീപനമാണിതിൽ പ്രതിഫലിക്കുന്നത്.

വിശുദ്ധ കുർബാന സഭയുടെ ഏറ്റവും ശ്രേഷ്ഠമായ അനുഷ്ഠാനമാണ്. പുരോഹിതന്റെയും ഏറ്റവും ശ്രേഷ്ഠമായ അനുഷ്ഠാനം. സാങ്കേതികമായി പറഞ്ഞാൽ, വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സഭയുടെ വിശ്വാസം ആചാരക്രമപ്രകാരം അനുഷ്ഠിക്കുന്ന സഭാപ്രവൃത്തി. അതായത്, വിശുദ്ധ കുർബാനയെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിന്റെയും ഔദ്യോഗിക പ്രബോധനത്തിന്റെയും ആചാരപരമായ അനുഷ്ഠാനം. അത് ദൈവജനത്തോടു ചേർന്നുള്ള പുരോഹിതന്റെ ശുശ്രൂഷയും ദൈവികരക്ഷാപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തവും ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സകല പ്രവർത്തനങ്ങളിലുമുള്ള, ഇടപെടലുകളിലുമുള്ള, പങ്കുകൊള്ളലുമാണ്. അത് പുരോഹിതനും ജനവും കേവലം

ആചാരക്രമപ്രകാരമുള്ള അനുഷ്ഠാനം എന്ന നിലയ്ക്കു ചെയ്തുതീർക്കുന്നതുകൊണ്ടുമാത്രം അവർക്ക് ആത്മീയമായ വല്ല നന്മയും ലഭിക്കുമോ? ഈ ആചാരാനുഷ്ഠാനം ഒരു ആത്മീയാനുഭവമാകുമോ? ഇല്ലെന്നു തീർച്ച.

വചനത്തിലും അപ്പവീഞ്ഞുകളിലും സന്നിഹിതനായി സംസാരിക്കുകയും സ്വയം നല്കുകയും ചെയ്യുന്ന യേശുക്രിസ്തുവിനെ ശ്രവിച്ചും കണ്ടും സ്വീകരിച്ചും അവനോട് ദൈവജനം ജീവനിൽ ഐക്യപ്പെടുന്ന സംഭവമാണ് വിശുദ്ധ കുർബാനയാഘോഷം. യേശുക്രിസ്തുവിനോടുണ്ടാകുന്ന ഈ ബന്ധംവഴി ദൈവത്തെ ശ്രവിക്കുകയും കാണുകയും സ്വീകരിക്കുകയും ആരാധിക്കുകയും അവിടത്തോട് ഐക്യപ്പെടുകയും ചെയ്യുന്ന മതാത്മകതയിലേക്കുള്ള സ്വർഗീയമായ വിശുദ്ധീകരണശുശ്രൂഷയായി പൂർത്തിയാകപ്പെടേണ്ടതാണ് വിശുദ്ധകുർബാനയർപ്പണം. പാപത്തിന്റെമേൽ കൃപയുടെയും, മരണത്തിന്റെമേൽ ജീവന്റെയും, കോപത്തിന്റെയും നീതിയുടെയുംമേൽ കരുണയുടെയും, വിജയത്തിന്റെയും സ്വീകരണത്തിന്റെയും ആഘോഷമാണല്ലോ വിശുദ്ധ കുർബാനയാഘോഷം. അത് സ്വന്തം ആത്മീയോത്കർഷത്തിന് ഉപകരിക്കണമെങ്കിൽ, ആത്മീയാനുഭവം ആകണമെങ്കിൽ, മതപരമായ ഏത് ആചാരാനുഷ്ഠാനത്തിനുമെന്നപോലെ, ധ്യാനത്തിന്റെ പിൻബലമുണ്ടായിരിക്കണം. വിശേഷിച്ച്, വിശുദ്ധ കുർബാനയുടെ കാര്യത്തിൽ. അതു രഹസ്യങ്ങളുടെ ദിവ്യരഹസ്യങ്ങളല്ലോ.

ധ്യാനം യോഗമാണ്. വിചിന്തനമോ വിചാരമോ അല്ല. സഭയുടെ കൂദാശകളോടു (വിശുദ്ധീകരണശുശ്രൂഷകളോടു) ബന്ധപ്പെടുത്തുമ്പോൾ, ധ്യാനിക്കപ്പെടുന്ന രഹസ്യങ്ങളോട് ഒരുമനപ്പെടുക. നിർവഹിക്കപ്പെടുന്ന ആചാരാനുഷ്ഠാനങ്ങളിൽ അന്തർലീനങ്ങളും അന്തർഭവ്യങ്ങളുമായിട്ടുള്ളവയും, ആഘോഷിക്കപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും നല്കപ്പെടുകയും ചെയ്യുന്നവയുമായ ദിവ്യയാഥാർഥ്യങ്ങളോട് — സൂക്ഷ്മതമമായി പറഞ്ഞാൽ, ദിവ്യയാഥാർഥ്യത്തോട് — ഒരുമനപ്പെടുക. ഇത്, മനുഷ്യരുടെ വിശുദ്ധീകരണമാക്കപ്പെട്ട ക്രിസ്തുവിനോടു ഒരുമനപ്പെടുകതന്നെയത്രേ: പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടെ ഒന്നായിത്തീരുക. ഇതിന് ധാരണയും സാധനയും അവശ്യമാണ്. ധാരണ ശ്രദ്ധയുടെ കേന്ദ്രീകരണമാണല്ലോ. സാധകന്റെ സാധകം ചെയ്യലാണ് സാധന. സാധകം ചെയ്യുന്നത് ചിരപുരാതനങ്ങളായ ധാരകളെ ഉപാസിച്ചുകൊണ്ടാണ്. ഈവഴി പുരോഗമിക്കുമ്പോൾ സാധകന്റെ സ്വന്തമായ ചില വിശിഷ്ട വിന്യാസങ്ങൾ കൊണ്ടു സാധനയെ തനിക്കും ഒരു പക്ഷേ മറ്റുള്ളവർക്കും കൂടുതൽ ആസ്വാദ്യമാക്കാനായേക്കും.

വിശുദ്ധ കുർബാനയർപ്പണത്തിൽ ആഘോഷിക്കപ്പെടുകയും, ആവിഷ്കരിക്കപ്പെടുകയും വിശ്വാസികൾക്കു സംസർഗത്തിനു നല്കപ്പെടുകയും ചെയ്യുന്ന യാഥാർഥ്യത്തെ ധ്യാനിക്കാൻ, പ്രസ്തുത യാഥാർഥ്യത്തോട് ഒരുമനപ്പെടാൻ, സാധകനുള്ള സാധനാസാമഗ്രികളാണ് കുർബാനയർപ്പണത്തിന്റെ അടയാളങ്ങളും പ്രതീകങ്ങളും അവയെക്കുറിച്ചുള്ള ഭാഷ്യങ്ങളും വിചിന്തന,വിചാരങ്ങളും. അടയാള-പ്രതീകങ്ങളിൽ ആളുകളും (പുരോഹിതൻ, ശുശ്രൂഷികൾ, ജനം) വസ്തുക്കളും (അപ്പവും വീഞ്ഞും; ബലിപീഠം, തിരികൾ, ധൂപകലശം, മറുവഹസാ) എന്നിങ്ങനെയുള്ള മറ്റ് അകമ്പടികളും വാക്കുകളും ആചാരാനുഷ്ഠാനങ്ങളുമുണ്ട്. ഇവയുടെയെല്ലാം അന്തര്യാമിയായ ഐക്യത്തിന്റെ ധ്വനി വെളിപ്പെടുകയും അദ്ഭുതപ്പെട്ടാസ്വദിക്കുകയും ചെയ്യാൻ സാധിക്കുന്ന സാധകന്മാർ അനുഗൃഹീതർ! ആധികാരികങ്ങളായ ഭാഷ്യങ്ങളിൽ പുരാതനങ്ങളായവയ്ക്കു പ്രത്യേക സ്ഥാനമുണ്ട്. ചിരപുരാതനങ്ങളായ ധാരകളെ ഉപാസിച്ചുകൊണ്ടു സാധകൻ സാധനയെ ആസ്വദിക്കുമ്പോൾ സംഭവിക്കുന്ന സ്വാഭാവിക വിന്യാസങ്ങളും മറ്റു സാധകർക്കും പ്രയോജകീഭവിച്ചേക്കാമല്ലോ. മുഖ്യമായും കുർബാനതക്സായെയും തിരുഗ്രന്ഥത്തെയും പൗരസ്ത്യസഭാപിതാക്കന്മാരുടെ കുർബാനഭാഷ്യങ്ങളെയും ഏതാനും പാശ്ചാത്യ ആധ്യാത്മികഗുരുക്കളെയും ഉപജീവിച്ചുളവായ വിചിന്തന,വിചാരങ്ങളുടെ സഹായത്തോടെയാണ് വിശുദ്ധ കുർബാനയർപ്പണത്തിലെ വിശുദ്ധീകരണത്തിന്റെ ധ്യാനാനുഭവം പങ്കുവയ്ക്കുന്നത്. ഉപയുക്തമായ മറ്റു ധാരകളും പരിമിതമായ തോതിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ഇവിടെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ *ദൈവാവിഷ്കരണ*മെന്ന പ്രമാണരേഖയുടെ നമ്പർ 8ലെ ഒരു ഖണ്ഡികയിലെ വാക്കുകളുടെ പരാവർത്തനം കൂടുതൽ പ്രകാശദായകമാണ്:

> ശ്ലീഹന്മാരിൽനിന്നു വരുന്ന പാരമ്പര്യം പരിശുദ്ധാത്മാവിന്റെ സഹായത്താൽ സഭയിൽ വികസ്വരമാകുന്നു. പകർന്നു നല്കപ്പെടുന്ന യാഥാർഥ്യങ്ങളിലേക്കും വാക്കുകളിലേക്കുമുള്ള ഉൾക്കാഴ്ചയിൽ വളർച്ചയുണ്ട്. ഇത് പല വിധത്തിൽ സംഭവിക്കുന്നു. ഇപ്പറഞ്ഞ യാഥാർത്ഥ്യങ്ങളും വാക്കുകളും ഹൃദയത്തിൽ സംഗ്രഹിക്കുന്ന (ലൂക്കാ 2,19.51) വിശ്വാസികളുടെ അനുധ്യാനവും പഠനവും വഴി കൈവരുന്നു. അതങ്ങനെ സംഭവിക്കുന്നത് തങ്ങളനുഭവിക്കുന്ന ആത്മീയ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ഗാഢബോധത്തിൽനിന്നാണ്. പാരമ്പര്യത്തിലൂടെ ലഭിക്കുന്ന യാഥാർഥ്യങ്ങളിലേക്കും വാക്കുകളിലേക്കുമുള്ള ഉൾക്കാഴ്ചയിലെ വളർച്ച മെത്രാൻ

> സ്ഥാനപിന്തുടർച്ചയുടെ അവകാശത്തോടൊപ്പം സത്യത്തിന്റെ തീർച്ചയുള്ള വരവും സ്വീകരിച്ചിട്ടുള്ളവരുടെ പ്രബോധനത്തിൽനിന്നുകൂടിയും കൈവരുന്നു. ഇങ്ങനെ, നൂറ്റാണ്ടുകൾ കടന്നുപോകുന്തോറും സഭ ദിവ്യസത്യത്തിന്റെ നിറവിലേക്ക്, പര്യന്തികമായി ദൈവത്തിന്റെ വചനങ്ങൾ അവളിൽ പൂർത്തിയാകുന്നതുവരെയും, സദാ ഉദ്ഗമിച്ചുകൊണ്ടിരിക്കുന്നു.[4]

വിശുദ്ധ കുർബാനയുടെ നാനാമാനങ്ങളെപ്പറ്റിയുള്ള ഓരോ പഠനവും ഓരോ കുർബാനയർപ്പണവും കുർബാനയുമായുള്ള അടുത്ത ധ്യാനത്തിനു സാധനയായിത്തീരുന്ന പുരോഹിതജീവിതവും പൗരോഹിത്യശുശ്രൂഷയും എത്ര ധന്യമായിരിക്കുമെന്ന് ആശിക്കാനെങ്കിലും ഈയുള്ളവനും അവകാശമുണ്ടല്ലോ.

സാക്ഷ്യപ്പെടുത്തുന്ന പുരോഹിതൻ 'ഞാൻ' എന്ന ഉത്തമപുരുഷനാണ്. ഈ പങ്കുവയ്ക്കലിന്റെ മുഖവുരയിൽ അനുവാചകരോട്, പുരോഹിതജനത്തോട്, വിശേഷിച്ച് വിശ്വാസികളോട്, ഏതാനും വസ്തുതകൾ കുമ്പസാരിച്ചുകൊള്ളട്ടെ. ഇത് പുരോഹിതൻ എന്ന നിലയിൽ എനിക്കു ബോധമുള്ള കാലത്തോളം ഞാൻ തുടരേണ്ട എന്റെ ആത്മശോധനയുടെയും ആത്മബോധനത്തിന്റെയും ഭാഗമാണ്.

മോപ്സേസ്ത്വായിലെ തിയഡോർ പഠിപ്പിക്കുന്നു, "തന്റെ യാഗം വഴി നമ്മെ രക്ഷിക്കുകയും വിടുവിക്കുകയും ചെയ്ത മിശിഹായെ വിശുദ്ധ കുർബാനയർപ്പണത്തിനു നേതൃത്വം നല്കുന്ന പുരോഹിതനിൽ സഭ ദർശിക്കുന്നു. പുരോഹിതൻ മിശിഹായുടെ ഐക്കൺ ആകുന്നു."[5] ഐക്കണിൽ സൂചിതവ്യക്തിത്വത്തിന്റെ അല്ലെങ്കിൽ യാഥാർഥ്യത്തിന്റെ മഹത്ത്വവത്കൃത സാന്നിധ്യമുണ്ട്. ഐക്കൺന്റെ മഹത്ത്വവും സൗന്ദര്യവും ആന്തരികമാണ്. ബലിപീഠത്തിനടുത്തു നില്ക്കുന്ന പുരോഹിതൻ വലിയവനായ ആ ഉന്നതപുരോഹിതന്റെ പ്രതീകമാണെന്ന് ബർസലീബിയും പഠിപ്പിക്കുന്നു.[6] പുരോഹിതൻ ക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമാണ്. ഈ രഹസ്യം ആവിലായിലെ വിശുദ്ധ യോഹന്നാൻ ഇപ്രകാരം ആവിഷ്കരിക്കുന്നു: "ദിവ്യബലിയുടെ സമയത്ത് രക്ഷകന്റെ തന്നെ ദൗത്യം നിർവഹിക്കാൻവേണ്ടി നാം ക്രിസ്തുവിന്റെ വ്യക്തിസ്വരൂപത്തിൽ നമ്മെത്തന്നെ ബലിപീഠത്തിൽ പ്രതിഷ്ഠിക്കുന്നു"[7]

---

[4]ഈ ഗ്രന്ഥകാരന്റെ പരാവർത്തനം. [5]*മതാധ്യാപനപ്രസംഗങ്ങൾ*, 15,24, (വിവ. ജീ. ചേടിയത്ത്) കോട്ടയം, 1986, പുറം 234. [6]*ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, (വിവ. ജി. ചേടിയത്ത് - ജി. അപ്പശ്ശേരി), കോട്ടയം, 1990 6, പുറം 39 [7]*കത്തുകൾ*, 157.

വലിയ ദൈവശാസ്ത്രജ്ഞന്മാരായ ഈ വിശുദ്ധ പിതാക്കന്മാർ കൈമാറിയിട്ടുള്ളത് പുരാതനസഭയുടെ വിശ്വാസബോധനമത്രേ. അവരുടെ ഈ പ്രബോധനത്തോടൊപ്പം അവർ അനുസ്മരിപ്പിക്കുന്ന സംഘാത കാർമികത്വവും കണക്കിലെടുക്കണം, പുരോഹിതനായ ഞാനും വിശ്വാസികളും (ജനവും) ഒരുമിച്ചുചേർന്നാണ് വിശുദ്ധ കുർബാനയർപ്പിക്കുന്നത്. പുരോഹിതനും ജനവും ഒന്നുചേരുന്ന ആരാധകസംഘം ഒരു ശരീരമാകുന്നു എന്ന് ബർസലീബി പറഞ്ഞിട്ടുള്ളതുമോർക്കാം.

പുരോഹിതനും അയ്മേനികളും തമ്മിൽ കർമിയും ജനവും എന്നൊരു വേർവിചാരത്തിനിടയില്ലാത്തത്ര ഒരുമിച്ചുള്ള പൊതു ആരാധനയാണ് സഭയുടെ കുർബാന. ആരാധനയുടെ, ലിറ്റർജിയുടെ, *ലൈറ്റൂർഗിയ* യുടെ, മൂലധാതുക്കളായ *ലാഒസ്* (= ജനം) + *എർഗൊൺ* (= പ്രവൃത്തി) ഉൾക്കൊണ്ടിട്ടുള്ളതുപോലെ, ആരാധന ദൈവജനത്തിന്റെ, പുരോഹിതജനത്തിന്റെ, പൊതുവായ പരസ്യകർമമാണ്. ക്രൈസ്തവപാരമ്പര്യപ്രകാരമുള്ളതാകയാൽ ദൈവജനത്തിന്റെ ഈ പരസ്യകർമം ത്രിത്വൈക ദൈവത്തിന്റെ മഹത്ത്വീകരണ-ആശീർവാദപ്രവൃത്തിയിലുള്ള[8] ദൈവജനത്തിന്റെ പങ്കുചേരലാകുന്നു. പിതാവിൽനിന്നുദ്ഭവിച്ചതും, പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പിതാവിൽ എത്തിച്ചേരുന്നതുമായ ഈ ആരാധനയിൽ ആരാധകസഭയൊന്നാകെ പുത്രനോടൊത്തു കർമിയും ബലിവസ്തുവുമാണ്. ബലിയിലെ ഈ സംഘാതകാർമികത്വവും സംഘാത സ്വയാർപ്പണവും ഇന്ത്യാക്കാരനായ എനിക്കു കൂടുതൽ ഗ്രാഹ്യമാകണം. ആത്മബലി മനുഷ്യർക്കു മാത്രമല്ല പ്രപഞ്ചത്തിലെ ജീവനുള്ളവയ്ക്കൊക്കെ ജന്മവാസനയായുണ്ടെന്നും, ഭോഗമല്ല, ത്യാഗമാണ് വരേണ്യശ്രേഷ്ഠതയെന്നും ആദികവി കാളിദാസൻ കാണിച്ചുതന്നിട്ടുണ്ട്. പ്രജാപതി മനുഷ്യരെ സഹയജ്ഞരായി സൃഷ്ടിച്ചു; ഇതുകൊണ്ട്, അതായത് ബലികൊണ്ട്, ഉത്കർഷം നേടുക എന്ന് പണ്ടേ പറയുന്ന പ്രജാപതിവചസ്സിൽ ഇന്ത്യയിലെ പുരാതനരുടെ ബലിബോധമുണ്ടല്ലോ.

ആരാധകസംഘമൊന്നാകെയാണ് ബലിയർപ്പണം ആഘോഷിക്കുന്നത്. ഈ വസ്തുത മലങ്കരക്കുർബാനയെ സംബന്ധിച്ചു കൂടുതൽ സാർഥകമാണ്. കുർബാനയിൽ സജീവമായി സംബന്ധിക്കുന്ന സകലരും - സമൂഹമൊന്നാകെയും, ഓരോ വ്യക്തിയും, തന്നത്തന്നെ യേശുക്രിസ്തു പിതാവിനു സ്വീകാര്യമായ ബലിയായി സ്വയം അർപ്പിച്ചതിന് അനുരൂപമായ ബലിയായി അർപ്പിക്കുകയാണ്.

---
[8] യോഹ 17,4;എഫേ 1,3-6

മലങ്കരക്കുർബാനയിലെ പ്രാർഥനകളിൽ പകുതിയോളം ജനമാണ് ചൊല്ലുന്നത്. അവരും വാചികമല്ലാത്ത ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും കുർബാനയാഘോഷത്തിൽ നിർവഹിക്കുന്നുണ്ട്. സഹോദരങ്ങളേ, വത്സലരരേ, നാമെല്ലാവരുംകൂടിയാണ് കുർബാന അർപ്പിക്കുന്നത്. ദൈവജനമൊന്നിച്ചാണ് കുർബാനയർപ്പിക്കുന്നത്. ഇതാണ് വിശുദ്ധ കുർബാന സഭ മുഴുവന്റെയും പ്രവൃത്തിയാണെന്നും, സഭയുടെ സകല പ്രവൃത്തികളുടെയും ഉച്ചകോടിയും അവളുടെ ശക്തി മുഴുവന്റെയും സ്രോതസ്സുമാണെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതും.[9] മറ്റാർക്കും സംബന്ധിക്കാൻ സാധിക്കാത്തപ്പോഴും വൈദികൻ തനിയെ കുർബാന അർപ്പിക്കണം: അത് ക്രിസ്തുവിന്റെയും സഭയുടെയും പ്രവൃത്തിയാണ്.[10]

വിശുദ്ധ കുർബാനയർപ്പണത്തിന്റെ സംഘാതകാർമികത്വം പുരോഹിതന്റെ കാർമികത്വത്തിന് എതിരല്ല. പുരോഹിതൻ ക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമാണെന്ന ആദിസഭാബോധം അന്യംനിന്നുപോകാത്ത വിശ്വാസിസംഘം പുരോഹിതന്റെ അനന്യസ്ഥാനത്തെ എന്നും അംഗീകരിച്ചിട്ടുണ്ട്. വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനത്തിൽ കർമിഘടനയ്ക്ക് പല തലങ്ങളുണ്ടെന്ന് പുറപ്പാടുപുസ്തകം മുതൽ കാണാനാകുന്നു.[11] അത് യേശുവിന്റെ അന്ത്യത്താഴത്തിലും ഗൊല്ഗോഥായിലെ ബലിയിലും ഉയിർപ്പുദിനത്തിന്റെ സന്ധ്യയിൽ എമ്മാവൂസിൽ അവൻ അനുഷ്ഠിച്ച അപ്പംമുറിക്കലിലുമെല്ലാം പാലിക്കപ്പെട്ടിട്ടുണ്ട്. അപ്പോസ്തോലികകാലം മുതൽ തുടരുന്നതാണ്. ക്രിസ്തുവിന്റെ കൗദാശികസാന്നിധ്യമായ പുരോഹിതന് വിശുദ്ധ കുർബാനയാഘോഷത്തിൽ അതുല്യവും അനുപേക്ഷണീയവുമായ സ്ഥാനമുണ്ട്. ക്രിസ്തുവിന്റെ പൗരോഹിത്യാധിഷ്ഠിതമായ സഭയിൽ ശുശ്രൂഷാപൗരോഹിത്യം നല്കപ്പെട്ടിട്ടുള്ള പുരോഹിതന്റെ സജീവ കാർമികത്വമില്ലാത്ത കുർബാന കൗദാശികമാകില്ല. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ *സഭ കുർബാനയുടെ കൂട്ടായ്മ* (*എവുഖറിസ്തിയ ദെ എക്ലേസിയ*) എന്ന ചാക്രികലേഖനത്തിന്റെ മൂന്നാം അധ്യായത്തിൽ അടിവരയിട്ടിട്ടുള്ള ചില സഭാതാത്പര്യങ്ങൾ സ്മരിക്കുന്നത് സന്ദർഭോചിതമത്രേ: വിശുദ്ധ കുർബാന അപ്പോസ്തോലികമാണ്. അതർപ്പിക്കാൻ കൗദാശികപൗരോഹിത്യം ആവശ്യമാണ്. ശുശ്രൂഷാപൗരോഹിത്യം നല്കപ്പെട്ടിട്ടുള്ള പുരോഹിതൻ ക്രിസ്തുവിന്റെ

---

[9]രണ്ടാം വത്തിക്കാൻ കൗൺസിൽ, *ആരാധനക്രമം*, നമ്പർ 7,10. [10]രണ്ടാം വത്തിക്കാൻ കൗൺസിൽ, *വൈദികരുടെ ശുശ്രൂഷയും ജീവിതവും* (*വൈദികർ*), നമ്പർ 13; *ലിറ്റർജി*, നമ്പർ 26: പൗലോസ് ആറാമൻ, *വിശ്വാസത്തിന്റെ രഹസ്യം*, സെപ്തംബർ 3, 1965; *AAS* 57 (1965), pp. 761-762. [11]പുറ 19,3.17; 24,1–2.9.

സ്ഥാനത്തു പ്രവർത്തിക്കുന്നതുകൊണ്ടാണ് വിശുദ്ധ കുർബാനയെന്ന യാഗം ദൈവജനത്തിനുവേണ്ടി സന്നിഹിതമാകുന്നത്. ശുശ്രൂഷാപൗരോഹിത്യമുള്ളവന്റെ പൗരോഹിത്യശുശ്രൂഷയിലൂടെയാണ് പരിശുദ്ധ കുർബാന ക്രൈസ്തവാരാധനാസംഘത്തിൽ സംജാതമാകുന്നത്. പുരോഹിതനായ എന്നെ മിശിഹായ്ക്കും ദൈവജനത്തിനും ആവശ്യമുണ്ട് എന്ന ഓർമപ്പെടുത്തൽ പ്രചോദകമായ ആത്മധൈര്യമേകുന്നു.

വിശുദ്ധ കുർബാനയാഘോഷത്തിൽ കർമികളാകുന്ന സകലരും വിശുദ്ധീകൃതരാകുന്നു. ഇവിടെയെത്തിയപ്പോൾ, ദൈവദാസൻ ബിഷപ് ഫുൾട്ടൻ ജെ. ഷീൻ *The Priest is not His Own* എന്ന പുസ്തകത്തിൽ ഉന്നയിച്ചുത്തരം നല്കിയിട്ടുള്ള ഒരു ചോദ്യത്തിന്റെ പരാവർത്തനം പ്രസക്തമെന്നു തീർച്ച. വിശുദ്ധ കുർബാനയാഘോഷത്തിൽ പുരോഹിതനും ജനവും താന്താങ്ങളുടെ നിലകളിൽ കേവലം കർമികളായി മാത്രം വർത്തിച്ചാൽ വിശുദ്ധീകൃതരാകുമോ? അനുഷ്ഠാനവിധികളുടെ അനുഷ്ഠാനികൾ മാത്രമായിരുന്നാൽ ഞാനും നിങ്ങളും വിശുദ്ധീകൃതരാകുമോ? തീർച്ചയായും ഇല്ലെന്നു നമ്മുടെ മഹാപുരോഹിതനായ യേശു പഠിപ്പിച്ചിട്ടുള്ളതുദ്ധരിച്ച് ബിഷപ് ഷീൻ സ്ഥിരീകരിക്കുന്നു. യോഹന്നാന്റെ സുവിശേഷം രേഖപ്പെടുത്തിയിട്ടുള്ള യേശുവിന്റെ പൗരോഹിത്യപ്രാർഥനയിൽ അവൻ തന്റെ പിതാവിനോടു പറഞ്ഞു: *അവരെ* (താൻ വചനം കൊടുത്തവരെ, ലോകം ദ്വേഷിക്കുന്നവരെ, ലോകത്തിന്റേതല്ലാത്തവരെ) *അവിടന്നു സത്യത്തിൽ വിശുദ്ധീകരിക്കണമേ. നിന്റെ വചനമാണല്ലോ സത്യം. ... അവരും സത്യത്തിൽ വിശുദ്ധീകൃതരാകേണ്ടതിനു ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.*[12]

*ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു* എന്നതിനർഥം ഞാൻ എന്നെത്തന്നെ നിനക്കു ബലിയായി സമർപ്പിക്കുന്നു എന്നാണ്. സ്വയം ബലിയായി അർപ്പിക്കാതെയുള്ള കുർബാനയർപ്പണം യഥാർഥ ബലിയർപ്പണമാകില്ലെന്നും അർപ്പകരുടെ വിശുദ്ധീകരണത്തിനുതകില്ലെന്നും സഭ നന്നേ മനസ്സിലാക്കിയിട്ടുണ്ട്. അതിനാലാണല്ലോ ഞങ്ങളെത്തന്നെ ബലിവസ്തുക്കളായി അർപ്പിക്കണമെന്നു എന്നെ ഓർപ്പിക്കുന്ന പ്രാർഥന കുർബാനയ്ക്കു നേതൃകർമിയാകുന്ന ഞാൻ ഓരോ കുർബാനയാഘോഷത്തിലും അനാഫുറായ്ക്കു മുമ്പ് കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും ചൊല്ലാൻ മലങ്കര സഭ ക്രമീകരിച്ചുതന്നിട്ടുള്ളത്. വിശുദ്ധ കുർബാനയിലെ വചനശുശ്രൂഷയിൽ സാധാരണ ചൊല്ലാറുള്ള സെദറൊ

[12] യോഹ 17,17-19

യിലും ആവർത്തിക്കുന്നു: ''ഞങ്ങൾതന്നെ നിനക്കു സ്വീകാര്യബലി യായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.'' ഈ പ്രാർഥനാവാ ക്കുകളുടെ അന്തസാരം വിസ്മരിച്ച് അവയെ എന്റെ പാഴ്‌വാക്കുകളാ ക്കിക്കളഞ്ഞതെത്രയെത്ര ബലിദിനങ്ങൾ! ഞാൻ വെറുതെ പറഞ്ഞു വിട്ട വാക്കുകളുടെ നഷ്ടം പരിഹരിക്കാൻ ആ വാക്കുകളുടെ അധികാ രിയായ പൗലോസിന്റെ വാക്കുകളിപ്പോൾ കൂട്ടുകൂടുന്നതിനു നന്ദി.

പിതാവിന് സ്വീകാര്യബലിയായി സ്വയം സമർപ്പിച്ച യേശുക്രിസ്തു വിനോടു ചേർന്ന്, സഭയിൽ, അവനിലൂടെ പിതാവായ ദൈവത്തിനു നമ്മെത്തന്നെ അറിഞ്ഞുകൊണ്ട്, നമ്മുടെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ മനസ്സോടും നമ്മെത്തന്നെ ബലിയായി സമർപ്പി ക്കുന്നതിലൂടെയാണ് നാമെല്ലാം വിശുദ്ധീകൃതരാകുന്നത്. എന്തെന്നാൽ, *അവിടത്തെ ഹിതത്താൽ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ അർപ്പ ണത്തിലൂടെ എന്നേക്കുമായി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.*[13] വിശുദ്ധ പുരോഹിതജനത്തിന്റെ ഈ അർപ്പണശുശ്രൂഷയ്ക്കു നേതൃത്വം നല്കാനുള്ള സ്വയാർപ്പണംകൂടി നടത്താൻ ദൈവം പ്രത്യേകം വിളിച്ചു വിശുദ്ധീകരിക്കുകയും നിയോഗിക്കുകയും ചെയ്ത വിശ്വാസിയാണ് ശുശ്രൂഷാപുരോഹിതൻ. ഈ ഞാൻ. എനിക്കും നിങ്ങൾക്കും വേണ്ടി നിങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ നാം വിശുദ്ധീ കൃതരാകുന്നു. ഇതിൽ എനിക്കു ലഭിക്കുന്ന വിശുദ്ധീകരണാനുഭവം എന്റെ ഭാഗത്തുനിന്ന് അപൂർണമായെങ്കിലും ഞാനൊന്നു സാക്ഷ്യ പ്പെടുത്തിക്കൊള്ളട്ടെ.

എനിക്കും നിങ്ങൾക്കും വേണ്ടി നിങ്ങളോടൊത്ത് വിശുദ്ധ കുർബാ നയർപ്പിക്കാൻ സമർപ്പിതനും നിയുക്തനുമായ ഈ ഞാൻ നിങ്ങളെ പ്പോലെ, തീർച്ചയായും നിങ്ങളിലേറെപ്പേരെക്കാളും, നവമായി വിശു ദ്ധീകൃതനാകേണ്ട അവശ്യാവസ്ഥയിലാണ് പരിശുദ്ധ കുർബാനയെന്ന മഹാദിവ്യരഹസ്യങ്ങൾ പരികർമം ചെയ്യുന്നത്. മറ്റുള്ളവരുടെ വിശുദ്ധീ കരണത്തിനുവേണ്ടി സ്വയം സ്വീകാര്യബലിയായിത്തീർന്ന ക്രിസ്തു വിന്റെ ബലിയുടെ ആഘോഷത്തിൽ സത്യമായി സ്വയമർപ്പിക്കുന്നവരെ ദൈവം വിശുദ്ധീകരിക്കുന്നു. ദൈവത്തിന്റെ ഈ രക്ഷാകരപ്രവൃത്തിയിൽ പങ്കുചേരുന്ന ദൈവജനത്തിനു ശുശ്രൂഷിക്കുകയാണ് പുരോഹിതൻ. വിശു ദ്ധീകരണശുശ്രൂഷയ്ക്കു നേതൃകർമിയാകുന്ന പുരോഹിതനെ ദൈവം അതിൽ സവിശേഷമായി വിശുദ്ധീകരിക്കുന്നു. നവീകരിക്കുകയും രൂപാ

---

[13] എബ്രാ 10,10

ന്തരപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ സംശുദ്ധിയുടെ സ്വയം സാന്നിധ്യത്താലും അധിവാസത്താലും പുരോഹിതനായ ഞാൻ വിശുദ്ധീകരിക്കപ്പെടുന്നു! നമ്മുടെ വിശുദ്ധീകരണമാക്കപ്പെട്ട യേശുമിശിഹായെ വിശുദ്ധീകരണത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവ് വചനത്തിലും അപ്പവീഞ്ഞുകളിലും എന്നിൽ സന്നിഹിതനാക്കി ഈ ശുശ്രൂഷയുടെ നേതൃകർമിയായ എന്നെ സവിശേഷമായി വിശുദ്ധീകരിക്കുന്നു.

ഈ വിശുദ്ധീകരണാനുഭവത്തിലെ 'ഞാൻ' പുരോഹിതജനത്തോടു ബന്ധപ്പെട്ടവനാണെന്ന കാര്യം വീണ്ടും ഏറ്റുപറയട്ടെ. 'ഞാൻ' ഒറ്റപ്പെട്ടവനല്ല. മോപ്സ്വസ്തായിലെ തിയഡോർ പ്രസംഗിച്ചിട്ടുള്ളത് വിശുദ്ധ കുർബാനയ്ക്കു ഞാൻ മാത്രമുള്ളപ്പോഴും ഓർക്കണം:

> ബലിയർപ്പിക്കാൻ പുരോഹിതൻ മാത്രം നില്ക്കുന്നെങ്കിലും നാവ് എന്നവണ്ണം ശരീരത്തിനു മുഴുവനും വേണ്ടിയാണ് അവൻ അതർപ്പിക്കുന്നത്. അർപ്പിതവസ്തുക്കളും അവ ഉൾക്കൊള്ളുന്ന കൃപാവരവും നാമെല്ലാവരുടേതുമാണ്...ഈ അർഥത്തിലാണ് അവൻ തന്റെയും ജനത്തിന്റെയും പാപത്തിനുവേണ്ടി ബലിയർപ്പിക്കുന്നു (ഹെബ്രാ 5,3) എന്ന് മഹാപുരോഹിതനെപ്പറ്റി പറഞ്ഞിരിക്കുന്നത്.[14]

### ഈ രചനയുടെ ഘടന

മേല്പറഞ്ഞതൊക്കെ ഓർത്തുകൊണ്ട് 'ഞാൻ' വിശുദ്ധ കുർബാനയിലെ എന്റെ വിശുദ്ധീകരണാനുഭവം ഒന്നയവിറക്കുകയാണ്. പുരോഹിതനായ ഞാൻ ഇങ്ങനെ ചെയ്യുന്നത് എന്റെ വിശുദ്ധീകരണാനുഭവം വിശുദ്ധ കുർ ബാനയിൽ 'പൂർണമായി' പങ്കെടുക്കുന്ന എല്ലാവരുടേതുമാണ് എന്ന അവബോധത്തോടെത്തന്നെ. വിശുദ്ധീകരണവിചാരത്തിനു പശ്ചാത്തലമായി, പുരോഹിതവിശ്വസ്തതയെക്കുറിച്ച് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ 'പുരോഹിതന്മാർക്കുള്ള കത്തിൽ' (2009 ജൂൺ 16) പരാമർശിച്ചിട്ടുള്ളത് ഓർക്കുന്നു. പുരോഹിതവിശ്വസ്തതയെക്കുറിച്ചുള്ള ഈ ഓർമപുതുക്കൽ ഇവിടെ നടത്തുന്നത് മലങ്കര സഭ ആചരിക്കുന്ന *കൊഹനേ*ഞായറിന്റെ കുർബാനയിലെ വചനശുശ്രൂഷയ്ക്കു നിശ്ചയിച്ചിട്ടുള്ള പുതിയ നിയമഭാഗങ്ങളുടെ വെളിച്ചത്തിലാണ് (ഭാഗം ഒന്ന്). അനന്തരം, വിശുദ്ധീകരണം ദൈവികതയിൽ ഭാഗഭാഗിത്വമാണെന്നു ഗ്രഹിക്കാൻ ശ്രമിക്കുന്നു (ഭാഗം രണ്ട്). അടുത്തതായി, കുർബാനയിലെ വിശുദ്ധീകരണശുശ്രൂഷയ്ക്കു നേതൃത്വമേറുന്ന ഞാൻ

---

[14] *മതാധ്യാപനപ്രസംഗങ്ങൾ*, 15,41; സ്വകാര്യക്കുർബാന എന്നൊന്നില്ല: രണ്ടാം വത്തിക്കാൻ കൗൺസിൽ, *വൈദികർ*, നമ്പർ 13, അടിക്കുറിപ്പ് നമ്പർ 162; *CCC*, No. 1070

(പുരോഹിതൻ) വിശുദ്ധീകരിക്കപ്പെടേണ്ട അവസ്ഥയിലാണെന്ന തിരിച്ചറിവിന്റെ ചില സൂചനകൾ കുറിക്കുന്നു (ഭാഗം മൂന്ന്). തുടർന്ന്, വിശുദ്ധ കുർബാന വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷമാണെന്ന വസ്തുതയെ ധ്യാനിക്കുന്നു (ഭാഗം നാല്). അനന്തരം, ഞാൻ (നമ്മൾ) അർപ്പിക്കുന്ന കുർബാനയുടെ തരം, രീതി, സ്ഥാനം എന്നിവയെക്കുറിച്ച് രണ്ടു പ്രാർഥനകളുടെ ഏതാനും വാക്കുകൾ ആസ്പദമാക്കി ഒരു സ്വയംബോധവത്കരണം (ഭാഗം അഞ്ച്). അടുത്തതായി. വിശുദ്ധ കുർബാനയുടെ വിശുദ്ധീകരണവഴികളിലേക്കിറങ്ങാനുള്ള ഒരുക്കശുശ്രൂഷകൾ ധ്യാനവിഷയമാക്കുന്നു (ഭാഗം ആറ്). അവസാനമായി വിശുദ്ധ കുർബാനയിലെ വിശുദ്ധീകരണശുശ്രൂഷകൾ ധ്യാനവിചിന്തനവിഷയമാക്കുന്നു (ഭാഗം ഏഴ്).

ഏഴാം ഭാഗം സമയമാകുമ്പോൾ രണ്ടാം വാല്യമായി പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നു. അതിൽ വിശുദ്ധകുർബാനയുടെ ഓരോ ഭാഗവും ശുശ്രൂഷയും എന്റെ വിശുദ്ധീകരണസംഭവവും വിശുദ്ധീകരണാനുഭവവുമാകുന്നത് വാക്കുകളിൽ ഭാഗികമായെങ്കിലും ആവിഷ്കരിക്കാൻ എനിക്കാവുംവിധം ശ്രമിക്കാമെന്നാശിക്കുന്നു. അതിനൊരുക്കമായുള്ള ദേവാലയപ്രവേശനവും സ്ലീബാമുദ്രയും യാമനമസ്കാരവും നല്കുന്ന വിശുദ്ധീകരണാനുഭൂതിയുടെ ചില കാഴ്ചകളുടെ സ്കെച്ചുകൾ ഒന്നാം വാല്യത്തിൽന്നെ കോറിയിടുന്നു.

### ഒത്തൊരുമിച്ചൊരു തീർഥയാത്ര

ആരാധനാനുഭൂതിയുടെ പകർച്ച സമൃതിനാശമില്ലാത്ത ആരാധനാസമൂഹങ്ങളും അവയുടെ അനുഭൂതി സ്വന്തമാക്കിയ സമൂഹാംഗങ്ങളും അനന്തരതലമുറകൾക്കു കൈമാറുന്ന അമൂല്യ സമ്പത്താണ്. അവർ ഓർമകൾ കെട്ടുപോകുന്നതിനുമുമ്പ് മറ്റുള്ളവരിലേക്കു പകരുന്നതാണ് ആരാധനയുടെയും ആരാധനാനിർവഹണത്തിന്റെയും എടുപ്പുകളാകുന്നത്. ആരാധനാനുഭൂതിപ്പകർച്ചയിൽ സ്വാഭാവികമായി ദൈവശാസ്ത്രവത്കരണമുണ്ട്. ക്രൈസ്തവ ദൈവശാസ്ത്രവത്കരണം കേവലബുദ്ധിയുടെ അഭ്യാസമല്ല. ആദിമുതലിങ്ങോട്ടു പകരപ്പെട്ടുപോന്നിട്ടുള്ള ആരാധനാനുഭൂതിയുടെ സ്വായത്തമാക്കലും അതുദ്ഭൂതമാക്കുന്ന ദൈവാനുഭൂതിയുടെ ഭൂതവർത്തമാന ഭാവിബദ്ധവും നവവുമായ പങ്കുവയ്ക്കലാണ്. ക്രൈസ്തദൈവശാസ്ത്രവത്കരണം രേഖപ്പെടുത്തപ്പെടുന്നത് ബുദ്ധിയെ ക്രിസ്തുസ്നേ ഹഭരിതമായ ഹൃദയത്തിലേക്ക് ഇറക്കിവച്ച് അതിനെ കഴുകിത്തുടിപ്പിക്കുന്ന അനുതാപയാനന്ദക്കണ്ണീരും ക്രിസ്തുവിന്റെ രക്തവും കൂടിക്കലർന്ന

ചുവന്ന അക്ഷരങ്ങളിലാണ്. അതാണ് അതിന് ആകർഷണീയതയേകുന്നത്. വാസ്തവത്തിൽ ഇവിടെ ദൈവശാസ്ത്രവത്കരണം സാധകനെ തീർച്ചയായും അനവദ്യവും നിർവൃതിദായകവുമായ ആനന്ദത്തിലെത്തിക്കുന്ന വേദനാപൂർണവും വിശുദ്ധീകരണത്തിന്റെ അനുഭവസമ്പന്നരോടൊത്തുള്ളതും വിശുദ്ധീകരിക്കുന്നതുമായ ഒരു തീർഥയാത്രയാണ്. വിശുദ്ധീകരണസഹായിയാകാത്തതു ദൈവശാസ്ത്രപരമല്ലെന്നാണ് ഈ സാധകന്റെ പക്ഷം. ഇവിടെ സഭാജീവിതം കാലഘട്ടത്തിന്റെ ആവശ്യങ്ങളോടു നടത്തുന്ന സംഭാഷണത്തിന്റെ വ്യാഖ്യാനവും പ്രകാശനവുമാകും ദൈവശാസ്ത്രം. ആരാധനാസമൂഹത്തിൽ പകരപ്പെടേണ്ട സ്മൃതിനിഷ്ഠയെ വിസ്മരിച്ച് കാലഘട്ടങ്ങളുടെ ആവശ്യങ്ങളുടെ വ്യാജനോമത്തിൽ നടത്തപ്പെടുന്ന പരിഷ്കരണങ്ങളിൽ ആരാധനക്രമത്തിന്റെ ആത്മാവും ആന്തരിക സൗന്ദര്യവും വേണ്ടത്ര പരിഗണിക്കപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ, ക്രൈസ്തവാരാധന അടിസ്ഥാനപരമായി അനന്യമായ ഒരു ദിവ്യാനുസ്മരണയുടെ, ഒരു ദിവ്യരക്ഷകന്റെ സാന്നിധ്യത്തിന്റെ, വിശുദ്ധീകരണശക്തമായ ആഘോഷമാണ്; വിശുദ്ധീകരണം സംഭവിക്കാത്തിടത്തും സംഭവിക്കാത്തവർക്കും ആരാധനാഘോഷമില്ല.

ഇനി വരുന്ന താളുകൾ ആസ്വാദ്യമാകാൻ സഹായകങ്ങളായ, അല്ല, അവശ്യമായ മൂന്നു ധാരണകൾ വ്യക്തമാക്കിക്കൊള്ളട്ടെ. ഒന്നാമത്, നമ്മുടെ ഭാഗത്തുനിന്നു പറയുമ്പോൾ വിശ്വാസം എന്തെന്ന്. വിശുദ്ധനായ പൗലോസിന്റെ കൂട്ടുപിടിച്ച് നമുക്കതിങ്ങനെ മനസ്സിലാക്കാം. വിശ്വാസം, വെളിപ്പെടുത്തപ്പെടുന്ന ദൈവിക രഹസ്യങ്ങളോട് ഒരാൾ ഒരു മനുഷ്യവ്യക്തി എന്ന നിലയ്ക്ക് അനുസരണത്താൽ പ്രേരിതയായി/നായി നടത്തുന്ന സമർപ്പണമാണ്.[15] ഈ സമർപ്പണം ഫലവത്താകുന്നത് പരിശുദ്ധാത്മാവിന്റെ ദാനമായി വിശ്വാസം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോളാണ്. വിശ്വാസം പരിശുദ്ധാത്മാവിന്റെ ദാനമാണ്.

രണ്ടാമത്, പദവ്യാഖ്യാനത്തെപ്പറ്റി: ദൈവശാസ്ത്രവത്കരണത്തിൽ പദവ്യാഖ്യാനം അനുപേക്ഷണീയമാണ്. അത് അവലംബിക്കുന്നത് പദത്തിൽ അന്തർഭവിച്ചിട്ടുള്ള ദൈവിക കാര്യങ്ങൾ ഗ്രഹിക്കാനുള്ള സുനിശ്ചിതമായ വഴി എന്ന നിലയ്ക്കാണ്.

മൂന്നാമത്, നമ്മുടെ ഭാഗത്തുനിന്ന് വിശുദ്ധീകരണം എന്തെന്ന്. വിശുദ്ധി അശുദ്ധിയുടെ മേഖലയിൽനിന്നുള്ള അതീതത്വവും വേർതി

[15] റോമ 1,5;16,26

രിവും ആണല്ലോ. ചെറിയൊരു ഉദാഹരണംകൊണ്ടു വ്യക്തമാക്കാം. ഞങ്ങൾ മൂന്നു കൂട്ടുകാർ വേറൊരാളിന്റെ കുറ്റവും കുറവുംപറഞ്ഞ് ആർത്തുചിരിച്ചു നില്ക്കുന്നിടത്തേക്കു ഞങ്ങളുടെ ഒരു സുഹൃത്തു വന്നു. അയാൾ ഞങ്ങളുടെ കൂടെത്തന്നെ നിന്നു. പക്ഷേ, കുറ്റവും കുറവും പറച്ചിലിൽ അയാൾ ഞങ്ങളോടു പങ്കുചേർന്നില്ല. അയാൾ അപ്പോൾ ഞങ്ങളോടൊത്തായിരുന്നെങ്കിലും, ഞങ്ങൾക്ക് അതീതനായും ഞങ്ങളിൽനിന്നു വേർതിരിഞ്ഞും വ്യത്യസ്തനായും അകലത്തും നിന്നു. അയാൾ അക്കാര്യത്തിൽ വിശുദ്ധിയുടെ മേഖലയിലായിരുന്നു. അയാൾ, ഞങ്ങളുടെ കുറ്റംപറച്ചിലിനു വിഷയമായിരുന്ന ആളിനുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും ആത്മാവിൽ പ്രാർഥിച്ചുകൊണ്ടിരിക്കുകയായിരുന്നെങ്കിൽ അയാൾ തീർച്ചയായും വിശുദ്ധിയിലും വിശുദ്ധീകരണവഴിയിലും ഉദ്ഗമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദൈവാരാധനാവേദിയിലേക്കും ദൈവാരാധനാസമൂഹത്തിലേക്കുമുള്ള നമ്മുടെ പ്രവേശനം തന്നെ വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും മേഖലയിലേക്ക് നമ്മുടെ ഭാഗത്തുനിന്നുള്ള പ്രവേശനമാണ്. എന്നാൽ, നമുക്കു വിശുദ്ധി നല്കുന്നവൻ ദൈവമാണ്. വിശുദ്ധി ദൈവത്തിന്റെ കൃപാദാനമാണ്. അവിടുത്തേക്കു മാത്രമേ നമ്മെ വിശുദ്ധീകരിക്കാൻ കഴിയൂ. യേശുവിന്റെ ചെറുപുഷ്പം സ്വയം സങ്കല്പിച്ചിട്ടുള്ളതുപോലെ, ചിറകുമുറ്റാത്ത കുഞ്ഞുപക്ഷികളായ നമുക്കു വായ്തുറന്നിരിക്കാം.

ഭാഗം

# I

# പുരോഹിത വിശ്വസ്തതയെക്കുറിച്ച്
# ഒരു വീണ്ടുവിചാരം

അധ്യായം

# 1

# വിശ്വസ്തതയും വിശുദ്ധീകരണാനുഭൂതിയും

## പുരോഹിതവിശ്വസ്തതയെക്കുറിച്ചു പാപ്പാ ബനഡിക്ട് XVI

പരിശുദ്ധ ബന്ഡിക്ട് പതിനാറാമൻ പാപ്പാ പുരോഹിതന്മാർക്കെഴുതിയ കത്തിന്റെ ഒന്നാം ഖണ്ഡിക അവസാനിപ്പിക്കുന്നത്, തങ്ങളെ *പേരു ചൊല്ലി വിളിക്കുകയും തിരഞ്ഞെടുക്കുകയും അയയ്ക്കുകയും ചെയ്ത* ക്രിസ്തുവിനോട് *അവന്റെ സ്നേഹിതന്മാർ* എന്ന നിലയ്ക്ക് തങ്ങളുടെ വിളിയോടു പ്രയാസങ്ങളുടെയും മനസ്സിലാകായ്മയുടെയും നടുവിലും *വിശ്വസ്തരായിരിക്കുന്ന* അനേകം പുരോഹിതന്മാരെ ഓർത്തുകൊണ്ടാണ്. അതു വായിച്ചപ്പോൾ, പുരോഹിതനായ എനിക്കു പ്രത്യേകമൊരവസരം ലഭിച്ചു - ക്രിസ്തുവും സഭയും മാർപാപ്പായും എന്റെ മാതാപിതാസഹോദരങ്ങളും സ്നേഹിതരും ദേശക്കാരും ഞാനും ആഗ്രഹിക്കുകയും സങ്കല്പിക്കുകയും ചെയ്യുന്നത്ര *വിശ്വസ്തനായിരിക്കാനും*, എന്നെ *പേരു ചൊല്ലി വിളിക്കുകയും തിരഞ്ഞെടുക്കുകയും അയയ്ക്കുകയും ചെയ്ത* ക്രിസ്തുവിനോട് *അവന്റെ സ്നേഹിതൻ* എന്ന നിലയ്ക്ക് വിശ്വസ്തനായിരിക്കാനും സാധിച്ചിട്ടില്ലെന്നു സവിനയം സമ്മതിക്കാനും പരിതപിക്കാനും സകലരോടും മാപ്പിരക്കാനുമുള്ള അവസരം. ഒപ്പം, പുരോഹിതനായ എന്നിൽനിന്ന് ആവശ്യപ്പെടുന്ന *വിശ്വസ്തത*യെക്കുറിച്ചു കൂടുതൽ സൂക്ഷ്മമായ വീക്ഷണവും ശ്രദ്ധയും അന്വേഷിക്കാനുള്ള അവസരവും.

വിശ്വസ്തതയുടെ സവിശേഷത പരിശുദ്ധ പാപ്പാ സ്പഷ്ടമാക്കുന്നു: എന്നെ "പേരു ചൊല്ലി വിളിക്കുകയും തിരഞ്ഞെടുക്കുകയും അയയ്ക്കുകയും ചെയ്ത ക്രിസ്തുവിനോട് അവന്റെ സ്നേഹിതൻ എന്ന നിലയ്ക്കുള്ള വിശ്വസ്തത"യാണ്. ഈ വിശ്വസ്തതയാകട്ടെ, ഇന്നത്തെ ലോകത്തിൽ "കൂടുതൽ ശക്തവും സൂക്ഷ്മതനവുമായ സുവിശേഷ സാക്ഷ്യം" നല്കാൻ പുരോഹിതനായ ഞാൻ എന്റെ "ആന്തരീക നവീകരണത്തിനുള്ള സമർപ്പണം കൂടുതൽ ആഴപ്പെടുത്താനുള്ള" പ്രഥമ പടിയായാണ് പരിശുദ്ധ പാപ്പാ ചൂണ്ടിക്കാട്ടുന്നത്.

എന്റെ സ്നേഹിതനായ യേശുവേ, നിന്നോടു പരിപൂർണ വിശ്വസ്തനായിരിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. എന്തുകൊണ്ട്? സാധാരണ മറുപടികളും കേട്ടുമടുത്ത പ്രതിവിധിനിർദേശങ്ങളും എന്റെ ഒഴികഴിവുകളും പ്രശ്നത്തിനു പരിഹാരമല്ലെന്ന് എനിക്കുറപ്പാണ്. എന്നെ പേരു ചൊല്ലി വിളിക്കുകയും തിരഞ്ഞെടുക്കുകയും അയയ്ക്കുകയും ചെയ്ത നിന്നോട് നിന്റെ സ്നേഹിതൻ എന്ന നിലയ്ക്കു വിശ്വസ്തനായിരിക്കാൻ എനിക്കു ശക്തിയില്ല. കാരണം, പാപത്തെ കീഴടക്കാൻ എനിക്കു ശക്തിയില്ല എന്നതുതന്നെ. എന്നെ രക്ഷിക്കാൻ എനിക്കു കഴിവില്ല. യേശുവേ, എന്റെ അവിശ്വസ്തതയിലും എന്നോടുള്ള നിന്റെ വിശ്വസ്തതയും കാരുണ്യവും കൃപയും മാത്രമേ എനിക്ക് ആശ്രയമായുള്ളു. ഞാൻ നിന്നോടും നീ ഏല്പിച്ച പൗരോഹിത്യത്തോടും വിശ്വസ്തനായിരിക്കണമെങ്കിൽ ഞാൻ "ആന്തരിക നവീകരണത്തിനുള്ള സമർപ്പണം കൂടുതൽ ആഴപ്പെടുത്തണം" എന്നു പരിശുദ്ധ പിതാവ് ഉപദേശിക്കുന്നു. ഈ ഉപദേശത്തെ, ഞാൻ ആന്തരികമായി വിശുദ്ധീകരിക്കപ്പെടണം എന്നു ഞാൻ വായിച്ചു കൊള്ളട്ടെ. ഏറ്റവും ആഴമായ ആന്തരീക നവീകരണത്തിനുള്ള സമർപ്പണം - വേർതിരിക്കൽ - വിശുദ്ധീകരിക്കപ്പെടൽ, നവമായ വിശുദ്ധീകരണംതന്നല്ലോ. എന്തെന്നാൽ, നവീകരണം നിന്നോടുള്ള താദാത്മ്യപ്പെടൽതന്നല്ലോ. എന്റെ വിശുദ്ധീകരണമെന്നത് മനുഷ്യവർഗത്തിന്റെ വിശുദ്ധീകരണമായ നിന്നോടു നീ എന്നെ താദാത്മ്യപ്പെടുത്തുന്നതല്ലോ.

വിശ്വസ്തതയെക്കുറിച്ചുള്ള വിചാരവും ശ്രദ്ധയും എന്റെ - പുരോഹിതന്റെ (പുരോഹിതജനത്തിന്റെയും) - വിശുദ്ധീകരണാനുഭൂതിയുടെമേലും വിശുദ്ധീകരണത്തെക്കുറിച്ചുള്ള വിചാരത്തിന്മേലും അടിസ്ഥാനപ്പെട്ടതാണെന്നു കാണാനാകുന്നു. പുരോഹിതനായ എനിക്കു വിശു

ദ്ധീകരണാനുഭൂതി ലഭ്യമായിക്കഴിഞ്ഞാൽ വിശ്വസ്തത അനർഗള വൈദ്യുതമായി പ്രവർത്തിച്ചുകൊള്ളുമല്ലോ. പുരോഹിതനായ ഞാൻ ഓരോ ദിവസവും വിശുദ്ധീകരണത്തിനു നവമായി സ്വയം സമർപ്പിക്കുകയും വിശുദ്ധീകൃതനാകുകയും ചെയ്യുന്ന അത്യുന്നതമായ ദൈവികപ്രവർത്തനമാണല്ലോ ഞാൻ ശുശ്രൂഷിക്കുന്ന വിശുദ്ധ കുർബാന. എന്തെന്നാൽ, *അവിടുത്തെ* (ദൈവത്തിന്റെ) *ഹിതമനുസരിച്ച് യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരിക്കലായുള്ള അർപ്പണം* (*കുർബാനൊ:* ബലി) *വഴി ഞങ്ങൾ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.*[1] *അതുവഴി വിശു ദ്ധീകരിക്കപ്പെട്ടവരെ അവൻ ഏക അർപ്പണത്താൽ* (ബലിയാൽ) *എന്നേക്കുമായി പരിപൂർണരാക്കിയിരിക്കുന്നു.*[2] വിശുദ്ധ കുർബാനയിൽ യേശുക്രിസ്തുവിന്റെ ഏകബലിസമർപ്പണത്താലുള്ള എന്റെ വിശുദ്ധീകരണാനുഭൂതിയെക്കുറിച്ചുള്ള പങ്കുവയ്ക്കൽ വിശ്വസ്തതയെക്കുറിച്ചുള്ള ഹ്രസ്വവിചിന്തനംകൊണ്ട് ആരംഭിക്കട്ടെ.

[1]എബ്രാ. 10,10 സുറിയാനി [2]എബ്രാ 10,14 സുറിയാനി

അധ്യായം

# 2

# പുരോഹിതവിശ്വസ്തതയെ കുറിച്ചൊരു വചനവിചാരം

പുരോഹിതന്റെ വിശ്വസ്തതയ്ക്ക് പരസ്പരം പ്രകാശിപ്പിക്കുകയും പ്രശോഭിപ്പിക്കുകയും ചെയ്യുന്ന വശങ്ങളുണ്ട്. അവയിൽ ചിലതിലേക്ക് എത്തിനോക്കാനുള്ള അവസരം മലങ്കര സുറിയാനി സഭ (പരേതരായ സകല പട്ടക്കാരെയും പൊതുവായി വർഷംതോറും ഓർക്കുന്ന) ഓരോ *കൊഹ്നേഞ്ഞായറി*ലും പതിവു തെറ്റാതെ എനിക്കു നല്കുന്നുണ്ട്. വിശേഷിച്ച്, അന്നത്തെ കുർബാനയിലെ വചനശുശ്രൂഷയിൽ. അതിലെ പുതിയ നിയമപാഠങ്ങളെ പിൻപറ്റി പുരോഹിതന്റെ വിശ്വസ്തതയെപ്പറ്റിയുള്ള വചനങ്ങൾ എനിക്കുവേണ്ടി ശ്രവിച്ച പല സന്ദർഭങ്ങളിൽ ലഭിച്ച സന്ദേശങ്ങളിൽ ചിലത് സമ്മേളിപ്പിച്ചതിന്റെ സംക്ഷിപ്ത രൂപമാണ് ഇവിടെ പകർത്തുന്നത്. മറിയം ഹൃദയത്തിൽ സംഗ്രഹിച്ചതുപോലെ സംഗ്രഹിക്കാൻ എനിക്കിനിയും ആയിട്ടില്ലെന്നു സമ്മതിച്ചുകൊണ്ടുതന്നെ ഞാനിതു ചെയ്തുകൊള്ളട്ടെ! ഭാഗ്യവശാൽ ഈ വിചാരണയും വിചാരിപ്പും ഏറിയകൂറും സംഭവിച്ചത് എന്റെയും ഇടവക മുഴുവന്റെയും വിശുദ്ധീകരണത്തിനുള്ള വിശുദ്ധ കുർബാനയ്ക്കുള്ള ഒരുക്കത്തിന്റെ ഭാഗമായാണ്.

## പൗലോസിന്റെ വിശ്വസ്തത

**അപ്പ 20,25-38**: ഒന്നാം വായന (അപ്പ 20,25 -38) ശ്രേഷ്ഠമായൊരു പുരോഹിതചിത്രം നല്കുന്നു: വിശുദ്ധ പൗലോസ് റോമിലേക്കുള്ള യാത്രയ്ക്കിടെ മിലേത്തോസിൽ എത്തിയപ്പോൾ അവിടേക്ക് എഫേസോസിലെ സഭയിലെ കശീശന്മാരെ ആളയച്ചു വരുത്തി അവരോടു പ

റയുന്ന വിടവാങ്ങൽപ്രഭാഷണത്തിന്റെ ഒരു ഭാഗം മാത്രമാണ് അപ്പ. 20,25-38. ആദ്യഭാഗത്ത് (വാക്യ. 18-27ൽ) താൻ എഫേസോസിൽ കശീശന്മാർക്കു മാതൃകയായിരിക്കവിധം ക്രിസ്തുസാക്ഷ്യപ്രവർത്തനം നടത്തിയതിന്റെ വ്യക്തവും ശക്തവും ഉത്തേജനജനകവുമായ ഒരു രൂപം പൗലോസ് നല്കുന്നു. "കൂടുതൽ ശക്തവും സൂക്ഷ്മതനവുമായ സുവിശേഷസാക്ഷ്യം" നല്കാൻ പുരോഹിതനെ ശക്തീകരിക്കുന്ന ഒരു സാക്ഷിരൂപത്തിന്റെ ശ്രേഷ്ഠഭാവങ്ങളുടെ സമ്മേളനം അപ്പ. 20,17-38ൽ കാണാം. ഈ ഭാഗം മനസ്സിൽ വച്ചുകൊണ്ടാണോ 2009 ജൂൺ 16ന് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ പാപ്പാ പുരോഹിതന്മാർക്കു വത്തിക്കാനിൽനിന്നു പുറപ്പെടുവിച്ച കത്തിന്റെ ഒന്നാം ഖണ്ഡിക എഴുതിയതെന്നു തോന്നിപ്പോകുന്നു. സുവിശേഷസാക്ഷ്യം നിർവഹിക്കുന്നവരെ ഏറെ എതിർപ്പുകൾ എതിരേല്ക്കുന്ന ഇക്കാലത്ത് പുരോഹിതന്റെ "കൂടുതൽ ശക്തവും സൂക്ഷ്മതനവുമായ സുവിശേഷസാക്ഷ്യം" സാധ്യമാകാൻ അനുപേക്ഷണീയമായ വിശ്വസ്തതയുടെയും, സുവിശേഷസാക്ഷ്യത്തിന്റെയും പുരോഹിതന്റെയും സഭയുടെതന്നെയും സുന്ദരരൂപങ്ങളുടെ ധന്യഭാവങ്ങൾ പൗലോസിന്റെ ഈ വിടവാങ്ങൽപ്രഭാഷണത്തിൽ സ്ഫുടമായുണ്ട്. അതിനാൽ, വിശദീകരണങ്ങളിലേക്കു പോകാതെതന്നെ അപ്പ 20,17-38പ്ശീത്താ ഇവിടെ ഉദ്ധരിക്കുക മാത്രം ചെയ്യുന്നു.[1]

*[17]മിലേത്തോസിൽനിന്ന് അവൻ ആളയച്ച് എഫേസോസിലെ സഭയിലെ കശീശന്മാരെ വരുത്തി. [18]അവർ അവന്റെ പക്കൽ വന്നപ്പോൾ അവൻ അവരോടു പറഞ്ഞു: ഞാൻ ആസിയായിൽ പ്രവേശിച്ച ആദ്യ ദിവസം മുതൽ എല്ലാ സമയവും നിങ്ങളോടുകൂടെ ആയിരുന്നെന്നു നിങ്ങൾക്കറിയാമല്ലോ.[19]വളരെയേറെ വിനയത്തോടും കണ്ണുനീരോടും യഹൂദരുടെ ഗൂഢാലോചനകളാൽ എനിക്കുണ്ടായ പരീക്ഷണങ്ങളോടുംകൂടെ ഞാൻ കർത്താവിനെ സേവിച്ചുകൊണ്ടിരുന്നു. [20]നിങ്ങളുടെ ആത്മാക്കൾക്കു പ്രയോജനപ്പെടുന്നതൊന്നും ഉപേക്ഷിച്ചുകളയാതെ, തെരുവുകളിലും ഭവനങ്ങളിലുംവച്ച് ഞാൻ നിങ്ങളെ പഠിപ്പിച്ചു. [21]ദൈവത്തിലേക്കുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശുവിലുള്ള വിശ്വാസവും യഹൂദർക്കും ഗ്രീക്കുകാർക്കും ഞാൻ സാക്ഷ്യപ്പെടുത്തി. [22]ഇതാ, ഇപ്പോൾ പരിശുദ്ധാത്മാവാൽ ബന്ധിതനായി ഞാൻ ഊർശ്ലേമിലേക്കു പോകുന്നു. അവിടെ എനിക്ക് എന്ത് അഭിമുഖീകരിക്കണമെന്ന് എനിക്ക് അറിഞ്ഞുകൂടാ. [23]ബന്ധനങ്ങളും പീഡനങ്ങളും നിനക്കു*

[1]ആരാധനയ്ക്ക് മലങ്കര സുറിയാനിസഭകൾ ഉപയോഗിക്കുന്നത് സുറിയാനിബൈബിളാണല്ലോ; ഈ ഗ്രന്ഥകർത്താവിന്റെ വിവർത്തനം നാലു ഖണ്ഡികകളിൽ ക്രമീകരിക്കുന്നു. ഇന്നത്തെ പഴയനിയമ വായനകളുടേത് വിസ്താരഭയത്താൽ ചേർത്തിട്ടില്ല.

*വരാനിരിക്കുന്നുവെന്ന് പരിശുദ്ധാത്മാവ് ഓരോ നഗരത്തിലും എന്നോടു സാക്ഷ്യപ്പെടുത്തി പറയുന്നുണ്ട്. [24]എന്നാൽ, എന്റെ ജീവൻ തെല്ലും വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടവും നമ്മുടെ കർത്താവായ യേശുവിൽനിന്നു ഞാൻ സ്വീകരിച്ച ശുശ്രൂഷയും തികയ്ക്കണമെന്നേ എനിക്കുള്ളൂ. അതായത്, ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തെക്കുറിച്ചു ഞാൻ സാക്ഷ്യപ്പെടുത്തണം.*

*[25]നിങ്ങളെല്ലാവരുടെയുമിടയിൽ ചുറ്റിസഞ്ചരിച്ച് നിങ്ങളോടു ദൈവരാജ്യം പ്രഘോഷിച്ച ഞാൻ ഇപ്പോൾ അറിയുന്നു, നിങ്ങൾ ഇനിയും എന്റെ മുഖം കാണുകയില്ല. [26]തന്മൂലം നിങ്ങളെല്ലാവരുടെയും രക്തത്തിൽനിന്ന് ഞാൻ കുറ്റമറ്റവനായിരിക്കുമെന്ന് ഈ ദിവസം ഞാൻ സാക്ഷ്യപ്പെടുത്തുന്നു. [27]എന്തെന്നാൽ, ദൈവത്തിന്റെ ഹിതം മുഴുവൻ നിങ്ങളെ അറിയിക്കുന്നതിൽനിന്ന് ഞാൻ ഒഴിഞ്ഞുമാറിയിട്ടില്ല.*

*[28]ആകയാൽ, നിങ്ങളെയും, അവൻ തന്റെ രക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ സഭയെ മേയിക്കാൻ എപിസ്കോപ്പാമാരായി പരിശുദ്ധാത്മാവ് നിങ്ങളെ നിയോഗിച്ചിരിക്കുന്ന ഓരോ അജഗണം (ഇടവക) മുഴുവനെയുംപറ്റി നിങ്ങൾ ശ്രദ്ധാലുക്കളായിരിക്കുവിൻ. [29]ഞാൻ പോയിക്കഴിയുമ്പോൾ അജഗണത്തോടു ദയയില്ലാത്ത ക്രൂരരായ ചെന്നായ്ക്കൾ നിങ്ങളുടെയിടയിൽ കടക്കുമെന്നു ഞാനറിയുന്നു. [30]തങ്ങളുടെ പിന്നാലെ ചെല്ലാൻ ശിഷ്യരെ തിരിപ്പിക്കുന്ന വക്രതകൾ സംസാരിക്കുന്നവർ നിങ്ങളുടെയിടയിൽനിന്നുതന്നെ ഉയരുമെന്നും ഞാനറിയുന്നു. [31]അതിനാൽ, നിങ്ങൾ ജാഗ്രതയും ഓർമയുമുള്ളവരായിരിക്കുവിൻ. മൂന്നു വർഷം രാപകൽ കണ്ണീരോടെ നിങ്ങളോരോരുത്തരോടും ഉപദേശിക്കുന്നതിൽനിന്നു ഞാൻ വിരമിച്ചിട്ടില്ല. [32]ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ പടുത്തുയർത്താനും സകല വിശുദ്ധരോടുമൊപ്പം നിങ്ങൾക്ക് അവകാശം തരാനും കഴിയുന്ന അവിടുത്തെ കൃപയുടെ വചനത്തിനും ഭരമേല്പിക്കുന്നു. [33]വെള്ളിയോ സ്വർണമോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല. [34]എന്റെയും എന്റെ കൂടെയുള്ളവരുടെയും ആവശ്യത്തിന് എന്റെ ഈ കൈകൾ അദ്ധ്വാനിച്ചുവെന്ന് നിങ്ങൾക്കറിയാമല്ലോ. [35]എല്ലാം ഞാൻ നിങ്ങൾക്കു കാണിച്ചുതന്നിരിക്കുന്നു: ഇങ്ങനെ അധ്വാനിക്കുകയും, രോഗികളായിരിക്കുന്നവർക്കുവേണ്ടി പരിശ്രമിക്കുകയും സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ഭാഗ്യതരം എന്നുപറഞ്ഞ കർത്താവായ യേശുവിന്റെ വചനങ്ങൾ അനുസ്മരിപ്പിക്കുകയും ചെയ്യാൻ യോഗ്യങ്ങൾതന്നെ.*

*[36]ഇവ പറഞ്ഞശേഷം അവൻ മുട്ടുകുത്തി പ്രാർഥിച്ചു. അവനോടു കൂടെ അവരെല്ലാവരും അപ്രകാരം ചെയ്തു. [37]എല്ലാവരും വലുതായി കരഞ്ഞു. അവർ അവന്റെ കഴുത്തിൽ ആശ്ലേഷിച്ചു ചുംബിച്ചു. [38]ഇനി മേൽ അവർ അവന്റെ മുഖം ദർശിക്കയില്ല എന്നു പറഞ്ഞ വചനത്തെ ക്കുറിച്ചാണ് അവർ അത്യധികം വേദനിച്ചത്. അനന്തരം കപ്പലിലേക്ക് അവർ അവനെ അനുയാത്ര ചെയ്തു.*

## ക്രിസ്തുവിന്റെ വിശ്വസ്തത

**എബ്രാ 13,7-15:** അപ്പ 20,(17)25-38 നല്കുന്ന പുരോഹിതചിത്ര ത്തിനു ശോഭയേറ്റുന്നതാണ് കൊഹനേഞ്ഞായറിന്റെ വിശുദ്ധ കുർബാ നയിലെ രണ്ടാം വായന (എബ്രായർക്കുള്ള ലേഖനം 1,7-15) നല്കുന്ന പുരോഹിതചിത്രം. 'എബ്രായർ' എന്ന വാക്കിന്റെ അർഥം 'കടന്നുപോ കുന്നവർ' എന്നാണല്ലോ. അതായത്, ഈ ലോകത്തിൽ 'പരദേശിമോ ക്ഷയാത്ര' നടത്തിക്കൊണ്ടിരിക്കുന്നവർക്കുള്ളതാണ് എബ്രായലേഖ നം. അതിൽ, മഹാശ്രേഷ്ഠപുരോഹിതനായ ക്രിസ്തുവിന്റെ രൂപം വിതറുന്ന പ്രകാശത്താൽ പ്രത്യേകിച്ചു[2] പ്രശോഭിതമാണ് എബ്രാ 13,7 -15ലെ പുരോഹിതചിത്രം. വാക്യം 7ൽത്തന്നെ ലേഖകൻ പുരോ ഹിതനെക്കുറിച്ചു രണ്ടു കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഒന്ന്, പുരോഹിതൻ ഈ ലോകത്തിലൂടെ കടന്നുപോകുന്ന വിശ്വാ സികളോട്, തന്റെ അജഗണത്തോട് (ഇടവകയോട്), ദൈവത്തിന്റെ വ ചനം സംസാരിക്കുന്ന നേതാവ് - *മ്ദബറോനൊ* - ആണ്. ഈ സുറി യാനിപദത്തിന് നേതാവ്, ഭരണകർത്താവ്, ന്യായാധിപൻ, ഗവർണർ, ഉപസ്ഥാനപതി (ഉപാധ്യക്ഷൻ) എന്നെല്ലാം അർഥമുണ്ട്.[3] ഇപ്പറഞ്ഞ നിലകളിലെല്ലാം പുരോഹിതൻ ദൈവവചനം സംസാരിക്കുന്നു - സംസാരിക്കണം. രണ്ട്, പുരോഹിതൻ തന്റെ അജഗണത്തിന് അനുക രണീയമായ വിശ്വാസജീവിതം നയിക്കുന്നവനായിരിക്കണം.

ഇപ്പറഞ്ഞ രണ്ടു ചുമതലകളും നിർവഹിക്കുന്നതിൽ ഞാൻ പുലർ ത്തേണ്ട ഉത്തരവാദിത്വബോധത്തിന്റെ ഗുരുത്വം എന്നെ ഓർപ്പിക്കുന്നുണ്ട് ഹെബ്രാ 13,17: എന്റെ അജഗണത്തിനുവേണ്ടി കണക്കു ബോധിപ്പിക്കാൻ കടപ്പെട്ടവനെന്ന നിലയിൽ അവരുടെ ആത്മാക്കൾക്കുവേണ്ടി ജാഗരി

[2]ഉദാ: എബ്രാ. 2,17-3,6;5,1-11; 9,23-24;10,1-18

[3]Payne Smith, *A Compendious Syriac Dictionary*, Oxford, 1990[repr], 252.

ക്കുന്ന - ഉറങ്ങുമ്പോഴും ഉണർന്നിരിക്കുന്ന - *മ്ദബറോനൊ* ആയിരിക്കുക. ഞാൻ എനിക്കേല്പിക്കപ്പെട്ടിട്ടുള്ള അജഗണത്തിന്റെ മുഴുവന്റെയും അതിലെ ഓരോരുത്തരുടെയും ആത്മാക്കളുടെ ജാഗ്രതയുള്ള കാവല് ക്കാരനായിരിക്കണം. *ഞാൻ അവന്റെ കാവല്ക്കാരനോ* എന്ന് ചോദിക്കാൻ എനിക്കു പഴുതില്ല.

(1) പുരോഹിതൻ ദൈവത്തിന്റെ വചനം സംസാരിക്കണം. അയാൾ സംസാരിക്കേണ്ട ദൈവവചനം എബ്രായലേഖനം ആരംഭത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്: *ദൈവം ആദിമുതലേ പ്രവാചകന്മാരിലൂടെ വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി നമ്മോടു സംസാരിച്ചിരിക്കുന്നു.*[4] ലോകത്തോടുള്ള, പ്രപഞ്ചം മുഴുവനോടുമുള്ള, ദൈവത്തിന്റെ സംസാരം അവിടന്നു തന്റെ പുത്രൻവഴി പൂർത്തീകരിക്കുകയും പൂർണമാക്കുകയും ചെയ്തിരിക്കുന്നു. ഈ പുത്രനാണ് ഞാൻ സംസാരിക്കേണ്ട ദൈവവചനം - ദൈവത്തിന്റെ സുവിശേഷം. അവനോടു ബന്ധപ്പെടുത്തിയാണ് ആദിമുതൽ ദൈവം പലരിലൂടെ പലരീതിയിൽ സംസാരിച്ചുകൊണ്ടിരുന്നതെല്ലാം ഇനി ഞാൻ സംസാരിക്കേണ്ടത്.

*അവനെ സകലത്തിന്റെയും അവകാശിയായി അവരോധിക്കുകയും അവൻ മുഖേന പ്രപഞ്ചം സൃഷ്ടിക്കുകയും ചെയ്തു. അവൻ അവിടുത്തെ മഹത്ത്വത്തിന്റെ തേജസ്സും സത്തയുടെ കിരണവുമാണ്. അവൻ തന്റെ വചനത്തിന്റെ ശക്തിയാൽ സകലതിനെയും അടക്കിവാഴുന്നു. തന്റെ ആളത്വത്താൽ (ദബ്ക്നൂമേ) നമ്മുടെ പാപങ്ങൾക്കു ശുദ്ധീകരണം ഉണ്ടാക്കി. മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു. അവൻ അവകാശമാക്കിയ നാമം ദൂതന്മാരുടേതിനെക്കാൾ ശ്രേഷ്ഠമാണ്. അതുപോലെ, അവൻ അവരെക്കാൾ മഹനീയനാണ്.*[5] ഈ സത്യങ്ങൾകൂടി ഉൾപ്പെട്ടതാണ് ഈ അവസാന നാളുകളിൽ ദൈവം സംസാരിച്ചിട്ടുള്ള അവിടത്തെ സംസാരം - ഈ അവസാന നാളുകളിലെ ദൈവവചനം. അതിനാൽ, ഇവയെല്ലാം ഉൾപ്പെട്ടതായിരിക്കണം പുരോഹിതനായ ഞാൻ *മ്ദബ്റോനൊ* എന്ന നിലയിൽ എന്റെ അജഗണത്തോടു സംസാരിക്കുന്ന ദൈവവചനം. അതേ, തന്റെ അജഗണത്തോടുള്ള പുരോഹിതന്റെ *ദൈവവചന*സംസാരം യേശുമിശിഹായെ അവന്റെ ദൈവിക,മാനുഷിക പൂർണതയോടെ പ്രഘോഷിക്കുകയത്രേ. സുവി

[4] *1*,1-2[a] സുറിയാനി

[5] എബ്രാ 1,2[b]-4 സുറിയാനി

ശേഷവത്കരണംതന്നെ. ലോകത്തിനുള്ള *ദൈവത്തിന്റെ സുവിശേഷ*മായ യേശുമിശിഹായെ പ്രഘോഷിക്കുക.

*ഈ അവസാന നാളുകളിലെ ദൈവവചന*ത്തിന്റെ നിത്യനവങ്ങളായ ശുശ്രൂഷിരൂപങ്ങളിലൊന്നാണല്ലോ എബ്രായലേഖനത്തിലെ മിശിഹായുടെ പുരോഹിതരൂപവും പൗരോഹിത്യശുശ്രൂഷയും. (1,2-4ൽ ലേഖനകർത്താവ് ഉൾപ്പെടുത്തിയിട്ടുള്ളവയുടെ വിപുലീകരണവും തദനുസൃതങ്ങളായ പ്രായോഗികോപദേശങ്ങളുമാണ് ലേഖനത്തിൽ തുടർന്നുള്ളത്). ഈ അവസാന നാളുകളിലെ ദൈവത്തിന്റെ സംസാരമായ മിശിഹായെ അവനിൽ ഏകീഭവിച്ചിട്ടുള്ള ശുശ്രൂഷിഭാവങ്ങളെല്ലാം ആവിഷ്കരിക്കത്തക്കവിധം ഞാൻ പ്രഘോഷിക്കണം. അങ്ങനെ, അവന്റെ സ്നേഹിതൻ എന്ന നിലയ്ക്ക് അവനോടു ഞാൻ പുലർത്തേണ്ട വിശ്വസ്തതയുടെ ഒരു ഭാഗം പൂരിപ്പിക്കാം. പ്രത്യേകിച്ച്, അവന്റെ പുത്രത്വവും പൗരോഹിത്യത്തിൽ പങ്കും നല്കപ്പെട്ടവനായതിനാൽ.

(2) പുരോഹിതന്റെ വിശ്വാസജീവിതം: പുരോഹിതവിശ്വസ്തതയുടെ അടിത്തറ അയാളുടെ ക്രിസ്തുവിശ്വാസമാണ്. ഞാൻ എന്റെ അജഗണത്തിന് അനുകരണീയമായ വിശ്വാസജീവിതം നയിക്കുന്നവനാകണം. വിശ്വസ്തനായ യേശുക്രിസ്തുവിലാണ് ഞാൻ വിശ്വസിക്കുന്നത്. *പ്രത്യാശിക്കുന്നവയുടെ ഒരുവിധസാന്നിധ്യവും കാണപ്പെടാത്തവയുടെ തെളിവുമാണ് വിശ്വാസം*[6] എന്ന തന്റെ സമർഥനത്തെ എബ്രായലേഖകൻ വിശ്വാസത്തിന്റെ വിജയഗാഥ രചിച്ച പൂർവമാതാ,പിതാക്കന്മാരുടെ വിശ്വാസവഴിയുടെ ചരിത്രംകൊണ്ടു തെളിയിക്കുന്നു. അങ്ങനെ, അവരുടെ വിശ്വാസജീവിതവഴി എന്റെ മുമ്പിൽ വെട്ടിത്തിളങ്ങുന്ന സൂര്യപ്രകാശത്തിൽ വെട്ടിത്തെളിച്ചിട്ടിട്ടാണല്ലോ[7] യേശുവേ, ലേഖകൻ *ഞങ്ങളുടെ വിശ്വാസത്തിന്റെ നായകനും അതിനെ പൂർണതയിലെത്തിക്കുന്നവനുമായ നിന്നെ മുന്നിൽ കണ്ടുവേണം ഞങ്ങൾ ഓടേണ്ടതെന്ന്* ഉദ്ബോധിപ്പിക്കുന്നത്. നീ നിന്റെ *മുമ്പിലുണ്ടായിരുന്ന സന്തോഷത്തിന്റെ സ്ഥാനത്ത് അപമാനം വകവയ്ക്കാതെ, കുരിശ് സഹനശക്തിയോടെ സ്വീകരിച്ചു. ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി.*[8]

[6] എബ്രാ 11,1ന്റെ ഈ പരിഭാഷയ്ക്ക് ആധാരം, ബനഡിക്ട് പതിനാറാമൻ, *പ്രത്യാശയിൽ രക്ഷ*, നമ്പർ 7.

[7] എബ്രാ 11 [8] എബ്രാ 12,2

(3) എബ്രായർക്കുള്ള ലേഖനം ക്രിസ്തുവിന്റെ വിശ്വസ്തതയെക്കുറിച്ചും തീർഥാടകരോടു പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ, പുരോഹിതനായ എന്നിൽനിന്നു മിശിഹാ പ്രതീക്ഷിച്ചാവശ്യപ്പെടുന്ന വിശ്വസ്തതയെക്കുറിച്ച് എനിക്കു കൂടുതൽ ഗ്രഹിക്കാനാകും.

*അവൻ കാരുണ്യവാനും ദൈവകാര്യങ്ങളിൽ വിശ്വസ്തനായ മഹാശ്രേഷ്ഠപുരോഹിതനും ആയിരിക്കാനും, ജനത്തിന്റെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നവനാകാനും അവൻ സകലതിലും തന്റെ സഹോദരരോടു സദൃശ്യനാകേണ്ടിയിരുന്നു. അവൻ പീഡ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കും. ആകയാൽ, സ്വർഗത്തിൽനിന്നുള്ള വിളിയിൽ പങ്കാളികളായ വിശുദ്ധ സഹോദരരേ, നാം ഏറ്റു പറയുന്ന ശ്ലീഹായും ശ്രേഷ്ഠ പുരോഹിതനുമായ യേശുമിശിഹായെ കാണുവിൻ. മോശ അവിടുത്തെ ഭവനം മുഴുവനിലും വിശ്വസ്തനായിരുന്നതുപോലെ അവനും തന്നെ സേവനത്തിനു നിയോഗിച്ചവനോടു വിശ്വസ്തനാകുന്നു. ഇവന്റെ* (യേശുവിന്റെ) *മഹിമ മോശയുടേതിനെക്കാൾ മഹത്തരമാകുന്നു. ... സംസാരിക്കപ്പെടാനിരുന്നവയുടെ സാക്ഷ്യത്തിനായി ദൈവത്തിന്റെ ഭവനം മുഴുവനിലും മോശ ഭൃത്യനെപ്പോലെ വിശ്വസ്തനായിരുന്നു. മിശിഹാ അവിടുത്തെ ഭവനത്തിൽ പുത്രനെപ്പോലെയാണ്. മുഖപ്രസന്നതയും പ്രത്യാശയുടെ പ്രശംസയും അവസാനംവരെ നാം മുറുകെപ്പിടിക്കുമെങ്കിൽ നാം അവിടുത്തെ ഭവനമായിരിക്കും.*[9]

(എ) യേശുക്രിസ്തു *കാരുണ്യവാനും ദൈവകാര്യങ്ങളിൽ വിശ്വസ്തനുമായ മഹാശ്രേഷ്ഠപുരോഹിതൻ ആയിരുന്നു.*[10] ഇവിടെ ലേഖനകർത്താവ് കാരുണ്യത്തിന്റെ സാമീപ്യം വിശ്വസ്തതയ്ക്കു കല്പിച്ചിട്ടുള്ളതു ഞാനോർക്കേണ്ടതാണ്. കാരുണ്യവും വിശ്വസ്തതയും ഒത്തൊരുമിച്ചു പാലിക്കുന്നത് ദൈവിക നീതിയാകുന്നു.[11] അവിടുത്തെ കാരുണ്യവും വിശ്വസ്തതയുമോർത്ത് സങ്കീർത്തകനോടു ചേർന്ന് ഞാൻ എന്റെ ജീവിതംകൊണ്ടു നന്ദി പറയേണ്ടതാണ്. യേശുക്രിസ്തു കാരുണ്യ*വാനായ മഹാശ്രേഷ്ഠപുരോഹിതൻ ആയിരുന്നു*. മഹാശ്രേഷ്ഠ പുരോഹിതനായ യേശുവിനെ ഇവിടെ ആദ്യംതന്നെ *കാരുണ്യവാൻ* എന്ന അപദാനത്തിൽ അവതരിപ്പിക്കുന്നു. *ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്* എന്ന് ഹോസിയാപ്രവാചകൻ[12] പഠിപ്പിച്ചിട്ടുള്ള ദൈവികനിയമം തന്റെ പാപമോചനശുശ്രൂഷയുടെ – പൗരോഹി

[9]എബ്രാ 2,17–3,6 [10]എബ്രാ 2,17 [11]സങ്കീ 138,2 [12]ഹോസി 6,6

തൃശുശ്രൂഷയുടെ - അനുഷ്ഠാനനിയമമെന്നു ലേവിയുടെ വീട്ടിൽവച്ച് യേശു ഫരിസേയരോടു സ്പഷ്ടമാക്കിയിട്ടുണ്ടല്ലോ.[13] പാപികളോടൊത്തു വിരുന്നുണ്ണുന്ന യേശുവേ, നിന്നിൽ പ്രകാശിക്കുന്ന കാരുണ്യവാനായ ദൈവത്തിന്റെ മുഖം സദാ കണ്ടുകൊണ്ടിരിക്കാനും കാണിച്ചുകൊണ്ടിരിക്കാനും ചുങ്കക്കാരനും പാപിയും ഫരിസേയനുമായ എന്നെ അനുഗ്രഹിക്കണമെ.

ഇനി ഞാൻ *വിശ്വസ്തൻ* എന്ന വിശേഷണത്തിനു കാതോർക്കട്ടെ. സുറിയാനി: *മ്ഹൈമ്നൊ*; ഗ്രീക്ക്: *പിസ്റ്റൊസ്* = വിശ്വാസമുള്ളവൻ, വിശ്വാസി, വിശ്വസ്തൻ. ഇവതന്നെയാണല്ലോ ലത്തീനിലെ (വുൾഗാത്തായിലെ) *ഫിദെലിസ്* എന്ന വാക്കിന്റെയും അർഥങ്ങൾ. ബൈബിൾപരമായി ഇനിയും പിറകോട്ടു പോയാൽ *ആമാൻ* എന്ന ഹീബ്രു ക്രിയാധാതുവുണ്ട്. അർഥം, മുറുകെപ്പിടിക്കുക, ഉറപ്പായിരിക്കുക, പിന്തുണയ്ക്കുക എന്നൊക്കെ. *ആമാൻ*-ൽനിന്നാണല്ലോ വിശ്വാസം എന്നർഥമുള്ള *എമൂനാ*-യുടെ പുറപ്പാട്. *എമൂനാ* ഒരു ദ്വയാർഥപദമാണ്. അത് ദൈവത്തിന്റെ വിശ്വസ്തതയും മനുഷ്യന്റെ വിശ്വാസവും അർഥമാകുന്നു. ഈ ദ്വയാർഥസ്വഭാവം സുറിയാനി *മ്ഹൈമ്നൊ*; ഗ്രീക്ക് *പിസ്റ്റൊസ്*, ലത്തീൻ *ഫിദെലിസ്* എന്നിവയ്ക്കുമുണ്ട്. ജറുസലേമിലെ വിശുദ്ധ കൂറിലോസ് അഞ്ചാം *മതാധ്യാപനപ്രസംഗത്തിൽ* എബ്രായർ 11,1-2 ആധാരമാക്കി ഒന്നാം ഖണ്ഡികയിൽ പ്രബോധിപ്പിക്കുന്നതു ഞാനും ശ്രദ്ധിക്കട്ടെ:

> സ്നാനാർഥി എന്ന പടിയിൽനിന്ന് വിശ്വാസി എന്ന നിലയിലേക്ക് നിങ്ങളെ ഉയർത്തുമ്പോൾ കർത്താവ് എത്ര വലിയ മഹത്ത്വമാണ് നിങ്ങളുടെമേൽ വർഷിക്കുന്നത് എന്നതിന്റെ സൂചന പൗലോസ്ശ്ലീഹാ നല്കുന്നു: "തന്റെ പുത്രനായ യേശുക്രിസ്തുവുമായുള്ള കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാകുന്നു" (1 കോറി 1,9). ദൈവം വിശ്വസ്തൻ എന്നു വിളിക്കപ്പെടുന്നതിനാൽ വിശ്വാസി എന്ന പേരു സ്വീകരിക്കുന്ന നിങ്ങളും വലിയ ഔന്നത്യം പ്രാപിക്കുന്നു. നല്ലവൻ, നീതിമാൻ, സർവശക്തൻ, പ്രപഞ്ചസ്രഷ്ടാവ് എന്നൊക്കെ ദൈവം വിളിക്കപ്പെടുന്നതുപോലെ വിശ്വസ്തൻ എന്നു വിളിക്കപ്പെടുന്നു. ദൈവത്തിന്റെ ഒരു സംജ്ഞയിൽ പങ്കുപറ്റാൻപോകുന്ന നിങ്ങൾ എത്രയോ മഹനീയ സ്ഥാനത്തേക്കാണ് ഉയർത്തപ്പെടാൻ പോകുന്നതെന്നു പരിഗണിക്കുവിൻ.[14]

[13]മത്താ 9,13

[14] ജറുസലേമിലെ സിറിൽ, *മതാധ്യാപനപ്രസംഗങ്ങൾ*, (വിവ: ജി. ചേടിയത്ത്) കോട്ടയം, 2000, 80

*പിസ്റ്റാസ്* എന്ന ഒരേ വാക്കാണ് വിശ്വാസി എന്ന് മാമോദീസാ സ്വീകരിച്ചവനും വിശ്വസ്തൻ എന്നു ദൈവത്തിനും വിളിക്കപ്പെട്ടിട്ടുള്ളത്. ദൈവവും മനുഷ്യനും വിശ്വാസി, വിശ്വസ്തൻ എന്നു വിളിക്കപ്പെടാം. സെന്റ് അഗസ്റ്റിൻ ഇപ്രകാരം വ്യാഖ്യാനിക്കുന്നു: ''ദൈവത്തിലും അവന്റെ വാഗ്ദാനങ്ങളിലും വിശ്വസമർപ്പിക്കുമ്പോൾ മനുഷ്യൻ വിശ്വാസിയായിത്തീരുന്നു. താൻ വാഗ്ദാനം ചെയ്തിട്ടുള്ളത് മനുഷ്യനു നല്കുമ്പോൾ ദൈവം വിശ്വസ്തനായിത്തീരുന്നു.''[15] അതായത്, വിശ്വാസത്തിന്റെ മനുഷ്യൻ വിശ്വസ്തനായ ദൈവത്തിന്റെ കൈകളിൽ സ്വയം ഏല്പിച്ചുകൊണ്ട് ശക്തിയാർജിക്കുന്നു. അവന് വിശ്വസ്തനായിരിക്കാം. ഒ! ദൈവമേ, ഞാൻ എന്താണീ കേൾക്കുന്നത്? നിന്നിൽ പരിപൂർണമായി വിശ്വസിച്ചാൽ എനിക്കു വിശ്വസ്തനായിരിക്കാമെന്നും, വിശ്വസ്തൻ എന്നു നീ വിളിക്കപ്പെടുന്ന അതേ സംജ്ഞയിൽ വിളിക്കപ്പെടാൻ എനിക്കും നീ അനുഗ്രഹം അനുവദിച്ചിട്ടുണ്ടെന്നും! അപ്പോൾ, എന്റെ വിശ്വസ്തതക്കുറവിനു കാരണം എന്റെ വിശ്വാസക്കുറവാണ്, അല്ലേ? പൗരോഹിത്യസ്വീകരണത്തിന് ഒരുങ്ങിയ ധ്യാനത്തിലും പൗരോഹിത്യസ്വീകരണവേളയിലും പാപസങ്കീർത്തനകൂദാശയിലും അനുദിന ആത്മശോധനയിലും ഞാൻ നിന്നോടു വാഗ്ദാനം ചെയ്തിട്ടുള്ളവയിലും വിശ്വസ്തനായിരിക്കാൻ എനിക്കു ശക്തിയില്ലാതെപോയത് എനിക്കു നിന്നിലുള്ള വിശ്വാസത്തിന്റെ പോരായ്മകൊണ്ടാണ്! കർത്താവേ, വിശ്വസ്തനായിരിക്കാൻ തക്കവിധം എന്റെ വിശ്വാസം വർദ്ധിപ്പിക്കണമെ. ഈ അനുഗ്രഹം എന്റെ ബോധം മറയുന്നതിനുമുമ്പെങ്കിലും എനിക്കു നല്കണമെ.

*മ്ഹൈമ്നോകളെ*, അയ്മേനികളെ - വിശ്വാസികളും വിശ്വസ്തരുമായവരെ അല്മായർ, *ഒല്മോയേ* - ലൗകികരും സാധാരണക്കാരും ആക്കിയതാരാണ്? *ദൈവകാര്യങ്ങളിൽ,*[16] അതായത്, ദൈവത്തിന്റെ ഭവനത്തിലും ദൈവത്തിന്റെ കാര്യത്തി(ങ്ങളി)ലും, ദൈവത്തിന്റെ സഹവാസികളിലും വിശ്വാസികളും വിശ്വസ്തരുമല്ലാത്തവരായ വൈദികഗണമാണോ? വിശ്വാസികളും വിശ്വസ്തരുമല്ലാത്തവരായ *ഒല്മോയേ*, അല്മായർ, ലൗകികർ ആണോ? *മ്ഹൈമ്നോകളെ*, അയ്മേനികളെ - വിശ്വാസികളും വിശ്വസ്തരുമായവർ എന്നു വിളിക്കപ്പെടുന്ന ഒരു കാലത്തിന്റെ അനുഗ്രഹം മലയാളത്തിന് ഇനിയുമുണ്ടാകണമെ. *ലാഒസ്* - ജനം, ദൈവത്തിന്റെ ജനം, എന്നു *ലെയിറ്റി* സ്വയം ബഹുമതിക്കുകയും

[15] സങ്കീർത്തവ്യാഖ്യാനം 32, II S. I,9, quoted in Pope Francis I, *Light of Faith*, No. 10
[16] എബ്രാ 11,17 സുറിയാനി

ബഹുമതിക്കപ്പെടുകയും ചെയ്യുന്ന നല്ല നാളുകൾക്കായി ഞങ്ങൾക്കു കാത്തിരിക്കാമല്ലോ.

*ദൈവകാര്യങ്ങളിൽ* (എബ്രാ 2,17) എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ള സുറിയാനിവാക്കിന് ദൈവത്തിന്റെ ഭവനത്തിൽ, ദൈവത്തിന്റെ കാര്യത്തി(ങ്ങളി)ൽ, ദൈവത്തിന്റെ സഹവാസികളിൽ എന്നിങ്ങനെ സൂചനകളുണ്ട്. ഇവ ഇവിടെ ഉദ്ധരിച്ചിട്ടുള്ള വേദഭാഗത്തുതന്നെയുണ്ട്. എല്ലാം ഉൾപ്പെടുന്നതാണ് *ദൈവകാര്യങ്ങളിൽ* എന്ന വാക്ക്. മഹാപ്രധാനപുരോഹിതനായ ക്രിസ്തു എനിക്ക് അവന്റെ കാരുണ്യത്താൽ സൗജന്യദാനമായി തന്റെ പൗരോഹിത്യത്തിന്റെ പങ്കു നല്കി. അതിൽ വിശ്വാസമുള്ളവനും വിശ്വസ്തനുമായിരിക്കാൻ, വിശ്വസ്തനായ പുരോഹിതനായിരിക്കാൻ, ദൈവത്തിന്റെ ഭവനത്തിലും, ദൈവകാര്യത്തി(ങ്ങളി)ലും, ദൈവത്തിന്റെ സഹവാസികളിലും വിശ്വാസമുള്ളവനും വിശ്വസ്തനുമായിരിക്കണം ഞാൻ. വിശ്വാസമുള്ളവനേ വിശ്വസ്തതയുണ്ടാകൂ. വിശ്വസ്തത പിൻവലിക്കാത്ത സമർപ്പണംതന്നെ. വിശ്വസ്തതയുടെ നല്ല പാഠം പഠിപ്പിച്ചതു ദൈവമാണല്ലോ[17] - വിശ്വസ്തമായ സ്നേഹത്തിന്റെ കർത്താവ്.[18]

*ദൈവത്തിന്റെ ഭവനം* ഒന്നാമത് ദൈവത്തിന്റെ ജനമാണ്. മിശിഹായായ യേശു മൂലക്കല്ലും ശ്ലീഹന്മാരും പ്രവാചകന്മാരും അടിത്തറയുമായുള്ള സഭ. അവനിൽ ഒന്നാകെ സമന്വയിക്കപ്പെട്ട് കർത്താവിന്റെ വിശുദ്ധ മന്ദിരമായി വളരുന്ന സഭ.[19] ദൈവജനം സത്യമായ *ദൈവഭവനമായിരിക്കാൻ മുഖപ്രസന്നതയും പ്രത്യാശയുടെ പ്രശംസയും അവസാനം വരെ മുറുകെപ്പിടിക്കണം.*[20] പുരോഹിതനായ ഞാനും ദൈവജനത്തിൽ, ദൈവഭവനത്തിൽ, ഉൾപ്പെട്ടിരിക്കണമെങ്കിൽ *മുഖപ്രസന്നതയും (ആത്മധൈര്യവും*[21]*) പ്രത്യാശയുടെ പ്രശംസയും (പ്രത്യാശയുടെ അഭിമാനവും*[22]*) മുറുകെപ്പിടിക്കണം.*

ദൈവജനമെന്നു വിളിക്കപ്പെട്ടവർ ദൈവഭവനമായിരിക്കാൻ *മുഖപ്രസന്നതയും (ആത്മധൈര്യവും) പ്രത്യാശയുടെ പ്രശംസയും (പ്രത്യാശയുടെ അഭിമാനവും) മുറുകെപ്പിടിക്കണ*മല്ലോ. എങ്കിൽ, ദൈവത്തിന്റെ ഭവനത്തിലും (ദൈവജനത്തിനും ദൈവാലയത്തിലും), ദൈവത്തിന്റെ കാര്യത്തിലും(ങ്ങളിലും), ദൈവത്തിന്റെ സഹവാസികളോടൊത്തും വിശ്വസ്തനായിരിക്കാൻ ഞാൻ *മുഖപ്രസന്നതയും പ്രത്യാശയുടെ പ്രശംസയും മുറുകെപ്പിടിക്കാൻ* എത്രയയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു!

---

[17] സങ്കീ 33,4;100,5;119,90 [18] നിയ 7,19;ഏശ 61,8;ഹോസി 2,19-20 [19] എഫേ 2,19-21
[20] എബ്രാ 3,6 സുറിയാനി [21] പി.ഒ.സി.ബൈബിൾ [22] പി.ഒ.സി ബൈബിൾ

എന്റെ വെളുത്ത ചിരി മുഖപ്രസന്നതയാകുമോ? വെളുക്കെ ചിരിച്ചാൽ മുഖപ്രസന്നതയുണ്ടാകുമോ? കറുത്ത മുഖങ്ങളിൽ തിളങ്ങുന്ന പ്രസന്ന തയുടെ പ്രഭവമെവിടെ? ആത്മധൈര്യം! ദൈവമുമ്പാകെ നില്ക്കാനുള്ള ആത്മധൈര്യം. നൈർമല്യം നല്കുന്ന ഹൃദയധൈര്യം. അതിനാലാണ ല്ലോ ദാവീദ് പ്രാർഥിച്ചത്, *ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോടു കരുണ ചെയ്യണമെ! നിന്റെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ പാപങ്ങൾ മായിച്ചുകളയണമെ! ... നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമെ!*[23] സ്വഭാവമേന്മ സഹനശീലത്തിൽ നിന്ന് ഉളവാകു ന്നതും പ്രത്യാശയെ ഉളവാക്കുന്നതുമല്ലോ.[24]

### ക്രൈസ്തവപ്രത്യാശ

അതോടൊപ്പം ഞാൻ *പ്രത്യാശയുടെ പ്രശംസയും (പ്രത്യാശ യുടെ അഭിമാനവും) മുറുകെപ്പിടിക്കണം.* ഏതു സാഹചര്യത്തിലും പ്രത്യാശ യിൽ അഭിമാനിക്കാൻ പുരോഹിതനു കഴിയണം. എന്താണ് ക്രൈസ്തവപ്രത്യാശ? അത് മൗലികപുണ്യമായ മനസ്സുറപ്പ് അഥവാ മനോധൈര്യം അല്ല. യേശു തന്റെ പൗരോഹിത്യപ്രാർഥനയിൽ നമുക്കു ധൈര്യം പകർന്നുതരുന്നുണ്ടല്ലോ: ... *ലോകത്തിൽ നിങ്ങൾക്കു ഞെരു ക്കമുണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.*[25] ഇവിടെ ഉദ്ദേശിക്കുന്ന ധൈര്യം ഞെരുക്കങ്ങളിലും പ്രയാസങ്ങളിലും മരണത്തിന്റെ മുമ്പിൽപ്പോലും മനസ്സിന് "ഉറപ്പും നന്മ പിന്തുടരുന്നതിൽ സ്ഥിരതയും ഉറപ്പാക്കുന്ന ധാർമികസുകൃതമാണ്."[26] *സഹനശേഷി സ്വഭാവമേന്മയും സ്വഭാവമേ ന്മ പ്രത്യാശയും ഉളവാക്കുന്നു.*[27] *നമ്മുടെ ആത്മധൈര്യം നാം നശി പ്പിച്ചുകളയരുത്. അതിനു വലിയ പ്രതിഫലം ലഭിക്കാനിരിക്കുന്നു.*[28] മനോധൈര്യം അസ്തമിച്ചുപോകാതിരിക്കാൻ ഞാൻ വിശ്വാസനായ കനായ യേശുവിന്റെ സഹനം സദാ സ്മരിച്ചുകൊണ്ടിരിക്കണം.[29]

എന്താണ് പ്രത്യാശ? ക്രൈസ്തവപ്രത്യാശ കേവലം ശുഭാപ്തിവി ശ്വാസമല്ല. ദുഃഖഭാരങ്ങളുടെ നടുവിൽപ്പോലും ധൈര്യശാലികൾ പുലർ ത്തുന്ന പ്രസാദാത്മകതയുമല്ല. നിരാശാജനകമായ സന്ധികളിൽപ്പോലും അനേകർ പുലർത്തുന്ന ക്രിയാത്മകമനോഭാവമുണ്ടല്ലോ; അതുമല്ല പ്രത്യാശ. ചത്തുനാറുന്ന പട്ടിയുടെ വെളുത്ത പല്ലു കാണുന്ന, എന്തി ന്റെയും നല്ല വശം കാണുന്ന, സ്ഥിരഭാവവുമല്ല പ്രത്യാശ. ഇപ്പറഞ്ഞ

---

[23]സങ്കീ 51 [24]റോമ 5,4 [25]യോഹ 16,3 [26]*കത്തോലിക്കാസഭയുടെ മതബോധ നഗ്രന്ഥം*, നമ്പർ 1808 [27]റോമ 5,4 [28]എബ്രാ 10,35 [29]ഹെബ്രാ 12,2-3

തൊക്കെ അഭികാമ്യങ്ങളായ മാനുഷിക സദ്ഗുണങ്ങളാണ്. ഇവയുള്ള വർ പ്രസാദവർഷകർതന്നെ.

ക്രൈസ്തവപ്രത്യാശ ഒരു ആശയമല്ല, യാഥാർഥ്യമാണ്. പ്രത്യാശ യെപ്പറ്റി എഴുതപ്പെട്ട ആദ്യക്രൈസ്തവരേഖ പൗലോസ് തെസലോനി ക്കായിലെ സഭയ്ക്കെഴുതിയ ആദ്യലേഖനത്തിലെ പരാമർശമാണല്ലോ: *സഹോദരരേ, പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരി ക്കാൻ, നിങ്ങൾ അജ്ഞരായിരിക്കരുതെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.*[30] തുടർന്ന് പൗലോസ് എഴുതുന്നത് ശ്രദ്ധിക്കാം: *കാരണം, യേശു മരി ക്കുകയും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ കൊണ്ടുവരും. ... അങ്ങനെ നാം എപ്പോഴും അവനോടുകൂടെ ആയിരിക്കുകയും ചെയ്യും.*[31] *യേശു മരിക്കുകയും ഉയിർക്കുകയും ചെയ്തു* എന്നത് ഒരു യാഥാർഥ്യ മാണ്. അതാണ് വിശ്വാസവിഷയം. *യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ കൊണ്ടുവരും. ... അങ്ങനെ നാം എപ്പോഴും അവനോ ടുകൂടെ ആയിരിക്കുകയും ചെയ്യും* എന്നതും "നാം" വിശ്വസിക്കുന്ന യാഥാർഥ്യങ്ങളാണ് - ഭാവിയാഥാർഥ്യങ്ങൾ. ഇവ കേവലം ആശയതല ത്തിലുള്ള വിവരങ്ങളല്ല. ക്രൈസ്തവപ്രത്യാശയാണ്. നമ്മുടെ വർത്ത മാനകാല ജീവിതത്തിൽത്തന്നെ ഒരുവിധത്തിൽ സന്നിഹിതവും പ്രവർത്തനക്ഷമവുമായിരിക്കുന്ന യാഥാർഥ്യങ്ങൾ. ഇവയെല്ലാം സാധ്യ മാക്കിത്തീർക്കുന്ന പരമയാഥാർഥ്യം ദൈവമാണ് (വാക്യം 14). അതി നാൽ ദൈവമാണ് നമ്മുടെ ആത്യന്തികപ്രത്യാശ. *പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ* എന്നു പൗലോസ് എഴുതുന്നതിന്റെ താത്പര്യം യേശുവിൽ നിദ്രപാപിച്ചവരെ ഉയിർത്തെഴുന്നേറ്റ അവനോടുകൂടെ കൊണ്ടുവരാനിരിക്കുന്ന ദൈവമില്ലാത്തവരെപ്പോലെ എന്നാകുന്നു.[32]

ക്രൈസ്തവപ്രത്യാശയെക്കുറിച്ചു ധ്യാനിക്കുമ്പോഴെല്ലാം ഒരു രച നയുടെ തലക്കെട്ടോർക്കാറുണ്ട്: *ആശ കാത്തിരിക്കും.* പ്രത്യാശയിൽ ആശയും (ആഗ്രഹവും) കാത്തിരിപ്പുമുണ്ട്. ... *നമ്മുടെ മഹോന്നതനായ ദൈവത്തിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെയും മഹത്ത്വ ത്തിന്റെ പ്രത്യക്ഷീകരണവും അനുഗ്രഹപൂർണമായ പ്രത്യാശയും നാം കാത്തിരിക്കുന്നു.*[33] പ്രത്യാശ കാത്തിരിപ്പിന്റെ പുണ്യമാണ്. പ്രത്യാശ

---

[30] 1 തെസ്സ 4,13. ലേഖനത്തിന്റെ ആരംഭത്തിൽ (1 തെസ്സ 1,3ൽ) കർത്താവായ യേശുക്രിസ്തുവിലുള്ള പ്രത്യാശ പരാമർശിക്കുന്നുണ്ടെങ്കിലും കൂടുതൽ വ്യക്തമാ ക്കുന്നത് 4-ാം അധ്യായത്തിലാണ്. [31] 1 തെസ്സ 4,14-18 [32] ബനഡിക്ട് പതിനാറാമൻ പാപ്പാ, *പ്രത്യാശയിൽ രക്ഷ*, നമ്പർ 2 [33] തീത്തോസ് 2,13

എന്ന വാക്കിൽത്തന്നെ മുന്തിനില്ക്കുന്നത് ആശ അഥവാ ആഗ്രഹമാണല്ലോ. ഈ ആഗ്രഹത്തിന്റെ വിഷയം സാമാന്യമായ ക്രൈസ്തവശൈലിയിൽ പറഞ്ഞാൽ മനുഷ്യജീവിതത്തിന്റെ ഏറ്റവും വലിയ സന്തോഷമായ സ്വർഗരാജ്യവും നിത്യജീവനുമത്രേ. ഒറ്റവാക്കിൽ, ദൈവം. *കർത്താവേ, നീയാണ് എന്റെ പ്രത്യാശ; നിന്നിലാണ് എന്റെ പ്രത്യാശ*[34] എന്നീ സങ്കീർത്തകചരണങ്ങൾ സഭയ്ക്കും എനിക്കും എന്നും പുതിയ സങ്കീർത്തനമാകുന്നു. *എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും. ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു; എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു*[35] എന്ന് ഓരോ പ്രഭാതത്തിലും സഭയോടൊത്തു പാടുവാൻ എന്നെ അനുഗ്രഹിച്ചിരിക്കുന്നതിനാൽ നല്ല ദൈവമേ, ഞാൻ നിന്നെ വാഴ്ത്തുന്നു. *ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും സങ്കേതസ്ഥാനവുമെന്ന് കർത്താവിനെ* ഏറ്റുപറയാനും[36] *എന്റെ ശരണമായ കർത്താവ് ഉന്നതങ്ങളിൽ തന്റെ വാസസ്ഥാനമാക്കിയ കർത്താവായ നീയാകുന്നു*[37] എന്ന് സഭയോടു ചേർന്നു ദിനംതോറും സൂത്താറാപ്രാർഥനയിൽ ദൈവമേ, നിന്നോടു നേരേ പറഞ്ഞു പ്രത്യാശയെ ഉണർത്തിക്കൊണ്ടുറങ്ങാനും അനുഗ്രഹിച്ചിരിക്കുന്നതിനാലും സ്തോത്രം! എന്റെ ഈ പ്രാർഥന ഓരോ ദിവസത്തേക്കും, നിന്നെ പൂർണമായും എനിക്കു ലഭിക്കുവോളവുമുള്ള എന്റെ പ്രത്യാശയുടെ ഏറ്റുപാട്ടാണെന്നോർത്തു കനിയണമെ! *പ്രത്യാശയുടെ ദൈവ*മെന്നു വിശുദ്ധ പൗലോസ് കാട്ടിത്തരുന്ന[38] ദൈവമാണ് എന്റെ പ്രത്യാശ. ദൈവത്തിലും[39] മിശിഹായിലുമാണ്[40] എന്റെ പ്രത്യാശ. യേശുമിശിഹായിൽ വെളിപ്പെട്ട ദൈവമാണ് എന്റെ പ്രത്യാശ. ഈ പ്രത്യാശയുടെ ഉറവിടവും ലക്ഷ്യവും വിഷയവും ത്രിയേകദൈവമാണ്. അതിനാലാണല്ലോ പ്രത്യാശയെ ഒരു ദൈവികപുണ്യമായി സഭ വിവേചിച്ചറിഞ്ഞ് എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ദൈവമേ, നിന്നെ, സ്വർഗരാജ്യവും നിത്യജീവനും, ഞാൻ ആഗ്രഹിക്കുന്നത് എന്റെ ശക്തിയിൽ ആശ്രയിച്ചല്ല. പ്രത്യാശ എനിക്കു നിന്നിൽ നിന്നു ലഭിച്ചതാണല്ലോ. നിന്റെ ദാനമല്ലോ. അതേ സമയം പ്രത്യാശ ഒരു പുണ്യം അഥവാ സുകൃതം ആകുന്നു. സു–കൃതം: നല്ലവണ്ണം – സുന്ദരമായി – ചെയ്യപ്പെട്ടത്. ദൈവമേ, നീ എന്റെ ഹൃദയത്തിൽ നിക്ഷേപിച്ച ഈ ദാനം എന്റെ സുകൃതമാകണം. ഞാനതു പരിശീലിക്കണം. എന്റെ പ്രയത്നം

[34] സങ്കീ 39,7; 71,5 [35] സങ്കീ 63,1–2പ്ശീത്താ [36] സങ്കീ 91,2പ്ശീത്താ
[37] സങ്കീ 91,9പ്ശീത്താ [38] റോമ 15,13
[39] 1തീമോ 4,10; 5,5;2പത്രോ 1,21 [40] 1കോറി 15,19; കൊളോ 1,27

നിർണായകമാണ്. അതേ സമയം എന്റെ ശക്തിയിൽ ആശ്രയിക്കാതെ, മിശിഹായുടെ വാഗ്ദാനങ്ങളിൽ ആശ്രയമർപ്പിച്ചും പരിശുദ്ധ റൂഹായുടെ കൃപയുടെ സഹായത്തിൽ ആശ്രയിച്ചും ദൈവമേ, നിന്നെ, സ്വർഗരാജ്യവും നിത്യജീവനും, ഞാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതാണല്ലോ പ്രത്യാശ.[41] *ദൈവം നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലൂടെയാണ് പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചത്. അവിടുത്തെ കൃപയാൽ നാം നീതിമത്കരിക്കപ്പെടാനും നിത്യജീവനെപ്പറ്റിയുള്ള പ്രത്യാശയിൽ നാം അവകാശികളാകാനുംവേണ്ടിയാണിത്.*[42]

ക്രൈസ്തവപ്രത്യാശയിലെ ആഗ്രഹത്തിന് ആകാംക്ഷയുടെയും പ്രസവവേദനയുടെയും കൂട്ടുമുണ്ട്. ഓ! ദൈവമേ, നിന്റെ *പുത്രരായ ഞങ്ങളുടെ വെളിപ്പെടുത്തൽ സൃഷ്ടപ്രപഞ്ചം ആകാംക്ഷയോടെ കാത്തിരിക്കുന്നു. എന്തെന്നാൽ, സൃഷ്ടി വ്യർഥത്തിനു കീഴ്പ്പെട്ടിരിക്കുന്നു; സ്വന്തം ഇഷ്ടത്താലല്ല, പ്രത്യാശ കൊടുത്ത് കീഴ്പ്പെടുത്തിയവന്റെ ഇഷ്ടത്താൽ. എന്തെന്നാൽ, സൃഷ്ടിതന്നെ ദൈവമക്കളുടെ മഹത്ത്വപൂർണമായ സ്വാതന്ത്ര്യത്തിലേക്ക്, ജീർണതയുടെ അടിമത്തത്തിൽനിന്നു മോചിതമാകും. സൃഷ്ടി മുഴുവനും ഒന്നുചേർന്ന് ഇതുവരെയും നെടുവീർപ്പിടുകയും പ്രസവവേദനയനുഭവിക്കുകയും ചെയ്യുന്നു... അതു മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാംതന്നെയും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പാകുന്ന ദൈവപുത്രത്വം പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു. ... കാണപ്പെടുന്ന പ്രത്യാശ പ്രത്യാശയല്ല. കാണുന്നതിനെ ആരു പ്രത്യാശിക്കും? എന്നാൽ, കാണാത്തതിനെയാണു നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനുവേണ്ടി സഹനശക്തിയോടെ കാത്തിരിക്കും.*[43] പ്രത്യാശ കാത്തിരിപ്പിന്റെ പുണ്യമാകയാൽ അതിൽ ക്ഷമയും സഹനശീലവും സ്ഥിരതയും അന്തർഭവിച്ചിട്ടുണ്ട്.

പ്രസവവേദന അവസാനിക്കുന്നത് ആ വേദന പിന്നീടൊരിക്കലും ഓർക്കാത്തത്ര സന്തോഷത്തിലാണ്. മാത്രമല്ല, പ്രസവവേദന ജീവനെ ദാനം ചെയ്യുന്നു.[44] നിരാശയാകട്ടെ മരണത്തെയും. യൂദാസും പത്രോസും. നിരാശയും പ്രത്യാശയും. നിരാശ യൂദാസിനു നാശകരമായ മരണത്തെ സമ്മാനിച്ചു.[45] പത്രോസോ? കർത്താവിന്റെ തിരിഞ്ഞുനോട്ടം പത്രോസ് കണ്ടെന്നു സുവിശേഷകൻ എടുത്തുപറയുന്നില്ലെങ്കിലും ആ തിരിഞ്ഞുനോട്ടം പത്രോസ് കണ്ടെന്നു തീർച്ച. അതുകൊണ്ടാണല്ലോ കർത്താവിന്റെ വചനം അവൻ ഓർത്തതും പുറത്തുപോയി കയ്പോടെ

[41] *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, നമ്പർ 1818 [42] റോമ 8,18-25
[43] റോമ 8,19-25 [44] യോഹ 16,21 [45] അപ്പ 1,16-20

കരഞ്ഞതും.[46] അനവദ്യസുന്ദരമായ ഒരു കണ്ണുടക്ക്! ലോകചരിത്രത്തിലെ ഏറ്റവും സുന്ദരവും ജീവദായകവുമായ കണ്ണുടക്ക്! യേശുവേ, അനു നിമിഷം എന്നെയും ഇങ്ങനെ തിരിഞ്ഞുനോക്കിക്കൊണ്ടിരിക്കണമേ. പത്രോസിന്റെ ഈ പ്രതിക്കാഴ്ചയും ഓർമയും കയ്പോടെയുള്ള കര ച്ചിലും അവന്റെ കണ്ണുകളും മനസ്സും ഹൃദയവും പ്രത്യാശാപൂർവം കർത്താവിലേക്കു തിരിഞ്ഞിരുന്നതിന്റെ അടയാളങ്ങൾതന്നെ. അതുകൊ ണ്ടല്ലേ തിബേരിയാസ്കടൽത്തീരത്തുവച്ച് മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് യേശു ചോദിച്ചതുകൊണ്ടു പത്രോസ് ദുഃഖിതനായതും യേശു തന്റെ അജഗണത്തെയാകെ മേയിക്കാനുള്ള അധികാരം അവനു നല്കിയതും, ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതും അങ്ങനെ ജീവനിലേക്കുള്ളതുമായ മരണത്തിലേക്കു തന്നെ അനുഗ മിക്കാൻ അവനെ ക്ഷണിച്ചതും.[47]

പ്രത്യാശയിൽ എനിക്ക് അഭിമാനിക്കാം. കാരണം, പ്രത്യാശയുടെ ദൈവമെന്നു വിശുദ്ധ പൗലോസ് കാട്ടിത്തരുന്ന ദൈവമാണ് എന്റെ പ്രത്യാശ. ദൈവത്തിലും മിശിഹായിലുമാണ് എന്റെ പ്രത്യാശ. യോഹ ന്നാൻശ്ലീഹാ കൂടുതൽ സ്ഫുടമാക്കുന്നു: *കണ്ടാലും, എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോടു കാണിച്ചത്! എന്തെന്നാൽ, നാം ദൈവ മക്കളെന്നു വിളിക്കപ്പെടുന്നു. നാം അങ്ങനെ ആക്കപ്പെട്ടിരിക്കുന്നു. ഇതു മുഖാന്തരം ലോകം നമ്മെ അറിയുന്നില്ല; കാരണം അത് അവിടുത്തെ അറിഞ്ഞിട്ടില്ല. എന്റെ വത്സലരേ, ഇപ്പോൾ നാം ദൈവത്തിന്റെ മക്കളാകു ന്നു. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും നമുക്കറിയാം: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെ സാദൃ ശ്യത്തിലാകുകയും, അവിടുന്ന് ആയിരിക്കുന്നതുപോലെ അവിടുത്തെ കാണുകയും ചെയ്യും.*[48] ദൈവമേ, നീ പ്രത്യക്ഷനാകുമ്പോൾ ഞങ്ങൾ നിന്നെപ്പോലെയാകുമെന്നും നീ ആയിരിക്കുന്നതുപോലെ ഞങ്ങൾ നിന്നെ കാണുമെന്നും! ഇതാണ് എന്നെ ദൈവികനാക്കുന്ന പ്രത്യാശ. അപ്പോൾ ദൈവമേ, നീ പ്രത്യക്ഷനാകുമ്പോൾ നിന്നെ കാണാൻവേണ്ടി ഞങ്ങൾ നിന്നെപ്പോലെയാകണം; അല്ലേ! ആകും. അതാണെന്റെ പ്രത്യാശ. ഓ! ദൈവമേ, നിന്നിലുള്ള എന്റെ ഈ പ്രത്യാശ എന്നെ വെടുപ്പാക്കുന്നതാണല്ലോ! *അവിടുത്തെക്കുറിച്ച് ഈ പ്രത്യാശയുള്ള യാൾ, അവിടുന്നു വെടുപ്പായിരിക്കുന്നതുപോലെ, തന്നത്തന്നെ വെടുപ്പാക്കുന്നു.*[49]

[46]ലൂക്കാ 22,59– [47]യോഹ 21,1–19

[48]1 യോഹ 3,1–2സുറിയാനി [49]1 യോഹ 3,3 സുറിയാനി

മനുഷ്യചരിത്രത്തിലുള്ള ദൈവിക ഇടപെടലിന്റെ ചരിത്രം എനിക്കുറപ്പു നല്കുന്നു, ഈ പ്രത്യാശ നിഷ്ഫലമാകില്ല.[50] പ്രതീക്ഷയ്ക്കു വിരുദ്ധമായി പ്രതീക്ഷിച്ചതും,[51] അസാധ്യതകളെ സാധ്യമാക്കുന്ന ദൈവത്തിൽ ശരണപ്പെട്ടതും, അദൃശ്യമായവയിൽ വിശ്വസിച്ചതും പ്രത്യാശിച്ചതും അബ്രാഹത്തിനു നേട്ടമായില്ലേ![52] എന്റെ പുറംകണ്ണു കാണാത്തതിനെയാണല്ലോ ഞാൻ പ്രത്യാശിക്കേണ്ടത്! കാണുന്നതിനെ ആരും പ്രത്യാശിക്കുന്നില്ലല്ലോ.[53] ഈ പ്രത്യാശ വ്യർഥതത്തിന്റെ ബന്ധനത്തിൽ നിന്ന് എന്നെ മോചിപ്പിക്കാൻ പര്യാപ്തമാണ്.[54] പ്രത്യാശയാലാണ് നാം രക്ഷിക്കപ്പെട്ടത്.[55] കുഴിമാടത്തിലും എന്റെ ശരീരത്തിനു പ്രത്യാശയിൽ വസിക്കാമെന്ന്[56] എന്നെ ദൈവജനത്തിൽ ഒരു പുരോഹിതനാക്കിയ മഹാശ്രേഷ്ഠപുരോഹിതൻ ഉറപ്പിച്ചിട്ടുള്ള അച്ചാരത്തിൽ[57] എനിക്കു വിശ്വാസമുണ്ടായിരിക്കണം. പ്രത്യാശ എന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും ഭാഗംതന്നെ.[58]

പരീക്ഷകളെയും പീഡനങ്ങളെയും അവസാനത്തോളം ക്ഷമയോടെ സഹിക്കുന്നതിന്റെ പ്രഫുല്ലതയല്ലോ പ്രത്യാശ.[59] സഹനശീലവും തിരുലിഖിതങ്ങളുടെ സമാശ്വാസവും എന്നിൽ പ്രത്യാശയുയർത്തുന്നു.[60] പ്രശാന്തതയും എന്നേക്കുമുള്ള പ്രത്യാശയും നീതിയുടെ സദ്ഫലങ്ങളല്ലോ.[61]

അതേ, പ്രത്യാശ സുരക്ഷിതത്വമുള്ള നങ്കൂരമാണ്.[62] അത് എന്റെ ജീവിതത്തെ സ്വർഗതീരത്ത്, അതായത്, ദൈവപുത്രനായ യേശുക്രിസ്തുവിലൂടെ ദൈവത്തിൽ, നങ്കൂരമിട്ടുറപ്പിച്ചിരിക്കുന്നതാക്കുന്നു. അതേ, ദൈവമാണെന്റെ പ്രത്യാശ. യേശുമിശിഹായാണ് എന്റെ പ്രത്യാശ. യേശുമിശിഹായിൽ വെളിപ്പെട്ട ദൈവമാണെന്റെ പ്രത്യാശ. ഈ പ്രത്യാശയിൽ എനിക്കു സന്തോഷിക്കാം.[63] പ്രത്യാശയില്ലാത്തവർക്ക് ക്രിസ്തീയജിവിതം സാധ്യമല്ല. യേശുക്രിസ്തുവിലൂടെ ദൃശ്യമായ ദൈവമുഖം എന്റെ പ്രത്യാശയല്ലെങ്കിൽ ഞാൻ ക്രൈസ്തവനല്ല. എനിക്ക് ഭൗതികമായി എന്തെല്ലാമുണ്ടെങ്കിലും ആനന്ദിക്കാനാകില്ല. നൈമിഷികമായി അർമാദിക്കാൻ മാത്രമാകും. (നശ്വരമായ) *ഈ ജീവിതത്തിനുവേണ്ടി മാത്രം മിശിഹായിൽ പ്രത്യാശവച്ചവരാണ് നാമെങ്കിൽ, നാം എല്ലാ മനുഷ്യരെയുംകാൾ ദയനീയരത്രേ.*[64] *നമ്മോടു വാഗ്ദാനം ചെയ്തിരി*

---

[50]സങ്കീ 9,18-19 [51]റോമ 4,18 [52]റോമ 4,18; 8,24 [53]റോമ 8,24 [54]റോമ 8,20-21
[55]റോമ 8,24 [56]സങ്കീ 16,8-11; 73,25;അപ്പ 2,25-28 [57]ലൂക്കാ 24,1-12;അപ്പ 2,22-36
[58]എഫേ 4,4 [59]റോമ 5,4;8,25 [60]റോമ 5,4; 15,4 [61]ഏശ 32,17 [62]എബ്രാ 6,18-19
[63]റോമ 12,12 [64]1 കോറി 15,19

*ക്കുന്നവൻ വിശ്വസ്തനാകയാൽ, നമ്മുടെ പ്രത്യാശയുടെ ഏറ്റുവപറ ച്ചിൽ അചഞ്ചലമായി മുറുകെപ്പിടിക്കാം.*[65] എന്നാലും ദൈവമേ, പ്രത്യാശ ഇത്രയേറെ പ്രയാസപൂർണമായൊരു പുണ്യമാണല്ലോ! അതുകൊണ്ടു നീയത് ഓരോ നിമിഷവും എനിക്കു ദാനം ചെയ്തുകൊണ്ടിരിക്കണം. എന്റെ ഹൃദയം അതേറ്റുവാങ്ങിക്കൊണ്ടിരിക്കാൻ ഓരോ നിമിഷവും പ്രയത്നിക്കുമെന്നു ഞാനാശിക്കുന്നു. പരിശീലനത്തിനിടയ്ക്ക് എനിക്കു തുടർച്ചയായുണ്ടാകുന്ന വീഴ്ചകളിൽ നീതന്നെ താങ്ങായിരിക്കുമല്ലോ. അങ്ങനെ നമുക്കൊരുമിച്ചു അവസാനത്തോളം പോകാമെന്ന ഒരു ഒത്തു തീർപ്പിൽ തത്കാലം മുന്നോട്ടുപോകാം.

**ദൈവഭവനധ്യാനം – തുടർച്ച**

ദൈവജനം തങ്ങളുടെ സവിശേഷമായ ദൈവജനസ്വഭാവം സവി ശേഷമായി ആഘോഷിച്ചനുഭവിക്കുന്നിടമായ ദേവാലയവും *ദൈവഭവ* നമത്രേ. *മിശിഹാ ദൈവഭവനത്തിൽ പുത്രനെപ്പോലെയാണ്.* പുത്രനു വിശ്വസ്തത അവകാശവും അധികാരവുമാണല്ലോ. *നീ എന്റെ വത്സല പുത്രൻ* എന്ന് പിതാവ് യേശുവിനോടു സ്വർഗം തുറന്നു പ്രഖ്യാപിച്ച സമയത്തും സ്ഥലത്തുംതന്നെ അവിടുന്ന് അവനെ പ്രവാചകനും പുരോ ഹിതനും ദാസനുമായി പരിശുദ്ധാത്മാവിനാൽ അഭിഷേചിച്ചു.[66]

ദൈവമേ, എന്റെ മാമോദീസായിൽ നീ എനിക്കു നിന്റെ പ്രിയ പുത്രന്റെ, നിന്റെ ആദ്യജാതന്റെ, നിന്റെ ഏകജാതന്റെ, പ്രിയ പുത്രത്വം തന്ന് എന്നെയും നിന്റെ പ്രിയ പുത്രനാക്കി. നീ എനിക്കു പുത്രത്വവും പ്രവാചകത്വവും രാജകീയ പൗരോഹിത്യത്തിൽ ഭാഗഭാഗിത്വവും ഭൃത്യ ത്വവും നല്കിയ അഭിഷേകമായിരുന്നല്ലോ എന്റെ മാമോദീസാ. യേശു വിന്റെ പ്രിയപുത്രത്വം, ഇസഹാക്കിന്റെ പ്രിയപുത്രത്വംപോലെ, നിനക്കു സ്വീകാര്യമായ ബലിവസ്തുവാകാനുള്ള അഭിഷേകവും[67] ആയിരുന്നല്ലോ. എന്റെ മാമോദീസായിൽ നീ എനിക്കു നല്കിയ പ്രിയപുത്രത്വത്തിന്മേൽ എന്നിൽ നീ പടുത്തുയർത്തിയതാണല്ലോ എനിക്കു നല്കിയ, നിന്റെ ആദ്യജാതനായ ഏകജാതന്റെ ശുശ്രൂഷാപൗരോഹിത്യം – അനേകർക്കു വേണ്ടി ബലിവസ്തുവാകാനുള്ള നിയോഗം.

ദൈവത്തിന്റെ സഹവാസികളിൽ കർത്താവിന്റെ പ്രിയമെഴുമോമൽ ജനനിയുണ്ട്. മാലാഖഗണങ്ങളുണ്ട്. ഭാഗ്യമെഴുന്ന നിബിയന്മാരും ശ്ലീഹ ന്മാരും ധന്യത ചേർന്ന സഹദേന്മാരും വിശുദ്ധരുടെ ഗണവുമുണ്ട്. നീതി നിഷ്ഠരും ആചാര്യന്മാരുമുണ്ട്. താതന്റെ മിത്രരും ഏകജാതന്റെ ദിവ്യ

[65]എബ്രാ 10,23 [66] ലൂക്കാ 3,20–22; സങ്കീ 2,7;110,1–4

[67]ഉത്പ 22,2;ലൂക്കാ 9,31;12,50;22,42

മായ രഹസ്യാത്മജരുമായ അവർ അവനിൽനിന്ന് നൽസമ്പാദ്യം വാങ്ങി അവശന്മാരാം ഈ അടിയാർക്കായ് മുടക്കമില്ലാതെ നല്കീടുന്നു. ഈ സഹവാസികളെക്കുറിച്ച് എല്ലാ യാമങ്ങളും കുർബാനയാഘോഷങ്ങളും എന്നെ ഓർപ്പിക്കുന്നു. ആവർത്തിച്ച് ഓർപ്പിക്കുന്നതിനു നന്ദി, കർത്താവായ യേശുവേ. സഭയുടെ ഓർപ്പിക്കലിന്റെ ഒരു ഭാഗം ഞാനിപ്പോൾ ഇങ്ങനെ ഓർക്കട്ടെ: നിന്റെ സഹവാസികളിൽ, നിന്റെ രഥത്തിൽ പൂട്ടിയിരിക്കുന്ന നന്നാലു മുഖങ്ങളുള്ള ജീവികളുണ്ട് - സകല ജ്ഞാനത്തെയും സകലതും കാണാൻ കഴിവുള്ളവരുടെ സംഘമുണ്ട്; ദൈവം മനുഷ്യനായ നിന്നെ ദൈവാത്മാവിനാൽ മഹത്ത്വപ്പെടുത്തുന്ന നാലു സുവിശേഷകന്മാരുണ്ട്? നിന്റെ ദൈവത്വത്തെ സ്തുതിക്കുന്ന മാലാഖമാരുടെയും പ്രധാന മാലാഖമാരുടെയും ഗണങ്ങളുണ്ട്. നിന്റെ പ്രബലതയെ വാഴ്ത്തിപ്പുകഴ്ത്തി മഹത്ത്വപ്പെടുത്തുന്ന ക്രോബേന്മാരുടെ അണികളുണ്ട്. തന്റെ പരിശുദ്ധിയിൽ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ആർത്തട്ടഹസിച്ചു പറയുന്ന ആറാറു ചിറകുള്ള സ്രോപ്പേന്മാർ - എരിയുന്നവർ - ഉണ്ട്. നിന്റെ ഭയങ്കരത്വത്തെയും നിന്റെ പിതാവിന്റെ സാരാംശത്തെയും ശുശ്രൂഷിച്ചുനില്ക്കുന്ന സൈന്യങ്ങളുടെ നിരകളുണ്ട്. നിന്നെ വഹിച്ച ഉദരവും ഉണ്ട്. ഇവരിലെല്ലാം സഹവാസിയായ യേശുക്രിസ്തു ഇവരോടും തന്റെ പിതാവിനോടും പരിശുദ്ധാത്മാവിനോടും വിശ്വസ്തനാണ്.

അഗ്നിമയമായ സ്ഥാനത്തു നിന്ന് അഗ്നിമയന്മാർ ശുശ്രൂഷിക്കുന്ന അഗ്നിമയമായ രഹസ്യങ്ങളെ ശുശ്രൂഷിക്കുവാൻ, അഗ്നിമയന്മാരുടെ നാഥനും ജ്വലിക്കുന്ന അഗ്നിയുമായിരിക്കുന്ന നീ,[68] ഈ അയോഗ്യനെ അനുവദിക്കുന്നതിന്റെ രഹസ്യം നിനക്കു മാത്രമേ അറിയൂ. നിന്റെ അളവറ്റ കരുണയ്ക്കു സ്തുതി.

## യേശുക്രിസ്തു പറഞ്ഞുപഠിപ്പിച്ച വിശ്വസ്തത

**മത്താ 24,45-51:** ഞാൻ വിശ്വാസത്തോടും വിശ്വസ്തതയോടും നിർവഹിക്കേണ്ട ദൈവകാര്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങളെക്കുറിച്ചു കൂടുതൽ അറിവ് കൊഹനേഞായറിലെ മൂന്നാം വായനയിൽ, മത്താ 24,45-51ൽ, വ്യക്തമാകുന്നു. വാക്യം 45 പുരോഹിതനെ അവതരിപ്പിക്കുന്നതിങ്ങനെ: (1) *തന്റെ ഭവനത്തിലുള്ളവർക്കു യഥാസമയം ഭക്ഷണം കൊടുക്കാൻ യജമാനൻ അവർക്കുവേണ്ടി നിയോഗിച്ച വിശ്വസ്തനും വിവേകമതിയുമായ ഭൃത്യൻ/ദാസൻ.*[69]

---

[68] പുറ 3,2-6;19,18;24,17;നിയ 4,11-31; 5:4-26; 9,10;18,16;1രാജാ 18,24;ഹെബ്രാ 12,18

[69] മത്താ 24,45സുറിയാനി

(എ) *വിശ്വസ്തൻ* എന്നതിന്റെ സുറിയാനി, ഗ്രീക്കുവാക്കുകൾ എബ്രാ 2,17ൽ ഉപയോഗിച്ചതുതന്നെ. അവയുടെ വാച്യാർഥത്തിനും വ്യത്യാസമില്ല. മത്താ 24,45-51ൽ 'വിശ്വസ്തൻ' എന്ന വിശേഷണവാക്കിൽത്തന്നെ അഞ്ചു കാര്യങ്ങൾ അന്തർഭവിച്ചിട്ടുണ്ട്: ആർക്കുവേണ്ടി ഭൃത്യൻ നിയോഗിക്കപ്പെട്ടോ അവരോടും (*യജമാനന്റെ ഭവനത്തിലുള്ളവരോടും*), ഏല്പിക്കപ്പെട്ട ജോലിയോടും, അത് ഏല്പിച്ച യജമാനനോടും, വിശ്വസ്തൻ. ഒപ്പം, യജമാനൻ വൈകാതെ തിരികെവരുമെന്നും, അപ്പോൾ പ്രതിഫലം ലഭിക്കുമെന്ന വിശ്വാസവുമുള്ളവൻ.

(ബി) *വിവേകമതി* (സുറിയാനി: *ഹാകീമൊ* = ജ്ഞാനി; ബുദ്ധിമതി, വിവേകമതി).[70] വിവേകമതി ആരാണെന്ന് യേശു മുമ്പേ വ്യക്തമാക്കിയിട്ടുണ്ട്: (i) യേശുവിന്റെ വചനങ്ങളാകുന്ന ഉറച്ച പാറമേൽ അടിസ്ഥാനമിട്ടു ശിഷ്യത്വം, ക്രിസ്തീയജീവിതം, പണിതുയർത്തുന്നയാൾ.[71] മത്താ 24, 45-51നു തൊട്ടുപിന്നാലെയും പറഞ്ഞിട്ടുണ്ട്: (ii) മണവാളൻ വരാൻ വൈകുന്നതിനാൽ ഉറങ്ങാൻ കിടക്കുമ്പോഴും വിളക്കിൽ എണ്ണ കരുതിയിട്ടുള്ളവർ.[72] (iii) തങ്ങളുടെ കർത്താവ് വരുമെന്ന ഉറപ്പും, ഏതു ദിവസം വരുമെന്ന ഉറപ്പില്ലായ്മയും മൂലം എപ്പോഴും ജാഗ്രതയുള്ളവരും ഉണർന്നിരിക്കുന്നവരുമായ കാവല്ക്കാർ.[73]

(സി) മത്താ 24,45ലെ ഭൃത്യന്റെ ജോലി: *യജമാനന്റെ ഭവനത്തിലുള്ളവർക്കു യഥാസമയം ഭക്ഷണം നല്കുക.* ഇതാണ് ഭൃത്യനെക്കുറിച്ചുള്ള യജമാനന്റെ ഹിതം. യജമാനന്റെ ഭവനമായ ദൈവജനത്തിലെ, സഭയിലെ, ഭൃത്യനാണ് പുരോഹിതൻ. 'ദാസന്മാരുടെ ദാസൻ' ആയിരിക്കുകയാണല്ലോ മാർപാപ്പായുടെ ഉദ്യോഗം! പൗരോഹിത്യജനത്തിലെ പുരോഹിതൻ അവരിലോരോരുത്തർക്കും യജമാനന്റെ വചനമനുസരിച്ച് യഥാസമയം ഭക്ഷണം നല്കുന്നവനാണ്. ഇതുതന്നാണല്ലോ പുരോഹിതൻ വചനത്തിന്റെ പ്രഘോഷകനും കൂദാശകളുടെ ശുശ്രൂഷിയുമാണെന്നു സഭ ആവർത്തിച്ചോർപ്പിക്കുന്നതും.

(i) *യഥാസമയം ഭക്ഷണം നല്കുക*: യജമാനന്റെ ഭവനത്തിലുള്ളവർക്ക് ഭൃത്യൻ തനിക്കു സൗകര്യമുള്ളപ്പോളലല്ല, അവർക്ക് ഭക്ഷണം ആവശ്യമുള്ള സമയാസമയങ്ങളിൽ ഭക്ഷണം നല്കണം.

(ii) ഭൃത്യന് അനുഗൃഹീതനോ (ഭാഗ്യവാനോ) ദുഷ്ടനോ ആകാം: ഭൃത്യനു ലഭിച്ചിട്ടുള്ള നിയോഗം അവന് അനുഗൃഹീതനോ ദുഷ്ടനോ

[70] ഈ അർഥങ്ങൾതന്നെ *ഫ്രൊണിമൊസ്* എന്ന ഗ്രീക്കു വാക്കിനും.
[71] മത്താ 7,24-27 [72] മത്താ 25,1-13 [73] മത്താ 24,42-44

ആയിത്തീരാനുള്ള ഒരു പരീക്ഷണത്തിന്റെ അവസരം കൂടിയാണ്. യജമാനൻ തന്റെ ഭവനത്തിലുള്ളവരുടെ താത്കാലിക പരിപാലനം ഭൃതനെ ഭരമേല്പിച്ചിട്ടു പോയിരിക്കുകയാണ്. എപ്പോൾ തിരിച്ചെത്തുമെന്നു ഭൃത്യനോടു പറഞ്ഞിട്ടില്ല. തനിക്ക് ഏല്പിക്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്തവും സമയത്തിന്റെ സവിശേഷതയും മനസ്സിലാക്കി വിശ്വസ്തതയോടും വിവേകത്തോടും (ബുദ്ധിപൂർവമായും) തന്റെ ദൗത്യനിർവഹണത്തിൽ സദാസമയവും ജാഗ്രതയോടെ വ്യാപരിക്കുന്ന ഭൃത്യൻ അനുഗൃഹീതനാകും. *യജമാനൻ വരുമ്പോൾ ഇപ്രകാരം വർത്തിക്കുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ! തനിക്കുള്ള സകലത്തിന്മേലും അധികാരിയായി അവനെ നിയമിക്കുമെന്ന് സത്യമായി ഞാൻനിങ്ങളോടു പറയുന്നു.* വിശ്വസ്തനും വിവേകമതിയുമായ ഭൃത്യൻ ഭാഗ്യവാനും, യജമാനനുള്ള സകലത്തിന്മേലും അധികാരിയും ആകുന്നു.

(2) *എന്നാൽ, ആ ഭൃത്യൻ ദുഷ്ടനായി എന്റെ യജമാനൻ വരാൻ വൈകുമെന്നു തന്റെ ഹൃദയത്തിൽ പറയുകയും, കൂട്ടുവേലക്കാരെ അടിക്കാൻ ആരംഭിക്കുകയും, മദ്യപന്മാരോടുകൂടെ തീനിയും കുടിയനും ആകുകയും ചെയ്താൽ, പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത നാഴികയിലും ആ ഭൃത്യന്റെ യജമാനൻ വന്ന് അവനെ പിരിച്ചുവിടുകയും അവന്റെ അവകാശം കപടഭക്തരോടുകൂടെ നിശ്ചയിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.*[74]

(i) ഈ ഭാഗത്ത് ഭൃത്യന് 'ദുഷ്ടൻ' എന്ന വാക്കാണ് 'വിശ്വസ്തനും വിവേകമതിയും' എന്ന വിശേഷണങ്ങൾക്കു പകരം യേശു ഉപയോഗിച്ചിട്ടുള്ളത്. 'വിശ്വസ്തനും വിവേകമതി'ക്കും വിരുദ്ധനാണ് 'ദുഷ്ടൻ.' അതിനാലാണ് *ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ* എന്നു പ്രാർഥിക്കാൻ യേശു ഗിരിപ്രഭാഷണത്തിൽ പഠിപ്പിച്ചിട്ടുള്ളത്.[75] 'ദുഷ്ടൻ' പിശാചിന്റെ പര്യായമാണ്. 'വിശ്വസ്തനും വിവേകമതിയും' ആയിരിക്കേണ്ടവൻ പിശാചായിത്തീരുന്നു.

(ii) ഈ ആയിത്തീരലിന്റെ ഗതിവിഗതികൾ, പരിണാമക്രമം, 48 -49 വാക്യങ്ങളിൽ ഉണ്ട്. ഹൃദയത്തിലാണ് തുടക്കം. *എന്റെ യജമാനൻ വരാൻ വൈകുമെന്നു തന്റെ ഹൃദയത്തിൽ പറയുകയത്രേ*. ഹൃദയത്തിൽ നിരൂപിക്കുക മാത്രമല്ല. ആ ഘട്ടം കഴിഞ്ഞു. ഹൃദയത്തിൽ പറഞ്ഞുറപ്പിച്ചുകൊണ്ടിരിക്കുകയാണ്. അത് കൂട്ടുകാരെ ആക്രമിക്കുന്ന ഘട്ടത്തിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോകുന്നു. യജമാനൻ വരാനുണ്ട് എന്ന വിചാ

[74]മത്താ24,48-51 സുറിയാനി [75]മത്താ 6,13 സുറിയാനി

രവും, താൻ യജമാനന്റെ ഭൃത്യൻ മാത്രമാണെന്ന വിചാരവും അവനു നഷ്ടമായി. സ്ഥകാലബോധമില്ലാത്തവനായി. അവസാനം അവന്റെ സന്തത സഹവാസം മദ്യപാനികളോടുകൂടെയായി: *മദ്യപന്മാരോടുകൂടെ തീനിയും കുടിയനും ആകുന്നു*. സ്ഥകാലബോധമില്ലാത്തവരുടെ സന്തത സഹവാസിയായി.

(iii) അവന് തന്റെ പ്രതിഫലം ലഭിക്കുന്നു: *പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത നാഴികയിലും ആ ഭൃത്യന്റെ യജമാനൻ വന്ന് അവനെ പിരിച്ചുവിടുന്നു.*[75a] ദുഷ്ടനായിത്തീർന്ന ഭൃത്യൻ പ്രതീക്ഷിക്കാത്ത ദിവസവും അറിയാത്ത നാഴികയും ഏവയാണ്? സ്ഥകാലബോധമില്ലാതായവന് പ്രതീക്ഷയുടെ ദിവസങ്ങളില്ല; നാഴികകളുടെ അറിവുമില്ല. പ്രതീക്ഷയ്ക്ക് അവധി കൊടുത്തവനും നിമിഷങ്ങളുടെ അർഥവും മൂല്യവും നിർണായകത്വവും കൈമോശം വന്നവനുമാണ്.

*യജമാനൻ വന്ന് അവനെ പിരിച്ചുവിടുന്നു*. ഭൃത്യൻ യജമാനന്റെ ഹിതം പ്രവർത്തിച്ചില്ലെന്നു മാത്രമല്ല, അയാളുടെ ഹിതത്തിന് അഹിതമായതും പ്രവർത്തിച്ചു. അങ്ങനെ, അവൻ തനിക്ക് യജമാനന്റെ ഭവനത്തിൽ ഉണ്ടായിരുന്ന ബഹുമാന്യമായ ജോലി നഷ്ടപ്പെടുത്തി. ശിക്ഷയുടെ ഒന്നാം ഘട്ടം. രണ്ടാം ഘട്ടം, *അവന്റെ അവകാശം കപടഭക്തരോടുകൂടെ നിശ്ചയിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.*[76] ഇനി *അവന്റെ അവകാശം കപടഭക്തരോടുകൂടെ*യെന്ന് യജമാനൻ നിശ്ചയിക്കുന്നു – വിധിക്കുന്നു. യേശു കപടഭക്തർക്കെതിരേ സ്വരമുയർത്തിയത് ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് മത്തായി എഴുതിയ സുവിശേഷത്തിലാണല്ലോ. അവർ ദൈവത്തിൽനിന്ന് ഹൃദയം അകറ്റിയവരും വ്യർഥമായി അവിടുത്തെ സേവിക്കുന്നവരുമാണ്.[77] അവരോടൊത്ത് കരച്ചിലും പല്ലുകടിയും ഉണ്ടാകുന്നിടത്താണ് ഇനി ഭൃത്യന്റെ അവകാശം. കരച്ചിലും പല്ലുകടിയും ഉണ്ടാകുന്നിടം *പുറത്തുള്ള അന്ധകാരമാണ്*;[78] അർഹത സ്വന്തമാക്കാത്തവരെ കൈകാലുകൾ കെട്ടി എറിയുന്നിടമാണ്;[79] *മനുഷ്യപുത്രൻ അയയ്ക്കുന്ന തന്റെ മാലാഖമാർ രാജ്യത്തുനിന്ന് എല്ലാ ഇടർച്ചകളെയും ദുഷ്കർമികളെയും തിരഞ്ഞെടുത്ത് തീച്ചൂളയിൽ എറിയുന്നിടമാണ്*[80] – നരകമാണ്; ദഹിപ്പിച്ചില്ലാതാക്കുന്ന തീച്ചൂളയാണ്.

തന്റെ സഭയിൽ തന്റെ പൗരോഹിത്യത്തിൽ ഭാഗഭാഗിത്വം നല്കിയിട്ടുള്ള എന്റെ പുരോഹിതവിശ്വസ്തതയുടെ നിലവാരം പുനഃപരി

[75a] 24,50–51സുറിയാനി [76] മത്താ 24,51സുറിയാനി [77] മത്താ 15,8–9 [78] മത്താ 8,12
[79] മത്താ 22,13 [80] മത്താ 13,41–42

ശോധിക്കാനുള്ള ആഹ്വാനമാണല്ലോ, വാസ്തവത്തിൽ, ഈ വേദഭാഗത്തു ചൂണ്ടിക്കാണിക്കപ്പെടുന്നത്!

യേശുക്രിസ്തുവിന്റെ വിശ്വസ്തതയുടെ മർമസംഗ്രഹം ഇവിടെയുണ്ടല്ലോ: *അപ്പോൾ ഞാൻ പറഞ്ഞു: പുസ്തകങ്ങളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ദൈവമേ, അവിടത്തെ ഹിതം ചെയ്യാൻ ഇതാ, ഞാൻ വന്നിരിക്കുന്നു.*[81] ദൈവഹിതം ചെയ്യലാണ് ബലിമർമം. ഈ ദൈവഹിതനിറവേറ്റലിൽ ദൈവപുത്രനായ അവന്റെ മനുഷ്യനായിത്തീരലും ഭൗമികജീവിതമാകെയും ഉൾപ്പെട്ടിരിക്കുന്നു. ജീവിതംതന്നെ ബലിയായി. അതിന്റെ പരമോന്നതിയല്ലോ ഗൊല്ഗോഥായിലേത്. ഇതാണല്ലോ അവന്റെ സമ്പൂർണ ബലിയും: *മഹാശ്രേഷ്ഠപുരോഹിതന്റെ* വിശ്വസ്തതയും ജീവിതവും ബലിയും ഏകീഭവിക്കുന്നു. ഈ ബലി സ്ഥാപിക്കപ്പെട്ടതോടെ ഒന്നാമത്തേത് - നിയമപ്രകാരം അർപ്പിക്കപ്പെട്ടിരുന്ന ബലികളും കാഴ്ചകളും പാപങ്ങളെപ്രതിയുള്ള ദഹനബലികളും - ദൈവം ആഗ്രഹിക്കുകയോ അതിൽ പ്രസാദിക്കുകയോ ചെയ്യുന്നില്ല.[82]

വിശ്വാസം വിശുദ്ധീകരിക്കുന്നു എന്നതിന്റെ സാക്ഷ്യങ്ങളാണല്ലോ ശതാധിപനും രക്തസ്രാവക്കാരിയും കൊർണേലിയൂസും.[83] വിശുദ്ധീകരിക്കുന്ന, പവിത്രീകരിക്കുന്ന, വിശ്വാസത്തിൽനിന്നു[84] വിശുദ്ധിവഴി സ്നേഹത്തിലേക്കുള്ള ഹൃദയത്തിന്റെ യാത്രയുടെ അന്തിമ സ്ഥിരസ്ഥിതിയല്ലേ യേശുവേ വിശ്വസ്തത. വിശ്വാസത്തിൽ സ്വരൂപിക്കുന്ന സ്നേഹമല്ലേ വിശ്വസ്തത! അത് കളങ്കമറ്റ സ്നേഹത്തിന്റെ മുദ്രയുമല്ലേ!

യേശുമിശിഹായേ, എന്നേക്കും ജീവിക്കുന്നവനും എന്നേക്കും നിലനില്ക്കുന്നവനുമാകയാൽ എന്നേക്കുമുള്ള പുരോഹിതനാണ് നീ. കൈമാറപ്പെടാത്ത നിന്റെ പൗരോഹിത്യത്തിൽ[85] എനിക്കു പങ്കു നല്കിക്കൊണ്ട് നീ പരിശുദ്ധാത്മാവിനെ എന്നിലയച്ചു. നിന്റെ സഭയിൽ പുരോഹിതശുശ്രൂഷ ചെയ്യാൻ പരിശുദ്ധാത്മാവ് എന്നെ വിളിച്ചു നിയോഗിച്ചയച്ചിരിക്കുന്നു. ശ്രേഷ്ഠപ്രധാനപുരോഹിതനായ നിന്റെ വിശ്വസ്തത എന്റേതാക്കണം. അത് നീ എന്നെ ഏല്പിച്ചിട്ടുള്ള ദൈവികകാര്യങ്ങളിൽ, ദൈവത്തിന്റെ ഭവനത്തിൽ (ദൈവജനത്തിൽ), ദൈവത്തിന്റെ സഹവാസികളിൽ, ഭൃത്യനെക്കാൾ മഹത്ത്വമുള്ള പുത്രനെപ്പോലെ വിശ്വസ്തനായിരിക്കുകയാണ്. ഞാൻ നിന്നോടും നീ ഏല്പിച്ച കാര്യങ്ങളോടും ആർക്കുവേണ്ടി നീ കാര്യങ്ങൾ എന്നെ ഏല്പിച്ചിരിക്കുന്നുവോ അവരോടും

[81]എബ്രാ 10,7സുറിയാനി [82]എബ്രാ 10,8-9 [83]അപ്പ 10,28.43 [84]അപ്പ 15,9;26,18
[85]ഹെബ്രാ 8,17.24-25

ഞാൻ വിശ്വസ്തനായിരിക്കണമല്ലോ. അതും നിന്റെ സഹായത്താൽ പീഡനങ്ങളും പരീക്ഷകളും അഭിമുഖീകരിച്ചുകൊണ്ട്. ഇക്കാര്യങ്ങളുടെ ഇടവിട്ടുള്ള ഓർമയിൽനിന്ന് ഇടതൂർന്നുള്ള ഓർമയുടെ ലഹരിയിൽ ആനന്ദിക്കണമെന്ന് ആശിക്കാനും പ്രാർഥിക്കാനും നിന്നെ ശ്രദ്ധിക്കാനും എനിക്കിനിയും നീ നിമിഷങ്ങൾ നല്കുമെന്നു ഞാൻ പ്രത്യാശിക്കട്ടെ.

കാരുണ്യവാനായ കർത്താവേ, നിന്റെ ഭവനത്തിലുള്ളവർക്കു യഥാസമയം ഭക്ഷണം നല്കാൻ നീയേല്പിച്ച ഈ ഭൃത്യൻ അവിശ്വസ്തനും അവിവേകിയുമായി പ്രവർത്തിച്ചതൊന്നും കണക്കു നോക്കരുതേയെന്ന് അളവില്ലാത്ത നിന്റെ കരുണയോടപേക്ഷിക്കുന്നു. കർത്താവേ, നിന്റെ കാരുണ്യത്തിനു നിന്നോടു ഞാൻ അപേക്ഷിക്കുന്നത് *കാരുണ്യം വിധിയുടെമേൽ വിജയംവരിക്കുന്നു*[86] എന്നോർത്തുകൊണ്ടാണെന്ന് ഓർക്കണമെ! എന്റെ കർത്താവേ, ദുഷ്ടനും മടിയനുമായിപ്പോയ ഇവനെ ഇവന്റെ കൈകളും കാലുകളും കെട്ടി പുറത്തെ അന്ധകാരത്തിലേക്കു കൊണ്ടുപോകുവിനെന്നുള്ള വേദനാകരമായ ശബ്ദം കേൾക്കുവാൻ നിന്റെ ഈ ഭൃത്യന് ഇടയാക്കരുതേ. ബലഹീനനായ ഈ ഭൃത്യന്റെ ബലഹീനതകളും കുറവുകളും ആണിപ്പഴുതുള്ള നിന്റെ ബലമുള്ള കൈകളാൽ മായിച്ചുകളയണമെ. പ്രതിഫലത്തിന്റെ ദിവസത്തിൽ വിശ്വസ്തരും വിവേകികളുമായ ഭവനവിചാരിപ്പുകാരോടുകൂടെ പ്രതിഫലം പ്രാപിക്കാൻ കൃപായാൽ ഇവന് ഇടയാക്കണമെ. പരിശുദ്ധാത്മാവേ, നിന്റെ സദ്ഫലമായ വിശ്വസ്തതയാൽ ഈ മഹാപാപിയെ അനുഗ്രഹിക്കണമെ. ഞാൻ പ്രത്യാശയർപ്പിക്കുന്നത് ക്രിസ്ത്യാനികളുടെമാത്രം ദൈവത്തിലല്ല. പിന്നെയോ, *എല്ലാ മനുഷ്യരുടെയും, വിശിഷ്യ, വിശ്വാസികളുടെയും രക്ഷകനായ ജീവിക്കുന്ന ദൈവത്തിലാണ്.*[87] *പ്രത്യാശ എന്നെ നിരാശനാക്കുന്നില്ല. കാരണം, എനിക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം എന്റെ ഹൃദയത്തിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു;*[88] ഞാൻ ശുശ്രൂഷിക്കുന്ന കർത്തൃഭവനത്തിലെ വാസികളിലേക്കും സഹഭൃത്യരിലേക്കും *നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം അവരുടെ ഹൃദയത്തിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു.*

---

[86] യാക്കോ 2,13 [87] 1 തിമോ 4,6. [88] റോമ 5,5.

ഭാഗം

# II

# വിശുദ്ധീകരണം ദൈവികീകരണം

അധ്യായം

# 1

# ദൈവത്തിന്റെ വിശുദ്ധിയിലേക്ക്

## എന്താണ് വിശുദ്ധി?

വിശുദ്ധീകരിക്കപ്പെടുക എന്നതിന്റെ അർഥമെന്ത്? ഉത്തരം എന്താണ് വിശുദ്ധി/പരിശുദ്ധി എന്ന ചോദ്യത്തിന്റെ ഉത്തരത്തെ ആശ്രയിച്ചിരിക്കുന്നു.

സകല ഭക്ഷണസാധനങ്ങളിലും മായം തിന്നും കൊടുത്തും ജീവിതം കണ്ടെത്തുന്ന മലയാളത്തിൽ ഇപ്പോൾ വിശുദ്ധിയെക്കുറിച്ചു വിചാരിക്കുന്നതുതന്നെ ഒരനാവശ്യമാകാം; അസാധ്യതയുമാകാം.

ക്രിസ്ത്യാനിക്കു വിശുദ്ധിവിചാരം ഒഴിയാബോധമാണ്. അഴിയാബോധമായിരിക്കണം. അത് അവരുടെ ബുദ്ധബോധമാണ്. അവർ വിശുദ്ധജനമാണ്.[1] *വിശ്വാസത്താൽ പവിത്രീകരിക്കപ്പെട്ടവരാണ്.*[2] വിശ്വാസത്താലും മാമോദീസായാലും വിശുദ്ധീകരിക്കപ്പെട്ടവരും 'വിശുദ്ധർ' എന്നു വിളിക്കപ്പെട്ടവരുമാണ്.[3] *ദൈവതിരുമുമ്പിൽ പരിശുദ്ധരും കളങ്കമറ്റവരും നിർമലരുമായി നിറുത്തുന്നതിനുവേണ്ടി ഇപ്പോൾ ക്രിസ്തു തന്റെ മരണംവഴി അനുരഞ്ജിപ്പിച്ചവരാണ്.*[4] *വിശുദ്ധീകൃതരും തങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുന്നവരുമാണവർ.*[5] വിശുദ്ധ ചുംബനത്താൽ അന്യോന്യം അഭിവന്ദനം ചെയ്യാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ.[6]

---

[1] 1 പത്രോ 2,9 [2] അപ്പ 15,9 [3] അപ്പ 9,13;റോമ 1,7;1 കോറി 1,2; എഫേ 1,1
[4] കൊളോ 1,22 [5] റോമ 12 [6] 1 കോറി 16,20; 2 കോറി 13,12

മഹാജ്ഞാനിയായ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ സൂചിപ്പിക്കുന്നു: വിശുദ്ധിയെ ലൈംഗിക മേഖലയിലേക്കു മാത്രം പരിമിതപ്പെടുത്തിപ്പോന്നൊരു രീതി ആത്മീയതയെക്കുറിച്ചു ക്രിസ്തീയ വിചാരലോകത്ത് പത്തൊമ്പതാം നൂറ്റാണ്ടിൽ സൃഷ്ടിക്കപ്പെട്ടിരുന്നു. അത് ഭൗതിക വസ്തുക്കളെയും മനുഷ്യശരീരത്തെത്തന്നെയും സംശയത്തിന്റെ നിഴലിൽ മറച്ചു.[7] ആ വേലിയും പൊളിച്ചുകളഞ്ഞിരിക്കുന്നു ഇപ്പോഴത്തെ ആഗോളവത്കരണവും ചന്തവത്കരണവും. മനുഷ്യശരീരം, വിശേഷിച്ച്, സ്ത്രീശരീരം അതിന്റെ തനിരൂപത്തിൽ വിവിധ വിധങ്ങളിൽ വിപണിവസ്തുവായി പ്രദർശിപ്പിക്കപ്പെടുന്നു. ദേവാലയങ്ങൾ പോലും ശരീരപ്രദർശനത്തിനു വേദിയാക്കുന്ന ആരാധകരെയും(?) അവിടങ്ങളിൽ ആരാധകർക്കു കാണേണ്ടിവരുന്നു! വിപണിലോകം മനുഷ്യശരീരത്തെ എങ്ങനെല്ലാം കാഴ്ചവസ്തുക്കളാക്കിയാലും ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് വിശുദ്ധിവിചാരം ഒരു അധികപ്പറ്റല്ല. മറിച്ച്, ഒരു അവശ്യവിചാരമാണ്; അവശ്യധ്യാനവും അവശ്യസമ്പത്തുമാണ്.

## ദൈവം പരിശുദ്ധിയാണ്

യഹൂദ,ക്രൈസ്തവ സഭകൾ ഏറ്റവും കൂടുതൽ പ്രാധാന്യം നല്കുന്ന ദൈവിക ഗുണവിശേഷം അവിടത്തെ വിശുദ്ധിയാണ്. ദൈവിക ഗുണവിശേഷങ്ങളിൽ വിശുദ്ധിക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം നല്കാൻ പ്രത്യേകമൊരുദ്ദേശ്യമുണ്ട്: *നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്*. ദൈവമായ കർത്താവിന്റെ ഈ വചനം അഞ്ചു പ്രാവശ്യം ലേവ്യപ്പുസ്തകത്തിൽ ആവർത്തിക്കുന്നുണ്ട്.[8] അത് പത്രോസ് ഇങ്ങനെ പുതുക്കുന്നു: *നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ, എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ, ഞാൻ പരിശുദ്ധനാണ്*. പിതാവ് വിശുദ്ധനായിരിക്കുന്നതിനാൽ മക്കളും വിശുദ്ധരായിരിക്കണം. വിളിച്ചവനെപ്പോലെ വിളിക്കപ്പെട്ടവരും.

ദൈവം പരിശുദ്ധനാണ് എന്നു പറയുന്നതിന്റെ സാമാന്യ വിവക്ഷ ഇതത്രേ: ദൈവം സൃഷ്ടികൾക്കെല്ലാം അസ്തിത്വവും ജീവനും നല്കുന്നവനാണെങ്കിലും, അവയിൽനിന്നെല്ലാം വ്യത്യസ്തനാണ്. ദൈവം അദൃശനും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യനും സർവസൃഷ്ടികൾക്കും അതീതനുമാണ്;[9] ഒരു സൃഷ്ടിയല്ല. ''ദൈവത്തിന്റെ പരിശുദ്ധി അവിടത്തെ

[7] *Jesus of Nazareth*, part Two, Reprint Asian Trading Corporation, Banglore, 2011, 60.
[8] 11,4. 45; 19,2; 20,7. 26 [9] 1 പത്രോ 1,15-16

നിത്യരഹസ്യത്തിന്റെ അപ്രാപ്യമായ കേന്ദ്രമാണ്. അതിനെ സംബന്ധിച്ച് സൃഷ്ടിയിലും ചരിത്രത്തിലും വെളിപ്പെടുത്തപ്പെട്ടതിനെ വിശുദ്ധഗ്രന്ഥം വിളിക്കുന്നത് 'മഹത്ത്വം' എന്നും അവിടുത്തെ 'പ്രതാപത്തിന്റെ പ്രഭ' എന്നുമാണ്.''[10] ദൈവത്തിന്റെ അതീതത്വം ദൈവത്തിന്റെ പരിശുദ്ധിയുടെ ആദ്യമാനമാണ്. അതിനോടുള്ള മനുഷ്യന്റെ പ്രതികരണമാണ് ആരാധന.

കേവലവിശുദ്ധി ദൈവിക വ്യക്തിത്വത്തിന്റെ പൂർണതയാണ്. വിശുദ്ധി ദൈവത്തിന്റെ ഒരു ഗുണവിശേഷമാണ്. വിശുദ്ധി ദൈവത്തിന്റെ ഒരു ഗുണവിശേഷമാണെന്നു പറയുന്നത് വിശുദ്ധി ദൈവത്തിന്റെ ഒരു വിശിഷ്ടാലങ്കാരം എന്നയർത്ഥത്തിലല്ല. അനേകം വിശിഷ്ടഗുണങ്ങളി ലൊന്ന് എന്ന അർഥത്തിലല്ല. ദൈവം വിശുദ്ധിതന്നെയാകുന്നു എന്ന യർഥത്തിലാണ്. അവിടുത്തെ അസ്തിത്വം വികിരണം ചെയ്യപ്പെടാത്ത വിശുദ്ധിയാണ്. ദൈവം പരിശുദ്ധനാകുന്നു എന്നോ പരിശുദ്ധനായ ദൈവം എന്നോ പറയുന്നതിന്റെ ധ്വനി ദൈവം പരിശുദ്ധിയാകുന്നു എന്നാണ്.[11] അതത്രേ പുരോഹിതനായ ഞാൻ ''പരിശുദ്ധനായ പിതാവ് പരിശുദ്ധൻ; പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ; ജീവപ്രദനും പരിശു ദ്ധനുമായ റൂഹാ പരിശുദ്ധൻ'' എന്നിപ്രകാരം മലങ്കരക്കുർബാനയിൽ ധൂപകലശം വാഴ്ത്തിക്കൊണ്ടാലപിക്കുന്നത്. അതുതന്നെ ''പരിശുദ്ധ നായ പിതാവും പരിശുദ്ധനായ പുത്രനും പരിശുദ്ധനായ റൂഹായുമ ല്ലാതെ പരിശുദ്ധൻ ഇല്ല'' എന്ന് വിശുദ്ധ കുർബാന സ്വീകരിക്കുന്നതി നൊരുക്കമായി ദൈവജനം ഉദ്ഘോഷിക്കുന്നതിന്റെയും അർഥം. പരി ശുദ്ധി എന്ന നാമവും പരിശുദ്ധ (വിശുദ്ധ) എന്ന വിശേഷണവും, സൂക്ഷ്മമായി പറഞ്ഞാൽ, ദൈവത്തിന്റേതു മാത്രമാണ്. ദൈവത്തിന്റെ കാര്യത്തിൽ സത്തയും വിശേഷണവും ഒന്നാണ്.

ദൈവത്തിന്റെ വിശുദ്ധി രക്ഷാചരിത്രത്തിലൂടെ വെളിപ്പെട്ടതാണ് അവിടത്തെ കരുണാർദ്രമായ സ്നേഹം. ഇതും ദൈവത്തിന്റെ വിശു ദ്ധിയുടെ മാനമാണ്.[12] ദൈവം കരുണാർദ്രമായ സ്നേഹത്തിലൂടെ പ്രക ടമാക്കുന്നത് തന്റെ വിശുദ്ധിതന്നെയാണ്. എന്തെന്നാൽ, സ്നേഹംത ന്നെയായ ദൈവം വിശുദ്ധിയാണ്; വിശുദ്ധിയായ ദൈവം സ്നേഹമാ ണ്. ഇതാണ് പഴയ ഉടമ്പടിയിലെ ഇസ്രായേൽജനത്തിന്റെ പുറപ്പാടു സംഭവത്തിലും, അവരുടെ അനുഗ്രഹത്തിനുവേണ്ടി ദൈവം ചെയ്തി ട്ടുള്ള എല്ലാറ്റിലും പ്രകടമായത്. പുതിയ ഉടമ്പടിയിൽ, വചനംതന്നെ യായ ദൈവം മനുഷ്യനായി നമ്മുടെയിടയിൽ വസിച്ച് കുരിശിൽ മഹ

---

[10] *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, പി.ഒ.സി. പ്രസിദ്ധീകരണം, നമ്പർ 2809.

[11] ഹോസി 11,9; സങ്കീ 33,21;ആമോ 2,7;ഏശ 43,25

[12] മൈക്കിൾ കാരിമറ്റം, ''ലേവ്യർ,'' *ആൽഫാ ബൈബിൾവ്യാഖ്യാനം*, വാല്യം 1, തലശ്ശേരി, 2012, 536.

ത്ധീകൃതനായതിലും വെളിപ്പെട്ടത്. തന്റെ ഏകജാതനെ നല്കാൻതക്ക വിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചതിൽ വെളിപ്പെട്ടത്. പീഡിതരുടെയും മർദ്ദിതരുടെയും ദരിദ്രരുടെയും നിലവിളി കേൾക്കുന്നതിൽ വെളിപ്പെടുന്നത്. അടിമകൾക്കു വിടുതലും വിശക്കുന്നവർക്കു ഭക്ഷണവും പാർപ്പിടമില്ലാത്തവർക്കു പാർപ്പിടവും പാപികൾക്കു പാപമോചനവും ദൈവാരാധനയ്ക്കു സൗകര്യമില്ലാത്തവർക്ക് അതിനുള്ള ക്രമീകരണങ്ങളും നല്കുന്നതിൽ പ്രകടമാകുന്നത്. വിശുദ്ധി സൃഷ്ടിപരമാണ്.

പരമപരിശുദ്ധൻ - പരിശുദ്ധി - ദൈവമാണ്. അതിനാൽ, വിശുദ്ധീകരിക്കപ്പെടുകയെന്നാൽ അവിടത്തേക്കുവേണ്ടി വേർതിരിക്കപ്പെട്ടു സമർപ്പിക്കപ്പെടുകയാണ്. അതു ബാഹ്യമായി സൂചിപ്പിക്കുന്ന പല അനുഷ്ഠാനങ്ങൾ പഴയനിയമസഭയ്ക്കുണ്ടായിരുന്നു; പുതിയനിയമസഭയ്ക്കുമുണ്ട്. രക്തം തളിച്ചോ വെള്ളം തളിച്ചോ വിശുദ്ധീകരിക്കുന്ന അനുഷ്ഠാനമല്ല എന്നിൽ ഇനിയും സംഭവിക്കേണ്ടത്. ദാനിയേൽ ദർശിച്ച യുഗാന്ത്യ വിശുദ്ധീകരണം[13] ദൈവം എന്നിൽ നടത്തിയതാണ്. വിശുദ്ധീകരണത്തിന്റെ ആത്മാവിനെ ദൈവം എനിക്കു നല്കിയതാണ്. ക്രിസ്തു സ്വസ്നാനത്താൽ വിശുദ്ധീകരിച്ചു സ്ഥാപിച്ച യോർദാനിലെ വെള്ളത്തിൽ ത്രിത്വൈകദൈവം എന്നെ കഴുകി ശുദ്ധീകരിച്ചെടുത്തിട്ടുള്ളതാണ്. എന്റെ അകത്തളങ്ങളെ വിശുദ്ധീകരിക്കാൻ പ്രാപ്തമായ ക്രിസ്തുവിന്റെ എന്നേക്കുമുള്ള ബലിയാൽ[14] എന്നെ വിശുദ്ധീകരിച്ചിട്ടുള്ളതാണ്. എത്രയോ പ്രാവശ്യം എന്നെ പാപങ്ങളിൽനിന്നും വിഗ്രഹാരാധനയിൽനിന്നും കുമ്പസാരത്തിൽ വിശുദ്ധീകരിച്ചിരിക്കുന്നു! കർത്താവ് എനിക്കു പുതിയ ഹൃദയം തരുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്.[15] അതും എന്റെ ഹൃദയത്തിൽ നിക്ഷേപിക്കുന്ന അവിടത്തെ ആത്മാവിനെയും ഞാൻ സ്വീകരിച്ചുകൊണ്ടിരിക്കണം. കർത്താവേ, നിർമലമായൊരു ഹൃദയം എനിക്കു തരണമെ. അതിൽ നിന്റെ ആത്മാവിനെ നിറയ്ക്കണമെ. യേശുക്രിസ്തു തന്റെ പിതാവിനു സ്വീകാര്യകുർബാനയായി സ്വയം സമർപ്പിച്ചു വിശുദ്ധീകരിച്ചു. അതിന് അനുരൂപമായി വിശുദ്ധകുർബാനയിൽ എന്നെത്തന്നെ നിനക്കു സ്വീകാര്യമായ കുർബാനയായി സമർപ്പിച്ച് എന്റെ വിശുദ്ധീകരണം പ്രാപിക്കാൻ അനുഗ്രഹിക്കണമെ.

ദൈവമേ, സ്നേഹമായ നീ വിശുദ്ധിയും, വിശുദ്ധിയായ നീ സ്നേഹവുമാകുന്നു. അക്കാരണത്താൽ, നിന്റെ സൃഷ്ടികളായ എന്റെ സഹജീവികളോട്, എന്റെ സഹോദരങ്ങളോട്, കരുണാർദ്രമായ സ്നേഹമില്ലാതെ വിശുദ്ധി പാലിക്കാൻ എനിക്കു സാധ്യമല്ലല്ലോ. അവരോടുള്ള എന്റെ

[13] ദാനി 7,18-22 [14] എബ്രാ 9,11-14 [15] എസെ 11,19;ജറെ 31,31-34

സ്നേഹത്തിനു വിശുദ്ധിയില്ലെങ്കിൽ അതു സ്നേഹമല്ലല്ലോ. ദൈവാരാധന ഈ ലോകത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല. ദൈവമേ, സ്നേഹമേ, നിന്റെ രക്ഷാകരമായ - പുനഃസൃഷ്ടിക്കുന്ന - സ്നേഹത്തിന്റെ വിശുദ്ധിയിൽ അതനുഭവിക്കാൻ സകല സൃഷ്ടികളോടുമുള്ള ഐക്യത്തിൽ നിന്നോടൊത്തായിരിക്കുന്നതാണല്ലോ ആരാധന. ഈ ഐക്യാനുഭവത്തിൽ ദൈവമേ, നിന്റെ സ്നേഹത്താൽ, നിന്റെ വിശുദ്ധിയാൽ, നീ എന്നെ വിശുദ്ധീകരിക്കുന്നു. എന്റെ സഹജീവികൾക്കെല്ലാം നിന്റെ വിശുദ്ധ സ്നേഹം സൃഷ്ടിപരമായി പങ്കുവയ്ക്കാൻതന്നെ. ആരാധനാനുഭവത്തിന്റെ പ്രയോഗമാണല്ലോ ധാർമിക വിശുദ്ധി. വിശുദ്ധ സ്നേഹമേ, വിശുദ്ധീകരിക്കുന്ന നിന്റെ സ്നേഹം എന്റെ സഹോദരങ്ങളായ സകല സൃഷ്ടികൾക്കും പങ്കുവയ്ക്കാൻ ഈ ആരാധനയിൽ എന്നെ വിശുദ്ധീകരിക്കണമെ.

അധ്യായം

# 2

# ദൈവത്തിന്റെ വിശുദ്ധിയും മഹത്ത്വവും

ദൈവമേ, നീ പരിശുദ്ധനാണ് - സത്യദൈവമാണ്; വിശുദ്ധിയാണ്. ഈ സത്യം നിന്റെ ജനത്തിനു വെളിപ്പെട്ട ഒരു മഹാരഹസ്യമാണല്ലോ. ഈ രഹസ്യം വിശ്വാസവും സ്നേഹവുംകൊണ്ട് നിന്റെ മക്കൾക്ക് അറിയാം. ഈ അറിവ് നിന്നോടു നിന്റെ മക്കളിൽ ദാസരുടേതുപോലുള്ള ഭയഭക്ത്യാദരവുകളും വിധേയത്വവുംകൂടി ജനിപ്പിക്കുന്നു.

ദൈവമേ, നിന്റെ വിശുദ്ധിയല്ലോ സൃഷ്ടികളിലെല്ലാം പ്രതിഫലിക്കുന്നത്. ദൈവിക പൂർണതയായ വിശുദ്ധി സൃഷ്ടികളിൽ പ്രതിഫലിക്കുന്നതാണ് ദൈവത്തിന്റെ മഹത്ത്വം.[1] കർത്താവേ, അവിടുത്തെ മഹത്ത്വം വിശുദ്ധീകരിക്കുന്നതാകുന്നു.[2] സൈന്യങ്ങളുടെ കർത്താവേ, നിന്റെ പരിശുദ്ധി ഭൂമി മുഴുവൻ നിറഞ്ഞിരിക്കുന്നത് നിന്റെ മഹത്ത്വത്തിൽ ഏശയ്യാ ദർശിച്ചു.[3] ദൈവമേ, നിന്റെ പരിശുദ്ധ സാന്നിധ്യം നിന്റെ മഹത്ത്വത്തിൽ പ്രകാശിതമാകുന്നു. ദൈവമേ,നിന്റെ പരിശുദ്ധ സാന്നിധ്യം അനുഭവപ്പെടുമ്പോൾ ഞങ്ങൾ വിശുദ്ധീകൃതരാകേണ്ടവരാണെന്ന ബോധ്യം നിന്റെ ജനത്തിൽ സ്വാഭാവികമായി ഉളവാകുന്നു. പരിശുദ്ധനായ ദൈവമേ, നിന്റെ പ്രകാശിതസാന്നിധ്യവും, ആ സാന്നി

[1]വിശുദ്ധിയെക്കുറിച്ചുള്ള ബൈബിൾവിജ്ഞാനത്തിന്റെ വിശദാംശങ്ങൾക്ക്, അബ്രഹാം പേഴുംകാട്ടിൽ, "ദിവ്യകാരുണ്യം അഥവാ വിശുദ്ധ കുർബാന: ദൈവിക ഗുണവിശേഷങ്ങളുടെ കൂദാശ," *ദുക്റാന*, വാല്യം 24/12 (2005 ജൂൺ) 6-24.

[2]പുറ 29,43 [3]ഏശ 6,3

ധ്യത്തിന്റെ സമ്പർക്കവും അനുഭവവും ദൈവജനത്തെയും അവരുടെ വാസസ്ഥാനത്തെയും ആരാധനാസംവിധാനങ്ങളെയും പരിശുദ്ധി യുടെ കവചമണിയിക്കുന്നു.

"*പരിശുദ്ധൻ, ദൈവപുത്രൻ* എന്നു വിളിക്കപ്പെടാനുള്ളവനെ,"[4] തന്റെ ആദ്യജാതനെ, മറിയം ബേത്‌ലഹേമിൽ ആയിരുന്നപ്പോൾ പ്രസ വിച്ചു. അവനെ പിള്ളക്കച്ച പൊതിഞ്ഞു പുല്ത്തൊട്ടിയിൽ കിടത്തി. ... ആ പ്രദേശത്തെ വയലുകളിൽ ആടുകൾക്കു രാത്രി കാവലിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെ ത്തി. ***കർത്താവിന്റെ മഹത്ത്വം അവരുടെമേൽ പ്രകാശിച്ചു.*** ... ***ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താ വായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു*** ...[5] *പരിശുദ്ധൻ, ദൈവപുത്രൻ* എന്നു നാമമുള്ളവൻ ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ ദാവീദിന്റെ പുത്രനായി കന്യകമറിയാമിൽനിന്നു പിറന്നു. അമ്മ അവനെ ദാവീദിന്റെ ഭവനത്തിന്റെ ഭാഗമായ കാലിക്കൂട്ടിൽ പിള്ളക്കച്ചയിൽ പൊതിഞ്ഞു പുല്ത്തൊട്ടിയിൽ കിടത്തി. അപ്പോൾ ആചാരശുദ്ധി വരുത്താതെ വയ ലിൽ ആടുകളെ രാപാർത്തുകൊണ്ടിരുന്ന ഇടയന്മാരുടെമേൽ കർത്താ വിന്റെ മഹത്ത്വം പ്രകാശിച്ചു! അത് പരിശുദ്ധനായ ദൈവപുത്രൻ (ദൈവം) രക്ഷകനായ കർത്താവായി പ്രത്യക്ഷ്യപ്പെട്ടതിന്റെ പ്രകാശ നമായിരുന്നു. പരിശുദ്ധനായ ദൈവം രക്ഷകനായ കർത്താവായി, രക്ഷ പ്രവർത്തിക്കുന്നവനായി, ആ പ്രദേശത്തെ വയലുകളിൽ ആടുകൾക്കു ജാഗ്രതയോടെ കാവലിരുന്നിരുന്ന ഇടയന്മാർക്കു സന്നിഹിതനായി. പരിശുദ്ധനായ ദൈവം വിശുദ്ധീകരിക്കുന്നവനായി അവർക്കനുഭവസ്ഥ നായി. വിശുദ്ധിയായ ദൈവം തങ്ങൾക്കു വിശുദ്ധി നല്കുന്നവനായി അവർക്കു സന്നിഹിതനായി.

തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാനേ, ഇടയനായ കർത്താവേ, ഞങ്ങൾ ഈ മണ്ണിലെ മണ്ണിടയന്മാർ. ഞങ്ങൾക്കു ലഭിക്കുന്ന പ്രദേശത്തെ വയ ലുകളിൽ ആടുകൾക്കു രാപകലുകൾ കാവലിരിക്കുന്ന ഇടയന്മാരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. മണ്ണിന്റെ മണവും ചേറിന്റെ ചെളിയും പൂണ്ടിരിക്കുന്ന ഞങ്ങളെ ആടുകളുടെ സുകൃതമുള്ള മണവും[6] നിന്റെ മഹത്ത്വവും പൊതിയുമ്പോൾ ഞങ്ങൾ വിശുദ്ധീകരിക്കപ്പെടുമല്ലോ! ഞങ്ങൾ ഭൂമുഖത്തെ എല്ലാ മനുഷ്യരെയുംപോലെ പാപികളും മലിന

[4] ലൂക്കാ 1,35 [5] ലൂക്കാ 2,6-12 [6] പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ ശൈലി യോടു കടപ്പാട്.

രുമാണെങ്കിലും ഞങ്ങളുടെ രക്ഷകനായ യേശു ഞങ്ങളിലേക്ക് ഇറങ്ങിവരികയും നിനക്കായി ഞങ്ങൾ വേർതിരിക്കപ്പെടുകയും നിന്റെ മഹത്ത്വം ഞങ്ങളുടെമേൽ പ്രകാശിക്കുകയും ചെയ്യുമ്പോൾ ഞങ്ങളുടെ കൂടെയുള്ള മനുഷ്യരിൽനിന്ന് അതീതവും വ്യത്യസ്തവുമായ ദിവ്യനിർമലതയുടെ തലത്തിലേക്ക്, നിന്റെ അതീതത്വത്തിന്റെയും വ്യത്യസ്തതയുടെയും മേഖലയിലേക്ക്, നീ ഞങ്ങളെ ഉയർത്തുന്നല്ലോ! ഞങ്ങളുടെ വിശുദ്ധീകരണമായി. നന്ദി! നന്ദി! നന്ദി, ദൈവമേ!

അധ്യായം

# 3

## വിശുദ്ധീകരണം
## ദൈവികതയിൽ ഭാഗഭാഗിത്വം

*ദുരാശ മൂലം ലോകത്തിലുണ്ടാകുന്ന വിനാശത്തിൽനിന്നു രക്ഷപ്പെട്ടു ദൈവികസ്വഭാവത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന്, തന്റെ മഹത്ത്വവും ഔന്നത്യവുംവഴി അവിടന്നു നിങ്ങൾക്ക് അമൂല്യവും ശ്രേഷ്ഠവുമായ വാഗ്ദാനങ്ങൾ നല്കിയിരിക്കുന്നു.*[1]

വടവാതൂർ സെമിനാരിയിൽ ഈയുള്ളവൻ വൈദികവിദ്യാർഥിയായിരുന്നപ്പോൾ *ദൈവികീകരണ*മെന്ന പൗരസ്ത്യബോധത്തെക്കുറിച്ചു റവ. ഡോ. ജോർജ് പുന്നക്കോട്ടിലച്ചൻ (മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ്) ഞങ്ങൾക്കു ബോധനം നല്കി. അതിന്റെ വെളിച്ചം റവ.ഡോ. മാത്യു വെള്ളാനിക്കലച്ചൻ പഠിപ്പിച്ച പത്രോസിന്റെ രണ്ടാം ലേഖനത്തിലെ 1,4നോട് പ്രത്യേകമായൊരു താത്പര്യം ബോധനതലത്തിൽ താലോലിക്കാനിടതന്നു. *ദൈവികസ്വഭാവത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന്* എന്ന വചനഭാഗം എന്നെയും ഉദ്ദേശിച്ചുള്ള വിളിയാണെന്ന ബോധം അന്നും പിന്നീടും ബോധനതലത്തിൽനിന്നു ഹൃദയത്തിലേക്കു വ്യാപിക്കാഞ്ഞതാണല്ലോ പരാജയം. *ദൈവികസ്വഭാവത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന്*. ഇതാണല്ലോ ദൈവികവ്യാപാരത്തിന്റെയാകെ ആത്യന്തികോദ്ദേശ്യം. അതേ, വചനം മാംസമെടുത്തു ഞങ്ങളുടെയിടയിൽ കൂടാരമടിച്ചതിന്റെയും എനിക്കു വീണ്ടുംജനനം നല്കിയതിന്റെയും. വചനത്തിന്റെ മനുഷ്യനായിത്തീരൽ ദൈവികവ്യാപാരത്തിന്റെ ഏറ്റവും മാംസളമായ ഭാഗമാണ്. ദൈവത്തിന്റെ സ്വഭാവം അറിയാൻ ആവശ്യമായ

[1] 2 പത്രോസ് 1,4

കഴിവ് അവനിൽ വിശ്വസിക്കുന്നവർക്കും അവനെ സ്നേഹിക്കുന്നവർക്കും അവൻ നല്കുന്നു. വിശ്വാസവും സ്നേഹവും അനുഭവമാണല്ലോ.

വിശുദ്ധിതന്നെയായ ദൈവമേ, നീ നിന്റെ *ദൈവികസ്വഭാവം* സൃഷ്ടികൾക്കു വെളിപ്പെടുത്തുകയും നല്കുകയും ചെയ്യുന്നവനല്ലോ. നിന്റെ പരിശുദ്ധി സൃഷ്ടിക്കു വെളിപ്പെടുത്തുകയും നല്കുകയും ചെയ്യുന്നതാണല്ലോ നിന്റെ രക്ഷാകരമായ സ്വയംദാനം.

യേശുക്രിസ്തുവിൽ വെളിപ്പെടുന്ന ദൈവമേ, നിന്റെ പരിശുദ്ധിയിൽ പങ്കുപറ്റാൻ മനുഷ്യരായ ഞങ്ങളെയും, ഞങ്ങൾ മുഖാന്തരം സൃഷ്ടപ്രപഞ്ചത്തെയാകെയും, സദാ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നുവല്ലോ. ഞങ്ങൾ വിശുദ്ധീകരിക്കപ്പെടണമെന്നാണ് നിന്റെ ഹിതം, പദ്ധതി.[2] പരിശുദ്ധിയായ നീ നിന്നിലേക്കു ഞങ്ങളെ സദാ ആകർഷിച്ചുകൊണ്ടിരിക്കുന്നു.[3] പരിശുദ്ധി എന്നോട് അടുത്തിടപെട്ടുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഇടപെടൽ ഞാൻ സ്വീകരിക്കുമ്പോൾ, പരിശുദ്ധി - ദൈവികത — എന്നിലേക്കു പകരപ്പെടുന്നു. ദൈവമേ, നിന്റെ പരിശുദ്ധി, ദൈവികത, നിന്നോടു ചേർന്നുനില്ക്കുന്നവർക്കു നീ ദാനമായി നല്കുന്നു.[4]

തീക്കനലിനെ തൊട്ടിരിക്കുന്ന കരിക്കട്ട തീക്കനലായിക്കൊണ്ടിരിക്കുന്നെന്ന പാഠം പഠിപ്പിക്കുന്ന ധൂപകലശമാണ് പുരോഹിതനായ ഞാൻ വാഴ്ത്തുന്നതും വീശുന്നതും. ദൈവമേ, നിന്റെ ഇച്ഛയ്ക്കു വിരുദ്ധമായി സ്വേച്ഛയാൽ അശുദ്ധിയാർജിച്ച സൃഷ്ടിക്ക് നീ നിന്റെ വ്യക്തിത്വത്തിന്റെ പൂർണതയാകുന്ന പരിശുദ്ധി വീണ്ടും നല്കുന്നതാണല്ലോ സൃഷ്ടിയുടെ വിശുദ്ധീകരണം. ദൈവമേ, നീയുമായുള്ള സംസർഗത്തിലേക്കു സൃഷ്ടിയെ നീതന്നെ സ്വീകരിക്കുന്ന ദൈവികപ്രവൃത്തി. അതേ, വിശുദ്ധ പത്രോസിന്റെ വാക്കുകളിൽ, *ദുരാശ മൂലം ലോകത്തിലുണ്ടാകുന്ന വിനാശത്തിൽനിന്നു രക്ഷപ്പെട്ടു ദൈവികസ്വഭാവത്തിൽ നമ്മൾ പങ്കുകാരാക്കപ്പെടുന്നതുതന്നെ.*

ഈ "പങ്കുകാരാക്കപ്പെടലിനെ" പത്രോസിന്റെ കാലത്തിനു ശേഷം പൗരസ്ത്യസഭാപിതാക്കന്മാർ മനുഷ്യന്റെ 'ദൈവികീകരണ'മെന്നു പഠിപ്പിച്ചു. അശുദ്ധനായിത്തീർന്ന എന്നെ വിശുദ്ധനാക്കിത്തീർക്കുന്ന രക്ഷാകരമായ പുനഃസൃഷ്ടി! കേവലം മനുഷ്യനായിരിക്കുന്ന എന്റെ ദൈവവത്കരണം! അതേ സമയം ഞാൻ ദൈവിക സത്തയിൽ പങ്കുകാരനാക്കപ്പെടുന്നില്ല. മനുഷ്യൻ ദൈവമാകുന്നില്ല. എന്നാൽ, മനുഷ്യൻ ദൈവത്തിന്റെ ശക്തികളിൽ ഭാഗഭാക്കാക്കപ്പെടുന്നു. ദൈവത്തിന്റെ

[2] 1 തെസ 4,3 [3] യോഹ 6,44 [4] യോഹ 6,65

സത്തയും മനുഷ്യന്റെ സത്തയും തമ്മിൽ സങ്കലനമില്ല, കൂടിക്കലര ലില്ല; ഐക്യമുണ്ട്. ദൈവിക സത്തയും മാനുഷിക സത്തയും തമ്മിൽ സായൂജ്യമുണ്ട്. മനുഷ്യൻ മനുഷ്യനായും ദൈവം ദൈവമായും നിലനി ല്ക്കുന്നു. ദൈവമേ, നിന്റെ ദൈവപ്രകൃതിയും എന്റെ മനുഷ്യപ്രകൃതി യും കൂട്ടിക്കലർത്താതെതന്നെ നീ യേശുമിശിഹായിലൂടെ പരിശുദ്ധാ ത്മാവിൽ എന്നോടുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കുന്നു! എന്റെ ദൈവി കീകരണം! മിശിഹായിലൂടെ മനുഷ്യവർഗത്തിനു സംലഭ്യമായ നിന്റെ കൃപയിൽ പരിശുദ്ധ റൂഹായാൽ എനിക്കു ഭാഗമാഗിത്വം നല്കപ്പെടുന്നു! അതേ, എന്റെ മനുഷ്യപ്രകൃതിയെ കറയോ ചുളിവോ ഇല്ലാത്ത മഹ ത്ത്വത്തിലേക്ക് പരിശുദ്ധ റൂഹാ പരിവർത്തനം ചെയ്യുന്നു.

''കൃപാവരം ലഭിക്കുന്നു'' എന്നു പാശ്ചാത്യദൈവശാസ്ത്രം പഠി പ്പിച്ചു. എങ്കിലും, ''കൂദാശ സ്വീകരിക്കുമ്പോൾ കൃപാവരം'' ലഭിക്കുന്നു എന്നും, ''അദൃശ്യമായ കൃപാവരം നല്കുന്ന ദൃശ്യമായ കർമങ്ങളാണ് കൂദാശകൾ'' എന്നും പഠിച്ചുകൊണ്ടിരുന്നപ്പോൾ, കൃപാവരം എന്ന പദം എന്നുമെനിക്ക് അവ്യക്തമായിരുന്നു. വിശുദ്ധ പത്രോസിന്റെ വാക്കുകൾ ലളിതവും വ്യക്തവും അവിസ്മരണീയവുമാണ്: *ദുരാശമൂലം ലോക ത്തിലുണ്ടാകുന്ന വിനാശത്തിൽനിന്നു രക്ഷപ്പെട്ടു ദൈവികസ്വഭാവ ത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന്...*

അധ്യായം

# 4

## വിശുദ്ധീകരണം യേശുക്രിസ്തുമുഖാന്തരം

*ദൈവത്തിൽനിന്നാണ് നാം ക്രിസ്തുയേശുവിൽ ആയിരിക്കുന്നത്. അവൻ നമുക്ക് ... വിശുദ്ധീകരണവും വീണ്ടെടുപ്പുമായി.*[1]

വിശുദ്ധീകരണത്തെക്കുറിച്ച് ക്രിസ്തീയ ബോധത്തിനു ദൈവദത്തമായ ദിവ്യജ്ഞാനമുണ്ട്: ദൈവം മിശിഹായായ യേശുവിനെ മനുഷ്യന്റെ വിശുദ്ധീകരണമാക്കിയിട്ടുണ്ട്. ദൈവംതന്നെയായ വചനം ഭൂമിയിൽ മനുഷ്യനായിത്തീർന്ന ക്രിസ്തു ദൈവവെളിപാടിന്റെ പൂർണതയാണ്.[2] അവനെ സാക്ഷ്യപ്പെടുത്തുന്ന തിരുലിഖിതങ്ങളുടെ പൂർത്തീകരണവുമാണ്.[3] പൂർണദൈവമായ അവൻ പൂർണമനുഷ്യത്വം സ്വീകരിച്ചു. വിശുദ്ധവും വിശുദ്ധീകരിക്കുന്നതുമായ അവന്റെ മനുഷ്യത്വമാണ് രക്ഷയുടെ രഹസ്യം. ക്രിസ്തുവല്ലാതെ ദൈവത്തിന്റെ രഹസ്യം വേറെയില്ല. നമ്മുടെ വിശുദ്ധീകരണത്തിനു ദൈവം നമ്മുടെ വിശുദ്ധീകരണമാക്കിയ യേശുമിശിഹാ നമ്മെ, സൃഷ്ടിയെയാകെ, വിശുദ്ധിതന്നെയായ ദൈവത്തോട് ഐക്യപ്പെടുത്തി.

മിശിഹാ പിതാവിന്റെ ഐക്കൺ (പ്രതിച്ഛായ) ആകുന്നു. മിശിഹാ *ദൈവത്തിന്റെ ഐക്കൺ,*[4] *അദൃശ്യനായ ദൈവത്തിന്റെ ഛായയും സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും ആകുന്നു.*[5] പൗലോസിന്റെ

[1] 1 കോറി 1,30 [2] യോഹ 1,18; എബ്രാ 1,1-4 [3] ലൂക്കാ 24,27; യോഹ 5,39
[4] 2 കോറി 4,4 [5] കൊളോ 1,15

ഈ ക്രിസ്തുവിചാരത്തിന്റെ കൂടുതൽ കലാപരമായ തുടർച്ച പരിശുദ്ധാത്മാവിന്റെ വീണ വാഗൈക്കണുകളിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്:

ഒന്ന് ഉയരത്തിൽനിന്നും ഒന്ന് അഗാധത്തിൽനിന്നുമായി,
ദൈവത്വവും മനുഷ്യത്വവും ഒന്നിച്ചുചേർന്ന
വിജ്ഞാനി മഹനീയനാകുന്നു.
അവിടന്നു ചായങ്ങൾ കണക്കെ സ്വഭാവങ്ങൾ കൂട്ടിച്ചേർത്തു;
അതിൽനിന്ന് ഒരു ഛായ ഉടലെടുത്തു: ദൈവമനുഷ്യൻ.[6]

മഹനീയനായ വിജ്ഞാനി സ്വർഗത്തിൽനിന്നു ദൈവസ്വഭാവവും ഭൂമിയിൽനിന്നു മനുഷ്യസ്വഭാവവും എടുത്തു ചായങ്ങൾപോലെ കൂട്ടിച്ചേർത്തു. അതിൽ നിന്ന് ഒരു ഛായ (ഐക്കൺ) ഉടലെടുത്തു. അതാണ്ദൈവ-മനുഷ്യൻ. ഇവിടെ അപ്രേം പിതാവിന്റെ യഥാർത്ഥ ഛായയായ (ഐക്കൺ) യേശുമിശിഹായെ ധ്യാനിച്ചു സാക്ഷിക്കുന്നു.

പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ വ്യക്തമാക്കുന്നു: കുരിശുമരണത്തോളം നമ്മെ സ്നേഹിച്ച യേശുവിന്റെ സ്നേഹമാണ് നമ്മെ വെടുപ്പാക്കുന്ന സ്നാനം. അവന്റെ വചനം വാക്കിനെക്കാളേറെയാണ്; അത് അവൻതന്നെയത്രേ. അവന്റെ വചനം സത്യമാണ്, അത് സ്നേഹമാണ്. ഇതുതന്നെയാണ് പൗലോസ് അല്പം വളച്ചുകെട്ടി പറഞ്ഞിട്ടുള്ളത്: *ഇപ്പോൾ നാം അവന്റെ രക്തത്താൽ നീതിമത്കരിക്കപ്പെട്ടിരിക്കുന്നു.*[7]

അവനിൽ ഈ ലോകത്തിൽ പരിശുദ്ധിയും പരിശുദ്ധിയിൽ നിന്നു സ്വയമകറ്റിയിരുന്ന മനുഷ്യത്വവും ഐക്യത്തിലാക്കപ്പെട്ടു. പരിശുദ്ധി പ്രാപിക്കാൻ മനുഷ്യന്റെ ഭാഗത്തുനിന്നു വേണ്ട അന്യൂനവും പരിപൂർണവുമായ അർപ്പണവും അവൻ തന്നെ. അങ്ങനെ യേശുമിശിഹാ നമ്മുടെ വിശുദ്ധീകരണമായി. അവനാണ് മനുഷ്യകുലത്തിന്റെ വിശുദ്ധീകരണത്തിനു പരിപൂർത്തിയാക്കപ്പെട്ട മാർഗം. ''ഞാനാണ് മാർഗവും സത്യവും ജീവനും ... എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കു പോകുന്നില്ല.''[8] കർത്താവേശുമിശിഹാ ''നഗ്നമായ ഗോഗുൽത്താ ആഘോഷിക്കുകയും, നിർമലമായ ആചാര്യത്വം ശുശ്രൂഷ ചെയ്യുകയും, വിശ്വസ്ത സഭ സ്വീകരിക്കുകയും, സ്വജാതികൾക്കും വിജാതികൾക്കും ശുദ്ധീകരണം നല്കുകയും ചെയ്ത പരിശുദ്ധനും വിശുദ്ധി നിറഞ്ഞവനുമാണ്.''[9] വിശുദ്ധീകരണത്തിനു യേശുക്രിസ്തുവിനോടു

[6] അപ്രേം, *മനുഷ്യാവതാരഗീതങ്ങൾ*, 8,2. [7] *Jesus of Nazareth*, part Two, 60; റോമ 5:9;3,25;എഫേ 1:7 [8] യോഹ 14,6 [9] കുർബാന, സെദറാ

ബന്ധപ്പെട്ടാൽ മതി. അവനോട് ഒന്നാകുക. അവനോട് ഐക്യപ്പെടുക. അതിനാലാണ് വിശുദ്ധ കുർബാനയിൽ എന്നെത്തന്നെ അവനു സ്വീകാര്യമായ കുർബാനയായി സമർപ്പിക്കണമെന്നു സഭയാഗ്രഹിക്കുന്നത്.

യേശുമിശിഹാ, നീ നിന്റെ പൗരോഹിത്യപ്രാർഥനയിൽ നിന്റെ ശിഷ്യരെ സംബന്ധിച്ച് നിന്റെ പിതാവിനോട് ഇപ്രകാരം പ്രാർഥിച്ചു: *അവരെ അവിടുന്ന് സത്യത്തിൽ വിശുദ്ധീകരിക്കണമെ. അവിടുത്തെ വചനമാണല്ലോ സത്യം. അവിടുന്ന് അവരെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു.*[10] ബലഹീനമനുഷ്യനായിത്തീർന്ന വചനമാണല്ലോ സത്യം.[11] നീയാണല്ലോ സത്യം. നീ പിതാവിനോടു പ്രാർഥിക്കുന്നല്ലോ: എന്റെ ശിഷ്യരെ, പുരോഹിതജനത്തെ, എന്റെ പുരോഹിതന്മാരെ, നിന്നിലേക്ക് ആകർഷിക്കണമെ. അവരെ നിന്നോടു ബന്ധിപ്പിക്കണമെ; നമ്മിൽ ആക്കണമെ. പുരോഹിതനായ ഞാൻ വിശുദ്ധീകരിക്കപ്പെടാൻ പുതിയ ഉടമ്പടിയിലെ ഏക മഹാപുരോഹിതനായ നിന്നോട് എന്നെ പിതാവ് ഒന്നിപ്പിക്കണം.[12] സ്വയം വിശുദ്ധീകരിച്ചു ലോകം വിട്ടുപോയ നീ എന്നെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു. ലോകത്തിലായിരിക്കുന്ന എനിക്ക്, സ്വയം വിശുദ്ധീകരിച്ചു ലോകം വിട്ടുപോയ നിന്നോടൊന്നാകാൻ, മാർഗവും നീ ലോകത്തിൽ വിട്ടിട്ടുള്ളതിനു സ്തുതിയും സ്തോത്രവും ആരാധനയും.

ദൈവപുത്രൻ യേശുമിശിഹാ ഈ ലോകത്തിൽ മനുഷ്യനായി ജീവിച്ചിരുന്നപ്പോൾ അവന് എത്രയോ ആളുകളോടും അവർക്ക് അവനോടും നേരിട്ടു ബന്ധപ്പെട്ടു വിശുദ്ധീകരണം പ്രാപിക്കാൻ സാധിച്ചിരുന്നു! എത്രയോ സംഭവങ്ങൾ ഓർമയിലെത്തുന്നു! അല്ലേ? മൂന്നു സമാന്തരസുവിശേഷങ്ങളിലുമുള്ള ഈ സംഭവങ്ങൾ മാത്രം ഇപ്പോളിവിടെ ഓർക്കട്ടെ. എല്ലാം ഗലീലിയിൽ നടന്നവയാണ്.

ഒരിക്കൽ യേശു ഒരു പട്ടണത്തിലായിരുന്നു. കുഷ്ഠം നിറഞ്ഞ ഒരുവൻ അവനെക്കണ്ട് സാഷ്ടാംഗം വീണു യാചിച്ചു: കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. *എനിക്കു മനസ്സുണ്ട്; നീ ശുദ്ധനാക്കപ്പെടട്ടെ എന്നു പറഞ്ഞുകൊണ്ട് യേശു കൈനീട്ടി കുഷ്ഠരോഗിയെ തൊട്ടു. തത്ക്ഷണം കുഷ്ഠം അവനെ വിട്ടുമാറി.*[13] അശുദ്ധിയുടെ ആവാസവ്യവസ്ഥിതിയിൽനിന്നുതന്നെ യേശു അയാളെ മോചിതനാക്കി. യേശുവിന്റെ പൗരോഹിത്യശുശ്രൂഷ.

[10] യോഹ 17,17-18 [11] യോഹ 1,14;16,6 [12] *കർത്താവിന്റെ വചനം,* നമ്പർ 80
[13] ലൂക്കാ 5,12-13

യേശുവിൽ വിശ്വാസമുണ്ടായിരുന്ന നാലുപേർ ഒരു ദിവസം അവന്റെ മുമ്പിൽ ഒരു തളർവാതരോഗിയെ കിടക്കയോടെ വച്ചു. അവരുടെ വിശ്വാസം കണ്ട് യേശു ആ തളർവാതരോഗിയോടു പറഞ്ഞു: *മനുഷ്യാ, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു.*[14] ഇവിടെ 'മനുഷ്യാ' എന്നാണ് യേശു ആ തളർവാതരോഗിയെ സംബോധന ചെയ്യുന്നത്. വിശ്വാസത്തോടെ യേശുവിന്റെ മുമ്പിലേക്കു വയ്ക്കപ്പെടുന്ന ഏതു മനുഷ്യനെയും അവൻ വിശുദ്ധീകരിക്കുന്നു. യേശു തളർവാതരോഗിയെ *മകനേ* (കുഞ്ഞേ?) എന്നു വിളിച്ചെന്നു മർക്കോസ് സാക്ഷിക്കുന്നു (2,5). പാപിയായിരുന്ന അയാളോട് യേശുവിന് എന്തൊരു കനിവും കരുതലുമായിരുന്നു! ഞാൻ ആത്മാർഥമായി കുമ്പസാരിച്ചപ്പോഴെല്ലാം യേശുവേ, നീ എന്നെ 'മനുഷ്യാ' എന്നും 'മകനേ' എന്നും വിളിക്കുന്നതു ശ്രദ്ധിക്കാൻ എനിക്കു കഴിയേണ്ടതായിരുന്നു എന്നു ഞാൻ വേദനിപ്പിക്കുന്ന നഷ്ടബോധത്തോടെ തിരിച്ചറിയുന്നു.

ജായ്റോസിന്റെ പന്ത്രണ്ടു വയസ്സോളം പ്രായമായിരുന്ന ഏകമകളെ മരണത്തിന്റെ മേഖലയിൽനിന്ന് - അശുദ്ധിയുടെ ആവരണത്തിൽനിന്ന് - രക്ഷിക്കാൻ പോകുകയായിരുന്നു നീ. ജനക്കൂട്ടം നിന്നെ തിക്കിക്കൊണ്ടിരുന്നു. ഇതിനിടെയാണ് നിന്റെ പിന്നിലൂടെ വന്ന് ആ രക്തസ്രാവക്കാരി നിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടതും തത്ക്ഷണംതന്നെ അവളുടെ രക്തസ്രാവം നിലച്ചതും. അവളുടെ രക്തസ്രാവത്തിനും പന്ത്രണ്ടു വയസ്സായിരുന്നു! പന്ത്രണ്ടു വർഷമായി അവൾ ആചാരപരമായി അശുദ്ധയായിരുന്നു. നീ അറിയാതെ സൗഖ്യം പ്രാപിക്കാനാണ് ആ സ്ത്രീ ശ്രമിച്ചത്. പക്ഷേ ആരും പറയാതെ നീ അവളുടെ ഉദ്ദേശ്യവും വിശ്വാസവും ശ്രമവും സൗഖ്യപ്രാപ്തിയും അറിഞ്ഞു. തിക്കിത്തിരക്കുന്ന ജനക്കൂട്ടത്തിൽ അവളെ മാത്രം നീ തിരിച്ചറിഞ്ഞു! ആ വിശ്വാസിനി സ്പർശിച്ച മാത്രയിൽ തന്നിൽ നിന്ന് അശുദ്ധരെ വിശുദ്ധീകരിക്കുന്ന ശക്തി നിർഗമിച്ചെന്ന് ദൈവത്തിന്റെ പരിശുദ്ധനായവൻ അറിയാതിരിക്കുന്നതെങ്ങനെ! ദൈവിക വ്യക്തിത്വത്തിന്റെ അധികാരപൂർണവും അപ്രതിരോധ്യവുമായ പ്രവർത്തനക്കരുത്താണല്ലോ ദൈവിക ശക്തി. വിശുദ്ധി ദൈവിക വ്യക്തിത്വത്തിന്റെ പൂർണതയും. വിശുദ്ധിയും ശക്തിയും ദൈവികവ്യക്തിത്വത്തിൽ സദാ ഐക്യവർത്തികളല്ലോ യേശുവേ. നീ അറിഞ്ഞെന്നറിഞ്ഞ് അവൾ വിറച്ചുവന്ന് നിന്റെ മുമ്പിൽ വീണു. അവളോട് നീ അരുൾച്ചെയ്തു: *മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തിൽ പോകുക.*[15]

[14] ലൂക്കാ 5,17-25

[15] ലൂക്കാ 8,40-48

യേശുമിശിഹാ, നിന്റെ പൗരോഹിത്യശുശ്രൂഷയാൽ മനുഷ്യകുലത്തെ നീ വിശുദ്ധീകരിച്ചു. ഇത് സഭയിൽ പുരോഹിതനായ ഞാൻ സവിശേഷം ശ്രദ്ധിക്കേണ്ടതാണല്ലോ. ശ്രേഷ്ഠമഹാപുരോഹിതനായ നീ പാപപരിഹാരാർഥമുള്ള നിന്റെ നിത്യബലിയാൽ ജനത്തിന്റെ പാപങ്ങൾ മോചിച്ച് അവർക്കു വിശുദ്ധീകരണം സാധ്യമാക്കി.[16] ക്രിസ്തുവേ, ഞങ്ങളുടെ പ്രധാനപുരോഹിതനായ നീ പരിശുദ്ധനും[17] വിശുദ്ധീകരിക്കുന്നവനുമാകുന്നു.[18] നിന്റെ ബലിവഴി നീ ഞങ്ങളെ ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുകാരാക്കി.[19] അതിനാൽ, ഞങ്ങൾ നിന്റെ ബലിവഴി, ബാഹ്യശുദ്ധി മാത്രം നല്കപ്പെടുന്ന ബലികൾവഴിയെന്നപോലെയല്ല, ആന്തരീകമായും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. നിന്റെ സഹനംവഴിയുള്ള ഞങ്ങളുടെ വിശുദ്ധീകൃതാവസ്ഥ ഞങ്ങളുടെ പരിപൂർണതതന്നല്ലോ.[20] മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനായ നീ, ഞങ്ങളുടെ മുന്നോടിയായ നീ, നിന്നെത്തന്നെ മനുഷ്യസാദൃശ്യത്തിലാക്കി ഞങ്ങളുടെ രക്ഷ സാധ്യമാക്കി. അതിനാലാണല്ലോ വിശുദ്ധരും പരിപൂർണരുമായിത്തീരാൻ ഞങ്ങൾക്കും സത്യമായും സാധ്യതയുള്ളത്.[21]

യേശുമിശിഹാ, പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ നീ മുഖാന്തരമുള്ള ഞങ്ങളുടെ വിശുദ്ധീകരണത്തിന്റെ പ്രായോഗികവഴി ഞാൻ നിരന്തരം ഓർക്കാനും, അതിന് നിന്നെ അനുവദിച്ചുകൊണ്ട്എന്റെ ഹൃദയത്തെ വിട്ടുതന്നുകൊണ്ടിരിക്കാനും എന്നെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ വിശുദ്ധീകരണമാക്കപ്പെട്ട നീ പരിശുദ്ധാത്മാവ് മുഖാന്തിരം ഞങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്നു. *വിശ്വാസികളായ ഞങ്ങളുടെ ഹൃദയങ്ങളിൽ നീ വസിക്കുന്നു.*[22] വിശ്വാസത്തിന്റെ ഈ അറിവ് ഞങ്ങളെ ഓർപ്പിക്കുന്നു, മനുഷ്യജീവിതത്തെയും മാനവചരിത്രത്തെയും ആകമാനം ആശ്ലേഷിച്ച ദൈവപുത്രനായ നിന്നിൽ വിശുദ്ധിതന്നെയായ ദൈവം ഞങ്ങൾക്ക് ഏറ്റവും സമീപസ്ഥനായിരിക്കുന്നു; ഞങ്ങളെ ആന്തരികമായി രൂപാന്തരപ്പെടുത്തുകയും ഞങ്ങളിൽ കൂടാരമടിക്കുകയും ചെയ്യുന്ന ഒരു മഹാദാനമായി മിശിഹായേ, നീ ഞങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു. അങ്ങനെ ജീവന്റെ ആരംഭത്തെയും അന്തത്തെയും പ്രോജ്വലിപ്പിക്കുന്ന പ്രകാശം ഞങ്ങളുടെ മേൽ ചൊരിയപ്പെടുന്നു. മിശിഹാകർത്താവേ, ഞങ്ങൾ വിശ്വസിക്കുമ്പോൾ ഞങ്ങളെ വിശുദ്ധീകരിക്കുന്ന, ഞങ്ങളെ രൂപാന്തരപ്പെടുത്തുന്ന,

[16]എബ്രാ 1,3;2,17;5,1 [17]എബ്രാ 7,26-27 [18]എബ്രാ 2,11;13,12 [19]എബ്രാ 12,10.
[20]എബ്രാ 2,10;10,14;11,40-12,2 [21]എബ്രാ 6,20; 10,19-22 [22]എഫേ 3,17

സ്നേഹത്തിനു ഞങ്ങളുടെ ഹൃദയങ്ങൾ തുറന്നുതരികയാണല്ലോ. അതേ, ഈ ആദിസ്നേഹത്തിനു ഹൃദയം തുറക്കുമ്പോൾ, *ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.*[23]

ഞങ്ങളുടെ വിശുദ്ധീകരണമാക്കപ്പെട്ട നിന്റെ സാന്നിധ്യത്താൽ പരിശുദ്ധ റൂഹാ എന്നെ നിന്നോടു രൂപാന്തരപ്പെടുത്തുന്നു. എന്നിൽ വസിക്കുന്ന നിന്റെ സ്നേഹത്തിൽ ഞാൻ വസിക്കുന്നു. നിന്റെ സ്നേഹം പരിശുദ്ധ റൂഹായാണല്ലോ. നീ എന്നിലും ഞാൻ നിന്നിലും. എന്നിലെ നിന്റെ സാന്നിധ്യത്താൽ എനിക്കു താബോർമലയിൽ രൂപാന്തരപ്പെട്ട നിന്റെ പുത്രത്വത്തിൽ ഭാഗഭാഗിത്വം നല്കപ്പെടുന്നു. നിന്റെ സ്നേഹത്തിൽ നിന്റെ തന്നെ ദർശനം സ്വീകരിക്കാൻ എനിക്കനുഗ്രഹം ലഭിക്കുന്നു. നീ എന്റെ മനസ്സാക്ഷിയായിത്തീരുന്നു. നിന്റെ മനോഭാവത്തിൽ എനിക്കു പങ്കുപറ്റാൻ പ്രാപ്തി ലഭിക്കുന്നു. നിന്റെ കണ്ണുകൾ എനിക്കു ലഭിക്കുന്നു. അവയിലൂടെ എല്ലാം കാണുവാൻ കഴിവും ലഭിക്കുന്നു. നിന്റെ ചെവികൾ എന്റേതുമാകുന്നു. നിന്റെ ഗുണവിശേഷങ്ങൾ എന്നെ ആശ്ലേഷിക്കാനാരംഭിക്കുന്നു. എന്റെ കുരിശുകൾ നിന്റെ കുരിശിന്റെ ചെറുപതിപ്പുകളാകുന്നു - ഭൂതക്കണ്ണാടിയിലൂടെപ്പോലും കാണാൻ ദുഷ്കരമായത്ര ചെറിയ പതിപ്പുകൾ! ഇതെല്ലാം എന്നിൽ സത്യമായിത്തീരുന്ന വിശുദ്ധീകരണത്തിന്റെ തിരുമണിക്കൂറിലേക്കു കണ്ണുംനട്ടിരിക്കാൻ എന്നെ അനുഗ്രഹിക്കണമേ. "പിതാവിന്റെ വലത്തുഭാഗത്തു മഹത്ത്വത്തോടെയിരിക്കുന്നവനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ. എന്തെന്നാൽ, നീ മാത്രം പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായോടുകൂടെ നീ മാത്രം കർത്താവുമാകുന്നു..."[24]

[23]ഗലാ 2,20 [24]മലങ്കര സുറിയാനി കത്തോലിക്കാസഭ എന്നും രാത്രിപ്രാർഥനയിൽ ആലപിക്കുന്ന മാലാഖമാരുടെ സ്തുതിയിൽനിന്ന്.

അധ്യായം

# 5

# വിശുദ്ധീകരണം സഭയിൽ

യേശുമിശിഹാ സഹിച്ചു മഹത്ത്വത്തിലേക്കു പ്രവേശിച്ചതിനു[1] ശേഷവും അവന്റെ സൗഖ്യദായകമായ സാന്നിധ്യവും സ്പർശനവും രക്ഷാകരമായ വചനവും എനിക്കു വിശ്വാസമുണ്ടെങ്കിൽ ലഭിക്കാൻ അവൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഏല്പിച്ചിട്ടുണ്ട്. മഹത്ത്വത്തി ലേക്കു പ്രവേശിച്ച മിശിഹാ തന്റെ സഭയിലൂടെ എന്നോടു ബന്ധപ്പെ ടുന്നു. സഭ അവന്റെ മണവാട്ടിയാണ്;[2] അവന്റെ ശരീരവും *എല്ലാ വസ്തു ക്കളിലും സകലവും പൂർത്തിയാക്കുന്ന തന്റെ പൂർണത*യുമാണ്;[3] അവന്റെ ഐക്കൺ ആണ്; പറുദീസായുടെ സദൃശമാണ്;[4] അവന്റെ കൂദാശയാണ്.[5]

കൃംതാക്കാലം ഞായറാഴ്ച രാത്രി പ്രാർഥനയിൽ മലങ്കര സഭ യോടു ചേർന്നു ഞാനും പാടുന്നു:

വിണ്ണുലകിന്നരചൻ താൻ തൻ സഭയെ പണിതതിനെ
ആക്കിത്തന്നാസ്ഥാനം പുക്കതിനുള്ളേ വാണു.
കർത്താ തന്നോടു സംസാരിക്കേണ്ടുന്നവരെല്ലാം
സഭയുൾപ്പൂകട്ടെയിതാ താനതിൽ മേവീടുന്നു...
മിശിഹാ തൻ മണവാട്ടിയായീടും ശുദ്ധ സഭ
ഭാഗ്യങ്ങൾ പൂർണമതാം പറുദീസാ സദൃശ്യമഹോ.

[1] ലൂക്കാ 24,26 [2] എഫേ 5,22-32 [3] എഫേ 1,23 [4] മലങ്കര സുറിയാനി സഭ യുടെ യാമനമസ്കാരം, കൃംതാ പാതിരാത്രി, ഒന്നാം കൗമാ, കോലൊ.
[5] രണ്ടാം വത്തിക്കാൻ കൗൺസിൽ, *തിരുസഭ*, നമ്പർ 1.

മാമോദീസായുമതിൽ സഹദേന്മാരസ്ഥികളും
പൂജാപീഠവുമുണ്ട്; ഏന്തി ജീവോഷധിയെ
ഭാഗം ചെയ്തേകീടും വൈദികന്മാരുമുണ്ട്. (കഹനേന്മാർകളുമുണ്ട്)

കർത്താവായ യേശുമിശിഹായോട് അവന്റെ സ്വർഗാരോഹണത്തിനും പുനരാഗമനത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ എനിക്കു സംസാരിക്കാൻ — ബന്ധപ്പെടാൻ — സഭയുണ്ട്. ആദി മുതലേ ഉള്ള വചനം, ദൈവം തന്നെയായിരുന്ന വചനം, മനുഷ്യനായിത്തീർന്നു മഹത്ത്വീകരണത്തിലേക്കു പ്രവേശിച്ചവന്റെ മണവാട്ടിയാണ് സഭ. അവന്റെ മണവാട്ടി, അവന്റെ ഐക്കൺ, അവന്റെ ശരീരം, അവന്റെ തുടർച്ച. സഭ പുതിയ ഏദന്റെയും അതിന്റെ സൗന്ദര്യത്തിന്റെയും ഉദ്യാനമായിരിക്കുന്നു. വിശുദ്ധരുടെയും ദൂതന്മാരുടെയും ശുശ്രൂഷകരുടെയും ഉദ്യാനമായിരിക്കുന്നു.

മിശിഹായും സഭയും തമ്മിലുള്ള ഐക്യത്തിന്റെ രഹസ്യം അപ്പോസ്തലനായ പൗലോസിനെയും നമ്മുടെ കർത്താവിനെയും സെന്റ് അഗസ്റ്റിനെയും ഉദ്ധരിച്ചുകൊണ്ട് കത്തോലിക്കാസഭയുടെ മതബോധനം ഇങ്ങനെ പഠിപ്പിക്കുന്നു:

> ഇത് പൂർണ മിശിഹായാണ്, ശിരസ്സും ശരീരവും, അനേകരിൽനിന്നു രൂപവത്കൃതമായ ഒന്ന്. ... ശിരസ്സോ അവയവങ്ങളോ സംസാരിച്ചാലും മിശിഹാതന്നെയാണ് സംസാരിക്കുന്നത്. അവൻ ശിരസ്സെന്ന സ്ഥാനത്തും ശരീരമെന്ന സ്ഥാനത്തും സംസാരിക്കുന്നു. രണ്ടുപേരും ഒരു ശരീരമായിത്തീരും. ഇത് വലിയൊരു രഹസ്യമാണ്. ഇതു ഞാൻ പറയുന്നത് മിശിഹായോടും സഭയോടും ബന്ധപ്പെടുത്തിയാണ്. കർത്താവുതന്നെ സുവിശേഷത്തിൽപറയുന്നു: ഇനിമേൽ അവർ രണ്ടല്ല, ഒരു ശരീരമാണ്. യഥാർഥത്തിൽ, അവർ രണ്ടു വ്യത്യസ്ത വ്യക്തികളാണ്, എന്നാലും ദാമ്പത്യൈക്യത്തിൽ അവർ ഒന്നാണ്,.. ശിരസ്സെന്ന സ്ഥാനത്ത് അവൻ തന്നത്തന്നെ വരൻ എന്നും, ശരീരമെന്ന സ്ഥാനത്ത് അവൻ തന്നെത്തന്നെ 'വധു' എന്നും വിളിക്കുന്നു.[6]

## സഭ വിശുദ്ധയും വിശുദ്ധീകരിക്കപ്പെടുന്നവളും വിശുദ്ധീകരിക്കുന്നവളും

സഭയേ, നീ വിശുദ്ധയാണ്. എന്തെന്നാൽ നീ മിശിഹായുടേതാകുന്നു; പരിശുദ്ധ റൂഹാ നിന്നിൽ വസിക്കുകയും ചെയ്യുന്നു. നിന്റെ മണവാളനായ മിശിഹാ *നിന്നെ കറയോ ചുളിവോ, അതുപോലെ മറ്റെന്തെങ്കിലുമോ ഇല്ലാത്തവളാക്കി.* മാത്രമല്ല, അവൻ പരിശുദ്ധ റൂഹാ

[6] *Catechism of the Catholic Church* (*CCC*), No. 796; ഗ്രന്ഥകാരന്റെ വിവർത്തനം

യുടെ ദാനങ്ങളാൽ നിന്നെ അലങ്കരിക്കുകകൂടി ചെയ്തുകൊണ്ട് നിന്നെ സ്വന്തം ശരീരമാക്കിത്തീർത്തു.

സഭയേ, നിന്റെ വിശുദ്ധിയെ നിന്റെ മക്കളായ ഞങ്ങൾ ഇവിടെ മൂന്നു മാനങ്ങളിൽ അനുഭവിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. ആദ്യം, നിന്റെ മക്കളായ ഞങ്ങളുടെ വിശുദ്ധിക്കുള്ള ഫലപ്രദമായ മാർഗങ്ങൾ. അങ്ങനെ ഞങ്ങൾക്കുവേണ്ടി നിനക്കു ദൈവവചനവും, രഹസ്യങ്ങളും (കൂദാശകളും), നിന്റേതായ ശുശ്രൂഷകളുമുണ്ടല്ലോ. അവ നിന്റെ വിശുദ്ധിക്കുതന്നെയും നിദാനമാണല്ലോ. കൂടെ, പുരോഹിതജനമെന്ന നിലയ്ക്കുള്ള നിന്റെ വിശുദ്ധിയും, നിന്റെ മക്കളുടെ വ്യക്തിപരമായ വിശുദ്ധിയും. വിശുദ്ധരെന്ന് പരസ്യമായി അംഗീകരിക്കപ്പെട്ടവരും അങ്ങനെ അറിയപ്പെടാത്തവരുമായ എത്രയോ കോടിക്കോടി വിശുദ്ധരുടെ വിശുദ്ധി! അത്, അമ്മേ, നിന്റെ വിശുദ്ധിയുടെ ഭണ്ഡാഗാരത്തിലെ വിശിഷ്ഠ സമ്പത്തല്ലോ! ഓ! ഞങ്ങളുടെ വിശുദ്ധയായ അമ്മേ, നിന്റെ വിശുദ്ധിയല്ലേ പരിശുദ്ധ റൂഹാ വിശ്വാസികളായ ഞങ്ങളിലുത്പാദിപ്പിക്കുന്ന കൃപയുടെ ഫലങ്ങളിലൂടെ പ്രകാശിപ്പിക്കുന്നത്! നിന്റെ മക്കൾ എത്ര അനുഗൃഹീതർ! അനുഗൃഹീതനാകാൻ എനിക്കും വിളി!

സഭ വിശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്. "പാപികളെ തന്റെ മടിത്തട്ടിലേക്ക് ആശ്ലേഷിക്കുന്ന സഭ ഒരേ സമയം വിശുദ്ധയും സദാ വിശുദ്ധീകരിക്കപ്പെടേണ്ട ആവശ്യമുള്ളവളുമാണ്. അവൾ പ്രായശ്ചിത്തത്തിന്റെയും നവീകരണത്തിന്റെയും പാതയെ അനുസ്യൂതം അനുഗമിക്കുന്നു."[7]

സഭയേ, ഞങ്ങളുടെ മനോജ്ഞയായ അമ്മേ, നീ വിശുദ്ധീകരിക്കുന്നവളാണ്. മിശിഹായും നീയും തമ്മിലുള്ള ഐക്യത്താൽ നീ വിശുദ്ധീകരിക്കുന്നവൾ ആയിത്തീരുന്നു:

> മിശിഹായോട് ഐക്യപ്പെട്ടിരിക്കുന്ന സഭ അവൻവഴി വിശുദ്ധീകരിക്കപ്പെടുന്നു. അവൻവഴിയും അവനിലും അവൾ വിശുദ്ധീകരിക്കുന്നവൾ ആയിത്തീരുന്നു. സഭയിലെ സകല പ്രവർത്തനങ്ങളും ലക്ഷ്യമാക്കുന്നത് മിശിഹായിൽ മനുഷ്യരുടെ വിശുദ്ധീകരണവും ദൈവത്തിന്റെ മഹത്ത്വീകരണവുമാണ്. സഭയിലാണ് രക്ഷയ്ക്കുള്ള മാർഗങ്ങളുടെ പൂർണത നിക്ഷിപ്തമായിട്ടുള്ളത്. ദൈവകൃപയാൽ നാം വിശുദ്ധി സമ്പാദിക്കുന്നത് അവളിലാണ്.[8]

സഭയേ, അമ്മേ, നീ പരിശുദ്ധാത്മാവിന്റെ ആലയമല്ലോ.[9] ക്രിസ്തുവിന്റെ ആത്മാവ് മുഴുവൻ ശിരസ്സിലുണ്ട്; അതുപോലെ ശരീരത്തിലു

[7] വത്തിക്കാൻ രണ്ട്, *തിരുസഭ*, നമ്പർ 8

[8] *Catechism of the Catholic Church*, No. 824; ഗ്രന്ഥകാരന്റെ വിവർത്തനം

[9] 2കോറി 26,16;1കോറി 3,16–17;എഫേ 2,21

മുണ്ട്. വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്താലും പ്രവർത്തനത്താലും സഭയേ, നീ വിശുദ്ധീകരിക്കുന്നവളാകുന്നു.

> വാസ്തവത്തിൽ, സഭയ്ക്കാണ് ''ദൈവത്തിന്റെ ദാനം'' ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. അവളിലാണ് മിശിഹായുമായുള്ള സംസർഗം നിക്ഷിപ്തമായിരിക്കുന്നത്. അതായത്, അനശ്വരതയുടെ അച്ചാരമായ, നമ്മുടെ വിശ്വാസത്തിന്റെ സ്ഥിരീകരണമായ, ദൈവത്തിലേക്കുള്ള നമ്മുടെ കരേറ്റത്തിന്റെ കോവണിയായ പരിശുദ്ധാത്മാവ്. എന്തെന്നാൽ, എവിടെ സഭയുണ്ടോ, അവിടെ ദൈവത്തിന്റെ ആത്മാവുമുണ്ട്; എവിടെ ദൈവത്തിന്റെ ആത്മാവുണ്ടോ അവിടെ സഭയും സർവകൃപയുമുണ്ട്.[10]

യേശുമിശിഹായെ സ്പർശിച്ചും ശ്രവിച്ചും പാപരോഗപീഡകളിൽ നിന്നു സൗഖ്യം പ്രാപിക്കാൻ സഭയോടു ബന്ധപ്പെടണം. സഭയിൽ പ്രവേശിക്കണം. അവനിലും അവന്റെ സഭയിലും വിശ്വസിക്കുന്ന സകലരെയും അവൻ കൂദാശകളിലൂടെ തന്റെ സാന്നിധ്യത്താലും സ്പർശനത്താലും വചനത്താലും ശുദ്ധീകരിക്കുന്നു. ലോകത്തിന്റെ വിശുദ്ധീകരണത്തിനു വേദിയും മാർഗവും പ്രവർത്തകയും ആയിരിക്കുന്നതിലാണ് ഒരു മനുഷ്യസമൂഹം എന്ന നിലയ്ക്കു സഭയുടെ അനന്യത. സഭ മനുഷ്യവംശത്തിന്റെ വിശുദ്ധീകരണമായ ക്രിസ്തുവിന്റെ അടയാളവും സഹപ്രവർത്തകയുമാണ്.

## "എല്ലാം ഒരു സാംസ്കാരിക സംവിധാനമല്ലേ?"

സീറോ-മലങ്കര സഭയിലെ ഒരു കല്യാണവീട്ടിൽ കല്യാണത്തിന്റെ തലേദിവസം വൈകിട്ടാണ് അയാൾ എന്നോടു പറഞ്ഞത്. ഇത് അയാൾ പറയാൻ സാഹചര്യമൊരുക്കിയത് അയാളുടെ ഭാര്യയാണ്. പ്രാർഥന കഴിഞ്ഞപ്പോൾ അയാളുടെ ഭാര്യ എന്നെ സമീപിച്ചു സ്വയം പരിചയപ്പെടുത്തി: ''ഞാൻ - രൂപതയിലെ - പള്ളിയിലെ ആയിരുന്നു.'' ''ഇപ്പോൾ ഏത് ഇടവകയിലാ?'' മറുപടി: ''എന്നെ ഓർത്തഡോക്സിലാ കെട്ടിച്ചത്. ഇതാണെന്റെ ഭർത്താവ്.'' അവൾ ഭർത്താവിനെ എന്റെയടുത്തേക്കു പിടിച്ചുനിർത്തി. ''കത്തോലിക്കാ ആയാലെന്താ, ഓർത്തഡോക്സ് ആയാലെന്താ, എല്ലാം ഒരു സാംസ്കാരിക സംവിധാനമല്ലേ?'' അയാൾ എന്നോട് ആദ്യമായി പറഞ്ഞ വാക്കുകൾ. അവളോടുംകൂടിയായിരിക്കും. അയാളെ സഭയെക്കുറിച്ചു പഠിപ്പിക്കേണ്ട സമയവും സ്ഥലവുമല്ലാഞ്ഞതിനാൽ ഞാൻ മൗനം പാലിച്ചു.

[10] ഇരെനെയുസ്, *പാഷണ്ഡർക്കെതിരെ*, 3,24,1: PG 7,1,966, cfr. *Catechism of the Catholic Church*, No.797; ഗ്രന്ഥകാരന്റെ വിവർത്തനം

അയാൾ പറഞ്ഞത് തന്റെ മാത്രം നിലപാടല്ല. അനേകർ, ഏറെ സഭാംഗങ്ങൾപോലും, സഭയെ ഒരു സാമൂഹ്യസംഘടനയോ അല്ലെങ്കിൽ പൊതുതാത്പര്യാർഥമുള്ള ഒരു സംഘടനയോ ആയി തെറ്റിദ്ധരിക്കുന്നു. നിരീശ്വരർക്ക് സഭ ഒരു സാംസ്കാരികസംഘടന/പ്രസ്ഥാനം മാത്രമാണ്. സഭയൊരു ചാരിറ്റബിൾ സൊസൈറ്റിയല്ല. "സഭ, മറ്റു പലതിനെയും പോലെ സാമൂഹികമോ മനുഷ്യസ്നേഹപരമോ ആയ ഒരു സംഘടന യല്ല" - ബനഡിക്ട് പാപ്പാ.[11] "സഭ സാംസ്കാരികമോ മതപരമോ ആയ ഒരു സംഘടനയല്ല. അത് ഒരു സാമൂഹ്യസംഘടനയുമല്ല. ... സഭ യേശു വിന്റെ കുടുംബമാണ്. ശരീരത്തിൽ ആഗതനായ ദൈവപുത്രനാണ് യേശു വെന്ന് സഭ ഏറ്റുപറയുന്നു" - ഫ്രാൻസിസ് പാപ്പാ.[12] സാമൂഹ്യപ്രവർത്തന പ്രസ്ഥാനങ്ങളും സംഘടനകളും ചെയ്യുന്നതിനെക്കളേറെ സാമൂഹ്യ ക്ഷേമപദ്ധതികൾ സഭ പ്രാവർത്തികമാക്കുന്നുണ്ട്. പക്ഷേ, അതൊന്നുമല്ല സഭയെ സഭയാക്കുന്നത്. മനുഷ്യർ മാത്രം സംഘടിച്ചാൽ ക്രിസ്തീയ സഭയാകില്ല. സഭ ദൈവത്തിന്റെ ഭവനമാണ്.

**സഭ രക്ഷാകരസംഭവങ്ങളുടെ ആവിഷ്കരണം**

ദൈവം യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ വിളിച്ചുകൂട്ടിയ വിശ്വാസികളുടെ സംഘമേ സഭയാകൂ. ദൈവത്തിന്റെ പദ്ധതിയനുസ രിച്ച്[13] യേശുക്രിസ്തു സ്ഥാപിക്കുകയും[14] വിളിച്ചുചേർക്കുകയും[15] പരി ശുദ്ധാത്മാവ് ഐക്യപ്പെടുത്തുകയും നയിക്കുകയും ചെയ്യുന്ന വിശ്വാസി കളുടെ സംഘമാണ് സഭ. സഭയുടെ ഈ ത്രിത്വൈകദൈവിക അടിസ്ഥാ നത്തിന്മേലാണ് സഭയുടെ മറ്റു മാനങ്ങളും പ്രവർത്തനങ്ങളുമെല്ലാം ആവി ഷ്കരിക്കപ്പെടുന്നത്. വിശ്വാസികളുടെ സംഘത്തെ പരിശുദ്ധാത്മാവ് സഭ യാക്കുന്നു (Holy Spirit constitutes the Church). പരിശുദ്ധാത്മവർഷം ലഭി ച്ചുകഴിഞ്ഞുള്ള ശിഷ്യസമൂഹത്തിനാണ് ലൂക്കാ സഭ എന്ന 'പേര്' ആദ്യ മായി ഉപയോഗിച്ചിട്ടുള്ളത്.[16] സഭയുടെ കാര്യത്തിൽ യേശുവിന്റെ ഇട പെടലുകളെല്ലാം റൂഹാത്മകമിശിഹായുടേത് (Pneumatic Christ) ആണ്. കർത്താവായ യേശുക്രിസ്തുവിനെ പരിശുദ്ധാത്മപ്രചോദനത്താൽ ദൈവപുത്രനും കർത്താവും രക്ഷകനുമായി വിശ്വസിച്ച് ദൈവത്തെ

[11]"വിശ്വാസത്തിൽ സ്ഥിരതയുള്ളവരും ക്രൈസ്തവരുമായിരിക്കുന്നതിൽ സന്തുഷ്ടരും," 2011 ജൂലൈ 2ന് പുഗ്ലിയായിൽനിന്നു തീർഥാടകരോടു സംസാരിച്ചപ്പോൾ പറഞ്ഞത്, *ഒസ്സെർവാത്തോരെ റൊമാനോ* (മല) പുസ്തകം4, ലക്കം 22,28 ജൂലൈ 2011, പുറം 3 [12]2013 ജൂൺ 1-ന് സാങ്താ മാർത്തായിലെ പ്രഭാത ദിവ്യബലി യിലെ വചനവിചിന്തനത്തിൽ പറഞ്ഞത്, *ഒസ്സെർവാത്തോരെ റൊമാനോ* (മല) പുസ്ത കം 6, ലക്കം 15, 13 ജൂലൈ 2013, പുറം 10.
[13]അപ്പ 5,38-39 [14]മത്താ 16,16-18 [15]അപ്പ 2,47. [16]അപ്പ 5,11

ആരാധിക്കുന്ന വിശ്വാസികളുടെ സംസർഗമാണ് സഭ. യേശു സകല മനുഷ്യർക്കുമായി ദൈവത്തിൽനിന്നുള്ള രക്ഷ/കൻ കർത്താവായ ക്രിസ്തു ആകുന്നു; അവൻ സകല മനുഷ്യർക്കുമുള്ള രക്ഷയാകുന്നു എന്ന വിശ്വാസംതന്നെയാണ് സഭയുടെ അടിസ്ഥാന ദൈവാരാധന.[17] അതിന്റെ ആഘോഷമാണ് മറ്റ് ആരാധനാരൂപങ്ങൾ. ശിഷ്യസംഘത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിധ്യവും സംസർഗത്തിന് അവന്റെ സാന്നിധ്യത്തിലുള്ള വിശ്വാസവും അതിന്റെ സഭാത്മകതയ്ക്കു നിർണ്ണായകമത്രേ. ക്രിസ്തുവിനെ സംവഹിക്കുന്ന ദൈവവചനത്തിന്റെ വളർച്ചയാണ് സഭയുടെ വളർച്ച. വചനം വളരാത്തിടത്തുള്ള 'ക്രിസ്തീയ സംഘടനാവളർച്ച' സഭയുടെ വളർച്ചയാകില്ല.

കൂദാശകൾ രക്ഷാകരസംഭവങ്ങളാണ്. സഭ രക്ഷാകരസംഭവങ്ങളുടെ ആവിഷ്കാരമാണ്. സഭയിൽ പിതാവായ ദൈവം യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിനാൽ ലോകത്തിന്റെ വിശുദ്ധീകരണം നിർവഹിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ഈ വിശുദ്ധീകരണപ്രവർത്തനത്തിനു ശുശ്രൂഷിയാകുകയെന്നത് ലോകത്തിൽ സഭ മാത്രം ചെയ്യുന്ന പ്രവൃത്തിയാണ്. ഇത് സഭയെ അനന്യയാക്കുന്നു.

അതേ സമയം വിശ്വാസത്തെയും ഉപവിയെയും വേർപെടുത്താൻ കഴിയില്ലെന്നും സഭയ്ക്കു നല്ല ബോധ്യമുണ്ട്. കയ്യിൽ വിശ്വാസവും ഉപവിയും ചേർത്തുപിടിച്ചാണ് സഭ പിറന്നുവീണത്. അങ്ങനെതന്നെയാണ് അന്നുമുതലുള്ള പ്രയാണവും. സഭയുടെ ബോധ്യം 2013ലെ നോമ്പുകാലസന്ദേശത്തിൽ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ ഇപ്രകാരം പറഞ്ഞു:

> ദൈവത്തെ കണ്ടെത്താൻ നിരന്തരം പർവതാരോഹണം നടത്തുകയും അനന്തരം ദൈവത്തിന്റെ സ്വന്തം സ്നേഹത്തോടുകൂടി നമ്മുടെ സഹോദരീസഹോദരന്മാർക്കു ശുശ്രൂഷ ചെയ്യാനായി, അവിടന്നിൽനിന്ന് ഉൾക്കൊള്ളുന്ന സ്നേഹവും ശക്തിയും സംവഹിച്ചുകൊണ്ടു താഴേക്കു തിരിച്ചുവരികയും ചെയ്യുന്നതിലാണ് ക്രൈസ്തവജീവിതം അടങ്ങിയിരിക്കുന്നത്.[18]

വിശ്വാസത്തിൽത്തന്നെ ഉപവിയുമുൾപ്പെടുന്നതാണെന്ന പൗരസ്ത്യദർശനം ഇവിടെ ഒരു പൗരസ്ത്യകത്തോലിക്കാസഭയിലെ പുരോഹിതനായ ഞാൻ ഓർക്കേണ്ടതാണ്. വിശ്വാസം അർപ്പണമാണ്; ജീവിതാനുഭവമാണ്. വി-ശ്വാസമാണ്: വിശുദ്ധ ശ്വാസമാണ്; ജീവിപ്പിക്കുന്ന

[17] അപ്പ 24,14

[18] *ഒസ്സെർവാത്തോരെ റൊമാനോ*, (മല), പുസ്തകം 5, ലക്കം 51, 14 ഫെബ്രുവരി 2013, പുറം 1.

ശ്വാസമാണ്. ദൈവശാസ്ത്രവും ദൈവരാധനയുമാണ്.[19] വിശ്വാസം ഒരു *കാതലിക് ഇവന്റ്* - ആകമാനസംഭവം - ആണ്. അതിന് പല മാനങ്ങളുണ്ട്. ഒന്നാമത്, വിശ്വാസം 'ആകമാനസംഭവ'മായ (*കാതലിക് ഇവന്റ്*) സഭയുടെ വിശ്വാസമാണ്.[20] എന്റെ വ്യക്തിനിഷ്ഠമായ വിശ്വാസമല്ല. 'ആകമാനസംഭവ'മായ സഭയുടെ വിശ്വാസം എന്റേതാകുന്നതും എന്റേതാക്കുന്നതുമാണ്. സഭയുടെ വിശ്വാസം എന്റേതാകാൻ സഭ വിശ്വാസത്തിന്റെ വാതിൽ പണിയുന്നു. ദൈവം അത് എനിക്കു തുറന്നുതരുന്നു.[21] അത് കർത്താവിനാൽ എന്റെ ഹൃദയത്തിൽ തുറക്കപ്പെടാൻ ഞാൻ എന്റെ ഹൃദയത്തെ അനുവദിക്കുന്നു.[22] അപ്പോൾ വിശ്വാസത്തെ സംബന്ധിച്ച്, സ്കൊളാസ്റ്റിക് തിയോളജിയിലെപ്പോലെ, വ്യക്തിനിഷ്ഠ-വസ്തുനിഷ്ഠവിഭജനത്തിന്റെ പ്രശ്നമില്ല. വിശ്വാസി എന്ന നിലയിൽ ഞാൻ അവശ്യം സഭാത്മകനാണ്. സഭയുടെ അസ്തിത്വവും ഉണ്മയും ഏതു വിശ്വാസത്താലാണോ സംഭവിച്ചിട്ടുള്ളത് അതേ വിശ്വാസമാണ് എന്റെ സഭാത്മക അസ്തിത്വത്തിന്റെ സത്ത. സഭയുടെ വിശ്വാസം അതിന്റെ സമഗ്രതയിൽ ഞാൻ ഉൾക്കൊള്ളുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യണം. സഭയുടെ വിശ്വാസപാരമ്പര്യത്തിൽനിന്ന് എനിക്ക് ഇഷ്ടപ്പെട്ടതും സൗകര്യപ്രദവുമായതുംമാത്രം സ്വീകരിക്കുകയോ എന്റെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ചു വ്യാഖ്യാനിക്കുകയോ ചെയ്യുന്നത് സഭാത്മകമല്ല; വിശ്വാസത്തിൽനിന്നുള്ള വ്യതിചലനമാണ്.

സഭയുടെ വിശ്വാസം ഉറപ്പിക്കപ്പെട്ടിരിക്കുന്നത് മിശിഹാരഹസ്യത്തിലാണ്. ഈ മിശിഹാരഹസ്യവിശ്വാസം പത്രോസ് ഗലീലീയിൽവച്ച് ഒരു സൂത്രവാക്യത്തിൽ യേശുവിനോട് ഏറ്റുപറഞ്ഞു. അത് സുവിശേഷകന്മാർ തങ്ങളുടെ പ്രഥമ അനുവാചകർക്ക് ആവശ്യമായ രൂപങ്ങളിൽ എഴുതിയിട്ടുണ്ട്. *നീ ക്രിസ്തു* (മിശിഹാ) *ആകുന്നു* എന്ന് പത്രോസ് യേശുവിനോടു പറഞ്ഞെന്നു മർക്കോസ്.[23] അത് ലൂക്കാ കൂടുതൽ കൃത്യമാക്കി സാക്ഷ്യപ്പെടുത്തുന്നു: *ദൈവത്തിന്റെ ക്രിസ്തു*.[24] ദൈവത്തിന്റെ ക്രിസ്തു = ദൈവത്തിൽനിന്നുള്ള മിശിഹാ; ദൈവം അയച്ച മിശിഹാ; ദൈവത്തിന്റെ മഹത്ത്വത്തിലേക്ക് ആരോഹണം ചെയ്യാനുള്ള മിശിഹാ. മത്തായി യേശുവിന്റെ മിശിഹാത്വത്തിന്റെ ദൈവികോദ്ഭവം വ്യക്തമാക്കിയും മിശിഹായുടെ ദൈവത്വവും അധികാരവും ഉൾപ്പെടുത്തിയും എഴുതുന്നു: *നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്*.[25] ആദിയിലേ ദൈവമായിരുന്ന *വചനം മാംസമായി നമ്മുടെയി*

[19] ജോസഫ് കല്ലറങ്ങാട്ട് (എഡി.), *ദൈവശാസ്ത്രനിഘണ്ടു*, കോട്ടയം, 1996, 316-317.
[20] കല്ലറങ്ങാട്ട്, *ദൈവശാസ്ത്രനിഘണ്ടു*, 317 [21] അപ്പ 14,27 [22] അപ്പ 16,14
[23] മർക്കോ 8,29. [24] ലൂക്കാ 9,20 [25] മത്താ 16,16

*ടയിൽ കൂടാരമടിച്ചു* എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു.[26] ഈ സാക്ഷ്യത്തിൽ, ദൈവികമിശിഹാ അനാദിയിലേയുള്ള ദൈവപുത്ര നാണെന്നും, മനുഷ്യരുടെയിടയിൽ അവൻ നിർവഹിച്ച രക്ഷാകരമായ സകല വ്യാപാരങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. മിശിഹാ (ക്രിസ്തു) എന്ന നാമത്തിന്റെ നേരനുബന്ധമാണ് സ്വസഹനത്തിലൂടെയുള്ള മഹത്ത്വീ കരണം. സഭയുടെ വിശ്വാസം മിശിഹാരഹസ്യമായതിനാൽ അത് ഭക്തി യുടെ മഹാരഹസ്യമാണ്.[27]

സഭയുടെ വിശ്വാസം മിശിഹാരഹസ്യമായതിനാൽ വിശ്വാസത്തിന്റെ കാതോലികത സ്ഫുടമാകുന്നു. *കാതലിക് ഇവന്റ്* എന്ന നിലയിൽ വിശ്വാ സത്തിന്റെ ശ്രദ്ധേയമായ രണ്ടാമത്തെ മാനം അതിന്റെ സമഗ്രതയത്രേ. "വിശ്വാസം, ദൈവികവും മാനുഷികവുമായ സകല മാനങ്ങളെയും ഉൾക്കൊള്ളുന്ന ... സംഭവമാണ്. അതായത്, ത്രിത്വൈകവും മിശിഹാപ രവും റൂഹാധിഷ്ഠിതവും സഭാപരവും ആരാധനാപരവും മൗതികവും രക്ഷാകരവും താപസികവും ധാർമികവും മാനുഷികവും പ്രാപഞ്ചികവും യുഗാന്തോന്മുഖവുമായ എല്ലാ മാനങ്ങളും ഉൾക്കൊള്ളും."[28]

## വിശുദ്ധീകരണം സഭയുടെ കൂദാശകളിൽ

വിശുദ്ധവും വിശുദ്ധീകരിക്കുന്നതുമായ ക്രിസ്തുവിന്റെ മനുഷ്യസ്വഭാ വമാണല്ലോ രക്ഷയുടെ രഹസ്യം/കൂദാശ. അത് സഭയുടെ രഹസ്യങ്ങ ളിൽ (കൂദാശകളിൽ) വെളിപ്പെടുത്തപ്പെടുന്നതും പ്രവർത്തനനിരതമായി രിക്കുന്നതുമാണ്. സവിശേഷമായി സഭയുടെ രഹസ്യങ്ങളിലൂടെ.

> എന്നെന്നും ജീവിക്കുന്നതും ജീവദായകവുമായ മിശിഹായുടെ ശരീരത്തിൽ നിന്നു പ്രവഹിക്കുന്ന ശക്തികൾ ആണ് കൂദാശകൾ. അവ അവന്റെ ശരീരത്തിൽ, സഭ യിൽ, പ്രവർത്തനനിരനായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണ്. അവ നവീനവും നിത്യവുമായ ഉടമ്പടിയിൽ "ദൈവത്തിന്റെ വിദഗ്ദ്ധകർമങ്ങള ത്രേ."[29]

സഭയുടെ രഹസ്യങ്ങൾ (കൂദാശകൾ) പരിശുദ്ധ ത്രിത്വൈകദൈവ ത്തിന്റെ പ്രവർത്തനങ്ങളാണ്. ഈ വിശ്വാസം ആഘോഷിക്കുകയാണ് മാമോദീസായിൽ പുരോഹിതനായ ഞാൻ ഇപ്രകാരം ഉദ്ഘോഷിക്കു മ്പോൾ: "വീണ്ടുംജനനത്താൽ ... ദിവ്യസ്നാനജലമായിത്തീരു വാൻവേണ്ടി ഈ വെള്ളം ആശീർവദിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു ..

[26]യോഹ 1,1.18 [27]കല്ലറങ്ങാട്ട്, *ദൈവശാസ്ത്രനിഘണ്ടു*, 317. [28]അതേ കൃതി, 317. [29]*CCC*, No. 1116; ഗ്രന്ഥകാരന്റെ വിവർത്തനം

+ ജീവനുള്ള പിതാവിന്റെ നാമത്തിലും ... + ജീവനുള്ള പുത്രന്റെ നാമത്തിലും ... + ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും ..." "ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ പിതാവിന്റെയും + പുത്രന്റെയും + ജീവനുള്ള പരിശുദ്ധ റൂഹായുടെയും + തിരുനാമത്തിൽ — മാമോദീസാ മുക്കപ്പെടുന്നു."[30] ഇവിടെ പരിശുദ്ധ ത്രിത്വത്തിന്റെ പ്രവർത്തനത്തിന് പുരോഹിതനായ ഞാനും "ആമ്മീൻ" പറയുന്ന വിശ്വാസിസമൂഹവും ശുശ്രൂഷ ചെയ്യുന്നു. സഭയുടെ ശിരസായ മിശിഹായുടെ സമ്പത്ത് സഭയിൽ കൂദാശകളിലൂടെ അവന്റെ ശരീരത്തിന്റെ സകല അംഗങ്ങൾക്കും നല്കപ്പെടുന്നു.[31] "കൂദാശകളിലൂടെയും സഭാശുശ്രൂഷകളിലൂടെയും മാത്രമല്ല ഒരേ പരിശുദ്ധാത്മാവ് ദൈവജനത്തെ വിശുദ്ധീകരിക്കുകയും നയിക്കുകയും ചെയ്യുന്ന"തെങ്കിലും,[32] സഭയുടെ കൂദാശകളാണ് പരിശുദ്ധാത്മാവ് ദൈവജനത്തെ വിശുദ്ധീകരിക്കുന്ന സാധാരണ പ്രവർത്തനങ്ങൾ (ബനഡിക്ട് പതിനാറാമൻ പാപ്പാ).[33]

യേശുമിശിഹായേ, നീ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ടും, സഭയാകുന്ന നിന്റെ ശരീരത്തിൽ പരിശുദ്ധാത്മാവിനെ ചൊരിഞ്ഞുകൊണ്ടും, നീ സ്ഥാപിച്ച കൂദാശകളിലൂടെ നിന്റെ രക്ഷാകരകൃപ ചൊരിഞ്ഞുകൊടുക്കാനായി നീ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.[34] കൂദാശകൾ കേവലം ബാഹ്യനുഷ്ഠാനങ്ങളല്ല. "യേശുക്രിസ്തു ഈ ഭൂമിയിയിൽ നമ്മുടെ ഇടയിലൂടെ കടന്നുപോയപ്പോൾ അവൻ ചെയ്തതെല്ലാം, സഭയുടെ കൂദാശകളിലേക്കു സംഗ്രഹിക്കപ്പെട്ടു" (വിശുദ്ധ ലെയോ). അവൻ അവയിൽ സന്നിഹിതനാണ്. യേശുവേ, കൂദാശകൾ സഭയിൽ വസിക്കുന്ന നിന്റെ ശക്തിയുടെ പ്രവർത്തനങ്ങൾതന്നല്ലോ. അതേ, അവ നിന്റെ ശക്തികൾതന്നാണ്. നിന്നെ "ബലവാനേ, നീ പരിശുദ്ധനാകുന്നു" എന്ന് എത്ര സ്തുതിച്ചാലും സഭയ്ക്കു മടുപ്പില്ലെന്നതിന്റെ രഹസ്യം!

## വിശ്വാസം സഭയിലെ ജീവിതാനുഭവം

എന്റെ മാമോദീസാ എന്റെ വിശുദ്ധീകരണത്തിന്റെ നാരായവേരാണ് (ബനഡിക്ട് പതിനാറാമൻ പാപ്പാ). സഭ എനിക്കു ശുശ്രൂഷിച്ച മാമോദീസായിൽ പരിശുദ്ധ ത്രിത്വൈകദൈവം എന്നെ ആദ്യമായി വിശുദ്ധീകരണത്തിനു സ്പർശിച്ചു. എന്നോടു സംസാരിച്ചു. യേശു തന്റെ അജഗ

[30] *മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആരാധനക്രമം, കൂദാശകൾ*, (2008), 30
[31] *CCC*, No. 947 [32] രണ്ടാം വത്തിക്കാൻ കൗൺസിൽ, *തിരുസഭ* നമ്പർ 12
[33] *ഒസ്സെർവാത്തോരെറൊമാനോ* (മല), പുസ്തകം 5, ലക്കം 34, 18 ഒക്ടോബർ 2012, പേജ് 14 കോളം 3. [34] *CCC, No.* 1084

ണത്തിൽ എന്നെ ഉൾപ്പെടുത്തി. അവന്റെ സഭയിലേക്ക് എന്നെ പ്രവേശി പ്പിച്ചു. പറുദീസായിൽ എന്നെ പ്രവേശിപ്പിച്ചു. ജീവന്റെ അപ്പമായി എന്നിൽ സന്നിഹിതനാകുകയും ചെയ്തു. ഞാൻ ദൈവികവത്കൃതനായി. ഇനി യെന്റെ ജീവിതത്തിന്റെ ലക്ഷ്യം യേശുക്രിസ്തുവിനെ അനുകരിക്കു കയാണ്. ദൈവത്തിന്റെ മുഖം സദാ അവനിൽ ദർശിച്ചുകൊണ്ട് അവന്റെ പിന്നാലെ പൊയ്ക്കൊണ്ടിരിക്കുക. അവനോട് അനുരൂപപ്പെടുക.

യേശുക്രിസ്തുവിനെ അനുകരിക്കുകയെന്നു പറയുന്നതിന് സുറി യാനിസഭയുടെ ധാരണയിൽ അർഥം മനുഷ്യത്വത്തെ ദൈവത്വത്തോടു ചേർത്ത യേശുക്രിസ്തുവിന്റെ ജീവിതം എന്റെ ജീവിതത്തിൽ പൂർത്തി യാക്കുകയെന്നാണല്ലോ. മാമോദീസായിൽ എന്നിൽ സംഭവിച്ച ദൈവി കവത്കരണം പൂർണമാക്കപ്പെടണം. അതിന് എന്റെ ജീവിതപാദങ്ങൾ സദാ സ്വർഗീയ ജറുസലേമിലേക്കു തിരിച്ചുവച്ചുകൊണ്ട് അവന്റെ നേതൃ ത്വത്തിൽ തീർഥാടനം ചെയ്തുകൊണ്ടിരിക്കുക എന്ന്.

ഞാൻ കേവലം അനുഷ്ഠാനപരമായി മാത്രം സഭയിൽപ്പെട്ടാൽ പോരാ. മാമോദീസായെ സാമൂഹികമോ സാമുദായികമോ ആയ വ്യക്തിത്വ ത്തിന്റെ ഒരടയാളമായി, ബഹുമാന്യതയുടെ ഒരലങ്കാരമായിമാത്രം ചാർ ത്തിക്കൊണ്ടു നടക്കുന്നതുകൊണ്ട് എനിക്കു സഭയോടു ബന്ധമുണ്ടെന്നു വെറുതെ സങ്കല്പിക്കുകയത്രേ. ഞാൻ ആകാരത്തിലും അറിവിലും വള രുന്നതനുസരിച്ച് സഭയുടെ ഉള്ളറയിലേുള്ള എന്റെ പ്രവേശനത്തിന് ആവേഗവും ആവേശവും ഏറിക്കൊണ്ടിരിക്കണം. വിശ്വാസയാത്രയെ വീണ്ടും കണ്ടെത്തിക്കൊണ്ടിരിക്കണം. സഭയുടെ ഉള്ളറരഹസ്യം അറി യണം. എന്താ ഇത്ര വലിയ രഹസ്യം? മിശിഹാ സഭയിൽ മേവുന്നു -ജീവിക്കുന്നു. സഭയിൽ മാമോദീസാ മുതലുള്ള കൂദാശകളുണ്ട്. മിശി ഹായ്ക്കു സാക്ഷികളായിത്തീർന്നവരുടെ സാക്ഷ്യങ്ങളും അസ്ഥികളും സ്മരണയും തിരുശേഷിപ്പായുണ്ട്. ജീവന്റെ ഔഷധിയെ രോഗികളായിപ്പോ യവർക്കെല്ലാം ഭാഗിച്ചുനല്കുന്ന പുരോഹിതന്മാരുണ്ട്. ഒന്നിനും കുറവി ല്ല. സഭയിലൂടെ മിശിഹായോടു ബന്ധപ്പെടാം. സൗഖ്യം പ്രാപിക്കാം. വിശുദ്ധീകൃതരാകാം. പറുദീസായുടെ അനുഭവത്തിലായിരിക്കാം.

ഈ കൃപകളൊക്കെയും വിശ്വാസികൾക്കു സഭയിൽ ലഭിക്കുന്നത് സഭ പറുദീസായുടെ സാദൃശവും മിശിഹായുടെ ഐക്കണും ആയിരി ക്കുന്നതിനാലാണ്. മിശിഹാ *ദൈവത്തിന്റെ ഐക്കൺ, അദൃശ്യനായ ദൈവത്തിന്റെ ഐക്കണും (ഛായയും) സകല സൃഷ്ടികൾക്കും മുമ്പു ള്ള ആദ്യജാതനും ആകുന്നു.*[35] മിശിഹായുടെ 'ഐക്കോണിക്' ഭാവ

[35] *ഐക്കൺ*: 2 കോറി 4,4;കൊളോ 1,15

ത്തിൽനിന്ന് അവന്റെ തുടർച്ചയായ സഭയ്ക്കും 'ഐക്കോണിക്' ഭാവം നൈസർഗികമായി കൈവരുന്നു. *ദൈവത്തിന്റെ ഛായയും, അദൃശ്യനായ ദൈവത്തിന്റെ ഛായയും* (*ഐക്കൺ*) ആയ മിശിഹാ - മേവുന്ന - പാർക്കുന്ന, യോജിച്ചിരിക്കുന്ന — സഭ അവന്റെ *ഐക്കൺ* ആയിരിക്കുന്നത് നൈസർഗികമാണല്ലോ. ഇത് സഭയുടെ 'രഹസ്യം' ആണ്. എന്നു പറഞ്ഞാൽ, നാം മിശിഹാവഴി ദൈവപിതാവിന്റെ സംസർഗത്തിന് അർഹരാകുന്നു എന്നത്രേ. സഭയുടെ സംസർഗം സാധ്യമാകുന്നത് പരിശുദ്ധ ത്രിത്വൈകത്തിലെ സംസർഗം മുഖാന്തരമാണ്. അതായത്, സഭ പിതാവിലും പുത്രനിലും റൂഹായിലുമുള്ള സംസർഗത്തിന്റെ ഐക്കൺ ആണ്.[36] ക്രിസ്ത്യാനിയായിരിക്കാൻ - ക്രിസ്ത്വാനുഭവസംസർഗത്തിലായിരിക്കാൻ — സഭയിലായിരിക്കണം. ഇതു സുവിശേഷജ്ഞാനമാണ്.

സ്വജാതിയരെയും വിജാതീയരെയും, അതേ, അനേകരെ, ഉൾക്കൊള്ളുന്ന സഭ അനേകരുടെ അമ്മയല്ലോ! സഭ അസംഖ്യം മക്കളുടെ അമ്മയാണ്. ഇവരെല്ലാം സ്വന്തമായുള്ള മാതാവാണ് സഭ. അവളുടെ മക്കളാകാൻ കഴിയാത്ത ഒരു ജനതയുമില്ല. അവൾ എല്ലാവരിലേക്കും അയയ്ക്കപ്പെട്ടിരിക്കുന്നു. അവൾ എല്ലാവരെയും ഉൾക്കൊള്ളുന്നു. ഓ! പരിശുദ്ധ ത്രിത്വമേ, സഭയെ അവിടുന്ന് വർദ്ധിതവും വർദ്ധമാനവുമായ വിധം അമ്മയാക്കിയിരിക്കയാൽ ഞങ്ങൾ അവിടത്തെ സ്തുതിക്കുന്നു. സകല ജനങ്ങളും ഞങ്ങളുടെ ഈ അമ്മയ്ക്കു സ്വന്തമല്ലോ! ആകയാൽ അവളിൽനിന്നു വേറിട്ടുനിന്ന് യേശുവിനെ കണ്ടെത്തുക അസാധ്യമാണല്ലോ. ദാസന്മാരുടെ ദാസനായ പൗലോസ് ആറാമൻ പാപ്പായിലൂടെ നല്കപ്പെട്ട ദിവ്യജ്ഞാനമോർത്ത് ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു: "സഭയെക്കൂടാതെ യേശുവുമായി സഹവസിക്കാനുള്ള ആഗ്രഹം യുക്തിഹീനമായൊരു ദ്വൈതഭാവം മാത്രമാണ്; സഭയില്ലാതെ യേശുവിനെ അനുഗമിക്കാനും സ്നേഹിക്കാനുമുള്ള അഭിവാഞ്ച തീർത്തും അസംബന്ധമത്രേ."[37]

സഭ ഒരമ്മയാണ്. അതിനർഥം അവൾ ഒരു സംഘടനയല്ല എന്നുമാണല്ലോ. സഭാംഗങ്ങളെല്ലാം പരിശുദ്ധാത്മശക്തിയാൽ ഒന്നായി, സഭയിൽ ഒരു കുടുംബമാണ്.[38] പരിശുദ്ധ പരമ ത്രിത്വൈക ദൈവമേ, മഹാ

---

[36]Walter Kasper, *Theology and Church*, London,1989, 152; ജോസഫ് കല്ലറങ്ങാട്ട്, "ഐക്കൺ: ദൈവശാസ്ത്രത്തിന്റെയും ആദ്ധ്യാത്മികതയുടെയും സംഗമവേദി," *കിഴക്കിന്റെ ദൈവശാസ്ത്ര-ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ*, കോട്ടയം, 1999, 79. [37]*സുവിശേഷപ്രഘോഷണം/ Evangelium Nuntiandi*,16. [38]ഫ്രാൻസിസ് പാപ്പാ 2013 ഏപ്രിൽ 23 -ാം തീയതി രാവിലെ അപ്പസ്തോലിക വസതിയിലെ പൗളിൻ ചാപ്പലിൽ അർപ്പിച്ച കുർബാനയിലെ വചനസന്ദേശത്തിൽ, *ഒസ്സെ. റൊ.* (മല),പുസ്തകം 6 ലക്കം 10, 09 മെയ് 2013, പുറം 7.

പാപിയായ എന്നെ ഈ കുടുംബത്തിന്റെ സ്വന്തമാക്കിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. ഈ കുടുംബത്തിൽ അംഗമാക്കി എനിക്കു വ്യക്തിത്വവും ഉടമസ്ഥാവകാശവും തന്നുവല്ലോ!

''ഞങ്ങളുടെ കർത്താവായ മിശിഹാ, .... മഹാശക്തനായ നീ എന്നിൽ ജീവന്റെ ഔഷധം പൂശിയതിനാൽ എനിക്കു സൗഖ്യം ലഭിക്കുമാറാകണമേ.''[39] ജീവന്റെ അപ്പമായ യേശുമിശിഹാ, നിന്റെ സഭയിൽ ജീവന്റെ ഔഷധിയെ ഭാഗിച്ചു നല്കാനുള്ളവരിൽ ഒരുവനായി എന്നെ നിയോഗിച്ചതിനു നന്ദി. നീ ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമാണല്ലോ. നിന്നെ ഭക്ഷിക്കുന്നവർ മരിക്കയില്ലെന്നും നീ മൂലം എന്നേക്കും ജീവിക്കുമെന്നും നീ അരുൾചെയ്തിട്ടുണ്ടല്ലോ. അത് നീ സ്നേഹിക്കുന്ന നിന്റെ ശിഷ്യൻവഴി[40] എന്റെ സഹോദരങ്ങളോടൊപ്പം എനിക്കും കേൾക്കാം. നിന്റെ പരിശുദ്ധ റൂഹായുടെ വീണ പണ്ടേ അതേറ്റുപാടിയിട്ടുമുണ്ട്: ''ഞങ്ങളെ തന്റെ അപ്പമാക്കിയ അത്യാഗ്രഹിയെ നിന്റെ അപ്പം കൊല്ലുന്നു. ഞങ്ങളെ വിഴുങ്ങിക്കളഞ്ഞ മരണത്തെ നിന്റെ കാസാ നശിപ്പിക്കുന്നു.''[41] സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിട്ടുള്ള ജീവന്റെ അപ്പമായ എന്നെ ഭക്ഷിക്കുന്നയാൾ ഞാൻ മൂലം എന്നേക്കും ജീവിക്കുമെന്ന നിന്റെ വാക്കു ശ്രദ്ധിച്ചിട്ട് 'ദൈവവാഹിയായ' ഇഗ്നാത്തിയോസ്, 'ദൈവസ്നേഹത്താൽ എരിയുന്ന ആ ആത്മാവ്,'[42] ആഹ്വാനം ചെയ്യുന്നതു ഞങ്ങൾ വായിക്കുന്നു: ''മരണത്തെ മാറ്റുന്ന മറുമരുന്നും അമർത്യതയുടെ ഔഷധവും യേശുമിശിഹായിൽ നിത്യം ജീവനും പ്രദാനം ചെയ്യുന്നതുമായ ഒരേ അപ്പം മുറിക്കുവിൻ.''[43] തിരുസഭയുടെ അർപ്പണമായ കുർബാന[44] സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിട്ടുള്ള ജീവന്റെ അപ്പമായ നിന്റെ ശരീരരക്തങ്ങളാകുന്നല്ലോ. അതിനാൽ സഭയിൽ ഞങ്ങൾക്കു ലഭിക്കുന്ന വിശുദ്ധ കുർബാന മർത്യരായ ഞങ്ങളുടെ ആത്മീയ ജീവിതത്തിൽ മരണത്തെ തടയുന്നു. അത് അമർത്യതയുടെ ഔഷധവും അക്കാരണത്താൽത്തന്നെ ജീവന്റെ ഔഷധവുമാണല്ലോ. *ജീവന്റെ ഔഷധം, ജീവന്റെ ഔഷധം* എന്നുരുവിട്ടുകൊണ്ടിരിക്കുന്ന നിന്റെ റൂഹായുടെ വീണയുടെ നാദം[45]

---

[39]വലിയ നോമ്പ്, വ്യാഴം രാത്രി, ഒന്നാം കൗമ്മാ, മാർ യാക്കോബിന്റെ ബോവൂസാ

[40]യോഹ 6,50.57.59 [41]അപ്രേം, *വിശ്വാസഗീതങ്ങൾ*, 10,8. [42]അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്തിയോസിന് 'തെയൊഫൊറോസ്' എന്ന മറുനാമമുണ്ടായിരുന്നു. അദ്ദേഹത്തെ വിശുദ്ധ ജോൺ ക്രിസോസ്റ്റോം ''ദൈവികസ്നേഹത്താൽ എരിയുന്നൊരാത്മാവ്'' എന്നു വിശേഷിപ്പിച്ചിട്ടുണ്ട്, ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ*, കോട്ടയം, 1989, 52-53. [43]അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്തിയോസ്, *എഫേസോസുകാർക്ക് എഴുതിയ ലേഖനം*, 20,2: വിവ. ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ*, 63. [44]വിശുദ്ധ കുർബാനയെ തിരുസഭയുടെ അർപ്പണമെന്ന് ആദ്യം വിശേഷിപ്പിച്ചത് വിശുദ്ധ ജസ്റ്റിൻ, ജി. ചേടിയത്ത്, *പട്രിസ്റ്റിക് കിസ്.* [45]അപ്രേം, *മനുഷ്യവതാരഗീതങ്ങൾ*, 4,99; *ക്രൂശീകരണഗീതങ്ങൾ; പുളിപ്പുഗീതങ്ങൾ*, 14,15-16.

അത്യാസന്നനായ എനിക്കെത്ര ജീവദായകം! മരണത്തിന്റെ താഴ്‌വരയിലായിരിക്കുന്നവർക്കല്ലോ ജീവൗഷധിയെക്കൊണ്ടാവശ്യം. മരണത്തിന്റെ താഴ്‌വരയിൽ ജീവൗഷധികൊണ്ടു നീ എനിക്കു വിരുന്നൊരുക്കിയിരിക്കുന്നു.

പക്ഷേ, ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, എനിക്ക് ഒളിച്ചുവയ്ക്കാനാകുന്നില്ല. സഭയെ പറുദീസായുടെ സാദൃശ്യത്തിൽ കാത്തുസൂക്ഷിക്കാനുള്ള ശുശ്രൂഷയ്ക്കു വേണ്ടിയുമാണല്ലോ എന്നെ പുരോഹിതനായി സഭയിൽ നീ നിയോഗിച്ചത്. എന്നാൽ, ഞാൻ എത്രയോ പ്രാവശ്യം ജീവൗഷധിയെ അശ്രദ്ധയാലും ഉപേക്ഷയാലും കാളകൂടമാക്കി കഴിച്ചുപോകുന്നു! ഹവ്വായ്ക്കും ആദാമിനും പറുദീസായുടെ ഉടയോൻ ധരിപ്പിച്ച മഹത്ത്വത്തിന്റെ ഉടയാട നഷ്ടപ്പെടാതിരിക്കാനും ഉരസരം ഉരിഞ്ഞുകൊടുത്ത പത്രകം ചാർത്തി താന്താങ്ങളുടെ നഗ്നത മറയ്ക്കാതിരിക്കാനും ഞാൻ അവരെ നിന്റെ അഗ്നിനാവിൽനിന്നു പുറപ്പെടുന്ന വചനത്തിന്റെ അഗ്നിജ്വാലക്കുള്ളിലാക്കുന്നില്ല. എല്ലാമോർത്തു ഞാൻ വിലപിക്കുമ്പോളെല്ലാം അനുതാപത്തിന്റെ ആശ്വാസതീരത്തേക്കു വഞ്ചിയിലിരുന്നു നീയെന്നെ മാടിവിളിക്കുന്നതു കേൾക്കാനാകുന്നത് നിന്റെ കനിവ്. നിന്റെ അടുത്തേക്കു വരാൻ കടലിലേക്ക് എടുത്തുചാടുന്ന ഞാൻ മുങ്ങിത്താഴുമ്പോഴെല്ലാം ശക്തിയുള്ള കരവും ബലമുള്ള ഭുജവും നീട്ടിയെന്നെ നിന്റെ മാറോടു ചേർത്തു വഞ്ചിയിലിരുത്തി ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു! കരയ്ക്കണയുമ്പോൾ ആദാമും ഹവ്വായും മഹത്ത്വത്തിന്റെ അങ്കിയണിഞ്ഞു നിന്നോടൊത്തിരുന്നു നീ ചുട്ട അപ്പവും മീനും ഭക്ഷിക്കുന്നു. ''വന്നു പ്രാതൽ കഴിക്കുക'' എന്ന് എന്നോടും അധികാരത്തോടെ ആജ്ഞാപിക്കുന്നത് നിന്റെ മാറിലെ നനവറിയാൻ പിന്നെയും പിന്നെയും എനിക്കവസരമാകുന്നല്ലോ! *കർത്താവേ, എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികൾ വയ്ക്കുന്ന ദുഷ്ടനെ നിന്റെ വിശുദ്ധരുടെ പ്രാർഥനയാൽ ഞങ്ങളിൽനിന്നു മായിച്ചുകളയണമെ.*

കർത്താവേശുമിശിഹാ, നീ സഭയിൽ മേവുന്നു: പാർക്കുന്നു; ഭരിക്കുന്നു; സഭയോടൊത്തായിരിക്കുന്നു. അതിനാലല്ലോ എനിക്കു സഭയിൽ മാമ്മോദീസ ലഭിച്ചപ്പോൾ നീ എന്നെ നിന്നോട് ഐക്യപ്പെടുത്തിയത്! നിന്റെ മരണത്തോട് എന്റെ മരണത്തെ കൂട്ടിച്ചേർത്തതും നിന്റെ ഉയിർപ്പിൽ നിന്നോടൊത്ത് എന്നെയും ഐക്യപ്പെടാനുള്ളവനാക്കിയിട്ടുള്ളതും![46] ഈ ലോകത്തിൽ നീ മാത്രം സമ്പൂർണമായി ജീവിച്ചു പൂർത്തിയാക്കിയ

[46] റോമ 6,1–11

ദൈവപുത്രത്വം എനിക്കു നല്കിയത്![47] ശുശ്രൂഷാപൗരോഹിത്യം എനിക്കു നല്കുന്നതിന്റെ അടിസ്ഥാനവും ഒരുക്കവുമായി തിരഞ്ഞെടുക്കപ്പെട്ട വംശത്തിൽ, രാജഭവനവാസിക്കൂട്ടത്തിൽ, പുരോഹിതഗണത്തിൽ[48] എന്നെ ചേർത്തതും. മിശിഹായേ, നീ മരിച്ചവരിൽനിന്ന് ഉയിർത്തതിനു ശേഷവും സഭയിൽ വസിക്കുന്നതിനാലാണല്ലോ നിന്റെ ഉയിർപ്പുനാളിൽ എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാർക്കു വഴിനീളെ നിന്നെക്കുറിച്ചു വചനം വ്യാഖ്യാനിച്ചു നീ പഠിപ്പിച്ചത്. യാത്രയുടെ സന്ധ്യയിൽ അപ്പംമുറിക്കൽശുശ്രൂഷയിൽ നിന്നെ അവർക്കു ദൃശ്യനാക്കിക്കൊടുത്തതും! സഭയിൽ പുരോഹിതനായ എനിക്ക് ഓരോ ദിനവും എമ്മാവൂസ്യാത്രയാക്കിത്തീർക്കുന്നതും!

അറിവ് പൂർണമാകുന്നത് അറിയേണ്ടതു ബന്ധപ്പെട്ടനുഭവിക്കുമ്പോളാണല്ലോ. സഭയുടെ രക്ഷാകര രഹസ്യത്തോടു ഞാൻ ബന്ധപ്പെടണം. സഭയുടെ രക്ഷാകര രഹസ്യം അറിയാനുള്ള കൃപ യേശുവിൽ വിശ്വസിച്ച് അവനോടുകൂടെയായിരിക്കുന്നവർക്കു ദൈവം നല്കുന്നു. ദൈവരാജ്യത്തിന്റെ രഹസ്യം *നിങ്ങൾക്കു* നല്കപ്പെട്ടിട്ടുണ്ടെന്ന് അവൻ തന്റെ ശിഷ്യരോടും അവരോടുകൂടെയുള്ളവരോടും പറഞ്ഞിട്ടുണ്ടല്ലോ. അക്കൂട്ടത്തിൽ ഉൾപ്പെടാതെ പുറത്തു നില്ക്കുന്നവർക്ക് — *ഔട്ട്സ്ററാൻഡിംഗുകൾക്ക്* — വിവരക്കേടുകൊണ്ടു സംഭവിക്കുന്ന വരക്കേടും അവൻ വിരചിച്ചിട്ടുണ്ട്: സാധാരണക്കാർക്കുപോലും സാധാരണ ഗതിയിൽ അനായാസം മനസ്സിലാകുമെന്നു തോന്നിക്കുന്ന ഉദാഹരണങ്ങളാണ് ദൈവരാജ്യരഹസ്യം ആവിഷ്കരിക്കാൻ അവൻ പറയുന്നത്. പക്ഷേ, അവയുടെ അർഥം *ഔട്ട്സ്ററാൻഡിംഗുകൾക്ക്* അടയ്ക്കപ്പെട്ടതായിത്തന്നെയിരിക്കും.[49]

ഞങ്ങളുടെ മഹാപുരോഹിതനായ മിശിഹായേ, ഞാൻ ശിശുവായിരുന്നപ്പോൾ നീ എന്നെ രാജഭവനവാസിയായ പുരോഹിതഗണത്തിൽ

[47] ഗലാ 3,26;എഫേ 1,5 [48] 1 പത്രോ 2,9. ഈ വാക്യത്തിലെ *ബസിലെയിയിഗൻ ഹിയെറാറ്റെയുമാ* 'രാജകീയ പുരോഹിതഗണം' എന്നാണ് പൊതുവെ പരിഭാഷപ്പെടുത്തിപ്പോന്നിട്ടുള്ളത്. *ബസിലെയിഗസ് ഹിയെറാറ്റെയുമാ* എന്നിവ രണ്ടു നാമങ്ങളാണെന്ന് 1 പത്രോ 2,5ലെ 'ആത്മീയ ഭവനം' (*ഒയികൊസ് പ്നെയുമാറ്റികൊസ്*), 'വിശുദ്ധ പുരോഹിതഗണം' (*ഹിയറാറ്റെയുമാ ഹഗിയൊസ്*) എന്നീ വിശിഷ്ടാഭിധാനങ്ങളുമായുള്ള സമാന്തരത സ്ഥിരീകരിക്കുന്നു. അതിനാൽ, 1 പത്രോ 2,9ലെ *ബസിലെയിഗസ് ഹിയെറാറ്റെയുമാ* 'രാജകീയ പുരോഹിതഗണം' എന്നു നാമവിശേഷണവും നാമവുമായി കാണുന്നതിനെക്കാൾ മെച്ചം രാജഗൃഹവാസി (household), പുരോഹിതഗണം എന്നു രണ്ടു നാമങ്ങളായി കാണുന്നതാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു (വെളി 1,6; 5,10; പുറ 19,16സപ്തതി), William J.Dalton, "The First Epistle of Peter," *NJBC*, 905 No.12 [49] മർക്കോ 4,10-12

ഉൾപ്പെടുത്തി. അതിൽപ്പെട്ടു ഞാൻ വളർന്നെന്ന് ഒരുനാൾ ഞാൻ തെറ്റിദ്ധരിച്ചുപോയപ്പോൾ നിന്റെ രാജഭവനവാസികൾക്ക്, പുരോഹിതഗണത്തിന്, ജീവന്റെ ഔഷധി നല്കി ശുശ്രൂഷിക്കാനുള്ള പൗരോഹിത്യവും എനിക്കു നീ നല്കിയതു ഞാൻ രണ്ടു കൈയും നീട്ടി സ്വീകരിച്ചു. യജമാനനായ നീ നിന്റെ ഭവനത്തിലുള്ള ദാസർക്ക് യഥാസമയം ഭക്ഷണം കൊടുക്കാനുള്ള ഭൃത്യനായി എന്നെ നിയമിച്ചു.... എന്നിട്ടിപ്പോൾ ഞാൻ. സഭയുടെ രഹസ്യത്തിന്റെ അറിവു നല്കപ്പെട്ട കൂട്ടത്തിനു പുറത്തോ അകത്തോ? Some one outstanding എന്നതിനു നീ പറഞ്ഞിട്ടുള്ള നേരർഥമറിയാതെ ഞാനെത്രയോ തവണ വലിയവനായിട്ടുണ്ട്! ഇപ്പോൾ എവിടെയെങ്ങനെയായിരുന്നാലും, അകത്ത്, സഭയുടെ മണവാളനായ നിന്റെകൂടെയും നിന്റെകൂടെ കൂടിയവരുടെകൂടെയും, ആയിരുന്ന് നിനക്കും അവർക്കും ശുശ്രൂഷ ചെയ്യാനാണ് എന്നെ നീ വിളിച്ചു നിയോഗിച്ചിട്ടുള്ളതെന്ന് വല്ലപ്പോഴുമെങ്കിലും എന്നെ ഓർപ്പിക്കുന്നതിനു നന്ദി. ഓർമയെ ഒരരികത്ത് ഒതുക്കിനിർത്തി ഓടുന്നത് എനിക്കു കുടുതൽ സുഖപ്രദമെന്നു കരുതാനാണ് എനിക്കെപ്പോഴും പ്രലോഭനം.

സഭ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധജനവും, വിശുദ്ധിയുടെ ഉറവിടമായ കർത്താവിന്റെ ശരീരവുമാണ്. ആകയാൽ സഭയിൽ അംഗങ്ങളാകുന്നതുവഴിയാണ് നാം വിശുദ്ധീകരിക്കപ്പെടുന്നത്. മിശിഹായിലും അവന്റെ കൂദാശയായ സഭയിലുമുള്ള നമ്മുടെ വിശ്വാസത്തിന്റെ അളവനുസരിച്ചാണ് നമ്മുടെ സഭാംഗത്വം.[50] അതേ സമയം, ത്രിത്വൈക ദൈവമാണ് സഭയുടെ പണിക്കാരനും പരിപാലകനും. ആകയാൽ, വിശുദ്ധീകരണം തീർത്തും ദൈവികമായ പ്രവൃത്തിയാണ്.

മുകളിൽ 1 തെസ 4,3-8ന്റെ വിചിന്തനം നാമിങ്ങനെ സമാപിപ്പിച്ചു: വിശുദ്ധി = ദൈവം; വിശുദ്ധീകരണം = ദൈവപ്രാപ്തി; ദൈവത്തെ സ്വീകരിക്കൽ. ഈ സൂത്രം ഞാനിങ്ങനെ പുനരനുസ്മരിക്കുന്നു: ദൈവത്തെ ഞാൻ സ്വീകരിക്കുന്നു എന്നതിനെക്കാൾ കൂടുതൽ ശരി ദൈവം എന്നെ സ്വീകരിക്കുന്നു, എന്നെ തന്നോടു ചേർക്കുന്നു എന്നതാണ്.

''മനുഷ്യൻ ദൈവമാകാൻ ദൈവം മനുഷ്യനായി'' (വി. അത്തനാസിയുസ്). ഇതാണ് മനുഷ്യന്റെ ദൈവികീകരണത്തിന്റെ ഏറ്റവും സംക്ഷിപ്തമായ ആവിഷ്കരണം. വിശുദ്ധ കുർബാനയിൽ മനുഷ്യൻ ദൈവമാകാൻ ദൈവം അപ്പമാകുന്നു.

---

[50]റോമ 12,3 ഫ്രാൻസിസ് പാപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, നമ്പർ 21.

അധ്യായം

# 6

## വിശുദ്ധീകരണം പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താൽ

മിശിഹായേ, നീ ഈ ലോകം വിട്ടുപോകുന്നതിനു മുമ്പു ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തു: *ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുത്തേക്കു വരും.*[1] *ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരികയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ, നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും.*[2] ഉത്ഥിതനായ മിശിഹാകർത്താവേ, നീ ശിഷ്യന്മാരുടെമേൽ നിശ്വസിച്ചുകൊണ്ട് അരുൾചെയ്തുവല്ലോ: *നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.*[3] ... *ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യണം. പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്. ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു...*[4] യേശുവിന്റെ മഹത്ത്വപ്രവേശനത്തിനുശേഷം ലോകത്തി

[1]യോഹ 14,18 [2]യോഹ 14,16-17 [3]യോഹ 20,22-23 [4]ലൂക്കാ 24,46-49

ലേക്കുള്ള പരിശുദ്ധാത്മാവിന്റെ വരവ് വചനത്തിന്റെ മനുഷ്യനായി ത്തീരലിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും വ്യാപനമാണ ല്ലോ. പരിശുദ്ധാത്മാവ് 'അവസാന നാളുകളിൽ' യേശുക്രിസ്തുവിന്റെ പകരക്കാരനായി ചരിത്രത്തിൽ പ്രവർത്തിക്കുന്ന ഉന്നതങ്ങളിൽനിന്നുള്ള ശക്തിയാണ്. അവന്റെ പ്രവർത്തനകാലമാണിത്. വചനത്തിന്റെ മാംസ മാകലിലൂടെ മനുഷ്യകുലത്തിനാകെയുംവേണ്ടി പൂർത്തിയാക്കപ്പെട്ട രക്ഷ മനുഷ്യകുലത്തിൽ പൊതുവെയും അതിലെ ഓരോ വ്യക്തിക്കും പ്രത്യേകമായും പരിശുദ്ധാത്മാവ് സാക്ഷാത്കരിച്ചു പൂർണമാക്കിക്കൊ ണ്ടിരിക്കുന്നു. ദൈവം നമ്മുടെ വിശുദ്ധീകരണത്തിനു വിശുദ്ധീകരണമാ ക്കിയ യേശുമിശിഹായെ ലോകത്തിലും വ്യക്തികളിലും സന്നിഹിത നാക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവ് നമ്മെ വിശുദ്ധീകരിക്കുന്നു. പരിശുദ്ധാത്മാവ് വിശുദ്ധീകരണത്തിന്റെ അടയാളമാണ്.[5]

പരിശുദ്ധൻ നസ്രത്തിലെ കന്യകയിൽനിന്നു മനുഷ്യത്വമെടുത്ത് പരിശുദ്ധമായി പിറന്നത് പരിശുദ്ധാത്മാവ് അവളുടെമേൽ ആഗമിച്ചതിനാലും ആവസിച്ചതിനാലുമാണ്.[6] യേശുമിശിഹാ തന്റെ പരസ്യശുശ്രൂഷയിലും[7] മഹത്ത്വീകരണമാർഗമായ സഹനത്തിലും[8] നയിക്കപ്പെട്ടതും പരിശുദ്ധാ ത്മാവിനാലാണ്. യേശുമിശിഹായുടെ മഹത്ത്വീകരണത്തിനുശേഷവും അതേ പരിശുദ്ധാത്മാവ് മനുഷ്യരുടെ വിശുദ്ധീകരണമായ യേശുമിശി ഹായെ സഭയിൽ വചനത്താലും കൂദാശയാലും വിശ്വാസികളായ നമ്മിൽ ഉരുവാക്കി അവനെ നമ്മോട് ഐക്യപ്പെടുത്തുന്നു. ദൈവം നമ്മുടെ വിശുദ്ധീകരണത്തിനു വിശുദ്ധീകരണമാക്കിയ യേശുമിശി ഹായുടെ കൂദാശയായ സഭയുടെ കൂദാശകളെ പരിശുദ്ധാത്മാവ് വിശു ദ്ധീകരിച്ചു പൂർണമാക്കിത്തികയ്ക്കുന്നു. ''പരിശുദ്ധാത്മാവ് ആവസിച്ച് കുർബാനയപ്പത്തെ ജീവനുണ്ടാക്കുന്ന ശരീരവും രക്ഷാകരമായ ശരീ രവും നമ്മുടെ ദൈവമായ മിശിഹായുടെ ശരീരവും ആക്കിത്തീർക്കു ന്നു.'' അതുപോലെ, ''പരിശുദ്ധാത്മാവ് കുർബാനക്കാസായിലെ വീഞ്ഞ് പുതിയ നിയമത്തിന്റെ രക്തവും രക്ഷാകര രക്തവും നമ്മുടെ ദൈവ മായ മിശിഹായുടെ രക്തവുമായി പൂർത്തിയാക്കിത്തികയ്ക്കുന്നു.''[9]

പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനങ്ങളെല്ലാം അനവരതം നട ക്കുന്ന സഭ കരിസ്മാറ്റിക് ആണ്; കരിസ്മാറ്റിക് ആകാതിരിക്കാൻ പറ്റി ല്ല സഭയ്ക്ക്. കരിസ്മാറ്റിക് അല്ലാത്ത സമൂഹം സഭയല്ല. സഭയിലെ സാധാരണ കരിസ്മാറ്റിക് പ്രവർത്തനങ്ങളാണ് കൂദാശകൾ. അവ സഭ

[5]അപ്പ 2,38.41; 26,18; 4,32-37 [6]ലൂക്കാ 1,35 [7]ലൂക്കാ 3,21-22; 4,16-30
[8]ലൂക്കാ 3,21-22; 4,1-13 [9]മാർ യാക്കോബിന്റെ അനാഫുറാ

യിൽ പരിശുദ്ധാത്മാവിന്റെ സാധാരണ പ്രവർത്തനമാധ്യമങ്ങളാണ്. സഭയിൽ പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണപ്രവർത്തനങ്ങളാണ് – കരിസ്മാറ്റിക് കർമങ്ങൾ. സഭയുടെ കൂദാശകളും ദൈവമായിരുന്ന വചനത്തിന്റെ മനുഷ്യനായിത്തീരലിന്റെ വ്യാപനമാകുന്നു.

വിശ്വാസത്തോടെ കൂദാശകൾ (രഹസ്യങ്ങൾ)സ്വീകരിക്കുന്നവരെ പരിശുദ്ധാത്മാവ് വിശുദ്ധീകരിക്കുന്നു. കൂദാശകളോടു ഞാൻ പ്രസാദാത്മകമായി സഹകരിക്കുമ്പോൾ ഞാൻ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നു. വിശുദ്ധ കുർബാനയിൽ ധൂപകലശം വാഴ്ത്തുമ്പോൾ ഞാൻ പാടുന്നുണ്ടല്ലോ: "*കാദീശ് റൂഹോ ഹായോ ഉകാദീശോ ...*" (= ജീവനുള്ളവനും/ജീവപ്രദനും പരിശുദ്ധനുമായ റൂഹാ പരിശുദ്ധൻ). "ഉണ്ടായതും ഉണ്ടാകാനിരിക്കുന്നതുമായ സകലവും പൂർണമാക്കിത്തികയ്ക്കുന്ന ജീവനുള്ള / ജീവപ്രദനായ പരിശുദ്ധാത്മാവ് നമ്മോടുകൂടെ." പരിശുദ്ധാത്മാവ് ജീവിക്കുന്നവനും ജീവിപ്പിക്കുന്നവനും ജീവസ്രോതസ്സുമായ (*ഹായൊ*)[10] പരിശുദ്ധിയാണ്. അത്യുന്നതങ്ങളിൽനിന്നുള്ള ഈ ശക്തി മനുഷ്യരുടെ ജീവനും വിശുദ്ധീകരണവുമായ യേശുമിശിഹായെ സഭയുടെ കൂദാശകളിൽ സന്നിഹിതനാക്കിയും അവ വിശ്വാസപൂർവം സ്വീകരിക്കുന്ന എന്നിൽ അവനെ സന്നിഹിതനാക്കിയും, അല്ലെങ്കിൽ അവനെക്കൊണ്ട് എന്നെ തൊടുവിച്ചും, അല്ലെങ്കിൽ അവന്റെ വാക്കുകൾ എന്നോടുച്ചരിപ്പിച്ചും എന്നെ വിശുദ്ധീകരിക്കുന്നു.

കൂദാശകൾ എന്റെ അനുദിന ജീവിതത്തെ രക്ഷാകരമായ ദൈവികീകരണത്താൽ ധന്യമാക്കുന്ന പരിശുദ്ധാത്മപ്രവത്തനങ്ങളാണല്ലോ. ഇപ്രകാരം അവയെ ഞാൻ വ്യക്തിപരമായി സ്വീകരിക്കണം. ബുദ്ധിയെയും മനസ്സിനെയും ഹൃദയത്തിലേക്കിറക്കിവച്ചുകൊണ്ടു സ്വീകരിക്കണം. ഈ വ്യക്തിഗത സ്വീകരണത്തിനു സുറിയാനിപാരമ്പര്യം നല്കുന്ന പ്രാധാന്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാപുരോഹിതനായ ഞാൻ മനസ്സിരുത്തേണ്ടിയിരുന്നു. 'കൃപയുടെ മാമോദീസാ'യെ 'ഇച്ഛയുടെ മാമോദീസാ'യാൽ പൂർത്തിയാക്കണമെന്ന ധ്വനിയോടെ മാബുഗിലെ മാർ പീലെക്സിനോസ് എഴുതിയിട്ടുണ്ടല്ലോ.

കൂദാശകൾ അനുഷ്ഠിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഞാൻ എന്റെ അനുദിന ജീവിതത്തെയാകെ, അതിലെ സകല നിമിഷങ്ങളെയും

---
[10] ദൈവത്തെക്കുറിച്ച് *ഹായ്* എന്ന ഹീബ്രുപ്രയോഗത്തിൽ ദൈവം ജീവന്റെ ഉറവയുമാണെന്ന സത്യം അന്തർഭവിച്ചിട്ടുണ്ട്, ഹീബ്രു *ഹായ്*-ക്കു തത്സമമാണ് സുറിയാനി *ഹായൊ.*

പ്രവൃത്തികളെയും, വചനത്തിന്റെ മനുഷ്യാവതാരത്തിന്റെ വ്യാപനമാക്കേണ്ടതല്ലേ? എന്റെ ഓരോ നിമിഷവും പ്രവൃത്തിയും മാനുഷികതയുടെമേൽ, ഭൗതികയാഥാർഥ്യങ്ങളുടെമേൽ, എന്നെ സമീപിക്കുകയും ഞാൻ സമീപിക്കുകയും ചെയ്ത മനുഷ്യരുടെ ജീവിതയാഥാർഥ്യങ്ങളുടെമേൽ, റൂഹായുടെ ആവാസത്തിനുള്ള അവസരങ്ങളാക്കേണ്ടതായിരുന്നു; വചനത്തിന്റെ മനുഷ്യനായിത്തീരലിന്റെ വ്യാപനമാക്കേണ്ടതായിരുന്നു. പ്രത്യേകിച്ച്, എന്റെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടവരുടെ ജീവിതയാഥാർഥ്യങ്ങളുടെമേൽ.

വിശ്വാസത്തിന്റെ കണ്മുമ്പിൽ ഭൗതികവസ്തുക്കൾക്കും പരിശുദ്ധാത്മാവിന്റെ ആവസിപ്പാൽ, പരിശുദ്ധാത്മപ്രവർത്തനത്താൽ, രൂപാന്തരം സംഭവിക്കുന്നല്ലോ കൂദാശകളിൽ. വസ്തുക്കളുടെ ബാഹ്യരൂപം മാറാതെതന്നെ അവ മറുരൂപപ്പെടുന്നു. പുരോഹിതന്റെ നേതൃത്വത്തിൽ സഭ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ അവയുടെ മുഖഭാവം മാറുന്നു; അവ ഭൂമിയിലാർക്കും വെളുപ്പിക്കാൻ കഴിയുന്നതിനെക്കാൾ വെണ്മയും തിളക്കവുമുള്ളവയാകുന്നു. നിദ്രാവിവശരാണെങ്കിലും ഉണർന്നിരിക്കുന്നവർ അവയുടെ മഹത്ത്വം ദർശിക്കുന്നു. അതുകൊണ്ടല്ലേ ഐക്കണുകളെക്കുറിച്ചുള്ള പ്രസംഗത്തിൽ വിശുദ്ധ ജോൺ ഡമഷീൻ ഇങ്ങനെ പറഞ്ഞിട്ടുള്ളത്:

> ഞാൻ പ്രണമിക്കുന്നതു വസ്തുവിന്റെ മുമ്പിലല്ല; പിന്നെയോ, എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവിന്റെ, എനിക്കുവേണ്ടി വസ്തുവായിത്തീർന്നവന്റെ, വസ്തുവിൽ വാസം വരിക്കുകയും വസ്തുവിലൂടെ എന്റെ രക്ഷ നിവർത്തിച്ചവന്റെയും മുമ്പിലാണ്. എന്റെ രക്ഷയ്ക്ക് ഉപാധികളായ മറ്റു മൂലകങ്ങളുമുണ്ടല്ലോ വസ്തുവിന്. അവ കൃപയാലും ദിവ്യശക്തിയാലും പൂരിതമായിരിക്കുന്നിടത്തോളം അവയെയും ഞാൻ വണങ്ങുകയും ആദരിക്കുകയും ചെയ്യുന്നു. മൂന്നു വട്ടം ആശിർവദിക്കപ്പെടുന്ന കുരിശിൻതടി വസ്തുവല്ലേ? ആദരണീയവും വിശുദ്ധവുമായ കാൽവറിമല വസ്തുവല്ലേ? ജീവദവും പോഷകവുമായ ആ ശില, തിരുക്കബർ, വസ്തുവല്ലേ? അതിവിശുദ്ധമായ സുവിശേഷത്തിന്റെ മഷി വസ്തുവല്ലേ? നമുക്കു ജീവനുള്ള അപ്പം നല്കുന്ന ജീവദമായ ബലിപീഠം വസ്തുവല്ലേ? സ്ലീബായും കാസായും പീലാസയുമൊക്കെയുണ്ടാക്കുന്ന സ്വർണം വസ്തുവല്ലേ? സർവോപരി, എന്റെ രക്ഷകന്റെ ശരീരവും രക്തവും വസ്തുവല്ലേ?[11]

[11]John Damaschene, *De Imag*. I, PG 96

ഓ, എന്റെ യേശുമിശിഹായേ, എന്നെ നിന്നോടു രൂപാന്തരപ്പെടുത്താൻ ഏതെല്ലാം കൂദാശകളിലൂടെയും വചനത്തിലൂടെയും മനുഷ്യമക്കളെ രൂപാന്തരപ്പെടുത്തുന്ന ശക്തിയായ പരിശുദ്ധാത്മാവിനെ നീ എന്നിലും എന്മേലും അയച്ചു! നീ ഭൂമിയിൽ ഇടാൻ വന്ന അഗ്നിയെ നീ ആഗ്രഹിച്ചപ്രകാരം എത്രയോ പ്രാവശ്യം നീ എന്നിലിട്ടു. അത് ഇതിനോടകം എന്നിൽ കത്തിയിരുന്നെങ്കിൽ എന്ന് എത്രയോ പ്രാവശ്യം നീ ആഗ്രഹിച്ചു! നിന്റെ ആഗ്രഹം സാധിച്ചുതരാൻ ഞാൻ ശ്രദ്ധിച്ചില്ല! *ആത്മാവിനെ വേദനിപ്പിക്കരുത്, കെടുത്തരുത്* എന്ന് പൗലോസപ്പോസ്തലൻ നല്കിയിട്ടുള്ള താക്കീതും വകവയ്ക്കാതെ ഞാൻ ആത്മാവിനെ കെടുത്തിക്കൊണ്ടിരുന്നതെന്തിന്?

സഭയിൽ പരിശുദ്ധാത്മപ്രവർത്തനത്തിന്റെ നേർസാക്ഷ്യങ്ങളായ കൂദാശകൾ ഭൗതിക വസ്തുവിന്റെ രക്ഷാകരമായ മൂല്യത്തിലേക്കു നമ്മുടെ മനോനയനങ്ങളെ തിരിക്കുകയും അതിനു മൂല്യവർദ്ധനയുണ്ടാക്കുകയും ചെയ്യുന്നു. കൂദാശകൾ സ്വീകരിച്ചവളി/നില പരിശുദ്ധാത്മസാന്നിധ്യം അവളുടെ/ന്റെ ഈലോകവർത്തനത്തെയും വചനത്തിന്റെ മനുഷ്യനായിത്തീരലിന്റെ വ്യാപനമാക്കുന്നു. അവളെ/നെ പരീക്ഷകളുടെ മരുഭൂമിയിലേക്കും ദരിദ്രരോടുള്ള സുവിശേഷപ്രഘോഷണത്തിലേക്കും നയിച്ചുകൊണ്ടിരിക്കും. മരുഭൂമിയിലും സുവിശേഷപ്രഘോഷണത്തിലും നയിച്ചുകൊണ്ടിരിക്കും. അവൾക്ക്/ന് പരിശുദ്ധാത്മാവ് മരുഭൂമിയെയും സുവിശേഷപ്രഘോഷണത്തെയും പരിശുദ്ധിയുടെ ഗോപുരത്തുമ്പിലേക്കുള്ള സുവർണപദക്രമങ്ങളാക്കുമല്ലോ.

യേശുമിശിഹായേ, സഭ തനിക്കുവേണ്ടി വെള്ളിയാഴ്ച രാത്രി തോറും അർപ്പിക്കുന്ന ഈ പ്രാർഥന എന്റെ നിത്യപ്രാർഥനയായി നീ സ്വീകരിച്ചുകൊണ്ടിരിക്കണമെ. എന്തെന്നാൽ, നിന്റെ പ്രിയ മണവാട്ടി എന്റെ വാത്സല്യനിധിയായ അമ്മയാകുന്നു. എന്റെ പാപാതിക്രമങ്ങളിൽ അവൾ വേദനയോടെ വിലപിക്കുന്നു. ഞാനേല്പിച്ചതും ഏല്പിച്ചുകൊണ്ടിരിക്കുന്നതുമായ മുറിവുകൾ സ്വീകരിച്ചുകൊണ്ട് എന്നെ തലോടിക്കൊണ്ടിരിക്കുന്നു. എന്നിട്ടും അവളാണെനിക്ക് നിന്നെയും പരിശുദ്ധത്രിത്വത്തെയും തന്നത്തന്നെയും അസംഖ്യം വിശുദ്ധരുടെ സംഘത്തെയും പൗരോഹിത്യവുമുൾപ്പടെ എല്ലാം തന്നതും തരുന്നതും പ്രാർഥനക്കോട്ടകൾ തരുന്നതും തരാനിരിക്കുന്നതും. യേശുമിശിഹായേ,

നിൻജനനീ മറിയാം
കന്യകമാതിൻ പ്രാർഥനയാലും

സ്ലീബായാൽ വീണ്ട
സഭയൊടു കൃപ ചെയ്തിടു നാഥാ.

നിബിയർ, ശ്ലീഹർ
പ്രാർഥനയാൽ തിരുസഭ തന്റെ
അടിസ്ഥാനത്തെയും
സ്ഥിരമാക്കിടേണം നാഥാ.

ശുദ്ധപിതാക്കൾ
മല്പാന്മാർ പ്രാർഥനയാലും
സ്ലീബായാൽ വീണ്ട
സഭമേൽ നീ കൃപ ചെയ്യേണം. ബാറെക്മോർ.
ശുബഹോ... മെനഓലം ....

നാഥാ!സ്തുതി തേ
ബഹുമാനം നിൻ താതന്നും
ആരാധന നതികൾ
പരിശുദ്ധാത്മാവിനുമാക.

കുറിയേലായിസോൻ കുറിയേലായിസോൻ കുറിയേലായിസോൻ

അധ്യായം

# 7

# വിശുദ്ധീകരണം പരമപരിശുദ്ധ ത്രിത്വൈകദൈവത്തിന്റെ പ്രവർത്തനം

നമ്മുടെ വിശുദ്ധീകരണം ദൈവത്തിന്റെയും[1] ക്രിസ്തുവിന്റെയും[2] പരിശുദ്ധാത്മാവിന്റെയും[3] പ്രവർത്തനമാണ്. പരിശുദ്ധ ത്രിത്വൈക ദൈവം ശുദ്ധീകരിക്കുന്നവനാണെന്നുള്ള സത്യം മലങ്കര സഭ ആരാധനയിൽ ഉദ്ഘോഷിക്കുന്ന പല സന്ദർഭങ്ങൾ വിശുദ്ധ കുർബാനയിലുണ്ട്. ഏറ്റവും സ്പഷ്ടമായ ഒന്നാണ് സ്ഥാപനവിവരണത്തിനു തൊട്ടു മുമ്പുള്ള ത്രൈശുദ്ധകീർത്തനവും അതോടൊത്തു കർമ്മി ചൊല്ലുന്ന രഹസ്യപ്രാർഥനയും. സകല സൃഷ്ടജാലങ്ങളും സ്വർഗീയ ജറുസലേമിലെ സഭയും മാലാഖമാരുടെ സൈന്യങ്ങളും 'പരിശുദ്ധൻ' പാടി സ്തുതിക്കുന്ന സ്രഷ്ടാവിനെ വിശുദ്ധ കുർബാനയിൽ ഏശയ്യാദർശനം ലഭിച്ച ആരാധകസംഘം മൂന്നു പ്രാവശ്യം 'പരിശുദ്ധൻ' പാടി മഹത്ത്വപ്പെടുത്തുന്നു.[4] അതേ സമയം കർമ്മി താഴെക്കാണുന്ന രഹസ്യപ്രാർഥന ചൊല്ലുന്നു. അത് പരിശുദ്ധ ത്രിത്വൈകദൈവത്തിലെ ഓരോ വ്യക്തിയെയും സ്തുതിക്കുന്നതാണ്.

> ലോകങ്ങളുടെ രാജാവേ, നീ യഥാർഥത്തിൽ പരിശുദ്ധനും ശുദ്ധീകരിക്കുന്നവനും ആകുന്നു. നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമിശിഹാ പരിശുദ്ധനാകുന്നു. നിഗൂഢ കാര്യങ്ങൾ പരിശോധിച്ചറിയുന്ന നിന്റെ റൂഹായും പരിശുദ്ധനാകുന്നു. മനുഷ്യനെ മണ്ണിൽനിന്നു നീ സൃഷ്ടിച്ചു പറുദീസയി

[1] 1 തെസ 5,23 [2] 1 കോറി 1,2; ഹെബ്രാ 2,11 [3] 1 പത്രോ 1,2;2 തെസ 2,13
[4] വെളി 4,8 കാണുക

ലാക്കി. അവൻ നിന്റെ കല്പന ലംഘിച്ചെങ്കിലും, നശിച്ചുപോകാൻ അവനെ നീ അനുവദിച്ചില്ല. പിന്നെയോ, ദീർഘദർശിമാർ മുഖേന അവനു നീ മാർഗ ദർശനം നല്കി. അവസാനം നിന്റെ ഏകപുത്രനെത്തന്നെ നീ ലോകത്തി ലേക്കയയ്ക്കുകയും, അവൻ പരിശുദ്ധ റൂഹായാൽ കന്യകമറിയാമിൽനിന്നു മനു ഷ്യാവതാരം ചെയ്യുകയും ക്ഷയിച്ചുപോയിരുന്ന നിന്റെ സാദൃശ്യത്തെ നവീ കരിക്കുകയും ചെയ്തു.[5]

ഈ സ്തുതിപ്പിൽ ദൈവത്തിന്റെ വിശുദ്ധീകരണപ്രവർത്തന ത്തിന്റെ സംഗ്രഹമുണ്ട്. പാപം ചെയ്ത മനുഷ്യവംശത്തെ പരിശുദ്ധ ത്രിത്വൈകദൈവം വിശുദ്ധീകരിച്ചത്, ത്രിത്വൈകദൈവത്തിലെ ഓരോവ്യക്തിയുടെയും വിശുദ്ധീകരണപ്രവർത്തനം, ഏറ്റവും സംഗ്ര ഹിച്ചേറ്റുപറഞ്ഞ് സ്തുതിക്കുന്നു. വിശുദ്ധീകരണപ്രവർത്തനം ത്രിത്വൈ ക ദൈവ ത്തിന്റെ രക്ഷാകരപ്രവർത്തനംതന്നെ. ദൈവം തന്റെ ഏക ജാതനായ പുത്രനിൽ പൂർത്തിയാക്കിയ മനുഷ്യരക്ഷ. ഈ വിശുദ്ധീക രണ പ്രവർ ത്തനത്തിന്റെ ആഘോഷപൂർണമായ അനുസ്മരണാനിർവ ഹണമാണ് വിശുദ്ധ കുർബാന.

യേശുവിൽ പരിശുദ്ധ ത്രിത്വൈക ദൈവം മനുഷ്യനോടുകൂടെയാ കുന്നു. ഞാൻ വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ, തന്റെ കരുണയാൽ ലോകത്തെ സൃഷ്ടിച്ച പരിശുദ്ധനായ ഏകപിതാവ് എന്നോടു പറയും: ഞാൻ ലോകത്തെ സൃഷ്ടിച്ച അതേ കരുണയാൽ ഞാൻ നിന്റെകൂടെ യാകും. തന്റെ വിലയേറിയ പീഡാനുഭവത്താൽ ലോകത്തെ രക്ഷിച്ച പരിശുദ്ധനായ ഏകപുത്രൻ എന്നോടു പറയും: ദൈവത്വത്തിൽ സമ്പ ന്നനായിരുന്ന ഞാൻ, നിന്നെ ദൈവികതയിൽ സമ്പന്നനാക്കാൻവേണ്ടി കുരിശിൽ നഗ്നനായി തൂക്കിക്കൊല്ലപ്പെടുവോളം ദരിദ്രനായിത്തീർന്ന ഞാൻ, നിന്നോടുകൂടെയായി നിന്നെ സമ്പന്നനാക്കും. ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർത്തിയാക്കിത്തിക യ്ക്കുന്ന ജീവനുള്ള/ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവ് എന്നോടുകൂടെ യായി എന്നോടു പറയും: നിന്റെ വിശുദ്ധീകരണമായ പിതൃപുത്രനെ ഞാൻ നിന്നോടുകൂടെയാക്കും. മാലാഖമാരും ദൈവജനവും ദൈവത്തെ സ്തുതിക്കുമ്പോൾ പുരോഹിതനായ ഞാൻ അവരോടു ചേർന്ന് ത്രിത്വൈകദൈവത്തിലെ ഓരോ വ്യക്തിയുടെയും വിശുദ്ധീകരണപ്ര വർത്തനം ഏറ്റുപറഞ്ഞു സ്തുതിക്കാൻ അനുഗൃഹീതനാകുന്നു!

[5] *മാർ യാക്കോബിന്റെ അനാഫുറൊ.*

ഭാഗം

# III

# വിശുദ്ധീകരിക്കപ്പെടുന്ന പുരോഹിതൻ

അധ്യായം

# 1

## പുരോഹിതൻ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവനും

ദൈവമായ കർത്താവിന്റെ ദിവ്യരഹസ്യങ്ങളുടെ കാര്യവിചാരകനാണ് പുരോഹിതൻ. ഈ കർത്തൃവിചാരങ്ങൾ കൂടുകൂട്ടുകയും കൂടിളക്കിപ്പറക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന തുറന്നിരിക്കുന്ന സ്വർഗത്തിലാണ് വൈദികപട്ടാഭിഷേകത്തിന്റെ വിരിഞ്ഞ ചിറകുകൾ എന്മേലിറങ്ങി പൊരുന്നിയാവസിച്ചത്. യജമാനന്റെ ഭവനമായ സഭയിലെ ഭൃത്യനാണ് പുരോഹിതൻ. പുരോഹിതജനത്തിലെ പുരോഹിതൻ. പുരോഹിതജനത്തിലെ ഓരോരുത്തർക്കും യജമാനന്റെ വചനമനുസരിച്ചു കൃത്യസമയത്തു ഭക്ഷണം നല്കുന്നവൻ. ഇതുതന്നല്ലോ പുരോഹിതൻ വചനത്തിന്റെ പ്രഘോഷകനും കൂദാശകളുടെ ശുശ്രൂഷിയുമാണെന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതും.[1] പുരോഹിതൻ പരികർമം ചെയ്യുന്ന രഹസ്യങ്ങൾ അഥവാ കൂദാശകൾ സ്വീകർത്താക്കളെ വിശുദ്ധീകരിക്കുന്നെന്ന ദിവ്യരഹസ്യം വിശ്വാസികൾക്കറിയാം. വളരെയേറെ വിസ്തരിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളതുമാണ്.

പുരോഹിതൻ കൂദാശകൾ ശുശ്രൂഷിക്കുമ്പോൾ അയാളും വിശുദ്ധീകരിക്കപ്പെടുന്നു. ''വൈദികന്മാർ തങ്ങളുടെ ശുശ്രൂഷകൾ ക്രിസ്തുവിന്റെ ചൈതന്യത്തിൽ ആത്മാർഥമായും തീക്ഷ്ണമായും നിർവഹിക്കുമെങ്കിൽ അവർക്കു പ്രത്യേകമായ വിധം അവർ വിശുദ്ധി പ്രാപിക്കും.''[2]

[1] *വൈദികർ*, നമ്പർ 4;13.

[2] അതേ കൃതി, നമ്പർ 13

സഭയനുഷ്ഠിക്കുന്ന വിശുദ്ധീകരണശുശ്രൂഷകളുടെ പൂർണത വിശുദ്ധ കുർബാനയാണ്. വിശുദ്ധ കുർബാനയെന്ന രഹസ്യങ്ങൾ ആഘോഷി ക്കുമ്പോൾ അത് അണയ്ക്കുന്ന പുരോഹിതനും വിശുദ്ധീകരിക്കപ്പെ ടുന്നു. അണയ്ക്കൽ അർപ്പിക്കലും പുല്കലും ആണല്ലോ. അർപ്പിക്കലും പുല്കലും ചേർന്നുള്ളതായതിനാൽ അണയ്ക്കൽ ആഘോഷമാകുന്നു. രഹസ്യങ്ങളെ അണയ്ക്കാനും പുല്കാനുമല്ലാതെ — ആഘോഷിക്കാന ല്ലാതെ — വിശകലനം ചെയ്യാനാവില്ലല്ലോ. എങ്കിലും, ആഘോഷിച്ചു ലഭിക്കുന്ന അറിവിന്റെ അംശങ്ങളെ അയവിറക്കാനാകും. അയവിറ ക്കൽദഹനത്തെയും പോഷണത്തെയും ത്വരിതപ്പെടുത്തും. വിശുദ്ധ കുർബാനയെന്ന രഹസ്യങ്ങൾ ആഘോഷിക്കുമ്പോൾ അത് അണ യ്ക്കുന്ന പുരോ ഹിതനും വിശുദ്ധീകരിക്കപ്പെടുന്നു. ഈ രക്ഷാകര സംഭവം മലങ്കര കുർ ബാനയിലനുഭവിക്കുന്നതിന്റെ വിക്കിവിക്കിയുള്ള ഒരേറ്റുപറ ച്ചിലിനേ സാധിക്കുന്നുള്ളു. മലങ്കര ആരാധനക്രമത്തിന്റെ (വിശേഷിച്ചു കുർബാനക്രമത്തിന്റെ) കൂട്ടുപിടിച്ചാണ് ഈ അർദ്ധവികാരവിചാരങ്ങൾ കൂട്ടി പ്പിടിപ്പിക്കുന്നത്.

ആരാധനക്രമത്തിന്റെ കൂട്ടുപിടിച്ചെന്നു പറയുമ്പോൾ അതിൽ അട യാളങ്ങൾക്കും പ്രതീകങ്ങൾക്കുമുള്ള സുപ്രധാന പങ്ക് നാം അംഗീക രിക്കുകയും മനസ്സിലാക്കുകയും ചെയ്യണമെന്ന് ഓർത്തിരിക്കണം. നമുക്കുമുമ്പേ അർഥധാരണം ചെയ്യപ്പെട്ട അടയാളങ്ങളായ പ്രതീക ങ്ങളുടെയും അടയാളങ്ങളുടെയും സമൃദ്ധമായൊരു വിരുന്നാണ് ആരാ ധനക്രമം. അതുൾക്കൊണ്ടിട്ടുള്ള രുചിയത്രയും ആസ്വദിക്കാനാകുന്നത് ദൈവത്തിന്റെ രക്ഷാകരകൃപയാലും പരിശുദ്ധാത്മാവിന്റെ പ്രചോദന ത്താലും ഉത്തേജിപ്പിക്കപ്പെടുന്ന ആത്മീയ കലയാണ്.

> മനുഷ്യന്റെ ഗ്രഹണശക്തിക്കതീതവും അവർണനീയവുമായ ദൈവി കസത്യത്തിന്റെ മുമ്പിൽ നില്ക്കാനുള്ള ആനുകൂല്യമാണ്, ലിറ്റർജിയിൽ അഥവാ ദൈവാരാധനയിൽ നമുക്കു ലഭിക്കുന്നത്. മാനു ഷികമായ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആ സത്യത്തെ യഥാർഥത്തിൽ ആവിഷ്കരിക്കാൻ ആർക്കും സാദ്ധ്യമല്ല. അതിനാൽ സംസ്കാരസമ്പന്നനും ഗ്രാമീണനുമെല്ലാം മതപരമായ പ്രതിഭാസങ്ങളെ അവതരിപ്പിക്കുന്നത് എപ്പോഴും പ്രതീകാത്മകവും രഹസ്യാത്മകവുമായ ആചാരങ്ങളിലൂടെയാണ്. അക്രൈസ്തവരുടെ ഇടയിലും സ്ഥിതി ഇതു തന്നെ. നിയതമായഘടനകളൊന്നുമില്ലാത്ത ഹൈന്ദവമതം നൂറ്റാണ്ടു

കൾക്കുശേഷവും ജനങ്ങളുടെമേൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഇതിനു കാരണം ആചാരങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും രഹസ്യങ്ങളിലൂടെയും ദിവ്യതയുടെ അനുഭൂതി ജനിപ്പിക്കുവാൻ കഴിയുന്നു എന്നതാണ്. രഹസ്യാത്മകത കുറഞ്ഞാൽ മതപരമായ ചടങ്ങുകൾ അർത്ഥരഹിതങ്ങളായിത്തീരും. ആവിഷ്കൃതമതത്തെക്കുറിച്ചാകുമ്പോൾ ഇപ്പറഞ്ഞത് കൂടുതൽ ശരിയാണ്.[3]

[3] 1985ൽ റോമിൽ നടന്ന മെത്രാന്മാരുടെ അസാധാരണ സിനഡിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപോലീത്താ ചെയ്ത പ്രഭാഷണത്തിലെ ഒരു ഭാഗം. *കതിരൊളി*, ഏപ്രിൽ–മെയ് 1986 ലക്കത്തിൽനിന്ന് ഫാദർ ഗീവർഗീസ് കാരിച്ചാൽ, *മലങ്കരക്കുർബാന തീർത്ഥാടക സഭയിൽ*, രണ്ടാം പതിപ്പ്, കോട്ടയം, 1996, പുറം 80–81ൽ ഉദ്ധരിച്ചിട്ടുള്ളത്.

അധ്യായം

# 2

# വിശുദ്ധീകരിക്കപ്പെടുന്ന പുരോഹിതൻ
# പുരോഹിതൻ വിശുദ്ധീകരിക്കപ്പെടേണ്ട അവസ്ഥയിൽ

**നീ നില്ക്കുന്നത് തീച്ചൂളയിലാണ്**

നാഥാ, പാപാഗ്നിജ്വാലയിലാണ് ഞാൻ കഴിയുന്നത്. അതെന്നെ നരാകാഗ്നിയിലേക്കെത്തിക്കാതിരിക്കാൻ നീ ഇടപെടണമെ.

നാഥാ, തുണ നീ, അഗ്നിയിൽനിന്നും
രക്ഷിക്കണമെന്നെ
അഗ്നിജ്വാലകളെന്നെച്ചുറ്റി ദഹിപ്പിക്കുന്നെൻ മെയ്യ്,
ഹനനിയാമേൽ
തൂകിയ പനിമഞ്ഞെന്മേലും വീഴ്ത്തണമെ
കൃപയാൽ ജീവിപ്പേൻ.[1]

ചൊവ്വായുടെ സന്ധ്യകൾതോറും മലങ്കര സഭയിലെ പുരോഹിത, സന്യസ്തരോടൊത്തുള്ള എന്റെ ഈ പ്രാർഥന എന്റെ അനുനിമിഷ പ്രാർഥനയായി സ്വീകരിക്കണമെ.

മദ്ബഹായിലാണ് ഞാൻ വിശുദ്ധ കുർബാനയർപ്പിക്കുന്നത്. കുർബാനയർപ്പിക്കാൻ മദ്ബഹായിൽ ആയിരിക്കുന്നത് തീക്കളിയാണേ, സൂക്ഷിച്ചോണേ എന്ന് സഭാവത്സരത്തിന്റെ, ആരാധനക്രമവർഷത്തിന്റെ, ആരംഭത്തിൽത്തന്നെ — അതേ, സഭാവത്സരത്തിന്റെ രണ്ടാം

[1] *ശ്ഹീമോ*, ചൊവ്വാ സന്ധ്യ, മെനഗാ, കോലൊ

ഞായറിൽത്തന്നെ — മലങ്കര സഭ, ആരാധകസംഘമൊന്നാകെ, മുടക്കം കൂടാതെ എനിക്ക് ഒരു മുന്നറിയിപ്പു നല്കുന്നു. അതും, വിശുദ്ധ കുർബാനയുടെ ആരംഭത്തിൽത്തന്നെ. സുവിശേഷാലാപം കഴിയുന്നുടനെ:

ശുദ്ധതയിൻ ശുദ്ധതലം
കയറുമൊരാ വൈദികരേ,
പറക വിളിച്ചീവണ്ണം
അഴകൊടു കൈ കഴുകി വെടി-
പ്പാക്കുവിനുൾക്കാമ്പുകളെ
പൂകിയഹോ മദ്ബഹായിൽ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
തീയിനല്ലോ പരിചരിപ്പൂ.
തീയല്ലോ ഈ മദ്ബഹാ
തീ തന്നെ പൂജയിതും
തീയിതിനെ ചുറ്റുന്നു
തീയിനല്ലോ പരിചരിപ്പൂ.
വൈദികരേ, നിങ്ങളിഹ
ഇത്തീയിൻ ജ്വാലയതിൽ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
എരിയായ്‌വാൻ സൂക്ഷിപ്പിൻ.

*അതിവിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുന്ന വൈദികന്മാരേ, നിങ്ങൾ അന്യോന്യം ഇപ്രകാരം വിളിച്ചുപറയുക: ഭംഗിയായി കരങ്ങൾ കഴുകി ഹൃദയത്തിന്റെ ഉള്ളറകളെ വെടിപ്പാക്കുവിൻ. എന്തെന്നാൽ നിങ്ങൾ മദ്ബഹായിൽ പ്രവേശിച്ച് അഗ്നിക്കു ശുശ്രൂഷ ചെയ്യുകയാണ്.*

ഈ ഗാനം *ഹൂദോസ് ഈത്തോ* ഞായറിൽ (സഭയുടെ നവീകരണപ്പെരുന്നാളിൽ), വർഷത്തിലൊരിക്കൽ, സുവിശേഷാലാപത്തിനു ശേഷം ജനത്തോടൊത്തു ഞാനും ആലപിച്ചുപോന്നിരുന്നു. പിന്നെയിത് ഞാൻ പാടിയിരുന്നത് അടുത്ത *ഹൂദോസ് ഈത്തോ* ഞായറിലായിരുന്നു. സഭാവർഷം മുഴുവനും സഭയോടൊത്തു ഞാനും വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെടുകയും വിശുദ്ധീകരണത്തിൽ നവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കാനുള്ളവനാണെന്ന് സഭാവർഷത്തിന്റെ ആദ്യഞായറിന്റെ *കൂദോശ് ഈത്തോ* പെരുന്നാളിലും അടുത്ത ഞായറിന്റെ *ഹൂദോസ് ഈത്തോ* പെരുന്നാളിലും എന്നെ ഓർപ്പിക്കാൻ സഭ ശ്രദ്ധിച്ചിരുന്നു, ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. സഭാവർഷത്തിന്റെ ആദ്യഞായറിൽ സഭ എന്നെ ഓർപ്പിച്ചിച്ചുകൊണ്ടിരിക്കുന്നതിങ്ങനെ:

മൂശയെ ആ സകലേശൻ
മുള്ളുമരത്തിൽനിന്ന്
അങ്ങു വിളിച്ചരുൾചെയ്തു
കൂടാരത്തിൻമേലും
കൂടെയതിനുള്ളതിലും
കൈക്കൊണ്ടെന്നധികാരം
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
കഹനൂസാ[2] നടത്തുക നീ.

സഭയുടെയത്ര ശ്രദ്ധ എന്നെക്കുറിച്ച് എനിക്കില്ലാത്തതാണല്ലോ എന്റെ ദുർഗതിക്കു മുഖ്യ കാരണം. വർഷം മുഴുവനിലേക്കുമുള്ള ഓർമപ്പെടുത്തലിനെ വിലമതിക്കാതെ നഷ്ടപ്പെട്ട വർഷങ്ങൾ തിരിച്ചുപിടിക്കാനുള്ള തിരിച്ചുപോക്കു തുടങ്ങാൻ സഭ മടുപ്പില്ലാതെ എന്നെ വിളിക്കുന്നു. അത് ദൈവജനത്തിന്റെയാകെ പരിശുദ്ധാത്മപൂരിതമായ നാവുകളിൽനിന്നുയരുന്നതു കേൾക്കാൻ സഭാവത്സരത്തിന്റെ ആദ്യഞായറുകൾ എനിക്കവസരമാകുന്നു. അങ്ങനെയൊരുനാൾ സഭയുടെ നവീകരണത്തിരുന്നാളിന്റെ ഗാനം വിശുദ്ധ ഗ്രന്ഥത്തിൽ വീണ്ടും എനിക്കിങ്ങനെ കേൾക്കാനിടവന്നു:

*മോശ തന്റെ അമ്മായിയപ്പനും മിദിയാനിലെ പുരോഹിതനുമായ ജത്രോയുടെ ആടുകളെ മേയിച്ചുകഴിയുകയായിരുന്നു. അവൻ മരുഭൂമിയുടെ മറുഭാഗത്തേക്ക് ആടുകളെ നയിക്കവേ ദൈവത്തിന്റെ മലയായ ഹോറെബിൽ എത്തിച്ചേർന്നു. അവിടെ ഒരു മുൾപ്പടർപ്പിന്റെ മധ്യത്തിൽനിന്നു ജ്വലിച്ചുയർന്ന അഗ്നിയിൽ കർത്താവിന്റെ ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു. അവൻ ഉറ്റുനോക്കി. മുൾപ്പടർപ്പു കത്തിജ്വലിക്കുകയായിരുന്നു; എങ്കിലും അത് എരിഞ്ഞു ചാമ്പലായില്ല. അപ്പോൾ മോശ പറഞ്ഞു: ഈ മഹാദൃശ്യം ഞാൻ അടുത്തുചെന്ന് ഒന്നു കാണട്ടെ. മുൾപ്പടർപ്പ് എരിഞ്ഞു ചാമ്പലാകുന്നില്ലല്ലോ. അവൻ അതു കാണുന്നതിന് അടുത്തുചെല്ലുന്നതു കർത്താവ് കണ്ടു. മുൾപ്പടർപ്പിന്റെ മധ്യത്തിൽനിന്നു ദൈവം അവനെ വിളിച്ചു: മോശേ, മോശേ. അവൻ വിളികേട്ടു: ഇതാ ഞാൻ! അവിടന്ന് അരുൾചെയ്തു: അടുത്തു വരരുത്. നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തെന്നാൽ, നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്. അവിടന്നു തുടർന്നു: ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ് – അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. മോശ മുഖം മറച്ചു. ദൈവത്തിന്റെ നേരേ നോക്കുവാൻ അവനു ഭയമായിരുന്നു.*[3]

[2] *കഹനൂസാ* = ആചാര്യവൃത്തി [3] പുറ 3,1–6

ദൈവത്തിന്റെ മലയായ സീയോൻമലയിൽ ഈ ദൃശ്യം കാണാതെയും അവിടെനിന്നുള്ള ഈ സ്വരം കേൾക്കാതെയും കർത്താവായ ക്രിസ്തുവിന്റെ അജഗണത്തെ മേയിച്ചുനടക്കുമ്പോൾ ഞാൻ ആരെയാണു കാണുന്നതും ആരുടെ സ്വരമാണ് കേൾക്കുന്നതും? നടന്നുപോന്ന വഴികളിൽ മലർക്കെ കിടന്നിരുന്ന അഴുക്കിന്റെ അടകൾ ഒട്ടിപ്പിടിച്ചിരിക്കുന്ന ചെരുപ്പ് അഴിച്ചുമാറ്റാതിരിക്കാൻ ഞാൻ വാശിപിടിക്കുന്നതെന്തേ?

വീണ്ടും, ഈജിപ്തിൽനിന്നു താൻ വിടുവിച്ചുകൊണ്ടുവന്ന ഇസ്രായേൽജനത്തോട് ഉടമ്പടി പ്രഖ്യാപിക്കാൻ കർത്താവ് അഗ്നിയിൽ സീനായ്മലയിൽ ഇറങ്ങിവന്നു. കർത്താവ് മോശയെ മലയിലേക്കു വിളിച്ചതനുസരിച്ചു മോശ കയറിച്ചെന്നപ്പോൾ കർത്താവ് അരുൾച്ചെയ്ത വാക്കുകൾ: *കർത്താവിനെ സമീപിക്കുന്ന പുരോഹിതന്മാരും തങ്ങളെത്തന്നെ വിശുദ്ധീകരിക്കട്ടെ. അല്ലെങ്കിൽ കർത്താവിൻെറ കോപം അവരുടെമേൽ പതിക്കും.*[4]

വാക്കുകൾ തിരിച്ചറിഞ്ഞപ്പോൾ ഞാൻ ഭയന്നുവിറച്ചു. കർത്താവ് അഗ്നിക്കനലായി എന്റെ അടുത്ത്, എന്റെ തൊട്ടുനേരേ മുമ്പിലും കരങ്ങളിലും നാവിലും ഇറങ്ങിവരുന്ന സീനായ്മലയിലാണ് ദിനംതോറും എന്നെ വിളിച്ചുകയറ്റുന്നതെന്നു തിരിച്ചറിഞ്ഞപ്പോൾ, *കർത്താവിനെ സമീപിക്കുന്ന പുരോഹിതന്മാരും തങ്ങളെത്തന്നെ വിശുദ്ധീകരിക്കട്ടെ; അല്ലെങ്കിൽ കർത്താവിൻെറ കോപം അവരുടെമേൽ പതിക്കും* എന്നു മുന്നറിയിപ്പു നല്കുന്ന ജീവന്റെ വചനങ്ങൾ ഞാൻ കേൾക്കാതെ പോയ ദിനങ്ങളിലെ കഠിനഹൃദയമോർത്ത് എന്റെ വിറയലേറി. വിറയലേറാതിരിക്കുന്നതെങ്ങനെ? ഈ മദ്ബഹാ തീയാണ്. ഈ ആരാധന തീയാണ്. ഈ ആരാധനയ്ക്കു ചുറ്റും തീയാണ്. ഈ മദ്ബഹായിൽ അഗ്നിച്ചിറകുള്ളവർ, സ്രോപ്പേകൾ, എരിയുന്നവർ, പറന്നുനിന്നു പാടുന്നു: പരിശുദ്ധൻ, പരിശുദ്ധൻ പരിശുദ്ധൻ. ഈ തീച്ചൂളയിൽ അതിൽനിന്നുയരുന്ന ജ്വാലകളുടെ മധ്യേ എരിഞ്ഞമരാതിരിക്കാൻ എനിക്കെങ്ങനെ എന്നെ സംരക്ഷിക്കാനാവും! കർത്താവിന്റെ വീണയായ അപ്രേം പാടിപ്പഠിപ്പിച്ചിട്ടുള്ളത് എന്നിൽ ഒരേ സമയം ഭയവും സമാശ്വാസവും നിറച്ച് എന്നെ സംഭ്രമിപ്പിച്ചു.

> നിന്നപ്പത്തിൽ മറഞ്ഞിരിക്കുന്നശിക്കപ്പെടാത്തൊരാത്മാവ്
> നിൻ വീഞ്ഞിൽ വസിക്കുന്നു പാനം ചെയ്യപ്പെടാത്തൊരഗ്നിയും
> ഞങ്ങൾ തന്നധരങ്ങൾ സ്വീകരിച്ച വെളിവാർന്നൊരതിശയം![5]

[4]പുറ 19,22 [5]*വിശ്വാസഗീതങ്ങൾ* 10,8

മുൾപ്പടർപ്പു കത്തിജ്വലിപ്പിക്കാൻ ഇറങ്ങിവന്ന അഗ്നി ക്രിസ്തുവായിരുന്നെന്നും അപ്രേം വ്യാഖ്യാനിച്ചുതന്നിട്ടുള്ളതും[6] സംഭ്രമത്തിന്റെ സമയം നീട്ടി. ഈ മദ്ബഹായിൽ, ഈ സീനായ്മലയിൽ, പരിശുദ്ധാത്മാവാകുന്ന ജ്വലിക്കുന്ന അഗ്നിയും അപ്പവീഞ്ഞുകളാകുന്ന അഗ്നിക്കനലും ക്രിസ്തുവാകുന്ന അഗ്നിജ്വാലയും! എന്റെ അകത്തു തീക്കനലും പുറത്തു തീജ്വാലയും. ഞാൻ സത്യമായും തീച്ചൂളയിൽ! പുരോഹിതൻ അകംപുറം തീച്ചുളയിൽ. പുരോഹിതൻ അഗ്നിയാകില്ലേ?

തീച്ചൂളയിൽ സ്നാനം നല്കിയാണെന്നെ വിശുദ്ധീകരിച്ചു പുരോഹിതജനതയിൽ ഉൾപ്പെടുത്തിയത്. അഗ്നിയാലും ആത്മാവിനാലും സ്നാനം നല്കപ്പെട്ടവന്, സ്നാനക്കുളത്തിൽവച്ച് അഗ്നിയെയും ആത്മാവിനെയും ധരിപ്പിക്കപ്പെട്ടവന്, വിശുദ്ധിയിലേക്ക് അഗ്നിസ്നാനം നല്കപ്പെട്ടവന്, വിശുദ്ധീകരിക്കുന്ന അഗ്നിക്കനൽ ആഹാരമാകുന്നതു സഹജമല്ലോ.[7] ആദ്യമേ ഞാൻ അടിമുടി ഭയന്നുവിറച്ചുകൊണ്ടു സൂക്ഷിച്ചു നോക്കിയത് ക്രിസ്തുവാകുന്ന അഗ്നി വീശുമുറത്തിന്റെ രൂപമെടുത്ത് എന്റെ നേരേ വീശുന്നത് ഏതു നിമിഷമെന്നാണ്. വീശലേശിയാൽ മതി ഈ പതിരു പറന്നുപോയി കെടാത്ത തീയിൽ പതിക്കാൻ. അങ്ങനെ സംഭവിക്കാതിരിക്കാൻ എന്റെ പുറംതോടിനുള്ളിൽ വകയൊന്നുമില്ലല്ലോ! *വിധിക്കാനുള്ള അധികാരവും അവനു നല്കപ്പെട്ടിരിക്കുന്നു*. ഞാൻ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കേതന്നെ എന്റെ ചങ്കിൽനിന്നുതിർന്ന 51-ാം സങ്കീർത്തനത്തിന്റെ ചരണങ്ങളിൽ ഞാൻ ശരണപ്പെട്ടു. "നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുത്തുകളയരുതേ" എന്നു പ്രാർഥിക്കുന്നവന്റെ കൂടെച്ചേർന്ന് "കർത്താവേ എന്നോടുത്തരമരുളണമേ" എന്നു കൈവിരിച്ചു വിളിച്ചപേക്ഷിക്കുന്ന ഏലിയായും എനിക്കു ധൈര്യം പകർന്നു. ആകാശത്തുനിന്ന് അഗ്നിയിറങ്ങി എന്നെ ദഹിപ്പിച്ചുകൊണ്ടിങ്ങനെ മുഴങ്ങി: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവനു ശിക്ഷാവിധി ഉണ്ടാകയില്ല." സമാധാനമായി. പക്ഷേ, *നിന്റെ ശരീരം ദൈവാലയവും നിന്റെ മനസ്സ് ശുദ്ധസ്ഥലവും ആയിരിക്കണം.*[8]

വിശുദ്ധ കൊച്ചുത്രേസ്യായുടെ വാക്കുകൾ എന്നെ സംബന്ധിച്ചു ഞാനിങ്ങനെ തിരുത്തട്ടെ: സൃഷ്ടികളുടെ സ്നേഹത്തിനു വിട്ടുകൊടുത്ത ഒരു ഹൃദയത്തിന് വിശുദ്ധിയായ ദൈവവുമായി ഐക്യപ്പെടാൻ എങ്ങനെ കഴിയും? എങ്ങനെ വിശുദ്ധീകരിക്കപ്പെടാനാകും? അതസാധ്യം.

---

[6] *ദിയത്തെസാറോൻ വ്യാഖ്യാനം* 1,5 [7] അപ്രേം, *എപിഫനിഗീതങ്ങൾ* 4,19-20

[8] വലിയനോമ്പ്, വെള്ളി ,പാതിരാത്രി രണ്ടാം കൗമാ, മാർ അപ്രേമിന്റെ ബോവൂസാ

സൃഷ്ടികളുടെ അതിതീക്ഷ്ണമായ സ്നേഹത്താൽ അനവരതം എരിഞ്ഞുകൊണ്ടിരിക്കുന്ന എന്നെ ദഹിപ്പിക്കാതെ കത്തിക്കൊണ്ടിരിക്കുന്ന ദൈവികാഗ്നിയാകുന്ന യേശുവിലേക്ക് എറിഞ്ഞുകൊടുക്കാൻ എനിക്കു കഴിഞ്ഞെങ്കിൽ, ഓ, ദൈവമേ, ഞാനൊരു മഹാഭാഗ്യവാനായിത്തീരുമല്ലോ! തീനരകജ്വാലയെ കെടുത്തിക്കളയുന്ന നിൻ തനുരക്തങ്ങളായ തീക്കനലിനെ എന്നവയവയവങ്ങളുൾക്കൊള്ളുന്നതിനാൽ എനിക്കു ഖേദിക്കേണ്ടിവരികില്ലെന്ന്[9] ഉറച്ചു വിശ്വസിച്ചാശ്വസിക്കാൻ നിന്റെ വാക്കുകളുണ്ടല്ലോ. ഈ ധൈര്യം ബുധനാഴ്ചകളുടെ സന്ധ്യകൾ എനിക്കു പകരുന്നതിനാൽ നിനക്കു പ്രത്യേകം നന്ദി കർത്താവേ.

### *സ്വർഗത്തിനെതിരായും നിങ്ങളുടെ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി*

മലങ്കര സുറിയാനി സഭയ്ക്കു ലഭിച്ചിട്ടുള്ള ജറുസലേം-അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ഏറ്റവും ആകർഷകവും ആശ്വാസകരവും ആനന്ദദായകവുമായ ഒരു മാനം അതിനെ അനുയാത്ര ചെയ്യുന്നവരുടെ ഹൃദയത്തിൽ അതെരിയിക്കുന്ന പാപിബോധവും അനുതാപത്തീയുമാണ്. ''ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമെ'' എന്നാരംഭിക്കുന്ന സങ്കീർത്തനം ആരംഭത്തിലേ ആലപിക്കാത്ത ശുശ്രൂഷകൾ തുലോം വിരളം. ആഴ്ചവട്ടക്രമത്തിൽ പറഞ്ഞാൽ, ചൊവ്വാഴ്ചകൾ അനുതാപത്തിന്റെ അരൂപിയുടെ അഗ്നിച്ചിറകുകൾ ചുറ്റിപ്പറക്കുന്ന ദിവസങ്ങളാണ്. അർഥികളിൽ പാപിബോധവും അനുതാപത്തീയുമെരിയിക്കാത്ത അനുദിന യാമനമസ്കാരങ്ങളില്ല.

> പാപി ഞാനതിപാപിയതാ
> ണെന്നെപ്പോലങ്ങയെ ആരും ഒരു നാളും
> കോപിപ്പിച്ചില്ല;
> ഹ്രസ്വം ജീവിതമെൻ മൃതിയും
> അകലെത്തല്ലെന്തിനി ചെയ്യേണ്ടു? സ്നേഹപരാ,
> ഋണമോചനമേക.[10]

മാർ അപ്രേമിനെപ്പോലുള്ള തൃപ്പുണ്യവാന്മാരായ സുറിയാനിപിതാക്കന്മാർ പാടിപ്പകർന്നുതന്നിട്ടുള്ള വിശുദ്ധീകരിക്കുന്ന ഹൃദയമഞ്ജരികൾ. ഇത്തരം നിരവധി ഹൃദയത്തുടിപ്പുകൾക്കു പ്രാർഥനായാമങ്ങളിൽ താളംതുള്ളിയാടാൻ ഭാഗ്യം ലഭിച്ചിട്ടുള്ള ഹൃദയങ്ങളുടെ ആനന്ദം!!

---

[9] *ശ്ഹീമൊ* നമസ്കാരം, ബുധൻ മെനഒ, *കോലൊ*

[10] *ശ്ഹീമൊ* നമസ്കാരം, ശനി പ്രഭാതം, ശുബഹോ, *കോലൊ*

അത് കരുണാർദ്രനായ സ്വർഗീയ പിതാവ് തിരുസഭയിലൂടെ നല്കുന്ന സ്നേഹദാനമല്ലോ! പാപിബോധവും അനുതാപവും ആത്മാവിന്റെ ശുദ്ധീകരണശാലകളല്ലോ! സൗന്ദര്യവർദ്ധകശുശ്രൂഷകളല്ലോ!

അപ്പോസ്തലനായ പൗലോസ് ഗലാത്തിയായിലെ സഭയ്ക്കുനല്കിയൊരു മുന്നറിയപ്പ്. അത് തനിക്കെഴുതിയതാണെന്നേറ്റെടുത്ത മഹാവിശുദ്ധനായൊരു സുറിയാനിസഭാപിതാവിന്റെയും (അപ്രേമിന്റെയും?) അനുയായികളുടെയും സുമന്ത്രണം എന്റെ ആത്മാവിന്റേതായി ഏറ്റുപാടാനുള്ള മഹാഭാഗ്യമേ!

പൗലോസ് എൻപേർക്കായെഴുതി
ലേഖനമതു വായിച്ചപ്പോൾ
ഒഴുകുകയായ് കണ്ണീർ
എൻ മിഴികളിൽ നിന്നും

വ്യഭിചാരികൾ മോഷ്ടാക്കളിവർ-
ക്കയ്യോ ദുരിതം പാരം
ദൈവത്തെ ദുഷിചെയ്യുന്നോ-
രഗ്നിയതും പൂകീടും

കഷ്ടമെനിക്കേറ്റം ബാല്യം മുതലേ
ചെയ്തേൻ പിഴകളസംഖ്യം ഞാനും
പാപിനിപോൽ വിലപിക്കുന്നു
ചുങ്കക്കാരൻപോൽ നാഥാ,
യാചിച്ചീടുന്നു
കൃപ ചെയ്തീടണമെന്മേൽ.[11]

അപ്രേമിനെപ്പോലെ വിശുദ്ധരായ പിതാക്കന്മാരുടെ ഹൃദയതാപത്തിന്റെ തോത് ഇത്രയാണെങ്കിൽ എന്റെ ഹൃദയത്തിന്റേത് എത്രയായിരിക്കണം! അവരുടെ ഈ വിശുദ്ധീകരണവഴിയിലൂടെ അനുനിമിഷം ധൈര്യപൂർവം യാത്ര ചെയ്യാൻ ഇപ്പോൾ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ കൃത്യമായ നേതൃത്വവും നല്കുന്നു. "ആരാണീ ഹോർഹെ മാരിയോ ബെർഗോളിയോ?" "... ഈ ചോദ്യത്തിനുള്ള ശരിയായ ഉത്തരം എന്തെന്ന് എനിക്കറിയില്ല. ... ഞാനൊരു പാപിയാണ്. ഇതാണ് കൃത്യമായ നിർവചനം. ഇതൊരു ആലങ്കാരിക പ്രയോഗമല്ല. സത്യ

[11] ഗലാ 5,19-24; *ശ്ഹീമൊ* നമസ്കാരം, ബുധൻ, ശുബഹോ, *സൂത്താറാ*

മായും ഞാനൊരു പാപിയാണ്.''[12] ഫ്രാൻസിസ് പാപ്പായായി പരിശുദ്ധാത്മാവ് തിരഞ്ഞെടുത്ത ഹോർഹെ മാരിയോ ബെർഗോളിയോയ്ക്ക് ഒരു പാപിയാകാമെങ്കിൽ എനിക്കൊരു ''അതിപാപി'' - മഹാപാപി - ആകണം. ''പാപി ഞാൻ അതിപാപിയതാണെന്നെപ്പോലങ്ങയെ ആരും ഒരു നാളും കോപിപ്പിച്ചില്ല'' എന്നു സൗഖ്യ,ശക്തിദായകമായ തോറ്റം പാട്ടു പാടിക്കൊണ്ടിരിക്കാനാണല്ലോ സഭ എന്നെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്നത്. ദേവാലയത്തിൽ പ്രാർഥിച്ച ചുങ്കക്കാരനും ''പാപി'' എന്നേ ഏറ്റുപറഞ്ഞുള്ളു. ഇക്കാര്യത്തിലെങ്കിലും ഹോർഹെ മാരിയോ ബെർഗോളിയോയുടെയും ചുങ്കക്കാരന്റെയും സ്ഥാനത്തിനു മുകളിലും പിന്നിലും ഒരേസമയം എന്റെ സ്ഥാനം സ്ഥാപിക്കാൻ സഭയാഗ്രഹിക്കുന്നു. അങ്ങനെ, അനു-താപത്തിന്റെ, പാപിബോധത്തിന്റെ ഉയർച്ച അനുസരിച്ചുയരുന്ന താപത്തിന്റെ, തീവ്രതയിൽ എന്റെ ആത്മശുദ്ധീകരണം കൂടുതൽ വേഗത്തിലും സൂക്ഷ്മതയോടുമാകാൻ സഭ സഹായിച്ചുകൊണ്ടിരിക്കുന്നു.

ഏതാനും താളുകൾക്കപ്പുറം ഞാനേറ്റുപറഞ്ഞ അതേ വാക്കുകൾ ആർത്തിയോടെ ആവർത്തിക്കട്ടെ. എനിക്കും നിങ്ങൾക്കും വേണ്ടി നിങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിക്കാൻ നിയുക്തനും സമർപ്പിതനുമായ ഈ ഞാൻ നിങ്ങളെപ്പോലെ, തീർച്ചയായും നിങ്ങളിലേറെപ്പേരെക്കാളും, നവമായി വിശുദ്ധീകൃതനാകേണ്ട അവശ്യാവസ്ഥയിലാണ്. കൊഴിഞ്ഞുപോയ വർഷങ്ങളിലെ പൗരോഹിത്യശുശ്രൂഷയിൽനിന്ന് എന്നെ അദ്ഭുതപ്പെടുത്തുന്ന അറിവിന്റെ ചില അംശങ്ങൾ എന്നെ ഏറെ അതിശയിപ്പിച്ചിട്ടുണ്ട്. എനിക്ക് ഏറ്റവും ഫലപ്രദമായത് ഇതാണ്: ചില ശുദ്ധാത്മാക്കളുടെ കുമ്പസാരം കേൾക്കുമ്പോൾ എന്റെ അന്തരംഗം എന്നോടിങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: ഈ അനുതാപിയുടെ അനുതാപസങ്കീർത്തനം കേൾക്കാൻ നിനക്ക് അധികാരമുണ്ടെങ്കിലും നിനക്കിപ്പോൾ അർഹതയില്ലെന്നറിയാമല്ലോ. നീ കേട്ട അനുതാപസങ്കീർത്തനം നിനക്കനുഗ്രഹമാക്കാം. ഞാനപ്പോൾ ആ അനുതാപസങ്കീർത്തനശ്രവണം എന്റെ പാപങ്ങളുടെ പരിഹാരത്തിന് എന്റെ മുമ്പിൽ കുരിശിൽ കിടക്കുന്നവനു കാഴ്ചവയ്ക്കും. അപ്പോൾ ഇത്രയും ചെയ്യാൻ എനിക്കു കഴിഞ്ഞത് അവനൊരുക്കിയ വലിയൊരനുഗ്രഹമല്ലോ!

---

[12] 2013 ആഗസ്റ്റ് 19 തിങ്കളാഴ്ച ഫ്രാൻസിസ് പാപ്പാ *ലാ ചിവിൽത്താ കത്തോലിക്കാ* എന്ന ഇറ്റാലിയൻ മാസികയുടെ എഡിറ്റർ ഫാദർ അന്റോണിയോ സ്പദാരോയോട് സാന്താ മാർത്തായിൽ നടത്തിയ അഭിമുഖത്തിൽ പറഞ്ഞത്. പരിഭാഷ: *കാരുണികൻ*, വാല്യം 10/10 ഒക്ടോബർ 2013, പേജ് 21.

ചിലപ്പോൾ ഞാൻ പതറിയിട്ടുണ്ട്: *സ്വർഗത്തിനെതിരായും നിന്റെ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. പിതാവിന്റെ ഭവനത്തിലെ വേലക്കാരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ*യെന്നു ധൂർത്ത പുത്രനോടു ചേർന്നു യാചിക്കണമോ; അതോ, *കർത്താവേ, ഞാൻ പാപിയാണ്; എന്നിൽനിന്ന് അകന്നുപോകണമേ*യെന്നു ശിമയോനോടു ചേർന്ന് അപേക്ഷിക്കണമോ? ഞാൻ ഒരു പുത്രനും, ആഴത്തിലേക്കു നീക്കി മീൻ പിടിക്കാൻ വലയിറക്കുകയെന്നു കർത്താവായ യേശുവിനാൽ കല്പി ക്കപ്പെട്ടവനുമാണല്ലോ. എന്നും തിരിച്ചുവരവിന്റെ പാതയിലാണെങ്കിലും പുത്രത്വം ഞാൻ പിതാവിന്റെ ഭവനത്തിന് അന്യമായ വിദേശത്തു ധൂർ ത്തടിച്ചവനാണ്. മനുഷ്യരെ ജീവനിലേക്കു ജീവനോടെ (കൊല്ലാതെ) പിടിക്കാൻ വിളിക്കപ്പെട്ടവനെങ്കിലും മുമ്പേ വലയിലകപ്പെട്ടിരുന്നതി നെപ്പോലും ഐസ്കട്ടകൾക്കുള്ളിൽ കപ്പലിൽ സൂക്ഷിക്കുന്നതു ലാഭ കരമെന്നു കരുതുന്നവനാണ്. ധൂർത്തപുത്രന്റെ അനുതാപകീർത്തനത്തിന് ഏറെ മുമ്പേ യേശു വിശിഷ്ട ശിഷ്യത്വത്തിലേക്ക് ഒന്നാമനായി വിളിച്ചവന്റെ അനുതാപകീർത്തനം ലൂക്കാസുവിശേഷകൻ സുവിശേഷത്തിൽ എഴുതിവ ച്ചതിന്റെ ഒരു കാരണം ഇതായിരിക്കുമോ: ശിമയോനു പത്രോസ് എന്ന പേരിടീൽ കഴിഞ്ഞിരുന്നിട്ടും, അപ്പോസ്തലന്മാരിൽ ഒന്നാമനായി യേശു വിനെ അനുധാവനം ചെയ്തുള്ള യാത്രയുടെ അവസാനംപോലും, ശിമ യോനായിത്തീരുകയും പുറത്തുപോയി കരയുകയും ചെയ്തത് രേഖ പ്പെടുത്തേണ്ടിയിരുന്നു. പുത്രനായിരിക്കെത്തന്നെയാണല്ലോ ഞാൻ ശിഷ്യനും പ്രേഷിതനും പാപിയും അനുതാപിയും, പിന്നെയും മഹാ പാപിയും അനുതാപിയും പുരോഹിതനും ആയിരിക്കുന്നത്.

**മൺകുടത്തിലാണീ നിക്ഷേപം**

വിശുദ്ധ കുർബാനബലിയർപ്പിക്കുന്ന പ്രധാന പുരോഹിതനും ബലി വസ്തുവും (അർപ്പണവും) അർപ്പണക്രമവും ബലി സ്വീകരിക്കുന്ന വനും ബലിപീഠവും ക്രിസ്തുവാണ്.[13] ക്രിസ്തുവിന്റെ ബലിയർപ്പണം ഇന്നത്തെ ആരാധകസംഘത്തിനു സാന്നിഹിതമാക്കാൻ ശുശ്രൂഷി ക്കുന്നവനാണല്ലോ പരിശുദ്ധാത്മാവ് വിളിച്ചതിനാൽ സഭ നിയോഗി ച്ചിട്ടുള്ള ഈ പുരോഹിതൻ. ക്രിസ്തുവിനും സഭയ്ക്കും പ്രതിനിധീഭ വിക്കുന്ന ഈ ഞാൻ കേവലമൊരു മനുഷ്യൻ മാത്രവും. ഏതൊരു മനു ഷ്യനെയുംപോലെ ബലഹീനനും പാപിയും. വിശുദ്ധനായ പൗലോ സ്പോലും വിലപിക്കുന്നതുപോലെ, *നിയമം ആത്മീയമാണെന്നു നമു*

[13] ഹെബ്രാ 8,1; 9,27; 10,12.14; 13,10;കുർബാന, പ്രുമിയോൻ; വത്തിക്കാൻ കൗൺസിൽ, *ആരാധനക്രമം*, നമ്പർ 7.

*ക്കറിയാം; പക്ഷേ, ഞാൻ പാപത്തിന് അടിമയായി വില്ക്കപ്പെട്ട ജഡികനാണ്. ഞാൻ പ്രവർത്തിക്കുന്നത് എനിക്കു മനസ്സിലാകുന്നില്ല. കാരണം, ഞാൻ ഇച്ഛിക്കുന്നതല്ല ഞാൻ ചെയ്യുന്നത്; മറിച്ച്, ഞാൻ വെറുക്കുന്നതുതന്നെ ഞാൻ ചെയ്യുന്നു. ... എനിക്കറിയാം, എന്നിൽ, അതായത് എന്റെ ജഡത്തിൽ, നല്ലതെന്തെങ്കിലും വസിക്കുന്നില്ലെന്ന്. നല്ലത് ഇച്ഛിക്കാൻ എനിക്കു കഴിയുന്നു. പക്ഷേ, സുന്ദരമായത് പ്രവർത്തിക്കാൻ ആകുന്നില്ല. എന്തെന്നാൽ, ഞാൻ ഇച്ഛിക്കുന്ന നന്മയല്ല, ഞാനിച്ഛിക്കാത്ത തിന്മയാണ് ഞാൻ ചെയ്യുന്നത്.*[14]

ഈ ദുരവസ്ഥയുടെ മൂലഹേതു ജന്മനാലെ മനുഷ്യൻ പാപാവസ്ഥയിലാണെന്നതുതന്നെ. ഈ സത്യാവസ്ഥ ദിനംപ്രതി രണ്ടു പ്രാവശ്യമെങ്കിലും ഏറ്റുപറയാൻ എനിക്കവസരമുണ്ടല്ലോ. ദാവീദിന്റെ സങ്കീർത്തനമെന്നു മേലെഴുത്തു ചാർത്തപ്പെട്ടിട്ടുള്ള 51-ാം സങ്കീർത്തനം സഭയോടൊത്തു ഞാനും ആലപിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ: *ഇതാ, തിന്മയിലാണു ഞാൻ ജനിച്ചത്; പാപത്തിലാണ് എന്റെ അമ്മ എന്നെ ഗർഭം ധരിച്ചത്.*[15] ദിവസം രണ്ടു പ്രാവശ്യമെങ്കിലും 51-ാം സങ്കീർത്തനം സുറിയാനിസഭകളോടൊത്ത് ആലപിക്കാൻ മലങ്കര സഭ പുരോഹിതനായ എനിക്കു ക്രമീകരണം ചെയ്തുതന്നിട്ടുള്ളത് ആശ്വാസപ്രദമായ അനുഗ്രഹംതന്നെ. *എന്തെന്നാൽ, അന്യായത്തിൽ ഞാൻ ഉദ്ഭവിച്ചു; പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കയും ചെയ്തു.* ഇതിനർത്ഥം മനുഷ്യനായ ഞാൻ ജന്മനാ പാപത്തിലേക്കു ചാഞ്ഞിരിക്കുന്നെന്ന്, ദൈവനിഷേധിയാണെന്ന്, വിഗ്രഹാരാധനയ്ക്ക് ഒരുങ്ങിയിരിക്കുന്നവനാണെന്നല്ലോ.[16] *എന്റെ മനസ്സുകൊണ്ടു ദൈവത്തിന്റെ നിയമത്തെ സേവിക്കുന്നു; എന്റെ ജഡംകൊണ്ടു പാപത്തിന്റെ നിയമത്തെയും* എന്നു വിശുദ്ധനായ പൗലോസ് പറഞ്ഞിട്ടുള്ളത്[17] എന്നെക്കുറിച്ചും വാസ്തവമത്രേ. പ്രകൃത്യായുള്ള ഈ ദുസ്ഥിതിക്കു പോംവഴിയും സങ്കീർത്തനം 51 പാടിയിട്ടുണ്ട്: ആന്തരിക വിശ്വസ്തതയും ദൈവത്തിൽ നിന്നു ലഭിക്കുന്ന ജ്ഞാനവും.[18]

പരിശുദ്ധനായവൻ മാമോദീസാക്കൂദാശയിൽ എന്നെ അഭിഷേകം ചെയ്ത്[19] എനിക്കു വിശുദ്ധവും, ഞാൻ വിശുദ്ധനായി അവിടത്തെ മുമ്പിൽ വ്യാപരിക്കാനുള്ളതുമായ രാജകീയ പൗരോഹിത്യം ദാനം ചെയ്തിട്ടു

[14]റോമ 7,14-15.18-19; ഗ്രീക്കനുസരിച്ചുള്ള വിവർത്തനം. [15]വാക്യം 5; ഹീബ്രുമൂലമനുസരിച്ച്. പി.ഒ.സി ബൈബിൾ: *പാപത്തോടെയാണ് ഞാൻ പിറന്നത്; അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്.* [16]സങ്കീ 22,9-10;27,10 [17]റോമ 7,25 [18]സങ്കീ 51,6. പേഴുങ്കാട്ടിൽ, *സങ്കീർത്തനങ്ങൾ*, 299. [19]1യോഹ 2:20

ണ്ടെന്ന ദൈവികരഹസ്യം വിസ്മരിച്ച് അശുദ്ധനായി ഞാൻ ജീവിച്ചു തീർക്കുന്ന എന്റെ ദിനാന്തരങ്ങളേ, മാപ്പ്! അതേ, പരിശുദ്ധനായവൻ, ഞാൻ അവിടത്തെ മുമ്പിൽ എല്ലായ്പോഴും വിശുദ്ധിയോടെ വ്യാപരിക്കാനും, വിശുദ്ധിയോടെ അതിവിശുദ്ധ രഹസ്യങ്ങൾ പരികർമം ചെയ്യാനും വൈദികപട്ടാഭിഷേകകൂദാശയിൽ എനിക്കു ശുശ്രൂഷാ പൗരോഹിത്യവും നല്കി. പലപ്പോഴും ഈ ദിവ്യമായ ചരിത്രസത്യം ഓർക്കാത്ത പോലെ ജീവിച്ചുപോരുന്ന എന്റെ നിമിഷങ്ങളിലെ ലക്ഷണങ്ങളേ, മാപ്പ്! *കർത്താവേ, നിന്റെ ക്രോധത്തിൽ എന്നെ കുറ്റം വിധിക്കരുതേ; നിന്റെ കോപത്തിൽ എന്നെ ശിക്ഷിക്കരുതേ* എന്നപേക്ഷിച്ചുകൊണ്ടിരിക്കാനും ദാവീദുവഴി പരിശുദ്ധാത്മാവ് പാടിപ്പഠിപ്പിച്ചിട്ടുള്ളത്[20] എനിക്ക് ആശ്വാസത്തിന്റെ തേന്മഴയല്ലോ.

നീതിമാൻ ദിവസം ഏഴു പ്രാവശ്യം വീഴുന്നു എന്നു വചനം പറയുന്നു. ഈ വചനം, പാപിയെന്ന് എന്നെക്കുറിച്ച് ദൈവമൊഴികെ മറ്റാരെക്കാളും വിശദവും വ്യക്തവുമായറിയാവുന്ന എന്നോട് എന്താണു പറയുന്നതെന്നു കേൾക്കാൻ പ്രാപ്തിയില്ലാതെ ഞാൻ വ്യഥയിലാണ്ടുപോകുമ്പോൾ നീതിമാനായ ജോബ് അടുത്തുവരുന്നു. തന്നെ തത്ത്വങ്ങൾ പറഞ്ഞു കുറ്റപ്പെടുത്തിയ ഷുഹ്യനായ ബിൽദാദിനോടു പറയുന്നതും ഞാൻ കേൾക്കുന്നു: *ഞാൻ നീതിമാനായിരുന്നാലും ദൈവത്തോടു മറുപടി പറയാൻ എനിക്കു കഴിയുമോ? എന്നെ കുറ്റം വിധിക്കുന്ന അവിടത്തെ കരുണയ്ക്കുവേണ്ടി ഞാൻ യാചിക്കണം.*[21] *ജീവിതം ഒരു ദിവസം മാത്രമേ ഉള്ളുവെങ്കിലും പാപങ്ങളിൽനിന്നു പൂർണമായി വിമുക്തനായിരിക്കാൻ ആർക്കും സാധ്യമല്ല.*[22] അതുമല്ലെങ്കിൽ, *ഹൃദയം നിർമലമാക്കി പാപത്തിൽനിന്നു ശുദ്ധി നേടിയിരിക്കുന്നെന്നു പറയാൻ ആർക്കു കഴിയും?*[23] കേവലം ബലഹീനനും പാപിയുമായ മനുഷ്യനായ എനിക്കു ദൈവതിരുമുമ്പിൽ ഒരുവിധത്തിലും നീതിമാനായിരിക്കാൻ — പരിശുദ്ധനായിരിക്കാൻ — സാധ്യമല്ല. ദൈവത്തിന്റെ കരുണ യാചിച്ച് അവനാൽ, അവന്റെ കാരുണ്യത്താൽ, നീതിമത്കൃതനാകുക, വിശുദ്ധീകരിക്കപ്പെടുക മാത്രമാണു മാർഗം. ''എൻ പാപക്കറകൾ ദർശിച്ചഞ്ചീടുമ്പോൾ'' ചൊവ്വായുടെ രാത്രി മൂന്നാം കൗമാതോറും ''ചോരൻ ചുങ്കക്കാരൻ പാപിനിയും ക്നാനായ സ്ത്രീ ശമറായക്കാരിയുമേകി ധൈര്യമവർ ചൊന്നണയുക പ്രാപിച്ചീടുക കരുണാനിധിയാം നാഥനിൽനിന്നും കൃപയെ.'' അഗ്നി അഗ്നിയെ ഭയക്കുന്നില്ലല്ലോ!

*..., പരമമായ ശക്തി ദൈവത്തിന്റേതാണ്, ഞങ്ങളുടേതല്ല എന്നു വെളിപ്പെടുത്താൻ ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്കു ലഭി*

[20] സങ്കീ 6,1 [21] ജോബ് 9,15 [22] ജോബ് 14,4 [23] സുഭാ 20,9

*ച്ചിട്ടുള്ളത്.*[24] പുതിയനിയമം സാക്ഷിക്കുന്ന വലിയ സുവിശേഷസാക്ഷിയായ പൗലോസിന്റെ വാക്കുകൾ. ഇവ ഏറ്റുപറയുന്ന സത്യങ്ങളിലൊന്ന്, സുവിശേഷവേലയെന്ന ഈ നിധി ദൈവം ഏല്പിച്ചിരിക്കുന്നവർ വെറും മനുഷ്യർ മാത്രമാണ് എന്നതാണല്ലോ. ഞാൻ, ക്രിസ്തുവിന്റെ പുത്രത്വം നല്കപ്പെട്ടവൻ, ശിഷ്യൻ, പ്രേഷിതൻ, പുരോഹിതൻ എന്നീ സ്ഥാനങ്ങളിലേതിലായിരുന്നാലും, കേവലമൊരു മൺപാത്രം. ഏതു നേരവും തട്ടലോ മുട്ടലോ വീഴ്ചയോ പറ്റിയാൽ തകർന്നു തരിപ്പണമാകുന്ന മൺപാത്രം മാത്രം. ഓരോ ദിവസവും എത്രയോ തവണ ഇതൊക്കെ സംഭവിച്ചിരിക്കുന്നു, സംഭവിക്കുന്നു! യേശുവേ, ഞാൻ ഒരു ദിവസംതന്നെ പല പ്രാവശ്യം തിരിഞ്ഞും മറിഞ്ഞും ശിമയോനും പത്രോസും യൂദാസും തങ്ങളുടെ അമ്മയോടൊത്തു നിന്റെയടുത്തുവന്ന സെബദിപുത്രന്മാരും വിരിച്ചൊരുക്കിയ വിരുന്നുശാലയിൽ നീ നിന്റെ അവസാന പെസഹായിൽ നല്കിയ നിന്റെ ശരീരവും രക്തവും സ്വീകരിച്ചിട്ടു തങ്ങളിൽ വലിയവൻ ആരെന്ന് അന്യോന്യം തർക്കിച്ചവരിൽ ഒരുവനും ആയിക്കൊണ്ടിരിക്കുന്നു!

*യൂദാസേ, ചുംബനംകൊണ്ടോ നീ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്* എന്ന ചോദ്യം കേൾക്കുമ്പോൾ ഞാന്നുവീണു കരയുവാൻ എനിക്ക് യൂദാസിനോടു ചോദ്യം ചോദിച്ചവന്റെ കഴുമരമുണ്ടല്ലോ. പ്രധാനാചാര്യന്റെ തിരുമുറ്റത്തു കത്തുന്ന അഗ്നിക്കരികെ ഉൾക്കനൽ വാരിയിട്ടു ഞാനിരിക്കുമ്പോൾ കർത്താവ് എന്റെ നേരേ തിരിഞ്ഞുനോക്കും. അപ്പോൾ എനിക്കു പോയി കരയാൻ പുറത്തൊരിടമുണ്ടല്ലോ. ഗൊല്ഗോഥായിൽ യേശുവിന്റെ കുരിശിന്നരികെ നില്ക്കുന്ന അമ്മയുടെ ഇടനെഞ്ചിലേക്കു ഞാൻ ഇടം തെറ്റാതെ തളർന്നുവീഴുന്ന ഓരോ നേരവും അവൾ, കാനായിൽ തന്റെ മകനെക്കൊണ്ടു കല്ഭരണികളിൽ മുന്തിരിനീരു നിറപ്പിച്ച അവൾ, ചിന്നിച്ചിതറിക്കിടക്കുന്ന മൺകുടത്തിന്റെ ചെറുകഷണങ്ങൾ അവനെക്കൊണ്ടു തപ്പിപ്പെറുക്കിപ്പിച്ചു തന്റെ രക്തവും വെള്ളവുമൊഴിപ്പിച്ചു ചവിട്ടിക്കുഴപ്പിച്ചു പുത്തൻ മൺകുടമായി മെനഞ്ഞെടുപ്പിക്കുന്നു. ഈ വികൃതിയും പുനർകൃതിയും കുശവന്റെ കൂക്കോയോപോലെ നീട്ടിയും കുറുക്കിയും രാഗങ്ങൾ മാറിമാറി യാമംതോറും ആലപിക്കപ്പെടുന്നു. ''എന്തെന്നാൽ, ദൈവം എല്ലാ സമയവും കാരുണ്യവാനാകുന്നു. തന്റെ കരങ്ങൾ മെനഞ്ഞുണ്ടാക്കിയ സ്വരൂപം നശിച്ചുപോകാൻ അവൻ ആഗ്രഹിക്കുന്നില്ല.''[25] ''മുറിവേറ്റവരുടെ വ്രണങ്ങൾ സുഖപ്പെടാതിരിക്കെ വൈദ്യൻ ശ്രേഷ്ഠനാകുന്നില്ല.'' മാർ അപ്രേമിന്റെ ഈ ചികിത്സാശാസ്ത്രം വലിയ നോമ്പിൽ ഓരോ

[24] 2 കോറി 4,7 [25] വലിയനോമ്പ്, വെള്ളി രാത്രി ഒന്നാം കൗമാ , കോലൊ, പുറം 145

ബുധനാഴ്ച ഉച്ചനമസ്കാരത്തിലും മലങ്കര സഭ എന്നെക്കൊണ്ട് ചൊല്ലിപ്പ റിപ്പിക്കുന്നത് ആശ്വാസവും ധൈര്യവുമേകുന്നു.[26] അപ്രേമിനെ അനു കൂലിക്കാൻ മാത്രമല്ലേ *ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെ ആവശ്യം. നീതിമാന്മാരെയല്ല, പാപികളെ പശ്ചാത്താപ ത്തിലേക്കു വിളിക്കാനാണ് ഞാൻ വന്നിട്ടുള്ളത്*[27] എന്നു പ്രഖ്യാപിച്ചവന് എന്റെ കേസിലും ചെയ്യാനാവൂ. *നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും, എന്നാൽ പ്രവർത്തിക്കാനോ സാധിക്കുന്നില്ല* എന്നു വിലപിച്ച പൗലോ സിനെ പ്രേരിപ്പിച്ച പാപത്തിന്റെ നിയമത്തിൽനിന്ന് എന്നെ സ്വതന്ത്രനാ ക്കുന്നവൻ എനിക്കേകുമെന്നുറപ്പുള്ള സ്വാതന്ത്ര്യം അനുഭവിക്കാമല്ലോ.

ചൊവ്വാഴ്ച രാത്രി ഉറക്കത്തിനൊരുക്കമായുള്ള സൂത്താറാനമ സ്കാരത്തിൽ എനിക്ക് സഭയോടൊത്ത് ഇങ്ങനെ പാടാമല്ലോ:

എന്തിനു വിലപിച്ചീടേണം? നീ ചോദിച്ചീടിൽ
വിലപിപ്പോരേ, ഭാഗ്യമതെന്നരുൾ ചെയ്തു നാഥൻ
കരയുന്നതിനുടെ കാരണമറിവോർ ജ്ഞാനികളല്ലോ
തെറ്റുകളവയെ വീക്ഷിക്കാത്തോൻ കരയുന്നീല.

അനുതാപത്താൽ കോപം നീക്കും താതൻ സ്തുത്യൻ
മിഴിനീരാലെ പാപം മായ്ക്കും സുതനും വന്ദ്യൻ
കണ്ണീർക്കണമതു കൈക്കൊള്ളും റൂഹായ്ക്കും സ്തോത്രം
സാരാംശത്തിൽ ഏകൻ ത്രിത്വം സ്തുത്യനുമാക.[28]

## എനിക്കും കൂനുണ്ട്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വലിയനോമ്പുകാലം അഞ്ചാം ഞായർ *ക്പിഫ്തോ* ഞായറാണ്. കൂനിക്ക് യേശുക്രിസ്തു സൗഖ്യം നല്കിയ സംഭവം അനുസ്മരിക്കുന്ന ഞായർ. ലൂക്കാ മാത്രമേ ഈ സംഭവം എഴുതിയിട്ടുള്ളു.[29] ലൂക്കായ്ക്ക് ഈ കഥ കിട്ടിയത് തന്റെ അന്ത്യോക്യാസഭയിൽനിന്നാകണം. അന്ത്യോക്യാസഭയിൽ വികസിച്ച ആരാധനക്രമമാണല്ലോ കാലാന്തരത്തിൽ മലങ്കര സഭയ്ക്കു ലഭിച്ചിട്ടു ള്ളതും ഞാനനുവർത്തിക്കുന്നതും. അത് പുരോഹിതനായ എനിക്ക് ഒരു പ്രത്യേക അനുഗ്രഹമായിട്ടുണ്ട്.

യേശുക്രിസ്തു തന്റെ പൗരോഹിത്യശുശ്രൂഷ പൂർത്തിയാക്കാൻ ഗലീലിയിൽനിന്നു ജറുസലേമിലേക്കുള്ള യാത്രയിലാണ്. ഈ യാത്ര

[26]മാർ അപ്രേമിന്റെ ബോവൂസാ [27]ലൂക്കാ 5,32 [28]*ശ്ഹീമൊ*നമസ്കാരം, മെനഓ, ചൊവ്വാ , സൂത്താറാ, മാർ യാക്കോബിന്റെ ബോവൂസാ [29]ലൂക്കാ 13,10-17

യ്ക്കിടെ ഒരു സാബത്തിൽ ഒരു സിനഗോഗിൽ അവൻ പതിനെട്ടു വർഷ മായി രോഗിണിയായി കൂനിപ്പോയവൾക്കു സൗഖ്യം കൊടുത്തു. ഇതു സംഭവിച്ചത് പഴയ ഉടമ്പടിയുടെ ഇസ്രായേലിന്റെ നിയമപ്രകാരം കർത്താവിന്റെ വിശുദ്ധ ദിനത്തിൽ ആരാധനാസ്ഥലത്ത്. സംഭവവിവരണ ത്തിലെ ഒരു സവിശേഷത, അവളുടെ രോഗം എന്തായിരുന്നെന്നു കൃത്യ മായി പറയുന്നില്ല. എന്നാൽ ലൂക്കാസുവിശേഷകൻ ചില കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്: അവൾ രോഗിണിയായി നിവർന്നുനില്ക്കാൻ കഴി യാത്ത വിധം കൂനിപ്പോയിരുന്നു; യേശു വചനത്താലും കരസ്പർശന ത്താലും അവൾക്കു സൗഖ്യം നല്കി; തത്ക്ഷണം അവൾ നിവർന്നു നില്ക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. അവൾക്ക് യേശു ക്രിസ്തുവിൽ നിന്നു ലഭിച്ച സൗഖ്യം, കർത്താവിന്റെ വിശുദ്ധ ദിനത്തിൽ ആരാധനാസ്ഥലത്ത് നിവർന്നുനിന്നു ദൈവത്തെ സ്തുതിക്കാൻ അനു ഗ്രഹം ലഭിച്ചു എന്നതാണ്. കർത്താവിന്റെ വിശുദ്ധ ദിനത്തിൽ ആരാധനാ സ്ഥലത്ത് നിവർന്നുനിന്നു ദൈവത്തെ സ്തുതിക്കാൻ സാധിക്കാതി രുന്നതായിരുന്നു അവളുടെ യഥാർഥ രോഗം. സൗഖ്യം ലഭിച്ചുകഴിഞ്ഞ പ്പോൾ നിവർന്നു നിന്ന് യേശുവിന്റെ മുഖത്തേക്കു നോക്കാൻ അവൾക്കു സാധിച്ചു. രക്ഷകനായ ദൈവത്തിന്റെ, തന്റെ എളിയ സ്തുതിപ്പുകൾ സ്വീക രിക്കുന്ന ദൈവത്തിന്റെ, തന്റെ പിതാവായ അബ്രാഹത്തിന്റെ ദൈവത്തി ന്റെ, തിരുമുഖം യേശുവിൽ ദർശിക്കാൻ അവൾ പ്രാപ്തയായി.

കർത്താവിന്റെ വിശുദ്ധ ദിനത്തിൽ അവന്റെ വിശുദ്ധ മന്ദിരത്തിന്റെ അതിവിശുദ്ധസ്ഥലത്ത് നിവർന്നുനിന്നു ദൈവത്തെ സ്തുതിക്കാൻ സാധി ക്കാത്തവിധം ഞാൻ കൂനിപ്പോകാൻ ഇടയാക്കിയ രോഗം കണ്ടുപിടി ക്കാൻ *ക്പിഫ്തോ*ഞായറിലെ വേദവായനകൾ എനിക്ക് ഏറെ സഹാ യകങ്ങളാണ്.

വിശുദ്ധ കുർബാനയുടെ വേദവായനകൾ മാത്രമെടുക്കട്ടെ. ആദ്യം സംഖ്യ 14,11-25. കർത്താവിനോടു മറുതലിച്ച്, എന്നും കൂനിയിരിക്കാൻ വേണ്ടി ദുശ്ശാഠ്യം പിടിക്കുന്ന ജനത്തെ ഈ വേദഭാഗത്തു കാണാം. കർത്താവ് നമ്മോടുകൂടെയാണെന്ന് ജനത്തോടു പറഞ്ഞ ജോഷ്വായും കാലെബുമുണ്ട്. ജനത്തിനുവേണ്ടി കർത്താവിന്റെ ക്ഷമാശീലവും കവി ഞ്ഞൊഴുകുന്ന അചഞ്ചലസ്നേഹവും കാരുണ്യാതിരേകവും യാചി ക്കുന്ന മോശയെയും കാണാം. വ്യത്യസ്തമായ ചൈതന്യം നയിച്ചവ നെന്നു കർത്താവ്തന്നെ പറയുന്ന കാലെബുമുണ്ട്. കർത്താവിനെ നിന്ദി ക്കുന്നവർക്ക് അവിടുന്ന് ജനത്തിനുവേണ്ടി ഒരുക്കിയിരിക്കുന്ന ദേശം, അവിടുത്തെ മുഖം, കാണാനാകില്ല. കർത്താവ് പാർപ്പിക്കാമെന്നു

വാഗ്ദാനം ചെയ്ത ദേശത്തേക്കുള്ള പ്രവേശനം കർത്താവിന്റെ ചൈത ന്യത്താൽ നയിക്കപ്പെട്ട്, അവിടുത്തെ പൂർണമായി അനുഗമിച്ച കാലെ ബിനും കൂടെ ജോഷ്വായ്ക്കും അവിടുന്ന് ഉറപ്പുപറഞ്ഞു.

രണ്ടാം വായന പ്രഭാ 11,7–19 ക്ലേശിതരെയും ദരിദ്രരെയും ഉയർ ത്തുന്ന കർത്താവിനെ കാണിച്ചുതരുന്നു. അവിടുന്ന് അവരെ കടാ ക്ഷിച്ച് ദയനീയാവസ്ഥയിൽനിന്ന് ഉയർത്തുന്നു. അനേകരെ വിസ്മയി പ്പിക്കുമാറ് അവിടുന്ന് അവർക്കു മാന്യസ്ഥാനം നല്കുന്നു. കൂനിയിരുന്ന സ്ത്രീയെ തലയുയർത്തി നില്ക്കുമാറാക്കി യേശു. അവൾക്കു മാന്യ സ്ഥാനം നല്കി.

കർത്താവിന്റെ മുമ്പിൽ തല കുനിക്കാത്ത ഇസ്രായേലിനുവേണ്ടി കുനിഞ്ഞ കർത്താവിനെ കാട്ടിത്തരുന്നു മൂന്നാം വായന – ഹോസി 11,1–6. ഇസ്രായേൽ, കർത്താവിന്റെ മകൻ, ശിശുവായിരുന്നപ്പോൾമുതൽ അവനെ അവിടുന്നു സ്നേഹിച്ചു. *കരുണയുടെ കയർ പിടിച്ച്* – അതേ, *സ്നേഹത്തിന്റെ കയർതന്നെ പിടിച്ച്* – അവിടുന്ന് അവരെ നയിച്ചു. അവിടന്നു *കുനിഞ്ഞ് അവർക്കു ഭക്ഷണം നല്കി.* എന്നിട്ടും, ഇസ്രാ യേൽ അവിടുത്തെ മുമ്പിൽ തല കുനിച്ചില്ല. *ഞാൻ അവരെ വിളിക്കു ന്തോറും അവർ എന്നിൽനിന്ന് അകന്നുപോകുകയാണ് ചെയ്തത്* എന്ന് കർത്താവ് പരിഭവം പറയുന്നു. അവർ അവിടുത്തെ മുമ്പിൽ തല കുനി ക്കേണ്ടതിനു പകരം ബാൽദേവന്മാർക്കു തലകുനിച്ചെന്ന് അവിടുന്നു വേദനയോടെ പറയുന്നു. കർത്താവേ, നിന്റെ മുമ്പാകെ സ്വമേധയാ തല കുനിക്കുകയെന്നത് യഥാർഥത്തിൽ തല ഉയർത്തുകതന്നല്ലോ. അവിടുത്തെ മുമ്പിൽ തല കുനിക്കാത്തവർ തങ്ങളുടെ ശത്രുക്കളുടെ മുമ്പിൽ തല കുനിക്കാൻ കർത്താവ് ഇടയാക്കുമെന്നും ഹോസിയാ പ്രവചിക്കുന്നു.

''... കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം'' എന്ന് വിശുദ്ധ കുർബാനയിൽ ശുശ്രൂഷി അറിയിക്കുന്നു. അത്, ''സ്വർഗ സ്ഥനായ ഞങ്ങളുടെ പിതാവേ, ... നിന്റെ രാജ്യം വരണമെ. ... ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമെ'' എന്നു പ്രാർഥിച്ചതി നുള്ള മറുപടി – ആശീർവാദവും ത്രിത്വൈക ദൈവം നമ്മോടുകൂടെയാ കുന്ന അപ്പവും – കർത്താവ് കുനിഞ്ഞു നല്കുന്നത് ഉചിതമായി സ്വീക രിക്കാനൊരുങ്ങാനുള്ള ആഹ്വാനമാകുന്നു. ''ഞങ്ങളുടെ കർത്താവും ദൈവ വുമേ, നിന്റെ തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.'' എന്തെന്നാൽ, നീ ഞങ്ങളുടെ തലകളെ ഉയർത്തുന്നവനാകുന്നു. നീ എന്നോടുകൂടെയാ കുമ്പോൾ എനിക്ക് എല്ലാവരുടെയും മുമ്പാകെ തലയുയർത്താമല്ലോ.

കർത്താവിന്റെ വിശുദ്ധ ദിനത്തിൽ അവന്റെ വിശുദ്ധ മന്ദിരത്തിന്റെ അതിവിശുദ്ധസ്ഥലത്ത് നിവർന്നുനിന്നു ദൈവത്തെ സ്തുതിക്കാൻ സാധിക്കാത്തവിധം ഞാൻ കൂനിപ്പോകാൻ ഇടയാക്കിയ രോഗം കണ്ടുപിടിക്കാൻ അടുത്ത വായന, ഗലാ 5,16–26, മാത്രം മതിയല്ലോ. തല കുനിപ്പിക്കുന്ന രോഗങ്ങളുടെ നീണ്ടൊരു ലിസ്റ്റുണ്ട്! ജഡത്തിന്റെ വ്യാപാരങ്ങളുടെ. ദൈവത്തിന്റെ ചൈതന്യം ഇല്ലാതാകുമ്പോൾ മനുഷ്യൻ ജഡമാണെന്നു ദൈവമായ കർത്താവ് പറഞ്ഞിട്ടുള്ളതിന്റെ സാക്ഷ്യം ആദിപുസ്തകത്തിൽത്തന്നെയുണ്ടല്ലോ.[30] തലയുയർത്തിപ്പിക്കുന്ന ആത്മാവിന്റെ ഫലങ്ങളുടെ പട്ടികയുമുണ്ട്. ഗലാ 5,22–23ൽ. ... *ജഡത്തിന്റെ വ്യാപാരങ്ങൾ വ്യക്തമാണ്: വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈദൃശമായവയും. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്നു മുമ്പു ഞാൻ നിങ്ങളോടു പറഞ്ഞത് ഇപ്പോഴും ആവർത്തിക്കുന്നു.*

എന്നാൽ, ആത്മാവിന്റെ ഫലങ്ങൾ *സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല. യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു. നമ്മൾ ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ നമുക്ക് ആത്മാവിൽ വ്യാപരിക്കാം. നാം വ്യർഥാഭിമാനികളാകാതിരിക്കട്ടെ; അതുപോലെ, പരസ്പരം പ്രകോപിപ്പിക്കുന്നവരും അസൂയപ്പെടുന്നവരും.*

ഈ ലേഖനപാഠം എനിക്കു സുസ്ഥിരമായ കൂനുണ്ടെന്ന് എനിക്കു സ്ഥിരീകരണം നല്കുന്നതല്ലോ. നായുടെ വാൽ പന്തീരാണ്ടു കൊല്ലം കുഴലിലിട്ടിരുന്നാലും വളഞ്ഞുതന്നെയിരിക്കുമെന്ന പഴഞ്ചൊല്ല് എന്നെ മുൻകണ്ടുകൊണ്ടായിരുന്നോ? ആശ്വാസം, കുഴലിടാൻ ഒരാളുണ്ട്. ഇടയ്ക്കിടെയെങ്കിലും അവന്റെ മുമ്പിൽ ശാന്തമായി നിന്നുകൊടുക്കരുതോ?

അവനോടൊത്തു കാണാമറയത്ത് ദേ, ഒരാളുണ്ട് — വചനം ചൊല്ലിയും കൈവച്ചും അനുഗ്രഹിക്കാൻ വെമ്പുന്നവൻ. എന്റെ മുഖത്തിന്റെ കൂന് എന്നേക്കുമായി മാറ്റുന്നവൻ. യോഹന്നാന്റെ വാക്കുകൾ എന്നോട് ഇങ്ങനെ പറയുന്നു: *നിന്റെ ഹൃദയം നിന്നെ കുറ്റപ്പെടുത്തുന്നെങ്കിൽത്തന്നെ, ദൈവം നിന്റെ ഹൃദയത്തെക്കാൾ വലിയവനും*

[30] ഉത്പ 6,3

*എല്ലാം അറിയുന്നവനുമാണ്. പ്രിയനേ, ഹൃദയം നിന്നെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, ദൈവത്തിന്റെ മുമ്പിൽ നിനക്ക് ആത്മധൈര്യമുണ്ട്. നീ ആവശ്യപ്പെടുന്നതെന്തും അവിടുന്നിൽനിന്നു നിനക്കു ലഭിക്കുന്നു.*[31]

എനിക്ക് ഇനിയൊരിക്കലും എന്റെ പെട്ടിയെടുക്കാൻ സാധിക്കില്ലെന്നുറപ്പാകുമ്പോൾ സഭ എനിക്കു നല്കുന്ന പെട്ടിയിൽ വൈദികയുവത എന്റെ ശരീരം നിബന്ധിച്ചു നിവർത്തിവയ്ക്കുന്നതിനു തൊട്ടുമുമ്പെങ്കിലും ഒരു നിമിഷമെങ്കിലും ആത്മാവിൽ നിവർന്നുനിന്നു ദൈവത്തെ സ്തുതിക്കാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ! ഇവിടെയും ബിഷപ് ഷീനിന്റെ *പുരോഹിതൻ തന്റെ സ്വന്തമല്ല* എന്ന പുസ്തകത്തിലെ ഒരു വാചകം അല്പം പാഠഭേദം ചെയ്തോർക്കട്ടെ: ദൈവത്തിന്റെ ബലിപീഠത്തിൽ പ്രവേശിക്കാനുള്ള അനുഗ്രഹമോർത്ത് പ്രായമേറുന്തോറും പുരോഹിതന്റെ യുവത്വം പുതുക്കപ്പെടുകയും കൂടുതൽ യുവമാക്കപ്പെടുകയും ചെയ്യണം. പരിശുദ്ധ ഫ്രാൻസിസ് ഒന്നാമൻ പാപ്പാ 2013 ഓശാനപ്പെരുന്നാളിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായുടെ ചത്വരത്തിൽ നല്കിയ വചനസന്ദേശത്തിൽ യുവാക്കളോടു പ്രത്യേകം പറഞ്ഞു: ''ക്രിസ്തു ഹൃദയത്തിലുണ്ടെങ്കിൽ ഹൃദയത്തിന് ഒരിക്കലും വയസ്സാകില്ല.'' എന്നും യുവവൈദികനായിരിക്കാനുള്ള സുലഭവും കൃത്യവുമായ അമൃത്! അത് ഇനിയെങ്കിലും കുറേശ്ശെയെങ്കിലും കഴിച്ചുകൂടേ എനിക്ക്? സെമിനാരിയിൽ പാസ്റ്ററൽ തിയോളജി (അജപാലനദൈവശാസ്ത്രം) പഠിപ്പിച്ച വന്ദ്യനായ മാത്യു മങ്കുഴിക്കരിയച്ചനിൽനിന്നുതിർന്ന ഗുരുമൊഴി പ്രയോഗത്തിലാക്കാൻ മിക്ക ദിവസങ്ങളിലും സാധിച്ചിട്ടില്ലെങ്കിലും എന്നേക്കുമായി മറക്കാൻ ഇടയാകാതിരിക്കട്ടെ: ഓരോ ദിവസത്തെയും ദിവ്യബലി ജീവിതത്തിലെ ആദ്യത്തെ ദിവ്യബലിയെന്നപോലെയും അവസാനത്തെ ദിവ്യബലിയെന്നപോലെയും അർപ്പിക്കണം.

## അലക്ഷ്യം അപൂർണമാക്കിയ അർപ്പണങ്ങൾ

ലക്ഷണനിർദിഷ്ടമല്ലാത്തതും ലാക്കില്ലാത്തതും വകവയ്ക്കാതെയുള്ളതുമാണ് അലക്ഷ്യമായതെന്നു ശബ്ദതാരാവലികാരൻ. അലക്ഷ്യമായി കുർബാനയർപ്പിക്കുന്നതു തീർച്ചയായും അർപ്പണത്തെ അപൂർണമാക്കും. അർപ്പണത്തിനു നേതൃത്വമേകുന്ന എനിക്കും സഹകർമികളായവർക്കും പൂർണമായി ഫലപ്രദമാകില്ല.

ഞാൻ വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ കുർബാനയർപ്പിക്കു

[31] 1 യോഹ 3:20-22

ന്നതിന്റെ ലക്ഷണങ്ങൾ എനിക്കും അർപ്പണത്തിന്റെ അനുഷ്ഠാനവിധികളോടുള്ള സമീപനത്തിലും ഉണ്ടായിരിക്കണമെന്നു കർത്താവിന്റെ നിയമമാണ്. സഭയത് ആവിഷ്കരിച്ചിട്ടുമുണ്ട്.

എനിക്ക് അകൃത്രിമമായ ആരാധനഭാവം വേണം. കുർബാനയിലുടനീളം സഹജമായ ആരാധനാഭാവം പ്രകാശിക്കണം. എന്റെ നൈമിഷികങ്ങളായ സങ്കല്പഭാവനകളുടേതായിരിക്കരുത്. എന്റെ ആത്മാവിന്റേതായിരിക്കണം. എന്റെ ആത്മാവിന്റെ ആരാധനാഭാവം പരിശുദ്ധാത്മജന്യമായിരിക്കണം. വിശുദ്ധ കുർബാനയുടെ ഒരുക്കശുശ്രൂഷയിൽ ആവർത്തിച്ചുരുവിടുന്നതുപോലെ, സ്വയം ബലിയായി അർപ്പിച്ച ക്രിസ്തുവിന്റെ ബലിക്കു സദൃശമായി ദൈവത്തിനു പ്രീതികരമായ സജീവബലിയായി ഞാൻ എന്നെത്തന്നെ അർപ്പിക്കുന്നതിൽനിന്നുയരുന്ന ആരാധനാഭാവം. അങ്ങനെയുള്ളതു മാത്രമേ ദൈവത്തിനു സ്വീകാര്യമാകു. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സ്വാഭാവികപ്രസാദം തൂകുന്നതാകൂ.

വിശുദ്ധ സഭയിൽ കശീശ ആകുവാൻ പരിശുദ്ധാത്മാവാണ് എന്നെ വിളിച്ചത്. എനിക്കു വൈദികപട്ടം നല്കിയപ്പോൾ സഭയും, സഭയോടൊത്തു ഞാനും, ഏറ്റവും കൂടുതൽ യാചിച്ചത് ഞാൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുന്നതിനാണ്. അപ്രകാരം സംഭവിച്ചു എന്നാണ് അന്ന് സഭയും സഭയോടൊത്തു ഞാനും പൂർണമായി വിശ്വസിച്ചത്. ഓരോ നാളിലും ''റൂഹായെ ഭൂഷണമാക്കി'' കുർബാനയർപ്പിക്കാൻ എനിക്കു സാധിക്കേണ്ടിയിരിക്കുന്നു. കുർബാനയെക്കുറിച്ചു പരിശുദ്ധാത്മാവേകുന്ന ജ്ഞാനം പ്രാപിച്ചുകൊണ്ടു ഞാൻ കുർബാനയർപ്പിക്കണമായിരുന്നു. ഓരോ കുർബാനയിലും ഞാൻ ''മനുഷ്യവർഗത്തിന്റെ അരിഷ്ടത നിറഞ്ഞതും ബലഹീനവുമായ പ്രകൃതിയിൽനിന്നു നിന്റെ ശ്രേഷ്ഠതയ്ക്ക് ഇന്ന് ... അർപ്പിക്കുന്ന **ഉത്തമഫലം**'' ആകണമായിരുന്നു.[32] ചുരുക്കത്തിൽ, കുർബാനയർപ്പിക്കുന്നതിന് ഒരുക്കമായി ആദ്യം ഞാൻ എന്റെ വൈദികാഭിഷേകകർമത്തിൽ പുതുക്കപ്പെടേണ്ടിയിരിക്കുന്നു. അപ്പോൾ ആരാധനാഭാവം കുർബാനയിൽ എന്റെ സ്വ-ഭാവമാകും.

കുർബാനയിലുടനീളം ആരാധനാഭാവം കർമികളുടെ സ്വ-ഭാവമായി പ്രകാശിക്കാൻ കുർബാനയുടെ പരമമായ ഉദ്ദേശ്യത്തിലുറച്ച ഹൃദയസാന്നിധ്യം സഹായിക്കും. കുർബാനയുടെ പരമമായ ലാക്ക് (ഉദ്ദേശ്യം)

[32] എന്റെ വൈദികാഭിഷേകശുശ്രൂഷയിലെ സെദറായിൽ മേല്പട്ടക്കാരൻ എന്നെക്കുറിച്ചു പ്രാർഥിച്ചത്.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും – ആരാധന – അർപ്പിക്കുകയാണ്. ഇതത്രേ കുർബാനയിലെ പ്രാർഥനകൾ "ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും ,,, ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും" എന്നു പ്രഖ്യാപിച്ചുകൊണ്ട് അവസാനിപ്പിക്കുന്നതിലൂടെ പ്രബോധിപ്പിക്കപ്പെടുന്നത്. ഇതു കഴിഞ്ഞു മാത്രമേ മറ്റു നിയോഗങ്ങൾക്കു സ്ഥാനമുള്ളു.

ഞാനർപ്പിക്കുന്ന ദിവ്യബലി യേശുമിശിഹായുടെയും സഭയുടെയും സഭയിൽ പുരോഹിതനായ എന്റെയും ആരാധനയാണ്. യേശുമിശിഹായാണ് അതിന്റെ ഏക 'പൊതുകർമി' (*ലെയിറ്റൂർഗൊസ്* – പൊതുശുശ്രൂഷകൻ). എന്തെന്നാൽ, അത് അവന്റെ സ്വന്തം ചെലവിൽ അവൻ നടത്തുന്ന ശുശ്രൂഷയാണ്.[33] അതിൽ എല്ലാവർക്കുംവേണ്ടി സ്വയം അർപ്പിക്കപ്പെടുന്നത് അവനത്രേ. അവൻതന്നെയാണ് അതിന്റെ അടിസ്ഥാനപരവും പരിപൂർണവുമായ ആരാധനക്രമവും. എന്തെന്നാൽ, അവനാണ് ദൈവത്തെ ഭൂമിയിലേക്ക്, മനുഷ്യരുടെയിടയിലേക്ക്, അവരുടെ മധ്യത്തിലേക്ക്, അവർക്കുവേണ്ടി കൊണ്ടുവന്നതും അവരെ ദൈവത്തിങ്കലേക്ക് കൊണ്ടുപോയതും. *സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വർഗത്തിലേക്കു കയറിയിട്ടില്ല.*[34] അവന്മേലാണ് ദൈവദൂതന്മാർ കയറിപ്പോകുന്നതും ഇറങ്ങിവരുന്നതും മനുഷ്യരായ നമ്മൾ കാണുന്നത്.[35] അവന്റെ ജീവിതക്രമമാണ്, അവനാകുന്ന ക്രമമാണ്, ദൈവത്തെയും മനുഷ്യരെയും (= പ്രപഞ്ചത്തെയും) അന്യോന്യം ഐക്യപ്പെടുത്തിയത്. സത്യവും ജീവനുമായ അവനാണ് വഴി.[36] അവനിലൂടെയാണ് മനുഷ്യജീവിതം ദൈവപിതാവിങ്കലേക്കുള്ള തീർഥാടനമായത്. അവന്റെ മനുഷ്യപ്രകൃതംതന്നല്ലോ ദേവലയവും.[37] ദൈവമഹത്ത്വത്തിന്റെ മേഘത്തിനുള്ളിലായിരിക്കുന്ന ഈ ആരാധനാസമയത്തും സംഘത്തിനും ദേവാലയം കുഞ്ഞാടാണ്.[38] അവന്റെ നാമത്തിൽ, അതായത്, അവനോട് ഐക്യപ്പെട്ട്, ഒരുമിച്ചുകൂടിയിട്ടുള്ള ഈ സമൂഹത്തിന്റെ മധ്യേ അവനുണ്ട്.[39] ഈ ആരാധനാസംഘം അവന്റെ നാമത്തിൽ ദൈവഭവനമാകുന്നു; സഭയാകുന്നു; അവന്റെ ശരീരമാകുന്നു. ആരാധനക്രമാഘോഷത്തിൽ ഏക പൊതുശുശ്രൂഷകനും ആരാധനക്രമവുമായ മിശിഹായുടെ ശരീരമായ സഭ ശുശ്രൂഷകയും ആരാധനക്രമവുമാകുന്നു.[40] അതിൽ ഞാനനുവർത്തിക്കേണ്ടത് ഞാനുൾപ്പെ

[33]ഹെബ്രാ 8,2.6; "*Leitourgos*," in J.H. Thayer, *Greek-English Lexicon of the New Testament*, Michigan, 375; *CCC*, 1070. [34]യോഹ 3,13-14 [35] യോഹ 2,51 [36]യോഹ 14,6 [37]യോഹ 2,19-22 [38]വെളി 2,22 [39]മത്താ 18,20 [40] *CCC*, ./.

ടുന്ന വ്യക്തിസഭയുടെ ''ആദരണീയവും പുരാതനവുമായ'' ആധികാരിക പാരമ്പര്യമനുസരിച്ചുള്ള ക്രമനിർദേശങ്ങളാണ്; സ്വകാര്യ,വ്യക്തിഗത താത്പര്യങ്ങളനുസരിച്ചുള്ളവയല്ല.[41] ഇവിടെയും ഞാനോർക്കട്ടെ: കുർബാനയിൽ പുരോഹിതനായ ഞാൻ പാലിക്കേണ്ടത് ആരാധനക്രമമായ യേശുവിന്റെ ബലിക്രമമാണ് - സ്വയാർപ്പണം. ഇല്ലെങ്കിൽ അത് എന്റെ ആരാധനയാകില്ല; പുരോഹിതനായ ഞാൻ നിർവഹിക്കുന്ന ഈ ആരാധനക്രമത്തിൽ പിതാവിനെ സ്തുതിക്കുന്ന ക്രിസ്തുവായി ഞാൻ മാറുകില്ല.[42]

## ആരാധനക്രമത്തിന്റെ സൗന്ദര്യം ധ്യാനിച്ചുകൊണ്ട്

ആരാധനക്രമത്തിന്റെ സൗന്ദര്യം ഞാൻ ധ്യാനിക്കുകയും അത് ധ്യാനിക്കാൻ ആരാധനയിൽ സംബന്ധിക്കുന്നവരെ സഹായിക്കുകയും വേണം. അതാണ് സഭ തന്റെ പുരോഹിതനായ എന്നിൽനിന്ന് ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും. ദൈവത്തിങ്കലേക്കു തുറക്കപ്പെട്ട മൂന്നു വാതിലുകളാണല്ലോ സത്യം, നന്മ ,സൗന്ദര്യം എന്നിവ. കാരണം, വാസ്തവത്തിൽ ദൈവംതന്നെയാണ് പരമസത്യവും പരമനന്മയും പരമസൗന്ദര്യവും. ദൈവമാണ് കേവല സത്യം. അവിടുന്നാണ് കേവല നന്മ. അവിടന്നാണ് കേവല സൗന്ദര്യം. ഈ ദൈവദർശനമോർത്തിരിക്കാൻ ''സത്യം-ശിവം-സുന്ദരം'' എന്ന ഐന്തേയസൂത്രം ഇന്ത്യാക്കാരനായ എനിക്കു സഹായത്തിനുണ്ട് - ശിവം നേരേ 'നന്മ'യിലേക്കു ചൂണ്ടുന്നില്ലെങ്കിലും.

സത്യം, നന്മ, സൗന്ദര്യം എന്നീ മൂന്നു വാതിലുകളും തുറക്കാൻ ഇന്നത്തെ ജനങ്ങൾ വല്ലാതെ ക്ലേശിക്കുകയാണ്. എങ്കിലും, സൗന്ദര്യത്തിന്റെ കേസിൽ അവർക്ക് താരതമ്യേന കൂടുതൽ എളുപ്പമാണ്. കൂടുതൽ തത്പരരുമാണ്. സാമ്പത്തികമായി സുരക്ഷിതരായെന്ന മിഥ്യാബോധം തലയ്ക്കു പിടിക്കുന്തോറും ആളുകൾ സൗന്ദര്യാസ്വാദകരെന്നു പ്രസിദ്ധരാകാൻ പ്രയത്നിക്കുന്നു! ഇത് ഇന്നിന്റെ നിത്യകാഴ്ചയാണല്ലോ. യഥാർഥ സൗന്ദര്യം ആസ്വദിക്കാനുള്ളതല്ല; ധ്യാനിക്കാനുള്ളതാണല്ലോ. സത്യ സൗന്ദര്യം വിവേചിച്ചറിയാതിരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നതാണോ എന്റെ നാളുകൾ! ധനക്കൂറും സൗന്ദര്യധ്യാനവും തമ്മിൽ നിബന്ധിപ്പിക്കപ്പെടേണ്ട വല്ല കാര്യവുമുണ്ടോ? യേശു അനുഗ്രഹംകൊണ്ട് അഭിവന്ദനം ചെയ്തിട്ടുള്ള ദരിദ്രരുടെ കൂട്ടത്തിലാളുന്തോറും എനിക്ക് ആരാധനക്രമത്തിന്റെ സൗന്ദര്യമാളാമല്ലോ!

·/· 1070-1071 [41]പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള സംഘം, *ഉദ്ബോധനം*, 1996,
നമ്പർ 11-20. [42]രണ്ടാം വത്തിക്കാൻ കൗൺസിൽ, *തിരുസഭ*, 50-51

ആരാധനക്രമത്തിന്റെ സൗന്ദര്യം വേഷവിധാനത്തിന്റെ സൗന്ദര്യമെന്നു ഞാൻ തെറ്റിധരിക്കരുത്. സാധാരണ ജീവിതത്തിൽ വേഷത്തിലുള്ള സൗന്ദര്യമാണ് യഥാർഥ സൗന്ദര്യമെന്ന് ഇന്നു തെറ്റിധരിക്കപ്പെടുന്നു. ഈ തെറ്റിധാരണയുടെ പ്രദർശനശാലകളാകാൻ ദേവാലയങ്ങളും ആരാധനാസമൂഹങ്ങളും വിധിക്കപ്പെട്ടിരിക്കുന്നു. വേഷത്തിലുള്ള സൗന്ദര്യം കലാസ്വാദകന്റെ സൗന്ദര്യമാണ്. അതിനെക്കാൾ ഉത്കൃഷ്ടവും, പോരാ, യഥാർഥവുമായ സൗന്ദര്യത്തെ ധ്യാനിക്കണം ദൈവാനുഭവാന്വേഷിയായ ആരാധകൻ. വേഷത്തിന്റെ സൗന്ദര്യം എന്നെ എപ്പോഴും എന്നേക്കും സംതൃപ്തനോ സംപ്രീതനോ ആക്കുന്നില്ല. ഇത് തിരുവസ്ത്രങ്ങളുടെ കാര്യത്തിലും ശരിയല്ലേ? ഏറ്റവും വിലക്കൂടിയ തുണികൾകൊണ്ടുള്ള തിരുവസ്ത്രങ്ങളും അതിന്റെ പളപളപ്പുംകൊണ്ട് ആരാധകരെ ദൈവാനുഭവത്തിലേക്കുയർത്താമെന്നത് എന്റെ ദുർച്ചിന്തകളിലൊന്നാണെന്ന തിരിച്ചറിവില്ലെങ്കിൽ ആരാധനാകർമത്തിൽ ഞാൻ ദൈവാരാധകനാകുമോ? ആരാധനക്രമത്തിന്റെ സൗന്ദര്യധ്യാനിയാകുമോ?

ആരാധനക്രമം രക്ഷയുടെ രഹസ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന പ്രതീകങ്ങളുടെ അതിബൃഹത്തായ ഒരു പ്രപഞ്ചമാണ്. അത് മാലാഖമാരുടെ ഉദ്യാനം ആയിത്തീർന്നിരിക്കുകയാണ്. പുതിയ ഏദന്റെയും അതിന്റെ സൗന്ദര്യത്തിന്റെയും ഉദ്യാനം. പ്രതീകം ഭാവനയുടെയും വികാരങ്ങളുടെയും സ്ഫുലിംഗങ്ങൾ സൃഷ്ടിക്കുന്നു. അത് അതിന്റെ പ്രത്യക്ഷാർഥത്തിന്റെ അതിരുകളിലേക്ക് ഒതുങ്ങിക്കൂടുന്നില്ല. പ്രതീകം വെളിപ്പെടുത്തുന്നു, നിർദേശിക്കുന്നു, ഉണർത്തുന്നു, സ്പർശിക്കുന്നു. അത് പ്രഥമത വിവരങ്ങൾ ബുദ്ധിക്കു നല്കുകയല്ല. മറിച്ച്, ഇന്ദ്രിയങ്ങളെയും ഹൃദയങ്ങളെയും സ്പർശിക്കുന്നു. പ്രതീകം പ്രതീകവത്കരിക്കുന്ന യാഥാർഥ്യത്തിന്റെ സാന്നിധ്യവും ഉൾക്കൊള്ളുന്നു. ദൈവമഹത്ത്വം സംജാതമാക്കുകയും ഭൂമിയിൽ മനുഷ്യരെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ആരാധനക്രമപ്രതീകങ്ങളുടെ അർഥമറിയുന്നവർക്ക് ആരാധന അവർണനീയാനുഭവമാകുന്നു.

സത്യം, നന്മ, സൗന്ദര്യം എന്നിവ ദൈവത്തിന്റെ മൂന്നു നാമങ്ങളാണ്. സത്യം സംശയത്തെ ഉണർത്തുന്നു, സ്പർശിക്കുന്നു. സത്യം തന്റെ മുമ്പിൽ നില്ക്കുമ്പോൾ, ആ സത്യം ഗ്രഹിക്കാനാകാതെ "എന്താണ് സത്യം" എന്നു പീലാത്തോസ് ചോദിച്ചതോർക്കുക.[43] ഇതേ ചോദ്യം ഇന്നത്തെ തലമുറകളുടെയും ശ്വാസോച്ഛ്വാസത്തിലുണ്ട്. അത് ആരുടെ ദീർഘശ്വാസത്തിലൂടെയാണ് എപ്പോഴെങ്കിലും കടന്നുപോകാതിരുന്നിട്ടുള്ളത്? സത്യം

[43] യോഹ 18,38

തന്നെയായ ദൈവത്തിന്റെ മുഖം യേശുവിൽ കാണാനാകാതെ പീലാത്തോസിനെപ്പോലെ ചോദിച്ചുകൊണ്ട് അലയുന്നവർ! സത്യം യേശു എന്ന വ്യക്തിയായി എന്റെ മുമ്പിൽ എപ്പോഴുമുണ്ടെന്ന് ഓർക്കാൻ ഞാൻ ഭയപ്പെടുന്നു. നന്മ എന്നിലെ ധൈര്യം ചോർത്തിക്കളയുന്നു. നന്മ എന്നെ അഭിമുഖീകരിക്കുമ്പോൾ ഞാൻ അധീരനാകുന്നു. എതിരിടാൻ ആവശ്യമായ ആയുധങ്ങൾ എടുത്തണിയുന്ന തിരക്കിലാകുന്നു. എന്നാൽ, സൗന്ദര്യമോ? ഞാനണിഞ്ഞിരുന്ന ആയുധങ്ങൾപോലും ഊരിമാറ്റിക്കുന്നു! അതേ, സൗന്ദര്യം നിരായുധീകരിക്കുന്നതാണ്. ദൈവാന്വേഷണത്തിനും ദൈവാനുഭവത്തിനും ഇന്നും ഏറ്റവും ആകർഷണീയമായ രാജവീഥിയാണ് സൗന്ദര്യം. ആരാധനക്രമത്തിന്റെ കർമിയും ഭാഗഭാക്കുമായ എനിക്ക് അതിന്റെ സൗന്ദര്യം ദൈവാനുഭവത്തിന്റെ രാജവീഥി തന്നെ.

വാസ്തവത്തിൽ സൗന്ദര്യം, അഴക്, എന്നീ പദങ്ങൾ അർഥമാക്കുന്നത് മനുഷ്യരെ പ്രീതിപ്പെടുത്തുകയും സംതൃപ്തരാക്കുകയും ചെയ്യുന്ന സമഗ്രവും പൂർണവുമായ ഒരു അവസ്ഥയെയാണ്. സൗന്ദര്യം എന്ന വാക്ക് സങ്കീർണമാണ്. സൗന്ദര്യത്തിന് തന്റേതായ ഒരു ശക്തിയുണ്ട്. സൗന്ദര്യം ആകമാനമാണ്. സൗന്ദര്യം അടക്കമുള്ളതും അതിസമൃദ്ധമല്ലാത്തതുമാണ്. അത് പതറിക്കുന്നില്ല. അതേസമയം അത് സംശയത്തെ നശിപ്പിക്കുന്നു.[44] ഈ ആരാധനയിൽ ദൈവമുഖത്തിന്റെ സൗന്ദര്യമാകെ യേശു മുഖാന്തരം പരിശുദ്ധാത്മാവ് എന്നിലും ഞാൻ നേതൃത്വം നല്കുന്ന ആരാധനാസംഘത്തിലും നമ്മുടേതാക്കുന്നു. "നമ്മുടെ സ്വാഭാവിക ശ്രേഷ്ഠത ഇതാണ്: ഒരു കണ്ണാടിയിലെന്നപോലെ ദിവ്യനന്മയുടെ സൗന്ദര്യത്തിന് നമ്മിൽ തിളങ്ങാനാകും. രക്ഷകന്റെ കൃപ ഈ സൗന്ദര്യം അനുദിനം നമ്മിൽ വീണ്ടെടുക്കുന്നു. കാരണം, ആദ്യ ആദത്തിൽനിന്നു വീണുപോയത് രണ്ടാമനിൽ പുനരുദ്ധരിക്കപ്പെടുന്നു."[45]

എത്രയോ പ്രാവശ്യം ഞാൻ അലക്ഷ്യമായി കുർബാനയർപ്പിച്ചിട്ടുണ്ട്! പല കാരണങ്ങൾ നിരത്താനുണ്ടാകും. കർത്താവ് കല്പിച്ചപ്രകാരം മോശ അഹറോനെയും പുത്രന്മാരെയും അനുഷ്ഠാനക്രമങ്ങളെല്ലാം പാലി

[44]ആരാധനക്രമത്തിന്റെ സൗന്ദര്യത്തെപ്പറ്റിയുള്ള ഈ ധ്യാനവിചിന്തനത്തിനു കടപ്പാട്, 2013 മെയ് 30-ജൂൺ 1 തീയതികളിൽ ബോസ് ആശ്രമത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ, ആരാധനക്രമം, തച്ചുശാസ്ത്രം, കല എന്ന പ്രമേയത്തെക്കുറിച്ച് 11-ാമത് അന്തർദേശീയ ലീറ്റർജിക്കൽ കോൺഗ്രസ് നടത്തിയ ചർച്ചയുടെ റിപ്പോർട്ട്, *ഒസ്സെ. റൊമാനോ*, 6/15, 13 ജൂൺ 2013, പേജ് 10. [45]വിശുദ്ധ ലെയൊ ഒന്നാമൻ, *പ്രസംഗങ്ങൾ* 12,1; cfr. W.A. Jurgens, *The Faith of the Early Fathers*, vol.3, 275; ഗ്രന്ഥകാരന്റെ പരിഭാഷ.

ച്ചുകൊണ്ടു പുരോഹിതന്മാരായി അഭിഷേചിച്ചു. യേശു അപ്പം വർദ്ധിപ്പി ച്ചപ്പോഴും തന്റെ അവസാന പെസഹായിലും എമ്മാവൂസിൽ ശിഷ്യന്മാർക്ക് അപ്പം മുറിച്ചപ്പോഴും എത്ര ശ്രദ്ധയോടെയാണ് വാക്കുകളും കർമങ്ങളും അനുവർത്തിച്ചത്! എന്തൊരു സൗന്ദര്യമാണ് ആ ശുശ്രൂഷകൾക്ക്!

## സഭയുടെ ആധികാരിക വാക്കുകളും വചനത്തിന്റെ കൈയ്യൊപ്പും

പുരോഹിതൻ യോഗ്യമായി — വിശുദ്ധിയോടെ — കൂദാശകൾ പരികർമം ചെയ്യണമെന്നു സഭ ആഗ്രഹിക്കയും നിഷ്കർഷിക്കയും ചെയ്യു ന്നുണ്ടെന്ന് സ്ഥിരീകരിക്കാനും ഞാൻ നിർബന്ധിതനായി.

> വിശുദ്ധ യാഥാർഥ്യങ്ങളുടെ പരികർമികളെന്ന നിലയ്ക്ക്, വിശേഷിച്ച്, വിശുദ്ധ കുർബാനബലിയിൽ, വൈദികന്മാർ ക്രിസ്തുവിനു സവിശേഷമായ വിധം പ്രതിനിധീഭവിക്കുന്നു. മനുഷ്യരെ വിശുദ്ധരാക്കാൻ അവൻ സ്വയം യാഗവസ്തുവായി നല്കി. അതിനാൽ, തങ്ങൾ കൈകാര്യം ചെയ്യുന്ന യാഥാർ ഥ്യങ്ങളെ അനുകരിക്കാൻ അവർ ക്ഷണിക്കപ്പെട്ടിരിക്കുന്നു. അവർ കർത്താവിന്റെ മരണത്തിന്റെ രഹസ്യം ആഘോഷിക്കുന്നതിനാൽ തങ്ങളുടെ അസ്തിത്വത്തിന്റെ ഓരോ ഭാഗവും ദുഷ്ടമായ തഴക്കങ്ങൾക്കും അഭിലാഷ ങ്ങൾക്കും മൃതമായിരിക്കാൻ അവർ ശ്രദ്ധിക്കണം. കുർബാനബലിയുടെ രഹ സ്യത്തി ലാണ് വൈദികന്മാർ തങ്ങളുടെ പ്രധാന ധർമം പൂർത്തീകരിക്കുന്നത്.[46]

സഭയുടെ കാനോനിക നിർദ്ദേശം ഇങ്ങനെയാണല്ലോ:

> തന്റെ ഗൗരവമായ പാപത്തെക്കുറിച്ചു ബോധവാനായയാൾ (പുരോഹിതൻ) ഗൗരവമായ കാരണമുണ്ടായിരിക്കയും കുമ്പസാരിക്കാൻ അവസരമില്ലാതിരി ക്കയും ചെയ്യുമ്പോളല്ലാതെ വിശുദ്ധ കുർബാന അർപ്പിക്കയോ സ്വീകരിക്കയോ ചെയ്യരുത്. ഇത്തരം സാഹചര്യങ്ങളിൽ, വൈദികൻ എത്രയും പെട്ടെന്നു കുമ്പ സാരിച്ചുകൊള്ളാമെന്ന ഉദ്ദേശ്യത്തോടെ പൂർണ മനസ്താപം നടത്തിയിരിക്കണം.[47]

കൂദാശകളെല്ലാം വിശുദ്ധിയോടെ പരികർമം ചെയ്യേണ്ടവയാണല്ലോ എന്നു മനസ്സിലോർത്തുകൊണ്ടു ഞാൻ ചുരുളുകളുടെ താളുകൾ മറിച്ചു നോക്കി. ഇതാ, എന്റെ വിറയലിന്റെ താളം തണുപ്പിക്കുന്ന ജ്ഞാനദൂത്: *വിശുദ്ധമായവ വിശുദ്ധിയോടെ അനുഷ്ഠിക്കുന്നവർ വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും.*[48] ആശ്വാസദൂത്!

വിശുദ്ധ കുർബാനബലി യഥാർഹം ആഘോഷിക്കാൻ വേണ്ട യോഗ്യതയ്ക്കുള്ള ഒരുക്കശുശ്രൂഷ (മെല്ക്കിസെദെക്കിന്റെ ക്രമം) മല

---

[46]രണ്ടാം വത്തിക്കാൻ, *വൈദികർ*, നമ്പർ 13. [47]കാനോന 711 [48]ജ്ഞാനം 6,10

ങ്കരപ്പുരോഹിതനു മലങ്കര സഭയിലൂടെ ലഭിച്ചിട്ടുള്ള വലിയൊരനു ഗ്രഹമാകുന്നു. എബ്രാ 9, 9 ന്റെ ഒരു പുനർവായന ജ്ഞാനദായകമായ വിശ്വാസസ്ഥിരീകരണമാകും: *അർപ്പിക്കുന്നവന്റെ അന്തഃകരണത്തെ വിശുദ്ധീകരിക്കാൻ കഴിവുള്ള കാഴ്ചകളും ബലികളുമാണ് ഇപ്രകാരം സമർപ്പിക്കുന്നത്.* 9,14 ഉം ചേർക്കുമ്പോൾ പൂർണതയുണ്ടാകും: ... *നിത്യാത്മാവുമൂലം കളങ്കമില്ലാത്ത ദൈവത്തിനു തന്നത്തന്നെ സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ അന്തഃകരണത്തെ നിർജീവപ്രവൃത്തികളിൽനിന്ന് എത്രയധികമായി വിശുദ്ധീകരിക്കുകയില്ല*! കാരുണ്യവാനായ കർത്താവേ, ഈ സമാശ്വാസത്തിനു നന്ദി.

"മുറിവേറ്റവരുടെ വ്രണങ്ങൾ സുഖപ്പെടാതിരിക്കെ വൈദ്യൻ ശ്രേഷ്ഠനാകുന്നില്ല. പാപികൾക്കു കുറ്റങ്ങളില്ലാതിരിക്കേ കരുണ അറിയപ്പെടുന്നുമില്ല." മാർ അപ്രേമിന്റെ ന്യായവാദം വീണ്ടും ഞാനോർക്കുകയാണ്. എനിക്കത് അത്രയ്ക്കങ്ങു പ്രിയങ്കരമായി. അതു കർത്താവിന്റെ മുമ്പിൽ സമർപ്പിക്കാൻ എനിക്കും വത്സരംതോറും അവസരവുമുണ്ടല്ലോ. മാർ അപ്രേമിന്റെ ഈ വാദം മോശ മുമ്പേ കർത്താവിന്റെ തിരുമുമ്പിൽ ഉണർത്തിച്ചിട്ടുള്ളതിന്റെ പരാവർത്തനമല്ലോ. മോശയെ മുൻനിർത്തി ഇസ്രായേൽജനവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ രണ്ടു പ്രതികൾ — ദൈവത്തിന്റെ വിരൽകൊണ്ടെഴുതിയ രണ്ടു കല്പലകകൾ — കൈക്കൊൾവാൻ മോശ സീനായ്മലമുകളിൽ അവനെ കേട്ടുകൊണ്ടിരുന്നു. മോശ മലയിൽനിന്ന് ഇറങ്ങിവരാൻ അല്പം വൈകി. അതിന്റെ പേരിൽ, ഇസ്രായേലിന്റെ മഹാപുരോഹിതനായ അഹറോന്റെ നേതൃത്വത്തിൽ അവർ സ്വർണക്കാളക്കുട്ടിയെ ഉണ്ടാക്കി ദൈവമായ കർത്താവിന്റെ സ്ഥാനത്ത് ആരാധിച്ചു. ഇസ്രായേലിനെതിരെ കർത്താവിന്റെ ക്രോധം ആളിക്കത്തി. തന്റെ ക്രോധത്തീ ആളിക്കത്തി ജനത്തെ വിഴുങ്ങട്ടെയെന്നു കർത്താവ് മോശയോടു പറഞ്ഞു. മോശ കർത്താവിനോടു കരുണയ്ക്കപേക്ഷിച്ചു. അടങ്ങുന്ന ലക്ഷണമില്ല. ക്രോധത്തീ വല്ലാതെ ക്ഷോഭിച്ചിരിക്കയാണ്. കർത്താവിനെ ഇത്രയും ക്രുദ്ധനായി മോശ മുമ്പു കണ്ടിട്ടില്ല. മോശ കർത്താവിനോട്, അവിടന്ന് ഇസ്രായേലിനുവേണ്ടി ഇതുവരെ ചെയ്തിട്ടുള്ള ഓരോ കാര്യവും ഓർപ്പിച്ചോർപ്പിച്ച് അവരോടു ക്ഷമിക്കാൻ അഭ്യർഥിച്ചുകൊണ്ടിരുന്നു. മോശയുടെ വാദത്തിന്റെ താത്പര്യമിങ്ങനെ: ദയവുചെയ്ത് ശാന്തനാകണം. നീ കരുണയുള്ള ദൈവമാണെന്നു കാട്ടിക്കൊടുക്കണം. നീ പ്രത്യേകം ഇടപെട്ട് ഈജിപ്തിൽനിന്നു രക്ഷിച്ചുകൊണ്ടുവന്നവരെ ഈ മരുഭൂമിയിലിട്ടു നശിപ്പിച്ചാൽ നിനക്കുതന്നെ മോശമല്ലേ? നിന്നെക്കുറിച്ച് ഈജിപ്തുകാർ നീ

പ്രവർത്തിച്ചതിനു നേരെ വിപരീതം പറഞ്ഞുപരത്തില്ലേ? നീ പിതാക്കന്മാർക്കു കൊടുത്ത വാഗ്ദാനങ്ങളെല്ലാം പാഴ്വാക്കുകളായിപ്പോകില്ലേ?[49] മോശയുടെ വാദഗതി ഏറ്റു. *കർത്താവു ശാന്തനായി. തന്റെ ജനത്തിനെതിരായുള്ള തീരുമാനത്തിൽനിന്ന് അവിടുന്ന് പിന്മാറി.*[50]

നിൻ കൃപ നിൻ നീതിയോടർത്ഥിക്കും
എൻ കുറവും മായിച്ചീടുമഹോ
പാപത്താൽ വിശ്വാസം വെടിയാത്തെന്മേൽ കൃപ ചൊരിക
പാപത്താൽ വിശ്വാസം വെടിയാത്തെന്മേൽ കൃപ ചൊരിക
പാപത്താൽ വിശ്വാസം വെടിയാത്തെന്മേൽ കൃപ ചൊരിക
പാപത്താൽ വിശ്വാസം വെടിയാത്തെന്മേൽ കൃപ ചൊരിക
പാപത്താൽ വിശ്വാസം വെടിയാത്തെന്മേൽ കൃപ ചൊരിക
പാപത്താൽ വിശ്വാസം വെടിയാത്തെന്മേൽ കൃപ ചൊരിക
പാപത്താൽ വിശ്വാസം വെടിയാത്തെന്മേൽ കൃപ ചൊരിക.

കർത്താവേ, ഞാൻ പാപം ചെയ്തുപോയെങ്കിലും നിന്നിലുള്ള വിശ്വാസം ഉപേക്ഷിക്കാഞ്ഞതിനാൽ എന്നോടു കരുണ ചെയ്യണമെ. എന്റെ കർത്താവേ, വിശ്വാസം ഒരിക്കലും ഉപേക്ഷിക്കാതിരിക്കാൻ എപ്പോഴും എന്നെ ശക്തീകരിച്ചുകൊണ്ടിരിക്കണമെ. ദൈവമേ, നീ എനിക്കു നല്കിയിട്ടുള്ള ഏറ്റവും വിലയേറിയ അനുഗ്രഹമാണല്ലോ വിശ്വാസം. നീ എനിക്കു നല്കിയ ഈ ദാനംവഴി നിന്റെ (ദൈവ)സ്വഭാവത്തെ ധ്യാനിക്കാനും അതിൽ പങ്കുപറ്റാനുംവിധം മാനുഷികതലത്തിൽനിന്നു നീ എന്നെ ഉയർത്തിയല്ലോ. കൂടാതെ, സ്വർഗീയ സമ്മാനങ്ങൾ നേടാൻവേണ്ട യോഗ്യത സമ്പാദിക്കാനുള്ള മാർഗവും നീ ഞങ്ങൾക്കു നല്കി. അത് എന്റെ പ്രത്യാശയ്ക്ക് - ഒരുനാൾ പൂർണപ്രകാശത്തിൽ പരമനന്മയായി നിന്നെ കണ്ട് എന്നേക്കും ആനന്ദിക്കാം എന്ന പ്രത്യാശയ്ക്ക് - പ്രോത്സാഹനവും ശക്തിയുമാണല്ലോ.[51]

വീണ്ടും, കണ്ണീരോടെ ഞാൻ വിലപിക്കുന്നു, *കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി; നിന്റെ ഭൃത്യനെ അന്വേഷിക്കണമെ. എന്തെന്നാൽ, ഞാൻ നിന്റെ കല്പനകൾ മറന്നില്ല.* ഈ സങ്കീർത്തനപാദം എന്റെ അന്തരംഗത്തിൽ ഞാനിങ്ങനെ പാടും: കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി; നിന്റെ ഭൃത്യനെ അന്വേഷിക്കണമെ. എന്തെന്നാൽ, ഞാൻ നിന്റെ കല്പനകൾ പാലിച്ചില്ലെങ്കിലും അവ

[49] പുറ 32,1-13 [50] പുറ 32,14 [51] ഈ വിചാരങ്ങൾക്ക് ലെയൊ പതിമൂന്നാമൻ പാപ്പായുടെ *മാഞ്ഞേ ദെയി മാത്രിസ് - മഹിതയായ ദൈവമാതാവ്* - എന്ന ചാക്രിക ലേഖനം (1893 സെപ്തംബർ 8) നമ്പർ 15നോടു കടപ്പാട്.

ഞാൻ മറന്നിട്ടില്ല. അവ ഞാൻ പാലിച്ചിട്ടില്ലെന്ന് ഓർക്കുകയും ചെയ്യുന്നു. അതുകൊണ്ട്, എന്റെ ഓർമയുടെ ആനുകൂല്യമെങ്കിലുമോർത്ത്, കാണാതെപോയ ആടിനെപ്പോലെ തെറ്റിപ്പോയ ഈ ദാസനെ നീ അന്വേഷിക്കണമെ. എന്നെ വള്ളിക്കെട്ടിൽനിന്നു രക്ഷിക്കാൻ പ്രാപ്തിയുള്ള നല്ലയിടയനെ പ്രതീക്ഷിച്ച് എന്റെ കണ്ണുകൾ സദാ തുറന്നിരിക്കുന്നു.

ഞായറാഴ്ചതോറും രാത്രിപ്രാർഥനയിൽ പരിശുദ്ധാത്മാവിന്റെ വീണയുടെ സ്വരത്തിൽ വിശുദ്ധിക്കുവേണ്ടി ഞങ്ങളർപ്പിക്കുന്ന അപേക്ഷ, ഞങ്ങളുടെ പെരുന്നാളാഘോഷമായ കുർബാനയ്ക്കുള്ള ഒരുക്കത്തിന്റെ ഭാഗമായി ഞാനാവർത്തിച്ചുകൊള്ളട്ടെ:

ഇപ്പെരുന്നാളിൽ കർത്താവേ,
നിർമ്മലരാകേണം ഞങ്ങൾ.
ഇപ്പെരുന്നാളിൽ കർത്താവേ,
തരണം ഞങ്ങൾക്കുൾവെണ്മ.

ശുദ്ധികൾ നാഥാ ശുദ്ധാ നി-
ന്നൊടു താതന്നും റൂഹായ്ക്കും

ഹാലേലുയ്യാ പാടാൻ ഞ-
ങ്ങൾക്കേകീടേണം ശുദ്ധി.[52]

കൃപയേ, വരിക. കരുണയുള്ള മാതാവിനെപ്പോലെ നിന്റെ പതിവുപ്രകാരം ഞങ്ങളോടൊന്നിച്ച് അപേക്ഷിക്കുക. ലോകം നിന്നെ പാർത്തിരിക്കുന്നു. നിന്നോടുകൂടെ രമ്യതയും സമാധാനവും കൊണ്ടുവരിക. പാപം ചെയ്ത ഞങ്ങളുടെ തലമുറയുടെമേൽ നിന്റെ ചിറകു വിരിക്കുക. ദൈവഭവനത്തിന്റെ താക്കോൽ വഹിച്ചിരിക്കുന്നത് നീയാകുന്നുവല്ലോ. അനുതപിക്കുന്ന പാപികൾക്ക് അനുതാപത്തിലേക്കുള്ള വാതിൽ നീ തുറന്നുകൊടുക്കുക.[53]

പാപികളെയും സംരക്ഷിക്കുന്ന പിതാവിനു സ്തുതി. അനുതാപികളെ കൈക്കൊള്ളുന്ന സുതനു വന്ദനം. ആർക്കും നാശം കാംക്ഷിക്കാത്തോൻ റൂഹായ്ക്കു സ്തോത്രം. ത്രിത്വൈകമായവന് എന്നും സ്തുതിയുണ്ടായിരിക്കട്ടെ! ദൈവമേ, ഞങ്ങൾക്ക് ഉത്തരം നല്കണമേ. ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ! അനുതാപത്തിനു മനുഷ്യരെ നീ പ്രേരിപ്പിക്കണമേ![54]

---

[52] ക്യംതാ രാത്രി രണ്ടാം കൗമാ, *മാർ അപ്രേമിന്റെ ബോവൂസാ*

[53] വലിയനോമ്പ്, ബുധൻ ആറാം മണിയുടെ പ്രാർഥന, കോലൊ.

[54] മാർ യാക്കോബിന്റെ ബോവൂസാ, *ശ്ഹീമൊ*, വെള്ളി സൂത്താറാ, മെനഓ.

## ലോകസ്ഥാപനത്തിനുമുമ്പേ അവിടുന്നു നമ്മെ തിരഞ്ഞെടുത്തു

*എന്തെന്നാൽ, ഇതാണ് ദൈവഹിതം: നിങ്ങളുടെ വിശുദ്ധീകരണം.*[55] *ദൈവം നമ്മെ വിളിച്ചിട്ടുള്ളത് അശുദ്ധിയിലേക്കല്ല; വിശുദ്ധിയിലേക്കാണ്. അതിനാൽ, ഇക്കാര്യങ്ങൾ നിരസിക്കുന്നയാൾ നിരസിക്കുന്നതു മനുഷ്യനെയല്ല, പരിശുദ്ധാത്മാവിനെ നിങ്ങളിലേക്കു തരുന്ന ദൈവത്തെയാണ്.*[56] *തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പേ അവിടുന്ന് യേശുക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു.*[57] ക്രിസ്തീയ ജീവിതത്തിന്റെ സവിശേഷതയെക്കുറിച്ചുള്ള വിചിന്തനത്തിൽ ഒഴിച്ചുകൂടാനാവാത്ത ചില വചനങ്ങളാണിവ. സെമിനാരിയിലെ പരിശീലനകാലത്തും വൈദികനായശേഷവും മിക്കവാറും എല്ലാ ധ്യാനപ്രസംഗകരിൽനിന്നും കേട്ടിട്ടുള്ളവയും പലയാവർത്തി വായിച്ചിട്ടുള്ളവയും വിചിന്തനം ചെയ്തിട്ടുള്ളവയുമാണ്. എന്തുകൊണ്ടെന്നറിയില്ല, ദൈവകൃപയാലാകണം, വൈദികവർഷാചരണത്തുടർച്ചയുടെ ഭാഗമായി വൈദികന്റെ വിശുദ്ധീകരണത്തെ വിശുദ്ധ കുർബാനയാഘോഷവുമായി ബന്ധപ്പെടുത്തി വായിച്ചപ്പോൾ ഉദ്ധൃതവചനങ്ങൾക്കു പുതുമ.

വിശുദ്ധ പൗലോസ് തെസലോനിക്കയിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനം പുതിയനിയമത്തിലെ ഏറ്റവും ആദ്യത്തെ പുസ്തകമാണ്. അതിൽ അദ്ദേഹം ആദ്യം നല്കുന്ന പ്രബോധനം വിശുദ്ധിയെയും സ്നേഹത്തെയും സംബന്ധിച്ചാണ്.[58] ഇവ ക്രിസ്തീയ ജീവിതത്തിന്റെ രണ്ട് അടിസ്ഥാനങ്ങളാണ്. ഈ പ്രബോധനം വി.പൗലോസ് നല്കുന്നത് കർത്താവിന്റെ രണ്ടാം വരവ് ഉടനുണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന സമൂഹത്തിനാണ് എന്ന കാര്യവും ഞാൻ പ്രത്യേകം ശ്രദ്ധിക്കണം. കർത്താവിന്റെ പ്രത്യാഗമനം കാത്തിരിക്കുന്ന ഞാനെന്തേ എപ്പോഴും ഓർത്തിരിക്കാത്തത്, എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം എന്റെ വിശുദ്ധീകരണം ആണെന്ന്? 3-8 വാക്യങ്ങൾ വിശുദ്ധിയുടെ രണ്ടു മേഖലകൾ, നമ്മുടെ വിശുദ്ധീകരണം ആഗ്രഹിച്ചുകൊണ്ടു ക്രമീകരിക്കപ്പെട്ടിട്ടുള്ളവയിൽ ഏറ്റവും സാധാരണങ്ങളും അനിവാര്യങ്ങളുമായ രണ്ടു മേഖലകൾ, ചൂണ്ടിക്കാട്ടുന്നു: ലൈംഗികതയും (വാക്യ 3-5) വ്യാപാര-വ്യവസായവും (വാക്യം 6). ഇവ രണ്ടും അനേകർ സാധാരണ ജീവിതത്തിൽ വളരെയധികം വഴിപിഴയ്ക്കുന്നവയാണ്. പ്രത്യേകിച്ച്, ഇക്കാലത്ത്. നമുക്കു ദൈവം തന്നിട്ടുള്ള അമൂല്യദാന

---

[55] 1 തെസ 4,3[a] ഗ്രീക്കുപാഠമനുസരിച്ച് [56] 1 തെസ 4,8. [57] എഫേ 1,4

[58] 1 തെസ 4,1-2

മായ ലൈംഗികത നമ്മുടെ വിശുദ്ധീകരണത്തിനാണ് എന്ന ഓർമ്മപ്പെടുത്തൽ ഉന്മേഷദായകമാണ്; രക്ഷാകരവുമാണ്. അതുപോലെ തന്നെ, നമ്മുടെ സാധാരണജീവിതത്തിലെ അനിവാര്യമായ കൊടുക്കൽവാങ്ങലുകളും. ഈ രണ്ടു മേഖലകളും പ്രത്യേകം എടുത്തുകാട്ടിയിട്ടു പൗലോസ് ദൈവം നമ്മെ വിളിച്ചിട്ടുള്ളത് അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് എന്ന് വീണ്ടും ഓർപ്പിക്കുന്നു.[59] നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഈ ഇഷ്ടം, ഈ പദ്ധതി, ഈ വിളി, നിരസിക്കുന്നതുവഴി ദൈവത്തെത്തന്നെ നിരസിക്കുകയാണ്. എന്തെന്നാൽ, വിശുദ്ധി = ദൈവം; വിശുദ്ധീകരണം = ദൈവപ്രാപ്തി; ദൈവത്തെ സ്വീകരിക്കൽ.

എഫേ 1,4ൽ ലേഖകൻ നമ്മെ ഓർപ്പിക്കുന്നു: *തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ പ്രപഞ്ചസ്ഥാപനത്തിനുമുമ്പേ അവിടുന്ന് യേശുക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു*. നാലാം സുവിശേഷകന്റെ കൂട്ടുപിടിച്ചു നമുക്കിങ്ങനെ വായിക്കാം: ദൈവം തന്നിൽനിന്നു ജനിപ്പിച്ച വചനത്തിലൂടെ ആദിയിൽ ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിനു മുമ്പേതന്നെ നമ്മെ ദൈവം തന്റെ വചനമായ യേശുക്രിസ്തുവിൽ തിരഞ്ഞെടുത്തിരുന്നു, നാം തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ. *സ്നേഹം* എന്ന പദംകൊണ്ടു ലേഖനകർത്താവ് ഉദ്ദേശിക്കുന്നതു പരസ്നേഹമാണ്. അതിന്റെ അടിസ്ഥാനവും സ്രോതസ്സും മാതൃകയും സ്നേഹമാകുന്ന ദൈവമാണ് – നാമെല്ലാവരും നിത്യജീവൻ പ്രാപിക്കാൻവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം പ്രപഞ്ചത്തെ സ്നേഹിച്ച ദൈവം. ഈ സത്യം യോഹന്നാനുമായുള്ള നമ്മുടെ സംസർഗത്തിൽനിന്നു നമുക്കറിയാം. *പ്രപഞ്ചസ്ഥാപനത്തിനുമുമ്പേ അവിടുന്ന് യേശുക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു* എന്ന വാക്കുകളുരുവിടുമ്പോൾ, ഈ തിരഞ്ഞെടുപ്പ് നമ്മെ ഓരോരുത്തരെയും സംബന്ധിച്ചു കൂടുതൽ വ്യക്തിപരമാക്കിക്കൊണ്ടുള്ള പ്രവാചകനായ ജറെമിയായുടെ വാക്കുകൾ നമ്മുടെ ദൃഷ്ടികൾക്കു മുമ്പിൽ സുവർണശോഭയോടെ പ്രകാശിക്കുന്നു. അവയുംകൂട്ടി ഞാനിങ്ങനെ വായിക്കട്ടെ: *നിന്റെ അമ്മയുടെ ഗർഭപാത്രത്തിൽ നിനക്കു രൂപം നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു;*[60] *നിന്നെ ഞാൻ യേശുക്രിസ്തുവിൽ തിരഞ്ഞെടുത്തിരുന്നു, നീ എന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധനും നിഷ്കളങ്കനുമായിരിക്കാൻ*. കർത്താവേ,

[59] 1 തെസ്സ 4,7–8 [60] ജറെ 1,4–5

നിന്റെ തിരഞ്ഞെടുപ്പ് വ്യർഥമാകാതിരിക്കാൻ ഞാൻ എന്നാണിനി എന്റെ സമ്മതപത്രം പുതുക്കുന്നത്?

ഞങ്ങളുടെ കർത്താവേ, എന്റെ കർത്താവേ, മലാക്കിപ്രവാചകന്റെ വാക്കുകൾ ഞാനിങ്ങനെ പ്രാർഥിക്കട്ടെ: കർത്താവേ, നീ ഉലയിലെ അഗ്നിപോലെയും അലക്കുകാരന്റെ കയ്യിലെ കാരംപോലെയുമാണ്. വെള്ളി ഉലയിൽ ശുദ്ധീകരിക്കുന്നവനെപ്പോലെ നീ ഉപവിഷ്ടനാകും. പുരോഹിതജനത്തിന്റെ പുത്രനായ ഞാൻ യുക്തമായ ബലികൾ കർത്താവായ നിനക്ക് അർപ്പിക്കാൻവേണ്ടി എന്നെ സ്വർണവും വെള്ളി യുമെന്നപോലെ ശുദ്ധീകരിക്കണമെ.[61]

ഓ ദൈവമേ, ആത്മാവിൽ സൗഖ്യദായകമായ തൈലാഭിഷേകം ചൊരിയാനായിമാത്രം ദുശ്ശീലങ്ങൾക്കെതിരേ കോപാക്രാന്തമാകുന്ന തീക്കനലിനെ[62] എന്നിലേക്ക് അയച്ചിട്ട്, നീയാകുന്ന അഗ്നി എന്നെ വിഴുങ്ങണമെ.

ദൈവമേ, അഗ്നിയായ നീ എന്നെ യഥാർഥമായി വിഴുങ്ങണമെ. അഗ്നിയാകുന്ന നിന്നാൽ യഥാർഥമായും പൂർണമായും വിഴുങ്ങപ്പെടാൻ എനിക്കു ഭയമില്ല. നീയെന്നെ വിഴുങ്ങാൻ ഞാൻ അതിയായി ആഗ്രഹി ക്കുന്നു. എന്തെന്നാൽ, അനുഭവസ്ഥൻ സാക്ഷിക്കുന്നു:

> ദൈവമാകുന്ന അഗ്നി വാസ്തവമായി വിഴുങ്ങുന്നു; പക്ഷേ അപകർഷപ്പെടു ത്തുന്നില്ല. രുചിരമായി എരിയുന്നു. ആനന്ദിപ്പിക്കുംവിധം ഇല്ലായ്മയാക്കുന്നു. അത് നിശ്ശൂന്യമാകുന്ന കനലാണ് (സങ്കീ. 102, 4) പക്ഷേ ആത്മാവിൽ സൗഖ്യ ദായകമായ തൈലാഭിഷേകം ചൊരിയാനായിമാത്രം ദുർവൃത്തികൾക്കെതിരേ കോപാക്രാന്തമാകുന്ന കനൽ. ആയതിനാൽ, നിന്നെ രൂപാന്തരപ്പെടുത്തുന്ന കരുത്തിലും നിന്നെ ഉജ്ജ്വലിപ്പിക്കുന്ന സ്നേഹത്തിലും കർത്താവ് സന്നിഹിതനാണെന്നു തിരിച്ചറിയുക. ... ഈ അഗ്നി പാപത്തിന്റെ ഓരോ കറയും ദുർവഴക്കങ്ങളുടെ തുരുമ്പും തിന്നുകഴിയുമ്പോൾ, മനസ്സാക്ഷി വെടുപ്പുള്ളതും പ്രശാന്തവുമാക്കപ്പെടുമ്പോൾ, മനസ്സിന്റെ സത്വരവും പതി വില്ലാത്തതുമായ വികാസം സംഭവിക്കുന്നു; തിരുഗ്രന്ഥം മനസ്സിലാക്കാനും രഹസ്യങ്ങൾ ഗ്രഹിക്കാനും ബുദ്ധിയെ പ്രകാശിപ്പിക്കുന്ന പ്രകാശം സന്നിവേശി പ്പിക്കപ്പെടുന്നു. ആദ്യത്തേതു നല്കപ്പെടുന്നത് നമ്മുടെതന്നെ ആത്മസംതൃപ് തിക്കുവേണ്ടിയാണ്. രണ്ടാമത്തേത് നമ്മുടെ അയല്ക്കാരുടെ അധ്യയനത്തിനു വേണ്ടിയും. ഇതെല്ലാം അർഥമാക്കുന്നത് നിന്റെ നീതിയെ ഒരു പ്രകാശം

[61] മലാക്കി 3,2–3 [62] ക്ലെയർവോയിലെ വി. ബർണാദ്, *On the Song of Songs*, vol.III, Sermon 57, no 8, p.102. ഗ്രന്ഥകർത്താവിന്റെ വിവർത്തനം.

പോലെയും നിന്റെ സമഗ്രതയെ മധ്യാഹ്നംപോലെയും പരിപോഷിപ്പിച്ചു കൊണ്ട് അവന്റെ കണ്ണ് നിന്നെ നോക്കിക്കൊള്ളും (സങ്കീ. 37, 6) എന്നത്രേ.[63]

*അറിയാതെ പറ്റുന്ന വീഴ്ചകളിൽനിന്ന് എന്നെ ശുദ്ധീകരിക്കണമെ!*
*ബോധപൂർവം ചെയ്യുന്ന തെറ്റുകളിൽനിന്ന് ഈ ദാസനെ കാത്തുകൊള്ളണമെ!*
*അവ എന്നിൽ ആധിപത്യം ഉറപ്പിക്കാതിരിക്കട്ടെ!*
*അപ്പോൾ ഞാൻ നിർമലനായിരിക്കും;*
*മഹാപരാധങ്ങളിൽനിന്നു ഞാൻ വിമുക്തനായിരിക്കും.*
*എന്റെ അഭയശിലയും വിമോചകനുമായ കർത്താവേ,*
*എന്റെ അധരങ്ങളിലെ വാക്കുകളും ഹൃദയത്തിലെ വിചാരങ്ങളും*
*അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാര്യമായിരിക്കട്ടെ!*[64]

[63]നമ്പർ 62ലെ അതേ കൃതി, അതേ ഭാഗം. [64]സങ്കീ 19,12b-14

ഭാഗം

# IV

# വിശുദ്ധ കുർബാന വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷം

അധ്യായം

# 1

# വിശുദ്ധ കുർബാന വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷം

വിശുദ്ധ കുർബാന കൂദാശയാണ്. കുർബാന, കൂദാശ എന്നിങ്ങനെ രണ്ടു വാക്കുകൾ. അവ വിശുദ്ധീകരണത്തിനുള്ള ഒരേ അർപ്പണത്തെ വർണിക്കുന്നു.

'കുർബാന' *ഖുർബോനൊ* എന്ന സുറിയാനിവാക്കിന്റെ മലയാളവത്കരണമാണ്. *ഖുർബോനൊ*യുടെ സാധാരണയർഥം ദൈവത്തിനുള്ള അർപ്പണം, കാഴ്ച, യാഗാർപ്പണം എന്നൊക്കെ. സുറിയാനി ക്രിസ്തീയ പാരമ്പര്യത്തിൽ *ഖു(കു)ർബോനൊ* യൂക്കറിസ്റ്റിയാബലിയെ — ക്രിസ്തുവിന്റെ ബലിയെ — സവിശേഷം സൂചിപ്പിക്കുന്നു. ദൈവത്തിനുള്ള എല്ലാ അർപ്പണത്തെയും കുർബാനയെന്നു മലങ്കര സഭ വിളിക്കില്ല. സ്വർഗീയ പിതാവിന്റെ ആദ്യജാതന്റെ പ്രതീകമായ അപ്പവും വീഞ്ഞും അർപ്പണ/കാഴ്ചവസ്തുക്കളായുള്ള അർപ്പണത്തിനു മാത്രമായി കുർബാനയെന്ന പേര് നിജപ്പെടുത്തിയിരിക്കുന്നു.

കുർബാനയുടെ കാഴ്ചവസ്തുക്കളായ അപ്പ,വീഞ്ഞുകൾക്ക് *ഖുർബോനേ* (കുർബാനകൾ, അർപ്പണങ്ങൾ, കാഴ്ചവസ്തുക്കൾ) എന്ന ബഹുവചനമുപയോഗിക്കുന്നുണ്ട്. മദ്ബഹായിലെ (ബലിസ്ഥലത്തെ) അപ്പവീഞ്ഞുകൾ വിശുദ്ധ കുർബാനയ്ക്കുള്ള *ഖു(കു)ർബോനേ*യാണ് — കുർബാനകളാണ്. അവ ആദ്യജാതന്റെയും അവന്റെ രക്തത്തിന്റെയും പ്രതീകങ്ങളാണ്. ആദ്യജാതനും രക്തവുമായാണ് അവയെ മലങ്കരസഭ തിരുപാത്രങ്ങളിൽ ആദ്യമായി വയ്ക്കുന്നത്. ആ ആദ്യജാതനും രക്തവും

(മിശ്രിതവും) മാത്രമാണ് കുർബാനയുടെ കുർബാനകൾ (offerings). കുർബാന സ്വർഗീയ പിതാവിന്റെ ആദ്യജാതനായ യേശുക്രിസ്തുവിന്റെ സ്വയാർപ്പണത്തിന്റെ ആഘോഷമാണ്. അവന്റെ യാഗത്തിന്റെ പുനഃസന്നിഹിതമാകൽ. അടയാളങ്ങളിലും പ്രതീകങ്ങളിലുമുള്ള പുനഃസന്നിന്നിഹിതമാകൽ.

സഭ യൂക്കറിസ്റ്റിനെ കുർബാന, അർപ്പണം, എന്നു വിശേഷിപ്പിക്കുന്നു. അതിനാൽ, സഭയോടൊത്ത് എനിക്കും ഏറ്റുപറയാൻ സാധിക്കുന്നു, പാപപരിഹാരത്തിന്, വിശുദ്ധീകരണത്തിന്, സഭയ്ക്കും സഭയിൽ എനിക്കും ദൈവത്തിനർപ്പിക്കാൻ സാധിക്കുന്ന ഒരേയൊരർപ്പണം ദിവ്യബലിവസ്തുവായ യേശുക്രിസ്തുവിനെയാണ്; അവന്റെ ശരീരരക്തങ്ങളാണ്. അവ അവയിൽത്തന്നെ കുർബാനയാണ്, അർപ്പണമാണ്.[1] അതിനോടു ചേർത്ത് എന്നെയും അർപ്പിക്കാൻ അനുഗ്രഹിക്കണമെ. അങ്ങനെ കുർബാന എന്റേതായിത്തീരാൻ കൃപയേകണമെ.

ഈ കുർബാന, അർപ്പണം, കൂദാശയയാണ്. 'കൂദാശ' എന്ന മലയാള വാക്കിന്റെ സ്രോതസ് സെമിറ്റിക് ഭാഷയിലെ *ഖദഷ്* എന്ന ക്രിയാധാതുവത്രേ. വേർതിരിക്കുക, നീക്കിവയ്ക്കുക, ഉഴിഞ്ഞുവയ്ക്കുക എന്നൊക്കെയർഥം. *കൂദാശ* എന്ന നാമപദം ദൈവത്തിനായി വേർതിരിക്കപ്പെട്ട വ്യക്തികളെയും വസ്തുക്കളെയും വിവക്ഷിക്കുന്നു. അതിനാൽ ഈ പദത്തിന് ശുദ്ധീകരണം, ശുദ്ധീകരിക്കുന്നത് (ശുദ്ധീകരണമാർഗം) എന്നിങ്ങനെ അർഥങ്ങളാകുന്നു.

സുറിയാനിസഭ(കൾ) *കൂദാശ* എന്ന പദം കുർബാനയെ മാത്രമുദ്ദേശിച്ചും ഉപയോഗിക്കുന്നു. മോശെ ബർകേഫ കുർബാനയ്ക്കെഴുതിയ ഭാഷ്യത്തിനു *കൂദാശാഭാഷ്യം* എന്നാണ് തലക്കെട്ട്.[2] വിശുദ്ധ കുർബാന സ്വർഗീയ പിതാവിന്റെ ആദ്യജാതൻ സഭയ്ക്കും മനുഷ്യവംശം മുഴുവനുംവേണ്ടി സ്വപിതാവിനു സ്വയം ബലിയർപ്പിച്ച് അവിടത്തെ നാമവും തന്നത്തന്നെയും പരിശുദ്ധമാക്കപ്പെട്ടവ ആക്കിയതിന്റെയും മനുഷ്യവംശം മുഴുവനെയും വിശുദ്ധീകരിച്ചതിന്റെയും[3] ആഘോഷമായ ഓർമിക്കലാണ്. കൗദാശികമായ, അടയാളങ്ങളിലും പ്രതീകങ്ങളിലുമുള്ള, ആഘോഷം. സ്വർഗീയ പിതാവിന്റെ ആദ്യജാതൻ ഈ ലോകത്തിൽ ചരിത്രത്തിന്റെ ഒരു കാലത്ത് നിറവേറ്റിയത് ദൈവസന്നിധിയിൽ സ്ഥലകാലബദ്ധമല്ലാത്ത നിത്യമായ സംഭവമാണ്. നിത്യതയിലെ ഈ സംഭവത്തിൽ സ്ഥലകാലബദ്ധരായ വിശ്വാസിസംഘം

---

[1]Thomas Elavanal,"Eucharist as Sacrifice" in *The Mystery of the Eucharist* (eds. Athappilly-Kochappilly) Dharmaram Publications, Banglore, 64. [2]ജി.ചേടിയത്ത്, *മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം*, കോട്ടയം, 1982. [3] യോഹ 17,17-20

സംബന്ധിക്കുന്നതാണ് അവർ നടത്തുന്ന ആഘോഷമായ ഓർമിക്കൽ. അത് അവർക്ക് വിശുദ്ധവും തങ്ങൾ വിശുദ്ധീകരിക്കപ്പെടുന്നതുമായ ആഘോഷമത്രേ. അതിൽ ക്രിസ്തുവിന്റെ ശുദ്ധീകരണബലിയർപ്പണം അടയാളങ്ങളിലും പ്രതീകങ്ങളിലും വിശ്വാസിസംഘത്തിനു പുനഃസന്നിഹിതമാകുന്നു. ആദ്യജാതനിലൂടെയുള്ള സഭയുടെ പ്രാർഥന സ്വീകരിച്ച് പിതാവയയ്ക്കുന്ന പരിശുദ്ധാത്മാവ് സഭയുടെ കുർബാനകളിലും അതിൽ സംബന്ധിക്കുന്നവരിലും വിശുദ്ധീകരണമായ ക്രിസ്തുവിനെ സന്നിഹിതമാക്കി കുർബാനകളെയും അവയിൽ സംബന്ധിക്കുന്നവരെയും വിശുദ്ധീകരിക്കുന്നു. കുർബാന മനുഷ്യവംശത്തിന്റെ വിശുദ്ധീകരണമായ യേശുക്രിസ്തുവിന്റെ വിശുദ്ധീകരിക്കുന്ന സ്വയംദാനമാകുന്നു. **ദൈവത്തിന്റെ കൂദാശയും മനുഷ്യരുടെ വിശുദ്ധീകരണവുമായ ക്രിസ്തുവിനെ അവന്റെ കൂദാശയായ സഭ അവനുതന്നെ അവനിലൂടെ അർപ്പിക്കുന്ന കൂദാശയാണ് വി. കുർബാന. അത് കൂദാശകളുടെ കൂദാശയാകുന്നു.** മറ്റൊരു കൂദാശയിലും സഭ ക്രിസ്തുവിനെ അവനുതന്നെ അർപ്പിക്കുന്നില്ല. കൂടാതെ, "മറ്റു കൂദാശകളും, മറ്റെല്ലാ സഭാശുശ്രൂഷകളും പ്രേഷിതപ്രവർത്തനങ്ങളും കുർബാനയോടു ബന്ധിതങ്ങളും അതിലേക്ക് ഉന്മുഖങ്ങളുമാണ്."[4]

### കുർബാന വിശുദ്ധിയുടെ ആഘോഷം

കുർബാന വിശുദ്ധിയുടെ ആഘോഷമാണെന്ന്[5] ദിവ്യജ്ഞാനം എല്ലാ പുരാതന സഭകൾക്കുമുണ്ട്. അത് മലങ്കര സഭ വിശുദ്ധ കുർബാനയിൽ അത്യധികം പ്രാധാന്യം നല്കി അത്യാകർഷകമായി ആവിഷ്കരിക്കുന്നു. അത്തരം പ്രത്യേക നിമിഷങ്ങളാണ് വിശുദ്ധ കുർബാനയുടെ പരസ്യാരംഭത്തിലെ ത്രൈശുദ്ധകീർത്തനം, ധൂപകലശാശീർവാദം, സ്ഥാപനവിവരണത്തിനു തൊട്ടുമുമ്പുള്ള ത്രൈശുദ്ധക്രിസ്തുസ്തവം[6] വൈദികന്റെ രഹസ്യപ്രാർത്ഥനയും, സംസർഗശുശ്രൂഷയിൽ വിശുദ്ധ രഹസ്യങ്ങളുടെ ആഘോഷം (വിശുദ്ധ രഹസ്യങ്ങൾ ഉയർത്തിയുള്ള

---

[4]വത്തിക്കാൻ രണ്ട്, *വൈദികർ*, നമ്പർ 5. [5]കുര്യൻ വാലുപറമ്പിൽ, "വിശുദ്ധീകരണം വിശുദ്ധ കുർബാനയിൽ," *ക്രൈസ്തവകാഹളം*, ലക്കം 8, വാല്യം 64 (ആഗസ്റ്റ് 2005), 48 [6]ഈ പ്രാർഥന 4-ാം നൂറ്റാണ്ടോടുകൂടി കുർബാനക്രമത്തിൽ ചേർക്കപ്പെട്ടു; കാണുക, ലൂയിസ് മൂലേവീട്ടിൽ, *മാർ യാക്കോബിന്റെ അനാഫുറാ ഒരു പഠനം*, കോട്ടയം 19976, 163. 3-ാം നൂറ്റാണ്ടിന്റെ ആരംഭത്തിനുമുമ്പ് കുർബാനയർപ്പണത്തിൽ സ്ഥാപനവിവരണം ഇല്ലാതിരുന്ന കാലഘട്ടത്തിൽ ത്രൈശുദ്ധകീർത്തനം കുർബാനയർപ്പണത്തിന്റെ ഉപസംഹാരമായിരുന്നിരിക്കാം, Robert F. Taft, "Mass without the Consecration? The Historic Agreement on the Eucharist between the Catholic Church and the Assyrian Church of the East," Thomas Mannooramparampil (ed), *Theological Dimensions of Christian Orieint*, Kottyam, 2004, 65-88, 73-77.

ആഘോഷം) എന്നിവ. വിശുദ്ധ രഹസ്യങ്ങളുടെ ഈ ആഘോഷം വിശുദ്ധ കുർബാന വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷമാണെന്നതിന്റെ സമൃ ക്കും സംഗൃഹീതവുമായ ആഘോഷോദ്ഘോഷണങ്ങളാണ്.[7] കുർബാനയെന്ന ബലിയർപ്പണം വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും ആഘോഷമാണ്. ഈ വലിയ ദൈവികരക്ഷാകരരഹസ്യത്തെക്കുറിച്ചു മലങ്കര ആരാധനക്രമം അത്യഗാധമായ ദർശനം ഉൾക്കൊണ്ടിട്ടുണ്ട്.

### കുർബാനയുടെ വിശുദ്ധീകരണശക്തി

വിശുദ്ധ കുർബാന അർപ്പിതവസ്തുക്കളെയും അർപ്പിക്കുന്നവരെയും സ്വീകരിക്കുന്നവരെയും വിശുദ്ധീകരിക്കുന്ന കൂദാശയാണ്. പാപികളെയും മഹാവിശുദ്ധരെയും ശുദ്ധീകരിക്കുന്നതാണ്. മാമോദീസാ സ്വീകരിച്ചവരെ പൂർണരാക്കുന്ന കൂദാശയാണ്. മാമോദീസാ സ്വീകരിച്ചവർ പൂർണരാകുന്നത് വിശുദ്ധ കുർബാനസ്വീകരണത്താലാണല്ലോ. കുർബാന കൂദാശകളുടെ പൂർണതയാണ്. പൂർണതകളുടെ പൂർണതയാണ്. മലങ്കര സഭയുടെ സകല അനാഫുറാകളിലെയും മൂന്നാമത്തെ പ്രാർഥനയുടെ മുഖ്യവിഷയം കുർബാനയർപ്പണം അതിൽ സംബന്ധിക്കുന്നവരുടെ സമ്പൂർണ വിശുദ്ധീകരണത്തിനു മുഖാന്തരമായിത്തീരണമെന്നാണ്. അത് ''സ്വയം യാഗമായിത്തീർന്നു ഞങ്ങൾക്കു പാപപരിഹാരം നല്കയും ഞങ്ങളെ പവിത്രീകരിക്കുകയുംചെയ്ത അഭികാമ്യവും വാഴ്ത്തപ്പെട്ടതുമായ ശുദ്ധീകരണബലിയർപ്പണമാണ്.'' ഈ വിശുദ്ധ രഹസ്യങ്ങളിൽ പങ്കാളികളാകുന്നവരുടെ ആത്മാക്കളെയും ദേഹികളെയും ശരീരങ്ങളെയും വിശുദ്ധിതന്നെയായ ദൈവം ക്രിസ്തുവിനെ നല്കി വിശുദ്ധീകരിക്കുന്നു. ഈ സത്യം വിശുദ്ധ കുർബാനയുടെ പ്രാർഥനകളിൽ സ്പഷ്ടമാക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നവരുടെ പൂർണ വിശുദ്ധീകരണത്തിനുവേണ്ടിയുള്ള വ്യക്തമായ അപേക്ഷ വിശുദ്ധ കുർബാനയുടെ മിക്ക പ്രാർഥനകളിലുമുണ്ട്. തങ്ങളുടെ വിശുദ്ധീകരണത്താൽ ത്രിത്വൈക വിശുദ്ധി മഹത്ത്വപ്പെടുകയും ബഹുമാനിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നെന്ന വിശ്വാസത്തോടെയും, അങ്ങനെ വേണമെന്ന ആഗ്രഹത്തോടെയുമാണ് പുരോഹിതഗണത്തിൽ വിശുദ്ധ കുർബാനയാകുന്ന കൂദാശയ്ക്കു ഞാൻ

---

[7] മോശെ ബർ കേഫായുടെ *കൂദാശാഭാഷ്യം*, നമ്പർ 1, (വിവ: ജി ചേടിയത്ത്, കോട്ടയം, 1982, പുറം 2; ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*,13; മാർ ഈവാനിയോസ്, *വിശുദ്ധ കുർബാന*, കോട്ടയം, 1980, 4,16.

ശുശ്രൂഷിക്കേണ്ടതും അതു ഞാൻ സ്വീകരിക്കേണ്ടതും.

വിശുദ്ധ കുർബാനയുടെ വിശുദ്ധീകരണഫലത്തെക്കുറിച്ചു പൗരസ്ത്യസഭാപിതാക്കന്മാരിൽ പലരുടെയും സ്ഥിരീകരണങ്ങൾ അവരുടെ ശ്രേഷ്ഠമായ സ്മരണികകളായുണ്ട്. ''നിങ്ങളുടെ പാപങ്ങളെ നീക്കിക്കളയാനും ക്ഷമിക്കാനുമായി ഈ ബലി ഇപ്പോൾ അർപ്പിക്കപ്പെടുന്നു. പാപക്കറകളിൽനിന്നു വെടുപ്പാക്കപ്പെടേണ്ടതിന് പാപികൾക്കും നീതിനിഷ്ഠർക്കുംവേണ്ടി ഇത് അർപ്പിക്കപ്പെടുന്നു'' എന്ന് ജറുസലേമിലെ വിശുദ്ധ കൂറിലോസ് *കാനോനാകളുടെ വ്യാഖ്യാന*ത്തിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ''തന്റെ ജീവനുള്ള ശരീരവും രക്തത്തിന്റെ കാസായും അവൻ നിനക്ക് അച്ചാരമായി തന്നു. അതുവഴി തങ്ങളുടെ പാപങ്ങളിൽനിന്നു മോചിതരാകേണ്ടതിന് അതിൽനിന്നു ഭക്ഷിക്കാൻ തന്റെ മക്കളെ അവൻ ക്ഷണിക്കുന്നു''(അപ്രേം). ''നമ്മുടെ കർത്താവേ ശുമിശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കനൽ കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനുമായി ബലഹീനനും പാപിയുമായ ഈ ദാസനു നല്കപ്പെടുന്നു'' എന്നു ചൊല്ലി കുർബാനയപ്പവും, ''ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്ന ദൈവമേ, വചനമായ യേശുവേ, സ്കീപ്പായിൽവച്ചു നീ ചിന്തിയ ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ രക്തം എന്നേക്കുമായി എന്റെ കടങ്ങൾ പരിഹരിക്കയും പാപങ്ങൾ മോചിക്കയും ചെയ്യണമെ'' എന്നു ചൊല്ലി തിരുരക്തവും ഞാൻ സ്വീകരിക്കുമ്പോൾ ഏശയ്യായ്ക്കു സ്വർഗീയ കൊടിൽകൊണ്ടു നല്കപ്പെട്ട തീക്കനലിന്റെ പൂർത്തീകരണം അതിന്റെ ശുദ്ധീകരണശക്തി എന്നിലും പൂർത്തീകരിക്കുകയാണല്ലോ.

## കുർബാനയർപ്പണത്തിനു യോഗ്യരോ?

വിശുദ്ധ കുർബാനയാലുള്ള വിശുദ്ധീകരണം അനുതാപത്തിന്റെ കൂദാശയാൽ പ്രാപിക്കേണ്ട വിശുദ്ധീകരണം ആവശ്യമില്ലെന്നു കരുതാൻ ഇടയാക്കരുതെന്ന് സുറിയാനിസഭ പുരാതനകാലം മുതല്ക്കേ പ്രബോധിപ്പിച്ചിരുന്നു. അതിനൊരു സാക്ഷ്യമാണ് അന്ത്യോക്യക്കാരനും മോപ്സ്വേസ്തായിലെ മെത്രാനുമായിരുന്ന തിയഡോർ (+ 428) കുർബാനയെക്കുറിച്ചുള്ള പ്രസംഗത്തിൽ നല്കുന്ന പ്രബോധനം.[8] അദ്ദേഹത്തിന്റെ പ്രബോധനത്തിന്റെ താത്പര്യം ഇപ്രകാരം സംഗ്രഹിക്കാം. നമ്മുടെ മാനുഷിക ബലഹീനത മൂലം നാം മനസ്സുകൊണ്ട് ഇച്ഛിക്കാതെ, നമ്മുടെ ഇച്ഛയ്ക്ക് എതിരായി, വന്നുപോകുന്ന പാപങ്ങൾ ഈ വിശുദ്ധ

[8] *മതാധ്യാപനപ്രസംഗങ്ങൾ*, 16,34-44 (വിവ: ജി.ചേടിയത്ത്), കോട്ടയം, 1986,269-277

കൂദാശയുടെ സ്വീകരണത്തിൽനിന്നു നമ്മെ പിന്തിരിപ്പിക്കേണ്ടതില്ല. അവ നമ്മെ മുറിപ്പെടുത്തുന്നില്ല. അവയെക്കുറിച്ച് ആത്മാർഥമായി അനുതപിക്കുകയും ശ്രദ്ധാപൂർവം സത്പ്രവൃത്തികൾ ചെയ്യുകയും ദുഷ്കർമ്മങ്ങളിൽനിന്ന് അകന്നിരിക്കയും ചെയ്തുകൊണ്ടുള്ള വിശുദ്ധ കുർബാനസ്വീകരണം ഇപ്പറഞ്ഞ തരം പാപങ്ങളിൽനിന്നു നമ്മെ വിശുദ്ധീകരിക്കുകയും കൂടുതൽ ശക്തീകരിക്കുകയും ചെയ്യും. വാസ്തവത്തിൽ, നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും അതിൽനിന്നു ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപയും സത്പ്രവൃത്തികൾ ചെയ്യാൻ നമ്മെ ശക്തരാക്കും. നമ്മുടെ മനസ്സിനെ ശക്തീകരിക്കും. സകല ദുർവിചാരങ്ങളും നമ്മിൽനിന്ന് അകറ്റും. ദേവാലയത്തിൽ ദർശനമുണ്ടായപ്പോൾ സാഷ്ടാംഗം വീണ് ''എനിക്കു ഹാ കഷ്ടം ...'' എന്നിത്യാദി വാക്കുകളിൽ ഏശയ്യാപ്രവാചകൻ വിലപിച്ചത് മേല്പറഞ്ഞതരം പാപങ്ങളെക്കുറിച്ചുള്ള അനുതാപത്താലാണ്.

അതേ സമയം അയോഗ്യരായി കുർബാനസ്വീകരണത്തിന് അണയുന്നത് തെറ്റാണെന്ന് തിയഡോർ തീർത്തുപറയുന്നു. നാം കരുതലില്ലാതെ പാപം ചെയ്താൽ ഈ വിശുദ്ധ കൂദാശയ്ക്കണയുന്നത് പ്രയാസകരമാണ്. കല്പനകൾക്കെതിരായി കൊടിയ പാപം ചെയ്യുകയും അവയിൽനിന്നു പിന്തിരിയാൻ തീരുമാനിക്കാതിരിക്കയും ചെയ്യുന്നിടത്തോളം കാലം കുർബാനസ്വീകരണത്തിൽനിന്നു പൂർണമായി ഒഴിഞ്ഞിരിക്കുന്നതാണ് ഉത്തമം. കാരണം, പാപത്തിൽ നിലനില്ക്കുന്നവന് അതുകൊണ്ടു ഫലമില്ല. ഇപ്രകാരം പ്രബോധിപ്പിക്കുമ്പോൾ തിയഡോർ തന്റെ കാലത്ത് സുറിയാനിസഭയിൽ നിലവിലിരുന്ന കൗദാശിക പ്രബോധനമാണു നല്കുന്നത്. വിശ്വാസത്യാഗം, വ്യഭിചാരം, കൊലപാതകം എന്നീ പാപങ്ങൾ ചെയ്തവർ കുറെക്കാലം അനുതപിച്ച് തക്കതായ പ്രായശ്ചിത്തം ചെയ്ത് അനുതാപകൂദാശ (കുമ്പസാരം) സ്വീകരിച്ചിട്ടു മാത്രമേ വിശുദ്ധ കുർബാനയ്ക്കണയാൻ സഭ അനുവദിച്ചിരുന്നുള്ളു.

തിയഡോർ തുടരുന്നു: എത്രയും വേഗം വേണ്ട രീതിയിൽ നമ്മുടെ പാപങ്ങളെപ്പറ്റി അനുതപിക്കാൻ നമ്മുടെ സർവശക്തിയോടുംകൂടി ആദ്യം നമ്മുടെ മനസ്സാക്ഷിയെ നാം പ്രേരിപ്പിക്കണം. അനന്തരം, വ്യതിയാനവിധേയമായ നമ്മുടെ ആത്മാവിന്റെ പാപങ്ങൾക്ക് ഔഷധമായി ദൈവം നല്കിയിട്ടുള്ള അനുതാപം സ്വീകരിക്കണം. തത്സംബന്ധമായി ആരംഭം മുതലേ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. വൈദികനും പാപികളെ ശുശ്രൂഷിച്ചു സുഖപ്പെടുത്തുന്ന മറ്റു വിദഗ്ദ്ധന്മാരും സഭാനിയമമനുസരിച്ചു പാപത്തിന്റെ ഗൗരവം പരിഗണിച്ചു വിവേകപൂർവം ആവശ്യക്കാരായ

അനുതാപികൾക്ക് ഔഷധം നല്കുന്നു. പാപരോഗത്തിന്റെ വൈദ്യന്മാരായി വൈദികന്മാരെ ദൈവം നിയമിച്ചിരിക്കുന്നു. അവർവഴി ഈ ലോകത്തിൽവച്ചു പാപമോചനവും സൗഖ്യവും പ്രാപിച്ചാൽ വരാനിരിക്കുന്ന ന്യായവിധിയിൽനിന്നു നാം വിടുവിക്കപ്പെടും. വലിയ ആത്മവിശ്വാസത്തോടെ വൈദികന്റെ പക്കൽ അണയുകയും നമ്മുടെ പാപങ്ങൾ അവനോട് ഏറ്റുപറയുകയും ചെയ്യുന്നത് നമുക്ക് ഉചിതമാണ്. വൈദികന്മാർ ശ്രദ്ധയോടും ശുഷ്കാന്തിയോടും സ്നേഹത്തോടും സഭയുടെ നിയമമനുസരിച്ചും (അതായത്, 1 കോറി 5,1–13;മത്താ 18,15–17 എന്നീ വേദപാഠങ്ങളുടെ താത്പര്യപ്രകാരവും) പാപികൾക്കു സൗഖ്യം നല്കും.

പിതാ-പുത്ര-റൂഹായായ ദൈവമേ, വിശുദ്ധിയാകുന്ന നിന്നിലെ ഓരോ വ്യക്തിയും ലോകത്തെ വിശുദ്ധീകരിക്കാൻ അവരവരുടെ പങ്ക് പൂർത്തീകരിച്ചു. പൂർത്തീകരണം പരിശുദ്ധ റൂഹാ ലോകത്തിൽ തുടർന്നും പൂർണമാക്കിത്തികച്ചുകൊണ്ടിരിക്കുന്നു. നിന്നിലെ ഓരോ വ്യക്തിയും ദൈവികവ്യക്തിത്വത്തിന്റെ പൂർണതയായി — 'വിശുദ്ധി' യായി — കുർബാനയിൽ ഞങ്ങളോടുകൂടെയുണ്ടല്ലോ. ഈ സത്യം കുർബാനയിൽ ആഘോഷിക്കാൻ നീ പുരോഹിതജനമായ സഭയിൽ പുരോഹിതനായി എന്നെ നിയോഗിച്ചിരിക്കുന്നു. ഈ സത്യത്തിന്റെ ദിവ്യജ്ഞാനത്താൽ പ്രചോദിതനായി പരമ പരിശുദ്ധിയായ നിന്നെ ആരാധനയിലും ജീവിതത്തിലും ഒരു നിമിഷമെങ്കിലും ഉചിതമായി ആഘോഷിക്കാൻ എനിക്ക് ഈ ജീവിതത്തിൽ അനുഗ്രഹം നല്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു!

വിശുദ്ധിയായ ത്രിത്വൈകദൈവമേ, *പരിശുദ്ധൻ* എന്ന് ആവർത്തിച്ചു പാടി നിന്നെ വിശുദ്ധീകരിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യാൻ ആരാധകസംഘത്തിനു നേതൃത്വം നല്കാനാണ് എന്നെ പുരോഹിതനായി സഭയിൽ നിയോഗിച്ചിട്ടുള്ളത്. ഈ ശുശ്രൂഷയിലൂടെ വിശുദ്ധീകരണം പ്രാപിക്കുന്നതിലും ഞാൻ നേതൃത്വം നല്കണമെന്നു നീ ആവർത്തിച്ച് എഴുതിച്ചും പറഞ്ഞും എന്നെ ധരിപ്പിച്ചിട്ടുള്ളതാണ്. അതു ഞാൻ കൂസലെന്യേ അനുസ്യൂതം വിസ്മരിച്ചുകൊണ്ടിരിക്കുന്നെന്നു നീ എന്നെ അനുസ്മരിപ്പിക്കുന്ന അനർഘ നിമിഷങ്ങൾ ഇനിയെന്നുമുണ്ടാകണമെ എന്റെ അവശിഷ്ട ജീവിതത്തിൽ.

ഈ കുർബാനയിൽ, ഈ കാഴ്ചയർപ്പണത്തിൽ, തന്റെ വിശുദ്ധീകരണം ദൈവത്തിന്റെ ആഗ്രഹമാണെന്ന ജ്ഞാനത്താൽ ജ്വലിക്കുന്ന 'വിദ്യാഭ്യാസമില്ലാത്ത' വല്യമ്മച്ചിയുടെ തേജസ്സുറ്റ മുഖത്തേക്കു നോക്കാ

നാകാതെ അവരുടെ നേരേ സ്ലീബായുടെ അടയാളമുദ്ര വയ്ക്കാൻ സൗകര്യപ്പെടുത്തിയിട്ടുള്ളതിനു നന്ദി. വിശുദ്ധ മാമോദീസായിൽ ലഭിക്കുകയും വിശുദ്ധ കുർബാനയാൽ പൂർണമാക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ് ഞങ്ങളുടെ വിശുദ്ധീകരണം. അത് വിശുദ്ധ കുർബാനയുടെ ഓരോ ആഘോഷത്തിലും സംബന്ധിക്കുമ്പോൾ പൂർണമാക്കപ്പെട്ടു കൊണ്ടിരിക്കുന്നെന്നു മലങ്കര സഭയിലൂടെ നീ ഞങ്ങളെ ഉദ്ബോധിപ്പിക്കുന്നതിന് ആയിരമായിരം നന്ദി; സ്തുതിയും സ്തോത്രവും. പാപികളായ ഞങ്ങളുടെ ശുദ്ധീകരണമാക്കപ്പെട്ട മിശിഹായുടെ സജീവവും നവീനവുമായ രക്ഷാകരബലിയാണ് കുർബാനയാഘോഷം. അതിൽ അവന്റെ കുർബാനയ്ക്കു യുക്തവും നിനക്കു പ്രസാദകരവുമായ സജീവബലിയായി സ്വയമർപ്പിച്ചു വിശുദ്ധീകരണം പൂർണമാക്കാൻ നീ ഞങ്ങൾക്കു ദിനംതോറും സൗകര്യപ്പെടുത്തിയിരിക്കുന്നല്ലോ! ഞങ്ങൾ എത്ര അനുഗൃഹീതർ! ഞങ്ങളുടെ നല്ല ദൈവമേ, നിനക്കു നന്ദി; നിനക്കു സ്തോത്രം; ഹാലേലൂയ്യാ.

**എന്റെ കടത്തിന്റെ ഭാരം!**

യേശുമിശിഹായേ, നീ യോർദാനിൽ സ്നാനം സ്വീകരിച്ചു. നിന്റെ പൗരോഹിത്യം വെളിപ്പെട്ടു. നിന്റെ പൗരോഹിത്യശുശ്രൂഷയുടെ നിയോഗവും സ്പഷ്ടമാക്കപ്പെട്ടു. കുരിശിൽ ഉയർത്തപ്പെടുമ്പോൾ പൂർത്തിയാക്കപ്പെടാനുള്ള പൗരോഹിത്യശുശ്രൂഷ. എന്നേക്കും ജീവിക്കുന്നവനായി തുടരാനുള്ള മാധ്യസ്ഥം. യോർദാനിൽ എനിക്കും സ്നാനം നല്കി. പൗരോഹിത്യാധിഷ്ഠിതമായ സഭയിൽ എന്നെ അംഗമാക്കി. നീ സഹിച്ചു മഹത്ത്വത്തിലേക്കു പ്രവേശിച്ചു പൂർത്തിയാക്കിയ പൗരോഹിത്യത്തിലും ഭാഗഭാഗിത്വം നിന്റെ സമയമായപ്പോൾ എനിക്കേകി.

യേശുവേ, നീ രണ്ടു കടക്കാരുടെ ഉപമയിൽ പറഞ്ഞ പതിനായിരം താലന്തിന്റെ കടക്കാരനാണു ഞാൻ. നിന്റെ കാലത്തെ പതിനായിരം താലന്തിനെന്നു പറഞ്ഞാൽ, വെള്ളികൊണ്ടുള്ളതെങ്കിൽത്തന്നെ, മൂന്നുലക്ഷത്തിനാല്പത്തീരായിരത്തി എഴുന്നൂറ്റിയിരുപതു (342720) കിലോഗ്രാം വരുന്ന വെള്ളിനാണയങ്ങൾക്ക്.[9] പതിനായിരം വെള്ളി

[9] സ്വർണം, വെള്ളി, ചെമ്പ് എന്നിവയാണ് നാണയമായി ഉപയോഗിച്ചിരുന്നത്. നാണയത്തിന്റെ തൂക്കമനുസരിച്ചു മൂല്യം നിർണയിച്ചിരുന്നു. അതിനാൽ, ഇന്നത്തെ നിരക്കിൽ അവയുടെ മൂല്യം കണക്കാക്കാൻ പ്രയാസമാണ്. ഒരു ദേനാറ 5.7 ഗ്രാം വെള്ളിയായിരുന്നു. അന്ന് ഒരു ദേനാറ ആയിരുന്നു കൂലിപ്പണിക്കാരന്റെ ദിവസവേതനം. ഒരു താലന്ത് 6012 ദേനാറയായിരുന്നെന്ന് ഒരേകദേശക്കണക്കുണ്ട്.

ത്താലന്ത് ആയാലും മൂന്നുലക്ഷത്തിനാല്പത്തീരായിരത്തി എഴുനൂറ്റിയിരുപത് (342720) കിലോ ഗ്രാം വെള്ളിയുടെ വിലയ്ക്കു സമമായ തുക! ഞാനിന്നു പുതുക്കിയെഴുതുമ്പോൾ ഞങ്ങളുടെ രാജ്യത്ത് വെള്ളി കിലോഗ്രാമിനു 53000.00 രൂപയോളമുണ്ടു വില. പതിനായിരം താലന്തുകാരന്റെ കടം 342720 x രൂ. 53000.00 = 1816416000.00 (രൂ. നൂറ്റെൺപത്തൊന്നുകോടി അറുപത്തിനാലുലക്ഷത്തിപതിനാറായിരം). നാണയമാക്കാനുള്ള കമ്മട്ടച്ചെലവ് കണക്കിലില്ല. തല കറങ്ങുന്നു. കണക്കുകൂട്ടൽ ശരിയോ തെറ്റോ? എനിക്കു തിട്ടമില്ല. എന്റീശോയേ, ഇപ്പോഴത്തെ കണക്കുപ്രകാരം 18347 വർഷം ഒരു മലങ്കരപ്പുരോഹിതനെന്ന നിലയിൽ ശുശ്രൂഷ ചെയ്താലും എന്റെ കടം വീട്ടാൻ എനിക്കാവില്ല! അതായത്, എന്റെ ജീവിതത്തിൽ എനിക്കാവില്ലെന്ന്. പക്ഷേ, എന്റെ കടം ഈ നിമിഷം ഇളച്ചുതരാൻ നിനക്കാകും. എനിക്കുറപ്പുണ്ട്. പതിനായിരം താലന്ത് കടപ്പെട്ടിരുന്ന ദാസന്റെ കടം കരുണയാൽ പൂർണമായി ഇളച്ചുകൊടുക്കുന്നവനാണു നീ; ഉറപ്പു നല്കിയിട്ടുണ്ടല്ലോ. നിന്റെ അളവറ്റ കരുണയുടെ ഉറപ്പിൽ ഞാനാശ്രയിക്കുന്നു.

നീ ഗൊല്ഗോഥായിൽ നിന്റെ പാർശ്വത്തിൽനിന്നു യോർദാനെ പുറപ്പെടുവിച്ചതിനാൽ എനിക്കു വീണ്ടുംവീണ്ടും സ്നാനപ്പെടാമല്ലോ. നീ നിന്റെ സ്നാനം പൂർത്തിയാക്കിയതിനാൽ യോർദാനും സ്നാനവും നിനക്ക് ഇനിയാവശ്യമില്ല. നീ സ്വീകരിക്കേണ്ടിയിരുന്ന രണ്ടു സ്നാനവും - യോർദാനിലെ സ്നാനവും ഗൊല്ഗോഥായിലെ സ്നാനവും - നീ സ്വീകരിച്ചുകഴിഞ്ഞു. എന്റെ കാര്യം അങ്ങനെയല്ല. നീ സ്ലീബായിൽ ഉയർത്തപ്പെട്ടപ്പോൾ ഗൊല്ഗോഥായിൽ നീ ഞങ്ങൾക്കുവേണ്ടി യോർദാനെ വീണ്ടെടുത്തൊഴുക്കിത്തന്നു. നീതന്നെ അതിൽ ആദ്യം സ്നാനമേറ്റു. നീ സ്നാനപ്പെട്ടിടത്തു ഞാൻ ഇനിയും ദിവസേന പലവുരു സ്നാനമേല്ക്കണമെന്നാണല്ലോ നിന്റെ പദ്ധതി. സ്നാനജലത്തിലിറങ്ങാൻ എനിക്കു പേടിയാകുന്നു. എന്നിട്ടും എനിക്കാഗ്രഹമുണ്ട് — നിന്നോടു ചേർന്ന് ദൈവത്തെ അപ്പാ, പിതാവേ, പപ്പാ, ഡാഡീ, എന്നൊക്കെ വിളിക്കണം. സ്വർഗം തുറന്ന് എന്റെമേൽ പരിശുദ്ധാത്മാവ് നിരന്തരം ഇറങ്ങിവരണം. നീ തല ചായ്ച്ച് ആത്മാവിനെ സമർപ്പിക്കുന്ന നിന്റെ സ്ലീബായുടെയടുത്തു നില്ക്കുന്നവരോടൊത്ത് എനിക്കും നില്ക്കണം. *നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു* എന്ന് സ്വർഗത്തിൽനിന്ന് എന്നോടു പറയുന്ന സ്വരം കേട്ടുകൊണ്ടിരിക്കണം.

ഒലിവുമലയിൽ രക്തം വിയർത്തൊലിച്ചു പ്രാർഥിക്കുന്ന നിന്നെ ശക്തീകരിക്കാൻ നിന്റെയടുത്തു വന്ന ദൂതനെ (ദൂതിനെ) നിന്റെയടുത്തി

രുന്നു വ്യസനം നിമിത്തം ഉറങ്ങുന്ന എന്റെയടുത്തയയ്ക്കണമെ: എനിക്കു നിന്നോടു ചേർന്ന് അപ്പാ, പിതാവേ എന്നു വിളിക്കാൻ ആശയുണ്ട്; ശക്തിയില്ല. എന്റെ ആഗ്രഹത്തിനൊത്ത് എന്നിലെ ഞാൻ മെരുങ്ങുന്നില്ല, ഒരുങ്ങുന്നില്ല. എന്നാലും എന്റെ ആഗ്രഹം നീ സഫലമാക്കുമല്ലോ. ഒലിവുമലയിൽ മുട്ടിന്മേൽ വീണ് അപ്പാ വിളിച്ചു പ്രാർഥിച്ചുകൊണ്ടു നീ ഒഴുക്കുമെന്നു സൂചിപ്പിക്കുകയും ഗൊല്ഗോഥാമലയിൽ അപ്പാ വിളിച്ചു പ്രാർഥിച്ചു കൊണ്ടു നീ പൂർണമായൊഴുക്കുകയും ചെയ്ത നിന്റെ രക്തത്താലും ഞങ്ങൾക്കുവേണ്ടി മുറിക്കപ്പെട്ട നിന്റെ ശരീരത്താലും ഈ വിശുദ്ധ കുർബാനയിൽ ഈ തിരുസമയത്ത് എൻെറ ശുദ്ധീകരണം വീണ്ടും പൂർണമാക്കണമെ. നിത്യപുരോഹിതനായ നീ പരിശുദ്ധാത്മാവിനാൽ സഭയിൽ ശുശ്രൂഷാപുരോഹിതനായി നിയോഗിച്ചിട്ടുള്ള ഞാൻ അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ എന്നെ വിശുദ്ധീകരിക്കാൻ ക്രമപ്പെടുത്തിയിട്ടുള്ളള വഴികളിലൂടെ ഞാനൊന്നു സഞ്ചരിക്കട്ടെ. ഈ തീർഥയാത്രയിൽ പരിശുദ്ധാത്മാവേ, എന്നെ നയിക്കണമെ.

അധ്യായം

# 2

# പുരോഹിതന്റെ വിശുദ്ധീകരണം വിശുദ്ധ കുർബാനയിൽ

പുരോഹിതൻ പരികർമ്മം ചെയ്യുന്ന ശുശ്രൂഷകളെല്ലാം അയാളുടെ വിശുദ്ധീകരണത്തിനുതകുന്നവയാണ്. കൂദാശാപരികർമ്മത്തിന്റെ ഈ വശം വിരളമായി മാത്രമേ വിശദമാക്കപ്പെടാറുള്ളു. വിശുദ്ധ കുർബാനബലിയുടെ ആഘോഷം പരികർമിയായ പുരോഹിതന്റെ പുനശ്ശുദ്ധീകരണത്തിന് ഏറ്റവും സഹായകമായ ശുശ്രൂഷയാണ്. കൂദാശാനിർവഹണത്തിൽ പരികർമിയായ പുരോഹിതനു സ്വന്തം വിശുദ്ധീകരണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ശുശ്രൂഷയാണ് വിശുദ്ധ കുർബാനയുടെ ആഘോഷം. അതിലാണ് പരികർമിയായ പുരോഹിതന്റെ വിശുദ്ധീകരണം ഏറ്റവും കൂടുതൽ സ്പഷ്ടമാക്കപ്പെട്ടിട്ടുള്ളത്. ഈ ശുശ്രൂഷയിലുടനീളം പുരോഹിതന് അനുഭവപ്പെടുന്ന വിശുദ്ധീകരണ പ്രക്രിയയുടെ നേരേ നേരിയ തോതിൽ മാത്രം തുറന്നിട്ടുള്ള എന്റെ കണ്ണുകൾ അല്പംകൂടി തുറന്നുതന്നാലും! ഞാനോർത്തിരിക്കട്ടെ, "ആരാധനയിൽ വിശുദ്ധീകരണം സാക്ഷാത്കരിക്കപ്പെടുന്നത് ഇന്ദ്രിയങ്ങൾക്ക് ഉപലബ്ധമായ അടയാളങ്ങളാലാണ്. ഓരോ അടയാളത്തിന്റെയും തനതുരീതിയിൽ അത് അനുസിദ്ധമാകുകയും ചെയ്യുന്നു."[1]

ഒരു തെറ്റിധാരണ ആരംഭത്തിൽത്തന്നെ ഞാൻ തിരുത്തേണ്ടതുണ്ട്. വിശുദ്ധ കുർബാനയുടെ പരികർമ്മത്തിൽ "പുരോഹിതന് അനുഭവപ്പെടുന്ന വിശുദ്ധീകരണം" എന്നു പറയുമ്പോൾ വിശുദ്ധീകരണം പുരോഹി

[1]വത്തിക്കാൻ രണ്ട്, *ആരാധനക്രമം*, നമ്പർ 7.

തന്റെ കേവലസങ്കല്പമല്ല; മാനസ്സികവ്യാപാരത്തിന്റെ സൃഷ്ടിയല്ല. വിശുദ്ധ വസ്തുക്കളെയോ വ്യക്തികളെയോ ദൈവികവിശുദ്ധിയെത്തന്നെയോ ബാഹ്യമായി സ്പർശിക്കുന്നതിനാൽത്തന്നെ യാന്ത്രികമായി പകരപ്പെടുന്നതല്ല വിശുദ്ധി. വെൺപനിനീർപ്പൂവിന്റെ നേർത്ത സ്പർശനം കാർകൂന്തലിനെ വെൺകൂന്തലാക്കില്ലെങ്കിലും കുറെ നേരത്തേക്കെങ്കിലും അതിനെ പരിമളധാരിയാക്കും. ആ പനിനീർപ്പൂവിന്റെ നറുമണത്തിന്റെ ശക്തിയും മഹത്ത്വവും! സഭയുടെ വിശുദ്ധ കുർബാനയാകുന്ന *വിശുദ്ധ രഹസ്യങ്ങളിൽ* ദൈവം മനുഷ്യരുടെ വിശുദ്ധീകരണമാക്കപ്പെട്ടിട്ടുള്ള യേശുമിശിഹായിലൂടെ പുരോഹിതനെ ഏറെ സവിശേഷമായ രീതിയിൽ സ്പർശിക്കുക മാത്രമല്ല, അവനിൽ വസിക്കുകയും ചെയ്യുന്നു. മിശിഹാ അവനിലും അവൻ മിശിഹായിലും വസിക്കുന്നു. ഈ അധിവാസത്താൽ പുരോഹിതൻ വിശുദ്ധി ആകുന്നില്ലെങ്കിലും, വിശുദ്ധീകൃതനും വിശുദ്ധിയുടെ ശുശ്രൂഷകനും ആയിത്തീരുന്നു. വിശുദ്ധിയുടെ പരിമളധാരിയും ആകാം.

## വിശുദ്ധിയും ധാർമികവിശുദ്ധിയും

നമുക്കു വിശുദ്ധി ലഭിക്കുന്നത് ദൈവത്തിന്റെ കരുണയാലും അവിടത്തെ സ്വന്തവും സ്വതന്ത്രവുമായ തീരുമാനത്താലുമാണ്. എങ്കിലും ദൈവത്തിന്റെ വിശുദ്ധ സാന്നിധ്യത്തിൽ പ്രവേശിക്കുന്നവർ ആചാരപരമായും ധാർമികമായും സാമൂഹ്യമായും നിർമലരായിരിക്കണമെന്നു തിരുഗ്രന്ഥം നിഷ്കർഷിക്കുന്നുണ്ട്. ദൈവിക സന്നിധിയിൽ വ്യാപരിക്കാൻ ജനം മുഴുവൻ ധാർമിക പരിശുദ്ധി ഉള്ളവരായിരിക്കണമെന്നുള്ള നിഷ്കർഷ പഴയനിയമകാലം മുതലേ ഉള്ളതാണ്. ഈ നിഷ്കർഷ ഇസ്രായേലിനെ മറ്റു മതങ്ങളിൽനിന്നു വ്യത്യസ്തമാക്കി. മോശൈകനിയമഗ്രന്ഥം ആചാരശുദ്ധിക്കും ജ്ഞാനപാരമ്പര്യം വ്യക്തിപരമായ ധാർമിക ശുദ്ധിക്കും പ്രവാചകപാരമ്പര്യം സാമൂഹ്യശുദ്ധിക്കും - സാമൂഹ്യനീതിക്കും - അടിവരയിടുന്നു.[2] സാമൂഹ്യശുദ്ധിയുമുൾപ്പെടുന്നതാണ് കർത്താവിന്റെ അത്താഴത്തിനു സമ്മേളിക്കുന്നവർ അവശ്യം പാലിക്കണമെന്നു പൗലോസ് അനുശാസിക്കുന്ന സ്നേഹൈക്യം.[3] സമാധാനത്തിൽ വർത്തിക്കുന്നത് വിശുദ്ധിമാർഗമെന്ന് എബ്രായലേഖനകർത്താവ് പഠിപ്പിക്കുന്നു.[4] *എനിക്കു ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനുംഅശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്* എന്നുള്ള ഏശയ്യായുടെ വിലാപത്തിൽ[5] നമുക്കാവശ്യമായ വിശുദ്ധിയുടെ മാനങ്ങളെല്ലാം ഉൾപ്പെട്ടിട്ടുണ്ട്.

---

[2]Paul Kalluveettil, "I Saw Heaven Standing Open" in *The Mystery of the Eucharist* (eds. Athappilly-Kochappilly) 13. [3]1 കോറി 11,17-13,13 [4]12,14 [5]ഏശ 6,5

തികഞ്ഞ ധാർമിക,സാമൂഹ്യശുദ്ധിയോടെ നമുക്കാർക്കും ഈ ലോകത്തിൽ ഒരിക്കലും ദൈവത്തിന്റെ വിശുദ്ധ സന്നിധിയിൽ പ്രവേശിക്കാനാകില്ല. ഈ കുറവ് ഏശയ്യായുടെ വിലാപമാലപിച്ചുകൊണ്ടു പരിഹരിക്കാൻ ഓരോ പ്രാവശ്യവും പരിശ്രമിക്കാനുള്ള ഇടം വിശുദ്ധ കുർബാനയിലുണ്ട്. ആചാരശുദ്ധി ഏറെ ആയാസമില്ലാതെ പാലിക്കാനാകും. അതു സഭയുടെ തിരുഗ്രന്ഥത്തിന്റെ പൂർവഭാഗത്തു നല്കിയിട്ടുള്ള നിയമങ്ങളിലും,[6] വിശുദ്ധ ശുശ്രൂഷകളുടെ കാര്യത്തിൽ അപ്പോസ്തലന്മാരിൽ നിന്നു പിതാക്കന്മാരിലൂടെ ലഭിച്ചിട്ടുള്ള ആരാധനക്രമപാരമ്പര്യമനുസരിച്ചു[7] സഭ നിർദ്ദേശിച്ചിട്ടുള്ള അനുഷ്ഠാനവിധികളിലും ആവിഷ്കൃതമായിട്ടുണ്ട്. ഈ തിരുഗ്രന്ഥസൂചന ക്രിസ്തുവിന്റെ കൂദാശയായ സഭയുടെ കൂദാശകളുടെ നിർവഹണത്തിൽ, അപ്പോസ്തലന്മാരിൽനിന്നു പിതാക്കന്മാരിലൂടെ ലഭിച്ചിട്ടുള്ള ആരാധനക്രമപാരമ്പര്യമനുസരിച്ചു സഭ നിർദ്ദേശിച്ചിട്ടുള്ള അനുഷ്ഠാനവിധികൾ പാലിക്കുന്നതിന്റെ അർഥത്തിലേക്കും ആവശ്യത്തിലേക്കും വിരൽ ചൂണ്ടുന്നു.

അതേ സമയം, അനുഷ്ഠാനവിധികളുടെ യാന്ത്രികമായ നിർവഹണംകൊണ്ടുമാത്രം എനിക്കു ഫലം - വിശുദ്ധീകരണം - ലഭിക്കില്ല. ഞാൻ ശുശ്രൂഷിക്കുന്ന കൂദാശയെയും അതിന്റെ ഫലവും സംബന്ധിച്ചുള്ള സഭയുടെ വിശ്വാസം എന്റേതാക്കിയും, തദനുസൃതമായ മനോഭാവത്തോടെയും ആഗ്രഹത്തോടെയും ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചും കൂദാശ പരികർമം ചെയ്യണം ഫലസിദ്ധിക്ക്. നൈമിഷികവികാരങ്ങളെക്കാൾ സുദൃഢമായ സത്യവിശ്വാസത്തോടെ വിശുദ്ധിയെ സമീപിച്ചു സ്പർശിക്കുന്നവർ വിശുദ്ധീകൃതരാകുന്നു. വിശ്വാസം ഹൃദയങ്ങളെ പവിത്രീകരിക്കുന്നു.[8] വിശുദ്ധ കൂർബാനയർപ്പണത്തിലൂടെ ദൈവം നല്കുന്ന വിശുദ്ധീകരണം പ്രാപിക്കാൻ കൂർബാനയർപ്പിക്കുന്ന ബലഹീനനും പാപിയുമായ പുരോഹിതൻ ഒരുക്കമുള്ളവനായിരിക്കണം. ശുശ്രൂഷാസമയം മുഴുവൻ ഞാൻ ഏശയ്യായെപ്പോലെ വിലപിച്ചുകൊണ്ടിരിക്കണം. ഉച്ചരിക്കുന്ന ഓരോ വാക്കും, ചെയ്യുന്ന ഓരോ അനുഷ്ഠാനകർമവും അവയുൾക്കൊള്ളുന്ന ഉദ്ദേശ്യാർഥസാന്ദ്രതയത്രയും പരിശുദ്ധാത്മനിറവിന്റെ അനുഭവത്താൽ സഭയോടു ചേർന്നു സ്വന്തമാക്കി ഉച്ചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യണം. ജനത്തോടു ബന്ധപ്പെട്ടാണ് ഈ ശുശ്രൂഷ നിർവഹിക്കുന്നതെന്ന കാര്യം എന്റെ ഒഴിയാത്ത ഓർമയായിരിക്കണം.

---

[6]Xavier Leon-Dufour, *Dictionary of Biblical Theology*, 1970, 208 [7]*പൗരസ്ത്യസഭാ കാനോന* നമ്പർ 39 [8]അപ്പ 15,9

*സ്വർഗത്തിലേക്കു കടന്നുപോയ മഹാനായ ഒരു പ്രധാനപുരോഹിതൻ, ദൈവപുത്രനായ യേശു, നമുക്കുള്ളതിനാൽ നമ്മുടെ ഏറ്റുപറച്ചിൽ നമുക്കു മുറുകെപ്പിടിക്കാം. നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാനപുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. അതിനാൽ, ആവശ്യമുള്ളപ്പോൾ സഹായത്തിനായി, കരുണ സ്വീകരിക്കാനും കൃപ കണ്ടെത്താനും കൃപയുടെ സിംഹാസനത്തെ ആത്മധൈര്യത്തോടെ നമുക്കു സമീപിക്കാം.*[9]

[9] ഹെബ്രാ 4,14-16സുറിയാനി

ഭാഗം

# V

## ഞാൻ അർപ്പിക്കുന്ന ബലി

## ആത്മീയബലിയും യുക്ത്യനുസൃതമായ ശുശ്രൂഷയും സജീവബലിയും

## എന്റെ പ്രാർഥന

ഇടവകയിലെ കുർബാനയാഘോഷത്തിന്റെ മുഖ്യകർമിയായ ഞാൻ മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള എന്റെ ഒരുക്കശുശ്രൂഷയിൽ (ത്രിത്വൈക)ദൈവത്തോട് ഇപ്രകാരം പ്രാർഥിക്കണമെന്നു സഭ നിഷ്കർഷിക്കുന്നു; ഞാൻ പ്രാർഥിക്കുന്നു:

> ദൈവമേ, ... ഈ സമയത്ത് ഞങ്ങളുടെ ഈ ആത്മീയബലിയെ നിന്റെ ആദ്ധ്യാത്മിക ബലിപീഠത്തിൽ നീ സ്വീകരിക്കണമെ. ഈ ആദ്ധ്യാത്മിക ശുശ്രൂഷ മുഖാന്തരം തിരുമനസ്സിനു പ്രീതികരവും സ്വീകാര്യവുമായ സജീവ ബലിയായി സ്വയം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നുറുങ്ങിയ ഹൃദയത്തോടും വിനയമുള്ള ആത്മാവോടുംകൂടെ നിന്റെ സ്വർഗീയ ബലിപീഠത്തിൽ ആത്മീയ ബലികൾ നിനക്ക് അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ...[1]

[1]ഒരുക്കശുശ്രൂഷ – മെല്ക്കിസെദെക്കിന്റെ ക്രമം സെദറാ. *മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിശുദ്ധ കുർബാന തക്സാ*, 2007, പുറം 6. 2007ലെ തക്സാ. 1972ലെ തക്സായിലുള്ള 'തിരുഹിതത്തിനു' എന്ന വാക്കിനു പകരം 2007ലെ തക്സായിൽ 'തിരുമനസ്സിനു' എന്നാക്കിയിരിക്കുന്നു. 'തിരുമനസ്സിനു' ഒരു മലയാള(ഭാഷാ)ശൈലി ആണെങ്കിലും ഇവിടെ 'ഹിതം' ആണ് യുക്തം. (സുറിയാനി: *സെബിയോനൊ*). 'മനസ്സ്: സുറിയാനി: *റേലീനൊ*). യേശുവിന്റെ ബലി *പിതാവിന്റെ ഹിതം* (*സെബിയോനൊ*) അതുപോലെ നിറവേറ്റുന്നതിലായിരുന്നു. വിശദീകരണം പിന്നാലെ.

മെല്ക്കിസെദെക് നീതിയുടെയും സമാധാനത്തിന്റെയും രാജാവും പുരോഹിതനുമാണ്. യേശുമിശിഹായുടെ മുന്നോടിയും പ്രതിരൂപവുമാണ്. ആദ്യമായി അവനാണ് അബ്രാഹമിന് അപ്പവും വീഞ്ഞും കൊണ്ടുവന്നതും പുരോഹിതാശീർവാദം നല്കിയതും. മെല്ക്കിസെദെക് അബ്രാഹമിനു നല്കിയ അപ്പവും വീഞ്ഞും യേശു അർപ്പിച്ചതും ഞാനിപ്പോൾ അർപ്പിക്കുന്നതും എല്ലാ പുരോഹിതന്മാരും എവിടെയും അർപ്പിക്കുന്നതുമായ കുർബാനയുടെ പ്രതിരൂപമാണ്. അപ്പവും വീഞ്ഞും കാഴ്ചവച്ചുകൊണ്ട് ഞാൻ അർപ്പിക്കുന്ന കുർബാന കൗദാശികമാണെന്ന് – അടയാളങ്ങളിലും പ്രതീകങ്ങളിലും ഉള്ളതാണെന്ന് – സഭ എന്നെ ഓർപ്പിക്കുന്നു. കാഴ്ചവയ്പ് യഥാർഥമാകാൻ ഞാനും എന്റെ ജീവനും ഒപ്പം കാഴ്ചവയ്ക്കപ്പെടണം.

മുകളിൽ ഉദ്ധരിച്ചിട്ടുള്ള പ്രാർഥന പുരോഹിതനായ എന്റെ മധ്യസ്ഥപ്രാർഥനയാണ്. ഈ പ്രാർഥനാഭാഗത്ത് മൂന്നു വാചകങ്ങളുണ്ട്. മൂന്നും പുരോഹിതൻ താനുമുൾപ്പെട്ട ദൈവജനത്തിനുവേണ്ടി ദൈവത്തോടു ബോധിപ്പിക്കുന്ന അപേക്ഷകളാണ്. ആദ്യത്തേതിൽ, ദൈവജനം അർപ്പിക്കുന്ന ഈ 'ആത്മീയബലി' ദൈവം തന്റെ 'ആദ്ധ്യാത്മിക ബലിപീഠത്തിൽ' സ്വീകരിക്കണമെ എന്ന് അപേക്ഷിക്കുന്നു. ഇതിൽ സഭ വിശുദ്ധ കുർബാനയാഘോഷത്തെ 'ആത്മീയബലി' എന്നു വർണിക്കുന്നു.

രണ്ടാം അപേക്ഷ നമ്മുടെ ഈ 'ആത്മീയബലി'യെ 'ആദ്ധ്യാത്മിക ശുശ്രൂഷ' എന്നു വർണിക്കുകയും, അതിൽ/അതുവഴി നമ്മെത്തന്നെ ദൈവതിരുഹിതത്തിനു പ്രീതികരവും സ്വീകാര്യവുമായ സജീവബലിയായി അർപ്പിക്കുവാൻ നമ്മെ യോഗ്യരാക്കണമെ എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. ഈ അപേക്ഷയിൽ നാം സമ്മതിക്കുന്നു, നമ്മെത്തന്നെ തിരുഹിതത്തിനു പ്രീതികരവും സ്വീകാര്യവുമായ സജീവബലിയായി അർപ്പിക്കുവാൻ നമുക്കു യോഗ്യതയില്ല. അതുകൊണ്ട്, ഇവിടെ അർപ്പണവസ്തുവാകാൻ നമുക്ക് യോഗ്യത തരണമെന്ന് നാം ദൈവത്തോട് അപേക്ഷിക്കുന്നു.

മൂന്നാം അപേക്ഷയും നമ്മുടെ യോഗ്യതയ്ക്കുവേണ്ടിയുള്ളതാണ്. ഇതിൽ, രണ്ടാം അപേക്ഷയിൽ നാം യാചിച്ച യോഗ്യത ദൈവത്തിൽനിന്നു ലഭിക്കാൻ നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ട സമീപനത്തെക്കുറിച്ചു സൂചനയുണ്ട്: നുറങ്ങിയ ഹൃദയത്തോടും വിനയമുള്ള ആത്മാവോടും ദൈവത്തിന്റെ 'സ്വർഗീയ ബലിപീഠ'ത്തെ സമീപിക്കുക. അതിൽ 'ആത്മീയബലികൾ'(ബഹുവചനം) അവിടത്തേക്ക് അർപ്പിക്കാൻ നമുക്കു യോഗ്യത നല്കണം.

ഒന്നാം അപേക്ഷയിലെ 'ആത്മീയബലി'സ്വീകരിക്കപ്പെടേണ്ടത് ദൈവത്തിന്റെ 'ആദ്ധ്യാത്മിക ബലിപീഠത്തിൽ.'

'ആത്മീയബലി,' 'ആദ്ധ്യാത്മിക ശുശ്രൂഷ,' 'ആദ്ധ്യാത്മിക ബലി പീഠം.' 'സ്വർഗീയ ബലിപീഠം,' 'ആത്മീയബലികൾ' എന്നീ വിശിഷ്ട സങ്കല്പങ്ങളുടെ അന്തരാർഥങ്ങളുടെ അറിവ്, നാം നിർവഹിക്കുന്ന കുർബാനയാഘോഷത്തിന്റെ യാഥാർഥ്യത്തെക്കുറിച്ചുള്ള നമ്മുടെ ജ്ഞാനവും വിശ്വാസവും കൂടുതൽ ആഴപ്പെടുത്താൻ നമ്മെ സഹായിക്കും. അപ്പോൾ നമുക്ക്, ഈ ഉദ്ധരണിയുടെ രണ്ടും മൂന്നും വാചകങ്ങളിൽ അപേക്ഷിക്കുന്നവ ലഭിക്കാൻ നമ്മുടെ, പ്രത്യേകിച്ച്, ശുശ്രൂഷാപുരോഹിതനായ എന്റെ, ഭാഗം കൂടുതൽ മെച്ചമായി നിർവഹിക്കാനാകുമല്ലോ.

അധ്യായം

# 1

# ആത്മീയ ബലിയും യുക്ത്യനുസൃതമായ ശുശ്രൂഷയും

## ആത്മീയ ബലി

തന്നെ സംബന്ധിച്ചത്, തന്നത്തന്നെ, സൂചിപ്പിക്കുന്നതാണല്ലോ 'ആത്മീയം' എന്ന പദം അതിൽത്തന്നെ. സുറിയാനി,ഗ്രീക്ക് സഭാപിതാക്കന്മാരുടെ പ്രിയങ്കരമായൊരു ബലിവിചാരമാണ് 'ആത്മീയ ബലി' (*ദെബഹോതൊ റൂഹോനൊയ്തൊ*). ഇവിടെ 'ഉയിര്,' 'ജീവൻ' എന്ന അർഥമാണ് *റൂഹൊ*യ്ക്കുള്ളത്.[1] ''സ്ലീബാമേൽ വേർപെട്ട നിന്നുയിരടിയാരെ ചേർക്കേണം'' എന്ന് മലങ്കര സഭ പാടുന്നല്ലോ. അത്, *പിതാവേ, നിന്റെ കരങ്ങളിലേക്ക് എന്റെ ആത്മാവിനെ ഞാനേല്പിക്കുന്നു* (*റൂഹൊ*: ആത്മാവ്, ഉയിര്) എന്ന് ഉച്ചസ്വരത്തിൽ പറഞ്ഞ്,[2] *തന്റെ ആത്മാവിനെ ഏല്പിച്ച്* (*വശ്ലെം റൂഹേ*[3]) യേശു തന്റെ ബലി പൂർത്തിയാക്കിയതിനെക്കുറിച്ചാണ്.[4] അപ്പോൾ, ''ആത്മീയ ബലി'' (*ദെബഹോതൊ റൂഹോനൊയ്തൊ*) എന്ന വർണന ഉദ്ദേശിക്കുന്നത് ഇതാണ്: യേശു തന്റെ ആത്മാവിനെ ഏല്പിച്ച് തന്റെ ഉയിരും സമർപ്പിച്ചതിന് അനുസൃതമായ ബലി. ഞങ്ങളുടെ/എന്റെ ആത്മാവിനെയും ജീവനും ഞങ്ങൾ/ഞാൻ നിനക്കർപ്പിക്കുന്ന ഈ ബലി നീ സ്വീകരിക്കണമെന്നാണ് പുരോഹിതനായ ഞാൻ ഇവിടെ ദൈവത്തോടു പ്രാർഥിക്കു

[1] P. Smith, *Syriac English Dictionay*, 533 [2] ലൂക്കാ 23,46പ്ശീത്താ [3] യോഹ 19,30

[4] യേശു മഹാപുരോഹിതൻ എന്ന നിലയ്ക്കുമാണ് തന്റെ ജീവിതബലി അർപ്പിക്കുന്നത് എന്നതിന് എബ്രായർക്കുള്ള ലേഖനത്തിലും ലൂക്കായുടെയും യോഹന്നാന്റെയും സുവിശേഷങ്ങളിലും വേണ്ടുവോളം സൂചനകളുണ്ട്.

ന്നത്. കാരണം, തങ്ങളുടെ കുർബാനയാഘോഷത്തിൽ പുരോഹിതൻ/ർ ബലിവസ്തുവുമാകുന്നില്ലെങ്കിൽ അവർക്ക് ക്രിസ്തുവിന്റെ ബലി അനുസ്മരിച്ചനുഭവിക്കാനാകില്ല. പഴയനിയമബലികളിലെപ്പോലെ ബലിയർപ്പകൻ ബലിവസ്തുവിൽനിന്ന് അന്യനായിരിക്കുന്നതല്ല ക്രിസ്തുവിന്റെ ബലി. മലങ്കരക്കുർബാനയുടെ കാഴ്ചവയ്പുശുശ്രൂഷയിലെ മർമപ്രധാനമായ ഭാഗമാണല്ലോ "ഞങ്ങളുടെ കർത്താവുംദൈവവും രക്ഷകനുമായ യേശുമിശിഹായുടെയും അവന്റെ രക്ഷാകരമായ എല്ലാ പ്രവർത്തനങ്ങളുടെയും സ്മരണ നിർവഹിക്കപ്പെടുന്ന" എന്നാരംഭിക്കുന്ന 'പൊതുവായ അനുസ്മരണ' ശുശ്രൂഷ. അത് അവസാനിപ്പിക്കുന്നതിനുമുമ്പ്, രഹസ്യപ്രാർഥന നടത്തി തന്നത്തന്നെയും ജനത്തെയും ദൈവത്തിനു സമർപ്പിക്കുന്നു എന്നൊരു നിർദേശം 1967ലെ അനുഷ്ഠാനക്രമത്തിലുള്ളത് ഏറെ ശ്രദ്ധാർഹമാണ്.[5] അതാണ് യേശുവിന്റെ അർപ്പണക്രമം.

## ആദ്ധ്യാത്മിക ശുശ്രൂഷ' - യുക്ത്യനുസൃതമായ ശുശ്രൂഷ

"ആത്മീയ ബലി"യുടെ മാഹാത്മ്യം സൂക്ഷ്മതരമാക്കുന്നതാണ് 'ആദ്ധ്യാത്മിക ശുശ്രൂഷ.' 'ആദ്ധ്യാത്മിക ശുശ്രൂഷ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്? 'ആദ്ധ്യാത്മികം' എന്ന പദത്തിന്റെ വാച്യാർഥം ആത്മീയം, പരമാത്മാവിനെ സംബന്ധിച്ചത്, പരിശുദ്ധം എന്നിങ്ങനെയാണ്.[6] ഈ അർഥവിചാരവഴിയേ പോകുമ്പോൾ 'ആദ്ധ്യാത്മിക ശുശ്രൂഷ'യുടെ അർഥത്തിന്റെ കൃത്യത വ്യക്തമല്ല. സുറിയാനി തക്സായിലെ *തെശ്മെശ്തൊ മ്ലീല്തൊ* ആണ് 'ആദ്ധ്യാത്മിക ശുശ്രൂഷ' എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഈ സുറിയാനിശൈലി 'സജീവമായ ശുശ്രൂഷ' എന്നും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.[7] യഥാർഥത്തിൽ എന്താണ് *തെശ്മെശ്തൊ മ്ലീല്തൊ?*

*തെശ്മെശ്തൊ മ്ലീല്തൊ* റോമ. 12,1 സുറിയാനിയിലെ ശൈലിയാണ്: *ആകയാൽ, സഹോദരരേ, ദൈവത്തിന്റെ കരുണയാൽ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: യുക്ത്യനുസൃതമായ (ബുദ്ധിപൂർവമായ) ശുശ്രൂഷയാൽ/യിൽ, നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ സജീവവും വിശുദ്ധവും സ്വീകാര്യവുമായ ബലിയായി ദൈവത്തിനു സമർപ്പിക്കുവിൻ.*

---

[5] *മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനക്രമം*, Prepared and published by Liturgical committee with Hierarchical approval, 1967, 22 [6] ശ്രീകണ്ഠേശ്വരം, *ശബ്ദതാരാവലി*, പന്ത്രണ്ടാം പതിപ്പ്, പുറം 268.
[7] Kuriakose Moolayil (ed), *Trilingual Eucharist Service Book*, Kottayam, 2008, 14.

*മ്ലീലൊ* എന്ന വിശേഷണത്തിന്, ധാതു (*മ്ല്, മെലൊ*) അനുസ രിച്ച്, വചനാത്മകമായ, വചനാനുസൃതമായ, യുക്ത്യനുസൃതമായ എന്നി ങ്ങനെയാണർഥം.[8] റോമ 12,1ൽ *ലോഗികേ* എന്ന ഗ്രീക്ക് പദത്തിന്റെ സുറി യാനി സമാന്തരമാണ് *മ്ലീലൊ. ലോഗികേ*യുടെ ധാതു *ലൊഗൊസ്.* അതിന്റെയും മൗലികാർഥം വചനം എന്നാണല്ലോ. റോമ12,1ഗ്രീക്കിലെ *ലോഗികേ ലാറ്റ്റിയ* 'ആത്മീയമായ ആരാധന' എന്ന് പി.ഒ.സി ബൈബിളും,[9] *സ്പിരിറ്റ്ച്ച്യൽ വർഷിപ്* എന്ന് ഇംഗ്ലീഷ് വിവർത്തനങ്ങളും, 'ബുദ്ധി യുള്ള ആരാധന' എന്ന് സത്യവേദപുസ്തകവും പരിഭാഷപ്പെടുത്തുന്നു. ബോധപൂർവമായ, യുക്ത്യനുസൃതമായ, വചനാനുസൃതമായ, മനസ്സും ആത്മാവും ഉൾച്ചേർന്നുള്ള എന്നെല്ലാം അന്തരാർഥമുള്ളതാണ് *ലൊഗി കൊസ്.* ആന്തരിക ചൈതന്യത്തിന്റെ അർപ്പണമായിരിക്കുക. എല്ലാമുൾപ്പെ ടുത്തി 'ആത്മീയം' എന്നു പരാവർത്തനം ചെയ്യാമെന്നേയുള്ളു. പക്ഷേ, അതിൽ അർഥസ്ഫുടതയില്ല. വചനാനുസൃതമായത് യുക്ത്യനുസൃ തമാണ്. ഇവിടെ നാം മുകളിൽ അന്തരാർഥം കണ്ട 'ആത്മീയ ബലിക്ക്' 'യുക്ത്യനുസൃതമായ ശുശ്രൂഷ'യാണ് നാം ചെയ്യുന്നത്. 'ആത്മീയ ബലി'യുടെ അന്തസ് സൂക്ഷ്മതരമാക്കുന്ന *തെശ്മെശ്തൊ മ്ലീല്തൊ* 'യുക്ത്യനുസൃതമായ ശുശ്രൂഷ'യാണ്.

'യുക്ത്യനുസൃതമായ ശുശ്രൂഷ' എന്ന സങ്കല്പത്തിൽ, ഞങ്ങളർപ്പി ക്കുന്ന കുർബാന വിശുദ്ധ ത്രിത്വൈകത്തിന്റെ രക്ഷാകരപ്രവൃത്തിയിലുള്ള പങ്കാളിത്തമായിരിക്കുന്നതോടൊപ്പം അത് സഭയുടെയും എന്റെയും ശുശ്രൂ ഷയുമാണ് എന്ന വിചാരമുണ്ട്. സഭയുടെ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷ. സഭയുടെ സകല ശുശ്രൂഷകളുടെയും സ്രോതസ്സും ഉച്ചകോടിയും.[10] അത് യുക്ത്യനുസൃതമാണ്. ഇക്കാര്യവും എവുക്കറിസ്തിയായുടെ ഈ ശുശ്രൂഷ ഭയഭക്തിയോടുകൂടെ ആയിരിക്കുന്നത് യുക്തവും ന്യായവുമാകുന്നു എന്ന് ദൈവജനമൊന്നാകെ ഏറ്റുപറയുന്നതിന്റെ പൊരുളിന്റെ ഭാഗമാകുമല്ലോ.

''ആത്മീയ ബലി'' (*ദെബഹോതൊ റൂഹോനൊയ്തൊ*) എങ്ങനെ യാണ് *തെശ്മെശ്തൊ മ്ലീല്തൊ -യുക്ത്യനുസൃതമായ (ബുദ്ധിപൂർവ മായ) - ശുശ്രൂഷ* ആകുന്നത്? ഉത്തരം ഇതാണ്: *നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ സജീവവും വിശുദ്ധവും സ്വീകാര്യവുമായ ബലിയായി*

[8]P. Smith, *Syriac English Dictionay*, 274. [9]*ആകയാൽ സഹോദരരേ, ദൈവ ത്തിന്റെ അനുകമ്പയാൽ ഞാനുദ്ബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതാണ് നിങ്ങ ളുടെ ആത്മീയമായ ആരാധന.* [10]രണ്ടാം വത്തിക്കാൻ കൗൺസിൽ, *ലിറ്റർജി*, നമ്പർ 10.

*ദൈവത്തിന് സമർപ്പിക്കുവിൻ.*[11] ശരീരങ്ങളെ ബലിയായി അർപ്പിക്കുക! ഈ ഉപദേശത്തിന്റെ പിന്നിൽ **വചനം** - *മെലൊ / ലൊഗൊസ്* - ആയിരുന്നവൻ വചനമനുസരിച്ച് ശരീരിയായതിന്റെയും ആ ശരീരത്തെ വിശുദ്ധവും സ്വീകാര്യവുമായ ബലിയായി ദൈവത്തിനു സമർപ്പിച്ചതിന്റെയും പാപികൾക്കുവേണ്ടി മുറിച്ചതിന്റെയും ചരിത്രമുണ്ട്. അതിന്റെ പ്രകാശത്തിൽ നമ്മുടെ ചോദ്യത്തിനുത്തരം തേജസ്സാർന്നു തെളിയുന്നു.

''ആത്മീയ ബലി,'' ബലിയർപ്പണശുശ്രൂഷ, വചനമനുസരിച്ചായിരിക്കണം; വചനത്താൽ രൂപഭാവങ്ങൾ നല്കപ്പെട്ടതായിരിക്കണം; **വചന**മായിരിക്കുന്നവന്റെ, നിത്യവചനത്തിന്റെ, വചനമനുസരിച്ചായിരിക്കണം. നിത്യവചനം എല്ലാ മനുഷ്യവചനങ്ങളെയും ദൈവത്തിന്റെ അന്തർസംവാദത്തിലേക്ക്, അവിടത്തെ ബുദ്ധിയിലേക്കും സ്നേഹത്തിലേക്കും, ആകർഷിച്ചുൾച്ചേർക്കുന്നു.[12]

നിത്യവചനം *ലോകത്തിലേക്കു പ്രവേശിക്കുമ്പോൾ* വചനപ്രകാരം *പറഞ്ഞു: ബലികളും കാഴ്ചകളും അവിടന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു.*[13] ദൈവം ഒരുക്കിയിരുന്ന ശരീരത്തെ വചനം എടുത്തു. വചനം ശരീരിയായി. വചനം ശരീരിയായവന്റെ വചനമനുസരിച്ചുള്ളതാണ് യുക്ത്യനുസൃതമായ ബലി. **വചന**ത്താൽ രൂപഭാവങ്ങൾ നല്കപ്പെട്ടതും യുക്തിപൂർവം ക്രമവത്കരിച്ചതും പടുത്തുയർത്തിയതുമായ ബലി. വചനമെടുത്ത ശരീരം ശിഷ്യർക്കായി മുറിക്കപ്പെടുകയും അതിന്റെ രക്തം അനേകർക്കായി ചിന്തപ്പെടുകയും ചെയ്തു. കുർബാന സ്ഥാപിച്ചുകൊണ്ട് യേശു തന്റെ ക്രൂരമായ മരണത്തെ *വചന*മായി രൂപാന്തരപ്പെടുത്തി - അതേ, തന്റെ സ്നേഹത്തിന്റെ മൗലികപ്രകാശനമായി, തന്റെ സ്വയംദാനത്തെ മരണമായി രൂപാന്തരപ്പെടുത്തി.[14]

യുക്ത്യനുസൃതമായ ആരാധനയുടെ പ്രായോഗിക വഴികൾ എബ്രാ 10,5-7ഉം, ഇതിലെ വചനങ്ങൾക്ക് അടിസ്ഥാനമായ സങ്കീ 40,6-8ഉം താരതമ്യം ചെയ്തുകൊണ്ട് പരിശുദ്ധ പാപ്പാ വ്യക്തമാക്കുന്നു. (1) ദൈവ വചനത്തോടുള്ള അനുസരണം: ദൈവവചനത്തിന്റെ അതിരുകൾക്കുള്ളിലും അതിന്റെ അടിസ്ഥാനത്തിന്മേലുമുള്ള ജീവിതം ദൈവാരാധനയുടെ ശരിയായ വഴിയെന്ന് തിരിച്ചറിഞ്ഞുള്ള ജീവിതം. (2) വചനത്തിന്റെ

---

[11]റോമ 12,1 പ്ശീത്താ [12]Joseph Ratzinger, Pope Benedict XVI, *Jesus of Nazareth*, Part Two, 80 [13]ഹെബ്രാ 10,5: സങ്കീ 40,6 [14]Joseph Ratzinger., *Jesus of Nazareth*, Part Two, 80-82.

രീതിയനുസരിച്ചുള്ള ആരാധന: ദൈവത്തിന്റെ നേർക്കുള്ള മനുഷ്യാത്മാവിന്റെ തുറവ്. അതാണ് പ്രാർഥന. (3) മനുഷ്യൻ തന്റെ അസ്തിത്വം മുഴുവൻ ദൈവത്തിലേക്ക് ഉന്മുഖമാക്കിയുള്ള ജീവിതമാക്കുന്നത്. ഈ ആരാധനാരൂപങ്ങളെല്ലാം – അനുസരണവും പ്രാർഥനയും ജീവിതത്തിന്റെ ദൈവോന്മുഖതയും – യേശു തന്റെ കുരിശിൽ പൂർത്തിയാക്കി.[15]

എല്ലാം പൂർത്തീകരിച്ചുകൊണ്ട് അവൻ ജീവൻ വെടിഞ്ഞു ബലി പൂർണമാക്കി. *പിതാവേ, നിന്റെ കരങ്ങളിലേക്ക് എന്റെ ആത്മാവിനെ* (*റൂഹാ*: ആത്മാവ്, ഉയിര്) *ഞാനേല്പിക്കുന്നു എന്ന് ഉച്ചസ്വരത്തിൽ പറഞ്ഞ് അവൻ പൂർത്തിയാക്കിയപ്പോൾ / സമാധിയായപ്പോൾ*[16] തന്റെ ശരീരത്തിന്റെയും അർപ്പണം പൂർത്തിയാക്കി. ദൈവത്തിന്റെ ഹിതമനുസരിച്ച് തനിക്കു നല്കപ്പെട്ട ശരീരത്തെയും ക്രിസ്തു അർപ്പിച്ചു; *ആ അർപ്പണത്താൽ എന്നേക്കുമായി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു*[17] = നാം എന്നേക്കുമായി ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു. അവൻ അർപ്പിച്ചതിന് അനുസൃതമായി, അവന്റെ അർപ്പണത്തിനു യുക്തമായി, അവന്റെ ബലിയർപ്പകരായ നമ്മളും നമ്മുടെ ജീവനും ശരീരവും ബോധപൂർവം അർപ്പിക്കണം. ഈ ആവശ്യം സഭ വിശുദ്ധ കുർബാനയിൽ എന്നെ കൂടെക്കൂടെ ഓർപ്പിക്കുന്നുണ്ട്. വിശ്വാസപ്രമാണത്തിന്റെ സമയത്ത് ഞാൻ കൈ കഴുകിക്കൊണ്ടു ചൊല്ലുന്ന രഹസ്യപ്രാർഥനയിൽ യേശുവിനോട് ഇങ്ങനെ അപേക്ഷിക്കുന്നല്ലോ: "എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ, നിനക്കു പ്രസാദകരവും മഹത്ത്വമേറിയ നിന്റെ യാഗത്തിന് അനുരൂപവുമായ സജീവയാഗം നിർമല മനസ്സാക്ഷിയോടെ നിനക്ക് അർപ്പിക്കാൻ എന്നെ യോഗ്യനാക്കണമെ." വിശുദ്ധ കുർബാനയിലെ ഒരു സെദറായിൽ ഇപ്രകാരം അപേക്ഷിക്കാനും സഭ എനിക്ക് ഒരുക്കിത്തന്നിട്ടുണ്ടല്ലോ: "... ഈ അപ്പത്തിൽ നിന്റെ ശക്തി നിവേശിപ്പിക്കപ്പെടുകയും ഈ വീഞ്ഞ് രൂപാന്തരം പ്രാപിച്ച് രക്തമായി പരിണമിക്കുകയും ചെയ്യുന്ന ഈ സമയത്ത് എന്റെ ജീവൻ നിന്റേതിൽ കലർത്തപ്പെടുമാറാകണമെ." നീ ഇതാഗ്രഹിച്ച് നിന്റെ ജീവൻ ഞങ്ങൾക്കുവേണ്ടി അർപ്പിച്ചെങ്കിലും, എന്റെ ഈ അപേക്ഷ പോലെ എനിക്കു സംഭവിക്കാൻ ഞാൻ ഒരിക്കലെങ്കിലും അനുവദിച്ചിട്ടുണ്ടോ കർത്താവേ? ഇല്ലെങ്കിലും ഇങ്ങനെ അപേക്ഷിക്കാൻ എന്നെ ഇത്രനാളും അനുവദിച്ചതിനു നന്ദി.

[15] Joseph Ratzinger, *Jesus of Nazareth*, Part Two, 235-236.
[16] *ശ്ലേമ്*: ലൂക്കാ 23,46സുറിയാനി
[17] എബ്രാ 10.10.

*അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനു ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.*[18] വിശുദ്ധ ജനത്തിന്റെ വിശുദ്ധിക്കു ശുശ്രൂഷിക്കാനാണല്ലോ - വിശുദ്ധി സംരക്ഷിക്കാനും, നഷ്ടപ്പെട്ടാൽ പരിഹാരം ചെയ്തു വീണ്ടെടുക്കാനുമാണല്ലോ - പഴയ ഉടമ്പടിപ്രകാരം അഭിഷിക്തപൗരോഹിത്യം സ്ഥാപിതമായത്. ഉദ്ദേശസിദ്ധിയിൽ പ്രസ്തുത പൗരോഹിത്യത്തിന്റെ അപര്യാപ്തത പരിഹരിച്ചത് യഥാർഥ മഹാപുരോഹിതനായ യേശുവാണ്. മഹാപുരോഹിതനായ യേശുവിന്റെ യഥാർഥമായ ആരാധനയാൽ, സ്വയാർപ്പണത്താൽ, വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഞാൻ എന്റെ ജീവനും ശരീരവും അവൻവഴി അർപ്പിക്കണം. അങ്ങനെ എന്റെ "ആത്മീയ ബലി" *യുക്ത്യനുസൃതമായ (ബുദ്ധിപൂർവമായ) ശുശ്രൂഷ*യാകും. *ക്രിസ്തുയേശുവിനുള്ള നാം നമ്മുടെ ജഡം അതിന്റെ വികാരങ്ങളോടും മോഹങ്ങളോടുംകൂടെ* ക്രൂശിതന്റെ - സ്ലീബായുടെ - തണലിൽ *ക്രൂശിക്കുന്നു.*[19] ഇപ്രകാരം, കർത്താവിനു വേണ്ടി ഉദ്ദേശിക്കപ്പെട്ട നമ്മുടെ ശരീരത്തെ അധാർമികതയുടെ അധിപനു വിട്ടുകൊടുക്കാതെ, പരിശുദ്ധാത്മാവിന്റെ ആലയമായ അതുകൊണ്ടു നാം ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു.[20] യുക്ത്യനുസൃതമായ, ബുദ്ധിപൂർവമായ ശുശ്രൂഷ എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമായവന്റെ മഹത്ത്വമുള്ള ബലിക്കു സദൃശമായ ജീവനുള്ള ബലിയാണ്.

*നിങ്ങൾക്കറിയില്ലേ, നിങ്ങൾ ദൈവത്തിൽനിന്നു പ്രാപിച്ച്, നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളെന്ന്? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. ആകയാൽ, നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ സജീവവും വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ ...*[21] ഈ വാക്കുകളിൽ പൗലോസ് സഭയുടെ കരിസ്മാറ്റിക് ഘടന നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്രിസ്തു ദൈവസ്നേഹത്തിന്റെ മനുഷ്യാവതാരമായിരിക്കുന്നതുപോലെ സഭ ക്രിസ്തുവിന്റെ ആത്മാവിന്റെയും ഉദ്ദേശ്യത്തിന്റെയും (purpose) മനുഷ്യാവതാരമാകുന്നു.[22] മനുഷ്യന്റെ ശരീരവും ആത്മാവും സംബന്ധിച്ചുള്ള തന്റെ ധാരണകളുടെ വെളിച്ചത്തിലാണ് ഉദ്ധൃതവാക്കുകൾ വിശുദ്ധ പൗലോസ് എഴുതിയിട്ടുള്ളത്. ശരീരം ലോകത്തിൽനിന്നുള്ളതും ആത്മാവ് ദൈവത്തിൽനിന്നുള്ളതുമാണ്. ആത്മാവ് ദൈവത്തിൽനിന്നുള്ളതാകയാൽ അത് വിശുദ്ധവും നീതിനിഷ്ഠവും അമർത്യ

[18] യോഹ 17,19. [19] ഗലാ 5,24 [20] 1 കോറി 6,13-20 [21] റോമ 12,1

[22] H. Wheeler Robinson, *The Christian Experience of the Holy Spirit*, London: Nosbet & Co.Ltd, 1928, 151J.

വുമാകുന്നു. അതുവഴി അധോസ്വഭാവത്തെ, ശരീരത്തെ, നിവേദിക്കാനാവും. ഈ ധാരണയും യുക്ത്യനുസൃത ബലിബോധത്തിലുണ്ട്.

> എവുക്കറിസ്തിയാകർമ്മം പുരോഹിതൻ ആധ്യക്ഷം വഹിക്കുന്ന വിശ്വാസിസമൂഹത്തിന്റെ ആപ്തഹൃദയമാണ്. അതിനാൽ, വിശുദ്ധ കുർബാനയിൽ വിശുദ്ധ യാഗവസ്തുവിനെ പിതാവായ ദൈവത്തിന് അർപ്പിക്കാനും, തങ്ങളുടെതന്നെ ജീവനർപ്പിച്ച് അതിനോടു ചേരുവാനും വൈദികന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കണം.[23]

യുക്ത്യനുസൃതമായ (*മ്ലീലോ*) ബലി വചനത്തിന്റെ രൂപത്തിലും അർപ്പിക്കപ്പെടണം. സ്തുതി,സ്തോത്രബലികൾ. ഇവ ദൈവത്തിന്റെ നേർക്കുള്ള ആത്മാവിന്റെ തുറക്കലും തുറവുമാണ്. ഈ ആത്മീയബലികൾ യഥാർഥ ആരാധനയത്രേ. ഇവ *സത്യത്തിലും ആത്മാവിലുമുള്ള ആരാധന*യാകാൻ ഞാൻ എന്റെ അസ്തിത്വമാകെ ദൈവോന്മുഖമാക്കിക്കൊണ്ട് ദൈവത്തിന്റെ വചനമാകണം. മനുഷ്യൻ ദൈവത്തിന്റെ ''വചന''മാകുന്നതിനനുസരിച്ച് അവൻ സത്യാരാധന നിർവഹിക്കുന്നു.[24] അതായത്, ക്രൂശിതനായ ക്രിസ്തുവിനോട് അനുരൂപപ്പെടുന്നത്ര ദൈവഹിതത്തോടുള്ള അനുസരണം പാലിക്കണം. ദൈവത്തിന്റെ ''വചന''വും കുരിശും ബലിയും എന്നിൽ ഒന്നാകുന്ന ഉയർത്തൽ.

[23] വത്തിക്കാൻ രണ്ട്, *വൈദികർ*, നമ്പർ 5 [24] J. Ratzinger, *Jesus of Nazareth* II, 234.

അധ്യായം

# 2

# ദൈവത്തിന്റെ ആദ്ധ്യാത്മിക ബലിപീഠത്തിൽ

സുറിയാനി തക്സായിലെ *മദ്ബഹൊ മ്ലീലൊ* ആണ് 'ആദ്ധ്യാത്മിക ബലിപീഠം' എന്ന് മലയാള തക്സായിൽ വിവർത്തനം ചെയ്തിരിക്കുന്നത്. *മ്ലീലൊ* എന്ന സുറിയാനി വാക്കിന്റെ അന്തരാർഥം 'ആദ്ധ്യാത്മികം' എന്ന വാക്കിൽ വ്യക്തമല്ലെന്നും, വചനാനുസൃതമായ / യുക്ത്യനുസൃതമായ എന്നാണെന്നും നമുക്കു കാണപ്പെട്ടുവല്ലോ. ബലിപീഠത്തിന് വചനാത്മകമായ എന്ന വിവർത്തനമാണ് യുക്തമെന്നു വചനമനുസരിച്ചു നമുക്കു കാണാം. വചനാത്മകമായത് യുക്ത്യനുസൃതവുമാണ്.

വചനം ശരീരിയായവന്റെ ആത്മാവും ഉയിരും ശരീരവും അർപ്പിക്കപ്പെട്ടിരിക്കുന്ന, അർപ്പിക്കപ്പെടുന്ന, ബലി ദൈവം സ്വീകരിക്കാൻ വചനാത്മകമായ, യുക്ത്യനുസൃതമായ, ബലിപീഠം വചനം ശരീരിയായവൻ മാത്രമാണ്.

*... യഥാർഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. വാസ്തവത്തിൽ, അങ്ങനെയുള്ള ആരാധകരെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്. ആ സ്ത്രീ പറഞ്ഞു: മിശിഹാ - ക്രിസ്തു - വരുമെന്ന് എനിക്കറിയാം. അവൻ വരുമ്പോൾ*

*എല്ലാക്കാര്യങ്ങളും ഞങ്ങളെ അറിയിക്കും. യേശു അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻതന്നെയാണ് അവൻ.*[1]

ആത്മാവായ *ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്.* സത്യം, ക്രിസ്തു, *ഞാൻ ആയിരിക്കുന്നവൻ*, ആണ്. *നിന്റെ വചനമാണല്ലോ സത്യം.*[2] യേശുവേ, നീ ഞങ്ങളോടു വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ, *ഞാനാണ് **വഴി**യും സത്യവും ജീവനും. എന്നിലൂടെയല്ലാതെ ആരും പിതാവിങ്കലേക്കു വരുന്നില്ല.*[3]

*... തന്റെ ശരീരമാകുന്ന തിരശീലയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു **പാത** തുറന്നുതന്നിരിക്കുന്നു.*[4] അവന്റെ ശരീരമാകുന്ന വിരിക്കുള്ളിൽ ദൈവത്വമുണ്ട്. ശരീരമാകുന്ന വിരിയിലൂടെ പ്രവേശിച്ച് അതിൽ കുടികൊള്ളുന്ന ദൈവത്തെ ആരാധിക്കാൻ സാധിക്കണം. ഈ *സത്യത്തിൽ* യഥാർഥ ആരാധകരെ വിശുദ്ധീകരിക്കണമെന്ന് പിതാവിനോട് മഹാപുരോഹിതനായ *സത്യം* പ്രാർഥിച്ചിട്ടുമുണ്ട്. *അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനു **ഞാൻ** എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.*[5] ഈ *സത്യമാണ് നമുക്കുള്ള ബലിപീഠം.*[6] അതിൽ അർപ്പിക്കപ്പെട്ട അവന്റെ ബലി മാത്രമേ സകലരുടെയും പാപങ്ങൾക്കു പരിഹാരമായുള്ളു. *വരാനിരിക്കുന്ന നന്മകളുടെ പ്രധാന പുരോഹിതനായി വന്ന ക്രിസ്തു, ... ഈ സൃഷ്ടിയുടേതല്ലാത്ത കൂടാരത്തിലൂടെ ... സ്വന്തം രക്തത്തിലൂടെ നിത്യരക്ഷ ഉറപ്പാക്കിക്കൊണ്ട് ഒരിക്കൽമാത്രം എന്നേക്കുമായി അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിച്ചു... നിത്യാത്മാവുമൂലം കളങ്കമില്ലാതെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ അന്തഃകരണത്തെ എത്രയധികമായി വിശുദ്ധീകരിക്കുകയില്ല!*[7] *...സഹോദരരേ, യേശുവിന്റെ രക്തംമൂലം വിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാൻ നമുക്ക് ആത്മധൈര്യമുണ്ട്.*[8] എതിരാളികൾ തകർക്കുകയും മൂന്നു ദിവസത്തിനകം യേശു പുനരുദ്ധരിക്കുകയും ചെയ്ത ദേവാലയവും അവൻ തന്നാണല്ലോ.[9] അവൻതന്നാണ് ദൈവത്തിന്റെ സ്വർഗീയ ബലിപീഠവും ബലിക്രമവും. അതിനാലാണ് ഞാൻ അവനോട് അപേക്ഷിക്കുന്നത്: "... എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ ദൈവത്വത്തിനു പ്രസാദകരവും മഹത്ത്വമുള്ള നിന്റെ

[1]യോഹ 4,23-26 [2]യോഹ 17,17 [3]യോഹ 14,6 [4]എബ്രാ 10,20
[5]യോഹ 17,17-19 [6]എബ്രാ 10,13 [7]എബ്രാ 9,11-14 [8]എബ്രാ 10,19
[9]യോഹ 2,13-23

ബലിക്കു സദൃശവുമായ ജീവനുള്ള ബലി നിർമല മനസ്സാക്ഷിയോടെ നിനക്ക് അർപ്പിക്കുവാൻ എനിക്കിടയാക്കണമെ.''

സത്യ,മഹാപുരോഹിതനായ യേശുവിന്റെ യഥാർഥമായ ആരാധനയാൽ, സ്വയാർപ്പണത്താൽ, വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഞാൻ എന്റെ ജീവനും ശരീരവും അവൻവഴി അർപ്പിക്കുമ്പോൾ ഈ ആത്മീയ (*റൂഹോനൊയ്തൊ*) ബലി, യുക്ത്യനുസൃതമായ, വചനാനുസൃതമായ (*മ്ലീല്തൊ*) ഈ ശുശ്രൂഷ, ദൈവത്തിന്റെ വചനാത്മക ബലിപീഠത്തിൽ (*മദ്ബഹൊ മ്ലീലൊ*) സ്വീകരിക്കപ്പെടുമല്ലോ. അതുകൊണ്ട് ഞാൻ എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുന്നു: ''ദൈവമേ, ഈ സമയത്ത് ഞങ്ങളുടെ ഈ ആത്മീയ ബലിയെ, യുക്ത്യനുസൃതമായ ഈ ശുശ്രൂഷയെ, നിന്റെ വചനാത്മക ബലിപീഠത്തിൽ നീ സ്വീകരിക്കണമെ.''

അധ്യായം

# 3

# തിരുഹിതത്തിനു പ്രസാദകരവും സ്വീകാര്യവുമായ ജീവനുള്ള ബലി

"യുക്ത്യനുസൃതമായ ഈ ശുശ്രൂഷ മുഖാന്തരം തിരുഹിതത്തിനു പ്രസാദകരവും സ്വീകാര്യവുമായ ജീവനുള്ള ബലിയായി ഞങ്ങളെത്തന്നെ അർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമെ."

## തിരുഹിതത്തിനു പ്രസാദകരമായ ബലി

(ദൈവത്തിന്റെ) "തിരുഹിതത്തിനു പ്രസാദകരമായ" എന്നതിനു സമാന്തരമായി, ഞങ്ങളുടെ "കർത്താവും ദൈവവുമായ നിന്റെ ദൈവത്വത്തിനു പ്രസാദകരവും" (*ശപ്റൊ*) എന്ന് വചനശുശ്രൂഷയുടെ അവസാനം വിശ്വാസപ്രമാണത്തിനുശേഷം പുരോഹിതൻ കൈ കഴുകുമ്പോൾ രഹസ്യമായി ചൊല്ലുന്ന പ്രാർഥനയിലുണ്ട്.

*ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടന്നു പ്രസാദിച്ചു. എന്നാൽ, കായേനിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചില്ല.*[1]

മനുഷ്യൻ ആദ്യമായർപ്പിച്ച ബലിയെക്കുറിച്ച്[2] പുസ്തകങ്ങളുടെ ആരംഭത്തിൽ എഴുതപ്പെട്ടിട്ടുള്ള വാക്കുകൾ. ഈ ബലിക്കഥയിൽ സന്നിവേശിപ്പിക്കപ്പെട്ടിട്ടുള്ള സുപ്രധാനമായൊരു ബോധം, നാം അർപ്പിക്കുന്ന ബലിയിൽ ദൈവം പ്രസാദിക്കണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് നാമല്ല, ദൈവം(ദൈവഹിതം)തന്നെ എന്നതാണ്.

[1] ഉത്പ 4,4-5 [2] ഉത്പ 4,3-7

ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും കർത്താവ് പ്രസാദിക്കാൻ കാരണമൊന്നും പ്രത്യക്ഷത്തിലില്ല. പക്ഷേ കഥാവിവരണത്തിൽ അന്തർഭവിച്ചിട്ടുണ്ട്. കാഴ്ചവസ്തുക്കളിൽ മാത്രം കർത്താവ് പ്രസാദിക്കുന്ന കാര്യമല്ല, അവയുടെ അർപ്പകനി/രിലും അവയിലും പ്രസാദിക്കുന്ന കാര്യമാണ് പറഞ്ഞിട്ടുള്ളത്. അർപ്പകയി/നിൽ കർത്താവിനു പ്രസാദിക്കാവുന്ന നിലയിലാണെങ്കിലേ അവളുടെ/അവന്റെ കാഴ്ചവസ്തുക്കളിലും കർത്താവ് പ്രസാദിക്കുകയുള്ളു. കായേൻ ഉചിതമായ – നല്ല – നിലയിൽ, അതായത്, ദൈവികമായ നിലയിൽ, അല്ലായിരുന്നു. അതിനാൽ അവന്റെ കാഴ്ചവസ്തുക്കളും ഉചിതമല്ലായിരുന്നു.

ആരുടെ കാഴ്ചവസ്തുക്കളാണ് മെച്ചമെന്ന് ആദിപുസ്തകം പ്രത്യക്ഷമായി പറഞ്ഞിട്ടില്ല; പക്ഷേ, വരികൾക്കിടയിൽ പറഞ്ഞിട്ടുണ്ട്. *ഒരിക്കൽ കായേൻ തന്റെ വിളവിൽ ഒരു ഭാഗം കർത്താവിനു കാഴ്ച സമർപ്പിച്ചു.*[3] മണ്ണിൽ കൃഷിക്കാരനായിരുന്ന കായേൻ ആദ്യം കർത്താവിനു കാഴ്ച സമർപ്പിക്കേണ്ടിയിരുന്നത് മണ്ണിൽനിന്നുള്ള ആദ്യഫലങ്ങളായിരുന്നു.[4] അവൻ കർത്താവിനു കാഴ്ച സമർപ്പിച്ച "ഒരു ഭാഗം" ധാന്യങ്ങളോ? ഫലങ്ങളോ? വീഞ്ഞോ? എണ്ണയോ? വ്യക്തമല്ല. അവന്റെ ഹിതമനുസരിച്ചുള്ള "ഒരു ഭാഗം" എന്നു ശരിയായി അനുമാനിക്കാം.

ആബേലിന്റെ കാഴ്ചവസ്തുക്കളോ? *ആബേൽ തന്റെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽക്കുഞ്ഞുങ്ങളെയെടുത്ത് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങൾ അവിടത്തേക്കു കാഴ്ചവച്ചു.*[5] ആബേൽ തന്റെ ആട്ടിൻകൂട്ടത്തിലെ ആദ്യജാതന്മാരെ അവയുടെ കൊഴുപ്പുൾപ്പടെ കാഴ്ചവച്ചു. ഇത് കർത്താവിന്റെ ഹിതമനുസരിച്ചുള്ളതാണ്.[6] കൊഴുപ്പിന്റെ (മേദസ്സിന്റെ) കാര്യം എടുത്തുപറയുന്നത്, അതാണ് മൃഗത്തിന്റെ ഏറ്റവും ശ്രേഷ്ഠവും അഭിലഷണീയവുമായ ഭാഗമെന്നു കരുതിയിരുന്നതിനാലാണ്. കാഴ്ചമൃഗത്തെ കൊന്ന് ജീവൻ (രക്തം) അർപ്പിച്ചശേഷമാണ് കൊഴുപ്പു പ്രത്യേകം എടുക്കുന്നത്. ആബേലിന്റെ ബലി രക്തബലിയായിരുന്നു; ബലിവസ്തുവിന്റെ ജീവൻ അർപ്പിക്കുന്ന ബലിയായിരുന്നു; സജീവബലി ആയിരുന്നു. കായേന്റെ ബലി സ്വാഭീഷ്ടപ്രകാരമുള്ളതെങ്കിലും സജീവബലി അല്ലായിരുന്നു.

*വിശ്വാസംമൂലം ആബേൽ കായേന്റേതിനെക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിന് സമർപ്പിച്ചു. അതുവഴി അവൻ നീതിമാനായി അംഗീ*

---

[3]ഉത്പ 4,3 [4]പുറ 23,19;34,26; നിയ 26,1-2 [5]ഉത്പ 4,4 [6]പുറ 23,19;34,26; ലേവ്യ 1,12-13;3-7

*കരിക്കപ്പെട്ടു. അവന്റെ കാഴ്ചകൾക്കു ദൈവം സാക്ഷ്യം നല്കി. അതിനാൽ, മരിച്ചെങ്കിലും അവൻ ഇപ്പോഴും സംസാരിക്കുന്നു.*[7]

ആദ്യജാതനും ജേഷ്ഠനുമായ തന്റെ ബലി സ്വീകരിച്ചില്ലെങ്കിൽ കർത്താവിന്റെയും സഹോദരന്റെയും നേരെ അത്യധികം കോപിച്ചു മുഖം കുനിക്കുമെന്നു[8] മനക്കണക്കു കൂട്ടിക്കൊണ്ടാണ് കായേൻ ബലിയർപ്പിച്ചത്. തന്റെ ബലി സ്വീകരിക്കാതെ സഹോദരന്റെ ബലി സ്വീകരിക്കുകയാണെങ്കിൽ അവനോട് എന്തു ചെയ്യണമെന്ന പദ്ധതിയും, അവനോടും ദൈവത്തോടുമുള്ള ബന്ധം മുറിക്കുമെന്നും, കായേൻ മനക്കണക്കിൽ ഉൾപ്പെടുത്തിയിരുന്നു. *കായേൻ ഉചിതമായി പ്രവർത്തിച്ചില്ല. നല്ലതു ചെയ്തുമില്ല.*[9]

അവന്റെ മാതാപിതാക്കന്മാരെ അവരുടെ പാപത്തിനു ദൈവം നല്കിയ ശിക്ഷയിൽനിന്നു സംരക്ഷിക്കാൻ അവിടന്നുതന്നെ ചെയ്ത കാര്യം കായേൻ ഓർക്കാതിരുന്നതും അവന്റെ '*നല്ലതു ചെയ്കായ്കയിൽ*,' നന്മയില്ലായ്മയിൽ, ഉൾപ്പെടുന്നുണ്ടാകും. അവന്റെ മാതാപിതാക്കന്മാർ ദൈവഹിതത്തിന് എതിരായി പ്രവർത്തിച്ചു. ജീവനും അറിവും നഷ്ടപ്പെട്ടവരായി. സ്വന്തം നഗ്നത വെളിപ്പെട്ടു. ലജ്ജയും ഭയവും നിറഞ്ഞവരായി. പറുദീസായിലെ ജീവന്റെ ഫലം നഷ്ടപ്പെടുകയും ചെയ്തു. ജീവൻ സംരക്ഷിക്കാനും നഗ്നതയും ലജ്ജയും ഭയവും മറയ്ക്കാനും അത്തിയിലകൾ കൂട്ടിത്തുന്നി അവരുണ്ടാക്കിയ അരക്കച്ച അപര്യാപ്തമായിരുന്നു. ദൈവികജീവൻ വീണ്ടെടുക്കാൻ മനുഷ്യൻ സംവിധാനം ചെയ്യുന്ന പദ്ധതികൾ പര്യാപ്തമല്ല. അതിനാൽ, ദൈവമായ കർത്താവ് തോലുകൊണ്ട് അവർക്കുവേണ്ടി ഉടയാടയുണ്ടാക്കി അവരെ ധരിപ്പിച്ചു. അവിടന്നുതന്നെ അവർക്കു സംരക്ഷണം നല്കി. ദൈവം അവരെ ധരിപ്പിച്ച ഉടയാട പൗരോഹിത്യത്തിന്റെ അങ്കിയാണെന്ന് യഹൂദപാരമ്പര്യമുണ്ട്. കായേൻ സഹോദരന്റെ ജീവനു സംരക്ഷണം കരുതാതെയാണ് ബലിയർപ്പിച്ചത്. സഹോദരന്റെ ജീവനെ സംരക്ഷിക്കുന്ന ജീവനുള്ള ബലിയാണ് ജീവിക്കുന്നവനും ജീവൻ നല്കുന്നവനുമായ ദൈവത്തിനുചിതമെന്നതും കായേൻ കരുതിയില്ല.

---

[7]എബ്രാ 11,4 [8]പി.ഒ.സി ബൈബിൾ: 'മുഖം കറുത്തു;' സത്യവേദപുസ്തകം: 'മുഖം വാടി.' 'മുഖം കറുത്തു/വാടി' എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രുവാക്കിന്റെ വാച്യാർത്ഥം 'മുഖം കുനിഞ്ഞു' എന്നാണ്. [9]പി.ഒ.സി ഉത്പ 4,3-7; *ഉചിതമായി പ്രവർത്തിച്ചില്ല, നല്ലതു ചെയ്തുമില്ല* എന്നു വിവർത്തനം ചെയ്തിട്ടുള്ളത് ഒരേ ഹീബ്രു ശൈലിതന്നെ.

കായേന്റെ മാതാപിതാക്കന്മാരുടെ ദൈവികജീവൻ, ദൈവവുമായുള്ള അവരുടെ ബന്ധം, അവരുടെ പാപത്താൽ നഷ്ടപ്പെട്ടിരുന്നു. ദൈവികജീവൻ നഷ്ടപ്പെടുത്തുന്ന പാപത്തിന്റെ മോചനത്തിന് ജീവൻ സമർപ്പിക്കപ്പെടുന്ന ബലിയർപ്പിക്കണം. അത് ചെയ്യാൻ അവർക്കു കഴിവില്ലാതിരുന്ന സാഹചര്യത്തിൽ അവർക്കു ജീവനുണ്ടാകാൻ, അതു സമൃദ്ധിയായുണ്ടാകാൻ, തന്റെ ഏകജാതനെത്തന്നെ ബലിയായി നല്കാനുള്ള ദൈവത്തിന്റെ സ്നേഹപദ്ധതിയും മനുഷ്യന്റെ പാപചരിത്രത്തിന്റെ ആദിയിൽ ദൈവം പറഞ്ഞു: അവിടന്ന് ആദം-ഹവ്വാമാരെ സാക്ഷിനിർത്തി പാപഹേതുവിനോടു പറഞ്ഞു: അവൻ (സ്ത്രീയുടെ സന്തതി) നിന്റെ തല തകർക്കും. കാലത്തിന്റെ തികവിൽ ദൈവം തന്നെയായ ദൈവപുത്രൻ സ്ത്രീയുടെ സന്തതിയായി പിറന്ന് കുരിശിൽ തൂക്കപ്പെട്ടു തന്നത്തന്നെ മനുഷ്യകുലത്തിന്റെ പാപമോചനത്തിനുള്ള ബലിയായി സ്രഷ്ടാവായ ദൈവത്തിന് അർപ്പിച്ചു. ആദിയിൽ ദൈവം മനുഷ്യവംശത്തിന്റെ പാപമോചനത്തിനുവേണ്ടി പദ്ധതിയിട്ടിരുന്ന ജീവനുള്ള ബലിയുടെ പൂർത്തീകരണമാണ് ദൈവമായ ദൈവപുത്രൻ കുരിശിൽ അർപ്പിച്ചത്. മനുഷ്യകുലത്തിൽ ദൈവികജീവൻ നഷ്ടപ്പെടുന്ന പാപം പ്രവേശിച്ചതിനുശേഷവും ദൈവം ആദം-ഹവ്വാമാർക്കു സംരക്ഷണം നല്കി. ദൈവികജീവൻ വീണ്ടെടുക്കാനുള്ള വഴിയും ദൈവം വെളിപ്പെടുത്തി. അതിനുശേഷം മനുഷ്യർ നടത്തുന്ന ആദ്യബലികളാണ് കായേൻ - ആബേൽമാരുടേത്.

ആദ്യം പിറന്നവനെങ്കിലും ആദ്യജാതസ്ഥാനം ആർക്കായിരിക്കണമെന്നും ആരുടെ ബലി സ്വീകരിക്കണമെന്നും താനല്ല, കർത്താവാണ് തീരുമാനിക്കേണ്ടതെന്നുമുള്ള കാര്യങ്ങളും കായേൻ കണക്കിലെടുത്തില്ല. കർത്താവിനോടും സഹോദരനോടും മുൻകൂർവിരോധവും സഹോദരനോടു പകയും മനസ്സിൽ സ്വരൂപിച്ചുകൊണ്ട് അർപ്പിച്ച ബലിയിൽ കർത്താവ് പ്രസാദിച്ചില്ല. മൃഗത്തെ ബലിയർപ്പിച്ച് ജീവൻ ദൈവത്തിനു സമർപ്പിക്കേണ്ടതിനു പകരം കായേൻ തന്റെ സഹോദരന്റെ ജീവൻ തനിക്കുവേണ്ടി എടുത്തു നശിപ്പിച്ചു. തന്റെ മാതാപിതാക്കന്മാർ ചെയ്ത പാപംതന്നെ, ദൈവികജീവനെ നഷ്ടപ്പെടുത്തുന്ന പാപംതന്നെ, കായേനും ചെയ്തു. സഹോദരന്റെ ജീവന് ഉത്തരവാദിയാകുകയും ചെയ്തു.

സ്വർഗീയപിതാവിന്റെ ആദ്യജാതാ, ദൈവമായ കർത്താവ് കായേനോടു പറഞ്ഞതും ചെയ്തതുമല്ലോ നീ നിന്റെ മലയിലെ പ്രസംഗത്തിൽ പുനഃപ്രസാധനം ചെയ്തിട്ടുള്ളത്: *കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്കു വിധേയനാകും എന്നു പൂർവികരോടു പറയപ്പെട്ടതായി*

*നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്കു വിധേയനാകും; സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിനും വിഡ്ഢീ എന്നു വിളിക്കുന്നവൻ നരകാഗ്നിക്കും വിധേയനാകും. അതിനാൽ, നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു ബലിപീഠത്തിനുമുമ്പിൽ വച്ചശേഷം, പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക. ...*[10]

താൻ സൃഷ്ടിച്ചതെല്ലാം നല്ലതെന്നു കണ്ടു പ്രസാദിച്ച നന്മതന്നെയായ ദൈവത്തിനും, സ്വന്തം സഹോദരനും നന്മയായതല്ല കായേൻ ചെയ്ത ബലി.[11] അവൻ കർത്താവിനർപ്പിച്ചത് സ്വാഭീഷ്ടപ്രകാരമുള്ള കാഴ്ചവസ്തുക്കളായിരുന്നു. ആബേൽ അർപ്പിച്ച കാഴ്ചവസ്തുക്കൾ കർത്താവിന്റെ ഹിതപ്രകാരമുള്ളതായിരുന്നു. അത് അവന്റെ ആട്ടിൻപറ്റത്തിലെ ആദ്യജാതന്മാരെ, ആട്ടിൻകൂട്ടത്തിൽനിന്നു തനിക്കുവേണ്ടി കർത്താവ് ആവശ്യപ്പെട്ട ഭാഗം, അവയുടെ ഏറ്റവും ശ്രേഷ്ഠവും അഭിലഷണീയവുമായ ഭാഗം ഉൾപ്പടെയുള്ളത് ആയിരുന്നു. അത് ജീവനുള്ള ബലി ആയിരുന്നു. ദൈവഹിതമനുസരിച്ചു ബലിയർപ്പിച്ചതു നിമിത്തം ഹാബേൽ കൊല്ലപ്പെട്ടു. യേശു അവനെ നീതിനിഷ്ഠനായ ആദ്യരക്തസാക്ഷിയെന്ന് അംഗീകരിക്കുന്നു.[12] തന്റെ രക്തസാക്ഷിത്വത്താൽ ഹാബേൽ കർത്താവിന്റെ തിരുഹിതത്തിനു പ്രസാദകരമായ തന്റെ ജീവനുള്ള ബലിയർപ്പണം ശ്രേഷ്ഠമാക്കി. *വിശ്വാസത്താൽ ആബേൽ കായേന്റേതിനെക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനർപ്പിച്ചു. അതുവഴി അവൻ നീതിനിഷ്ഠനാണെന്നു സാക്ഷ്യമുണ്ടായി. അവന്റെ കാഴ്ചകൾക്കു ദൈവം സാക്ഷ്യം നല്കുന്നതിനാൽ, മരിച്ചെങ്കിലും അവൻ ഇപ്പോഴും സംസാരിക്കുന്നു.*[13] മലങ്കര സുറിയാനി സഭയുടെ ക്രമത്തിൽ കുർബാനയ്ക്കുള്ള ഒരു സെദറായിൽ എനിക്കിങ്ങനെ അപേക്ഷിക്കാമല്ലോ: ''കർത്താവേ, ... നീതിനിഷ്ഠനായ ആബേലിന്റെ കാഴ്ചയും ... കൈക്കൊണ്ടപ്രകാരം ഞങ്ങളുടെ അടുത്തേക്കു തിരിഞ്ഞു ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ.''

ചുരുക്കത്തിൽ, തിരുഹിതത്തിനു പ്രസാദകരമായ (പ്രീതികരമായ) ബലി ഏതാണെന്ന് പുസ്തകത്തിന്റെ ആരംഭത്തിലേ കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്: അത്, *നല്ല* ബലിയർപ്പണമാണ്. ബലിയർപ്പിക്കാൻ അർപ്പകന്റെ അവകാശ,അർഹതകളും ബലിയുടെ സ്വീകാര്യതയും തീരുമാ

[10]മത്താ 5,21-26 [11]ഉത്പ 4,7 [12]മത്താ 23,35;ലൂക്കാ 11,51 [13]എബ്രാ 11,4; ഗ്രീക്കുപാഠത്തിൽനിന്നുള്ള വിവർത്തനം

നിക്കാനുള്ള അധികാരാവകാശങ്ങൾ ദൈവമായ കർത്താവിന്റെ ഹിതത്തിനുതന്നെ വിട്ടുകൊണ്ട് നാമർപ്പിക്കുന്ന ജീവനുള്ള ബലിയാണ്. നമുക്ക് ഏറ്റവും പ്രിയങ്കരമെന്നും നമ്മുടെ ഏറ്റവും ശ്രേഷ്ഠമായ ഭാഗമെന്നും നാം കരുതുന്നതിന്റെ അർപ്പണമാണ്. ഈ ഭാഗം നമ്മുടെ ജീവൻതന്നെ. സഹോദരനെയും അവന്റെ ബലിയെയും മാനസ്സികമായി അകറ്റിനിർത്താത്ത ബലിയാണ്. ബലിയർപ്പകനായ എനിക്ക് എന്റെ സഹോദരനോടോ അവന് എന്നോടോ വിരോധവും പകയും എന്റെ മനസ്സിലും ഓർമയിലും വച്ചുതാലോലിക്കാതെയുള്ള, അവനോടു രമ്യതപ്പെട്ടുകൊണ്ടുള്ള, ബലിയർപ്പണമാണ്. അതിനാലാണ് യേശു തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിലേക്ക് ഏല്പിച്ചു തന്റെ ബലി പൂർത്തിയാക്കുന്നതിനുമുമ്പു പറഞ്ഞത്, *പിതാവേ, അവരോടു ക്ഷമിക്കണമെ; എന്തെന്നാൽ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.*[14] ആബേലിന്റെ രക്തസാക്ഷിത്വബലിയും യേശു പൂർത്തിയാക്കി.

നമ്മെത്തന്നെ ജീവനുള്ള ബലിയായി അർപ്പിക്കുന്നതിന് അടിസ്ഥാനപരവും പ്രായോഗികവുമായ മേഖലകളിൽ ചിലത് എഫേസ്യർക്കും റോമാക്കാർക്കുമുള്ള ലേഖനങ്ങളിൽനിന്നു കാണാം: *ആകയാൽ, നിങ്ങൾ വത്സലമക്കളെപ്പോലെ, ദൈവത്തെ അനുകരിക്കുന്നവരാകുവിൻ മിശിഹാ നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി ദൈവത്തിനു സുരഭിലകാഴ്ചയും ബലിയുമായി തന്നത്തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തതുപോലെ നിങ്ങളും സ്നേഹത്തിൽ ചരിക്കുവിൻ. വിശുദ്ധർക്കു യോജിച്ചപോലെ, നിങ്ങൾക്കിടയിൽ, വ്യഭിചാരം, ഏതെങ്കിലും അശുദ്ധി, അത്യാഗ്രഹം എന്നീ പേരുകൾ പരാമർശിക്കപ്പെടുകപോലും അരുത്. ളേച്ഛരതയോ വ്യർത്ഥതയുടെയും പരിഹാസത്തിന്റെയും ചപലതയുടെയും ഭാഷണങ്ങളോ അരുത്. ഇവയല്ല ഉചിതം; പ്രത്യുത, കൃതജ്ഞതാസ്തോത്രമാണ്. എന്തെന്നാൽ, നിങ്ങൾ ഇത് തീർച്ചയായും അറിഞ്ഞുകൊള്ളുവിൻ: യാതൊരു വ്യഭിചാരിക്കും അശുദ്ധനും അത്യാഗ്രഹിക്കും - അതായത്, വിഗ്രഹാരാധകനും - മിശിഹായുടെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമുണ്ടായിരിക്കുകയില്ല.*[15]

*... നിങ്ങളും പാപത്തിനു മരിച്ചവരാണെന്നും ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ. അതുകൊണ്ട്, ജഡമോഹങ്ങൾ നിങ്ങളെ കീഴ്പ്പെടുത്താതിരിക്കത്തക്കവിധം പാപം നിങ്ങളുടെ ശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ. നിങ്ങളുടെ അവയവങ്ങൾ അനീതിയുടെ അവയവങ്ങളായി പാപത്തിനു വിട്ടുകൊടുക്ക*

[14]ലൂക്കാ 23,34 [15]എഫേ 5,1-5പ്ശീത്താ, ഗ്രന്ഥകാരന്റെ വിവർത്തനം.

*രുത്; പ്രത്യുത, മരിച്ചവരിൽനിന്നു ജീവൻ പ്രാപിച്ചവരായി നിങ്ങളെത്തന്നെയും നീതിയുടെ ആയുധങ്ങളായി നിങ്ങളുടെ അവയവങ്ങളെയും ദൈവത്തിനു വിട്ടുകൊടുക്കുവിൻ.... ഒരിക്കൽ നിങ്ങളുടെ അവയവങ്ങൾ അശുദ്ധിക്കും കടുത്ത അതിക്രമത്തിനും അടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങൾ വിശുദ്ധീകരണത്തിനുള്ള നീതിയുടെ അടിമകളായി സമർപ്പിക്കുവിൻ... ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കുള്ള ഫലം വിശുദ്ധീകരണവും നിത്യജീവനുമാണ്.*[16]

തിരുഹിതത്തിനു പ്രസാദകരമായ ബലി തിരുഹിതത്തെ സന്തോഷിപ്പിക്കുന്നതാണ്;[17] അർപ്പിക്കുന്നവനെത്തന്നെ പ്രസാദിപ്പിക്കുന്നത് / പ്രീതിപ്പെടുത്തുന്നത് അല്ല. ക്രിസ്തു തന്നത്തന്നെ പ്രസാദിപ്പിക്കാനല്ല ബലിയർപ്പിച്ചത്[18] അവന്റെ ബലി അശക്തരുടെ ബലഹീനതയെ വഹിച്ചുകൊണ്ടുള്ളതാണ്.[19] തിരുഹിതത്തിനു പ്രസാദകരമായ ബലി ദൈവവചനത്തിൽ ഉപേക്ഷ കാണിക്കാതെയുള്ള ശുശ്രൂഷയ്ക്കുതകുംവിധം പ്രാർഥനയിലും വചനശുശ്രൂഷയിലും വ്യാപരിച്ചുള്ളതാണ്.[20]

[16] റോമ 6,1-23 [17] മത്താ 15,6 [18] 1പത്രോ 2,10 [19] 1പത്രോ 2,10 [20] അപ്പ 6,5

അധ്യായം

# 4

# തിരുഹിതത്തിനു
# സ്വീകാര്യമായ സജീവബലി

## തിരുഹിതത്തിനു സ്വീകാര്യമായ ബലി

തിരുഹിതത്തിനു പ്രസാദകരമായ ബലിയാണ് തിരുഹിതത്തിനു സ്വീകാര്യമായ ബലിയെന്ന് കർത്താവ് പറയുന്നത് കായേൻ-ഹാബേൽ മാരുടെ ബലിക്കഥയിലുണ്ട്. *കർത്താവ് കായേനോടു ചോദിച്ചു: ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ?*[1] *നല്ലതു പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാകുകയില്ലേ* എന്നാണ് കർത്താവ് ചോദിച്ചത്. കായേൻ *പ്രവർത്തിക്കേണ്ടിയിരുന്ന നല്ലത്* എന്താണെന്നു തിരുഹിതത്തിനു *പ്രസാദകരമായ* ബലിയെക്കുറിച്ചുള്ള വിചിന്തനം വ്യക്തമാക്കി. രക്തസാക്ഷിത്വത്തിനുപോലും തയ്യാറായിക്കൊണ്ടുള്ള ബലിയർപ്പണമാണ് ദൈവതിരുഹിതത്തിനു പ്രസാദകരവും സ്വീകാര്യവുമായ സജീവബലി.

## തിരുഹിതത്തിനു സ്വീകാര്യമായ **ജീവനുള്ള** ബലി

സജീവ ബലിയായി, ജീവനുള്ള ബലിയായി, സ്വയം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് ഞാൻ പ്രാർഥിക്കുന്നു. വിശുദ്ധ ബലിയിൽ നാം നമ്മെ ജീവനുള്ള ബലിയായി സമർപ്പി

[1] ഉത്പ 4,7

ക്കുന്നതിലാണ് വിശുദ്ധ ബലിയിലുള്ള നമ്മുടെ ക്രിയാത്മക പങ്കാളിത്തം. അത്യധികം തെറ്റിദ്ധരിക്കപ്പെട്ട ഒരു സങ്കല്പമാണ് ക്രിയാത്മക പങ്കാളിത്തമെന്ന് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ 2012 ജൂൺ 17 ഞായറാഴ്ച അയർലണ്ടിലെ ഡബ്ളിനിൽ അന്തർദേശീയ ദിവ്യകാരുണ്യകോൺഗ്രസിൽ അർപ്പിച്ച ദിവ്യബലിമധ്യേ നല്കിയ സുവിശേഷപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

> ... പലപ്പോഴും, ആരാധനക്രമത്തിന്റെ പുനഃക്രമീകരണം ബാഹ്യതലത്തിൽ മാത്രം ഒതുങ്ങിപ്പോകുകയും ക്രിയാത്മക പങ്കാളിത്തം ബാഹ്യപ്രവർത്തനമാണെന്നു തെറ്റിധരിക്കപ്പെടുകയും ചെയ്തു. അതുകൊണ്ടുതന്നെ യഥാർഥ ആരാധനക്രമനവീകരണത്തിലേക്ക് ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്. ഇന്നത്തെ ധൃതഗതിയിൽ മാറുന്ന ലോകത്തിൽ, ഭൗതികവസ്തുക്കളിൽ മാത്രം ആശ്രയമർപ്പിക്കുന്ന ഇക്കാലത്ത്, ഉത്ഥാനം ചെയ്ത കർത്താവിന്റെ നിഗൂഢസാന്നിധ്യത്തെക്കുറിച്ചു തിരിച്ചറിയാൻ നാം പുതുതായി പഠിക്കേണ്ടിയിരിക്കുന്നു. അതിനു മാത്രമേ നമ്മുടെ ജീവിതങ്ങളുടെ ആഴവും പരപ്പും നിർണയിക്കാൻ സാധിക്കൂ. ദിവ്യകാരുണ്യം ആകമാന സഭയുടെ ആരാധനയാണ്. എന്നാൽ, ഓരോ ക്രൈസ്തവരുടെയും പൂർണ അർപ്പണം സഭയുടെ ദൗത്യത്തിൽ ആവശ്യമാണ്...[2]

ദൈവതിരുഹിതത്തിനു സ്വീകാര്യമായ സജീവബലി ഏതെന്ന് എബ്രായലേഖനം സ്ഥിരീകരിക്കുന്നതും ഞാൻ ശ്രദ്ധിക്കണം: *ഇതിനാൽ, അവൻ ലോകത്തിലേക്കു പ്രവേശിക്കുമ്പോൾ അരുൾചെയ്യുന്നു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്നു സംപ്രീതനായില്ല. അപ്പോൾ, ഞാൻ പറഞ്ഞു: പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നപോലെ, ദൈവമേ, അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു. നിയമപ്രകാരം അർപ്പിക്കപ്പെട്ടിരുന്ന ബലികളും കാഴ്ചകളും ദഹനബലികളും പാപപരിഹാരബലികളും അവിടുന്ന് ആഗ്രഹിക്കുകയോ അതിൽ സംപ്രീതനാകുകയോ ചെയ്തില്ല എന്ന് നിയമപ്രകാരം അർപ്പിക്കപ്പെട്ട ബലികളെക്കുറിച്ച് മുകളിൽ പറഞ്ഞപ്പോൾ, അവൻ പറഞ്ഞു: അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു. രണ്ടാമത്തേതു സ്ഥാപിക്കാനായി, ഒന്നാമത്തേത് അവൻ നീക്കിക്കളയുന്നു. അവിടുത്തെ ഹിതത്താൽ യേശുക്രിസ്തുവിന്റെ ശരീ*

[2] *ഒസ്സെർവാത്തോരെ റൊമാനോ*, പുസ്തകം 5. ലക്കം 12, 28 ജൂൺ 1912, പേജ് 9

*രത്തിന്റെ അർപ്പണത്തിലൂടെ എന്നേക്കുമായി നാം വിശുദ്ധീകരിക്കപ്പെട്ടി രിക്കുന്നു.*[3]

## സജീവബലി - ജീവനുള്ള ബലിവസ്തു ബലിയർപ്പണം വഴി ജീവനുള്ളതായി തിരികെ ലഭിക്കുന്നത് [3a]

സജീവബലിയെക്കുറിച്ചുള്ള പഴയനിയമസങ്കല്പത്തിൽ ഒരു നൂത നാധ്യായമാണ് അബ്രാഹത്തിന്റെ ബലി; അതായത്, ഇസഹാക്കിന്റെ ബലി. അത് 'ജീവനുള്ള ബലി'യുടെ സജീവത്വത്തിന്റെ ഒരു പുതിയ സവിശേഷത പ്രകാശിപ്പിക്കുന്നു.

*നീ സ്നേഹിക്കുന്ന നിന്റെ ഏകജാതൻ ഇസഹാക്കിനെ* മോറി യാദേശത്തു ഞാൻ കാണിച്ചുതരുന്ന മലയിൽ എനിക്കു ദഹനബ ലിയായി അർപ്പിക്കണമെന്നാണ് ദൈവം അബ്രാഹത്തോട് ആവശ്യ പ്പെട്ടത്. ഇങ്ങനെ ദൈവം അവനെ *പരീക്ഷിച്ചു*.[4] പക്ഷേ, അബ്രാഹം വ്യാകുലചിത്തനായെന്നോ, ദൈവത്തോട് എന്തെങ്കിലും തടസ്സം ഉന്ന യിച്ചതായോ, ഒരു ചോദ്യമെങ്കിലും ഉന്നയിച്ചതായോ തിരുവെഴുത്തി ലില്ല. ...*നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം* എന്ന ദൈവവാക്കുകളെ തൊട്ടുള്ളത് ഈ വാക്കുകളാണ്: *അബ്രാഹം അതിരാവിലെ എഴുന്നേറ്റു കഴുതയ്ക്കു ജീനിയിട്ട് രണ്ടു വേലക്കാരെയും മകൻ ഇസഹാക്കിനെയും കൂട്ടി ബലിക്കു വേണ്ട വിറകും കീറിയെടു ത്ത്, ദൈവം പറഞ്ഞ സ്ഥലത്തേക്കു പുറപ്പെട്ടു...*[5] ഈ വിവരണം സൂചി പ്പിക്കുന്നത്, ദൈവത്തിന്റെ വാക്കു കേട്ട മാത്രയിൽത്തന്നെ അബ്രാഹം തന്റെ ഹിതത്തിൽ, താൻ സ്നേഹിക്കുന്ന തന്റെ ഏകജാതനെ അവന്റെ ജീവനുൾപ്പടെ ദൈവത്തിനു ബലിയർപ്പിച്ചു എന്നത്രേ.

ദഹനബലിക്കു കർമക്രമമുണ്ട്. ആദ്യം ജീവനുള്ള ബലിവസ്തു വിന്റെ ജീവൻ അർപ്പിക്കണം. (അതിനെ കൊന്ന് രക്തം കർത്താവ് നിർദ്ദേശിച്ചിട്ടുള്ളിടത്ത് ഒഴിക്കണം). ബലിവസ്തുവിനെ കൊല്ലാൻ അബ്രാഹം കത്തിയുയർത്തിയതേയുള്ളു. സ്വർഗത്തിൽനിന്നു കർത്താ വിന്റെ ദൂതൻ ഇടപെടുകയും, അബ്രാഹം തന്റെ പിന്നിൽ മുൾച്ചെടിക ളിൽ കുരുങ്ങിക്കിടക്കുന്ന മുട്ടാടിനെ കാണുകയും ചെയ്തതുവരെയും അബ്രാഹത്തിന്റെ മനസ്സിലും ദൃഷ്ടിയിലും ഈ ബലിക്കു ദൈവം കരുതിയ കുഞ്ഞാട് തന്റെ ഏകജാതൻതന്നെയായിരുന്നു. സ്വർഗത്തിൽ

[3]എബ്രാ 10,5-10 [3a] യോഹ. 10, 17-18 [4]ഉത്പ 22,1 .[5]ഉത്പ 22 വാക്യം 3 മുതൽ

നിന്നു കർത്താവിന്റെ ദൂതൻ *അബ്രാഹം, അബ്രാഹം* എന്നു വിളിച്ചപ്പോൾ അവന്റെ മറുപടി ഇതായിരുന്നല്ലോ: *ഇതാ, ഞാൻ.*[6] അതിനർഥം, ഇതാ, ഞാൻ ബലിയർപ്പിക്കുന്നു എന്നാണല്ലോ. അബ്രാഹമിന്റെ മറുപടിയുടെകൂടെ രണ്ടു വാക്കുകൂടി ചേർത്താണല്ലോ കന്യകാമറിയം കർത്താവിന്റെ ദൂതനോടുള്ള തന്റെ മറുപടികൾ പൂർണമാക്കിയത്. രണ്ടു പേരുടെയും മറുപടി കർത്താവിലുള്ള വിശ്വാസത്തിന്റേതായിരുന്നു, ആശ്രയത്തിന്റേതായിരുന്നു, സമർപ്പണത്തിന്റേതായിരുന്നു. ജീവനുള്ള ബലിയർപ്പണത്തിന്റെ വാക്കുകളായിരുന്നു.

ദൈവത്തിന്റെ വാക്കു കേട്ട മാത്രയിൽത്തന്നെ അബ്രാഹം തന്റെ ഹിതത്തിൽ, താൻ സ്നേഹിക്കുന്ന തന്റെ ഏകജാതനെ അവന്റെ ജീവനുൾപ്പടെ ദൈവത്തിനു ബലിയർപ്പിച്ചുകഴിഞ്ഞിരുന്നു. അതിനാൽ കർത്താവിന്റെ ദൂതൻ സ്വർഗത്തിൽനിന്ന് അവനെ വിളിച്ചു പറഞ്ഞു: *കുട്ടിയുടെ മേൽ കൈ വയ്ക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏകപുത്രനെ എനിക്കു തരാൻ മടി കാണിച്ചില്ല.*[7]

ശാരീരികജീവൻ കൊല്ലപ്പെടാതെ ഇസഹാക് ദൈവത്തിനു സ്വീകാര്യമായ ജീവനുള്ള ബലിയായി അർപ്പിക്കപ്പെട്ടു - ഇസഹാക് ദൈവത്തിനു സജീവനായി നല്കപ്പെട്ടു. അതുവഴി ഇസഹാക്കിനെ ജീവനുള്ളവനായി ബലിയർപ്പകനു ദൈവത്തിൽനിന്നു തിരികെ ലഭിച്ചു. ഈ ബലിസംഭവത്തിൽ വിശ്വാസിക്കു ദർശിക്കാനാകുന്ന വലിയൊരു സത്യമുണ്ട്: മരണത്തിനപ്പുറം ജീവിതം ഉറപ്പാക്കാൻ അനാദിസ്നേഹത്തിനു കഴിവുണ്ട്.[8]

*വിശ്വാസം മൂലമാണ്, പരീക്ഷിക്കപ്പെട്ടപ്പോൾ അബ്രാഹം ഇസഹാക്കിനെ സമർപ്പിച്ചത്. അവൻ തന്റെ ഏകപുത്രനെ ബലിയർപ്പിക്കാൻ ഒരുങ്ങിയത്, ഇസഹാക്കിലൂടെ നിന്റെ സന്തതിപരമ്പര വിളിക്കപ്പെടും എന്ന വാഗ്ദാനം സ്വീകരിച്ചിരുന്നപ്പോഴാണ്. മരിച്ചവരിൽനിന്ന് മനുഷ്യരെ ഉയിർപ്പിക്കാൻ കഴിയുമെന്ന് അവൻ വിചാരിച്ചു. അതുകൊണ്ട്, പ്രതീകാത്മകമായി പറഞ്ഞാൽ, ഇസഹാക്കിനെ അവനു തിരിച്ചുകിട്ടി.*[9]

സജീവബലിയായി അർപ്പിക്കപ്പെട്ടവനോടൊപ്പം ജീവനുള്ളവരുടെ പരമ്പരകളെയും, അവനിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്ര

[6] ഉത്പ 22,11 [7] ഉത്പ 22,12 [8] ഫ്രാൻസിസ് പപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, നമ്പർ 11. [9] എബ്രാ 11,17-19

ഹിക്കപ്പെടുമെന്നും, ബലിയർപ്പകനായ അബ്രാഹത്തോടു കർത്താവ് തന്റെ ദൂതൻവഴി ശപഥം ചെയ്തു.[10]

അബ്രാഹത്തിന്റെ ഈ ബലിയെ ഓർക്കാനാണ് കുർബാനയിലെ ഒരു സെദറായിൽ ഞാനിങ്ങനെ അപേക്ഷിക്കാൻ മലങ്കരസഭ എനിക്കു ക്രമീകരിച്ചു തന്നിട്ടുള്ളത്: ''കർത്താവേ, ... അബ്രഹാമിന്റെ ആദ്യഫല സമർപ്പണവും ... കൈക്കൊണ്ടപ്രകാരം ഞങ്ങളുടെ അടുത്തേക്കു തിരിഞ്ഞു ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ.'' വല്ലപ്പോഴും ഇതു ചൊല്ലിപ്പോകുമ്പോൾ ഞാനോർക്കുമോ അബ്രാഹമിന്റെ ആദ്യഫലസമർപ്പണം തന്റെ ഏകജാതനായ വത്സലപുത്രനെ ജീവനുള്ള ബലിയായി അർപ്പിച്ച് ജീവനുള്ളവനായി ദൈവത്തിൽനിന്നു തിരികെ പ്രാപിച്ചതാണെന്ന്. ഞാൻ ഏറ്റവും സ്നേഹിക്കുന്ന എന്റെ ജീവനും ദൈവത്തിനർപ്പിച്ചാൽ മാത്രമേ ഞാൻ ജീവനുള്ളവനായിത്തീരൂയെന്ന് ഓർക്കാതെ ഞാനർപ്പിച്ചിട്ടുള്ള ബലികൾകൊണ്ട് ആർക്കെന്തു നന്മ ചെയ്തു ഞാൻ? ഞാനോർക്കേണ്ടതല്ലേ, ഞാൻ എന്നെ ജീവനുള്ള ബലിയായി കർത്താവിനർപ്പിച്ചാലേ ഞാൻ മുഖാന്തരം ദൈവജനം അനുഗ്രഹിക്കപ്പെടൂയെന്ന്!

ഇസഹാക്കിന്റെ സജീവബലി യേശുവിന്റെ സജീവബലിയുടെ മുൻകുറി ആയിരുന്നു. രക്ഷാകരപദ്ധതിയിലെ ഈ രണ്ടു ബലികളും തമ്മിൽ സാധർമ്യപ്പെട്ടിരിക്കുന്നു. ഇരുവരും ഏകജാതന്മാരായിരുന്നു. ഇരുവരും താന്താങ്ങളുടെ പിതാക്കന്മാരുടെ വത്സലപുത്രന്മാരായിരുന്നു; അബ്രാഹത്തിന്റെ വാഗ്ദത്ത പുത്രന്മാരായിരുന്നു. ഇരുവരുടെയും ജനനം ദൈവത്തിന്റെ പ്രത്യേക ഇടപെടലിന്റെ ഫലമാണ്. ഇരുവരും ദൈവത്തിന്റെ വാഗ്ദത്ത പുത്രന്മാരാണ്. ഇരുവരും അവരവരുടെ ബലിപീഠം വഹിച്ചുകൊണ്ടു ബലിസ്ഥലത്തേക്കു പോയി. ഇരുവരും മലയിൽ ബലിയർപ്പിക്കപ്പെട്ടു. ഇരുവരുടെയും ബലി ദൈവഹിതപ്രകാരമാണ്; ദൈവത്തിനു പ്രസാദകരമാണ്; സജീവമാണ്; ഇരുവരും ബലിയിൽനിന്നു ജീവനുള്ളവരായി തിരികെ വന്നു; ഇരുവരുടെയും ബലി ദൈവത്തിനു സ്വീകാര്യമായി. ബലിവസ്തുക്കളായ ഇരുവരിലൂടെയും ലോകത്തിലെ സകല ജനതകളും അനുഗ്രഹിക്കപ്പെട്ടു.

ഞങ്ങളുടെ മഹാപുരോഹിതനായ യേശുമിശിഹാ, നിന്റെ ബലി ഇസഹാക്കിന്റെ ബലിയെക്കാൾ എത്രയോയധികം മഹനീയമാകുന്നു! ബലിവസ്തുവായ നീ മാതാവില്ലാതെ പിതാവിൽനിന്നു നിത്യതയിലേ

[10] ഉത്പ 22,15-18

ജനിച്ചവനും, കാലത്തികവിൽ പിതാവില്ലാതെ മാതാവിൽനിന്നു ഭൂമിയിൽ ജനിച്ചു ഞങ്ങളുടെയിടയിൽ കൂടാരമടിച്ചവനുമാകുന്നു. നീ സ്വർഗീയ പിതാവിന്റെ ആദ്യജാതനായ ഏകജാതനാകുന്നു. നീ നിന്റെ പിതാവിനോട് ഏക സത്തയുള്ളവനാകുന്നു. അതിനാൽ നിന്റെ ബലിയിൽ നീതന്നെയാണല്ലോ പുരോഹിതനും ബലിവസ്തുവും ബലിപീഠവും ബലിക്രമവും ബലി സ്വീകരിക്കുന്നവനും.

നീതിനിഷ്ഠനായ നിന്റെ ബലി മഹാപാപിയായ എന്നെപ്രതിയും പാപികളായ ഞങ്ങളെപ്രതിയും എല്ലാവരെപ്രതിയും, എനിക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും എല്ലാവർക്കുവേണ്ടിയുമാകുന്നു. നിന്റെ ബലി എന്റെയും ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനുള്ളതാകുന്നു. എന്തെന്നാൽ, നീ ലോകത്തിന്റെ പാപം വഹിച്ചവനും വഹിക്കുന്നവനുമായ ദൈവകുഞ്ഞാടാകുന്നു.

ബലിയർപ്പിക്കപ്പെട്ട യേശുക്രിസ്തു ലോകത്തെ എന്നേക്കും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നവനുമായ നിത്യമഹാപുരോഹിതനായി ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് എടുക്കപ്പെട്ടു. സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അവൻ മാത്രമേ ബലിയർപ്പിച്ചുകൊണ്ടിരിക്കുന്ന മഹാപുരോഹിതനായി അവിടേക്കു കയറിയിട്ടുള്ളു. അവന്റെ കുരിശിലെ ഉയർത്തപ്പെടൽ[11] സ്വർഗത്തിലേക്കുള്ള ഉയർത്തപ്പെടലിൽ പൂർത്തിയായി. യേശുവേ, *നവീനവും നിത്യവുമായ ഉടമ്പടിയുടെ പുരോഹിതനായ നീ ഹസ്തനിർമിതമായ ... വിശുദ്ധസ്ഥലത്തേക്കല്ല, സ്വർഗത്തിലേക്കുതന്നെയാണ് ഞങ്ങൾക്കുവേണ്ടി ദൈവത്തിന്റെ മുമ്പിൽ സന്നിഹിതനാകാൻ ഇപ്പോൾ പ്രവേശിച്ചത്.*[12] *നീ എന്നേക്കും നിലനില്ക്കുന്നതുകൊണ്ട് മാറ്റമില്ലാത്ത പൗരോഹിത്യം നിനക്കുണ്ട്. ഇതിനാൽ, നീവഴി ദൈവത്തെ സമീപിക്കുന്ന ഞങ്ങൾക്കുവേണ്ടി വാദിക്കാൻ എന്നേക്കും ജീവിച്ചുകൊണ്ട്, നിന്നിലൂടെ ദൈവത്തെ സമീപിക്കുന്ന ഞങ്ങളെ പൂർണമായും രക്ഷിക്കാൻ നിനക്കു കഴിയും.*[13] *വരാനിരിക്കുന്ന നന്മകളുടെ പ്രധാനപുരോഹിതൻ* എന്ന നിലയിൽ നീതന്നെയാണല്ലോ ഞങ്ങൾ സ്വർഗീയപിതാവിനെ ആരാധിക്കുന്ന ഞങ്ങളുടെ ഈ ആത്മീയ ബലിയുടെ, യുക്ത്യനുസൃതമായ ഈ ശുശ്രൂഷയുടെ, മുഖ്യശുശ്രൂഷി.[14]

സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിൽ, ശ്രേഷ്ഠന്മാരുടെ നടുവിൽ, കൊല്ലപ്പെട്ടവനായി നില്ക്കുന്ന കുഞ്ഞാടായ നിന്നെ കർത്താവിന്റെ ഓരോ ദിവസവും, ഓരോ ദിവസവും

---

[11]യോഹ 12,32 [12]എബ്രാ 9,24 [13]എബ്രാ 7,24-25 [14]വെളി 4,6-11

കർത്താവിന്റേതാക്കുമ്പോൾ, എനിക്കു കാണാമല്ലോ. ഇപ്രകാരം നിന്നെ ഇപ്പോഴും എപ്പോഴും എല്ലാ നാളുകളിലും എന്നേക്കും കണ്ടുകൊണ്ടിരിക്കാൻ എന്നെ അനുഗ്രഹിക്കണമെ. കാണാമെനിക്കെന്റെ രക്ഷിതാവേ, നിന്റെ തങ്കമുഖമെന്റെ താതൻ രാജ്യേ.

എന്നേക്കും ജീവനുള്ള ബലിവസ്തുവായി നീ നിന്നെത്തന്നെ പിതാവിന് അർപ്പിച്ചതിനാൽ നീ വധിക്കപ്പെട്ടിട്ടും ഇപ്പോഴും എപ്പോഴും എന്നേക്കും ജീവിക്കുന്നു. സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിൽ, ശ്രേഷ്ഠന്മാരുടെ നടുവിൽ, കൊല്ലപ്പെട്ടവനായി നില്ക്കുന്ന കുഞ്ഞാടായ നീ നിത്യജീവനും നിത്യം ജീവിപ്പിക്കുന്ന തീക്കനലപ്പവുമായി എനിക്കും ഞങ്ങൾക്കും അഗ്നിക്കൊടിലാൽ ഈ സീയോൻമലയിൽ നല്കപ്പെടുന്നു! ''അഗ്നിമയന്മാരാരെ നോക്കിൽ വിറച്ചീടുന്നു, അവനെ മേശയിലപ്പം വീഞ്ഞായ്'' ഞങ്ങൾക്കു നല്കപ്പെടുന്നു!

നീ ഇപ്പോൾ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്നു. സാരാംശത്തിൽ പിതാവിനോടു സമനായ നീ, ആദി ആരംഭിക്കുന്നതിനു മുമ്പേ ദൈവപുത്രനും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവുമായ നീ, പരിശുദ്ധ കന്യകമറിയാമിൽനിന്നു മാംസമെടുത്തു മനുഷ്യനായി ഞങ്ങളുടെയിടയിൽ വസിച്ചു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു മരിച്ച് അടക്കപ്പെട്ടു. അടക്കപ്പെട്ട അതേ ശരീരം മഹത്ത്വം പ്രാപിച്ച് ശാരീരികമായിത്തന്നെ പിതാവിനോടൊപ്പം ദൈവത്വത്തിന്റെ മഹത്ത്വവും അധികാരവും കൈയ്യാളുന്നു. ഇപ്രകാരം പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്ന നീ അവിടെയും ഇവിടെയും ഒരേ സമയം ഞങ്ങളുടെ മഹാപ്രധാനപുരോഹിതനും ബലിവസ്തുവും ബലിപീഠവും ബലിക്രമവും ബലി സ്വീകരിക്കുന്നവനും ആയിരുന്നുകൊണ്ട് ഞങ്ങൾക്ക് അന്നന്നു നല്കപ്പെടുന്ന അപ്പമായിരിക്കുന്നു!

സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിൽ, ശ്രേഷ്ഠന്മാരുടെ നടുവിൽ, കുഞ്ഞാട് കൊല്ലപ്പെട്ടവനായി നില്ക്കുന്നു. അതിനാൽ ഇനിയാർക്കും സ്വയം തന്റെ ശരീരത്തെയും ജീവനെയും കൊന്നു നശിപ്പിച്ച് ദൈവത്തിനു സ്വീകാര്യമായ സജീവബലിയാകാനാകില്ല.

എന്നാൽ, സീയോൻമലയിൽ നില്ക്കുന്ന കുഞ്ഞാടിനോടുകൂടെ നില്ക്കുന്ന നാല്പത്തിനാലായിരം പേരിൽ ഒരാളാകാൻ ആഗ്രഹിക്കുന്നതിനെപ്രതി കൊല്ലപ്പെട്ടാൽ, അത് ദൈവമേ, അവിടുത്തെ തിരുഹിത

പ്രകാരമുള്ളതും നിനക്കു പ്രസാദകരവും സജീവവും സ്വീകാര്യവുമായ ശ്രേഷ്ഠബലിയാകുമല്ലോ. അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും നെറ്റിയിൽ എഴുതപ്പെട്ടിരിക്കുന്നതിനെപ്രതി ഞങ്ങൾ കൊല്ല പ്പെട്ടാൽ, അത് ദൈവമേ, അവിടുത്തെ തിരുഹിതപ്രകാരമുള്ളതും നിനക്കു പ്രസാദകരവും സജീവവും സ്വീകാര്യവുമായ ശ്രേഷ്ഠബലി യാകുമല്ലോ. കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്ത്വവും സ്തുതിയും സ്വീകരിക്കാൻ യോഗ്യ നാണ് എന്ന് പതിനായിരങ്ങളുടെ പതിനായിരങ്ങളോടും ആയിരങ്ങ ളുടെ ആയിരങ്ങളോടും ചേർന്ന് ഉച്ചസ്വരത്തിൽ പറയുന്നതിനെപ്രതി കൊല്ലപ്പെട്ടാൽ, അത് ദൈവമേ, അവിടുത്തെ തിരുഹിതപ്രകാരമുള്ളതും നിനക്കു പ്രസാദകരവും സജീവവും സ്വീകാര്യവുമായ ശ്രേഷ്ഠ ബലി യാകുമല്ലോ, സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്ത്വവും ശക്തിയും എന്ന് സർവസൃ ഷ്ടികളോടും ചേർന്ന് ഉച്ചസ്വരത്തിൽ പറയുന്നതിനെപ്രതി ഞങ്ങൾ പീഡിപ്പിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്താൽ അത് ദൈവ മേ, അവിടുത്തെ തിരുഹിതപ്രകാരമുള്ളതും നിനക്കു പ്രസാദകരവും സജീവവും സ്വീകാര്യവുമായ ശ്രേഷ്ഠബലിയാകുമല്ലോ.

പാപികളായ ഞങ്ങൾക്കുവേണ്ടി കൊല്ലപ്പെട്ട യേശുവേ, ലോക ത്തെമ്പാടും നിന്റെ നാമത്തെപ്രതി പീഡകളും കുരിശുകളും ഏല്ക്കു ന്നവരെയും ഓരോ അഞ്ചു മിനിറ്റിലും കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്ന വരെയും നിന്റെ പിതാവിന്റെ ദൂതന്മാരെ അയച്ച് ശക്തീകരിക്കണമെ. നിന്നെപ്രതിയുള്ള നിരവധി പീഡനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ആവശ്യമായ ശക്തി പീഡിതർക്കു നല്കണമെ. അവരെ പീഡിപ്പിക്കുന്നവർക്കുവേണ്ടിയുള്ള ഞങ്ങളുടെ നിലവിളിയും പ്രാർ ഥനയും പിതാവിനു സമർപ്പിക്കണമെ, ആമ്മീൻ.

... ഭാഗ്യം സഹദേർക്കും പുനരുത്ഥാനദിനേ.
ധന്യത ചേർന്ന സഹദേന്മാരേ, തുണയേകേണമേ.

അധ്യായം

# 5

# നിർമല മനസ്സാക്ഷിയോടെ

വിശുദ്ധ കുർബാനയുടെ ആഘോഷത്തിൽ വിശ്വാസപ്രമാണത്തിനുശേഷം കൈ കഴുകുമ്പോൾ യേശുക്രിസ്തുവിനോട് ഞാൻ ഇപ്രകാരം രഹസ്യമായി പ്രാർഥിക്കുന്നു:

> ദൈവമായ കർത്താവേ, വിശുദ്ധവും ശുദ്ധീകരിക്കുന്നതുമായ നിന്റെ അതിവിശുദ്ധസ്ഥലത്ത് വെടുപ്പോടും വിശുദ്ധിയോടും പ്രവേശിച്ച്... നിന്റെ ദൈവത്വത്തിനു പ്രസാദകരവും മഹത്ത്വമുള്ള നിന്റെ ബലിക്കു സദൃശവുമായ ജീവനുള്ള ബലി നിർമല മനസ്സാക്ഷിയോടെ നിനക്കർപ്പിക്കാൻ എനിക്കിടയാക്കണമെ.

ഒരാളുടെ വിചാരങ്ങളെല്ലാം മുൻകൂട്ടി അറിയുന്ന അയാളുടെ മനനേന്ദ്രിയമാണ് മനസ്സാക്ഷി[1] എന്നു പൊതുവെ പറയാം. ധാർമികതയുടെ തലത്തിൽ മനസ്സാക്ഷി ഒരാളുടെ ചെയ്തികളെയും പെരുമാറ്റരീതികളെയും കുറിച്ചുള്ള ആത്യന്തിക വിധിയെഴുത്താണെന്നത്രേ ഗ്രീക്കു വിജ്ഞാനത്തിന്റെ കാഴ്ചപ്പാട്. നന്മതിന്മകൾ തിരിച്ചറിയാനുള്ള കഴിവാണ് മനസ്സാക്ഷി.[2,] ദൈവം മനുഷ്യരെ ഏല്പിക്കുന്ന ദൗത്യത്തിന്റെ വെളിച്ചത്തിലും, പാപത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിലുമാണ് ബൈബിൾ മനസ്സാക്ഷിയെ കാണുന്നത്. ഈ തലങ്ങളിൽ മനസ്സാക്ഷി ഒരാൾ സ്വന്തം വർത്തനത്തെപ്പറ്റി തന്നെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ വെളിച്ചത്തിൽ സ്വയം നടത്തുന്ന വിലയിരുത്തലത്രേ. മനസ്സാക്ഷിക്കു

[1] ശബ്ദതാരാവലി,1378  [2] റോമ 2,15

ന്യായാധിപസ്വഭാവമുണ്ട്. ഒരാളുടെ ഹൃദയം അയാളുടെ ജീവിതത്തിന്റെ ആന്തരീകശക്തികേന്ദ്രവും, ബൗദ്ധികവും ശാരീരികവും മാനസ്സികവും വൈകാരികവുമായ എല്ലാ മാനങ്ങളുടെയും സംഗമസ്ഥാനവും നിയന്താവുമായിരിക്കുമ്പോൾ, അയാളുടെ ഉള്ളിലുള്ള സ്വന്തം ന്യായാധിപനാണ് മനസ്സാക്ഷി എന്നു പറയാം. യേശു തന്റെ പൗരോഹിത്യപ്രാർഥനയിൽ പിതാവിനോടു പറയുന്നു: *അവിടന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ ഞാൻ അവിടത്തെ മഹത്ത്വപ്പെടുത്തി. ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടത്തോടുകൂടെയുണ്ടായിരുന്ന മഹത്ത്വത്താൽ ഇപ്പോൾ അവിടത്തെ സന്നിധിയിൽ എന്നെ മഹത്ത്വപ്പെടുത്തണമെ.*[3] തന്നെ ഏല്പിച്ച പ്രേഷിതദൗത്യം നല്ല മനസ്സാക്ഷിക്കനുസൃതമായി ചെയ്തതിൽ പൗലോസ് സ്വയം അഭിമാനംകൊള്ളുന്നു.[4] ധൂർത്തപുത്രന്റേതുൾപ്പടെയുള്ള ഒട്ടേറെ സ്വയംവിധികൾ നമുക്കു മനപ്പാഠമാണല്ലോ.

കർത്താവേ, ഏതാണ് നിർമല മനസ്സാക്ഷി? എന്റെ മനസ്സാക്ഷി നിർമലമാണന്നു ഞാൻ എങ്ങനെയറിയും? നിർമലത ദൈവത്തിന്റെ മനസ്സ് ആണെന്ന് അപ്രേമിന്റെ മനസ്സ് ഞങ്ങളെ പഠിപ്പിക്കുന്നു.[5] നിർമലഹൃദയരുടെയും യഥാർഥവിശ്വാസികളുടെയും മനസ്സാക്ഷി നിർമലമായിരിക്കും.[6] നിർമല ഹൃദയത്തിൽനിന്നും നിഷ്കപടവിശ്വാസത്തിൽ നിന്നും എന്നപോലെ നല്ല മനസ്സാക്ഷിയിൽനിന്നു സ്നേഹം ഉദ്ഭവിക്കുന്നു.[7] സ്നേഹം പൊട്ടിപ്പുറപ്പെടുന്ന മനസ്സാക്ഷി നിർമലമാണ്. വിദ്വേഷം ഉദ്ഭവിക്കുന്ന മനസ്സാക്ഷി നിർമലമല്ല. അപ്പോൾ, കായേന്റെ മനസ്സാക്ഷി നിർമലമല്ലായിരുന്നു, അല്ലേ? അതുകൊണ്ടാണല്ലോ നീ പറഞ്ഞത്, സഹോദരനോടു രമ്യതപ്പെട്ടിട്ടു വന്ന് ബലിയർപ്പിക്കുക എന്ന്.

നല്ല മനസ്സാക്ഷി വിശ്വാസത്തോട് ഒത്തുപോകുന്നു. വിശ്വാസത്തിൽനിന്നു വ്യതിചലിക്കുക എന്നതു നല്ല മനസ്സാക്ഷിയെ തിരസ്കരിക്കുകയാണ്.[8] നുണയന്മാർ കപടാരൂപികളിലും പിശാചിന്റെ പ്രബോധനങ്ങളിലും ശ്രദ്ധയർപ്പിച്ചുകൊണ്ട് തങ്ങളുടെ കാപട്യത്താൽ സത്യവിശ്വാസികളെ വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കാൻ ശ്രമിക്കുന്നു. ഈ നുണയന്മാർ മനസ്സാക്ഷി കത്തിക്കരിഞ്ഞുപോയവരാണ്.[9] ദുർബലമനസ്സാക്ഷിയുള്ളവരെ പാപത്തിലേക്കു നയിക്കുന്ന[10] മനസ്സാക്ഷി നിർമലമല്ല. എനിക്കു ചെയ്യാൻ സ്വാതന്ത്ര്യമുള്ള കാര്യം മറ്റൊരാളിന്റെ മനസ്സാക്ഷിയെ

[3]യോഹ 17,4–5 [4]അപ്പ 24,16;23,1;2കോറി 1,12 [5]*മാർ അപ്രേമിന്റെ ബോവൂസാ, വലിയ നോമ്പ്* തിങ്കൾ രാത്രി രണ്ടാം കൗമാ [6]1 തീത്തോ 1,15. [7]1 തീമോ 1,5
[8]1 തീമോ 1,19 [9]1 തീമോ 4,2 [10]1 കോറി 10,29

വ്രണപ്പെടുത്തുന്നതാണെങ്കിൽ ഞാൻ അക്കാര്യം വേണ്ടെന്നുവയ്ക്കുന്നില്ലെങ്കിൽ[11] എന്റെ മനസ്സാക്ഷിയുടെ നിർമലതയുടെ സാന്ദ്രതയെത്ര? എന്റെ മനസ്സാക്ഷിയുടെ നിർമലത എങ്ങനെ വീണ്ടെടുക്കാം?

*വരാനിരിക്കുന്ന നന്മകളുടെ പ്രധാനപുരോഹിതനായ* നീ *നിത്യാത്മാവുമൂലം കളങ്കമില്ലാതെ ദൈവത്തിനു നിന്നെത്തന്നെ സമർപ്പിച്ചു.* ആകയാൽ, *ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നിന്റെ രക്തം ഞങ്ങളുടെ മനസ്സാക്ഷിയെ നിർജീവപ്രവൃത്തികളിൽനിന്ന് എത്ര അധികമായി ശുദ്ധീകരിക്കുകയില്ല!*[12] ദുഷ്ടമനസ്സാക്ഷിയിൽനിന്നു ഞങ്ങളുടെ ഹൃദയം നിന്റെ രക്തത്തിന്റെ തളിപ്പാൽ വെടുപ്പാകുകയും ഞങ്ങളുടെ ശരീരം മാമോദീസായുടെ ശുദ്ധജലത്താൽ കഴുകുകയും ചെയ്തുകൊണ്ട് ഉറപ്പോടെയും വിശ്വാസത്തിന്റെ സത്യഹൃദയത്തോടെയും ഞങ്ങളുടെ മഹാപുരോഹിതനായ നിന്നെ ഞങ്ങൾക്കു സമീപിക്കാമല്ലോ.[13] മാത്രമല്ല, ഞങ്ങൾ ഏതു പാപങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നുവോ ആ പാപങ്ങളെക്കുറിച്ചു പിന്നെയും കുറ്റബോധം പുലർത്തേണ്ടതില്ലാത്തവിധം നിന്റെ രക്തം, നിന്റെ ബലി, ഞങ്ങളുടെ മനസ്സാക്ഷിയെ ശുദ്ധീകരിച്ച് ഞങ്ങൾക്കു വിടുതൽ നല്കിയിട്ടുണ്ടല്ലോ.[14] നീ ഞങ്ങളുടെ രക്ഷയുടെ നിത്യസ്രോതസ്സല്ലോ.[15]

അപ്പോൾ, പാപങ്ങളോ ശുദ്ധീകരണം ലഭിച്ചുകഴിഞ്ഞിട്ടുള്ള മുൻപാപങ്ങളെക്കുറിച്ചുള്ള കുറ്റബോധമോ ഭരിക്കാത്ത മനസ്സാക്ഷി നിർ മലമാണ്. ഇവയിൽനിന്ന് നമ്മുടെ രക്ഷയുടെ നിത്യസ്രോതസ്സായ യേശുമിശിഹാ എന്നെ വിടുവിച്ചിട്ടുണ്ട് എന്ന് സത്യഹൃദയംകൊണ്ട് ഉറച്ചു വിശ്വസിക്കുന്നവരുടേത് നിർമലമനസ്സാക്ഷിയാണ്. സ്നേഹമാകുന്ന ദൈവത്തെ അനുഭവിക്കാനും ദുഷ്ടശിഷ്ട, ശത്രുമിത്രഭേദമില്ലാതെ മറ്റുള്ളവരുടെ നേരേ സ്നേഹം ഒഴുക്കാനും കഴിയുന്ന ഹൃദയമുള്ളവരുടെ മനസ്സാക്ഷി നിർമലമാണ്. നിർഭയരായി ദേവാലയത്തിൽ പ്രവേശിക്കാൻ സാധിക്കുന്ന നിർമലഹൃദയരുടെ മനസ്സാക്ഷി നിർമലമായിരിക്കുമല്ലോ. ക്രിസ്തുവിനെ മനസ്സാക്ഷിയാക്കിയിട്ടുള്ളവരാണ് ക്രൈസ്തവർ.

മനസ്സാക്ഷിയുടെ നിർമലതയുടെ കാര്യത്തിൽ ഞെരുങ്ങിയരയുന്ന ഞാൻ സങ്കീർത്തകനോടു ചേർന്നു ചോദിച്ചുപോകുന്നു:

*കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു സങ്കേതം തേടും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വസിക്കും?*[16]

[11] 1 കോറി 10,29 [12] എബ്രാ 9,11.14 [13] എബ്രാ 10,22 [14] എബ്രാ 9,14-15 [15] എബ്രാ 5,9 [16] സങ്കീ 15,1

അവിടെത്തന്നെ ഉച്ചരിക്കപ്പെടുന്ന മറുപടിയും കേൾക്കുന്നു:

*നിഷ്കളങ്കനായി ജീവിക്കുകയും*
*നീതി മാത്രം പ്രവർത്തിക്കുകയും*
*ഹൃദയം തുറന്നു സത്യം പറയുകയും ചെയ്യുന്നവൻ;*
*പരദൂഷണം പറയുകയോ*
*സ്നേഹിതനെ ദ്രോഹിക്കുകയോ*
*അയല്കാരനെതിരേ അപവാദം പരത്തുകയോ ചെയ്യാത്തവൻ;*
*ദുഷ്ടനെ പരിഹാസ്യനായി കരുതുകയും*
*ദൈവഭക്തനോട് ആദരം കാണിക്കുകയും*
*നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുകയും ചെയ്യുന്നവൻ;*
*കടത്തിനു പലിശ ഈടാക്കുകയോ*
*നിർദോഷനെതിരേ കൈക്കൂലി വാങ്ങുകയോ ചെയ്യാത്തവൻ;*
*ഇങ്ങനെയുള്ളവൻ നിർഭയനായിരിക്കും.*[17]

15-ാം സങ്കീർത്തനം വിഭാവന ചെയ്തിട്ടുള്ളതുപോലെ എത്ര പേരുണ്ടാകും, കർത്താവേ? കളങ്കമറ്റ കൈകളും നിർമല ഹൃദയവുമുള്ളവരും മിഥ്യയുടെമേൽ മനസ്സു പതിക്കാത്തവരും കള്ളസത്യം ചെയ്യാത്തവരും[18] നിർഭയരും നിർമല മനസ്സാക്ഷിയുള്ളവർ ആയിരിക്കുമല്ലോ.

*ദൈവമേ നിർമലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ* എന്നു സങ്കീർത്തകനോടു ചേർന്നു കേഴാനല്ലാതെ എനിക്കൊന്നും കഴിയുന്നില്ല. 51-ാം സങ്കീർത്തനത്തിലെ ഈ അർഥന ആവർത്തിക്കുമ്പോഴൊക്കെ ''നിർമലമായൊരു ഹൃദയ''ത്തിന്റെ അർഥമറിയാൻ ഏറെ ആഗ്രഹിച്ചിട്ടുണ്ട്.

അസീസിയിലെ വിശുദ്ധ ഫ്രാൻസിസും സഹചരനായ ലിയോയുംകൂടി ''നിർമല ഹൃദയം'' ഹൃദ്യവും ലളിതവുമായി വ്യാഖ്യാനിച്ചിട്ടുള്ളതോർക്കുന്നു. യാത്രയ്ക്കിടയിൽ അവരിരുവരും പൊട്ടിച്ചിരിച്ചൊഴുകുന്ന കൊച്ചരുവിയിലെ സ്ഫടികസമാനം നിർമലമായ ജലത്തിൽ മുഖം കഴുകി. യാത്ര തുടരവേ ലിയോ പറഞ്ഞു: നമ്മുടെ ഹൃദയവും ഈ അരുവിയിലെ ജലംപോലെ നിർമലമായിരുന്നെങ്കിൽ നമ്മളും ഈ അരുവിയെപ്പോലെ പൊട്ടിച്ചിരിച്ച് ആഹ്ലാദചിത്തരായി മുന്നോട്ടു പോകുമായിരുന്നു.

കുറെ കഴിഞ്ഞു ഫ്രാൻസിസ് ലിയോയോടു ചോദിച്ചു: നിർമലമായ ഹൃദയം എന്നു പറഞ്ഞാൽ എന്താണെന്നറിയാമോ?

[17] സങ്കീ 15,1-2 [18] സങ്കീ 24,4-5

ഉടനടി ലിയോയുടെ മറുപടി: നമ്മുടെ ഹൃദയം നിർമലമായിരിക്കുന്നത് ഒരിക്കലും നമുക്കു സ്വയം കുറ്റപ്പെടുത്തേണ്ട അവസ്ഥ ഇല്ലാതിരിക്കുമ്പോഴാണ്.

ഫ്രാൻസിസ് താഴ്ന്ന സ്വരത്തിൽ പറഞ്ഞു: ലിയോ പറഞ്ഞത് എനിക്കു മനസ്സിലായി. എന്തെന്നാൽ, നമുക്കെല്ലാം എപ്പോഴും സ്വയം കുറ്റപ്പെടുത്താൻ എന്തെങ്കിലുമുണ്ടാകും.

ലിയോ: അതുതന്നെ കാര്യം. അതിനാലാണ് നിർമലമായൊരു ഹൃദയത്തെക്കുറിച്ചു പ്രതീക്ഷപോലും എനിക്കില്ലാതിരുന്നത്.

തന്റെ ഏറ്റവും അടുത്ത അനുയായികളിൽ ഒരുവനായിരിക്കുന്ന ലിയോയുടെ മനോവേദന മനസ്സിലാക്കിയ ഫ്രാൻസിസ് പറഞ്ഞു: ഹൃദയനിർമലതയെക്കുറിച്ചു വിചാരിച്ചു വെറുതെ വിഷമിക്കേണ്ടതില്ല. ദൈവത്തെ നോക്കൂ. അവിടത്തെ പരിശുദ്ധിയെപ്രതി അവിടത്തേക്കു നന്ദിയർപ്പിക്കൂ. അപ്പോൾ നമ്മുടെ ഹൃദയം അവിടത്തെ ശക്തിയാൽ നിർമലമായിക്കൊള്ളും.

ലിയോ ഫ്രാൻസിസിനെ പതിവില്ലാത്തവിധം നോക്കി. താൻ പറഞ്ഞതു ലിയോയ്ക്കു മനസ്സിലായില്ലെന്നു മനസ്സിലാക്കി ഫ്രാൻസിസ് തുടർന്നു. ദൈവത്തെ അനുനിമിഷം ആരാധിക്കുന്ന മനസ്സ് സ്വാഭാവികമായി നിർമലമായിക്കൊള്ളും. നമ്മുടെ മനസ്സ് സദാ അവിടന്നിലാണെങ്കിൽ അവിടത്തെ സാന്നിദ്ധ്യം നമ്മിൽ ശക്തമാകും. അപ്പോൾ നിർമലമാകാതിരിക്കാൻ നമ്മുടെ മനസ്സിനാവില്ല.[19]

അപ്പോൾ, സ്വയം കുറ്റപ്പെടുത്താത്ത മൃദുലമായ മനസ്സാക്ഷിയുള്ളവർ നിർമല ഹൃദയമുള്ളവരാണ്, അല്ലേ?. കഠിനഹൃദയർക്ക് ഒരിക്കലും കുറ്റബോധമില്ലല്ലോ. അവരുടെ ഹൃദയം നിർമലമല്ല. ഹൃദയത്തിലും മനസ്സിലും സദാ ദൈവത്തിന്റെ മുഖമുള്ളവരാണ് നിർമല മനസ്സാക്ഷിയുള്ളവർ. ഇതാണല്ലോ നിർമലത ദൈവത്തിന്റെ മനസ്സാണെന്ന് അപ്രേം പാടിയിട്ടുള്ളതിന്റെയും പൊരുൾ. ‘‘വഞ്ചനയില്ലാത്ത ഹൃദയത്തിൽ ദൈവം അധിവസിക്കുന്നു...നോമ്പ് നല്ലതാകുന്നു. പ്രാർഥന ശ്രേഷ്ഠമാകുന്നു. നിർമലഹൃദയം ഇവ രണ്ടിനെയും അതിശയിക്കുന്നു.’’[20]യേശുക്രിസ്തുവേ, നിന്നെ ജീവനായി സ്വീകരിക്കുന്നവരുടെ മനസ്സാക്ഷി സത്യമായ നീതന്നല്ലോ.

[19]വിശുദ്ധ ഫ്രാൻസിസ് അസീസിയും ലിയോയുംകൂടിയുള്ള ഈ സംഭാഷണത്തിനു കടപ്പാട് *സണ്ടേ ശലോമി*നോട്.

[20]കോലൊ 1, വലിയനോമ്പ്, വെള്ളി സന്ധ്യ.

കർത്താവേ, സൂര്യൻ അസ്തമിച്ച് അന്ധകാരം വ്യാപിച്ചപ്പോൾ പുകയുന്ന ഒരു തീച്ചൂള അബ്രാമിനു നീ കാണാറാക്കിയല്ലോ. പിളർന്നിട്ടിരുന്ന കഷണങ്ങളുടെ നടുവിലൂടെ ജ്വലിക്കുന്ന ഒരു തീനാളം കടന്നുപോയി. അപ്പോൾ നീ അവനോട് അവന്റെ സന്താനപരമ്പരയ്ക്ക് ദേശംമുഴുവൻ നല്കുമെന്ന് ഉടമ്പടി ചെയ്തു.[21] ചുറ്റും അന്ധകാരം വ്യാപിച്ചിരിക്കുന്ന എന്റെ ഈ നാളിൽ ഇരുൾ നിറഞ്ഞിരിക്കുന്ന എന്റെ ഹൃദയത്തിൽ പുകയുന്ന ഒരു തീച്ചൂള എനിക്കു കാണുമാറാക്കണമെ! പിളർന്നിട്ടിരുന്ന എന്റെ ഹൃദയത്തിന്റെ നുറുങ്ങിയ കഷണങ്ങളുടെ നടുവിലൂടെ നിന്നിൽനിന്നു പുറപ്പെട്ട് നിന്റെ പുത്രന്റെ ഹൃദയിൽനിന്നെടുക്കപ്പെടുന്ന ജ്വലിക്കുന്ന തീനാളം കടന്നുപോകട്ടെ! നീ എനിക്കായി വാഗ്ദാനം ചെയ്തിരിക്കുന്ന നിന്റെ രാജ്യം അപ്പോൾ എനിക്കു കാണാറാകുമല്ലോ!

[21] ഉത്പ 15, 1721.

അധ്യായം

# 6

# നുറുങ്ങിയ ഹൃദയത്തോടും വിനയമുള്ള ആത്മാവോടും

## ആത്മീയ ബലികൾ

"... നുറുങ്ങിയ ഹൃദയത്തോടും വിനയമുള്ള ആത്മാവോടും ആത്മീയ ബലികൾ നിന്റെ ഉന്നത ബലിപീഠത്തിൽ (മദ്ബഹായിൽ) ഞങ്ങൾ അർപ്പിക്കുമാറാകണമെ."

### നുറുങ്ങിയ ഹൃദയവും വിനയമുള്ള ആത്മാവും

ഒരുക്കശുശ്രൂഷയുടെ ആരംഭത്തിൽ ഞാനാലപിച്ച അമ്പത്തിയൊന്നാം സങ്കീർത്തനത്തിലെ മുഖ്യവിചാരവികാരവീചികളാണ് വിനയമുള്ള ആത്മാവും നുറുങ്ങിയ ഹൃദയവും. അവതന്നെ ഈ ഉദ്ധരണിയുൾപ്പെടുന്ന സെദറായിലും തുടരാൻ സഭ എന്നെ സഹായിക്കുന്നു.

ദേവാലയത്തിലെ ആരാധനയുടെയും അനുഷ്ഠാനങ്ങളുടെയും സന്ദർഭത്തിൽ ആലപിച്ചിരുന്നതാണ് 51-ാം സങ്കീർത്തനം.[1] അതിന്റെ ചില സൂചനകളാണല്ലോ സോപ്പായാൽ തളിക്കണമെ, ദൈവസന്നി

[1]ഇത് ദാവീദ് തന്റെ മഹാപാപത്തെപ്പറ്റിയുള്ള അനുതാപത്തിന്റെ ആധിക്യത്തിൽ ആലപിച്ചതാണെന്ന മേല്ക്കുറിപ്പ് ബൈബിളിലുണ്ട്. പക്ഷെ, ആധുനിക സങ്കീർത്തനനിരൂപകർ ആ മേല്ക്കുറിപ്പ് മുഖവിലയ്ക്കെടുക്കുന്നില്ല. അവർ സങ്കീർത്തനം സൂക്ഷ്മമായി അപഗ്രഥിച്ച് എത്തിച്ചേർന്നിട്ടുള്ള നിഗമനം സങ്കീർത്തനം 51ന്റെ രചനയുടെ മൗലിക സന്ദർഭം മേല്ക്കുറിപ്പിൽ പരാമർശിക്കുന്ന സംഭവം (ദാവീദിന്റെ പാപം) ആയിരിക്കില്ല എന്നാണ്.

ധിയിലായിരിക്കുക, സ്തുതി പ്രഘോഷിക്കുക, ബലിയർപ്പിക്കുക എന്നീ ശൈലികൾ. ദൈവമേ, നിന്റെ പക്കലർപ്പിക്കാൻ മഹാപാപിയായ ഈ ഭക്തന്റെ പക്കലുള്ള വകകൾ ഇവയാണ്: പാപം, അതിക്രമം, തിന്മ, അന്യായം എന്നിവ! ഇവൻ നിന്നിൽ നിന്നു ചോദിക്കുന്നത് ഇവയാണ്: നിന്റെ കാരുണ്യത്തിനൊത്തു ദയ ചെയ്യണം. പാപങ്ങൾ മായിച്ചു കളയണം. സോപ്പായാൽ തളിക്കണം. അന്യായത്തിൽനിന്നു കഴുകി പാപങ്ങളിൽനിന്നു വെടുപ്പാക്കണം. നിർമലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണം. പാപങ്ങളിൽനിന്നു നീ നിന്റെ മുഖം തിരിക്കണം.

"... നുറുങ്ങിയ ഹൃദയത്തോടും വിനയമുള്ള ആത്മാവോടും ആത്മീയ ബലികൾ നിന്റെ ഉന്നത ബലിപീഠത്തിൽ (മദ്ബഹായിൽ) ഞങ്ങൾ അർപ്പിക്കുമാറാകണമെ." ഇപ്രകാരം അപേക്ഷിക്കാൻ സങ്കീർത്തനം അമ്പത്തൊന്നു പറയുന്ന കാരണംതന്നെ ഞാനും മെല്ക്കിസെദേക്കിന്റെ ക്രമത്തിലെ സെദറായിൽ കർത്താവിന്റെ മുമ്പിൽ ഏറ്റുപറയുന്നു: "നീ ബലികളെക്കാൾ കരുണ ഇഷ്ടപ്പെടുന്നവനും ദഹനയാഗത്തെക്കാൾ അനുതാപമുള്ള ഹൃദയത്തെ സ്നേഹിക്കുന്നവനുമാകുന്നു." ഇതുതന്നെ ഈ സെദറായ്ക്കു മുമ്പ് സങ്കീർത്തനത്തിൽ ഞാൻ ആലപിക്കുന്നതും: ... *ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.*

ഓ! ദൈവമേ, ആത്മീയമല്ലാത്ത – അർപ്പകൻ തന്നത്തന്നെ അർപ്പിക്കാത്ത – ബലികൾ ഇഷ്ടപ്പെടാത്തവനും ഹോമബലികൾകൊണ്ടു രമ്യതപ്പെടാത്തവനുമായ ദൈവമാകുന്നു നീ. എന്നാൽ, നീ കരുണ ഇഷ്ടപ്പെടുന്ന ദൈവമാകുന്നു. നിനക്കു പ്രിയമായ ബലി തന്റെ തെറ്റുകളെല്ലാം ദൈവസന്നിധിയിൽ സമ്മതിക്കാൻ നിന്റെ മുമ്പാകെ സ്വയം വിനയപ്പെടുത്തുന്ന ആത്മാവാണല്ലോ. ദഹനയാഗങ്ങളെക്കാൾ അനുതാപമുള്ള ഹൃദയത്തെ സ്നേഹിക്കുന്നവനാകുന്നു നീ. എന്റെ നുറുങ്ങിയ ഹൃദയത്തെ, നിന്റെ മുമ്പിൽ അനുതപിക്കുന്ന എന്റെ ഹൃദയത്തെ – മഹാപാപിയായ എന്നെ പൂർണമായും – നിനക്കർപ്പിക്കുന്നു. ഇവനെ നീ നിരസിക്കുകയില്ലല്ലോ.

ദൈവഹിതത്തിന്റെ നിറവേറ്റലാണ് മൗലികവും സമ്പൂർണവുമായ അടിസ്ഥാന ബലിയർപ്പണം. അതു നിർവഹിക്കപ്പെടുന്നത് ദൈവം എനിക്കു തന്നിട്ടുള്ള ജീവനെയും ശരീരത്തെയും – എന്നെത്തന്നെ – ദൈവഹിതമനുസരിച്ചു ബലിവസ്തുക്കളാക്കുന്നതിലാണ്. *ദൈവ*

*ത്തിന്റെ ഹിതം ചെയ്യുന്നവനാരോ, അവൻതന്നെ എന്റെ സഹോദ രനും സഹോദരിയും അമ്മയും ആകുന്നു* എന്നു പറഞ്ഞ് എന്നെ സ്വന്തം സഹോദരനും സഹോദരിയും അമ്മയും ആക്കിയവനോട് ഞാൻ സദൃശനാകണം. *നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്ന തിനുവേണ്ടി ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനു മായ പ്രധാനപുരോഹിതനാകാൻ*, തന്റെ സഹോദരരായ നമ്മോട് എല്ലാ കാര്യങ്ങളിലും സദൃശനായ[2] നമ്മുടെ സഹോദരനോട്, നാം സദൃശരാ കണം. എങ്ങനെ? ദൈവഹിതമനുസരിച്ച് നാം നമ്മെത്തന്നെ അവനി ലൂടെ ബലിവസ്തുക്കളായി ദൈവത്തിനർപ്പിച്ച്.

ഞാനോർത്തിരിക്കട്ടെ: ഏതാണ് ദൈവതിരുഹിതത്തിനു പ്രസാ ദകരവും (*ശപ്റൊ*) സ്വീകാര്യവുമായ ജീവനുള്ള (*ഹായ്തൊ*) ബലി? തിരുഹിതത്തിനു പ്രസാദകരമായതാണ് അതിനു സ്വീകാര്യമായ ബലി. ജീവനുള്ള ബലി മാത്രമേ തിരുഹിതത്തിനു പ്രസാദകരവും സ്വീകാര്യവു മാകൂ.

തിരുഹിതത്തിനു പ്രസാദകരമായ ബലി അർപ്പിക്കാതിരുന്ന പ്പോഴും കായേന് മാനസാന്തരപ്പെടാനുള്ള സാധ്യതയും മാനസാന്തര പ്പെടാതിരുന്നാലുള്ള അപകടവും കർത്താവ്തന്നെ അവനു ചൂണ്ടിക്കാട്ടി. കർത്താവ് കായേനോടു ചോദിച്ചു: നീ കോപിച്ചിരിക്കുന്നതെന്തുകൊണ്ട്? നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? നിന്റെ മുഖം കുനിഞ്ഞി രിക്കുന്നത് എന്തുകൊണ്ട്?

ദൈവമായ കർത്താവേ, നിന്റെ തിരുഹിതത്തിനു പ്രസാദകരമായ ബലിയേതെന്നു നീ വിശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭം മുതൽ അതിന്റെ പൂർത്തീകരണത്തിൽവരെയും വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ജീവനുള്ള ബലികൾ മാത്രം നിനക്കർപ്പിക്കാനും നിന്റെ ജനത്തെക്കൊണ്ട് അർപ്പി പ്പിക്കാനും എന്നേരവും എന്നെ അനുഗ്രഹിക്കണമെ.

യുക്ത്യനുസൃതമായ (*മ്ലീല്തൊ*) ഈ ശുശ്രൂഷ മുഖാന്തരം തിരു ഹിതത്തിനു പ്രസാദകരവും (*ശപ്റൊ*) സ്വീകാര്യവുമായ ജീവനുള്ള (*ഹായ്തൊ*) ബലി ഞങ്ങളെത്തന്നെ ബലിവസ്തുക്കളായി അർപ്പി ക്കുന്നതല്ലോ. പക്ഷേ, അതിനുവേണ്ട യോഗ്യത ഞങ്ങൾക്കില്ല. അതി നാൽ, പുരോഹിതനായ, മധ്യസ്ഥനായ, ഞാൻ എന്നെയുമുൾപ്പെടുത്തി ദൈവജനത്തിനുവേണ്ടി, പ്രത്യേകിച്ച്, ഈ ആരാധകസംഘത്തിനുവേണ്ടി, ത്രിത്വൈക ദൈവത്തോടു പ്രാർഥിക്കുന്നു, ‘‘... ഞങ്ങളെത്തന്നെ അർപ്പി

[2] എബ്രാ 2,17

ക്കാൻ ഞങ്ങളെ യോഗ്യരാക്കണമെ.'' ഞങ്ങളെത്തന്നെ അർപ്പിക്കാൻ വേണ്ട യോഗ്യതയും ത്രിത്വൈകദൈവമേ, നീതന്നെ തരണം.

വീണ്ടും, വിശുദ്ധ കുർബാനയാഘോഷത്തിൽ വിശ്വാസപ്രമാണം കഴിഞ്ഞ് അപ്പത്തിന്റെ ശുശ്രൂഷയിലേക്ക് (അനാഫുറൊയിലേക്ക്) കയറുന്നതിനു മുമ്പ്, അതിനൊരുക്കമായി കൈ കഴുകുമ്പോൾ, മഹാപുരോഹിതനും ബലിവസ്തുവും ബലിപീഠവും ബലിക്രമവും സ്വീകർത്താവുമായ യേശുക്രിസ്തുവിനോടു പ്രത്യേകമായി ഞാൻ രഹസ്യമായി പ്രാർഥിക്കുന്നു: ''... എന്നേക്കും ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ ദൈവത്വത്തിനു പ്രസാദകരവും മഹത്ത്വമുള്ള നിന്റെ ബലിക്കു സദൃശവുമായ ജീവനുള്ള ബലി നിർമല മനസ്സാക്ഷിയോടെ നിനക്ക് അർപ്പിക്കുവാൻ എനിക്കിടയാക്കണമെ.''

ഭാഗം

# VI

# വിശുദ്ധീകരണം വിശുദ്ധ കുർബാനയുടെ ഒരുക്കവഴികളിൽ

അധ്യായം

# 1

## പൊതുവായ ഒരുക്കം

ബാഹ്യമായും ആന്തരികമായും വളരെയേറെ ഒരുങ്ങി വിശുദ്ധ കുർബാനയ്ക്കു ദേവാലയത്തിലേക്കു പോകുക. പ്രത്യേകിച്ച്, വിശുദ്ധ കുർബാന സ്വീകരിക്കാനുള്ളവരുടെ അതീവം ശ്രദ്ധാപൂർവമായ ഒരുക്കം. മലങ്കരക്കാരുടെ ഈ രീതി എന്റെ കൗമാരത്തിന്റെ അറുതിവരെയും ഓർത്തഡോക്സ് സഭയിൽ ആയിരുന്നതിനാൽ അടുത്തറിയാനിടയായി. പൊതുവെ പറഞ്ഞാൽ, *കർത്താവിന്റെ ആലയത്തിലേക്കു പോകാമെന്നു പറഞ്ഞപ്പോൾ അവരുടെ ഹൃദയം സന്തോഷിച്ചു.*[1] സങ്കീർത്തകന്റെ ഈ വാക്കുകൾ വാസ്തവമാക്കുന്നതായിരുന്നു ഞായറാഴ്ചകളിലും പെരുന്നാളുകളിലും വിശുദ്ധ ശുശ്രൂഷകൾക്ക് പള്ളിയിലേക്കുള്ള അവരുടെ യാത്ര. ദേവാലയത്തിലേക്കു പോകുമ്പോൾ അവർക്ക് *സാധാരണയിൽക്കവിഞ്ഞ സൂക്ഷ്മതയുണ്ടായിരുന്നു.*[2]

വിശുദ്ധ കുർബാന സ്വീകരിക്കാനുള്ള ഒരുക്കങ്ങളിൽ ദേഹശുദ്ധിയും വസ്ത്രശുദ്ധിയും മുന്നിട്ടു നിന്നു. തുളച്ചുകയറുന്ന തണുപ്പിലും ശുദ്ധവെള്ളത്തിൽ കുളിച്ചും, പച്ചവെള്ളംപോലും കുടിക്കാതെയും, പള്ളിയിലെ വിശുദ്ധ ശുശ്രൂഷകൾക്കുമാത്രം ധരിക്കാനുള്ള വസ്ത്രം ധരിച്ചും പിതാക്കന്മാരുടെ നേതൃത്വത്തിലും മാതാക്കളുടെ പിൻബലത്തിലും പള്ളിയിലേക്കുള്ള യാത്ര ആഴ്ചയുടെ ആദ്യപ്രഭാതത്തിൽത്തന്നെ വിശുദ്ധീ

[1] സങ്കീ 122,1 [2] സഭാപ്ര 5,1

കരണരഹസ്യങ്ങളിലേക്കുള്ള യാത്രയുടെ ആകർഷണീയമായ ആദ്യ പടിയായിരുന്നു. എന്റെ ഓർമയിൽ തങ്ങുന്ന ആദ്യത്തെ ദേവാലയയാത്ര യ്ക്ക് ഇത്രയ്ക്കഗാധമായ അർഥമുണ്ടെന്നറിയാൻ പുരോഹിതനായിക്ക ഴിഞ്ഞു ഇത്രയും പതിറ്റാണ്ടു താണ്ടേണ്ടിവന്നല്ലോ ദൈവമേ. *അന്ന പ്പോൾ കുടുംബങ്ങളിലെ പിതാക്കന്മാരുടെ കാലുകൾക്കു സ്വർഗീയ പിതാവ് കലമാന്റെ കാലുകളുടെ വേഗത നല്കിയിരുന്നു. ഉന്നതങ്ങ ളിൽ അവൻ അവരെ നടത്തി.*[3] കർത്താവിന്റെ വിശുദ്ധ ദിനത്തെ സന്തോ ഷദായകവും ബഹുമാന്യവുമായി അവർ വിലമതിച്ചു. അന്ന് ഇല്ലായ്മ കൾക്കിടയിലും അവർ *കർത്താവിൽ ആനന്ദം കണ്ടെത്തി. അന്ന് അവരെ കർത്താവ് ഉന്നതസ്ഥാനങ്ങളിലൂടെ സവാരി ചെയ്യിച്ചു.*[4] ഈ അനുഗ്ര ഹങ്ങൾ അവരുടെ അനന്തരതലമുറകളും സ്വീകരിക്കുമോ? ദേവാലയ ത്തിലേക്കുള്ള യാത്ര തീർഥയാത്രയാകുന്നു – പുണ്യവും അറിവും തേടിയുള്ള യാത്ര. പുണ്യവും അറിവും ഒന്നാകുന്നിടത്തേക്കുള്ള യാത്ര. അറിവ് ഐക്യപ്പെടൽ ആയിത്തിരുന്നിടത്തേക്കുള്ള യാത്ര.

യാത്രയ്ക്കു മുമ്പേ ആരംഭിച്ചിരുന്നു ആത്മീയ ഒരുക്കം. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനെക്കുറിച്ചോ അതു സ്വീകരിക്കു ന്നതിനെക്കുറിച്ചോ ഉള്ള വിചാരവികാരങ്ങളും കരുതലും തലേദിവസം മുതലെങ്കിലും വർദ്ധിതശ്രദ്ധയോടെ പുലർത്തുന്നു. കുർബാനസ്വീക രണം കഴിയുന്നതുവരെ ഉപവസിക്കുന്നു. വ്രതശുദ്ധി പാലിച്ചിരുന്ന വരും ഏറെ. വാക്,കർമ,മനോവ്യാപാരങ്ങളിൽ സംയമനം പാലിക്കാൻ ആവതു ശ്രദ്ധിക്കുന്നു. വിശുദ്ധ കുർബാന സ്വീകരിക്കാൻ വേണ്ടത്ര യോഗ്യതയില്ലായ്മയെക്കുറിച്ചുള്ള സന്താപത്തോടൊപ്പം കുർബാന യിൽ സംബന്ധിക്കുന്നതോർത്തുള്ള സന്തോഷവും തെല്ലലകളുണർ ത്തുന്നു. *എപ്പോഴാണ് ദൈവസന്നിധിയിലെത്തി അവിടത്തെ കാണാൻ കഴിയുന്നതെന്നോർത്ത്*[5] അവർ പ്രത്യാശയോടെയുറങ്ങുന്നു. *കർത്താ വിന്റെ ആലയത്തിൽ എന്നേക്കും വസിക്കു*മെന്ന പ്രത്യാശയോടെ.[6] എന്തെന്നാൽ, *കർത്താവു വസിക്കുന്ന ആലയവും അവിടത്തെ മഹ ത്ത്വത്തിന്റെ ഇരിപ്പിടവും അവർക്കു പ്രിയങ്കരമാണ്.*[7] ബാഹ്യവും ആന്ത രീകവുമായി ഒരുങ്ങി വിശ്വാസികളും പുരോഹിതന്മാരും വിശുദ്ധ കുർബാനയിൽ തങ്ങളുടെ ശുദ്ധീകരണത്തിനുള്ള വഴിയേ നടന്നുതു ടങ്ങുകയാണ്. ആന്തരികമായ ആത്മീയസാഹചര്യം ആത്മവിശുദ്ധീക രണത്തിനു വേഗതയേറ്റുമല്ലോ.

[3] ഹബ 3,19 [4] ഏശ 58,13-14 [5] സങ്കീ 42,2 [6] സങ്കീ 23,6 [7] സങ്കീ 26,8

*എന്റെ മുമ്പിൽ വെറുംകൈയോടെ പ്രത്യക്ഷപ്പെടരുത്;*[8] *കർത്താവിന്റെ മുമ്പിൽ വെറുംകൈയോടെ വരരുത്*[9] എന്നീ കർത്തൃവചനങ്ങൾ പാലിക്കുന്നതിൽ ഹൃദയത്തിലാനന്ദിക്കുന്ന ദൈവജനം. കാണിക്കത്തുട്ടുകൾ മാത്രമല്ല, മിക്ക ഞായറാഴ്ചകളിലും ദേവാലയത്തിലേക്കു കാഴ്ചയായി കൊണ്ടുപോകാൻ എന്തെങ്കിലും വസ്തുക്കൾ കരുതിയിരുന്ന വിശ്വാസികൾ. തങ്ങളുടെ അദ്ധ്വാനത്തിനു ദൈവം നല്കിയ ഫലത്തിന്റെ ആദ്യപങ്കാകുമത്. കോഴിമുട്ടയോ കോഴിക്കുഞ്ഞോ ആകാം. ആട്ടിൻപാലോ പശുവിൻപാലോ ആകാം. ആട്ടിൻകുട്ടിയോ പശുവിൻകിടാവോ ആകാം. കാർഷികഫലമൂലാദികളിൽ എന്തെങ്കിലുമാകാം. ആദ്യഫലങ്ങളായും നേർച്ചകാഴ്ചകളായും. ദൈവനാമത്തിൽ ദേവാലയത്തിൽ നേർച്ചകാഴ്ചകൾ സമർപ്പിക്കാൻ ഇല്ലായ്മയുടെ നടുവിലൂടെയും വഴി കണ്ടിരുന്ന കുടുംബങ്ങളുടെ സമ്പന്നതയെ യേശുനാഥൻ അനുഗൃഹീതമെന്നു ശിഷ്യന്മാരോടു സാക്ഷ്യപ്പെടുത്തുന്നത് അവർക്കു കേൾക്കാമായിരുന്നു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ദേവാലയത്തിൽ വൻകാഴ്ചകൾ സമർപ്പിച്ച എല്ലാവരെയുംകാൾ കൂടുതൽ ഈ ദരിദ്രർ സമർപ്പിച്ചിരിക്കുന്നു. എന്തെന്നാൽ, ധനികരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നു നല്കി. ഇവരാകട്ടെ, തങ്ങളുടെ ദാരിദ്ര്യത്തിന്റെ സമ്പന്നതയിൽനിന്ന് തങ്ങളുടെ ഉപജീവനത്തിനുള്ളതു സമർപ്പിച്ചിരിക്കുന്നു.[10] അവർ ദൈവത്തെ ഏറ്റവും വലിയ സമ്പത്തായി കണ്ടെത്തിയവരാണ്.

മലങ്കരമക്കൾക്കു വിശുദ്ധ കുർബാനശുശ്രൂഷ പെരുന്നാളാഘോഷമാണ്. കുർബാനശുശ്രൂഷയ്ക്ക് ഒരുങ്ങുമ്പോൾത്തന്നെ മലങ്കര ആരാധനക്രമം എന്നെക്കൊണ്ട് സങ്കീ 118,27-28 ആലപിപ്പിച്ചുകൊണ്ട് ഓർപ്പിക്കുന്നു: *കർത്താവേ, ഞങ്ങളുടെ പെരുന്നാളുകളെ നിന്റെ ബലിപീഠത്തിന്റെ കൊമ്പുകളോടു ബന്ധിക്കണമെ. നീ എന്റെ ദൈവമാകുന്നു; ഞാൻ നിനക്കു നന്ദി പറയും. നീ എന്റെ ദൈവമാകുന്നു; ഞാൻ നിന്നെ സ്തുതിക്കും*. ഈ സങ്കീർത്തനം ആലപിപ്പിച്ചുകൊണ്ട് ഓരോ കുർബാനശുശ്രൂഷയ്ക്കും മലങ്കരസഭ എന്നെക്കൊണ്ട് ആദ്യമായി ബലിപീഠം മുത്തിക്കുന്നതിന് നല്ല ദൈവമേ, നന്ദി!

വിശുദ്ധ കുർബാനയർപ്പണം വല്ലാത്തൊരു തിരക്കിനിടയിലെ ഒരു കർമമായിപ്പോയതിനാലോ അനുദിനയനുഷ്ഠാനം ആക്കപ്പെട്ടതിനാലോ കാലക്രമേണ കല്ലിച്ച എന്റെ ഹൃദയത്തിന്റെ ധമനികളും കനത്തുകല്ലിച്ചു. അവയ്ക്കിടയിലൂടെ ഗുരുസ്ഥാനീയങ്ങളായ ജ്ഞാനമു

[8]പുറ 23,15 [9]നിയ 16,16 [10]മർക്കോ 12,41-44;ലൂക്കാ 21,1-4

ത്തുകൾ ചോർന്നുപോയോ? കർത്താവേ, വിശുദ്ധ കുർബാനയ്ക്കു തീർഥയാത്രയായി ആത്മാവിൽ കീർത്തനങ്ങളാലപിച്ചു ദേവാലയത്തിലേക്കു വരുന്ന നിന്റെ ജനത്തെ സ്വീകരിക്കാൻ സാധിക്കുന്നത് എത്ര മഹാ ഭാഗ്യം! *ആഹ്ലാദവും കൃതജ്ഞതാസ്തോത്രങ്ങളും ഉയർത്തി ആർത്തുല്ലസിക്കുന്ന ജനത്തെ സ്വീകരിക്കാൻ*[11] നീ മുന്നിലുണ്ടല്ലോ!

## ദേവാലയവാതില്ക്കൽ

ദേവാലയം. അതു കാണുമ്പോൾ ക്രിസ്തുശിഷ്യർ ഓർക്കുന്നു — തങ്ങളുടെ ഗുരുവും കർത്താവുമായ യേശുമിശിഹാ മൂന്നു ദിവസം കൊണ്ടു പുനരുദ്ധരിച്ച ആലയം. ക്രിസ്തീയ ദേവാലയം ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രതീകമാണ്.[12] യേശുക്രിസ്തുവിന്റെ ദാസനായ യോഹന്നാനു ദൈവം വെളിപ്പെടുത്തിക്കൊടുത്ത[13] ദേവാലയത്തിന്റെ പ്രതീകം. സർവശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് ദേവാലയം.[14] പുതിയ ആകാശവും പുതിയ ഭൂമിയും (മിശിഹാ മുഖാന്തരം പുതുക്കപ്പെട്ട പ്രപഞ്ചം) ദൃശ്യമാകുന്നിടം.[15] ഈ ആലയത്തിൽ ആകാശവും ഭൂമിയും സമസ്ത സൃഷ്ടിയും സമ്മേളിച്ചിരിക്കുന്നു. ദേവാലയം പ്രപഞ്ചത്തിന്റെ ഐക്കൺ ആണ്. ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ വധുവിനെപ്പോലെ അണിഞ്ഞൊരുങ്ങിയ വിശുദ്ധ നഗരമായ പുതിയ, സ്വർഗീയ, ജറുസലേം.[16] അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ പേരുകൾ.[17] നഗരമതിലിന്റെ അടിസ്ഥാനങ്ങൾ എല്ലാത്തരം രത്നങ്ങൾകൊണ്ട് അലംകൃതം. ഒന്നാമത്തത് സൂര്യകാന്തം. രണ്ടാമത്തത് ഇന്ദ്രനീലം ...[18] ഈ ദേവാലയത്തിന്റെ പ്രതീകമാണ് ക്രിസ്തീയ ദേവാലയം. അതിനുള്ളിൽ യോഹന്നാൻ മറ്റൊരു ദേവാലയം കണ്ടില്ല...[19]

ദേവാലയം — സഭാസമൂഹത്തിന്റെ ഭവനം. സ്വർഗത്തിന്റെയും ഭൂമിയുടെയും അവയിലുള്ള സകലതിന്റെയും ക്രിസ്തുവിലുള്ള സമ്മേളനമാണ് സഭ. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ പ്രതീകമാണ് ദേവാലയം. സഭാസമൂഹത്തിന്റെ ഈ അർഥധ്വനികളെ അതുദ്ഘോഷിക്കുന്നു.

---

[11] സങ്കീ 42,4 [12] യോഹ 2,13–23 [13] വെളി 1,1–2 [14] വെളി 21,22
[15] വെളി 21,1 [16] വെളി 21,2. ഇതാണ് പട്ടം ഭദ്രാസനദേവാലയത്തിന്റെ മദ്ബഹായിൽ ത്രോണോസിനു പിന്നിലെ ഭിത്തി കർട്ടനെഴുതി അണിയിച്ചിട്ടുള്ളതിന്റെ അർഥം. [17] വെളി 21,14. ഭദ്രാസനദേവാലയത്തിന്റെ മദ്ബഹായിൽ ത്രോണോസിനു പിന്നിലെ ഭിത്തിയിൽ 12 അപ്പോസ്തലന്മാരുടെയും ഐക്കണുകൾ ഉണ്ടല്ലോ. [18] വെളി 21,19. ഇതാണ് ഭദ്രാസനദേവാലയത്തിന്റെ ഭിത്തികളിൽ ജനൽനിരപ്പിനു താഴെ പൂക്കളുടെ രൂപത്തിൽ എഴുതിയിട്ടുള്ള ഐക്കണുകളുടെ ഒരർഥം. [19] വെളി 21,22

ദേവാലയം — കർത്താവിന്റെ ആലയമായി വിശുദ്ധീകരിക്കപ്പെട്ടി ട്ടുള്ള ക്രിസ്ത്യാനികളുടെയും അവരുടെ സമൂഹത്തിന്റെയും പ്രതീക മാണ്.[20] ദൈവജനത്തിന്റെ പ്രതീകം; എന്തെന്നാൽ ദൈവജനമാണല്ലോ ദൈവത്തിന്റെ ഭവനം. പരിശുദ്ധാത്മാവേ, എന്നെയും ഞാൻ നേതൃത്വം നല്കുന്ന ഇടവകസമൂഹത്തെയും അതിലെ ഓരോ അംഗത്തെയും ദേവാലയമായി ദർശിച്ചുകൊണ്ട് ദേവാലയത്തിലേക്കു പ്രവേശിക്കാനും ശുശ്രൂഷിക്കാനും വൈദികനായ എന്നിൽ ജ്ഞാനത്തിന്റെ ആത്മാ വിനെ ചൊരിഞ്ഞുകൊണ്ടിരിക്കണമെ.

## ആനവാതിലിലൂടെ അകത്തേക്ക്

തീർഥാടകർ ദേവാലയത്തിന്റെ പ്രധാനവാതിലിലൂടെയാണ് ദേവാ ലയത്തിലേക്കു പ്രവേശിക്കുന്നത്. ദേവാലയത്തിന്റെ ആനവാതിൽ, ദേവാലയത്തിന്റെ ആർച്ചുവാതിൽ, ദേവാലയത്തിൽ ആരാധനയ്ക്ക് ആഗതനാകുന്നവരെ അനേകം കാര്യങ്ങൾ ഓർപ്പിക്കുന്ന ഒരു പ്രതീ കമാണ്. ദാവീദിന്റെ കൂടെയുണർന്നാൽ മനസ്സിലാക്കാമെന്ന് എന്റെ സഭതന്നെ എന്നെക്കൊണ്ടു ആലപിപ്പിക്കുന്നുണ്ടല്ലോ:

> ദാവീദ് ദൈവത്തിന്റെ അദ്ഭുതങ്ങളെയും അവന്റെ വിധികളെയുംകു റിച്ചു സ്തുതിക്കാൻ പാതിരാത്രിയിൽ എഴുന്നേറ്റു. അവൻ ആകാശ ത്തിലേക്കു സൂക്ഷിച്ചുനോക്കി. ആകാശവിതാനത്തെയും ആകാശഗോ ളങ്ങളെയും അവയുടെ ഭ്രമണഭംഗിയെയും ദർശിച്ചു. സൃഷ്ടിയുടെ പ്രശാന്തതയും മഹിമയും കണ്ട് ആശ്ചര്യഭരിതനായി കർത്താവിനു സ്തോത്രം പാടി.[21]

കൂടെ, എല്ലാ രാത്രിയിലും ഞാനാലപിക്കുന്ന 148-150 സങ്കീർത്ത നങ്ങളും, ഞായറാഴ്ചതോറും പ്രഭാതനമസ്കാരത്തിൽ സഭയാലപി ക്കുന്ന 19-ാം സങ്കീർത്തനവും ശ്രദ്ധിച്ചാൽ മതിയല്ലോ.

ദേവാലയത്തിന്റെ മോണ്ടളം പ്രപഞ്ചത്തെ സൂചിപ്പിക്കുന്നുവെന്ന ആത്മീയധാരണ മലങ്കര സുറിയാനി സഭയ്ക്കുണ്ട്.[22] ദേവാലയത്തിന്റെ വളച്ചുവാതിൽ ക്രൈസ്തവാരാധനയുടെ പ്രാപഞ്ചികമാനത്തിന്റെയും പ്രതീകമാണ്. സംസ്കൃതന്ത്രയന്ത്രപാരമ്പര്യത്തിൽ ചക്രങ്ങൾ പ്രപഞ്ച

---

[20] 1 കോറി 6,11.20; എഫേ 2,21; പത്രോ 2,9 [21] *വലിയനോമ്പിലെ പ്രാർത്ഥനക്രമം*, തിങ്കൾ പാതിരാത്രി രണ്ടാം കൗമാ, കോലോ, പുറം 32 [22] ദേവാലയത്തിന്റെ ഘടനാ പരമായ ഭാഗങ്ങളുടെ വിശദവ്യാഖ്യാനത്തിന് കാണുക, ഗീവർഗീസ് പണിക്കർ കാരി ച്ചാൽ, *മലങ്കക്കുർബാന തീർത്ഥാടക സഭയിൽ*, കോട്ടയം,1996$^{2}$,55-78.

ത്തിന്റെ രേഖികമായ പ്രതിരൂപമാണല്ലോ.[23] സുറിയാനി പാരമ്പര്യത്തിൽ ദേവാലയങ്ങളെ അലങ്കരിക്കുന്ന അർദ്ധഗോളാകൃതി ആകാശത്തിന്റെയും പ്രപഞ്ചഗോളത്തിന്റെയും ചിഹ്നമാണ്. ക്രിസ്തീയാരാധനയോടു ബന്ധപ്പെടുത്തുമ്പോൾ, ദൈവമേഖലയുടെയും[24] സ്വർഗത്തിന്റെ തുറന്ന വാതിലിന്റെയും[25] പ്രപഞ്ചവും സ്വർഗവും തമ്മിലുള്ള അനുരഞ്ജനത്തിന്റെയും[26] പ്രതീകങ്ങളാകുന്നു. അതേ സമയംതന്നെ, അത് ''കടന്നുപോകുന്ന ആകാശത്തെയും ഭൂമിയെയും'' (= പ്രപഞ്ചത്തെയും), ''ആകാശവും ഭൂമിയും കടന്നുപോയാലും മഹത്ത്വപൂർണനായ മനുഷ്യപുത്രന്റെ കടന്നുപോകാത്ത വചനങ്ങളെയും''[27] പ്രതീകവത്കരിക്കുന്നു. മർക്കോ 13,31 വ്യാഖ്യാനിച്ചുകൊണ്ടു പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ പറയുന്നത് ഇങ്ങനെയാണല്ലോ: ''പ്രാപഞ്ചികമാനങ്ങൾ കടന്നുപോകുന്നു; യേശുവിന്റെ വചനമാകുന്ന യഥാർഥ ആകാശമണ്ഡലത്തിൽകീഴ് മാത്രമാണ് നമുക്കു നില്ക്കാനും നിലനില്ക്കാനും സാധിക്കുന്നത്.''[28]

സൃഷ്ടപ്രപഞ്ചം മുഴുവൻ തന്റെ സ്രഷ്ടാവിനെ ആരാധിക്കുന്നു. പ്രപഞ്ചത്തിന്റെ മഹത്ത്വത്തിൽ ദൈവത്തിന്റെ മഹത്ത്വം പ്രശോഭിക്കുന്നു. ഈ അന്തർജ്ഞാനം സത്യസന്ധനായ ഏതു മനുഷ്യനും ഉള്ളതാണല്ലോ. പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ ഓർപ്പിക്കുന്നതുപോലെ, നമുക്കു ലോകത്തെ സാങ്കേതികമായി ഉപയോഗിക്കാൻ കഴിയുന്നത് അതു യുക്തിസഹമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലാണല്ലോ. ലോകത്തിനു വലിയ യുക്തിഭദ്രതയുണ്ട്. ഈ യുക്തിഭദ്രതയിൽനിന്ന് അതിനെ പുറപ്പെടുവിക്കുന്ന സർഗചൈതന്യത്തെക്കുറിച്ച് എന്തോ ചിലതൊക്കെ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നു. തദ്ഫലമായി, സൃഷ്ടിയുടെ സൗന്ദര്യത്തിൽനിന്നു ദൈവത്തിന്റെ സൗന്ദര്യവും മഹത്ത്വവും നന്മയും സംബന്ധിച്ചു കുറെയെല്ലാം നമുക്കു ഗ്രഹിക്കാം.[29]

---

[23]ഈ വസ്തുത 2011 ജൂലൈ 13-16 തീയതികളിൽ തിരുവനന്തപുരം മ്യൂസിയം ഓഡിറ്റോറിയത്തിൽ നടന്ന മന്ത്രയന്ത്രങ്ങളുടെ ചിത്രപ്രദർ ശനത്തിൽ മനസ്സിലാക്കാൻ അവസരമുണ്ടായിരുന്നു. മറ്റു സംസ്കാരങ്ങളിലും അങ്ങനെയാണല്ലോ.
[24]വെളി 3,12;4,1 [25]വെളി 4,1 [26]വെളി 21,1-2 [27]മർക്കോ 13,31 [28]*Jesus of Nazarath* -II, 51; കുര്യൻ വാലുപറമ്പിൽ, ''ദൈവ വചനവും ലിറ്റർജിയും'' പ്രബന്ധം, പട്ടം വൈദികസമ്മേളനം, 2011 സെപ്തംബർ 10. [29]''ലോകചക്രവാളത്തിൽ ദൈവത്തെ വീണ്ടും ദർശിച്ചുകൊണ്ട്,'' 2011 സെപ്തംബർ 22-25 തീയതികളിൽ ജർമനിയിൽ നടത്താനിരുന്ന സന്ദർശനത്തെക്കുറിച്ചു സെപ്തംബർ 18 ഞായറാഴ്ച, ജർമനിയിലെ പൊതുപ്രക്ഷേപണനിലയമായ എ.ആർ.ഡി പ്രക്ഷേപണം ചെയ്ത ''*Wort zum Sontag*'' (*ഞായറാഴ്ചത്തെ പുളിമാവ്*) എന്ന പരിപാടിക്കുവേണ്ടി മാർപാപ്പാ റിക്കോർഡ് ചെയ്ത സന്ദേശം, മലയാള പരിഭാഷ, *ഒസ്സെർവാത്തോരേ റൊമാനോ*, പുസ്തകം 4, ലക്കം 31, 29 സെപ്തംബർ 2011, പുറം 6

താനുൾക്കൊള്ളുന്ന യുക്തിയും തന്റെ മഹത്ത്വവും സൗന്ദര്യവും നന്മയുംകൊണ്ടു ദൈവത്തെ തന്നാലാകുംവിധം വെളിപ്പെടുത്തുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്ന പ്രപഞ്ചത്തോടു ചേർന്ന് ഓരോ മനുഷ്യവ്യക്തിയും ആരാധനയർപ്പിക്കണം. പ്രപഞ്ചം സ്രഷ്ടാവിന്റെ മഹത്ത്വം നിറഞ്ഞിരിക്കുന്നു: ഞാൻ അവന്റെ മഹത്ത്വം പുകഴ്ത്തണം. "അരൂപികളും സ്വരൂപികളുമായ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, ഭൂമിയും സമുദ്രവും മഹത്വപ്പെടുത്തുന്ന" "സകല സൃഷ്ടികളുടെയും സ്രഷ്ടാവിനെ" പ്രപഞ്ച സൃഷ്ടികളോടൊത്ത് ക്രിസ്ത്യാനിക്കുചിതവും ദൈവത്വത്തിനു യോഗ്യവുമായ വിധം "ഭയഭക്തിയോടെ സ്തോത്രം ചെയ്യുകയും വന്ദിക്കുകയും സ്തുതിക്കുകയും ചെയ്യുന്നത് യഥാർത്ഥത്തിൽ യുക്തവും ന്യായവുമാകുന്നു." "ദൈവത്തിന്റെ കാരുണ്യം സൃഷ്ടിയിലെല്ലാം കാണുന്നു; ഓരോ രോഗ ത്തിന്നൗഷധം നീ നല്കി" എന്നോർപ്പിച്ചിട്ടാണല്ലോ മലങ്കര സഭ എന്നെ ഉറക്കുന്നത്.[30] "കരുണയും മനുഷ്യസ്നേഹമുള്ള ദൈവമായ കർത്താവിനെ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനെ, തിരുമുമ്പാകെ നിന്ന് ഭയഭക്തിയോടും പരിശുദ്ധാത്മപ്രചോദിതമായ നല്ല ഒരുക്കത്തോടും സർവാരാധ്യനായ കർത്താവും സ്രഷ്ടാവുമെന്ന നിലയിൽ വെടുപ്പോടും വിശുദ്ധിയോടും ശുശ്രൂഷിക്കാൻ"[31] ദേവാലയത്തിന്റെ ആനവാതിൽ എന്നെ ആഹ്വാനം ചെയ്യുന്നു. വിശുദ്ധ ബൊനവെഞ്ചറിന്റെ ക്ഷണം എത്ര പ്രസക്തമാണിവിടെ:

> ... സർവ സൃഷ്ടികളിലും നിങ്ങളുടെ ദൈവത്തെ ദർശിക്കാനും ശ്രവിക്കാനും സ്തുതിക്കാനും സ്നേഹിക്കാനും വണങ്ങാനും മഹത്ത്വപ്പെടുത്താനും ബഹുമാനിക്കാനും കഴിയുംവിധം നിങ്ങളുടെ കണ്ണുകൾ തുറക്കുകയും ആത്മീയമായി ശ്രദ്ധിച്ചു കേൾക്കുകയും നിങ്ങളുടെ അധരങ്ങൾ വിടർത്തുകയും നിങ്ങളുടെ ഹൃദയം സജ്ജീകരിക്കുകയും ചെയ്യുവിൻ.[32]

യേശുക്രിസ്തു പ്രപഞ്ചത്തെ മുഴുവൻ രക്ഷിച്ചു; അവനിൽ സകലതും പുനഃസമാഹരിക്കപ്പെടും; പ്രപഞ്ചം അതു പ്രതീക്ഷിക്കുന്നു. സന്ധ്യയുടെ ഇരുളും രാവിന്റെ ശാന്തിയും ഉഷസിന്റെ ഉദയവും പിതാപുത്രറൂഹായായ നിനക്കു സ്തുതികളർപ്പിക്കുന്നു.[33] ഉഷസിന്റെ ഉദയത്തിന്റെ ദൈവസ്തുതികളോടു ചേർന്ന് അതിരാവിലെ പക്ഷിഗണങ്ങളുണർന്നു സ്തുതിപ്പാട്ടു പാടിത്തുടങ്ങി. അപ്പോൾ തുറക്കപ്പെട്ട കിളി

---

[30] *ശ്ഹീമൊ*, *മെനഗാ*, ബുധൻ, രാത്രി, രണ്ടാം കൗമാ, കോലൊ [31] വിശുദ്ധ കുർബാന, ഒന്നാം ശുശ്രൂഷ, പ്രാരംഭപ്രാർഥന [32] *ദൈവത്തിലേക്കുള്ള മനസ്സിന്റെ സഞ്ചാരചരിത്രം*, 1,15: നമ്പർ 28ൽ സൂചിപ്പിച്ച കൃതിയിൽനിന്ന്. [33] സെറുഗിലെ യാക്കോബ്: *ശ്ഹീമൊ, മെനഗാ, വ്യാഴം മൂന്നാം മണി ബോവൂസാ*

വാതിലിലൂടെ കിഴക്കോട്ടു ഞാൻ നോക്കി. എന്നുമെന്നപോലെ ഇന്നും ആദ്യം ദൃശ്യമായ ആകാശവിതാനം അനുസ്മരിപ്പിക്കുന്നു: ''ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു; ആകാശവിതാനം അവന്റെ കരവേലയെ കാണിക്കുന്നു...''[34] പിന്നെയും സങ്കീർത്തകൻ പാടിയിട്ടുണ്ടല്ലോ: ''കർത്താവിന്റെ വചനത്താൽ ആകാശം നിർമിക്കപ്പെട്ടു. അവിടുത്തെ കല്പനയാൽ ആകാശഗോളങ്ങളും.''[35]

ദേവാലയത്തിന്റെയും മദ്ബഹായുടെയും ആർച്ചുവാതിൽ ആകാശവിതാനത്തിന്റെ പ്രതീകമാണ്. അത് ആരാധനാനുഷ്ഠാനത്തോടു ബന്ധപ്പെട്ട അനേകം സംഗതികൾ സൂചിപ്പിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. അത് പ്രപഞ്ചം, അതിലെ ദൈവസാന്നിധ്യം, കർത്താവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചസൃഷ്ടികൾ,[36] അവയിലെല്ലാം കാണുന്ന ദൈവത്തിന്റെ കാരുണ്യം,[37] പ്രപഞ്ചസീമയെയും പ്രപഞ്ചസീമയ്ക്കതീതമായ ദൈവസന്നിധിയും[38] ദൈവമഹത്ത്വവും, കർത്താവിന്റെ വാസസ്ഥാനത്തുള്ള ദൈവപുത്രന്മാരുടെ സഭ,[39] കർത്തൃസ്തുതിയിൽ പ്രപഞ്ചത്തിന്റെ ഏകീഭാവം എന്നിവയെല്ലാം ദൈവജനത്തിൽ അംഗമായ എനിക്കു സന്നിഹിതമാക്കുന്നു. രാത്രിപ്രാർഥനയിൽ 150-ാം സങ്കീർത്തനത്തിന്റെ 1-ാം വാക്യം ഇപ്രകാരം ആലപിക്കാൻ എന്റെ സഭ എനിക്കു ക്രമപ്പെടുത്തിത്തന്നിട്ടുണ്ടല്ലോ: *കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്തിൽ സ്തുതിപ്പിൻ; അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.* ദൈവജനം പ്രപഞ്ചത്തോടൊത്തു കർത്താവിനെ സ്തുതിക്കുന്ന ശുദ്ധസ്ഥലം - ദേവാലയം - പ്രപഞ്ചസീമയ്ക്ക് അപ്പുറമുള്ള ദൈവസന്നിധിയാണ്. അതേ സമയംതന്നെ ദേവാലയവാതിലിന് അപ്പുറമുള്ളതാണ്. ആ ശുദ്ധസ്ഥലം പ്രപഞ്ചസീമയ്ക്കതീതമായ അതിവിശുദ്ധ സ്ഥലമാണ്. ദേവാലയത്തെയും മദ്ബഹായെയും വേർതിരിക്കുന്ന ആർച്ചുവാതിലിന് അപ്പുറമുള്ളത്. ഇവിടെ, 148-ാം സങ്കീർത്തനത്തിന്റെ മൗലിക സന്ദർഭം ആരാധനാനുഷ്ഠാനമാണെന്ന അറിവ് നമ്മുടെ ധാരണകൾക്കു ശക്തിയും സ്ഥിരീകരണവുമേകുന്നു. കൂടെ, ഓരോ ദിവസത്തെയും രാത്രിപ്രാർഥന അടുത്ത ദിവസത്തെ കുർബാനയ്ക്കുള്ള ഒരുക്കത്തിന്റെ ആരംഭമാണെന്ന തിരിച്ചറിവും...

---

[34]സങ്കീ 19,1; ഞായർ പ്രഭാതനമസ്കാരം [35]സങ്കീ 33,6 [36]സങ്കീ 19;148;150,1
[37]*ശ്ഹീമൊ* നമസ്കാരം, ബുധൻ സൂത്താറാ, മെനഒാ, കോലൊ
[38]സങ്കീ 29,10;148,4 [39]സങ്കീ 29,1-2;ഏശ6,2-3;ജോബ് 1,6;2,1

ക്രിസ്തുവാണല്ലോ *സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതൻ. സകലതും അവനിലൂടെയും അവനുവേണ്ടിയുമാണല്ലോ സൃഷ്ടിക്കപ്പെട്ടത്.*[40] എല്ലാം ഉണ്ടായത് ആദിയിലേ ഉണ്ടായിരുന്ന വചനവും ദൈവത്തോടുകൂടിയായിരുന്ന വചനവും ദൈവമായിരുന്ന വചനവുമായ അവൻവഴിയാണ്. അവനെകൂടാതെ ഒന്നും ഉണ്ടായതുമില്ല.[41] വാക്കോ പ്രസംഗമോ ഇല്ലാതെ പ്രപഞ്ചം മുഴുവൻ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ദൈവവചനത്തെ, ദൈവത്തെ, അനുഭവിച്ചുകൊണ്ട് ഞാൻ ദേവാലയത്തിലേക്കു പ്രവേശിക്കുകയും അവനിലൂടെ ദൈവത്തെ ആരാധിക്കുകയും ചെയ്യണമെന്നാണല്ലോ എന്റെ സഭ എന്നോടു നിഷ്കർഷിക്കുന്നത്. പ്രപഞ്ചത്തിന്റെ മാനത്തു മിന്നുന്ന വചനം വായിച്ചും സൃഷ്ടിയെക്കുറിച്ചു ധ്യാനിച്ചും സ്രഷ്ടാവിനെ അംഗീകരിക്കാനും ആരാധിക്കാനും[42] ദേവാലയത്തെക്കുറിച്ചുള്ള ശേമികദർശനം തിരുഗ്രന്ഥത്തിലൂടെയും സുറിയാനിപാരമ്പര്യത്തിലൂടെയും കൈമാറിക്കിട്ടിയിട്ടുണ്ടല്ലോ. പ്രത്യേകിച്ച് വെളിപാടുകാരനായ യോഹന്നാനിലൂടെ. ദേവാലയം അഖിലാണ്ഡത്തിന്റെ പ്രതിനിധാനമാണ്; ദിവ്യമായ പ്രാപഞ്ചികചട്ടക്കൂടിന്റെ മൈക്രോകോസമാണ്.[43]

പ്രപഞ്ചത്തിലുള്ള ദൈവസാന്നിധ്യത്തിലൊഴുകി, അതിൽ മുഴങ്ങുന്ന ദൈവവചനം ശ്രവിച്ചുകൊണ്ടു ദേവാലയത്തിലെ പ്രതിഷ്ഠിത ദൈവസാന്നിധ്യത്തിലേക്കും,[44] വാഗ്ദത്തസാന്നിധ്യത്തിലേക്കും[45] അതിവിശുദ്ധിയുടെ ആശ്രയിപ്പിക്കുന്ന ഭയവും വിറയലും ജനിപ്പിക്കുന്ന യാഗവേദിയിലേക്കും യാത്ര ചെയ്യാനാണല്ലോ മലങ്കര സഭ തന്റെ മക്കളെ പരിശീലിപ്പിക്കുന്നത്. അവിടെ എനിക്കു കർത്താവിന്റെ എഴുതപ്പെട്ട വചനങ്ങളിൽ നിത്യജീവന്റെ വചനങ്ങൾ കേൾക്കാമല്ലോ. അവയിൽ എനിക്ക് അവിടത്തെ സ്വരം വ്യക്തമായി കേൾക്കാമല്ലോ. ദൈവത്തിൽനിന്നു വന്ന ഏതു വചനം മൂലമാണോ സമസ്തവും ഉണ്ടായത് ആ വചനം മാംസമായവനെ[46] അപ്പത്തിൽ എടുക്കാനും അപ്പമായി ഭക്ഷിക്കാനും[47] കഴിയുമല്ലോ. അതോടു ചേർന്ന്, എനിക്ക്, അവൻ അപ്പമായി വരുന്നിടത്തേക്കു ഞാൻ വചനത്താലുള്ള സൃഷ്ടിയെ ദർശിച്ചും ധ്യാനിച്ചും തീർഥയാത്ര

[40]കൊളോ 1,15-16 [41]യോഹ 1,3 [42]ജ്ഞാനം 13,5;റോമ1,19-20 [43]Susan Niditch, *The Symbolic Vision in Biblical Tradition*. Harward Semitic Monographs - 30; Chicago, Scholars Press,1980, 154; G.E.Wright et al., "The Significance of the Temple in Ancient Near East," *BA* Vol 7 (1984) 41-88; Walter Kornfeld, "Der Symbolismus der Tempelsaulen," *ZAW* Vol 74 (1962) 50-57 [44]ഉത്പ 28,10-22 [45]മത്താ 18,20; 20,28 യോഹ 14,1 [46]യോഹ 1,3.14 [47]യോഹ 6; മർക്കോ14,22-24; ലൂക്കാ 22,17-20

നടത്തണമെന്നു വചനം പറയുന്നു.[48] സൃഷ്ടിയെ ആഘോഷിച്ചുകൊണ്ടു കുർബാനയാഘോഷിക്കുക! അതു പുനഃസൃഷ്ടിയല്ലോ![49]

ദേവാലയത്തിന്റെ ആനവാതില്ക്കൽ ഞാനെത്തിയപ്പോൾത്തന്നെ ഹൈക്കലായും കെസ്ത്രോമയും കിഴക്കേ അറ്റത്തു മദ്ബഹായും അവിടേക്കു വാതില്ക്കൽനിന്ന് ഉയർന്നുയർന്നുപോകുന്ന പടികളും ഒറ്റ ദൃശ്യത്തിൽ കാണാനാകുന്നു. ഈ പടികൾ യാക്കോബ് ദർശിച്ച ഗോവണിയെ പൂർത്തീകരിച്ചവന്റെ മറുരൂപമല്ലോ.[50] അവ ഗൊല്ഗോഥായിലേക്കുള്ള പടികളും ജീവന്റെ വൃക്ഷത്തിലേക്കുള്ള ഗോവണിയുമത്രേ. ഹൈക്കലായും മദ്ബഹായും തമ്മിൽ അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. മദ്ബഹാ ബലിസ്ഥാനമാണ്. തബലീത്താ മദ്ബഹായാണ്.[51] അതിനാൽ 'ജീവന്റെ മേശ'യും (ബലിപീഠവും) അതിരിക്കുന്ന അതിവിശുദ്ധസ്ഥലവും മദ്ബഹായാണ് മലങ്കര സുറിയാനിസഭയ്ക്ക്. ഹൈക്കലാ, രാജകീയ പൗരോഹിത്യമുള്ളവരുടെ കൊട്ടാരം, വിശുദ്ധ സ്ഥലം, മദ്ബഹായ്ക്കുന്മുഖമായിരിക്കുന്നു. ആദ്യത്തേത് രണ്ടാമത്തേതിലേക്ക് അവരുടെ ആത്മാവിനെയും ഹൃദയങ്ങളെയും കണ്ണുകളെയും ആനയിക്കുന്നു.

ഹൈക്കലാ — ഏകസത്യദൈവത്തിന്റെ പുതന്റെ വചനം സ്വീകരിച്ചവർ ലോകത്തിൽ *ലോകത്തിന്റേതാകാതെ*[52] അവന്റെ നാമത്തിൽ സമ്മേളിക്കുന്നിടമാണ്.[53] അത് ഒരു വിധത്തിൽ ലോകത്തിനു പ്രതിനിധീഭവിക്കുന്നു. സഭയെ സ്വർഗത്തിന്റെ മാതൃകയെന്നും, സഭയുടെ ആരാധനയെ സ്വർഗീയ ആരാധനയുടെ പതിപ്പെന്നും സുറിയാനി പാരമ്പര്യം പഠിപ്പിക്കുന്നുണ്ടല്ലോ. ഈ ദർശനത്തിലാണ് ഹൈക്കലാ ഇഹലോകത്തിനും മദ്ബഹാ ഭാവിലോകത്തിനും രണ്ടിനുമിടയ്ക്കുള്ള പീഠം (പ്രാർഥനമേശ) ജറുസലേത്തിനും പ്രതിനിധീഭവിക്കുന്നെന്നു പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്.[54] ഹൈക്കലായിലുള്ളവരെല്ലാം മദ്ബഹായിലേക്കു തിരിഞ്ഞിരിക്കുന്നു. ഹൈക്കലായിലുള്ളവരുടെ ലക്ഷ്യം മദ്ബഹായാണ് - ക്രിസ്തുവിന്റെ ബലിസ്ഥാനവും സ്വർഗവും. അവിടേക്കാണ് ലോകത്തിലുള്ളവരുടെ നോട്ടം. ലോകം വിശുദ്ധീകരണത്തിനു വേദിയാണല്ലോ ദൈവമേ. സ്വർഗവാതിൽ തുറന്നിരിക്കുന്നത് തീർഥാടകർ കാണുന്നു.[55]

---

[48]യോഹ 1, ജ്ഞാനം 13,5;റോമ 1,19-20 [49]ഞായറാഴ്ച സൃഷ്ടിയെയും ഉയിർപ്പിനെയും ആഘോഷിക്കുന്നത് പുനഃസൃഷ്ടിയായി മനസ്സിലാക്കണമെന്നു ജസ്റ്റിൻ *അപ്പോളൊജി* നമ്പർ 67ൽ പറഞ്ഞിട്ടുള്ളതിന്റെ പരാവർത്തനം [50]യോഹ 1,51 [51]ഹൂദായകാനോൻ തബലീത്തായെ കുറിക്കാൻ എപ്പോഴും മദ്ബഹാ എന്ന പദമാണ് ഉപയോഗിക്കുന്നത്. [52]യോഹ 17,6-19 [53]മത്താ 18,20 [54]ഉദാ: അറബികളുടെ മാർ ഗീവർഗീസ്: തോമസ് മണ്ണൂരാംപറമ്പിൽ, *സീറോ മലബാർ സഭയുടെ കുർബാന ഒരു പഠനം*, കോട്ടയം, 1990,18. [55]വെളി 4,1

മദ്ബഹാ – മിശിഹാകർത്താവുതന്നെ മഹിമയുടെ സിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന യഥാർഥ പുരോഹിതനും പാപപരിഹാരബലിയും ആത്മീയ ബലിപീഠവുമായിരിക്കുന്നിടം.[56] മദ്ബഹാ കർത്താവിന്റെ കബറിടമാണ്. ബലിപീഠം ജീവന്റെ മേശയാണ്; ജീവവൃക്ഷമാണ്; അമ്മാനുയേലാണ്; അവന്റെ സ്ലീബായാണ്.[57] അത് ദൈവത്തിന്റെയും ദൈവപുത്രന്റെയും സിംഹാസനവും[58] കൊല്ലപ്പെട്ട കുഞ്ഞാടിന്റെ സിംഹാസനവും[59] സിംഹാസനത്തിന്റെ മുമ്പിലെ ബലിപീഠവുമാണ്.[60] സിംഹാസനത്തിനു മുമ്പിൽ മരിച്ചവർ സമ്മേളിച്ചിരിക്കുന്നു.[61] നാലു ജീവികളും ഇരുപത്തിനാലു ശ്രേഷ്ഠന്മാരും കുഞ്ഞാടിനെ പ്രണമിക്കുന്നു. ഓരോരുത്തരും വീണയും വിശുദ്ധരുടെ പ്രാർഥനകളാകുന്ന പരിമളദ്രവ്യം നിറഞ്ഞ സ്വർണകലശങ്ങളും കൈയിലേന്തിയിരിക്കുന്നു. അവർ നവ്യഗാനമാലപിക്കുന്നു.[62] അവരോടു ചേർന്നു വിശ്വാസികൾക്കും  നവ്യഗാനമാലപിക്കാം.

ദേവാലയം സ്വർഗത്തെയാവിഷ്കരിക്കുന്നു. ''മഹത്ത്വമുള്ളവന്റെ തേജസ്സുകൊണ്ട് ആകാശം മൂടിയിരിക്കുന്നു; അവന്റെ മഹത്ത്വം ഭൂമി മുഴുവനിലും നിറഞ്ഞിരിക്കുന്നു.'' ദൈവത്തിന്റെ മഹത്ത്വം അവിടത്തെ വിശുദ്ധിയുടെ പ്രകാശനമാണല്ലോ. ദിവ്യരഹസ്യങ്ങളിന്മേൽ ശോശപ്പാ വിരിക്കുമ്പോഴത്തെ പ്രാർഥന എന്നെ ഓർപ്പിക്കുന്നു. ദൈവത്തിന്റെ വിശുദ്ധി ആകാശവും ഭൂമിയും നിറയെ വെളിപ്പെട്ടിരിക്കുന്നു. *തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഉന്നതങ്ങളിൽ ഊശാന.*

സ്വർഗവും ഭൂമിയും അവയിലുള്ള സകലവും അടയാളങ്ങളിലും പ്രതീകങ്ങളിലും ആവിഷ്കൃതവും സന്നിഹിതവുമായിരിക്കുന്നിടമാണ് ദേവാലയം. അതു പ്രപഞ്ചസംഗ്രഹവുമാണല്ലോ. പ്രഭാഷകന്റെ ജ്ഞാനദൃഷ്ടിയിൽ, ദൈവത്തിന്റെ നിയമമായ ജ്ഞാനത്തിന്റെ അദൃഷ്ടമായ ലിഖിതസംഹിതയാണല്ലോ  പ്രപഞ്ചം.

---

[56]പ്രുമിയോൻ നമ്പർ 17, വി.കുർബാന തക്സാ, തിരുവനന്തപുരം, 2007, 305; വത്തിക്കാൻ രണ്ട്, *ആരാധനക്രമം*, നമ്പർ 17. [57]*മോശെ ബർ കേഫാ യുടെ കൂദാശാഭാഷ്യം* (വിവ: ജി. ചേടിയത്ത്), 14; ദിവന്യാസ്യോസ് ബർസലീബി, *ആരാധനക്രമവ്യാഖ്യാനം* (വിവ: ജി. ചേടിയത്ത്-അപ്പശ്ശേരി). [58]വെളി 3,21;7,15 [59]വെളി 5,1-6;7,17;22,3 [60]വെളി 8,3 [61]വെളി 20,12 [62]വെളി 5,8-9

## ദേവാലയവാതില്കൽ ഒരു നിമിഷം

### ദേവാലയത്തിന്റെ വാതില്കലെത്തുമ്പോൾ

വിശ്വാസികളുടെ പിതാവിനു വാഗ്ദാനം കിട്ടിയ ദൈവത്തിന്റെ മണ്ണിലെ പാറയെടുത്തു തലയണയാക്കി യാക്കോബ് മണ്ണിൽ കിടന്നു.[63] കല്ത്തലയണയിൽ മുളച്ചുയർന്ന ഗോവണിപ്പടികൾ ചവിട്ടിയവൻ വിണ്ണിലേക്കുയർന്നു. മൺവിണ്ണുകളുടെയും ഗോവണിയുടെയും ദാതാവിനെയും ദൂതന്മാരെയും ദർശിച്ചു. മണ്മക്കളുടെ പ്രജ്ഞയിൽ ദൈവദർശനത്തെ ഗർഭം ധരിപ്പിച്ച സ്വപ്നം. സ്വപ്നത്തെ മുളപ്പിക്കുന്ന തലയണയ്ക്കുള്ള പാറ ഈ മണ്ണിൽ ഇനിയെവിടെ? ദൈവജനത്തിന്റെ എല്ലാ ഗോത്രങ്ങൾക്കും പുണ്യജലമൊഴുക്കാനുള്ള ഹോറേബിലെ പാറയെവിടെ? എല്ലാം എന്റെ സ്വപ്നക്കോട്ടകൾ വിഴുങ്ങിത്തീർത്തല്ലോ. പത്രോസിന്റെ അവശേഷിക്കുന്ന വിശ്വാസപ്പാറയിൻ[64] പുതുപദം പാടി ഞാനീ വിശുദ്ധ ബേഥേലിലേക്കു പാദം വയ്ക്കട്ടെ. അപ്പത്തിന്റെ ഈ ഭവനത്തിൽ എനിക്ക് നിന്റെ വചനമാകുന്ന അപ്പവും വചനം ... അപ്പമായവനെയും ലഭിക്കുവോളം *നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും പാതകൾക്കു പ്രകാശവുമായിരിക്കട്ടെ.*[65] നൈർമല്യമുള്ള ആത്മാക്കളെ വരണം ചെയ്യുന്ന മണവാളൻ എന്റെ ആത്മാവിനെ കാത്തിരിക്കുന്നു.

വെണ്മയുടെ മണവാളാ, ആകാശത്തിലെ വെൺമേഘങ്ങളെക്കാൾ ഇരുൾമേഘങ്ങളെ വാരിച്ചുറ്റാനാണല്ലോ എനിക്കിഷ്ടം. നീ ആകാശത്തിലെ മേഘത്തൂണിലുപവിഷ്ഠനായി നാല്പതു നാൾ നിർത്തില്ലാതെ കാർമേഘങ്ങളെ ഉരുക്കിയൊഴുക്കി കഴുകി ശുദ്ധീകരിച്ച ഭൂമിയെ ഞാനെന്തിന് അശുദ്ധമാക്കി? ഞങ്ങളുടെ സ്വർഗസ്ഥ പിതാവേ, നിന്റെ പ്രിയപുത്രന്റെ വിശുദ്ധരക്തം വീണു വിശുദ്ധീകൃതമായ ഈ വിശുദ്ധ ഗൊല്ഗോഥായിലെ മണ്ണിൽ ഞങ്ങൾ പിന്നെയും പിന്നെയും ഞങ്ങളുടെ സഹോദരങ്ങളുടെ ചോരയൊഴുക്കി അതിനെ പിന്നെയും രക്തനിലമാക്കുന്നതു പൊറുത്തു സൗഖ്യമേകണമെ. നീ നിന്റെ പുത്രന്റെ രക്തത്താൽ വിശുദ്ധീകരിച്ച മണ്ണിന്റെ വിശുദ്ധിയിലൂന്നി വിണ്ണിന്റെ വിശുദ്ധിയിലേക്കുയരാനും, വിണ്ണിലെ വിശുദ്ധിയെ മണ്ണിലേക്കാവാഹിക്കാനും നിന്റെ വത്സലപുത്രൻ മുഖാന്തരം ഈ മഹാപാപിയെ അനുഗ്രഹിക്കണമെ. നിന്റെ പുത്ര നിതാ ഇവിടെ സകലർക്കുംവേണ്ടി ആത്മീയ ഭക്ഷണം ചുട്ടെടുക്കു കയും ആത്മീയ പാനീയമൊഴുക്കുകയും ചെയ്യുന്ന ആത്മീയ പാറയായി നിലകൊള്ളുന്നു.[66] ആ പാറയിൽനിന്ന് ഇതാ ജീവജല

[63] ഉത്പ 29,10-19 [64] മത്താ 16,16; മർക്കോ 8,29; ലൂക്കാ 9,20 [65] സങ്കീ 119,1

[66] 1 കോറി 10,4; യോഹ 21,9

ത്തിന്റെ ഇമ്പമുള്ള അരുവിയൊഴുകുന്നു. പത്രോസിന്റെ വിശ്വാസപ്പാറയിൽ പാദമുറപ്പിച്ച് യാക്കോബിന്റെ ബഥേലിലെ കോവേണിയിലൂടെ[67] ഞാനീ പാറയിലേക്കു കയറട്ടെ. നിന്റെ ഇമ്പമുള്ള അരുവിയിൽനിന്ന് എന്നെ കുടിപ്പിക്കണമെ.

ഞാൻ മലിനപ്പെടുത്തിയ ഈ മണ്ണിനെ നിന്റെ വിശുദ്ധി ആവരണം ചെയ്തിരിക്കുന്നു. വിശുദ്ധ സാന്നിധ്യത്തിന്റെ സംരക്ഷണമേകുന്ന കാവല്ക്കാരായി നീ നിയമിച്ചിരിക്കുന്ന മേഘത്തൂണുകൾക്കു മറഞ്ഞുനിന്ന് നിന്റെ വിശുദ്ധിയുടെ ശൂശാനപ്പൂക്കളിറുത്ത് ഈ മണ്ണിനും മണ്മയർക്കും വേണ്ടി നിനക്കർപ്പിക്കാൻ ഇവരെ അനുഗ്രഹിക്കൂ.

*ദൈവമേ, സീയോനിൽ വസിക്കുന്ന നീ സ്തുത്യർഹനാണ്;*
*നിനക്കുള്ള നേർച്ചകൾ ഞങ്ങൾ നിറവേറ്റും*
*പ്രാർഥന ശ്രവിക്കുന്നവനേ, മർത്യരെല്ലാം പാപഭാരവുമായി*
*നിന്റെ സന്നിധിയിൽ വരുന്നു.*
*അകൃത്യങ്ങൾക്ക് അടിമപ്പെടുമ്പോൾ*
*നീ ഞങ്ങളെ മോചിപ്പിക്കുന്നു.*[68]
*ദൈവമേ, നിന്റെ കാരുണ്യാതിരേകത്താൽ*
*ഞാൻ നിന്റെ ആലയത്തിൽ പ്രവേശിക്കും.*
*ഭക്തിപൂർവം ഞാൻ നിന്റെ വിശുദ്ധ മന്ദിരത്തിനു നേരേ*
*പ്രണമിക്കും.*[69]

കർത്താവേ, എനിക്കു തെല്ലും യോഗ്യതയില്ലെങ്കിലും, നീ വസിക്കുന്ന ആലയവും നിന്റെ മഹത്ത്വത്തിന്റെ ഇരിപ്പിടവും എനിക്കു പ്രിയങ്കരമാണെന്നോർത്തു[70] കരുണയുണ്ടായി എന്നെ അവിടെ പ്രവേശിപ്പിക്കണമെ. ഒരു പക്ഷിയെപ്പോലെ ഈ പർവതത്തിൽ പറന്നുയർന്നു നിന്റെ തിരുമുഖം ദർശിക്കാൻ ഇവിടത്തെ ആരാധന എനിക്കിടയാക്കണമെ!

**ദേവാലയപ്രവേശനം**

പതിവുപോലെ ഈ കുർബാനയ്ക്കും ദേവാലയത്തിലേക്കു ഞാൻ പ്രവേശിക്കേണ്ടത് തല വണങ്ങി സ്ലീബായുടെ അടയാളത്താൽ എന്നെത്തന്നെ വിശുദ്ധീകരിച്ചും (കുരിശു വരച്ചും)[71] "ദൈവമേ, ആദരപൂർവം

[67] യോഹ 1,51 [68] സങ്കീ 65,2-3 [69] സങ്കീ 5,7 [70] സങ്കീ 26,8. [71] "കുരിശു വരയ്ക്കുക" എന്നാണ് ഇപ്പോൾ മലങ്കരയിലെ സുറിയാനി സഭകളെല്ലാം പറയുന്നത്. കുരിശ് എന്ന പദം ഇവിടെ പ്രയോഗത്തിലായത് പോർട്ടുഗീസ് മിഷണറിമാരുടെ ആഗമനത്തിനു ശേഷമാണ്. അവർ *ക്രൂക്സ്* എന്ന ലത്തീൻ പദവും *ക്രുസ്* (cruz) എന്ന പോർത്തുഗീസുപദവും പ്രയോഗിച്ചു. 1554-ൽ ആണ് മിഷണറിമാർ ആദ്യമായി ./.

നിന്റെ ഭവനത്തിലേക്കു വന്ന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും" എന്ന സങ്കീർത്തനപാദം പതിഞ്ഞ ശബ്ദത്തിൽ പ്രാർഥിച്ചുമാണല്ലോ.

***സ്ലീബാ***

നിബിയന്മാരുടെ മൊഴി അതിനാൽ  പൂരിതമായി
ദാർശനികന്മാരതിനെയൊളിവായ്  മുൻചൊന്നതുപോൽ
പ്രവചനമതിനാൽ സ്ലീബാ വരച്ചോൻ താതൻ സ്തുത്യൻ
ശ്ലീഹർക്കതടയാളമതായ് നല്കിയ സുതനും വന്ദ്യൻ
ബലികളെതെല്ലാം പൂർണമാതാക്കിയ റൂഹാ സ്തുത്യൻ
സ്ലീബാ പള്ളികളതെല്ലാറ്റിന്നും കോട്ടയതാക.[72]

സ്ലീബാ ദൈവപുത്രൻ പൂർത്തിയാക്കിയതാണ്. ദൈവത്തിന്റെ നിത്യപുത്രൻ കാലപൂർത്തിയിൽ മനുഷ്യനായിത്തീർന്നു മനുഷ്യകുല ത്തിന്റെ വിശുദ്ധീകരണമായിത്തീരൽ പൂർത്തിയാക്കിയത് തന്റെ ശുദ്ധീ കരണബലിയർപ്പണം സ്ലീബായിൽ പൂർത്തിയാക്കിക്കൊണ്ടാണ്. അവൻ സ്ലീബാ ആയിക്കൊണ്ടാണ്. പാപപരിഹാരശുശ്രൂഷ യേശുമിശിഹാ യിൽ പൂർത്തീകരിക്കപ്പെട്ടതിന്റെ പ്രതീകവും ചരിത്രപരമായ തെളിവു മാണ് സ്ലീബാ. യേശുവേ, നീ സ്ലീബായിൽ നിന്നെത്തന്നെ പാപപരി ഹാരബലിയായി അർപ്പിച്ച് ലോകത്തിന്റെ പാപമാകെ ദൈവസ്നേ ഹത്തിന്റെ ആഴത്തിൽ മുക്കിക്കളഞ്ഞു. ദൈവസ്നേഹംകൊണ്ടു ലോകത്തെ വിശുദ്ധീകരിച്ചു. നിന്റെ സ്ലീബാ ഞാൻ എന്റെമേൽ അട യാളപ്പെടുത്തുമ്പോൾ ഞാൻ നിന്റെ സ്ലീബായെ സ്വീകരിക്കുകയും നിന്നോടു സംസർഗത്തിലെത്തുകയും അതുവഴി പാപപരിഹാരത്തി ന്റെയും രൂപാന്തരീകരണത്തിന്റെയും മേഖലയിൽ പ്രവേശിക്കുകയു മാണല്ലോ.[73]

---

./.ദക്ഷിണേന്ത്യയിലെ. കത്തോലിക്കർക്കുവേണ്ടി വേദപാഠപ്പുസ്തകം അച്ചടിപ്പിച്ചത്. റോമൻ ലിപിയിൽ തമിഴ് ഭാഷയിൽ ലിസ്ബണിൽ അച്ചടിപ്പിച്ചു. അതിൽ *ക്രുസ്* എന്ന വാക്കാണുപയോഗിച്ചത്. പ്രസ്തുത പദം കുരുസ്, കുരിസ് എന്നിങ്ങനെയൊക്കെ എഴുതി പ്പോന്നു. തത്സ്ഥാനത്ത് കുരിശ് എന്ന് 1905-ൽ മഞ്ഞുമ്മേൽനിന്നു പ്രസിദ്ധീകരിച്ച പുതിയ നിയമവിവർത്തനത്തിൽ പ്രയോഗിച്ചു. അതുവഴി കുരിശ് എന്ന പദം മലയാളക്കര യിൽ സ്ഥിരപ്രതിഷ്ഠിതമായി. പോർട്ടുഗീസ് മിഷണറിമാരുടെ വരവിനു മുമ്പ് സ്ലീബാ എന്ന സുറിയാനി വാക്കാണ് മലങ്കരയിലെ മാർത്തോമ്മാ നസ്രാണികൾ ഉപയോഗിച്ചി രുന്നത്: ഡോ. ജോർജ് കുരുക്കൂർ, *ക്രൈസ്തവ ശബ്ദകോശം*, പി.ഒ.സി, കൊച്ചി, 2002, 77.

[72] മാർ യാക്കോബിന്റെ ബോവൂസാ, ശ്ഹീമോ നമസ്കാരം, വെള്ളി മെനങ്ങാ രാത്രി ഒന്നാം കൗമാ

[73] കാണുക, Pope Benedict XVI, *Jesus of Nazareth* - vol. II, 40

*സ്ലീബൊ ഓസൊ ദ്ശൈനൊ*[74] (ശാന്തി ചിഹ്നം സ്ലീബാ)
*സ്ലീബൊ നീശൊ ദ്സോകൂസൊ* (വിജയക്കൊടി താൻ സ്ലീബാ)
*സ്ലീബൊ ദ്ബേഹൂ ഫ്രീഖീനാൻ* (രക്ഷിതർ നാമീ സ്ലീ-ബായാൽ)
*ബേ കൂലാൻ മെശ്തബഹ്റീനാൻ* (അതിൽ നാമെല്ലാം പുകഴുന്നു)

സ്ലീബാ! കർത്താവിന്റെ രക്ഷാകരവ്യാപാരത്തെയാകെ ഉൾക്കൊള്ളുന്ന പ്രതീകം! വിശുദ്ധീകരണത്തിന്റെ മുദ്ര! ലോകത്തിന്മേൽ ദൈവം യേശുമിശിഹാവഴി ചൊരിഞ്ഞ സ്നേഹപാരമ്യത്തിന്റെ, സ്നേഹപാരവശ്യത്തിന്റെ, ഏറ്റവും ശോഭയേറിയ അടയാളം. സ്ലീബായുടെ അടയാളം വരയ്ക്കുന്നത് ഒരു വിശുദ്ധീകരണകർമം തന്നെ.

കർത്താവായ ക്രിസ്തുവേ, ഈ ഭൂമിയിൽ ഞാൻ ആദ്യമായി വിശുദ്ധീകരിക്കപ്പെട്ടത് സകലത്തെയും വിശുദ്ധീകരിക്കുന്ന നിന്റെ സ്ലീബായുടെ അടയാളത്താലാണല്ലോ. അന്ന് എത്ര തവണ നീ കർമിയുടെ കരമുപയോഗിച്ച് നിന്റെ സ്ലീബാകൊണ്ട് എന്നെ മുദ്രയിട്ടെന്ന് എണ്ണാനെനിക്കായില്ല. എന്നാലും അതെന്റെ നിത്യമുദ്രയായിത്തീർന്നു. സ്ലീബായാൽ, ക്രൂശിതനാൽ, ഞാൻ മുദ്രിതനാണ്. അവന്റെ സംരക്ഷണയിലാണ് ഞാൻ. അവന്റെ കരുണയുടെ ചിറകിൻകീഴിലാണ് ഞാൻ. സ്ലീബായുടെ ചിറകിൻകീഴിൽ. അവന്റേതാണ് ഞാൻ. സ്ലീബാ, ക്രൂശിതൻ, ഞങ്ങളുടെ ജീവിതത്തിന്റെ ആഘോഷമാണ്.

ജീവൻ നല്കും നൽ സ്ലീബായെ എല്ലായ്പ്പോഴും
നമിച്ചീടും-ഞങ്ങൾ
ശരണമതായും ര-ക്ഷയതായും നെറ്റിയതിന്മേൽ
വരച്ചീടു-ന്നെന്നും
ര-ക്ഷി-ച്ചീടും
രാപകൽ ഞങ്ങളെ ദുഷ്ടൻ തൻ
സൈന്യങ്ങളിൽനിന്നും-സ്ലീബാ.

നിന്റെ സ്ലീബായാലുള്ള ആദ്യവിശുദ്ധീകരണം ആഘോഷിച്ചുകൊണ്ട് - സ്നാനത്താൽ എനിക്കു ലഭിച്ച വിശുദ്ധിയിൽ കാലുറപ്പിച്ച് - ശുദ്ധീകരണബലിയർപ്പണത്തിന് അഭിഷേചിച്ചു പ്രതിഷ്ഠിച്ച *ബേമ്ലേലിലേക്കു* ഞാൻ പ്രവേശിക്കട്ടെ. അതേ, എന്നെ സഭയിൽ ആദ്യമായി വിശുദ്ധീകരിച്ച അതേ അടയാളമുദ്രയാൽ വിശുദ്ധീകൃതമായ ദൈവഭ

[74] *ശൈനോ* എന്ന സുറിയാനിവാക്ക് മലങ്കര ആരാധനക്രമത്തിൽ മുഖ്യമായി യേശുക്രിസ്തു തന്റെ പീഡാനുഭവ-ഉത്ഥാനത്താൽ പുനഃസ്ഥാപിച്ച ഐക്യമാണ് (എഫേ 2,16; കൊളോ 1,20); കൃംതാ നമസ്കാരം സന്ധ്യ, രാത്രി ഒന്നാം കൗമാ, പ്രഭാതം എന്നിവയുടെ അവസാനമുള്ള *മാർ യാക്കോബിന്റെ ബോവൂസാകൾ* കാണുക.

വനത്തിലേക്ക്. മരത്തെ സ്ലീബായാക്കിയ നിന്റെ നാമത്തിൽ സ്ലീബാ യാൽ മുദ്രിതരായവർ സമ്മേളിച്ചിട്ടുണ്ട്. അവരുടെ മധ്യേ നീയുണ്ട്. നിന്റെ സ്ലീബായുടെ ഏറ്റവും ശ്രേഷ്ഠമായ വ്യാഖ്യാനവും ആഘോഷ വുമാണല്ലോ വിശുദ്ധ കുർബാന. അതിനു ദേവാലയത്തിലേക്കു പ്രവേ ശിക്കുന്ന ഈ സമയത്ത്, വിശുദ്ധീകരണമുദ്രയായ സ്ലീബായുടെ അട യാളം എന്മേൽ വീണ്ടും ആഘോഷിച്ചുകൊണ്ട് വിശുദ്ധിയുടെ മേഖ ലയിലേക്ക് നീ എന്നെ വീണ്ടും പ്രവേശിപ്പിക്കുന്നു. ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മിശിഹാതമ്പു രാനേ, സജീവനും വിശുദ്ധീകരണവുമായ നീതന്നെ എന്റെമേൽ പതിക്ക പ്പെടുന്നു. പരിശുദ്ധനായ നീ അശുദ്ധനായ എന്നെ സ്പർശിക്കുന്നു. നിന്റെ സ്പർശനം എന്നെ വിശുദ്ധീകരിക്കുന്നു. സ്ലീബായുടെ സ്പർശ നത്തിൽ അതിവിശുദ്ധ ത്രിയേകദൈവം എന്നെ സ്പർശിക്കുന്നു. ഈ സ്പർശനം എന്നെ വിശുദ്ധീകരിക്കുന്നു.

''ദൈവമേ, ആദരപൂർവം നിന്റെ ഭവനത്തിലേക്കു വന്ന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും.'' ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ ചൊല്ലുന്ന ഈ പ്രാർഥന സങ്കീ 66,13 ആധാരമാക്കിയുള്ളതാണ്. ദേവാ ലയത്തിന്റെയും ആരാധനയുടെയും പശ്ചാത്തലത്തിൽ ആലപിച്ചിരു ന്നതാണ് സങ്കീ 66. വാക്യം 13 ആവിഷ്കരിക്കുന്നത് ദൈവം തന്റെ ജ നത്തിനു നല്കിയ വിടുതലിനെയും രക്ഷയെയുംപ്രതി ഭക്തൻ അവനു കൃതജ്ഞതയർപ്പിക്കാൻ നേർച്ചകാഴ്ചകളുമായി അവന്റെ ഭവനത്തിൽ പ്രവേശിക്കുന്നുവെന്നാണ്. ദൈവമേ, നീ രക്ഷിച്ച സമൂഹത്തിന്റെ ഭാഗ മെന്ന നിലയ്ക്കു ദേവാലയത്തിൽ നേർച്ചകാഴ്ചകളുമായി പ്രവേശി ക്കുമ്പോൾ ഞങ്ങളോരോരുത്തരുടെയും ദേവാലയപ്രവേശനത്തെയും നേർച്ചകളെയും നീ അനുഗ്രഹിക്കുന്നുവല്ലോ.

ദൈവമേ, ദേവാലയം നിന്റെ ഭവനമാകുന്നു. അതിലായിരിക്കുന്ന തിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിയുന്ന ഹൃദയത്തോടെ ഞാന തിലായിരിക്കട്ടെ.[75] *മറ്റിടങ്ങളിൽ ആയിരം ദിവസത്തെക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നതു കൂടുതൽ അഭികാമ്യമാ ണല്ലോ.*[76] ഞാനതിൽ ബേഥേലിലെ യാക്കോബും, ആദിയിൽ സ്വീകൃത മായ ബലിവേദിക്കരികിലെ വിശ്വാസിയായ ഹാബേലും[77] ആയിത്തീ രട്ടെ. നിന്റെ ഭവനത്തിൽ നിന്റെ വത്സലപുത്രന്റെ ബലിക്കായി ഞാൻ പ്രവേശിച്ചിരിക്കുന്നു. ആ ബലിതന്നാണല്ലോ എന്റെ ദഹനബലിയായി അർപ്പിക്കാൻ സഭ എന്നെയേല്പിച്ചിരിക്കുന്ന എന്റെ നേർച്ച.[78]

[75]സങ്കീ 69,9 [76]സങ്കീ 84,10 [77]ഹെബ്രാ 11,4 [78]സങ്കീ 66,13

ദൈവമേ, നിന്റെ ഭവനത്തിൽ കർത്താവിന്റെ നാമത്തിൽ സമ്മേളിച്ചിട്ടുള്ളവരോടു ഞാൻ ചേരുമ്പോൾ അവരുടെ മധ്യേ സന്നിഹിതനായിരിക്കുന്നവന്റെ സാന്നിധ്യത്തിലാകുന്നല്ലോ ഞാനും. ദൈവത്തിന്റെ ഭവനവും അതിലെ വിശുദ്ധീകൃതരായ മക്കളും അവരുടെ മധ്യേ സന്നിഹിതനായ കർത്താവും. ഇവിടം സ്വർഗമാകുന്നു. ഈ വിശുദ്ധ കൂടാരത്തിലായിരിക്കുന്നതു നല്ലതാകുന്നു. അത് എന്റെ വിശുദ്ധീകരണത്തിനു വൃദ്ധിയും വേഗവും ചേർക്കുന്ന ജറുസലേമാണല്ലോ. വിശുദ്ധിയുടെ, വിശുദ്ധീകരണത്തിന്റെ, ഈ ആവാസമേഖലയിൽത്തന്നെ ഈ വിശുദ്ധീകരണാർഥിക്ക് ആദ്യന്തം ആയിരിക്കാൻ അനുഗ്രഹിക്കണേ, നാഥാ. ഈ സീയോൻമലയിൽ എന്റെ അശുദ്ധിയുടെ ചെരുപ്പഴിച്ചുമാറ്റാനുള്ളനിന്റെ കല്പന കേൾക്കാൻ എന്റെ അടഞ്ഞ കാതുകൾക്കു കരുത്തേകണേ. കർത്താവിന്റെ ആത്മാവ് എന്നിൽ വസിക്കുന്നതിനാൽ ഞാൻ ദൈവത്തിന്റെ ആലയമാണെന്ന ബോധം എനിക്കു തരണമെ. അപ്പോൾ ദേവാലയം നിന്റെ ഭവനമാണെന്ന തിരിച്ചറിവോടെ എനിക്കു നിന്റെ ഭവനത്തിൽ പ്രവേശിക്കാം. ദൈവമായ കർത്താവേ, *നിന്റെ ഭവനത്തിലെ സമൃദ്ധിയിൽനിന്നു ഞാൻ സംതൃപ്തനാകട്ടെ. നിന്റെ ഇമ്പമുള്ള അരുവിയിൽനിന്ന് എന്നെ കുടിപ്പിക്കണമെ. എന്തെന്നാൽ, ജീവന്റെ ഉറവ നിന്റെ പക്കലുണ്ട്. നിന്റെ തേജസ്സാലാകുന്നു ഞങ്ങൾ പ്രകാശം ദർശിക്കുന്നത്.*[79]

---

[79] സങ്കീ 36,8–9; കുർബാന, സമാപനപ്രാർത്ഥനകൾ.

അധ്യായം

# 2

# ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 1

## യാമനമസ്കാരം

### വിശുദ്ധീകരിക്കുന്ന യാമനമസ്കാരം

ദിവസത്തിന്റെ ഏതു സമയത്തും യാമനമസ്കാരത്തിന്റെ തുടർച്ചയായി വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ് മലങ്കര സുറിയാനി സഭയുടെ അതിശ്രേഷ്ഠമായ പാരമ്പര്യം. വിശുദ്ധ കുർബാനയ്ക്കു മുമ്പു യാമപ്രാർഥന നടത്തുന്നത് സുറിയാനിസഭയുടെ അതിപുരാതന കാലം മുതലുള്ള ശീലമാണ്.[1] നമ്മുടെ നാഥനായ കർത്താവിനർപ്പിക്കുന്ന സ്തുതിയുടെ ബലിയും അപേക്ഷയും അവന്റെ മഹത്ത്വത്തിൻമുമ്പാകെ കുർബാനപോലെ കൈക്കൊള്ളപ്പെടുമെന്നു സഭ വിശ്വസിക്കുന്നു.[2]

---

[1]കുർബാനയ്ക്കു മുമ്പു പ്രാർഥനകൾ, സങ്കീർത്തനങ്ങളും ബൈബിളിൽനിന്നല്ലാത്ത വാചകങ്ങളും കൂട്ടിച്ചേർത്തുള്ള 'ഗീതം,' ചൊല്ലിയിരുന്നെന്ന് അറബികളുടെ മാർ ഗീവർഗീസ് (ജോർജ് അർബേൽ: 640– 724), *കൂദാശാഭാഷ്യം* സാക്ഷ്യപ്പെടുത്തുന്നു, (വിവ: ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ,* കോട്ടയം, 1980, 227). കുർബാനയ്ക്കു മുമ്പുള്ള പ്രാർത്ഥനകളുടെ ആദിരൂപത്തെക്കുറിച്ചു കൂടുതൽ വിവരങ്ങൾ ഇഗ്നാത്തിയോസ് അപ്രേം ബർസോം, *ചിതറിയ മുത്തുകൾ* (മലയാള വിവർത്തനം: ജേക്കബ് വർഗീസ് മന്നാക്കുഴിയിൽ) മോർ ആദായി സ്റ്റഡി സെന്റർ, ചങ്ങനാശ്ശേരി, 2009,109 നല്കുന്നു.

[2]*വലിയ നോമ്പിലെ പ്രാർഥനക്രമം*, തിങ്കൾ സന്ധ്യ, മാർ യാക്കോബിന്റെ ബോവൂസാ

## ദിവസം മുഴുവനെയും വിശുദ്ധീകരിക്കുന്ന സഭയുടെ പൊതുപ്രാർഥന: ശിരസ്സിന്റെ പൗരോഹിത്യ ധർമനിർവഹണം

യാമപ്രാർത്ഥനകളുടെ ഏറ്റവും പുരാതനമായ പൊതുനാമം 'ദിവ്യ സ്തുതിപ്പുകൾ' എന്നാണ്. ഈ പേര് വിശുദ്ധ ഗ്രന്ഥത്തിലും ആരാധന ക്രമങ്ങളിലുമുള്ള 'സ്തുതിയുടെ ബലികൾ,' 'ആത്മീയ ബലികൾ,' 'യുക്തി പൂർവമായ ബലി' എന്നീ ശൈലികളോടു ബന്ധപ്പെട്ടതാണ്.[3] അതു സഭ യുടെ പൊതുപ്രാർഥനയാണ്. അതിൽ "സഭ തന്റെ ശിരസ്സിന്റെ പൗരോ ഹിത്യധർമം നിർവഹിച്ചുകൊണ്ട്, ഇടവിടാതെ (1 തെസ്സ 5,17) ദൈവ ത്തിനു സ്തുതിയുടെബലി, അതായത്, അവന്റെ നാമം ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങൾ (ഹെബ്രാ 13,15) അർപ്പിക്കുന്നു."[4] പുരോഹിതഗ ണമായ സഭ യാമപ്രാർഥനയർപ്പിച്ചു ദിവസങ്ങളെ വിശുദ്ധീകരിച്ചുകൊ ണ്ടിരിക്കുന്നു. "ദിവസം മഴുവനും വിശുദ്ധീകരിക്കപ്പെടണമെന്ന ക്രൈ സ്തവാദർശം സഭ യാമപ്രാർഥനയർപ്പിച്ചു പ്രഖ്യാപിക്കുന്നു."[5] രക്ഷാ കരമായ ഈ ദർശനം സഭയ്ക്ക് പുരാതനകാലംമുതലുണ്ട്. ഇതിന്റെ, നമുക്കു ലഭ്യമായതും ഔദ്യോഗികവും വിശദവുമായ, ആദ്യസാക്ഷ്യം റോമിലെ മെത്രാനായിരുന്ന ഹിപ്പോളിറ്റസിന്റെ (175-235) *അപോസ്തോ ലിക പാരമ്പര്യം* എന്ന രേഖയാണ്.[6] വിശ്വാസികൾ യാമംതോറും പ്രാർ ഥിക്കേണ്ടതിന്റെ അടിസ്ഥാനം ഹിപ്പോളിറ്റസ് വിസ്തരിക്കുന്നു. അദ്ദേഹം യാമപ്രാർഥനയെ ക്രൂശിതനായ നമ്മുടെ കർത്താവിന്റെ ചില അനുഭ വങ്ങളോടും/കർമങ്ങളോടും പുനരാഗമത്തോടും ബന്ധപ്പെടുത്തുന്നു. "ആദിമ ക്രിസ്തീയ കാലങ്ങൾ മുതലുള്ള പാരമ്പര്യമനുസരിച്ച്, പകലും രാവും ദൈവസ്തുതികളാൽ വിശുദ്ധീകൃതമാകത്തക്കവിധം യാമപ്രാർഥന ക്രമീകരിച്ചിരിക്കുന്നു."[7] രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞും സഭ യതാവർത്തിച്ചിട്ടുണ്ട്:

---

[3]Congregation for Eastern Churches, *Instruction* For Applying the Liturgical Prescriptions of the Code of Canons of the Eastern Churches, Rome, 6 January 1996, Chapter XIII, No. 95: ET Oriental Institute of Religious Studies, India, Kottayam, 1996, 77

[4]ബനഡിക്ട് XVI പാപ്പാ, *കർത്താവിന്റെ വചനം*, നമ്പർ 62 [5]*കർത്താവിന്റെ വചനം*, നമ്പർ 62 [6]അതിന്റെയും അതാധാരമാക്കിയുള്ള മറ്റു രണ്ടു രേഖകളു ടെയും (*കർത്താവിന്റെ വിൽപത്രം* (4/5 നൂറ്റാണ്ടുകൾ), *ഹിപ്പോളിറ്റസിന്റെ കാനോന കൾ* (6-ാം നൂറ്റാണ്ട്)) പ്രസ്കതഭാഗങ്ങൾ പെരിയ ബഹു. മല്പാൻ ഡോ. ഗീവർഗീസ് ചേടിയത്ത് ഭാഷാന്തരപ്പെടുത്തിയത് 1985ൽ കോട്ടയം പൗരസ്ത്യ വിദ്യാപീഠം പ്രസിദ്ധീ കരിച്ച *പ്രാർത്ഥന സഭയിൽ* എന്ന ഗ്രന്ഥത്തിൽ നല്കിയിട്ടുണ്ട്. കൂടാതെ, 2012ൽ പ്രസിദ്ധീകരിച്ച മലങ്കര സുറിയാനി സഭ, *സാധാരണ പ്രാർത്ഥനക്രമം*, ആമുഖം, പേജ് 8-12 യാമപ്രാർഥനയുടെ ചരിത്രം, ഘടകങ്ങൾ, ഉദ്ദേശ്യം, ധന്യത എന്നീ കാര്യങ്ങൾ ദൈവജനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. [7]രണ്ടാം വത്തിക്കാൻ കൗൺസിൽ, *ആരാധനക്രമം*, നമ്പർ 84

> കർത്താവിന്റെ പുനരാഗമത്തിനും ദിവസം മുഴുവന്റെയും വിശുദ്ധീകരണ ത്തിനും വേണ്ടിയുള്ള അഭിവാഞ്ചയിൽ അന്തർഭവിച്ചിട്ടുള്ള ജാഗ്രതാ ചൈതന്യത്തെ ദിവ്യസ്തുതികൾ പുനരുജ്വലിപ്പിക്കുന്നു. അവ കർത്തൃ സാന്നിധ്യത്തിന്റെ അനുസ്മരണയെ പ്രത്യാഹ്വാനം ചെയ്തുകൊണ്ട് അ സ്തിത്വമാകെ ത്രിതൈകജീവനിലേക്കു വ്യാപിപ്പിച്ചും ഉൾച്ചേർത്തും അവ ന്റെ കൃപ വിതരണം ചെയ്യുന്നു. അപ്പോസ്തോലിക കല്പനപ്രകാ രം,ഇടവിടാതുള്ള യഥാർഥ പ്രാർഥനയായ ദിവ്യസ്തുതികൾ വിശ്വാ സി/നിയെ അയാൾ ജീവിക്കുന്ന സമയപരിമാണത്തിലുടനീളം, അതാ യത് മണിക്കൂറുകൾ, ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ എന്നിവ യിലുടനീളം, വിശുദ്ധീകരിക്കുന്നു. ... ദിവ്യസ്തുതികൾ മനുഷ്യജീ വിതത്തെ രൂപാന്തരപ്പെടുത്തുന്ന മതാത്മകമാനം ചൂണ്ടിക്കാട്ടുകയും, മനുഷ്യജീവിതത്തെ പരിശുദ്ധ ത്രിത്വവുമായി വൈയക്തിക ബന്ധ ത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.[8]

ഈ ഉദ്ധരണി യാമപ്രാർഥനകളെ ‘‘അപ്പോസ്തോലിക കല്പന പ്രകാരം ഇടവിടാതുള്ള യഥാർഥ പ്രാർഥനയായ ദിവ്യസ്തുതികൾ’’ എന്നു ചൂണ്ടിക്കാട്ടുന്നു. യാമനമസ്കാരം സഭയുടെ ഇടവിടാതെയുള്ള ‘‘യഥാർഥ പ്രാർഥന’’യാണ്. മറ്റു പ്രാർഥനകളും സ്തുതിപ്പുകളുമൊന്നും ‘‘അപ്പോസ്തോലിക കല്പനപ്രകാരം, ഇടവിടാതുള്ള യഥാർഥ പ്രാർഥ ന’’യ്ക്കു പകരമാകില്ല. ഇത് സഭയുടെ അനവരത സ്തുതിയെ സൂചിപ്പി ക്കുന്ന യഥാർഥ പ്രാർഥനയാണ്. അതേ സമയം, ആത്മപ്രേരിതരായി തനിച്ചോ സമൂഹത്തോടുചേർന്നോ പുരോഹിതന്മാരോ പുരോഹിത ജനമോ ഉയർത്തുന്ന സ്വയംപ്രേരിതമായ ദൈവസ്തുതികൾ അതിനു വിരുദ്ധമല്ല. ഓരോരുത്തർക്കും നല്കപ്പെടുന്ന അളവനുസരിച്ചു സ്തു തിക്കട്ടെ! പക്ഷേ, ജറുസലേമിൽ അപ്പോസ്തോലന്മാർ പൗലോസി നോടു പറഞ്ഞ വാക്കുകൾ[9] ഈ സന്ദർഭത്തിന് ഇണക്കിപ്പറഞ്ഞാൽ, പുരോഹിതനായ ഞാൻ സഭയുടെ പൊതു (പരസ്യ)പ്രാർഥനയായ[10] യാമനമസ്കാരത്തിന്റെ കാര്യം ഒരു ദിവസംപോലും മറക്കരുത്.

## ക്രൈസ്തവ ജാഗ്രതാചൈതന്യത്തിന്റെ പുനരുജ്വലനം

യാമനമസ്കാരം ‘‘ക്രൈസ്തവ ജാഗ്രതാചൈതന്യത്തെ പുനരുജ്വ ലിപ്പിക്കുന്നു.’’[11] അത് രണ്ടു കാര്യങ്ങളെപ്രതിയുള്ള ‘‘ക്രൈസ്തവ ജാഗ്ര

---

[8]Congregation for Eastern Churches, *Instruction* അധ്യായം 13, നമ്പർ 95; ഗ്രന്ഥകാരന്റെ വിവർത്തനം [9]ഗലാ 2,10 [10]ബനഡിക്ട് XVI പാപ്പാ, *കർത്താവിന്റെ വചനം*, നമ്പർ 62 [11]മുൻപേജിൽ *Instruction*ൽനിന്നുള്ള ഉദ്ധരണിയുടെ ആദ്യവാചകം.

താചൈതന്യത്തെ''യാണ് ''പുനരുജ്ജ്വലിപ്പിക്കുന്നത്'' - കർത്താവിന്റെ രണ്ടാം വരവും ദിവസത്തിന്റെ വിശുദ്ധീകരണവും സംബന്ധിച്ച്. ആദ്യത്തേത് സഭയുടെ, ക്രൈസ്തവരുടെ, ജീവിതസാക്ഷാത്കാരത്തിന്റെ പ്രതീക്ഷയാണ്. രണ്ടാമത്തേത് ആദ്യത്തേതു മുൻനിർത്തി യാമങ്ങളെയും ദിവസങ്ങളെയും തങ്ങൾ ജീവിക്കുന്ന സമയപരിമാണത്തെയാകെയും വിശുദ്ധീകരിക്കാനുള്ള ധർമമാണ്. രണ്ടിനെയുംകുറിച്ചു സഭയ്ക്കുള്ള, ക്രൈസ്തവർക്കുള്ള, ജാഗ്രതയുടെ ഉണർവുപാട്ടാണ് യാമപ്രാർഥനകൾ. കർത്താവേ, ഞങ്ങളിതാ ഞങ്ങളെയും ഞങ്ങളുടെ നാളുകളെയും വിശുദ്ധീകരിക്കാനുള്ള ഞങ്ങളുടെ ശുശ്രൂഷാധർമം നിർവഹിച്ചുകൊണ്ട് ഉണർവുള്ളരായി നിന്റെ പുനരാഗമനത്തിന് സദാ കാത്തിരിക്കുന്നു എന്ന സാക്ഷ്യമാണ് യാമനമസ്കാരം. അതൊഴിവാക്കിയൊരു ''ക്രൈസ്തവ ജാഗ്രതാചൈതന്യ''സാക്ഷ്യം സഭ തന്റെ വൈദികന്മാരിലൊരുവനായ എന്നെക്കുറിച്ചു സങ്കല്പിക്കുമോ?

നാഥാ, സകലേശാ
അലസതയാം നിദ്രയിൽനിന്നും
ഉണർത്തീടണമെന്നെ
നിൻ മഹിമാവെ സ്തുതി ചെയ്വാൻ

എന്നു പ്രാർഥിച്ചുകൊണ്ട് തിങ്കളാഴ്ച രാത്രിപ്രാർഥനയുടെ ആരംഭത്തിൽത്തന്നെ[12] ''ക്രൈസ്തവ ജാഗ്രതാചൈതന്യം''പുലർത്തിക്കൊണ്ട് ഉണർവുള്ളവരാകാനും ഉറങ്ങാനും സഭയെന്നെ പരിശീലിപ്പിക്കുന്നു. അതുപോലെ, ശനിയാഴ്ച രാത്രിപ്രാർഥനയുടെ ആരംഭത്തിൽത്തന്നെ പാടാനും സഭ എന്നെ പരിശീലിപ്പിക്കുന്നു:

നിൻ ബഹുമാന മഹത്ത്വങ്ങൾ-
ക്കായി സ്തുതി പാടീടാൻ
ഞങ്ങളിതാ ഉണർവുള്ളവരായ്
സകലേശാ സ്തുതിയങ്ങേക്കായ്.[13]

ഉണർവുശീലമോർപ്പിക്കുന്ന ശീലുകൾ ഞായർ രാത്രിനമസ്കാരത്തിന്റെ പ്രാരംഭ എനിയോനൊയിലുമുണ്ടല്ലോ. ആഴ്ചയുടെ പ്രാരംഭദിനങ്ങളിലെയും അവസാനദിനത്തിലെയും രാപ്രാർഥനകളിലെ ഈ ഉണർവുശീലുകൾ അവ ആലപിക്കുന്ന ദിവസങ്ങൾക്കു മാത്രമുള്ളതല്ലല്ലോ. ആഴ്ച മുഴുവനും, എനിക്കു ജീവിതത്തിൽ ലഭ്യമാകുന്ന ആഴ്ച

[12] *ശ്ഹീമൊ* നമസ്കാരം തിങ്കൾ രാത്രി *ശുബഹോ* പ്രാരംഭത്തിലെ എനിയോനൊ
[13] *ശ്ഹീമൊ* നമസ്കാരം ശനി രാത്രി *ശുബഹോ* പ്രാരംഭത്തിലെ എനിയോനൊ

യുടെഓരോ ദിവസവും, അഭംഗുരമായ "ക്രൈസ്തവ ജാഗ്രതാചൈത ന്യത്തെ പുനരുജ്വലിപ്പിക്കുന്ന"[14]തിനുള്ള ഉണർത്തുശീലുകളാണ്. മണ വാളൻ വരുന്നത് ഏതു നാഴികയിലെന്നറിയില്ല. ആകയാൽ വിളക്കിൽ എണ്ണയും കയ്യിൽ ലൈറ്ററുമായി ഉറങ്ങുമ്പോഴും ഉണർന്നിരിക്കാനും, ലഭ്യമാകുന്ന ഓരോ മണിക്കൂറിനെയും സഭയോടൊത്തു ദിവ്യസ്തുതി കളാൽ വിശുദ്ധീകരിച്ചുകൊണ്ടിരിക്കാനുമുള്ള ഉണർത്തുശീലുകൾ.

## പരിശുദ്ധ ത്രിത്വവുമായി വൈയക്തിക ബന്ധത്തിലേക്ക്

യാമപ്രാർഥനകളുടെ വിശുദ്ധീകരണവഴിയെന്താണ്? എങ്ങ നെയാണ് അവ സാധകരെ വിശുദ്ധീകരിക്കുന്നത്? "ദിവ്യസ്തുതികൾ മനുഷ്യജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന മതാത്മകമാനം ചൂണ്ടിക്കാ ട്ടുകയും, മനുഷ്യജീവിതത്തെ പരിശുദ്ധ ത്രിത്വവുമായി വൈയക്തിക ബന്ധത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു."[15]

ദൈവത്തിന്റെ ഛായയിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയാണ് മനുഷ്യൻ. ഈ ആദിധാരണ തിരുത്തിക്കുറിച്ചു ബുദ്ധി യുണ്ടെന്നവകാശപ്പെട്ടു മനുഷ്യൻ പറഞ്ഞുപഠിപ്പിച്ചു: "മനുഷ്യൻ ബുദ്ധി യുള്ള മൃഗമാണ്." പറഞ്ഞുപറഞ്ഞിങ്ങു വന്നപ്പോഴേക്ക് നടുക്കേ വാക്കി ല്ല. ഈ നിമിഷം ഇത്രേയുള്ളു: മനുഷ്യൻ മൃഗമാണ്. അതും വാക്കിൽ മാത്രമല്ല, പ്രവൃത്തിയിലും. തീ പിടിച്ച കാട്ടിൽനിന്നോടുന്ന മൃഗങ്ങളെ പ്പോലെ ഓടുന്ന ജീവികളായി മനുഷ്യർ. ബുദ്ധിയും യുക്തിയും ആർക്കോ എന്തിനോ ഏതോ കമ്പനിക്കോ പണയം വച്ച മൃഗം. അര നൂറ്റാണ്ടുമുമ്പ് ആകമാന കത്തോലിക്കാ സഭ ചൂണ്ടിക്കാട്ടി: "ഇന്നത്തെ മനുഷ്യർക്ക് ഒരുപാട് ബാധ്യതകൾ തീർക്കാനുണ്ട്. അവരെ അലട്ടുന്ന പ്രശ്നങ്ങ ളുടെ വലിയ വൈവിധ്യംതന്നെയുണ്ട്. മിക്കപ്പോഴും അവ അവർക്ക് ധൃതി യിൽ കൈകാര്യം ചെയ്യേണ്ടിവരുന്നു. തദ്ഫലമായി ചിലപ്പോൾ അവർ തങ്ങളുടെ ശേഷി നിരവധി ദിശകളിലേക്കു ചിതറിക്കേണ്ടിവരുന്നു."[16] ഒരു പ്ലാസ്റ്റിക്ക് പല്ലുകുത്തിയുണ്ടാക്കിയാൽ പേറ്റന്റ് അവകാശപ്പെടുന്ന മനുഷ്യന് സ്വന്തം സ്രഷ്ടാവിന്റെ, ആദികാരണത്തിന്റെ, പേറ്റന്റവകാശം അംഗീകരിച്ചു ബഹുമാനിക്കാൻ സമയവും സൗകര്യവുമില്ല. മനുഷ്യജീ വിതത്തിന് അർഥം നല്കുകയും മനുഷ്യസത്തയുടെ സകല ഭാവ ങ്ങളിലേക്കും – മതപരമോ ദാർശനികമോ മാനുഷികമോ ആയ എല്ലാ

---

[14]*Or. Congregation*ന്റെ *Instruction*ൽനിന്നുള്ള ഉദ്ധരണിയുടെ ആദ്യവാചകം

[15]*Or. Congregation*ന്റെ *Instruction*ൽനിന്നുള്ള ഉദ്ധരണിയുടെ അവസാന വാചകം

[16]രണ്ടാം വത്തിക്കാൻ കൗൺസിൽ, *വൈദികർ*, നമ്പർ 14.

ഭാവങ്ങളിലേക്കും – പ്രകാശം ചൊരിയുകയും ചെയ്യുന്ന സത്യത്തെ (ഡീട്രിഹ് വോൺ ഹില്ഡെബ്രാൻഡ്[17]) അംഗീകരിച്ചു ബഹുമാനിക്കാൻ സമയവും സൗകര്യവുമില്ല. വല്ലാത്ത തിരക്കിലാണ്. ബുദ്ധിയും യുക്തിയും പണയത്തിലുമാണ്. കാലത്തിനൊത്തു പുരോഹിതന്മാരും ധൃതിയിലും തിരക്കിലുമാണ്.[18]

മനുഷ്യനിർമിതിയായ ഈ ധൃതിയും തിരക്കും സുരക്ഷ നല്കുന്നില്ല. "നമുക്കു മുമ്പേയുള്ളതും, സുരക്ഷയ്ക്കും ജീവിതത്തിന്റെ കെട്ടുപണിക്കും നമുക്കാശ്രയിക്കാവുന്നതും, നമ്മെ വിളിച്ച് തന്റെ സ്നേഹം വെളിപ്പെടുത്തുന്നതുമായ ജീവിക്കുന്ന ദൈവത്തെ അഭിമുഖീകരിക്കാനുള്ള"[19] കടമ യാമനമസ്കാരം ക്രൈസ്തവന്, പുരോഹിതനായ എനിക്ക്, ചൂണ്ടിക്കാട്ടുന്നു. ഈ കടമയാണല്ലോ മനുഷ്യന്റെ മതാത്മകമാനം. അതു ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതാണ്. "ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന മതാത്മകമാനം" യാമനമസ്കാരം ചൂണ്ടിക്കാട്ടുന്നു. മനുഷ്യാ, നീ മൃഗമല്ല; ദൈവഛായയിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയാണ്. ദൈവം സ്നേഹിക്കുന്ന മകളാണ്, മകനാണ്.

ദിവ്യസ്തുതികൾ മനുഷ്യജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന മതാത്മകമാനം ചൂണ്ടിക്കാട്ടുക മാത്രമല്ല ചെയ്യുന്നത്. അത് പരിശുദ്ധ ത്രിത്വവുമായി, സ്നേഹമായിരിക്കുന്ന ദൈവവുമായി, വൈയക്തിക ബന്ധത്തിൽ ജീവിതത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.[20] വൈദികനു യാമനമസ്കാരം തന്റെ മനുഷ്യജീവിതത്തെ പരിശുദ്ധ ത്രിത്വവുമായുള്ള, ആ അനശ്വരസ്നേഹസംസർഗവുമായുള്ള, ബന്ധത്തിൽ നിരന്തരം പ്രതിഷ്ഠിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രതിഷ്ഠാഗാനമാണ്. അതുവഴി എന്റെ ജീവിതം വിശുദ്ധീകരിക്കപ്പെടുന്നു.

## ദൈവവചനത്തിന്റെ താളക്രമത്താലും സാന്നിധ്യത്താലും

സഭയുടെ പൊതുപ്രാർഥനയായ യാമപ്രാർഥന ദിവസത്തെയാകെ വിശുദ്ധീകരിക്കുന്നു. ചിരപുരാതനമായ ഈ ക്രൈസ്തവാദർശം പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ *കർത്താവിന്റെ വചന*മെന്ന അപ്പോസ്തോലിക ഉദ്ബോധനത്തിലും (നമ്പർ 62) സഭ മുഴുവനെയും ഓർപ്പിച്ചുറപ്പിക്കുന്നുണ്ട്. "ദൈവവചനത്തിന്റെ താളക്രമത്താലും സങ്കീർത്തന

[17] ക്രിസ്ത്യാനാ ഡോബ്നർ, "ഒത്തൊരുമിച്ച്," *ഒസ്സെർവാത്തോരെ റൊമാനോ*, 6/52, 28 ഫെബ്രുവരി 1014 പേജ് 13നോടു കടപ്പാട്. [18] രണ്ടാം വത്തിക്കാൻ കൗൺസിൽ, *വൈദികർ*, നമ്പർ 14. [19] ഫ്രാൻസിസ് പാപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, നമ്പർ 4.
[20] *Or. Congregation*ന്റെ *Instruction*ൽനിന്നുള്ള ഉദ്ധരണിയുടെ അവസാന വാചകം

ങ്ങളാലപിച്ചുള്ള പ്രാർഥനകളാലും മുദ്രിതമായതിനാൽ യാമപ്രാർഥന ദിവസത്തെയാകെ വിശുദ്ധീകരിക്കുന്നു" എന്ന് പരിശുദ്ധ പാപ്പാ പ്രത്യേകം ചൂണ്ടിക്കാട്ടുന്നു.[21] മലങ്കര സുറിയാനി സഭയുടെ യാമനമസ്കാരമാകെ, അതിന്റെ ഏറിയ പങ്കും, താളാത്മകമായ വചനസ്മരണകളാണല്ലോ.[22] ആവർത്തിച്ചുകൊണ്ടിരിക്കാൻ ആത്മാവ് നിർബന്ധിക്കുന്ന എത്രയെത്ര പാദങ്ങൾ! അതേ, "ദൈവവചനശ്രവണത്തിനുള്ള ഒരു സവിശേഷാനുകൂല്യരൂപമാണ് യാമനമസ്കാരം. കാരണം, അത് വിശ്വാസികളെ തിരുഗ്രന്ഥത്തോടും സഭയുടെ സജീവപാരമ്പര്യത്തോടും ബന്ധപ്പെടുത്തുന്നു."[23] ഈ ഭാവം യാമനമസ്കാരത്തിന്റെ സൗന്ദര്യത്തിന്റെ മുഖ്യ ഘടകവുമാണ്.

## മണവാളനോടു സംസാരിക്കുന്ന മണവാട്ടിയുടെ സ്വരം

"ഈ പ്രാർഥന തന്റെ മണവാളനോടു സംസാരിക്കുന്ന മണവാട്ടിയുടെ ശബ്ദമാണ്. മിശിഹാതന്നെ തന്റെ ശരീരത്തോടൊത്തു നിത്യപിതാവിന് അർപ്പിക്കുന്ന പ്രാർഥനതന്നെയാണത്."[24] സഭ മിശിഹായെ സ്തുതിക്കുന്നതിന്റെ അടിസ്ഥാനം മലങ്കര സഭ കൃംതാക്കാലം രാത്രി രണ്ടാം കൗമായിൽ ഇപ്രകാരം അനുസ്മരിക്കുന്നു:

ക്രൂശിൽ തൂക്കി-
ച്ചാ സെഹ്യോനെ നീ-
ക്കിയ മിശിഹാ സ്തുത്യൻ.
സഭയെ ഒത്തു വിവാഹം താൻ
സഭയവനെ സ്തുതി ചെയ്തേറ്റം.
എത്തിജാതികളെല്ലാ ദേ-
ശത്തീന്നും സ്തുതി പാടി...

കുരിശിൽ തൂക്കപ്പെട്ടു തന്നെ വിവാഹം ചെയ്തവനെ സഭ യാമപ്രാർഥനയിൽ സ്തുതിക്കുന്നു. സഭയ്ക്കു യാമപ്രാർഥന താനും തന്റെ മണവാളനും തമ്മിലുള്ള ബന്ധത്തിന്റെ ആസ്വാദനമാണ്. മൂന്ന്, ആറ്, ഒമ്പത് എന്നീ യാമങ്ങളിൽ വിശ്വാസികൾ പ്രാർഥിക്കേണ്ടതിന്റെ ആവശ്യത്തിന്റെ അടിസ്ഥാനം നമ്മുടെ കർത്താവ് കുരിശിൽ തൂക്കപ്പെട്ടതുമായി

---

[21] *കർത്താവിന്റെ വചനം*, നമ്പർ 62; ഈഗ്രന്ഥകാരന്റെ വിവർത്തനം [22] ഫാ. സാമുവൽ തൈക്കൂട്ടത്തിൽ, *ശ്ഹീമ്മോയിലെ തിരുവചനസമ്പത്ത്*, തിരുവനന്തപുരം, 1987, ഒരു കൈചൂണ്ടിയാണ്. റവ. ഫാ. കാക്കനാട്ട് സ്റ്റനസിലാവൂസ്, *ശ്ഹീമോ നമസ്കാരത്തിലെ വേദോക്തികൾ,* കോട്ടയം, 2012 ശ്ഹീമോയിൽ സൂചിതങ്ങളും ഉദ്ധൃതങ്ങളുമായ തിരുവചനങ്ങളുടെ സമാഹാരമാണ്. [23] ബനഡിക്ട് പതിനാറാമൻ പാപ്പാ, *കർത്താവിന്റെ വചനം*, നമ്പർ 62 [24] *കർത്താവിന്റെ വചനം*, നമ്പർ 62

ബന്ധപ്പെടുത്തിയാണ് ഏറ്റവും പുരാതനമായ ചില ക്രൈസ്തവരചനകൾ ഉദ്ബോധിപ്പിക്കുന്നതെന്ന് മുകളിൽ (പുറം 177ൽ) കണ്ടുവല്ലോ. അവ മൂന്നാം മണിയുടെ നമസ്കാരം നമ്മുടെ കർത്താവ് കുരിശിൽ തൂക്ക പ്പെട്ടതിനോടും, ആറാം മണിയുടെ നമസ്കാരം നമ്മുടെ കർത്താവ് കുരിശിൽ നിലവിളിച്ചുകൊണ്ടു മരിച്ചതിനോടും, ഒമ്പതാം മണിയുടെ നമസ്കാരം കുരിശിൽ നമ്മുടെ കർത്താവിന്റെ വിലാവ് കുന്തത്താൽ കുത്തിത്തുറക്കപ്പെട്ടു രക്തവും വെള്ളവും ഒഴുകിയതിനോടും ബന്ധ പ്പെടുത്തിയിയിട്ടുണ്ട്.[25] ഈ ആദിമസഭാദർശനപാരമ്പര്യം മലങ്കര സുറി യാനി സഭ ഇപ്പോഴും കണ്ണിമയ്ക്കാതെ താലോലിച്ചുകൊണ്ടിരിക്കുന്നു. യേശു സ്ലീബായിൽ സഭയെ വിവാഹം ചെയ്തു എന്ന ജ്ഞാനം സുറി യാനി സഭയുടെ സഭാവിജ്ഞാനീയഭണ്ഡാരത്തിലെ ഒരു അമൂല്യനി ധിയത്രേ.

## ദൈവിക സിംഹാസനത്തിനു മുമ്പിൽ

മിശിഹായുടെ മണവാട്ടിയായ സഭ തന്റെ മണവാളനോടു സംസാ രിക്കുന്ന ഈ സ്വരം "മിശിഹാതന്നെ തന്റെ ശരീരത്തോടൊത്തു നിത്യ പിതാവിന് അർപ്പിക്കുന്ന പ്രാർഥനതന്നെയാണ്."[26] മിശിഹായുടെ മണ വാട്ടി തന്റെ മണവാളനോടു സംസാരിക്കുന്ന സ്വരം ഏറ്റുപാടുന്നവർ അവളുടെ ശ്രേഷ്ഠതമമായ മഹിമയിൽ പങ്കുകാരാകുകയും ചെയ്യുന്നു. കാരണം, ഈ ദിവ്യസ്തുതികൾ ദൈവത്തിനർപ്പിക്കുമ്പോൾ അവർ തങ്ങളുടെ മാതാവായ സഭയോടൊത്തും അവളുടെ നാമത്തിലും ദൈവ ത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നില്ക്കുകയാണ്. അവർ മിശി ഹാതന്നെ തന്റെ ശരീരത്തോടൊത്തു നിത്യപിതാവിന് പ്രാർഥന അർപ്പി ക്കുന്ന മഹോന്നതങ്ങളിലാകുന്നു.

സഭാബന്ധത്തിൽ യാമപ്രാർഥന നടത്തുന്നവരുടെ ഔന്നത്യത്തെ പ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു:

> ഈ ശുശ്രൂഷ നിർവഹിക്കുന്നവരെല്ലാം സഭയുടെ ഒരു ധർമം നിറവേറ്റുക മാത്രമല്ല ചെയ്യുന്നത്. മിശിഹായുടെ മണവാട്ടിയുടെ ശ്രേഷ്ഠതമമായ മഹി മയിൽ ഭാഗഭാക്കാകുകയും ചെയ്യുന്നു. എന്തെന്നാൽ, ഈ സ്തുതിപ്പുകൾ ദൈവത്തിനർപ്പിച്ചുകൊണ്ട് അവർ തങ്ങളുടെ മാതാവായ സഭയുടെ നാമ ത്തിൽ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നില്ക്കുകയത്രേ ചെയ്യുന്നത്.[27]

[25] ജി. ചേടിയത്ത്, *പ്രാർത്ഥന സഭയിൽ*, 300–304

[26] *കർത്താവിന്റെ വചനം*, നമ്പർ 62 [27] *ആരാധനക്രമം*, നമ്പർ 85

## അധരഫലമായ സ്തുതിയുടെ ബലികൾ

യാമനമസ്കാരം ബലിയാണ്. എല്ലാ ദിവസവും മലങ്കര സുറിയാനി സഭയിലെ പുരോഹിതനായ ഞാൻ സന്ധ്യനമസ്കാരത്തിൽ 141 (140)-ാം സങ്കീർത്തനത്തിന്റെ രണ്ടാം വാക്യം ഇങ്ങനെ ആലപിക്കണം: *എന്റെ പ്രാർഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളുടെ കാഴ്ച സന്ധ്യാബലിപോലെയും കൈക്കൊള്ളണമെ*. ഈ ദൈവ വചനം ക്രിസ്ത്യാനികൾ (സഭ) പ്രാർഥിക്കുന്നതിന്റെ താത്പര്യം ഇതാണല്ലോ: ജറുസലേംദേവാലയത്തിൽ പുരോഹിതന്മാർ (ഉദാഹരണം, പ്രത്യേകിച്ച്, സഖറിയാ) അർപ്പിച്ചിരുന്ന സന്ധ്യാബലിപോലെയും, ഇസ്രായേലിന്റെ സന്ധ്യാബലിയുടെ സമയം അവരുടെ ബലി പൂർത്തിയാക്കിക്കൊണ്ട് യേശു ഗൊല്ഗോഥായിൽ അർപ്പിച്ച സ്വയബലിപോലെയും, സന്ധ്യാപ്രാർഥനയാകുന്ന തങ്ങളുടെ ബലി ദൈവതിരുമുമ്പാകെ സ്വീകരിക്കപ്പെടണം. മനുഷ്യരോടു പ്രിയമുള്ളവനേ, സന്ധ്യാസമയത്ത് അബ്രാഹം മാമലമേൽ നിന്നെ വിളിച്ചതുപോലുള്ള വിളിയാണിത്. ഇവിടെയിതാ ഞങ്ങളുടെ ആത്മാവും ജഡവും ഒന്നായി നില്ക്കുന്നു.[28] ഇത് പഴയ ഉടമ്പടിയിലെ സന്ധ്യായാഗങ്ങൾക്കു പകരമുള്ള സ്തോത്രാർപ്പണമാണ്. ദഹനബലിക്കു പകരമുള്ള പ്രാർഥനയാണ്. കർത്താവേ, മൂകസൃഷ്ടികളെപ്രതികൂടിയും നിന്നെ സ്തുതിക്കാൻ സംസാരശേഷിയുള്ള മനുഷ്യന്റെ കടപ്പാടനുസരിച്ച് ഞങ്ങൾ സ്നേഹത്താലെയും വെടുപ്പോടെയും ഈ അധരവചനം അർപ്പിക്കുന്നു.[29] ഞങ്ങളുടെ വായാണ് ധൂപകലശം. അധരങ്ങളാണ് പരിമളധൂപം. നാവ് ദൈവത്തിനു പ്രീതികരമായത് പ്രവർത്തിക്കുന്ന ശുശ്രൂഷിയും.[30] ഈ രചനയിൽ ഉദ്ധരിച്ചുകഴിഞ്ഞിട്ടുള്ള, പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പായുടെ ഈ വാക്കുകൾ ഇവിടെയും പ്രസക്തമാകുന്നു: ''യാമപ്രാർഥനയിൽ സഭ സ്വശിരസ്സിന്റെ പൗരോഹിത്യധർമം നിർവഹിച്ചുകൊണ്ട് 'ഇടവിടാതെ' (1 തെസ 5,17) ദൈവനാമം ഏറ്റുപറയുന്ന അധരഫലമായ സ്തുതിയുടെ ബലികൾ അവിടത്തേക്കർപ്പിക്കുന്നു (ഹെബ്രാ 13,15).'' മുമ്പുണ്ടായിരുന്ന ബലിയർപ്പണത്തിനു പകരമുള്ള ആത്മീയബലിവസ്തുവാണിത്.''[31]

'ഇടവിടാതെ' (1 തെസ 5,17) നിന്റെ നാമം ഏറ്റുപറയുന്ന അധരഫലമായ സ്തുതിയുടെ ബലികൾ (ഹെബ്രാ 13,15) നിനക്കർപ്പിക്കുന്നതിൽ

---

[28] *ശ്ഹീമൊ*, തിങ്കൾ, *ശുബഹോ*, സന്ധ്യ, അവസാന കോലൊ

[29] *ശ്ഹീമൊ*, തിങ്കൾ, *ശുബഹോ*, സന്ധ്യ, മാർ യാക്കോബിന്റെ ബോവൂസാ [30] *ശ്ഹീമൊ*, തിങ്കൾ, *ശുബഹോ*, സൂത്താറാ, മാർ അപ്രേമിന്റെ ബോവൂസാ [31] തെർത്തുല്യൻ, *പ്രാർഥനയെപ്പറ്റി*, 28,1 (വിവ: ജി. ചേടിയത്ത്) *പ്രാർത്ഥന സഭയിൽ*, കോട്ടയം,1988, 35

പുരോഹിതനായ ഞാൻ ദൈവമേ, എത്രകണ്ട് തത്പരനാണ്? ദിവസങ്ങളെയും തന്റെ വൈദികന്മാരുടെ ജീവിതയാമങ്ങളെയും വിശുദ്ധീകരിക്കാൻ സഭ നിഷ്കർഷിച്ചേല്പിച്ചിട്ടുള്ള സഭാശുശ്രൂഷയാണ് യാമനമസ്കാരം. സഭയുടെ ഈ ദിവ്യശുശ്രൂഷ ശുശ്രൂഷാപുരോഹിതനായ എന്റെയും എന്റെ ജനത്തിന്റെയും ദിവസങ്ങളുടെയും വിശുദ്ധീകരണത്തിനു ഞാൻ എത്രത്തോളം പ്രയോജനപ്പെടുത്തിയിട്ടുണ്ട്? സഭയുടെ ശിരസ്സിന്റെ പൗരോഹിത്യധർമനിർവഹണത്തിൽ സഭയുടെ ഒരു സംഗൃഹീതപതിപ്പിന്റെ നാവായ ഞാൻ എന്റെ പങ്ക് വിശ്വസ്തതയോടെ നിർവഹിച്ചുകൊണ്ടിരിക്കുന്നുവോ? ക്രൈസ്തവ ജാഗ്രതാചൈതന്യം പുനരുജ്ജ്വലിപ്പിക്കാൻ യാമയാമാന്തരങ്ങളിൽ ഞാൻ സഭയോടു സഹകരിക്കുന്നുവോ? പരിശുദ്ധ ത്രിത്വവുമായി വൈയക്തിക ബന്ധത്തിലേക്ക് നിരന്തരം പുനഃപ്രതിഷ്ഠിതനായി വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കാൻ യാമനമസ്കാരം ഞാൻ എങ്ങനെ പ്രയോജനപ്പെടുത്തുന്നു? അതിനെ ശ്രുതിമധുരവും ദൈവകൃപയൊഴുക്കുന്നതുമാക്കുന്ന അതിലെ ദൈവവചനത്തിന്റെ താളാത്മകതയും സാന്നിധ്യവും വിശുദ്ധീകരണത്തിനു ഞാൻ എത്രകണ്ടു പ്രയോജനപ്പെടുത്തുന്നു? നിരന്തരം തന്റെ മണവാളനോടു സ്വരമുയർത്തുന്ന സഭയുടെ സ്വരമുയർത്തലിൽ എന്റെ നാവ് ദിനംതോറും ഞാൻ എത്രത്തോളം ചേർത്തുകൊണ്ടിരിക്കുന്നു? സകലരുടെയും അമ്മയായ സഭയുടെ നാമത്തിലും അവളോടൊത്തും ദിവ്യസ്തുതികളുമായി ദിനയാമങ്ങളിൽ ദൈവസിംഹാസനത്തിൻമുമ്പാകെ നില്ക്കാനും, അങ്ങനെ മിശിഹായുടെ മണവാട്ടിയുടെ മഹത്ത്വത്തിൽ ഭാഗഭാക്കാകാനും ഞാൻ എത്രമാത്രം ഉത്സാഹിയാണ്?

ഉത്തരങ്ങളായി ശൂന്യമായ അനേകം രാവുകളും തീ പാറുന്ന അസംഖ്യം മധ്യാഹ്നങ്ങളും എന്നെ അന്ധകാരം മൂടിയ ഒമ്പതാം മണിക്കൂറുകളും എന്റെ മുമ്പിൽ അണിനിരക്കുന്നുണ്ടോ? എനിക്ക് ഒഴിഞ്ഞുമാറാനാകാത്ത ഉപവിപ്രവർത്തനമല്ലാതെ എന്റെ ശീലമായ ഒഴുക്കൻ ഒഴികഴിവുകൾ സഭയുടെ പൊതുപ്രാർഥന ഒഴിവാക്കുന്നതിന് എനിക്കു സങ്കേതമാക്കാമോ? സഭ വൈദികന്മാരിൽനിന്ന് ഹൃദയംകൊണ്ടാഗ്രഹിക്കുന്ന വ്യക്തിപരമായ പ്രാർഥനാരൂപങ്ങളും ധ്യാനവുമൊക്കെ സഭയുടെ പൊതുപ്രാർഥന ഒഴിവാക്കുന്നതിന് പുരോഹിതനായ എനിക്കു മതിയായ ന്യായവത്കരണമാകുമോ?

പുരോഹിതനായ എന്റെ വിശുദ്ധീകരണത്തോടു ബന്ധപ്പെടുത്തി യാമനമസ്കാരത്തെ വിലമതിക്കാൻ പ്രേരണയുണ്ടാകുന്നതു മുഖ്യമായും പൂർവികരുടെ പുണ്യംകൊണ്ടാകാനേ വഴിയുള്ളു. എന്റെ വിശു

ദ്ധീകരണത്തിനുതകുന്നതു തേടുന്നതു സ്വാർഥതയെങ്കിൽ ആ സ്വാർഥതയെ വിശുദ്ധമെന്നു വിശേഷിപ്പിക്കാമല്ലോ. ഈ സ്വാർഥത വിശുദ്ധജനത്തിന്റെ വിജയരഹസ്യമല്ലോ! സാധാരണ വിശ്വാസികൾക്കു പ്രാർഥിക്കാൻ നേരം കിട്ടാത്ത ഇക്കാലയളവിൽ അവരെപ്രതികൂടിയും സഭയുടെ പൊതുപ്രാർഥനയർപ്പിക്കാൻ പുരോഹിതനായ എനിക്കുള്ള ഉത്തരവാദിത്തത്തിന്റെ ഭാരം ഏറുകയല്ലേ?

യാമനമസ്കാരം എന്റെ വിശുദ്ധീകരണത്തിനെന്നു ധ്യാനിക്കാൻ ഒരുങ്ങാൻ എന്നെ സഹായിച്ച വകകളിൽ മുഖ്യമായത് എന്റെ പിതാവിന്റെ പ്രാർഥനാനിഷ്ഠയാണ്. തങ്ങളുടെ മാതാപിതാക്കന്മാരുടെ പ്രാർഥനാശീലത്തെക്കുറിച്ചു പറയാനില്ലാത്ത വൈദികന്മാർ കാണില്ലെന്നത് സ്വീകാര്യമായ സത്യമാണല്ലോ. അവരെക്കൂടി ഓർത്തുകൊണ്ട് എന്റെ പരേതനായ പിതാവിനെ ഓർക്കുന്നു. 2007 സെപ്തംബർ 6-ാം തീയതി ഉച്ച കഴിഞ്ഞു 4.30നു ദൈവം ഞങ്ങളുടെ പിതാവിനെ നിത്യസമ്മാനത്തിനു വിളിച്ചുകൊണ്ടുപോയി. എന്റെ പുരോഹിതജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ പ്രത്യേക പ്രാർഥനാസഹായം ഞാനഭ്യർഥിച്ചിട്ടുണ്ട്. എന്റെ പുരോഹിതജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും ഞാൻ അദ്ദേഹത്തോടു പങ്കുവച്ചിട്ടുണ്ട്. ഞങ്ങളുടെ പിതാവ് ഒരു നല്ല കർഷകൻ ആയിരുന്നു. എന്റെ കുട്ടിക്കാലത്തുനിന്ന് എനിക്കോർമയിലുള്ള അദ്ദേഹത്തിന്റെ പ്രാർഥനാനിഷ്ഠ എന്റെ പുരോഹിതജീവിതത്തിന്റെ അത്യാവശ്യഘടകമായ പ്രാർഥനാനിഷ്ഠയെ പുതുക്കിപ്പണിയാൻ വെല്ലുവിളിക്കുന്നതാണ്. ഞങ്ങളുടെ പിതാവ് ജീവിതത്തിന്റെ കഠിനവഴികളിലൂടെ ഏറെ യാത്ര ചെയ്യേണ്ടിവന്നപ്പോഴും പാതിരാത്രിയിലും പെരുമീനുദിക്കുമ്പോഴും പ്രഭാതത്തിലും പ്രാർഥിച്ചിരുന്നു. കൃഷിപ്പണിക്കിടയ്ക്ക് ഉച്ചയോടടുത്തു വിശ്രമത്തിനു വരുമ്പോൾ കൈകാലുകൾ കഴുകിയശേഷം പ്രാർഥിച്ചിരുന്നു. സന്ധ്യയ്ക്കും, രാത്രിയിൽ കിടക്കുന്നതിനു മുമ്പും പ്രാർഥിച്ചിരുന്നു. പ്രത്യേകിച്ചു നോമ്പുകാലങ്ങളിൽ. ആവേശത്തോടും തീക്ഷ്ണതയോടും നമസ്കാരപ്പുസ്തകമനുസരിച്ചു പ്രാർഥിച്ചിരുന്നു. തന്നോടൊപ്പം പ്രാർഥിക്കാൻ മക്കളായ ഞങ്ങൾ വീട്ടിലുള്ളപ്പോഴെല്ലാം ഞങ്ങളോടും നിഷ്കർഷിച്ചിരുന്നു. പ്രാർഥനയ്ക്കിടയ്ക്കു ഞങ്ങളിലാരെങ്കിലും ഉറങ്ങിയാൽ പ്രായശ്ചിത്തമായി പ്രാർഥനകൾ തന്നെ വീണ്ടും ചൊല്ലിച്ചിരുന്നു, നോമ്പുകാലങ്ങളിൽ പാതിരാത്രിപ്രാർഥനയ്ക്കു ഞങ്ങൾ കുട്ടികൾ ഉണരാതിരുന്നാൽ വിളിച്ചുണർത്താൻ അദ്ദേഹം ശഠിച്ചിരുന്നത് പ്രാർഥനയെത്തന്നെ ശപിക്കാൻ ചിലപ്പോളൊക്കെ എന്നെ കുട്ടിക്കാലം പ്രേരിപ്പിച്ചിട്ടുണ്ട്. സന്ധ്യാപ്രാർഥനയുടെ അവസാനം അദ്ദേഹം നടത്തിയിരുന്ന സ്വയംപ്രേരിത പ്രാർഥന

എത്രനേരം നീണ്ടിരുന്നുവെന്ന് അദ്ദേഹത്തിന് ഓർമയില്ലായിരുന്നു വെന്നു തോന്നിയിട്ടുണ്ട്. പ്രാർഥനയിൽ അദ്ദേഹം അനുഭവിച്ചിരുന്ന ആനന്ദമുണ്ടോ ഞങ്ങൾ കുട്ടികൾക്കറിവൂ! ആവേശത്തോടും തീക്ഷ്ണ തയോടും ക്രമപ്രകാരം യാമപ്രാർഥനയെല്ലാം അർപ്പിക്കാൻ എന്റെ പിതാ വിനെ പ്രചോദിപ്പിച്ചിരുന്ന ആത്മാവിന്റെ പിൻവശം കാണാൻ അനുഗ്ര ഹമുണ്ടാകുന്നത് എന്റെ പുരോഹിതജീവിതത്തിലെ വലിയൊരു നേട്ടമാകും. ഞങ്ങളുടെ പിതാവിന്റെ പ്രാർഥനയുടെ ആത്മാവിനെ കണ്ടുമുട്ടാനുള്ള അനുഗ്രഹം എനിക്ക് അമൂല്യംതന്നെ.

മൈനർ സെമിനാരിയിലും മേജർ സെമിനാരിയിലും ചിട്ടയായ യാമപ്രാർഥനയുണ്ടായിരുന്നു. മൈനർ സെമിനാരിയിൽ ഭാഗ്യസ്മര ണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജാഗര ണജാഗ്രത ജ്വലിക്കുന്ന പ്രാർഥനാചൈതന്യവും അഭിവന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചന്റെ വ്രതശുദ്ധി തിളയ്ക്കുന്ന പ്രാർഥനാനിഷ്ഠയും അനന്യലബ്ധമായ മാതൃകാനുഭവങ്ങളായിരുന്നു. അവയെ പരിപോ ഷിപ്പിച്ചിരുന്നു സ്നേഹസമ്പന്നനായിരുന്ന പരേതനായ പെരിയ ബഹു. റെക്ടർ കുര്യാക്കോസ് കോയിക്കലഴികത്തച്ചന്റെയും വൈസ് റെക്ടർ ബഹു. സാമുവേൽ തുണ്ടിയിലച്ചന്റെയും പ്രാർഥനാസാന്നിധ്യങ്ങൾ. മേജർ സെമിനാരിയിൽ യാമപ്രാർഥന ഒരു നിഷ്ഠാസാധനയായിരുന്നു. കൂടാതെ, യാമപ്രാർഥനയെക്കുറിച്ചു ശാസ്ത്രീയമായ നല്ല പ്രബോധനം റവ. ഡോ. ജേക്കബ് വെള്ളിയാനച്ചൻ (ഇപ്പോൾ മോൺസിഞ്ഞോർ) നല്കി. ഇങ്ങനെ വീടു മുതൽ സെമിനാരിയിലെ അവസാന ദിവസം വരെയുള്ള അനേക വർഷങ്ങൾകൊണ്ടു തുന്നിച്ചേർത്ത യാമപ്രാർഥ നാശീലയ്ക്ക് പുരോഹിതജീവിതത്തിന്റെയും ശുശ്രൂഷയുടെയും വയലു ളിലേക്കിറങ്ങിയപ്പോൾ വലിയ തുളകളും കീറലുകളുമുണ്ടായിട്ടുണ്ടെ ങ്കിൽ സഭയുടെ മണവാളനായ ക്രിസ്തുവിനു സ്വീകാര്യമായ മറുപടി ഞാൻ നല്കിയല്ലേ പറ്റൂ?

"പുരോഹിതശ്രേണിയിലുള്ളവരെല്ലാം തങ്ങളുടെ സ്വയംഭരണ സഭയുടെ പ്രത്യേക നിയമമനുസരിച്ചു ദിവ്യസ്തുതികളാഘോഷിക്ക ണം" എന്നു മാത്രമേ *പൗരസ്ത്യസഭകളുടെ കാനോൻസംഹിത*യും[31a] സീറോ മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക കാനോൻസംഹി തയും[32] നിർദേശിക്കുന്നുള്ളൂ. ഇതിലോ, പകലിരവുകളിലെ ജോലിത്തി രക്കുകളിലോ, യാമനമസ്കാരത്തിന് ഇളവു കണ്ടെത്തുന്നത് ദിവസം മുഴുവനെയും വിശുദ്ധീകരിക്കാനും എന്റെ വിശുദ്ധീകരണത്തിനും ഉപക

[31a]കാനോന 377 [32]കാനോന 283

രിക്കുമോ? സഭ തന്റെ മണവാളനായ ക്രിസ്തുവിനോടു നിറവേറ്റേണ്ട ധർമനിർവഹണത്തിനു ശുശ്രൂഷിക്കാൻ നിയുക്തനായിരിക്കുന്ന എന്റെ ഭാഗം പൂർത്തിയാക്കാൻ സഹായിക്കുമോ? കർത്താവ് എപ്പോൾ വരുമെന്നറിയായ്കയാൽ അതീവ ജാഗ്രതയോടെ ഉണർന്നിരുന്ന് എല്ലായ്പ്പോഴും ഇടവിടാതെ പ്രാർഥിച്ചുകൊണ്ടിരിക്കുവിൻ എന്ന നിർദ്ദേശം പാലിക്കാനാകുമോ? ഇപ്പോഴത്തെ ജീവിത,തൊഴിൽ വ്യഗ്രതകൾക്കിടയിൽ പ്രാർഥിക്കാൻ സമയം കണ്ടെത്താനാകാതെയും മനസ്സാകാതെയും വിഷമിക്കുന്നവർക്കുവേണ്ടിക്കൂടിയും, പ്രത്യേകിച്ചു യുവതയ്ക്കുവേണ്ടിക്കൂടിയും, പ്രാർഥിക്കാനുള്ള എന്റെ കടമ എനിക്കു നിറവേറ്റാനാകുമോ? സഭയുടെ നാഥനും മണവാളനുമായ മിശിഹായേ, ഞങ്ങളുടെ അമ്മയായ സഭയോടൊത്തും സഭയുടെ നാമത്തിലും ദിവ്യസ്തുതികളർപ്പിക്കാൻ എന്നെ അന്ത്യത്തോളം അനുഗ്രഹിക്കണമെ!

## സഹസ്രാബ്ദങ്ങളുടെ പ്രാർഥനാപാരമ്പര്യത്തിന്റെ കണ്ണിയാകാൻ

യാമപ്രാർഥന എന്നെ സഹസ്രാബ്ദങ്ങളുടെ വിശുദ്ധ പാരമ്പര്യത്തിൽ ഭാഗഭാക്കാക്കുന്നു. യാമനമസ്കാരം സഭയ്ക്ക് ആദിമുതലേ യഹൂദപാരമ്പര്യത്തിൽനിന്നു ലഭിച്ച ഒരു അമൂല്യ നിധിയത്രേ. ഇസ്രായേല്യ ഭക്തൻ ദിവസം ഏഴു പ്രാവശ്യം പ്രാർഥിക്കുന്നതിന്റെ തിരുവചനസാക്ഷ്യം സങ്കീ 119(1181),164 നല്കുന്നു: *നിന്റെ നീതിയുക്തമായ കല്പനകളെ പ്രതി ദിവസം ഏഴു നേരം ഞാൻ നിന്നെ സ്തുതിക്കുന്നു*. ഏഴ് എന്ന സംഖ്യ പൂർണതയെയും തുടർച്ചയെയും വിശുദ്ധിയെയും സൂചിപ്പിക്കുന്നു.[33] *ദിവസം ഏഴു നേരം ഞാൻ അവിടത്തെ സ്തുതിക്കുന്നു* എന്നു പറയുന്നതിനർഥം ദിവസം മുഴുവൻ തുടർച്ചയായി ഞാൻ ദൈവത്തെ സ്തുതിച്ചു വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ്. ഇതേ താത്പര്യം *യാമങ്ങൾതോറും എന്റെ കണ്ണുകൾ ഉണർന്നിരിക്കുന്നു; ഞാൻ അവിടത്തെ വാഗ്ദാനങ്ങളെപ്പറ്റി ധ്യാനിക്കേണ്ടതിനുതന്നെ* എന്ന സങ്കീർത്തനപാദത്തിലും[34] മുഴങ്ങുന്നത്. ഇവിടെ ധ്യാനത്തിന്റെ വിഷയം കർത്താവിന്റെ പ്രമാണങ്ങളാണ്. നിയമത്തിൽ ഭക്തൻ കർത്താവിന്റെ സാന്നിധ്യം അനുഭവിക്കുകയും[35] ജീവന്റെ സ്രോതസ് കണ്ടെത്തുകയും[36] ചെയ്യുന്നു. *ഭഗ്നാശരാകാതെ എപ്പോഴും പ്രാർഥിക്കേണ്ടതിന്റെ* ആവശ്യത്തെക്കുറിച്ചു നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ അനുസ്മരിപ്പിച്ചിട്ടുള്ളതും,[37] *പ്രാർഥിച്ചുകൊണ്ട് സദാ ജാഗരൂകരായിരിക്കുവിൻ* എന്നു

---

[33] സങ്കീ 12,6;79,12 [34] 119,148 [35] 119,151 [36] 119,149 [37] ലൂക്കാ 18,1

കർത്താവ് ശിഷ്യന്മാരോടു നിർദ്ദേശിച്ചിട്ടുള്ളതും[38] ലൂക്കാ രേഖപ്പെടുത്തുന്നു. ലൂക്കാ അന്ത്യോക്യാസഭയിലെ അംഗമായിരുന്നല്ലോ. അന്ത്യോക്യാസഭയുടെ പ്രാർഥനാപാരമ്പര്യമാണ് ദൈവാനുഗ്രഹത്താൽ മലങ്കര സുറിയാനി സഭയ്ക്കു ലഭിച്ചിട്ടുള്ളത്. *എല്ലാ സമയവും ആത്മാവിൽ പ്രാർഥിക്കുന്നവരാകുവിൻ* എന്ന് എഫേസ്യലേഖനകർത്താവും സഭയെ ഉപദേശിക്കുന്നു.[39] എഫേ 5,18-20ലെ ഉപദേശം യാമപ്രാർഥനയോടു ബന്ധപ്പെടുത്തി ഓറിയെന്റൽ കോൺഗ്രിഗേഷന്റെ മേല്പറഞ്ഞ *ഉദ്ബോധനം* ഉദ്ധരിക്കുന്നു: *...ആത്മാവാൽ പൂരിതരാകുവിൻ. സങ്കീർത്തനങ്ങളാലും ഗാനങ്ങളാലും ആത്മീയഗീതങ്ങളാലും പരസ്പരം സംഭാഷണത്തിലേർപ്പെട്ട്, ആലാപങ്ങളാൽ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനെ പ്രകീർത്തിക്കുവിൻ. എപ്പോഴും എല്ലാറ്റിനെയുംപ്രതി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവപിതാവിനു കൃതജ്ഞതയർപ്പിക്കുവിൻ.*

സന്ധ്യാപ്രാർഥനയുടെ പരാമർശം സങ്കീ 141 (140),2ൽ ഉള്ളത് മുകളിൽ സൂചിപ്പിച്ചല്ലോ. സങ്കീ 141 (140),2 ഹീബ്രുപാഠമനുസരിച്ച് ഇപ്രകാരമാണ്: *എന്റെ പ്രാർഥന അവിടത്തെ സന്നിധിയിൽ ധൂപാർച്ചനയായി കണക്കാക്കണമെ; എന്റെ കൈകൾ ഉയർത്തുന്നതു സന്ധ്യാബലിപോലെയും.* സങ്കീ 119 (118),62 പാതിരാത്രിസ്തുതിപ്പിനെ പരാമർശിക്കുന്നു: *അവിടത്തെ നീതിപൂർവകമായ അനുശാസനങ്ങളെപ്രതി അവിടത്തെ സ്തുതിക്കാൻ അർദ്ധരാത്രിയിൽ ഞാൻ എഴുന്നേല്ക്കുന്നു.* (വാക്യം 55ഉം പരിഗണനാർഹമാണ്). അർദ്ധരാത്രിയോടടുത്ത് പൗലോസും ശീലാസും ഫിലിപ്പിയിലെ കാരാഗൃഹത്തിൽ *കീർത്തനം പാടി ദൈവത്തെ സ്തുതിച്ച*തിനെപ്പറ്റി (ലൂക്കാ എഴുതിയ) അപ്പ 16,25ൽ നാം വായിക്കുന്നു. അവർ കർത്താവിനുള്ള രാസ്തുതികൾ (സങ്കീർത്തനങ്ങൾ) അർപ്പിക്കുകയായിരുന്നു. പ്രഭാതപ്രാർഥനയുടെ സൂചന സങ്കീ 119 (118),147ൽ ലഭ്യമാണ്. മൂന്നാം മണിയുടെ പ്രാർഥനയ്ക്കു ശിഷ്യഗണം സമ്മേളിച്ചിരുന്നപ്പോളാണ് പരിശുദ്ധാത്മാവ് അവരുടെമേൽ ആവസിച്ചതെന്ന് അപ്പ 2,15 സൂചിപ്പിക്കുന്നു. ഈ ബോധമുള്ളതിനാൽ അന്ത്യോക്യൻ സുറിയാനി പാരമ്പര്യമുള്ള മലങ്കര സഭകൾ മൂന്നാം മണിയുടെ പ്രാർഥനയിൽ ഇപ്രകാരം പ്രാർഥിക്കുന്നു: "ഞങ്ങളുടെ കർത്താവേശുമിശിഹാ, നിന്റെ വിശുദ്ധ ശ്ലീഹന്മാർക്കു നീ കൊടുത്ത പരിശുദ്ധ റൂഹായായി സകലത്തിലും അധികാരമുള്ള പുത്രസ്വീകാര്യത്തിന്റെയും അറിവിന്റെയും ശക്തിയുടെയും റൂഹായെ ഞങ്ങൾക്കു തരണമെ. അവൻ എല്ലാ

[38]ലൂക്കാ 21,36 [39]എഫേ 6,18

യ്പ്പോഴും ഞങ്ങളോടുകൂടെ പാർക്കുമാറാകണമെ. അവന്റെ വ്യാപാര ങ്ങളൽനിന്നു ഞങ്ങൾ വിരോധിക്കപ്പെടുകയുമരുതേ. സർവവ്യാപിയും സകലത്തെയും പൂർണമാക്കുന്നവനും നന്മകളുടെ ശ്രീഭണ്ഡാരവും ജീവൻ കൊടുക്കുന്നവനുമായ സത്യാത്മാവിനെക്കൊണ്ട് ആശ്വസിപ്പി ക്കുന്ന സ്വർഗീയ രാജാവേ, ഞങ്ങളുടെ നേരേ തിരിഞ്ഞ് ഞങ്ങളിൽ വസിക്കണമെ. സകല മലിനതകളിൽനിന്നും ഞങ്ങളെ ശുദ്ധീകരിച്ച് ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കണമെ. ഞങ്ങളുടെ കർത്താവേശുമി ശിഹാ, നിന്റെ ശിഷ്യന്മാരുടെ അടുക്കൽ നീ എഴുന്നെള്ളി അവർക്കു സമാധാനം കൊടുത്തപ്രകാരം നിന്റെ ദാസരായ ഞങ്ങളോടുകൂടെയി രുന്ന് ഞങ്ങൾക്കു രക്ഷ നല്കുമാറാകണമെ. ആമ്മീൻ.''

ആറാം മണിക്കൂറിലെ പ്രാർഥനയ്ക്കു പത്രോസ് മട്ടുപ്പാവിലേക്കു പോയ വിവരം അപ്പോസ്തോലപ്രവർത്തനങ്ങൾ 10,9ലും, ഒമ്പതാം മണി ക്കൂറിലെ പ്രാർഥനയ്ക്കു പത്രോസും യോഹന്നാനും ജറുസലേംദേവാ ലയത്തിൽ പോയ കാര്യം 2-ാം അധ്യായത്തിലും ലൂക്കാ വിവരിച്ചിട്ടു ണ്ടല്ലോ. സിറിയൻ അന്ത്യോക്യായിലെ സഭയിൽ ലൂക്കാ പരിചയപ്പെ ടുകയും പരിശീലിക്കുകയും ചെയ്ത പ്രാർഥനാപാരമ്പര്യമാകണം യേശുവിന്റെ പ്രാർഥനാശീലവും പ്രാർഥനാരൂപങ്ങളും പ്രാർഥനാസം ബന്ധിയായ ഉപദേശങ്ങളും മറ്റു സുവിശേഷകന്മാരെക്കാൾ വളരെ ക്കൂടുതൽ രേഖപ്പെടുത്താനും ലൂക്കായെ പ്രചോദിപ്പിച്ചത്.[40]സഭയുടെ സ്ഥാപകനും മൂലക്കല്ലും ആദിപരിശീലകനും മണവാളനുമായ നമ്മുടെ കർത്താവിന്റെയും, സഭയുടെ അടിസ്ഥാനക്കല്ലുകളും സ്നേഹികളുമായ അപ്പോസ്തലന്മാരുടെയും, അപ്പോസ്തോലികോപദേഷ്ടാക്കളുടെയും പ്രാർഥനാമാതൃകകളും ഉദ്ബോധനങ്ങളും അവയെക്കുറിച്ചുള്ള തിരുവചനസാക്ഷ്യങ്ങളും സഭയ്ക്കും അവളുടെ മക്കൾക്കും എന്നും പ്രചോദനദായകങ്ങളാണ്.

സഹസ്രാബ്ദങ്ങളിലൂടെ കൈവന്നതാണ് യാമപ്രാർഥനാപാര മ്പര്യം. അത് കൈയേല്ക്കുകയും സജീവമായി പുലർത്തുകയും അടുത്ത തലമുറകൾക്കു കൈയേല്പിക്കുകയും ചെയ്യുന്ന കണ്ണിയായിരിക്കാനുള്ള വലിയ അനുഗ്രഹം സഭയിൽ ഓരോ സഭാംഗത്തിനും ലഭിക്കുന്നു! ''വിശ്വാ സത്തിന്റെ വെളിച്ചം'' (= വിശ്വാസമെന്ന വെളിച്ചം) മഹാദാനമായി നല്കപ്പെ ട്ടതു സ്വീകരിക്കുന്ന ഓരോ വിശ്വാസിക്കും ''മറ്റെല്ലാ വിശ്വാസികളോടു മുള്ള സത്താപരമായ ഒരു ബന്ധത്തിൽ മിശിഹായുടെ ശരീരത്തിന്റെ

---

[40]കുര്യൻ വാലുപറമ്പിൽ, *ലൂക്കായുടെ സുവിശേഷഭാഷ്യം, പഠനങ്ങളും ഭാഷ്യവും*, ഭരണങ്ങാനം, 2003, 78-89

ഒരംഗമായി തന്നത്തന്നെ കാണാനാകുന്നു.''[41] ഈ കാഴ്ചയുടെ അനുഗ്രഹം പുരോഹിതനായ എനിക്കു തീർച്ചായും വളരെ പ്രത്യേകമായി നല്കപ്പെടണം. മെല്ക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള ഒരുക്കശുശ്രൂഷയുടെ സെദറായിൽ നുറുങ്ങിയ ഹൃദയത്തോടെ പുരോഹിതൻ ഇപ്രകാരം പ്രാർഥിക്കുന്നുണ്ടല്ലോ: ''ജ്ഞാനികളുടെ വിവേകമതികളായ ആത്മാക്കളോടുകൂടെ വിശ്വാസത്തിന്റെ ശോഭയുള്ള വിളക്കുകളുമായി (= വിശ്വാസമെന്ന ശോഭയുള്ള വിളക്കുകളുമായി) നിന്റെ ആലയത്തിൽ ആയുഷ്കാലം മഴുവനും എന്നേക്കും പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി പാടുവാൻ ഞങ്ങളെല്ലാവരും യോഗ്യരാക്കപ്പെടണമെ!''[42] മിശിഹായുടെ ശരീരമായ സഭയുടെ ഒരംഗം എന്ന നിലയിൽ ആ ശരീരത്തിന്റെ പൊതുപ്രാർഥനാസ്വരം അതിനോടു ചേർന്നുയർത്തുമ്പോൾ ഓരോ വിശ്വാസിയും തന്റെ വ്യക്തിത്വം അനന്യതയിൽ എത്തിച്ചുകൊണ്ടുതന്നെ വിശ്വാസികൾ തമ്മിലുള്ള ഗാഢമായ സംസർഗവും വിശ്വാസികളോടുള്ള ക്രിസ്തുവിന്റെ സജീവമായ ഐക്യവും അനുഭവിക്കുന്നു.[43] ഈ സംസർഗാനുഭവത്തിന് തന്റെ അന്തരതലമുറകളെ ക്ഷണിക്കുകയും ഒരുക്കുകയും ചെയ്യുന്നു. ഓരോ വിശ്വാസി/നിയുടെയും ഓരോ ക്രിസ്തീയ കുടുംബത്തിന്റെയും ഇടവകയുടെയും പുരോഹിതന്റെയും അനന്തര തലമുറകൾക്ക് അവകാശമില്ലേ പാരമ്പര്യമായ സഭയുടെ ഒരമൂല്യ പാരമ്പര്യമായ പൊതുപ്രാർഥനാപാരമ്പര്യം കൈമാറിക്കിട്ടാൻ? ഈ കൈമാറ്റത്തിൽ ഒരു കണ്ണിയാകാൻ വിളിക്കപ്പെട്ടതിന് നന്ദി ചൊല്ലിക്കൊണ്ട് ഈ ലോകത്തിലെ എന്റെ അവസാന യാമവും കടക്കാനാക്കണമെ കർത്താവേ!

ദൈവമായ കർത്താവേ, വ്യക്തിപരമായും ചിലപ്പോൾ കൂട്ടായ്മയായും പ്രാർഥിക്കുന്ന സമയങ്ങളിൽ നിന്നോടു കൂടുതൽ ഹൃദയൈക്യത്തിലും സ്വതന്ത്രമായും സംസാരിക്കാൻ സാധിക്കുന്നു എന്നൊരു വിചാരമോ തോന്നലോ യാമനമസ്കാരം പ്രാർഥിക്കാതിരിക്കാൻ പലപ്പോഴും എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. എന്റെ ഈ പ്രേരണയെ ചിലപ്പോഴൊക്കെ ഞാൻ അനുസരിച്ചിട്ടുമുണ്ട്. ഈ സന്ദർഭങ്ങളിലെല്ലാം ഞാൻ പുരോഹിതനായ എന്നെക്കുറിച്ച് സഭ ഉദ്ദേശിച്ചിട്ടുള്ളതിൽനിന്നു വ്യതിചലിക്കുകയും സഭയുടെ മനസ്സിനെക്കാൾ സ്വയം ഉന്നതപ്പെടുത്തുന്ന

[41]ഫ്രാൻസിസ് പാപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, നമ്പർ 22

[42]*തക്സോ ദ്കൂറോബൊ*, തിരുവല്ലാ, 1949; ഗ്രന്ഥകർത്താവിന്റെ വിവർത്തനം. 1972ലും 1987ലും 2007ലും പ്രസിദ്ധീകരിച്ചിട്ടുള്ള *മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തക്സാ*യിലെ വിവർത്തനത്തിൽനിന്ന് വ്യത്യാസമുണ്ട്.

[43]ഫ്രാൻസിസ് പാപ്പാ, *വിശ്വാസത്തിന്റെ വെളിച്ചം*, നമ്പർ 22നോടു കടപ്പാട്

മനസ്സിന്റെ പ്രേരണയാൽ നയിക്കപ്പെടുകയും ആയിരുന്നെന്നും, അത് അഹങ്കാരത്തിന്റെ ഫലമായിരുന്നെന്നും കാണാൻ നിനവെയിലെ ഇസ ഹാക്ക് എന്നെ സഹായിക്കുന്നു. മെത്രാനും താപസനുമായിരുന്ന ഈ പുണ്യവാൻ പഠിപ്പിക്കുന്നു: യാമനമസ്കാരം അവഗണിക്കുന്നത് കൂടു തൽ അഹങ്കാരത്തിലേക്കു നയിക്കും; ഒരാൾ സ്വതന്ത്രമായ ജീവിതാ വസ്ഥയിലായിരിക്കെ ഒരു നിയമത്തിനു സ്വയം വിധേയനാക്കുന്നതുവഴി തന്റെ ആത്മാവിനെ വിനീതമായി കാത്തുസൂക്ഷിക്കുകയാണ്; സഭയുടെ താത്പര്യപ്രകാരം യാമനമസ്കാരം യഥാവിധി നടത്തുന്നവൻ സ്വയം എളിമപ്പെടുത്താൻകൂടി പരിശീലിക്കുകയാണ്. ഇത്, തന്നത്തന്നെ ഉയർത്തുന്നവനെ നിയന്ത്രിക്കാൻ ഏറ്റവും യുക്തമായ കടിഞ്ഞാണ്. ഇക്കാരണങ്ങളാലാണ് വിശുദ്ധ പിതാക്കന്മാർ നിരന്തരം പ്രാർഥിക്കുകയും ആത്മാവിനാൽ നിറഞ്ഞിരിക്കുകയും പ്രാർഥനയിൽനിന്ന് ഒരു നിമിഷം പോലും വിരമിക്കാതിരിക്കുകയും ചെയ്തിട്ടും യാമനമസ്കാരങ്ങൾ, നിശ്ചി തയാമങ്ങൾ, ചൊല്ലേണ്ട പ്രാർഥനകളുടെ നിശ്ചിത എണ്ണം, ശരീരത്തിന്റെ ഭാഗഭാഗിത്വം എന്നിവയെല്ലാം സംബന്ധിച്ച് കല്പിച്ചിരുന്നവയെല്ലാം ചെയ്തിരുന്നത്.[44]

> ദൈവമായ കർത്താവേ, നിന്റെ പ്രാഭവത്തിന്മുമ്പിൽ വെടുപ്പോടെ നില് ക്കാനും ഉണർവോടെ നിന്റെ കാരുണ്യത്തിന്മുമ്പാകെ ജാഗരിക്കാനും നിന്റെ കൂടാരവാതില്ക്കൽ മുട്ടുവാനും നിന്നെ പ്രസാദിപ്പിക്കുന്ന പ്രാർഥ യിൽ ശ്രദ്ധാലുക്കളാകാനും ഞങ്ങളെ അർഹരാക്കണമെ. എല്ലാറ്റിലും ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ ഞങ്ങൾ മഹത്ത്വപ്പെടുത്തുമാ റാകണമെ![45]

[44] "നിനവയിലെ ഇസഹാക്ക്," ജി. ചേടിയത്ത്, *പ്രാർഥന സഭയിൽ*, കോട്ടയം, 1991, 207–208.

[45] *നോമ്പിലെ പ്രാർഥനക്രമം*, തിങ്കൾ രാത്രി രണ്ടാം കൗമാ, പ്രാരംഭ പ്രാർഥന

അധ്യായം

# 3

# ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 2

## യാമനമസ്കാരം

*ശുബഹൊ ലാബൊ ലബ്റൊ വല് റൂഹൊ കാദീശൊ*

മലങ്കരസഭ ഓരോ യാമനമസ്കാരവും ശുശ്രൂഷയും ആരംഭിക്കുന്നത് ആരാധകർ ഓരോരുത്തരും തന്നത്തന്നെ സ്ലീബായുടെ അടയാളത്താൽ ചിഹ്നപ്പെടുത്തിക്കൊണ്ടാണ്. പുരോഹിതൻ തന്നത്തന്നെ അപ്രകാരം ചെയ്തുകൊണ്ട് ''പിതാവിനും പുത്രനും പരിശുദ്ധ റൂഹായക്കും സ്തുതി''[1] എന്ന ത്രിത്വസ്തുതി ചൊല്ലി കൗമാ ആരംഭിക്കുന്നു: ''പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യൈകദൈവത്തിന്റെ തിരുനാമത്തിൽ'' എന്നൊരു സ്തുതിരൂപവും ഉപയോഗിക്കാറുണ്ട്. ഈ ആരംഭം ശുശ്രൂഷ പരിശുദ്ധ ത്രിത്വത്തിന്റെ മഹത്ത്വത്തിനാണ് എന്ന് ഓർമപ്പെടുത്തുന്നു.

---

[1]അരിയൂസിന്റെ അബദ്ധോപദേശത്തിനെതിരായി അതിപരിശുദ്ധ ത്രിത്വത്തിലെ മൂന്നു വ്യക്തികളും ഒരു സത്തയാണെന്ന സത്യവിശ്വാസം, ദൈവം ത്രിത്വൈകദൈവമാണെന്ന വിശ്വാസം, വിശ്വാസികളുടെ ഹൃദയത്തിലുറപ്പിക്കാൻ, കപ്പദോസിയൻ പിതാക്കന്മാരിൽ ഏറ്റവും കർമനിരതനായിരുന്ന മഹാനായ ബേസിൽ (330–379) രൂപവത്കരിച്ചതാണ് ഈ ത്രിത്വസ്തുതിരൂപം. അതിന്റെ ആദിരൂപം ''പിതാവിന് പുത്രനിലൂടെ പരിശുദ്ധാത്മാവിൽ സ്തുതി'' എന്നായിരുന്നു. വി. ബേസിൽ അത് ഇപ്പോൾ സഭകളുപയോഗിക്കുന്ന രീതിയിലാക്കി. ഈ ബേസിൽ ആണ് മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കാതോലിക്കാ ബാവായുടെ നാമഹേതുകൻ.

## ത്രിത്വസ്തുതി അടിസ്ഥാന വിശ്വാസപ്രഖ്യാപനം

ത്രിത്വസ്തുതിരൂപങ്ങൾ ത്രിത്വൈക ദൈവത്തിലുള്ള സത്യവിശ്വാസത്തിന്റെ സൂത്രവാക്യമാണ്; ഏറ്റുപറച്ചിലാണ്. അടിസ്ഥാന വിശ്വാസപ്രഖ്യാപനമാണ്. വിശ്വാസം പവിത്രീകരിക്കുന്നു,[2] വിശുദ്ധീകരിക്കുന്നു.[3] വിശ്വാസത്താൽ ദൈവത്തെ പ്രസാദിപ്പിക്കാം.[4] സത്യവിശ്വാസമാണ് അടിസ്ഥാന ആരാധന.[5] സത്യവിശ്വാസത്തിന്റെ ആഘോഷരൂപങ്ങളാണ് ആരാധനാഘോഷങ്ങൾ. കത്തോലിക്കാ സഭയുടെ ആരാധനക്രമങ്ങൾ സത്യവിശ്വാസത്തിന്റെ ആഘോഷക്രമങ്ങളാണ്. എല്ലാ ആരാധനയും പരിശുദ്ധ ത്രിത്വൈക ദൈവത്തിന്റെ മഹത്ത്വത്തിനാണ്. ഇക്കാരണങ്ങളാലാണ് സഭയുടെ ഔദ്യോഗികമായ എല്ലാ ആരാധന,ശുശ്രൂഷാരൂപക്രമങ്ങളും ത്രിത്വസ്തുതികൊണ്ട് ആരംഭിക്കുന്നത്. സഭയുടെ ഏറ്റവും വലിയ വിശ്വാസാഘോഷം വിശുദ്ധ കുർബാനയാണ്. അത് സഭയുടെ വിശ്വാസാഘോഷത്തിന്റെ ഉച്ചസ്ഥായിയാണ്. അതിലേക്കാണ് സഭയുടെ സകല പ്രവൃത്തികളും ഉന്മുഖമായിരിക്കുന്നത്; അതാണ് സഭയുടെ ശക്തിയുടെ സ്രോതസ്സും.[6] യാമപ്രാർഥനയിലാരംഭിച്ച് ഉച്ചസ്ഥായിയിലെത്തുന്ന ഒരു സാധനാപൂർത്തീകരണത്തിന്റെ ആരോഹണ,ലയനപ്പാടുണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കുർബാനയാഘോഷത്തിന്.

## ത്രിത്വസ്തുതി ത്രിത്വൈകദൈവത്തിലേക്കും സഭയിലേക്കുമുള്ള പുനരൈക്യാഘോഷവും സത്യവിശ്വാസസാക്ഷ്യവും

പരിവർത്തിപ്പിക്കുന്ന കൃപയാൽ രൂപവത്കൃതമാകാൻ എന്റെ ഹൃദയത്തെ അനുവദിച്ചുകൊണ്ട്[7] ഞാൻ ത്രിത്വൈകദൈവസ്തുതി ഉയർത്തുകയോ അതിനോടു ചേരുകയോ ചെയ്യുമ്പോഴെല്ലാം ഞാൻ സഭയിലേക്കും ത്രിത്വൈകദൈവത്തിലേക്കും പുനരൈക്യപ്പെടുകയാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എനിക്കു സഭയിൽ മാമോദീസാ നല്കപ്പെട്ടപ്പോൾ ഞാൻ പരിശുദ്ധ ത്രിത്വത്തിന്റേതായിത്തീർന്നു; സഭയുടേതായിത്തീർന്നു. പിതാപുത്രപരിശുദ്ധാത്മാവായ ത്രിത്വൈക ദൈവം തന്റെ കൂട്ടായ്മയിലേക്ക് എന്നെ ഉയർത്തി. ഇപ്പോഴിതാ, എനിക്ക് ആരാധകസഭയിൽ ലഭിച്ച ആദ്യാനുഗ്രഹം പുനരാഘോഷിക്കപ്പെടുന്നു. പിതാവിനും പുത്രനും പരിശുദ്ധാ

---

[2] അപ്പ 15,9 [3] അപ്പ 26,18 [4] ഹെബ്രാ 11,6 [5] അപ്പ 26,6-16

[6] രണ്ടാം വത്തിക്കാൻ കൗൺസിൽ, *ആരാധനക്രമം*, നമ്പർ 9. [7] പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ, *വിശ്വാസത്തിന്റെ വാതിൽ*, റോം, 2012, നമ്പർ1

ത്മാവിനും സ്തുതിയെന്ന ആലാപനത്തിൽ ഞാൻ ചേരുമ്പോളെല്ലാം കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലേക്കും, അവളുടെ സത്രൈക ദൈവവിശ്വാസത്തിലേക്കും, അവൾ വിശ്വസിച്ചേറ്റുപറയുന്ന സത്രൈകദൈവത്തിലേക്കുമുള്ള എന്റെ ഐക്യം ഉപര്യുപരി ദൃഢതരമാകുന്നു, ആഴപ്പെടുന്നു. അതേ സമയം, ത്രിത്വൈക ദൈവസ്തുതി സഭാമധ്യേയുള്ള എന്റെ സത്യവിശ്വാസസാക്ഷ്യവുമാകുന്നു. വിശ്വാസത്താലുള്ള എന്റെ വിശുദ്ധീകരണത്തിന്റെ സാക്ഷ്യവും ഞാൻ വിശുദ്ധീകരിക്കപ്പെടുന്നതിന്റെ പ്രതീകവുമാകുന്നു.

## രക്ഷയുടെ ക്രിസ്തുകേന്ദ്രീകൃതത്വത്തിന്റെ ആഘോഷം

ത്രിത്വൈകദൈവത്തിന്റെ വിശുദ്ധീകരണപ്രവർത്തനം എന്നിൽ സംഭവിക്കുന്നത് *ദൈവം നമ്മുടെ വിശുദ്ധീകരണമാക്കിയ* യേശുക്രിസ്തു മുഖാന്തരമാകുന്നു. അവൻ നമ്മുടെ വിശുദ്ധീകരണമാക്കപ്പെട്ടതിന്റെ ഏറ്റവും തേജസ്സാർന്ന പ്രകാശനമാണ് സ്ലീബാ - ക്രൂശിതൻ. എന്റെ കൈയുടെ തള്ളവിരലും ചൂണ്ടുവിരലും നടുവിരലും ചേർത്തുവച്ച് സ്ലീബായാൽ ഞാൻ എന്നെ ചിഹ്നപ്പെടുത്തുമ്പോൾ, ദൈവം പിതാവിന്റെയും പുത്രന്റെയും റൂഹായുടെയും കൂട്ടായ്മയായ ഒരു ദൈവമാകുന്നു എന്ന സത്യവിശ്വാസം ഞാൻ സാക്ഷ്യപ്പെടുത്തുന്നു. വിരലൈക്യത്തിൽ പുത്രനായ ദൈവത്തെ സൂചിപ്പിക്കുന്ന ചൂണ്ടുവിരൽ അല്പം മുന്നോട്ടു നീട്ടിപ്പിടിച്ച് അവനാണ് എന്റെ, നമ്മുടെ, വിശുദ്ധീകരണമാക്കപ്പെട്ട സ്ലീബായെന്നും, സ്ലീബായും പരിശുദ്ധ ത്രിത്വൈകദൈവവും തമ്മിലുള്ള ബന്ധവും ഞാൻ സാക്ഷ്യപ്പെടുത്തുന്നു. അപ്രകാരം അനുവർത്തിക്കാൻ ഞാൻ എനിക്കേല്പിക്കപ്പെട്ട ദൈവജനത്തെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

നെറ്റിമുതൽ നെഞ്ചുവരെയും ഇടത്തെ തോൾ മുതൽ വലത്തെ തോൾവരെയും മൂന്നു വിരലുകൾ ഒന്നാക്കപ്പെട്ട വിരലൈക്യംകൊണ്ട് സ്ലീബായുടെ അടയാളത്താൽ ഞാൻ എന്നെ ചിഹ്നപ്പെടുത്തുന്നു. സ്ലീബായാകാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നവനെ നെഞ്ചകത്തേക്കു ഞാൻ ക്ഷണിക്കുന്നു. അവൻ കനിഞ്ഞിറങ്ങിവരുന്നു. അവനു ഞാൻ നെഞ്ചകത്ത് ഇരിപ്പിടം കൊടുത്ത് അവൻ അതിൽ വാഴുമ്പോൾ അത് ഹൃദയമാകുന്നു. അവൻ ഹൃദയനാഥനാകുകയും ചെയ്യുന്നു. അവൻ കൂടാരമടിക്കുന്നിടത്തു പിതാവും പരിശുദ്ധാത്മാവുമുണ്ട്. അവരും അവനിലൂടെ എന്നിൽ അധിവസിക്കുന്നു. സ്ലീബായായവന്റെ ശുദ്ധരക്തം എന്റെ ധമനികളിലൂടെയോടി ഓരോ കോശത്തിലുമെത്തുന്നു. എന്റെ അശുദ്ധരക്തം ചംക്രമണത്തിൽ സ്ലീബായായവന്റെ ഹൃദയത്തിൽവച്ചു ശുദ്ധീ

കരിക്കപ്പെട്ട് അവന്റെ രക്തമായൊഴുകുന്നു. എന്റെ വിശുദ്ധീകരണമാകുന്നു.

പുത്രനായ ദൈവം പിതൃഹിതപ്രകാരം സ്വർഗത്തിൽനിന്നു ഭൂമിയിലേക്ക് ഇറങ്ങിവന്നപ്പോൾ സ്ലീബായുടെ നെടിയ പടിയായി. ഈ ഭൂമിയിൽ പിതൃഹിതം നിറവേറ്റി ചുറ്റിസഞ്ചരിച്ചു ജറുസലേമിലേത്തിയപ്പോഴേക്ക് അവൻ സ്ലീബായുടെ കുറിയ പടിയുമായി. അതുകൊണ്ടാണ് അവൻ ജറുസലേമിൽനിന്നു ഗൊല്ഗോഥായിലേക്ക് - തലയോടിടം എന്ന സ്ഥാനത്തേക്ക് - കുറിയ പടി ചുമന്നുകൊണ്ടു പോയത്. കുറിയ പടിയും നെടിയ പടിയും ഭരണാധികാരികൾ കണ്ടത് മരത്തിലാണ്. മനുഷ്യപുത്രനെ കണ്ടിട്ട് അവർ പറഞ്ഞു: ഞങ്ങൾ മനുഷ്യപുത്രനെ കാണുന്നു; മരത്തെപ്പോലെ നടക്കുന്നതായും. അവനെ അവർ മരത്തിന്മേൽ തറച്ചു. അവൻ മരത്തിലെ സ്ലീബായായി, സ്ലീബാ വൃക്ഷമായി. അതിൽനിന്ന് എനിക്കു ജീവന്റെ ഫലം ഭക്ഷിക്കാം. ജീവനാകുന്ന രക്തം പാനം ചെയ്യാം.

ത്രിയേകമാക്കപ്പെട്ട എന്റെ വിരലൈക്യം എന്റെ നെറ്റിയിൽനിന്ന്, എന്റെ ബുദ്ധിയിൽനിന്ന്, ഹൃദയഭാഗത്തു കൊണ്ടുവന്നപ്പോൾ സ്ലീബാ, ക്രൂശിതൻ, എന്റെ സ്ലീബായുടെ നെടിയ പടിയായി. ഇനി എന്റെ അതേ വിരലൈക്യം അതേപടി ഹൃദയഭാഗത്തൂടെ ഇടത്തേ തോളിലേക്കും വലത്തേ തോളിലേക്കും, എന്റെ ഇടത്തും വലത്തുമുള്ളവരിലേക്ക്, നീളണം. അപ്പോൾ എന്റെ സ്ലീബായുടെ കുറിയ പടിയുമാകും. അതുവരെ എന്റെ സ്ലീബാചിഹ്നപ്പെടുത്തൽ അപൂർണമായി അവശേഷിക്കും. ക്രൂശിതനേ, എന്റെ സ്ലീബാ പൂർണമാക്കാൻ കൃപയേകണമെ!

ത്രിയേകമാക്കപ്പെട്ട വിരലൈക്യംകൊണ്ടു സ്ലീബായുടെ ചിഹ്നത്താൽ അവരവർ സ്വയം അടയാളപ്പെടുത്തിക്കൊണ്ടു ത്രിത്വൈകദൈവസ്തുതി ചൊല്ലുക. മലങ്കര സുറിയാനി സഭ നെഞ്ചിലേറ്റിയിട്ടുള്ള ഈ അനുഷ്ഠാനം നിർവഹിക്കുന്നവർ, സഭയായും അംഗങ്ങളായും, മിശിഹാവഴി പരിശുദ്ധാത്മാവിൽ പിതാവിനെ മഹത്ത്വപ്പെടുത്തുന്നു. അവർ ത്രിത്വൈകദൈവത്തെ മഹത്ത്വപ്പെടുത്തുകയാണ്. ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു എന്നതിനർഥം ദൈവത്തിന്റെ സ്നേഹം അംഗീകരിച്ചു നന്ദിയർപ്പിക്കുന്നു എന്നാണല്ലോ. തന്റെ ഏകജാതനെ നല്കാൻ തക്കവിധം അത്രയ്ക്കും ദൈവം ലോകത്തെ സ്നേഹിച്ചതിന്[8] സഭയും സഭാമക്കളും, പരിശുദ്ധാത്മാവിൽ ആനന്ദിച്ചു പിതാവിനെ സ്തുതിച്ച യേശുവിനോടു[9] ചേർന്ന്, അവൻവഴിയും അവനെപ്പോലെയും, പരിശുദ്ധാത്മാവിൽ ആനന്ദിച്ച് പിതാവിനെ സ്തുതിക്കുന്നു.

[8] യോഹ 3,16; 1യോഹ 4,10  [9] ലൂക്കാ 10,21

**ഏറ്റവും ലളിതമായ സത്യദൈവവിശ്വാസാഭ്യാസം**

ത്രിത്വൈകദൈവവിശ്വാസം, സത്യക്രൈസ്തവദൈവവിശ്വാസം, ഏറ്റുപറയാനും, അതിനാൽ വിശുദ്ധീകരിക്കപ്പെടാനും, അതു പ്രഘോഷിക്കാനും പരിശീലിക്കാനും പരിശീലിപ്പിക്കാനും മലങ്കര സുറിയാനി സഭ സ്വീകരിച്ചിട്ടുള്ള ഏറ്റവും പ്രിയങ്കരവും ലളിതവും ജനകീയവുമായ അടിസ്ഥാന വിശ്വാസാഭ്യസനമാണ് വിരലൈക്യംകൊണ്ടു സ്ലീബാ ചിഹ്നപ്പെടുത്തിക്കൊണ്ടുള്ള ത്രിത്വസ്തുതി. ഈ വിശ്വാസാഭ്യസനരീതിയുടെ കൗദാശികഭാവത്തിന് ഇരട്ടിപ്പുണ്ട്. വിശ്വാസത്താലുള്ള വിശുദ്ധീകരണവും സ്ലീബായാലുള്ള വിശുദ്ധീകരണവും മലങ്കര സുറിയാനി സഭ ത്രിത്വസ്തുതിയർപ്പിക്കുന്നതിൽ സുന്ദരമായി (= ദൈവികമായി) സമ്മേളിച്ചിട്ടുണ്ട്. ഈ സംയുക്താനുഷ്ഠാനം രൂപവത്കരിക്കാൻ ദൈവത്തിന്റെ ഉപകരണങ്ങളാകാൻ അനുഗ്രഹം ലഭിച്ച മഹാത്മാക്കളെയോർത്ത് പരിശുദ്ധ ത്രിത്വൈകദൈവത്തെ സ്തുതിക്കുന്നു. അതു പകർന്നുതന്നിട്ടുള്ളവരും പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നവരുമായ എല്ലാവരെയും, വളരെ പ്രത്യേകമായി അമ്മമാരെ, ഓർത്ത് പരിശുദ്ധ ത്രിത്വൈകദൈവത്തെ സ്തുതിക്കുന്നു. ഈ സംയുക്താനുഷ്ഠാനം കൊണ്ട് മലങ്കര സഭയുടെ സകല ശുശ്രൂഷകളും ആരംഭിക്കാനും, ശുശ്രൂഷകളുടെ പ്രാർഥനകൾക്കിടെ, പ്രത്യേകിച്ച് പ്രാർഥനാഗാനങ്ങളുടെയിടയ്ക്ക്, അത് ആവർത്തിക്കാനും ക്രമപ്പെടുത്തിയ ജ്ഞാനപൂർണരും വിശുദ്ധരും സത്യവിശ്വാസപരിശീലനത്തിനു നിലകൊണ്ടവരുമായ പിതാക്കന്മാരെ ഓർത്ത് പരിശുദ്ധ ത്രിത്വൈകദൈവത്തെ സ്തുതിക്കുന്നു. ഞാനിപ്പോൾ ധ്യാനിക്കുന്ന സംയുക്താനുഷ്ഠാനം പ്രാർഥനകൾക്കിടെ ആവർത്തിച്ച് ത്രിത്വൈകദൈവത്തെ സ്തുതിക്കുക മാത്രമല്ല, ഇവിടെ നടക്കുന്നത് ത്രിത്വൈകദൈവത്തിനു സ്തുതിയേറ്റുന്ന ശുശ്രൂഷയാണെന്ന് പ്രാർഥനാക്കൂട്ടായ്മയെ ഓർമിപ്പിക്കുകകൂടി ചെയ്യുന്നു. ഈ സംയുക്താനുഷ്ഠാനം സഭാമധ്യേ നിർവഹിക്കാൻ ഈ പാപിയെ അനുഗ്രഹിച്ച പരിശുദ്ധ ത്രിത്വൈകദൈവമേ, നിനക്കു സ്തുതി.

സ്ലീബായുടെ ചിഹ്നത്താൽ എന്നെ അടയാളപ്പെടുത്തിക്കൊണ്ടു ത്രിത്വൈകദൈവസ്തുതി ചൊല്ലുന്നതിൽ സ്ലീബായാലുള്ള വിശുദ്ധീകരണം പ്രാപിക്കാനും, സ്ലീബായിലുള്ള സഭയുടെ വിശ്വാസം ഏറ്റുപറയാനും ജനത്തെ പരിശീലിപ്പിക്കാനും പുരോഹിതനായ എനിക്ക് അനുഗ്രഹം ലഭിച്ചിരിക്കുന്നു. മഹാപുരോഹിതനായ മിശിഹാവഴി പരിശുദ്ധ ത്രിത്വൈകദൈവത്തിനുള്ള നിത്യസ്തുതിയർപ്പണത്തിൽ ആരാധകസംഘത്തോടൊപ്പം ഞാനും ചേരട്ടെ. അവർക്കു നേതൃത്വമേകി

ക്കൊണ്ട് പരിശുദ്ധ ത്രിത്വൈകദൈവത്തിനു സ്തുതി കരേറ്റുന്ന യാമ നമസ്കാരത്താലുള്ള വിശുദ്ധീകരണത്തിനു എന്നെ സഭയോടൊപ്പം പുനരർപ്പിക്കട്ടെ. "പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, നിരന്തരം നിന്നെ ഞങ്ങൾ പൂർണമായി ഏറ്റുപറയാൻതക്കവിധം നിന്റെ കൃപ യിൻകതിരുകൾ ഞങ്ങളിൽ പ്രശോഭിപ്പിക്കണമെ."[10]

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യൈക ദൈവ ത്തിനു സ്തുതിയർപ്പിക്കുമ്പോൾ ഈ സ്തുതിയർപ്പണം യഥാർഥമാ കാൻ, സത്യമാകാൻ, സ്നേഹൈക്യ സംപൂർണതതന്നെയായ അതിപ രിശുദ്ധ ത്രിത്വത്തോടു ഞാൻ ഐക്യപ്പെടണം. എന്റെ ഭാഗത്തുനിന്നു ണ്ടാകേണ്ട ഈ നീക്കത്തിന്റെ ആവശ്യം വിസ്മരിച്ച്, അതെപ്പറ്റി നാവന ക്കാൻപോലും അസാധ്യമായ അവസ്ഥയിലാണോ ഞാനീ ത്രിത്വസ്തു തിയുടെ പതിവുപല്ലവി ചൊല്ലിപ്പോകുന്നത്? വിശ്വാസിയും പുരോ ഹിതനുമായ ഞാൻ സുന്ദരമായാണോ എന്റെ നേരെയും ദൈവജന ത്തിന്റെ നേർക്കും സ്ലീബാ അടയാളപ്പെടുത്തുന്നത്? ഇവിടെ, പൗരോ ഹിത്യത്തിലേക്ക് എനിക്കു ലഭിച്ച വിളിയുടെ മഹാദാനം കാത്തു സൂക്ഷിക്കാൻ ഞാൻ അതേല്പിച്ചിട്ടുള്ള വിശുദ്ധയുടെ - ഉണ്ണിയേശു വിന്റെ ചെറുപുഷ്പത്തിന്റെ - വാക്കുകൾ ഓർക്കട്ടെ. അവയുപയോഗി ക്കാൻ എനിക്കു തെല്ലും അർഹതയില്ല. എങ്കിലും, എനിക്കാശ്വാസമായ തിനാൽമാത്രം അവയുടെ വിവർത്തനപദങ്ങളെങ്കിലും ഉരുവിട്ടു കൊള്ളട്ടെ:

> ...നയനമോഹനമായ ഉജ്ജ്വലസൂര്യനിലേക്കു പറക്കുവാൻ പക്ഷിക്കുഞ്ഞി നു മോഹമുണ്ട്. സ്വസഹോദരങ്ങളായ രാജാളികൾ പരിശുദ്ധ ത്രിത്വമാ കുന്ന ദിവ്യാഗ്നികുണ്ഡത്തെ ലക്ഷ്യമാക്കി ഉയർന്നുപറക്കുന്നതു കാണു മ്പോൾ, അതിനും അവരെ അനുകരിച്ചുകൊള്ളാമെന്നുണ്ട്. എന്നാൽ കഷ്ടമെ! തന്റെ കുഞ്ഞു ചിറകിട്ടടിക്കാൻ മാത്രമേ അതിനു ശേഷിയു ള്ളു. പറന്നുയരുവാൻഅതിന്റെ എളിയ കഴിവ് അനുവദിക്കുന്നില്ല. പിന്നെ അതിന്റെ ഗതിയെന്താണ്! സ്വന്തം നിസ്സഹായസ്ഥിതിയുടെ ദാരുണ്യമോർത്ത് വിഷാദത്താൽ മരിക്കണമോ? ... ഹോ! അതൊരിക്കലും വേണ്ട. പക്ഷിക്കു ഞ്ഞു വ്യസനിക്കാൻ പോകുന്നില്ല. സുധീരമായ ഒരാത്മസമർപ്പണത്തോ ടെ സ്വന്തം ദൃഷ്ടികൾ ദിവ്യസൂര്യനിൽ ഉറപ്പിച്ചുകൊണ്ടിരിക്കാനാണ് അത് നിശ്ചയിച്ചിരിക്കുന്നത്; അതിനെ ഭയപ്പെടുത്താൻ കാറ്റോ മഴയോ ഒന്നും മതിയാകയില്ല; ഇരുണ്ട കാർമേഘങ്ങൾ വന്നു സ്നേഹസൂര്യനെ

[10] *വലിയ നോമ്പിലെ പ്രാർഥനക്രമം*, തിങ്കൾ പ്രഭാതം, പ്രാരംഭപ്രാർഥന

മറച്ചാലും അതു സ്ഥലം വിടുകയില്ല. മേഘപടലങ്ങൾപ്പുറത്ത് സ്നേഹ സൂര്യൻ സദാ പ്രശോഭിക്കുന്നുണ്ടെന്നും ആ പ്രകാശത്തിന് ഒരിക്കലും കുറവു വരികയില്ലെന്നും അതിനറിയാം. ചിലപ്പോൾ പക്ഷിക്കുഞ്ഞിന്റെ ഹൃദയംതന്നെ കൊടുങ്കാറ്റിനു വിധേയമായിത്തീരുമെന്നതു വാസ്തവമാണ്. ചിലപ്പോൾ തന്നെ വലയം ചെയ്യുന്ന മേഘനിരകളല്ലാതെ വേറെ യാതൊന്നും ഉള്ളതായി വിശ്വസിക്കേണ്ടതില്ലെന്ന് അതിനു തോന്നിപ്പോകും. ...

... വിക്രിയകളെല്ലാം നിമിത്തം വല്ല മൂലയിലും പോയി ഒളിച്ചിരുന്ന് നേരിട്ട നിർഭാഗ്യത്തെക്കുറിച്ചു കരഞ്ഞുകരഞ്ഞു ചത്തുപോകുന്നതിനു പകരം അതു തന്റെ പ്രിയപ്പെട്ട സൂര്യന്റെ നേർക്കു തിരിഞ്ഞ് അവിടത്തെ ഊഷ്മള രശ്മികളുടെ ചൂടുകൊണ്ട് നനഞ്ഞുപോയ കുഞ്ഞുചിറകുകളെ ഉണക്കിയെടുക്കുമല്ലോ. കുരുവിക്കുഞ്ഞിനെപ്പോലെ തേങ്ങിക്കൊണ്ടും (ഏശ 38,14) മൃദുസ്വരത്തിൽ കുറ്റസമ്മതം ഉച്ചരിച്ചുകൊണ്ടും സ്വന്തം വീഴ്ചകളെല്ലാം അത് വിവരിച്ചുപറയും. "നീതിമാന്മാരെയല്ല, പ്രത്യുത പാപികളെ വിളിക്കാൻവന്ന" (മത്താ 9,13) അവിടുത്തെ പക്കൽ തന്റെ സാഹസികമായ ആത്മാർപണത്താൽ അങ്ങനെ കൂടുതൽ സ്വാധീനം പ്രാപിക്കാമെന്നും അവിടുത്തെ സ്നേഹം കൂടുതൽ സമ്പൂർണമായി പ്രാപിക്കാമെന്നുമാണ് എന്റെ വിശ്വാസം ...

ആരാദ്ധ്യനായ ദിവ്യസൂര്യൻ തന്റെ നിസ്സാരജീവിയുടെ ദയനീയകൂജനം ശ്രവിക്കയില്ലെങ്കിലോ, അവിടന്ന് ഒളിവിൽത്തന്നെ ഇരിക്കയാണെങ്കിലോ! ... ശരി, എന്നാൽ, ആ നിസ്സാരസൃഷ്ടി നനഞ്ഞുതന്നെയിരിക്കും. തണുപ്പിലിരുന്നു മരിക്കുവാൻ അതു സമ്മതിക്കും; താൻ അർഹിക്കുന്ന ക്ലേശം സഹിക്കുന്നതിൽ സന്തുഷ്ടി പ്രദർശിപ്പിക്കുകയും ചെയ്യും. ഓ ഈശോ! ... പക്ഷിക്കുഞ്ഞു ബലഹീനനും നിസ്സാരനുമായിരിക്കുന്നതിൽ ആനന്ദം കൊള്ളുന്നു. അതു വലുതായിരുന്നെങ്കിൽ അതിന് എന്തു സംഭവിക്കുമായിരുന്നു? ... അങ്ങയുടെ തിരുമുമ്പിൽ പ്രത്യക്ഷപ്പെടാനും ... അതൊരിക്കലും തുനിയുമായിരുന്നില്ല. ... ഗ്രസിക്കുന്ന ദിവ്യാഗ്നികുണ്ഡത്തിലേക്കു രാജാളികളെ പറന്നെടുക്കുന്ന മാലാഖമാരോടും പുണ്യവാന്മാരോടും അതിന് അസൂയ തോന്നുകയും അവരുടെ സഹായം അതപേക്ഷിക്കയും ചെയ്യുന്നു. ആ രാജാളികൾ തങ്ങളുടെ കുഞ്ഞുസഹോദരനോട് അനുകമ്പ തോന്നി അതിനെ വിഴുങ്ങാൻ വരുന്ന കഴുകന്മാരെ ആട്ടിപ്പായിച്ചുകളഞ്ഞ് അതിനു കാവൽ നില്ക്കുകയും ചെയ്യും. പിശാചുക്കളുടെ പ്രതിരൂപങ്ങളായ കഴുകന്മാരെ പക്ഷിക്കുഞ്ഞു ഭയപ്പെടുകയില്ല. അത് അവരുടെ ഇരയാകാനുള്ളതല്ല. പ്രത്യുത സ്നേഹസൂര്യന്റെ കേന്ദ്രത്തിൽ അതു ദർശിക്കുന്ന ദിവ്യരാജാളിയാണ് അതിനെ സ്വന്തം ഇരയാക്കേണ്ടിയിരിക്കുന്നത്.

> ഓ, ദൈവവചനമേ! ആരാദ്ധ്യരാജാളിയായ അങ്ങയെയാണ് ഞാൻ സ്നേഹിക്കുന്നത്! അങ്ങുതന്നെയാണ് എന്നെ ആകർഷിക്കുന്നതും! പരിശുദ്ധത്രിത്വമാകുന്ന ദിവ്യാഗ്നികുണ്ഡത്തിലേക്ക് ആത്മാക്കളെ ആകർഷിക്കുവാൻവേണ്ടി ഈ വിപ്രവാസദേശത്തേക്കിറങ്ങിവന്നു സഹിക്കുവാനും മരിക്കുവാനും തിരുമനസ്സായത് അങ്ങുതന്നെയാണല്ലോ. നിത്യകാലവും അങ്ങേ ആസ്ഥാനമായ ആ അപ്രാപ്യപ്രഭയിലേക്ക് ആരോഹണം ചെയ്തിട്ടും വെള്ളയോസ്തിയുടെ സാദൃശ്യത്തിനുള്ളിൽ മറഞ്ഞ് കണ്ണുനീരിന്റെ താഴ്‌വരയിൽ ഇപ്പോഴും അധിവസിക്കുന്നതും അങ്ങുതന്നെയാണല്ലോ. ... നിത്യനായ ദിവ്യരാജാളീ, അങ്ങേ ദിവ്യസത്തകൊണ്ടാണല്ലോ എനിക്കു പോഷണം നല്കുവാൻ അങ്ങു കനിയുന്നത്! അങ്ങേ തൃക്കടാക്ഷം ഓരോ നിമിഷവും എനിക്കു ജീവൻ നല്കാത്തപക്ഷം സാധുവായ ഈ അല്പ ജീവി ശൂന്യതയിലേക്കു വീണ്ടും പിന്തിരിയും. ...[11]

വിശുദ്ധ കൊച്ചുത്രേസ്യാപ്പുണ്യവതിയേ, എനിക്കുവേണ്ടി പ്രാർഥിക്കണമെ! യേശുവേ, നിന്റെ ചെറുപുഷ്പത്തിന്റെ വാക്കുകളുടെ വിവർത്തനമേ ഞാനെടുത്തിട്ടുള്ളു എന്നോർത്ത് എന്നോടു പൊറുക്കണമെ. എന്നെ പൗരോഹിത്യവിളിയിൽ ഇതുവരെയും നിലനിർത്തിയതിൽ അത്രയ്ക്കു കടപ്പാടുണ്ടെനിക്കു നിന്റെ ചെറുപുഷ്പത്തിനോട്.

---

[11] *ഉണ്ണിയീശോയുടെ വിശുദ്ധ കൊച്ചുത്രേസ്യാ. സ്വയംകൃതചരിതം.* മൂലലിഖിതങ്ങളുടെ വിവർത്തനം. വിവ: റവ.ഫാ. തോമസ് മൂത്തേടൻ, കാർമൽ ഹിൽ, തിരുവനന്തപുരം,1963, പുറം 233–235.

അധ്യായം

# 4

# ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 3

## യാമനമസ്കാരം

## വിശുദ്ധീകരണം കൗമായുടെ ആരംഭത്തിലെ ത്രൈശുദ്ധകീർത്തനത്തിൽ

കൗമായുടെ തുടക്കമായ ത്രിത്വസ്തുതിയെ തുടർന്നുള്ള സ്തുതിപ്പിൽ പരിശുദ്ധ ത്രിത്വൈകദൈവത്തെ ഒരു ത്രൈശുദ്ധകീർത്തനത്താൽ സഭ സ്തുതിക്കുന്നു: ''തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഉന്നതങ്ങളിൽ ഊശാന.''

ഈ സ്തുതിപ്പ് ഏശയ്യായ്ക്കു ദേവാലയത്തിലുണ്ടായ ദർശനവും അതിലെ ത്രൈശുദ്ധകീർത്തനവും സ്വാനുഭവമാക്കിയ സഭയുടേതാണ്. ദേവാലയാരാധനയുടെ സാഹചര്യത്തിലും സന്ദർഭത്തിലും ദേവാലയമാകെയും ഭൂമിയിലും കർത്താവിന്റെ അധികാരവും മഹത്ത്വവും നിറഞ്ഞിരിക്കുന്നതും സ്രോപ്പേമാലാഖമാർ കർത്താവിനെ മൂന്നു പ്രാവശ്യം ''പരിശുദ്ധൻ'' എന്നു പാടി ശുദ്ധീകരിക്കുന്നതും ഏശയ്യാ ദർശിച്ചു, ഈ ദർശനം ദർശകന്റെ വിശുദ്ധീകരണത്തിൽ ഫലവത്തായി.[1] ഏശ

[1] ഏശ 6,1–8

യ്യായുടെ സാക്ഷ്യത്തെ എസെ 1,5-10ൽ വിവരിച്ചിട്ടുള്ള ദർശനവും ചേർത്തു ക്രിസ്തീയസഭ ത്രൈശുദ്ധകീർത്തനം സമ്പുഷ്ടമാക്കി. അതിന്റെ ഏറ്റവും പുരാതന രൂപം വെളി 4,1-11ൽ ഉണ്ട്. പ്രത്യേകിച്ച്, വാക്യം 8ൽ. യോഹന്നാനുണ്ടായ വെളിപാടുകൾക്കു പ്രചോദകമായ അടിസ്ഥാന സംഭവം, അദ്ദേഹം പത്മോസ്ദ്വീപിലേക്കു നാടുകടത്തപ്പെടുന്നതിനുമുമ്പ് കർത്താവിന്റെ ദിവസം തന്റെ സഭയിൽ നേതൃത്വം നല്കിയിരുന്ന ആരാധനയിൽ ലഭിച്ചിരുന്ന സ്വർഗീയാനുഭൂതികളാണ്. ഏശയ്യായുടെ അനുഭൂതിയുടെ പരാവർത്തനം ആദിമക്രിസ്തീയ സഭയ്ക്കുണ്ടായതിന്റെ സാക്ഷ്യമാണ് വെളി 4,8ലേത്. എക്കാലത്തും സഭയുടെ അനുഭൂതി. ആവർത്തിക്കുന്തോറും ആവേശവും പുതുമയുമേറുന്ന അനുഭൂതി. ഏശ 6,1-8ലേത് ഏശയ്യാപ്രവാചകന്റെ അനുഭവസാക്ഷ്യമാണ്. ജറുസലേംദേവാലയത്തിലെ അനുഭവച്ചൂളയിൽനിന്ന് ഉയർന്ന സ്വർഗീയ ദർശനം. ഭൂമുഖമാകെ സർവാധികാരം വ്യാപിച്ചിട്ടുള്ള രാജാവായ കർത്താവിന് ഉചിതമായ ശുദ്ധസ്തുതി സ്രോപ്പേമാലാഖമാർ — അഗ്നിമയന്മാരായ മാലാഖമാർ — ഉയർത്തുന്നു: പരിശുദ്ധൻ, പരിശുദ്ധൻ, ... പരിശുദ്ധൻ.

### തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന...

മലങ്കരസഭയുടെ കർത്തൃസ്തുതിമന്ത്രം മുന്നേറുകയായി. ആകാശം — *ശ്മായോ.* ഈ സുറിയാനി വാക്ക് ആകാശത്തെയും സ്വർഗത്തെയും കുറിക്കുന്നു. ഏശയ്യാ ദേവാലയത്തിൽ ദർശിച്ചു: ഭൂമുഖമാകെ തന്റെ സർവാധികാരം വ്യാപിച്ചിട്ടുള്ള രാജാവായി കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു. ഈ ഉന്നതസിംഹാസനം ദേവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്തെ ഉയർന്ന ബലിപീഠമാണ്. സ്വർഗത്തിന്റെ പ്രതീകം. ദേവാലയത്തിൽ അതിവിശുദ്ധസ്ഥലത്തെ ഉന്നതസ്ഥാനത്ത് ബലിപീഠം കാണുമ്പോൾ ഏശയ്യാമാർ ദൈവത്തിന്റെ സിംഹാസനമായ സ്വർഗം/ആകാശം ദർശിക്കുന്നു. സ്വർഗം അവിടത്തെ സിംഹാസനവും ഭൂമി അവിടത്തെ പാദപീഠവും ആണല്ലോ.[2] ഭൂമി മുഴുവൻ അവന്റെ മഹത്ത്വം നിറഞ്ഞിരിക്കുന്നു.[3] ദേവാലയം സ്വർഗത്തെയും ആകാശത്തെയും ഭൂമിയെയും — കർത്താവിന്റെ സിംഹാസനത്തെയും അതിന്റെ പാദപീഠത്തെയും — ഉൾക്കൊണ്ടിരിക്കുന്നു.

*സിംഹാസനസ്ഥനായ കർത്താവിന്റെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞിരിക്കുന്നു.* ദേവാലയം നിറഞ്ഞിരിക്കുന്ന വസ്ത്രാ

[2] ഏശ 66,1 [3] ഏശ 6,3

ഞ്ചലം! ഏശയ്യായുടെ ഈ ദർശനത്തിനു രാജാക്കന്മാരുടെ മേലങ്കിയും പുരോഹിതൻ അതിവിശുദ്ധ സ്ഥലത്ത് കർത്താവിന്റെ സന്നിധിയിൽ ആയിരിക്കുമ്പോൾ ധരിച്ചിരുന്ന തൊങ്ങലുള്ള പുരോഹിതവസ്ത്രവും[4] വേദിയൊരുക്കി. ദൈവം കർത്താവും രാജാവുമാണ്. ''നീതിയിലും സത്യത്തിലും അവന്റെ സിംഹാസനം ഉറപ്പിച്ചിരിക്കുന്നു.''[5]

കർത്താവ് എന്നേക്കും രാജാവായി ഭരിക്കും.[6] വിമുക്തജനത്തിനു തീർച്ച. ഈ ജനത്തിനു കർത്താവാണ് ഏക മൗലിക രാജാവ്. ദൈവാധിദൈവമായ മഹാരാജാവ്.[7] ഭൗമിക രാജാക്കന്മാർ അവന്റെ പ്രതിനിധികൾ മാത്രം. അവരുടെ മേലങ്കി ഔന്നത്യത്തിന്റെ അടയാളമായിരുന്നു. ഇസ്രായേലിൽ രാജാവ് മതപരമായ ആചാരങ്ങൾക്കു നേതൃത്വം നല്കിയിരുന്നല്ലോ.[8]

പുരോഹിതവസ്ത്രം നീതിയുടെയും[9] രക്ഷയുടെയും[10] പ്രതീകമാണ്. പുരോഹിതവസ്ത്രത്തെക്കുറിച്ചുള്ള ഇപ്പറഞ്ഞ തിരുഗ്രന്ഥ-സഭാധാരണകൾ അനുസ്മരിച്ചുകൊണ്ടു കാപ്പ വാഴ്ത്തി ധരിക്കാനാണല്ലോ മലങ്കരസഭ പുരോഹിതന്മാരെ പരിശീലിപ്പിക്കുന്നത്: ''നിന്റെ പുരോഹിതന്മാർ നീതിയും, നിന്റെ നീതിമാന്മാർ മഹത്ത്വവും ധരിക്കും. ... നിന്റെ പുരോഹിതന്മാരെ രക്ഷയും നിന്റെ നീതിമാന്മാരെ മഹത്ത്വവും ധരിപ്പിക്കണമെ.''

നീതി — ദൈവത്തിന്റെ നീതിയും പുരോഹിതന്റെ നീതിയും. ദൈവത്തിന്റെ നീതി (ഹീബ്രു: *സദ്ദീഖ്*) സകല സൃഷ്ടിക്കും രക്ഷ നല്കുന്നതിലാണ്. അവിടുത്തെ നീതിയുടെ ഭാഗമാണല്ലോ അവിടത്തെ ന്യായം (ഹീബ്രു: *മിഷ്പാത്ത്*) — തന്റെ ജനത്തിനു രക്ഷ നല്കൽ.[11] ന്യായവിധിയും അവന്റെ നീതിയുടെ ഭാഗംതന്നെ. പുരോഹിതനായ എന്റെ നീതി ദൈവം നല്കുന്ന രക്ഷ ദൈവഹിതമനുസരിച്ച് അനുഭവിക്കുന്നതിലും, ആ രക്ഷ സകല സൃഷ്ടികളും, വിശേഷവിധിയായി ദൈവജനം, അനുഭവിക്കുന്നതിന് അവർക്കും ക്രിസ്തുവിനും ശുശ്രൂഷിക്കുന്നതിലുമാണ്. ദൈവത്തിന്റെ രക്ഷ അനുഭവിക്കുന്നത് ദൈവത്താൽ വിശുദ്ധീകരിക്കപ്പെടുകയാണ്. സൃഷ്ടികൾ, പ്രത്യേകിച്ച് ദൈവജനം, ദൈവത്തിന്റെ രക്ഷ അനുഭവിക്കാൻ ക്രിസ്തുവിനും അവർക്കും മദ്ധ്യസ്ഥനായി പുരോഹിതനായ ഞാൻ ശുശ്രൂഷിക്കുന്നു. ക്രിസ്തു മുഖാന്തരം വിശുദ്ധീകൃ

---

[4] പുറ 28,31-39;39,22-22 [5] സങ്കീ 89,14 [6] പുറ 15,18 [7] സങ്കീ 47,96-99 [8] ഉദാ: 1 സാമു 13,9-12; 2 ദിന 6,1-7,10 [9] ഏശ 11,5;61,10;സങ്കീ 132,9 [10] 2ദിന 6,41;സങ്കീ 132,16 [11] പേഴുംകാട്ടിൽ, ''ദിവ്യകാ രുണ്യം അഥവാ വിശുദ്ധ കുർബാന,'' 11.

തരാകാൻ സൃഷ്ടികൾക്ക്, വിശേഷിച്ച് ദൈവജനത്തിന്, ശുശ്രൂഷിക്കുന്നു. റോമിലെ വിശുദ്ധ ക്ലെമെന്റ് ഏശ 60,17 ഇപ്രകാരം വായിക്കുന്നുണ്ടല്ലോ: "അവരുടെ മെത്രാന്മാരെ നീതിയിലും അവരുടെ ഡീക്കന്മാരെ വിശ്വാസത്തിലും ഞാൻ സ്ഥാപിക്കും."[12]

നീതിമാനെ കർത്താവ് ധരിപ്പിക്കുന്ന മഹത്ത്വത്തിന്റെ അടയാളവുമാണ് പുരോഹിതവസ്ത്രം. ദേവാലയത്തിൽ നിറഞ്ഞിരുന്ന വസ്ത്രാഞ്ചലം ദേവാലയത്തിൽ നിറഞ്ഞിരുന്ന കർത്താവിന്റെ മഹത്ത്വത്തിന്റെ പ്രതീകവുമാണ്.[13] നീതിനിഷ്ഠരുടെ രക്ഷയ്ക്കെത്തിയ നിഷ്കളങ്കനും കിരീടധാരിയുമായ ദാസൻ രക്ഷിക്കുന്ന ലോകത്തിന്റെ അടയാളവുമാകാം വസ്ത്രാഞ്ചലമെന്നു ജ്ഞാനം ദർശിക്കുന്നു.[14]

കർത്താവിന്റെ നീതിയും മഹത്ത്വവും രക്ഷയും ലോകത്തെ മുഴുവൻ ആവരണം ചെയ്തിരിക്കുന്നത് ഏശയ്യാ ദേവാലയത്തിലായിരുന്നു ദർശിച്ചു. കർത്താവായ ദൈവമേ, അവിടത്തെ നീതിയുടെയും മഹത്ത്വത്തിന്റെയും (വിശുദ്ധിയുടെയും) രക്ഷയുടെയും ആവരണത്തിനുള്ളിലായിരുന്നുകൊണ്ടു നിന്റെ ആദ്യജാതന്റെ ബലി അർപ്പിക്കാനാണല്ലോ പുരോഹിതന്റെ മേൽവസ്ത്രം ധരിപ്പിച്ചുകൊണ്ട് സഭയിൽ നീ എന്നെ ഒരുക്കുന്നത്. സത്യം പറയട്ടെ, കാപ്പ ധരിക്കുമ്പോഴത്തെ പ്രാർഥന എന്നെ ഭയപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

പരിശുദ്ധനായ ദൈവം നീതിയിലൂടെ തന്റെ പരിശുദ്ധി വെളിപ്പെടുത്തുന്നു.[15] ഇസ്രായേലിന്റെ പരിശുദ്ധനാണ് രക്ഷകൻ.[16] ദൈവം രക്ഷയുടെ പ്രവൃത്തി ഉദാരമായും സ്വതന്ത്രമായും സർവസൃഷ്ടികൾക്കും വേണ്ടി നിർവഹിക്കുന്നതാണ് അവന്റെ നീതി. ദൈവത്തിന്റെ മഹത്ത്വം അവന്റെ വിശുദ്ധിയുടെ വെളിപ്പെടലാണ്. സ്വർഗത്തിലും പ്രപഞ്ചത്തിലാകെയും ത്രിത്വൈകദൈവംതമ്പുരാന്റെ വിശുദ്ധി നിറഞ്ഞിരിക്കുന്നെന്നു വെളിപ്പെട്ടിട്ടുണ്ട്. അവിടത്തെ മഹത്ത്വം സൃഷ്ടികളിൽ സ്ഥിതിചെയ്യുന്ന അവിടത്തെ വിശുദ്ധിയാണ്. അതു ദേവാലയത്തിൽ സവിശേഷം ദർശിക്കാം. ദർശനഭാഗ്യം ലഭിച്ച സഭ സ്രോപ്പേമാലാഖമാരോടു ചേർന്നു ദൈവംതമ്പുരാനെ *പരിശുദ്ധൻ* എന്ന് ആവർത്തിച്ചു സ്തുതിക്കുന്നു. സഭയുടെ ദർശനം ദാനം കിട്ടിയ ഞാനും സഭയോടും സ്രോപ്പേകളോടും ചേർന്ന് ഭാവിയിൽ എന്നേക്കും ഉയർത്താനുള്ള സ്തുതി ഉയർത്തട്ടെ.

[12]വി. ക്ലമെന്റ്, *കോറിന്തോസുകാർക്കെഴുതിയ ലേഖനം*, 42,5: ജി. ചേടിയത്ത് (വിവ), *സഭാപിതാക്കന്മാർ*, 14-51, 39. [13]2 ദിന 7,1-4 [14]ജ്ഞാനം 18,20-24
[15]ഏശ 15,16 [16]ഏശ 41,14

## “ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ”

ദൈവികവ്യക്തിത്വത്തിന്റെ പ്രവർത്തനക്കരുത്താണ് അവിടത്തെ ശക്തി. അതു സൃഷ്ടികളിൽ പ്രതിഫലിക്കുന്നതാണ് അവിടത്തെ ബലം.[17] സൃഷ്ടിക്കാനും സകലതിനെയും തന്റെ ആജ്ഞാനുവർത്തികളാക്കാനും രക്ഷിക്കാനുമുള്ള ദൈവശക്തി സൃഷ്ടിയിൽ വെളിപ്പെട്ടിരിക്കുന്നു. പ്രപഞ്ചനാഥനാണ് അവിടന്ന്.[18] എണ്ണിയാലൊടുങ്ങാത്ത സൃഷ്ടികളിലും അവയുടെ താളക്രമത്തിലും ദൈവംതമ്പുരാന്റെ ബലം വെളിപ്പെടുന്നു. അവിടന്ന് ശക്തനാണ് — ബലവാനാണ്. വിശുദ്ധിയും ശക്തിയും ദൈവികവ്യക്തിത്വത്തിൽ സദാ ഐക്യവർത്തികളല്ലോ.[19] സൃഷ്ടിയുടെ താളക്രമത്തിനു ഭംഗം വരുത്തുന്നതിനു കൂട്ടുനില്ക്കുന്ന എനിക്ക് എന്തവകാശമാണ് ‘‘ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ’’ എന്നു തൊണ്ണ തുറക്കാൻ?

അഗ്നിമയന്മാരുടെ അനവരതമായ ത്രൈശുദ്ധകീർത്തനത്തിന്റെ ശ്രവണം ഏശയ്യായുടെ അന്തരാത്മാവിൽ അഗ്നിയാളിച്ചു. സ്രോപ്പേ സ്തുതി ശ്രവിച്ചപ്പോൾ ഏശയ്യാ തന്റെയും തന്റെ സമൂഹത്തിന്റെയും പാപാവസ്ഥയോർത്തു വിലപിച്ചു; *എനിക്കു ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ, ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാണ്...*[20]

വിലപിക്കാൻ കാരണമുണ്ട്. ‘‘പരിശുദ്ധൻ’’ കറയോ കുറവോ ഇല്ലാത്തവനും, സൃഷ്ടപ്രപഞ്ചത്തിൽനിന്നു വ്യതിരക്തനും അതീതനുമാണ്.[21] ‘‘പരിശുദ്ധൻ’’എന്ന നാമം സത്യദൈവത്തെ സത്യദൈവമല്ലാത്തവയിൽനിന്നു വേർതിരിച്ചുകാണിക്കുന്നു.[22] ‘‘പരിശുദ്ധൻ’’ എന്നു മൂന്നു പ്രാവശ്യം ആവർത്തിക്കുന്നതുവഴി ദൈവമായ കർത്താവിനെ പരമ പരിശുദ്ധനായി, പരിശുദ്ധിയുടെ പൂർണതയായി പ്രകീർത്തിക്കുകയാണ്.[23] സ്രോപ്പേകൾ ‘‘പരിശുദ്ധൻ’’ എന്നു മൂന്നു പ്രാവശ്യം പറയുന്നതുവഴി ത്രിത്വൈകദൈവത്തിലെ മൂന്നാളുകളെ - പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും - കാണിക്കുന്നെന്ന് മോപ്സ്വേസ്തായിലെ തിയഡോർ വ്യാഖ്യാനിച്ചിട്ടുള്ളതും അന്ത്യോക്യൻ പാരമ്പര്യത്തിലുണ്ട്.[24] നമ്മുടെ സ്വരം സ്വർഗീയ സൈന്യങ്ങളുടേതുമായി കൂട്ടിച്ചേർക്കാനാണ്

---

[17] പേഴുംകാട്ടിൽ, ‘‘ദിവ്യകാരുണ്യം അഥവാ വിശുദ്ധ കുർബാന,’’ 11. [18] വെളി 4,8
[19] മുകളിൽ പുറം 64 [20] ഏശ 6,5 [21] 1 സാമു 2,2; ആമോ 4,2;ഹോസി 11,9;.ഹബ 1,12 [22] 1,4;5,19;10,17 [23] മൈക്കിൾ കാരിമറ്റം, *വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം*, തലശ്ശേരി, 1991,120. [24] തിയഡോർ, *മതാധ്യാപനപ്രസംഗങ്ങൾ*, 16,6 (വിവ: ജി ചേടിയത്ത്), കോട്ടയം, 1986, 250–251

സ്രോപ്പേന്മാരിൽനിന്നു നമുക്കു ലഭിച്ച ഈ സ്തുതിപ്പ് നാം ആലപിക്കുന്നതെന്നു ജറുസലേമിലെ സിറിലും ഓർപ്പിക്കുന്നു.[25] തിയഡോർ വശ്യമായി കൂടുതൽ വിശദീകരിക്കുന്നു:

> സന്നിഹിതരായ സകലരും ദൈവശുശ്രൂഷയ്ക്കായി അദൃശ്യസൈന്യങ്ങളോടൊപ്പം ഈ ദിവ്യസംഗീതം ഉച്ചത്തിൽ ആലപിക്കുന്നു. നാം അവരെ അനുസ്മരിക്കുകയും അവരെപ്പോലെ സ്തുതിക്കുകയും വേണം. ആകാശത്തിൽ കർത്താവിനെ എതിരേല്ക്കാൻ നാം മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കയും ചെയ്യും എന്ന ശ്ലൈഹികവചനമനുസരിച്ച് (1 തെസ 4,17) അദൃശ്യസൈന്യങ്ങളോടൊത്ത് ദൈവത്തെ ശുശ്രൂഷിക്കാനും അമർത്യരും അഴിവില്ലാത്തവരുമായിത്തീരാനും നമ്മുടെ കർത്താവിന്റെ വ്യാപാരം നമുക്കിടയാക്കി. ദൈവമക്കൾ ദൈവത്തിന്റെ മാലാഖമാരെപ്പോലെയാണ്. കാരണം, അവർ ഉത്ഥാനത്തിന്റെ സന്തതികളാണ് എന്ന നമ്മുടെ കർത്താവിന്റെ വചനം തീർത്തും ശരിതന്നെ (ലൂക്കാ 20,36).[26]

''നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം'' എന്നു പ്രാർഥിക്കണമെന്നുള്ള കർത്തൃകല്പന[27] നിറവേറ്റുന്നു എന്ന സന്തോഷവും നമുക്കുണ്ട്.

ദൈവം പരിശുദ്ധിയുടെ നിറവല്ലോ. പരിശുദ്ധിതന്നെ. അത് അവന്റെ കർത്തൃത്വം, രാജത്വം, നീതി, രക്ഷ, മഹത്ത്വം എന്നീ ഗുണവിശേഷങ്ങളിൽ സ്വർഗത്തിലും പ്രപഞ്ചം മുഴുവനും നിറഞ്ഞിരിക്കുന്നത് ദേവാലയത്തിൽ ഏശയ്യാ ദർശിച്ചു. സാന്ദ്രമായ ഈ കർത്തൃസാന്നിധ്യബോധത്തിന്റെ അഗ്നിപ്രകാശത്തിൽ ഏശയ്യായുടെ അന്തഃകരണത്തിൽ തന്റെയും തന്റെ സമൂഹത്തിന്റെയും അശുദ്ധാവസ്ഥയെക്കുറിച്ചുള്ള ബോധത്തിന്റെ ഉദയവും അനു-താപവും ഉച്ചാസ്ഥായിയിലെത്തി. ഏശയ്യാ വിലപിച്ചു: *എനിക്കു ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാണ്.* ഇസ്രായേലിന്റെ പരിശുദ്ധനാൽ വിശുദ്ധീകരിക്കപ്പെടാനുള്ള ആഗ്രഹവും അഭിനിവേശവും അതിതീവ്രമായി. ഏശയ്യായുടെ വിശുദ്ധീകരണത്തിനു വഴിയൊരുങ്ങി. *അപ്പോൾ സ്രോപ്പേകളിലൊന്ന് ബലിപീഠത്തിൽ നിന്നു കൊടിൽകൊണ്ടെടുത്ത ഒരു തീക്കനലുമായി എന്റെ അടുത്തേക്കു വന്നു. അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു: ഇതു നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിന്റെ മാലിന്യം നീക്കപ്പെട്ടു; നിന്റെ പാപം ക്ഷമി*

[25]ജറുസലേമിലെ സിറിൽ, *മതാധ്യാപനപ്രസംഗങ്ങൾ* (വിവ: ജി ചേടിയത്ത്), കോട്ടയം, 2000, 361 [26]തിയഡോർ, *മതാധ്യാപനപ്രസംഗങ്ങൾ*, 16,6, 251
[27]മത്താ 6,9; ലൂക്കാ 11,1

*ക്കപ്പെട്ടിരിക്കുന്നു.*[28] ഇസ്രായേലിന്റെ പരിശുദ്ധൻ ജ്വലിക്കുകയും ജ്വലിപ്പിച്ചു ശുദ്ധീകരിക്കുകയും ചെയ്യുന്ന അഗ്നിയാണ്. അശുദ്ധരെ ശുദ്ധീകരിക്കുന്ന പരിശുദ്ധിയാണ്.

ദൈവംതമ്പുരാന്റെ മഹത്ത്വം സൃഷ്ടികളിൽ സ്ഥിതിചെയ്യുന്ന അവന്റെ വിശുദ്ധിയായതിനാൽ അവന്റെ വിശുദ്ധിയിൽ സൃഷ്ടി ഭാഗഭാക്കാകുന്നതിന്റെ തോതനുനുസരിച്ച് അവന്റെ മഹത്ത്വം കണക്കാക്കപ്പെടുന്നു. അതായത്, സൃഷ്ടി വിശുദ്ധീകൃതമാകുന്നതനുസരിച്ചു ദൈവംതമ്പുരാനു മഹത്ത്വം ലഭിക്കുന്നു. ദൈവംതമ്പുരാനേ, അപ്പോൾ നിനക്കു മഹത്ത്വമുണ്ടാകാൻ, അശുദ്ധമാക്കപ്പെട്ട സൃഷ്ടിയായ ഞാനും വിശുദ്ധീകരിക്കപ്പെടണം! എന്റെ വിശുദ്ധീകരണം നിന്റെ മഹത്ത്വമാകുന്നു! സഭയുടെ ഏശയ്യായനുഭവം എനിക്കും നല്കണമെ. സ്രോപ്പേകൾ അഗ്നിമയരാണല്ലോ. ദൈവസന്നിധിയിൽ എരിയുന്നവർ. തങ്ങൾ ശുദ്ധീകരിക്കപ്പെടാൻവേണ്ടി കർത്താവിനെ പരിശുദ്ധൻ എന്നു പാടി ശുദ്ധീകരിക്കുന്നവരും അശുദ്ധബോധമുള്ളവരെ തീക്കനലാൽ ശുദ്ധീകരിക്കുന്നവരും. നിന്റെ ഈ ഭവനത്തിൽ, നിന്റെ തിരുസന്നിധിയിൽ, പറന്നുയർന്നു നിന്നെ *പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ* എന്നു സ്തുതിക്കാൻ, അങ്ങനെ ശുദ്ധീകരിക്കപ്പെടാൻ, എന്റെ ഹൃദയത്തിനു രണ്ട് അഗ്നിച്ചിറകുകൾ നല്കണമെ. നിന്റെ മഹത്ത്വത്തിന്റെ തേജസ്സിനുചിതമായ ഭക്ത്യാദരവുകളർപ്പിക്കുന്നതിന്റെ അടയാളമായി എന്റെ ഇരുണ്ട മുഖം മറയ്ക്കാൻ എന്റെ കൈകളെ അഗ്നിച്ചിറകുകളാക്കണമെ. നിന്റെ ജ്വാലയിൽ സൂക്ഷിച്ചുനോക്കി ദഹിച്ചുപോകാതിരിക്കാൻ ആരണ്ടു ചിറകുകൾകൊണ്ടു ഞാനെന്റെ മുഖം മറയ്ക്കട്ടെ.[29] ശോഭ നിറഞ്ഞ നിന്റെ മുഖം കാണേണ്ടെന്നു നീ മോശയോടും അരുൾചെയ്തിട്ടുണ്ടല്ലോ. ആദിയിൽത്തന്നെ അശുദ്ധമാക്കപ്പെട്ട എന്റെ നഗ്നത മറയ്ക്കാൻ എന്റെ കാലുകളെയും അഗ്നിച്ചിറകുകളാക്കണമെ.[30] *തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഉന്നതങ്ങളിൽ ഊശാന* എന്നുള്ള എന്റെ ബലഹീനമായ സ്തുതിയെ എന്നെ പൊതിയുന്ന അഗ്നിജ്വാലകളാക്കണമെ.

---

[28] ഏശ 6,6-7 [29] കർത്താവിന്റെ ജ്വാലയിൽ സൂക്ഷിച്ചുനോക്കുന്നതുകൊണ്ടു ദഹിച്ചുപോകാതിരിക്കാൻ സ്രോപ്പേകൾ മുഖം മൂടുന്നെന്നു സുറിയാനിസഭാവ്യാഖ്യാദനം: *മലങ്കര സുറിയാനി കത്തോലിക്കരുടെ യൽദാഗാനങ്ങൾ*, പരിഷ്കരിച്ച പതിപ്പ്, തിരുവല്ല, 42. [30] സ്രോപ്പേകൾ രണ്ടു ചിറകുകൾകൊണ്ടു പാദങ്ങൾ മൂടുന്നു (ഏശ 6,2). പാദങ്ങൾ ജനനേന്ദ്രിയത്തിന്റെ പര്യായോക്തിയാണ്.

അധ്യായം

# 5

# ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 4

## യാമനമസ്കാരം വിശുദ്ധീകരണം കൗമായിലെ ത്രൈശുദ്ധക്രിസ്തുസ്തവത്തിൽ

### ദൈവമേ, നീ പരിശുദ്ധനാകുന്നു...

കൗമായുടെ ആരംഭഭാഗത്തുതന്നെ ''ദൈവമേ നീ പരിശുദ്ധനാകുന്നു'' എന്നാരംഭിക്കുന്ന ത്രൈശുദ്ധക്രിസ്തുസ്തവം മൂന്നാവർത്തി പാടി ബലവാനും മരണരഹിതനും ക്രൂശിതനുമായ ദൈവത്തെ ശുദ്ധീകരിക്കുന്നു.[1] ഈ ശുദ്ധീകരണകീർത്തനം ഏശയ്യായുടെ ദർശനത്തിലെ ത്രൈശുദ്ധകീർത്തനം ക്രിസ്തുസ്തവമാക്കി വികസിപ്പിച്ചതാണല്ലോ. ആദിമ അന്ത്യോക്യാസഭ ദൈവപുത്രനായ യേശുക്രിസ്തുവിനെ ''പരിശുദ്ധൻ'' എന്ന നാമം വിളിച്ചു സ്തുതിച്ചിരുന്നതിന്റെ ആദ്യസാക്ഷ്യം ആദ്യാന്ത്യോക്യാസഭയിൽപ്പെട്ട ലൂക്കാ നല്കിയിട്ടുണ്ട്: *അവൻ പരിശുദ്ധൻ ... എന്നു വിളിക്കപ്പെടും*.[2] ഏശയ്യാദർശനത്തിൽ സ്രോപ്പേകളാൽ ''പരിശുദ്ധൻ'' എന്നു സ്തുതിക്കപ്പെട്ടു സിംഹാസനത്തിൽ ആരൂഢനായിരുന്നത് ദൈവപുത്രനായിരുന്നെന്നുള്ള ആദിസഭാദർശനം

---

[1]ഈ ത്രൈശുദ്ധക്രിസ്തുസ്തവം മോതിരത്തിൽ മുദ്ര എന്നതുപോലെ എല്ലാ പ്രാർഥനകളുടെയും ആരംഭത്തിലും അവസാനത്തിലുമുണ്ട് എന്ന് ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 26 സാക്ഷ്യപ്പെടുത്തുന്നു. [2]ലൂക്കാ 1,35

യോഹന്നാൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.[3] സ്രോപ്പേകൾ പാടിസ്തുതിച്ചത് ശരീരം ധരിക്കാനിരിക്കുന്ന പുത്രനെയാണെന്ന് ഏശയ്യായുടെ ദർശനം വിശദീകരിച്ചുകൊണ്ടു അലക്സാൻഡ്രിയായിലെ കൂറീലോസും വ്യാഖ്യാനിക്കുന്നു.[4] ഏശയ്യാദർശനത്തിലെ ത്രൈശുദ്ധകീർത്തനം ക്രിസ്തുസ്തവമാക്കി പരിശീലിച്ചിരുന്നു അന്ത്യോകൃയിലെ ആദിസഭയും. ഈ പാരമ്പര്യം പൈതൃകമായിത്തീർന്നിരുന്ന അന്ത്യോക്യൻ സുറിയാനി സഭയ്ക്ക്, ക്രൂശിതനായി മരിച്ച യേശുക്രിസ്തുവിന്റെ ദൈവത്വത്തിനും അമരത്വത്തിനും ഊന്നൽ നല്കേണ്ട സാഹചര്യമുണ്ടായപ്പോൾ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമെ" എന്ന അപേക്ഷകൂടി ചേർത്ത് ത്രൈശുദ്ധകീർത്തനത്തിന്റെ ക്രിസ്തോന്മുഖത രക്ഷാകരമായി ദൃഢപ്പെടുത്തി.[5] "ദൈവമേ, നി പരിശുദ്ധനാകുന്നു" എന്ന് യേശുമിശിഹായെ സ്തുതിച്ചുകൊണ്ട് അവനിലുള്ള നമ്മുടെ രക്ഷാകരമായ വിശ്വാസം ഏറ്റുപറയുന്നു: "വചനമായ ദൈവം ദൈവമെന്ന നില കൈവെടിയാതെ മനുഷ്യനായിത്തീർന്നു. മാറ്റം കൂടാതെ നമുക്കുവേണ്ടി മനുഷ്യനായതിനാൽ അവൻ ദൈവംതന്നെയെന്നു കാണിച്ചു. അതേപ്രതി നാം അവനു കൃതജ്ഞതയർപ്പിക്കുന്നു."[6] ദൈവമെന്ന നില കൈവെടിയാതെ നമുക്കുവേണ്ടി മനുഷ്യനായതിനാലാണല്ലോ അവൻ നമ്മുടെ വിശുദ്ധീകരണമായത്.

### ബലവാനേ, നി പരിശുദ്ധനാകുന്നു

"ബലവാനേ, നീ പരിശുദ്ധനാകുന്നു" എന്ന് യേശുമിശിഹായെ സ്തുതിക്കുമ്പോൾ *മനുഷ്യരുടേതിനെക്കാൾ ശക്തമായ ദൈവത്തിന്റെ ബലഹീനതയെ*[7] നാം സ്മരിക്കുന്നു. ശക്തൻ ബലഹീനനായി ബലവാനായി. "സ്വഭാവത്താലെ ബലവാനായ നീ ഞങ്ങളെപ്രതി ശരീരം ധരിക്കയും ബലഹീനനായി കാണപ്പെടുകയും ചെയ്തു."[8]

---

[3]യോഹ 12,40-41; ഈ ത്രൈശുദ്ധക്രിസ്തുസ്തവത്തിന്റെ ചരിത്രപാരമ്പര്യങ്ങളെക്കുറിച്ചു കൂടുതലറിയാൻ, *മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം*, 3-5; ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 26-29; ജി.ചേടിയത്ത്, സഭാപിതാക്കന്മാർ-II, 16 നമ്പർ 2; S.P.Brock, *Studies in Syriac Spirituality*, The Syrian Churches Series, vol. 13 (ed. Jacob Vellian) Poona, 1988, 21-29; വി. സി. സാമുവൽ, *സ്വാനുഭവവേദിയിൽ*, കോട്ടയം, 1996, 149-150 [4]ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 29; Cyril of Alexandria, in Migne, *Patrologia Greca*, 70 col.172ff. (കൊളോ 2,11-15). [5]അതിനാലായിരിക്കണമല്ലോ ഈ സ്തുതിത്രയക്രിസ്തുസ്തവം സഭയിൽ നടപ്പാക്കിയതെന്നു മോശെ ബർകേഫാ പറഞ്ഞിട്ടുള്ളത്; *മോശെ ബർകേഫായുടെ കൂദാശാഭാഷ്യം*, 5. [6]*മോശെ ബർകേഫായുടെ കൂദാശാഭാഷ്യം*, 6. [7]1 കോറി 1,25 [8]*ഡയനീഷ്യസ് ബർസലീബി ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 27-28

> നമുക്കുവേണ്ടി ശരീരിയായിത്തീരുകയും, പീഡ സഹിക്കയും അടികളും ചമ്മട്ടികളും ഏല്ക്കയും കുരിശു സ്വീകരിക്കയും ചെയ്ത വചന മായ ദൈവം ഈ ബലഹീനതയിൽ രണ്ടു രീതിയിൽ ബലവാനായി കാണപ്പെട്ടു: സഹനാതീതനായി നിലകൊണ്ടതുവഴിയും, ശപിക്ക പ്പെട്ട സാത്താനെ ബന്ധിച്ച് നമ്മെ സ്വേച്ഛാധിപതിയുടെ ആധിപത്യ ത്തിൽ നിന്നു വിടുവിച്ച തുവഴിയും. പൗലോസ് പറയുന്നു: 'തന്റെ ശരീര ത്തിന്റെ ഉരിയലാൽ അവൻ അധികാരികളെയും അന്തരീക്ഷശക്തി കളെയും ലജ്ജിപ്പിച്ചു' ...
>
> ... മാറ്റംകൂടാതെ മനുഷ്യനായിത്തീർന്നതിനാലും, സഹിക്കാനും ക്രൂശി ക്കപ്പെടാനും മരിക്കാനും തനിക്കു കഴിഞ്ഞതിനാലും അവൻ ബലവാനാ ണ്. ''ബലവാനേ, നീ പരിശുദ്ധനാകുന്നു''എന്നു പറഞ്ഞ് അവനെ വിശുദ്ധീകരിച്ചുകൊണ്ട് നാം കൃതജ്ഞത സമർപ്പിക്കുന്നു.[9]

ദൈവംതന്നെയായ ദൈവപുത്രൻ മനുഷ്യശരീരമെടുത്തു ബലഹീ നനായിത്തീർന്നുകൊണ്ടു ബലവാനായതിനാൽ നമ്മുടെ വിശുദ്ധീക രണമായി. യേശുവേ, നീ പാപത്തിന്റെ അടിമത്തത്തിൽനിന്നു ഞങ്ങളെ രക്ഷിച്ചതിനാൽ നീ ബലവാനാകുന്നു.[10] ബലവാനായവന്റെ ബലഹീന തയാൽ മറയ്ക്കപ്പെട്ട എന്റെ കണ്ണുകളാൽ അവനെ ദർശിച്ചുകൊണ്ട് അവന് സ്രോപ്പേകളോടും വിശുദ്ധരോടും ചേർന്ന് *പരിശുദ്ധൻ* എന്ന സ്തുതിപ്പ് എനിക്കാവുന്നത്ര ഞാനാവർത്തിക്കട്ടെ. അവന്റെ സന്നിധി യിൽ പറന്നുനില്ക്കുന്ന സ്രോപ്പേകളുടെ അഗ്നിച്ചിറകുകൾ എന്റെ നേർക്കു വീശിയണയ്ക്കുന്ന ജ്വാലയാൽ ഞാനും വിശുദ്ധീകരിക്കപ്പെ ടുമല്ലോ. നീ പരിശുദ്ധൻ എന്ന് എനിക്കും സ്തുതിക്കാമല്ലോ.

## മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു

ഇപ്രകാരം നാം യേശുക്രിസ്തുവിനെ പ്രകീർത്തിക്കുമ്പോൾ, ''വചനം ശരീരത്തിൽ മരണത്തോടു ബന്ധപ്പെട്ടെങ്കിലും ദൈവം എന്ന നിലയിൽ അമർത്യനായി നിലനിന്നു എന്നു നാം പ്രഖ്യാപിക്കുന്നു.''[11] മരണമില്ലാത്തവനേ, നീ മർത്യരായ ഞങ്ങളുടെ മർത്യതയെടുത്തു മരി ക്കാൻ തിരുമനസ്സായത് മർത്യരായ ഞങ്ങളെ നിന്നോടുകൂടെ ജീവി പ്പിക്കാനാണല്ലോ.[12] അതിനാണല്ലോ മരണത്തിന്റെ സ്ഥിരീകരണമായ പാതാളത്തിലേക്കു നീ പ്രവേശിച്ചത്. ബന്ധിതരുടെ കൊത്തളമല്ലോ

[9] *മോശെ ബർകേഫായുടെ കൂദാശാഭാഷ്യം*, 6-7. [10] *ശ്ഹീമൊ*, ശുബഹോ ഭാഗം, ചൊവ്വാ,രാത്രി എനിയോനൊ [11] ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 29. [12] ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 28.

പാതാളം. നീ അവിടം സന്ദർശിച്ചു ബന്ധിതരെ മോചിപ്പിച്ചു. പാതാളം — അതു മരിച്ചവരുടെ ഇടമല്ലേ? അശുദ്ധിയുടെ സ്ഥാനം. നീ കടന്നു ചെന്ന് അവിടം വിശുദ്ധീകരിച്ചു. മരിച്ചവവരുടെയിടിൽ ചെന്ന് അവരോടു നീ സുവിശേഷം പ്രസംഗിച്ചു.[13] അവരെ നിന്നോടൊത്ത് ഉയിർപ്പിച്ചു കൊണ്ട് നീ ഉയിർത്തെഴുന്നേറ്റു. നീ ജീവിക്കുന്നവനായി. പാതാളസ്ഥരും ജീവിക്കുന്നവരായി. അശുദ്ധിയുടെ മേഖല സന്ദർശിച്ച് അവിടത്തെ വാസികളെ വിശുദ്ധീകരിച്ച് അവരെയും കൂട്ടി നീ വിണ്ണിന്റെ വിശുദ്ധി യിലേക്കുയർന്നു ജീവിക്കുന്നവനായി! ഇഹത്തിൽ മർത്യനായി ജീവി ക്കുന്ന എനിക്ക് ഉയിർപ്പിന്റെയും അമരത്വത്തിന്റെയും അച്ചാരം നല്കി.[14] നിനക്കിനിയും മരണത്തിന്റെ രാജ്യത്തേക്കു പ്രവേശനം വേണ്ടല്ലോ.

''മരണമില്ലാത്തവനേ'' എന്നു വിളിച്ചപേക്ഷിച്ചുടനെതന്നെ അവനെ ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ'' എന്നു വിളിച്ചപേക്ഷിക്കുന്നു! എന്തൊരു വിരോധാഭാസം! പക്ഷേ, വിശ്വാസികൾക്കല്ല. എന്തെന്നാൽ, അവർ വിളിച്ചപേക്ഷിക്കുന്നത്, ''ജീവിക്കെ മരിച്ചോൻ മൃതിയിൽ ജീവി പ്പോൻ, മാനുഷസുതതുല്യൻ ദൈവം താനുമവൻ''[15] ആയിരിക്കുന്നവ നെയാണ്.

മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.'' നീ പാതാളത്തിന്റെ അശുദ്ധിയിൽനിന്ന് എന്നെയെടുത്ത് യോർദാനിൽ കഴുകി വിശുദ്ധീ കരിച്ചു. നിന്റെ വിശുദ്ധിയും പുത്രത്വവും നിന്റെ ഉയിർപ്പിലും അമരത്വ ത്തിലും അച്ചാരവും നല്കി. ഞാൻ വീണ്ടും സോദോം-ഗോമോറാ യിൽ നീന്തിത്തുടിച്ചു. അവസാനം നിനിവേയിലെത്തി. അവിടെയെയിതാ യോനായും സ്നാപകനും യോനായെക്കാൾ വലിയവനും. യൂദയായിലെ മരുഭൂമിയിലെ യോഹന്നാൻ എന്തിന് നിനിവേയിൽ വന്നു? മൂവരും ഒരേ കാര്യം  അലറിവിളിക്കുന്നു: ജീവന്റെ വഴിയൊരുക്കുവിൻ; അതിന്റെ പാതകൾ നേരെയാക്കുവിൻ. ജീവന്റെ നായകനെ സ്തുതിക്കുവിൻ. ഞാൻ ശബ്ദമുയർത്തി ഉദ്ഘോഷിക്കട്ടെ: ''മരണമില്ലാത്തവനേ, നീ പരി ശുദ്ധനാകുന്നു.'' എന്തെന്നാൽ, ''വചനം ശരീരത്തോടു മരണത്തിൽ ബന്ധ പ്പെട്ടെങ്കിലും ദൈവം എന്ന നിലയിൽ അമർത്യനായി നിലനിന്നു.''[16]

### ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യ ണമെ.'' ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ'' എന്നു വിളിക്കുന്നതു

[13] 1 പത്രോ 4,6 [14] *മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം*, 7.

[15] *ശ്ഹീമൊ*, വെള്ളി രാത്രി ഒന്നാം കൗമാ, എക്ബൊ'' [16] ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 29.

വഴി നാം ക്രിസ്തുവിനു നന്ദിയർപ്പിക്കുന്നു. കാരണം, അവൻ നമുക്കു വേണ്ടി കുരിശുമരണത്തോളം തന്റെ ശരീരത്തിൽ പീഡയേല്ക്കുകയും നമ്മോടു കരുണ കാണിക്കയും നമ്മെ രക്ഷിക്കയും ചെയ്തു.[17] ചിലർക്ക് ഇടർച്ചയും മറ്റു ചിലർക്കു ഭോഷത്വവുമായ ക്രൂശിതനായ ക്രിസ്തു ദൈവത്തിന്റെ ശക്തിയും ജ്ഞാനവും, വിശ്വാസികളായ നമുക്കു ജ്ഞാനവും നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പുമാണ്.[18] നമ്മോടു കരുണ ചെയ്യുന്ന കർത്താവായ അവനിൽ നാം അഭിമാനിച്ചാശ്രയിച്ചു കരുണ യാചിക്കുന്നു.[19]

"ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ" എന്നു നാം വിളിക്കുന്നത് *നമുക്കുവേണ്ടി സഹനങ്ങളെല്ലാം സ്വീകരിക്കുകയും കുരിശുമരണത്തോളം സ്വയം സമർപ്പിക്കുകയും ചെയ്തവനും*[20] നാമും തമ്മിലുള്ള ഗാഢമായ രക്ഷാകരബന്ധം അതിവിശിഷ്ടമായി ആസ്വദിച്ചുകൊണ്ടാണല്ലോ. അപ്പോൾ എന്റെ മുമ്പിൽ എനിക്കുവേണ്ടി ക്രൂശിക്കപ്പെട്ടവൻ മാത്രം. പൗരസ്ത്യസഭാംഗമായ ഞാൻ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യണമേ" എന്നു കരഞ്ഞപേക്ഷിക്കുമ്പോൾ ക്രിസ്തുവാകുന്ന ദിവ്യരഹസ്യത്തിൽ വിശ്വസിക്കുന്ന എല്ലാവരോടും ഐക്യപ്പെടുകയും, അവരെ ഒന്നിപ്പിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസം സമൂഹത്തെക്കൊണ്ട് ഏറ്റുപറയിക്കുകയുമാണല്ലോ.[21]

"ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവൻ" സഹിച്ചു മഹത്ത്വത്തിലേക്കു പ്രവേശിച്ചവനാണ്.[22] സഹിച്ചവനും മരിച്ചവനും അടക്കപ്പെട്ടവനും ഉത്ഥിതനും സ്വർഗാരോഹിതനും പുനരാഗമിക്കുന്നവനുമാണ്. "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ," നീ *ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടപ്പോൾ എല്ലാവരെയും നിന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്ന "ഞാൻ ആയിരിക്കുന്നവൻ" ആണല്ലോ.*[23] "ഞാൻ ആയിരിക്കുന്നവൻ" ദൈവമല്ലോ. ഈ ദൈവനാമം മനുഷ്യർക്ക് ആദ്യമായി വെളിപ്പെട്ടത് സീനായിലെ കത്തുന്ന മുൾപ്പടർപ്പിലല്ലോ. അതേ നാമം ഇതാ, *കുരിശിന്മേൽ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടവന്*. സീനായ്മലയിലെ കത്തിജ്വലിക്കുന്ന മുൾപ്പടർപ്പ് സ്ലീബായായി രൂപാന്തരപ്പെട്ടിരിക്കുന്നു. "*ഞാൻ ആയിരിക്കുന്നവനും*" യേശുവിന്റെ കുരിശും അഭേദ്യമായി ഒന്നായിരിക്കുന്നു.[24]

---

[17] ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 29. [18] 1 കോറി 1,16-30 [19] ജറെ 9,24; 1കോറി 1,31 [20] *മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം*, 7; ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 29. [21] ഡോമിനിക് സഖറിയാ, "മലങ്കര ലിറ്റർജിയുടെ നവീകരണം," *ഐക്യദീപം* 1981 നവംബർ, പുന:പ്രസാധനം സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ-പീറ്റർ സി ഏബ്രഹാം, *ദൈവശാസ്ത്ര പഠനങ്ങൾ*, ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, 2001, 377-378 [22] ലൂക്കാ 24,26 [23] യോഹ 8,28 [24] *കൃംതാപ്രാർഥനക്രമം*, ആറാം മണിയുടെ പ്രാർഥന, കോലൊ 1 + Joseph Ratzinger, *Jesus of Nazareth* - I, 349

"*ഞാൻ ആയിരിക്കുന്നവൻ*" സ്ലീബാ ആയിരിക്കുന്നു! അതിൽ ഉയർത്തപ്പെട്ടവൻ ദൈവത്തോട് ഒന്നായിരിക്കുന്നവനാണല്ലോ. അവൻ ദൈവമായ പുത്രൻതന്നെ. അതേ, ദൈവത്തിന്റെ ഏകജാതൻതന്നെ. ദൈവം ലോകത്തെ അളവറ്റു സ്നേഹിച്ചുകൊണ്ട് അതിനുവേണ്ടി നല്കിയ തന്റെ ഏകജാതൻ. ദൈവത്തിനു ലോകത്തോടുള്ള സ്നേഹത്തിന്റെ അത്യുന്നതിയും അത്യഗാധതയും കുരിശിൽ! ലോകത്തിലായിരിക്കുന്ന *തന്റെ സ്വന്തമായവരെ* "അവസാനത്തോളം"[25] *സ്നേഹിച്ച* പുത്രന്റെ സ്നേഹത്തിന്റെ പാരമ്യവും ആഴവും! യേശുവേ, കുരിശിൽ ഉയർത്തപ്പെടാനിരുന്ന നീ പറഞ്ഞു: *ഞാനും പിതാവും ഒന്നാകുന്നു*. ഈ രഹസ്യം ഏറ്റവും സ്പഷ്ടമായി ഇതാ, ലോകത്തിന്റെ ചരിത്രത്തിൽ ക്രൂശിതനായ നിന്നിൽ നിന്റെ ആരാധകർക്കു വെളിപ്പെടുത്തിത്തന്നല്ലോ. യേശുവേ, നീ ദൈവംതന്നെയാണെന്ന്, *ഞാൻ ആയിരിക്കുന്നവൻ* ആണെന്ന് ക്രൂശിതനായി, കുരിശിൽ, വെളിപ്പെടുത്തിയതിനാൽ നിനക്കു സ്തുതി.

ഈ മഹത്സത്യം അറിയാനും അംഗീകരിക്കാനും പാപികളായ ഞങ്ങൾക്കു കൃപ നല്കിയതിനാൽ നിനക്കു സ്തുതി.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, .... മനുഷ്യനായിത്തീർന്ന നിന്നിൽ ദൈവത്തിന്റെ അന്യൂനവും പരിപൂർണവുമായ ഛായ കാണാൻ അടിയങ്ങളെ അനുഗ്രഹിക്കാൻ കരുണയായല്ലോ. ക്രൂശിതനായ മിശിഹായേ, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമെ എന്നു ഞങ്ങൾ നിന്നെ വിളിച്ചു കരഞ്ഞപേക്ഷിക്കുമ്പോൾ, സകല കപട ദൈവരൂപങ്ങളുടെയും ഉച്ചസ്ഥായിയിലുള്ള നിരാസ,നിഷേധങ്ങൾ നിന്നിലാണെന്ന്[26] ഏറ്റുപാടാനും സത്യദൈവം ഞങ്ങളെ കനിഞ്ഞനുഗ്രഹിക്കുകയാണല്ലോ!

ദൈവത്തിന്റെ നാമം *ഞാൻ ആയിരിക്കുന്നവൻ ആകുന്നു* എന്നാണെന്ന് മനുഷ്യർക്ക് ആദ്യമായി ദൈവം വെളിപ്പെടുത്തിയ സീനായ് മല വിശുദ്ധി കത്തിജ്വലിച്ചിടം ആണല്ലോ. അവിടെ മോശയുടെ വിശുദ്ധീകരണം ആരംഭിച്ചു. കാലിൽനിന്നു ചെരുപ്പ് അഴിച്ചുമാറ്റൽ ആരംഭിച്ചു. ഓ, ദൈവമേ, നീ പ്രപഞ്ചത്തിൽ നിറവേറ്റിയിട്ടുള്ള വിശുദ്ധീകരണപ്രവൃത്തികളുടെ പാരമ്യമാണല്ലോ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവൻ." അവന്റെ ഇടമായ ഗൊല്ഗോഥായിൽ കത്തിജ്വലിക്കുന്നതു സ്നേഹത്തീയല്ലോ. ഞാനിപ്പോൾ നില്ക്കുന്നത് ദൈവം സ്നേഹമാകുന്നു എന്ന് ഏറ്റവും സ്പഷ്ടമായി വെളിപ്പെടുത്തപ്പെട്ടിടത്താണല്ലോ.[27]

---

[25]യോഹ 13,1 [26]പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ, *പ്രത്യാശയിൽ രക്ഷ*, നമ്പർ 43നോടു കടപ്പാട് [27]Joseph Ratzinger, *Jesus of Nazareth* - I, 348-349.

ലോകപാപമേറ്റ ദൈവത്തിന്റെ കുഞ്ഞാടേ, നീ കൊല്ലപ്പെട്ടവനായി സ്വർഗത്തിൽ നില്ക്കുന്നു! നീയങ്ങനെ നിത്യം നില്ക്കും — എന്തെന്നാൽ, നീ മരിച്ചവരിൽനിന്നും കൊല്ലപ്പെട്ടവരിൽനിന്നും ഉയിർത്തെഴുന്നറ്റവനും ഉയിർത്തെഴുന്നേല്പിക്കുന്നവനുമല്ലോ. നീ ഞങ്ങളുടെ പ്രത്യാശയാകുന്നു. നീ ഞങ്ങൾക്കു പ്രത്യാശയുടെ ദൈവത്തിന്റെ ഉറപ്പായ സാക്ഷ്യമാകുന്നു; നീതിയെ കരുണകൊണ്ടലങ്കരിക്കുന്ന ദൈവത്തിന്റെ സാക്ഷ്യമാകുന്നു. ഞങ്ങളോടു കരുണചെയ്യണമെ! ഞങ്ങളുടെ പാപങ്ങൾ മോചിച്ചു ഞങ്ങളെ വിശുദ്ധീകരിക്കണമെ.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, *എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ ഉപേക്ഷിച്ചതെന്ത്* എന്ന നിന്റെ വിലാപം ഞങ്ങൾ കേൾക്കുന്നു. ദൈവംപോലും ഉപേക്ഷിച്ചെന്നു ചിലപ്പോഴെല്ലാം വിലപിച്ചുപോകുന്ന ഞങ്ങളുടെ ഉപേക്ഷിതാവസ്ഥ ഏറ്റെടുക്കുന്ന നിന്നെ ഞങ്ങൾ കാണുന്നു. ഞങ്ങളുടെ സഹനങ്ങളിൽ ഞങ്ങളോടുകൂടെയായിരിക്കുന്ന ദൈവത്തിന്റെ യഥാർഥ തിരുമുഖം നിന്നിൽ ഞങ്ങൾ കാണുന്നു. ദൈവംപോലും ഉപേക്ഷിച്ചെന്നു നിലവിളിക്കുന്ന നീതിനിഷ്ഠരുടെ ഉപേക്ഷിതാവസ്ഥയിൽ നീ അവർക്കു കൃത്യമായ ദിശയും പ്രഭാപൂരിതമായ പൂർണപ്രകാശവും തെളിയുന്ന പ്രത്യാശാഗോപുരമാകുന്നു. സഹനങ്ങളുടെ നിലയില്ലാത്ത നീലക്കയങ്ങളുടെ കറുത്ത ചുഴികൾ ഞങ്ങളെ ചുരുട്ടിയാടുമ്പോൾ, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ ഞങ്ങളുടെ പ്രത്യാശയുടെ ഉറച്ച പാറയാകുന്നു. ഞങ്ങൾക്കുറപ്പാകുന്നു, സഹനത്തിനൊറുതിയുണ്ട്; സഹനത്തിനുപരിയൊരു മഹത്ത്വമുണ്ട്; ധാരണയിലൊതുങ്ങാത്ത നീതിയുണ്ട്: നീതിനിഷ്ഠനായ ദൈവം തീർച്ചയായുമുണ്ട്; ദൈവം നീതിയാകുന്നു; നീതി സൃഷ്ടിക്കുകയും ചെയ്യുന്നു;[28] മരണത്തിലുയിർപ്പുണ്ട്; നിന്റെ ദൈവമാണ് ഞങ്ങളുടെ പ്രത്യാശ.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ക്രൂശിതനായ നീ ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ തിരുസമയത്ത് ഞങ്ങളുടെ പ്രിയ രാജ്യമായ ഇന്ത്യയിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും നിന്റെ നാമത്തെപ്രതി 'ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്ന' നിന്റെ ശിഷ്യരെ, നിന്റെയും ഞങ്ങളുടെയും സഹോദരങ്ങളെ, നിന്നിൽ ഞങ്ങൾ കാണുന്നു; അവരിലെല്ലാം നിന്നെക്കാണാനും, അവരെയെല്ലാം പ്രത്യാശയുടെ അടയാളങ്ങളായി കാണാനും നീ ഞങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു.

---

[28] പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പായുടെ *പ്രത്യാശയിൽ രക്ഷ* എന്ന ചാക്രികലേഖനത്തോടു (2007 നവംബർ30) കടപ്പാട്

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, സുവിശേഷമായ നിന്നെ പ്രതിയോ ഞങ്ങളുടെ സാധാരണ ജീവിതത്തിലെ അനുഭവങ്ങളിലോ ഞങ്ങൾ ക്രൂശിക്കപ്പെടുമ്പോൾ, ഞങ്ങളുടെ കുറ്റംകൊണ്ടോ കുറ്റമാരോപിക്കപ്പെട്ടോ ഞങ്ങൾ ക്രൂശിക്കപ്പെടുമ്പോൾ, 'പ്രത്യാശയുടെ അടയാളങ്ങളായിരിക്കാൻ ക്രൈസ്തവരായ'[29] ഞങ്ങളെ ശക്തീകരിക്കുന്ന പ്രത്യാശയാകുന്നു നീ. അനുദിന ജീവിതത്തിലെ സാധാരണവും അസാധാരണവുമായ സഹനങ്ങളുടെയിടയിലും നിന്റെ നാമധാരികളായ ഞങ്ങൾ 'പ്രത്യാശയുടെ അടയാളങ്ങളായിരിക്കാൻ' ഞങ്ങളോടു കരുണ ചെയ്യണമെ! ബലവാനായ ക്രൂശിതനേ, നിന്റെ കുരിശിന്റെ രുചിയേതുമാസ്വദിക്കാൻ ഞങ്ങളെ ബലപ്പെടുത്തണമെ!

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ''അതിശക്തമായതിന്റെ അതിജീവനം ... നിയമ''മാക്കിയിരിക്കുന്ന ഇന്നത്തെ ''കൊല്ലുന്ന സാമ്പത്തിക വ്യവസ്ഥ''യിൽ 'നഗരത്തിന്റെ പുറമ്പോക്കുകളിലേക്കു' തള്ളിക്കൊണ്ടുപോകപ്പെടുന്ന മനുഷ്യസമൂഹങ്ങളിലെ ഞങ്ങളുടെ സഹോദരങ്ങൾക്കും, ഉപയോഗിച്ചശേഷം ഉച്ഛിഷ്ടങ്ങളായി വലിച്ചറിയപ്പെടുന്ന എല്ലാവർക്കും[30] അതിജീവനത്തിന്റെ ശക്തിസ്രോതസല്ലോ നീ! സ്വശിഷ്യന്റെ കൈക്കൂലിപ്പറ്റാൽ കുരിശിലേക്കു വഴിയൊരുക്കപ്പെട്ട ക്രൂശിതനേ, കൈക്കൂലിയാൽ ക്രൂശിക്കപ്പെടുന്നവർക്കും കൈക്കൂലി കൊടുക്കാനില്ലാഞ്ഞു ക്രൂശിക്കപ്പെടുന്നവർക്കും ''വാസ്തവത്തിൽ നീതിനിഷ്ഠനായിരുന്ന''[31] നീ നിത്യനീതിയുടെ സുനുശ്ചിത പ്രത്യാശയായി ഉയർത്തപ്പെട്ടിരിക്കുന്നുവല്ലോ! ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ''തിന്മയുടെ കടന്നാക്രമണങ്ങൾക്കെതിരെ ശക്തമായ സൗമ്യതയോടുകൂടി ഞങ്ങൾ സംവഹിക്കേണ്ട വിജയപതാകയേ,'' നീ ഞങ്ങളുടെ നിത്യമായ വിജയമല്ലോ; ''ക്രൈസ്തവവിജയം''! ...[32] ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങൾക്കുവേണ്ടി കുരിശിൽ സ്വരക്തത്തിന്റെ അവസാനത്തുള്ളിയും ചിന്തിയ നീ ഞാനെന്ന വ്യക്തിയെയും മനുഷ്യമഹാസമൂഹത്തിലെ എന്റെ ഓരോ സഹോദരവ്യക്തിയെയും മഹത്ത്വവത്കരിക്കുന്ന സീമാതീതമായ സ്നേഹത്തിന്റെ സ്ഥിരപ്രതിഷ്ഠിതമായ പ്രതീകമല്ലോ![33]

---

[29]പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, *സുവിശേഷത്തിന്റെ ആനന്ദം*, നമ്പർ 86 [30]പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, *സുവിശേഷത്തിന്റെ ആനന്ദം*, നമ്പർ 53നോടു കടപ്പാട്
[31]ലൂക്കാ 23,47 [32]പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, *സുവിശേഷത്തിന്റെ ആനന്ദം*, നമ്പർ 85നോടു കടപ്പാട് [33]പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, *സുവിശേഷത്തിന്റെ ആനന്ദം*, നമ്പർ 178നോടു കടപ്പാട്

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങൾക്കുവേണ്ടി ക്രൂശിതനാകാൻ കാണിച്ച ആ മഹാസ്നേഹക്കരുണ ഇപ്പോഴും ഞങ്ങളുടെ മേൽ ഒഴുക്കണമെ. ക്രൂശിതനായ ദൈവം എന്റെ വിശുദ്ധീകരണമാകുന്നു എന്നു വിശ്വാസപ്രഖ്യാപനം നടത്തിക്കൊണ്ട് നിന്നാൽ വിശുദ്ധീകൃതനാകാൻ ഞാനിതാ എന്നെ നിന്നോടു ചേർത്തപേക്ഷിക്കുന്നു: ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമെ.'' ഞങ്ങൾക്കുവേണ്ടി ക്രൂശിതനാകാൻ ബലഹീനനായവനേ, ഞങ്ങൾക്കുവേണ്ടി ക്രൂശിതനായ ബലവാനേ, നിന്റെ ദൈവികമായ ക്രൂശിതശക്തിയാലും കരുണയാലും എന്നേക്കും പിടിച്ചടക്കപ്പെട്ടിരിക്കാൻ ഈ ബലഹീനയായ ആത്മാവ് അതിയായി ആഗ്രഹിക്കുന്നു.

ത്രൈശുദ്ധസ്തുതിപ്പ് ആവർത്തിച്ചുകൊണ്ട്, *ശരീരത്തെ കുരിശിൽ തറച്ചതിന്റെ ആഘോഷം നാം നടത്തുന്നു. ആ ആഘോഷത്തെക്കാൾ ദൈവത്തിനു പ്രീതികരമായ മറ്റൊരാഘോഷവുമില്ല.*[34]

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,''നിന്നെ നോക്കി ''ഞങ്ങളോടു കരുണ ചെയ്യണമെ.'' എന്നപേക്ഷിക്കാൻ എനിക്കു ധൈര്യമേകുന്നത്, നീ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനാകുന്നു എന്നതുതന്നെ. നീ ദൈവവും ബലവാനും മരണമില്ലാത്തവും ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനുമാകുന്നു. പോരാഞ്ഞ്, ക്യംതൃായുടെ സന്ധ്യയിൽ ഇങ്ങനെയും പ്രാർഥിക്കാൻ സഭ എന്നെ പരിശീലിപ്പിച്ചിട്ടുണ്ട്:

നിൻ മുറിവുകളീന്നേറ്റേൻ മൂ-
റോൻ മണമെൻ നാഥാ,
നിന്നധരങ്ങളഹോ പട്ടിൻ
നൂലോടൊത്തുള്ളു.
കാണ്മാൻ വന്നോരെന്നെ ഭടർ ചുറ്റി
ഗോഗുല്ത്തായിക്കവരെ വിട്ടോടി
നിൻ മാർവു തുറന്നും രക്തം
വാർന്നും കണ്ടേൻ ഞാൻ
കുരിശാലടിയാരെക്കാക്കും
നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ - അട്ടഹസിക്കുന്നു.

എന്നെ മയക്കി നിൻ നൽ സൗ-
ന്ദര്യാശ്ചര്യങ്ങൾ

[34] ഡയനീഷ്യസ് ബർസലീബി, *ആരാധനക്രമത്തിന്റെ വ്യാഖ്യാനം*, 29.

നിൻ സ്തുതി ദൈവസുതാ പാടാൻ
സ്വരമിവനില്ലൊന്നും
പിതൃവലമായ് നിന്നെ കണ്ടേൻ മേലിൽ
കള്ളന്മാർ തന്നിടയിലുമാഴത്തിൽ
നിൻ ശയ്യ മരിച്ചോർ മധ്യേ
സ്വർഗം നിൻ പീഠം
ഈറയർമേലും നരർ കീഴും
നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ - അട്ടഹസിക്കുന്നു.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്നെ നോക്കി ''ഞങ്ങളോടു കരുണ ചെയ്യണമെ.'' എന്നപേക്ഷിക്കുമ്പോൾ, എന്റെ കർത്താവേ, എനിക്കു നിന്റെ മുറിവുകളിൽനിന്ന് മൂറോന്റെ സുഗന്ധം ലഭിക്കുന്നു. മൂറോൻ - എട്ടു സുഗന്ധവ്യജ്ഞനങ്ങളും അഗ്നിയും ചൂടും സൈത്തെണ്ണയും സഭ മുഴുവന്റെയും പ്രാർഥനയും ചേർത്തുണ്ടാക്കിയ തൈലം. സഭാതലവ നായ മെത്രാന്റെ നേതൃത്വത്തിലും മറ്റു മെത്രാന്മാരുടെയും ശുശ്രൂഷ ക്കാരുടെയും സഭാസമൂഹത്തിന്റെയും സഹകാരിത്വത്തിലും സംസർഗ ത്തിലും സാന്നിധ്യത്തിലും നടക്കുന്ന ഉള്ളുരുകിയ പ്രാർഥനയാൽ പരിശുദ്ധാത്മാഭിഷേകത്തിനുള്ള ഔദ്യോഗിക പ്രതീകമാക്കപ്പെട്ട തൈലം. എന്റെ മാമോദീസായിൽ പുരോഹിതജനത്തിൽ ഒരുവനായി എന്നെ അഭിഷേകം ചെയ്ത തൈലം. മിശിഹായുടെ - ദൈവത്തിന്റെ അഭിഷിക്തന്റെ - പരിമളവും പരിശുദ്ധാത്മനല്വരങ്ങളുടെ പൂർണത യുമാകുന്ന വിശുദ്ധ തൈലം. ക്രൂശിതനായ മിശിഹായേ, നിന്റെയും നിന്റെ റൂഹായുടെയും പരിമളവാഹിയായ തൈലം. അതിന്റെ സുഗന്ധം നിന്റെ മുറിവുകളിൽനിന്ന് എന്റെ ശരീരത്തിന്റെ ഓരോ കോശത്തിലും എന്റെ ആത്മാവിലാകമാനവും നിറയട്ടെ. ഈ സുഗന്ധക്കാറ്റിന്നുറവിട മായ ക്രൂശിതനെ പേറുന്ന ഗൊല്ഗോഥാമലയേ, നീ അനുഗൃഹീതമാ കുന്നു. നിനക്കു നന്ദി. നിന്നെ മണ്ണുമാന്തികൾ തുരന്നു മോഷ്ടിക്കാതി രുന്നെങ്കിൽ!

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നീ അതിസുന്ദരൻ! ചോര ച്ചാലുകളൊഴുകുന്ന നിന്റെ അധരങ്ങൾ പട്ടുനൂൽപോലെ മൃദുലവും നേർ മയും സുന്ദരവുമായിരിക്കുന്നു! അവയെന്നെ ആകർഷിച്ചു. അവ അടു ത്തുനിന്നു കാണാൻ ഞാൻ വരികയായിരുന്നു. പട്ടാളക്കാരും വന്നുകൊ ണ്ടിരുന്നു. അവരെന്നെ ചുറ്റിവളഞ്ഞു. പക്ഷേ, ഞാൻ അവരെ ഉപേ ക്ഷിച്ചിട്ട് ഈ ഗൊല്ഗോഥായിലേക്ക് അതിശീഘ്രം ഓടിവന്നിരിക്കുക യാണ്. അവിടെ നിന്നെ എനിക്കു കാണാനാകുന്നു നിന്റെ മാറ് തുറ

ന്നിരിക്കുന്നു – പാപിയായ എന്നെ ഒളിപ്പിക്കാൻ. നിന്നെ എനിക്കു കാണാനാകുന്നു. നിന്റെ മാറിൽനിന്നു രക്തവും വെള്ളവും ഒഴുകുന്നു – എന്നെ കഴുകി വെടുപ്പാക്കാനും എന്നെ കുടിപ്പിക്കാനും പുനർജീവിപ്പിക്കാനും. ദാസരായ ഞങ്ങളെ കുരിശാൽ കാത്തുരക്ഷിക്കുന്ന കർത്താവിനു ഞാൻ സ്തോത്രമുയർത്തുന്നു. ഹാലേലുയ്യാ – സ്തോത്രം കർത്താവേ.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, അത്യാശ്ചര്യകരമായ നിന്റെ ദിവ്യസൗന്ദര്യം ഞങ്ങളെ മയക്കിയിരിക്കുന്നു. ദൈവപുത്രാ, നിന്റെ സ്തുതികളാലപിക്കാൻ ഇവനു സ്വരമേതുമില്ല. സ്വർഗീയോന്നതങ്ങളിൽ പിതാവിന്റെ വലത്തുഭാഗത്ത് അവനോടൊത്ത് അധികാരം കൈയ്യാളുന്നവനായി നിന്നെ എനിക്കു കാണാം. അതേ സമയംതന്നെ കള്ളന്മാരുടെ മധ്യേയും താഴെ പാതാളത്തിലും നിന്റെ കിടക്ക! സ്വർഗം നിന്റെ സിംഹാസനം! മേലുയരങ്ങളിൽ അഗ്നിമയന്മാരും താഴെ ഭൂമിയിൽ മനുഷ്യരും തങ്ങളുടെ കർത്താവിനു സ്തോത്രം പാടുന്നു. അവരോടു ഞാനും ചേരട്ടെ. ഹാലേലുയ്യാ – സ്തോത്രം കർത്താവേ.

''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ,'' ഞങ്ങൾക്കുറപ്പുണ്ട്,

ഭോഷന്മാരാം ദാസന്മാർ
ആണികൾ വീക്കിയ തൃക്കൈകൾ
കടമാകും കടലീ–
ന്നടിയാരെയേറ്റി
നിന്ദ്യത്തിന്മക്കൂപത്തിൽ
നിന്നിങ്ങു കരയേറ്റീടും.

ചിന്തപ്പെട്ടാ നിൻ രക്തം
ഞങ്ങടെ കറകൾ തുടച്ചെല്ലാം
നിൻ മേനിയെങ്ങടെ
വ്രണമെല്ലാം നീക്കി
സ്കീപ്പാമേൽ വേർപെട്ടനിൻ
ഉയിരടിയാരെ ചേർത്തീടും.

ഇതിനോടു ചേർത്തു ഞാൻ പാടട്ടെ:

നാഥാ ഇവർ പാപം നിരവധിയാണെന്നറിയുന്നു
നിൻ കരുണ ബഹുലം,
നിൻ കരുണയിവർക്കായ് മാധ്യസ്ഥം ചെയ്തീടായ്കിൽ
നാശമിവർക്കുണ്ടാം; നാഥാ നിൻ കൈ
രക്തത്താൽ വീണ്ടവരാമിവരിൽ നിന്നും നീക്കരുതേ.

എന്നെ ഈറന്മഴയാൽ കുളിപ്പിച്ചൊരുക്കിയുറക്കുന്ന തേനൂറുമീവരികളുടെ മാധുര്യം എന്നെങ്കിലുമെനിക്കു നുണഞ്ഞു തീർക്കാനാകുമോ! മഹാപാപിയായ എനിക്ക് ആശ്വാസകരവും ധൈര്യസംദായകവുമായ ഈ ജീവമൊഴികൾ ഓതിക്കൊടുത്ത റൂഹായേ, നിനക്കു സ്തുതി! ഈ വരികൾ മാത്രം മതിയല്ലോ യേശുവേ, ഇരവുപകലുകൾ എരിതീയിൽ നിന്നെ നോക്കിയിരിക്കാൻ! ഞാനിതാ, പാപത്തിന്റെ വലിയ ഗർത്തത്തിൽ താണീടുന്നു. നിന്റെ ബലമുള്ള കരങ്ങൾ നീട്ടി ഇവനെ നാശക്കുഴിയിൽനിന്നു കരേറ്റീടണമെ! ആശ്വാസകരങ്ങളായ ക്രൂശിതകരങ്ങളേ, പാപമോചകങ്ങളായ ക്രൂശിതകരങ്ങളേ, എന്റെ ശിരസ്സിൽ നിന്ന് ഒരിക്കലും പിൻവലിയരുതേ. കടമാകും കടലിൽ ലെവിയാഥാൻ ഹാലിളകി വാലിളക്കി അലറിവിളിച്ച് അലകളുയർത്തി എന്നെച്ചുറ്റാനായുന്നു. യേശുവേ, എന്റെ കൂരിരിട്ടിന്റെ ഈ ഒൻപതാം മണിക്കൂറിനെ നിന്റെ രാത്രിയുടെ നാലാം യാമമാക്കി നിന്റെ കരങ്ങൾ നീട്ടേണമെ. കാരിരുമ്പാണികൾ ബലമേറ്റിയ നിന്റെ കരങ്ങൾ ജീവന്റെ കരയിലേക്ക് എന്നെ വലിച്ചുകയറ്റുമല്ലോ. ജീവനും ശക്തിയുമേകുന്ന രക്തമൊഴുകുന്ന നിന്റെ കരം നീ നിന്റെ രക്തത്താൽ വീണ്ടെടുത്ത ഈ മഹാപാപിയുടെമേൽനിന്ന് ഒരിക്കലും നീക്കരുതേ. എന്നെ പരിഹാസത്തോടെ വലിച്ചിറക്കിത്താഴ്ത്താൻ തക്കംപാർത്തിരിക്കുന്ന ലെവിയാഥാനെയും സൈന്യത്തെയും നിരാശകൊണ്ടു ലജ്ജിതരാക്കണമെ.

യേശുവേ, എന്റെ പൗരോഹിത്യവിളിയുടെ കാവല്ക്കാരിയായി മൈനർസെമിനാരിക്കാലം മുതൽ സ്വീകരിക്കാൻ നീ അനുഗ്രഹിച്ചിട്ടുള്ള നിന്റെ ചെറുപഷ്പം തന്റെ വാക്കുകൾകൊണ്ട് എന്നെ ആശ്വസിപ്പിക്കുന്നു. ക്രൂശിതനായ നിന്റെ ആണിപ്പഴുതുള്ള കരങ്ങൾ മഹാപാപിയായ എന്നെ ദൈവത്തിലേക്ക് എടുത്തുയർത്തുന്ന 'എലിവേറ്റർ' ആണെന്നോർപ്പിക്കുന്ന അവളുടെ നിന്നോടുള്ള കൊഞ്ചലുകൾ അനർഹനായ ഇവൻ ആവർത്തിക്കുന്നതു ക്ഷമിക്കുമല്ലോ!

> ... വിശുദ്ധിയുടെ ആദർശത്തിന് എന്റെ നിസ്സാരത പ്രതിബന്ധമല്ല. വലുതാകുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാണ്. എന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ചും എന്റെ സകല ന്യൂനതകളെക്കുറിച്ചും എനിക്കു സഹിഷ്ണുതയുണ്ടായിരിക്കണം. എന്നിരുന്നാലും, വളരെ ഋജുവും വളരെ ഹ്രസ്വവുമായ ഒരു വഴിയിലൂടെ – തികച്ചും നവീനമായ ഒരു കുറുക്കു വഴിയിലൂടെ – സ്വർഗത്തിലെത്താൻ ഒരുപായം ഞാൻ കണ്ടുപിടിക്കും. കണ്ടുപിടുത്തങ്ങളുടെ ഒരു കാലത്താണല്ലോ നാം ജീവിക്കുന്നത്. ഇക്കാലത്ത് കോവണിപ്പടി കയറേണ്ട വിഷമമില്ല. അവയ്ക്കു പകരം ധനികന്മാരുടെ ഭവനങ്ങ

ളിൽ വളരെ എളുപ്പമുള്ള 'ലിഫ്റ്റ്'എന്നൊരു യന്ത്രമുണ്ട്. ഈശോയുടെ പക്കലേക്ക് ഉയരുവാൻ എനിക്കും ഒരു 'ലിഫ്റ്റ്' കണ്ടുപിടിക്കണം. കാരണം, പുണ്യപൂർണതയുടെ പരുഷമായ കോവണി കയറാൻ ഞാൻ തീരെ കുഞ്ഞാണ്. എന്റെ ആകാംക്ഷാവിഷയമായ പ്രസ്തുത ലിഫ്റ്റിനെ സംബന്ധിച്ച വല്ല സൂചനയും കാണുമോ എന്നന്വേഷിച്ചുകൊണ്ടു ഞാൻ വേദപുസ്തകം തുറന്നു നോക്കി. നിത്യജ്ഞാനത്തിന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ട ഈ വാക്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. "തീരെ കുഞ്ഞായിട്ട് ആരെങ്കിലുമുണ്ടെങ്കിൽ എന്റെ പക്കൽ വരട്ടെ"(സുഭാ 9;4). ഓ എന്റെ ദൈവമേ, എന്റെ അന്വേഷണം സഫലമായെന്നു മനസ്സിലാക്കിക്കൊണ്ടു ഞാൻ മുന്നോട്ടു വരുകയും അങ്ങെയുടെ വിളി കേൾക്കുന്ന ശിശുവിനോട് അങ്ങെന്തു ചെയ്യുമെന്നറിയാനുള്ള കൗതുകം നിമിത്തം ഞാനെന്റെ അന്വേഷണം തുടരുകയും ചെയ്തു. എന്നിട്ടു ഞാൻ കണ്ടതിതാണ്: "ഒരമ്മ കുഞ്ഞിനെ ലാളിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും; എന്റെ മാറിൽ ഞാൻ നിങ്ങളെ വഹിക്കും; മടിയിൽ വച്ചു ഞാൻ നിങ്ങളെ ലാളിക്കും" (ഏശ 66:12,13). ഹാ! ഇത്രമാത്രം സ്നേഹമസൃണവും ശ്രവണമോഹനവുമായ വാക്കുകൾ എന്റെ ആത്മാവിനെ ഒരിക്കലും ആഹ്ലാദഭരിതമാക്കിയിട്ടില്ല. ഓ! ഈശോ! സ്വർഗം വരെ എന്റെ ആത്മാവിനെ ഉയർത്തേണ്ടുന്ന ആ ലിഫ്റ്റ് അങ്ങയുടെ തൃക്കരങ്ങൾ തന്നെയാണ്. അതിനുവേണ്ടി ഞാൻ വളരേണ്ട ആവശ്യമില്ല. നേരെ മറിച്ച് ഞാൻ കുഞ്ഞായിത്തന്നെ ഇരിക്കണം; തുടർന്ന് അധികമധികം കുഞ്ഞായിക്കൊണ്ടിരിക്കയും വേണം. ഓ എന്റെ ദൈവമേ! എന്റെ ആകാംക്ഷയെല്ലാം അങ്ങ് അതിശയിച്ചിരിക്കുന്നു. അങ്ങെ കാരുണ്യത്തെ ഞാൻ പ്രകീർത്തിക്കും. "... അങ്ങയുടെ വിസ്മയനീയ പ്രവർത്തനങ്ങൾ ... പ്രസിദ്ധമാക്കുകയെന്ന കർത്തവ്യം വാർദ്ധക്യംവരെയും തുടരുകയും ചെയ്യും" (സങ്കീ 71:17-18). എനിക്ക് ആ വാർദ്ധക്യം എപ്പോളായിരിക്കും? അതിപ്പോൾത്തന്നെയായിരിക്കാമെന്നെനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, കർത്താവിന്റെ ദൃഷ്ടിയിൽ 2000 വർഷം 20 വർഷത്തെക്കാളും ഒരൊറ്റ ദിവസത്തെക്കാളും ... അധികമൊന്നുമല്ല (സങ്കീ89:4).[35]

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്റെ തിരുമുറിവുകളെ ചുംബിക്കുകയെന്നതിന്റെ അർഥം ആ മുറിവുകളുണ്ടാകാൻ നീ അനുസരിച്ച പിതാവിനെയും അനുസരണംകൊണ്ടു മുറിവേറ്റ നിന്നെയും അനുസരിക്കുകയും നിങ്ങളുടെ കല്പനകൾ പാലിക്കുകയും നിങ്ങളുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുകയും, പ്രത്യേകിച്ചു നിന്റെ ആഗ്രഹങ്ങളെ

---

[35]ഉണ്ണിയീശോയുടെ വിശുദ്ധ *കൊച്ചുത്രേസ്യാ. സ്വയംകൃതചരിതം.* (വിവ: ഫാ. തോമസ് മൂത്തേടൻ) തിരുവനന്തപുരം, 1963, പുറ. 242-243

പിൻചെല്ലുകയും ചെയ്യുക എന്നാണല്ലോ. വിശുദ്ധനായ ഫ്രാൻസിസ് സാലെസ് പറയുന്നതുപോലെ, മൃദുലമായ അനുസരണത്തോടും വിശ്വസ്തതയോടുംകൂടി നിന്നെ ആശ്ലേഷിക്കുകയെന്നതാണ്.[36] ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ച മരണമില്ലാത്തവനായ നീ മഹത്ത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കാൻ അർഹനാണ്. നീ മുഖാന്തരം സർവവും സൃഷ്ടിക്കപ്പെട്ടു. നിന്റെ കുരിശുമരണത്താൽ സകലതും വിശുദ്ധീകൃതമായി. ഞങ്ങളുടെ വിശുദ്ധീകരണമാക്കപ്പെട്ട പുത്രനായ ദൈവമേ, സഭയിൽ നീ മുഖാന്തിരം ശുദ്ധീകരിക്കപ്പെട്ടവരോടൊത്തു ഞാൻ നിന്നെ ''പരിശുദ്ധൻ'' എന്നു പാടി ശുദ്ധീകരിക്കുന്നത് അവരോടൊത്തു ഞാനും വിശുദ്ധീകരിക്കപ്പെടാൻ ആഗ്രഹിച്ചാണ്. തങ്ങൾ ശുദ്ധീകരിക്കപ്പെടാനാണല്ലോ സ്രാപ്പേമാലാഖമാർ കർത്താവിനെ പരിശുദ്ധൻ എന്നു പാടി ശുദ്ധീകരിക്കുന്നത്.[37] നിന്റെ പരിശുദ്ധ നാമം പലവുരു പാടിപ്പാടി പരിശുദ്ധനേ, നിന്നോടൊന്നാകുവാൻ സഭയിൽ സംലഭ്യമാകുന്ന സാഹചര്യം പ്രയോജനപ്പെടുത്താൻ എന്നെ അനുഗ്രഹിക്കണമെ.

ബലവാനായ ദൈവമേ, മരണമില്ലാത്തവനായ ദൈവമേ, നിന്നെ ഞങ്ങൾ ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ'' എന്നു വിളിച്ചു ''പരിശുദ്ധൻ'' എന്നു സ്തുതിക്കുമ്പോൾ, നീ ഞങ്ങളുടെ പക്കലേക്ക് അവരോഹണം ചെയ്ത വഴിയേതന്നെ ഞങ്ങൾ നിന്റെ പക്കലേക്ക് ആരോഹണം ചെയ്യുകയാണല്ലോ. *നീ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത മുറുക്കിപ്പിടിക്കേണ്ട കാര്യമായി കണക്കാക്കിയില്ല. സ്വയം ശൂന്യനാക്കിക്കൊണ്ടു ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശത്തിൽ ജനിച്ച്, പ്രത്യക്ഷത്തിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ - അതേ, കുരിശുമരണംവരെ - അനുസരണമുള്ളവനായി സ്വയം താഴ്ത്തി. ആകയാൽ, ദൈവവും നിന്നെ അത്യധികം ഉയർത്തി; എല്ലാ നാമങ്ങൾക്കും മേലായ നാമം നിനക്കു നല്കുകയും ചെയ്തു. അത്, യേശു എന്ന നാമത്തിൽ സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കടിയിലുമുള്ള എല്ലാ മുട്ടുകളും മടങ്ങാനും, പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിന് യേശുക്രിസ്തു കർത്താവാണെന്ന് എല്ലാ നാവുകളും ഏറ്റുപറയാനുമാണ്.*[38] ദൈവമായ യേശുവേ, ഞങ്ങളുടെ മുമ്പിൽ നീ കുരിശിലെ മരണത്തോളം തന്നത്താൻ താണിറങ്ങുന്നു! അതുവഴി നീ നിന്റെ യഥാർഥ ദൈവത്വത്തിൽ നിന്നെത്തന്നെ ഞങ്ങൾക്കു

[36] *Introduction to the Devout Life*, part CI, chap 13 no.3, p. 247.

[37] വിശുദ്ധ കുർബ്ബാനയിലെ പ്രുമിയോൻ

[38] ഫിലി 2,6-11

വെളിപ്പെടുത്തിത്തരുന്നു! നിന്റെ അവരോഹണത്തിന്റെയും ആരോഹണ ത്തിന്റെയും വഴിയായ ഈ കുരിശിലൂടെ ഞങ്ങൾ നിന്നോടൊന്നായി ത്തീരട്ടെ!

ഞങ്ങളുടെ ദൈവവും കർത്താവുമായ യേശുവേ, ഞങ്ങളുടെ അടുത്തേക്കുള്ള നിന്റെ ഇറങ്ങിവരവിൽ വെളിപ്പെടുന്നത് തന്റെ ഏക ജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ — നിന്നെ — നല്കാൻതക്കവിധം ലോകത്തെ അത്രയ്ക്കും സ്നേഹിച്ച നിന്റെ പിതാവിന്റെ അളവറ്റ സ്നേഹത്തിന്റെ[39] ശക്തിയാണല്ലോ. ലോകത്തോടുള്ള പിതാവിന്റെ സ്നേഹം കുരിശിന്റെ രൂപമെടുത്തു. നീയതു ഞങ്ങൾക്കുവേണ്ടി സ്വീകരിച്ചു. അതു ഞങ്ങളെ - പലതായും പലരായും നിന്ന ഞങ്ങളെ — നിന്നോടൈക്യപ്പെടുത്തു ന്നു; ഞങ്ങളെ വിശുദ്ധീകരിക്കുന്നു. നിന്റെ കുരിശിൽ ഞങ്ങളെ വിശു ദ്ധീകരിക്കുന്ന ദൈവസ്നേഹാഗ്നി ഒഴുകുന്നു. ഈ തിരുസമയത്ത് ഞങ്ങ ളതിൽ നിന്നോടൊത്തു സ്നാനപ്പെടട്ടെ. ദൈവസ്നേഹമാണല്ലോ വിശു ദ്ധീകരണശക്തി. നിന്നോടൊത്തു പിതാവിനോടുള്ള അനുസരണത്തിനും നിന്നോടൊത്ത് അയല്കാരന്റെ ശുശ്രൂഷയ്ക്കുംവേണ്ടി നിന്നോട് ഐക്യപ്പെടുന്നതിൽ ആത്മാവിന്റെ നൈർമല്യം വീണ്ടെടുത്തു വിശു ദ്ധീകൃതനാകാൻ എന്നോടു കരുണ ചെയ്യണമെ.

കർത്താവേ, നിന്റെ സ്ലീബായുടെ, നിന്റെ കരുണയുടെ, നിന്റെ ദൈവ ത്വത്തിന്റെ, ചിറകിൻകീഴിൽ എന്നെ മറച്ചുകൊള്ളണമെ. *ദൈവമേ, നിന്റെ കരുണ എത്ര അമൂല്യം! മനുഷ്യമക്കൾ അങ്ങയുടെ ചിറകുകളുടെ തണ ലിൽ അഭയം തേടുന്നു.*[40] ഈ വാക്കുകളിൽ കർത്താവിന്റെ ദാസനായ ദാവീദ് സ്ലീബായിൽ മനുഷ്യമക്കൾ അഭയം പ്രാപിക്കുന്നതു പ്രവചി ക്കയായിരുന്നില്ലേ! ആറാം മണി മുതൽ ഒമ്പതാം മണി വരെ ഭൂമിയി ലാകെ അന്ധകാരം വ്യാപിച്ചപ്പോൾ,[41] *ഈ മരുഭൂമിയിൽ, ശൂന്യത ഓരി യിടുന്ന മണലാരണ്യത്തിൽ നീ എന്നെ കണ്ടെത്തി; എന്നെ വാരിപ്പു ണർന്നു; താത്പര്യപൂർവം പരിചരിച്ചു. കൂടു ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ എന്നെ നയിച്ച കർത്താവ് നീയാണ്.*[42]

ലോകത്തിനു ജീവനുണ്ടാകാൻവേണ്ടിയുള്ള നിന്റെ സ്വയംദാ നത്തിന്റെ പ്രതീകമാണല്ലോ സ്ലീബാ. കുരിശുമരണത്തോളമുള്ള സ്നേഹ

[39]യോഹ 3,16 [40]സങ്കീ 36,7 [41]ലൂക്കാ 23,44 [42]നിയമാ 32,10-11

ത്തിന്റെ താണിറങ്ങൽ. യഥാർഥ സ്നേഹം, ക്രൈസ്തവസ്നേഹം, അവ്യക്തമായ, ദീനാനുകമ്പയുള്ള ദയാമസൃണമായ ഒരു വികാരമല്ലെന്ന് ''ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോടു കരുണ ചെയ്യണമെ'' എന്നു വിളിച്ചപേക്ഷിക്കുമ്പോൾ ഞങ്ങൾ സംഗ്രഹിക്കണമെന്നു നീ ആഗ്രഹിക്കുന്നുവല്ലോ. നിന്റെ പ്രതിപുരുഷനും പത്രോസിന്റെ അനുഗൃഹീത പിൻഗാമിയുമായി നീ നല്കിയ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ ക്രൈസ്തവ സനേഹത്തെപ്പറ്റി അത്യഗാധമായി ഉദ്ബോധിപ്പിച്ചിട്ടുള്ളതു സംഗ്രഹിച്ചോർക്കട്ടെ.

സ്നേഹം ക്രൈസ്തവർക്ക് വ്യക്തിയുടെ ജീവിതവും സാമൂഹിക ഘടനകളും രൂപാന്തരപ്പെടുത്താനുള്ള പ്രവാചകദൗത്യനിർവഹണമാണ്. യാദൃശ്ചികവും സാന്ദർഭികവുമായ സഹായങ്ങൾകൊണ്ടു സ്നേഹത്തിനു തൃപ്തിപ്പെടാനാവില്ല. അഥവാ അങ്ങനെ തൃപ്തിപ്പെടേണ്ടിവരുന്നതു ദുരവസ്ഥയാണ്. ക്രൈസ്തവവിശ്വാസംതന്നെ ജീവിതവഴികളെ സ്നേഹത്തിന്റെ ആകമാന പ്രകാശത്തിൽ പ്രശോഭിപ്പിക്കാൻ ശേഷിയുള്ള ഊർജസ്വലമായ ശക്തിയാണ്.[43] വിശ്വാസത്തെയും സ്നേഹത്തെയും സംബന്ധിച്ച ഈ ദൈവശാസ്ത്രംകൊണ്ടു വേണമല്ലോ ഞങ്ങളുടെ യാദൃശ്ചികവും ഒറ്റപ്പെട്ടതുമായ ലഘുസഹായങ്ങൾപോലും സ്നേഹത്തെ തൃപ്തിപ്പെടുത്തേണ്ടത്.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ദിവസത്തിന്റെ ചുട്ടുപൊള്ളുന്ന നേരത്ത് നഗരത്തിനു വെളിയിൽ തള്ളപ്പെട്ട് ഗൊല്ഗോഥാമലമുകളിൽ നഗ്നനായി നീ നാട്ടിനിർത്തപ്പെട്ടു. നഗ്നത മറയ്ക്കാൻ വസ്ത്രമില്ലാതെയും ചുട്ടുപൊള്ളിക്കുന്ന സൂര്യനിൽനിന്നും മരവിപ്പിച്ചു മരിപ്പിക്കുന്ന മഴയിൽനിന്നും മഞ്ഞിൽ നിന്നും തങ്ങളെ മറയ്ക്കാനിടമില്ലാതെ കേഴുന്നവരെയെല്ലാം നിന്നിൽ ഞങ്ങൾ കാണുന്നു. അവരുടെ സംഖ്യ അനുനിമിഷം അധികാരാധീശക്കൂട്ടങ്ങൾ ഏറ്റിക്കൊണ്ടിരിക്കുന്നു. നിനക്കുവേണ്ടി നട്ടുച്ചമുതൽ ഒമ്പതാം മണിവരെയും[44] സൂര്യനിരുണ്ടു. സൂര്യൻ നിന്റെ നഗ്നത മറച്ചു. ഭൂമികുലുക്കമുണ്ടായി. പാറകൾ പിളർന്നു. അനേകം വിശുദ്ധരുടെ ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, നിന്റെ ദരിദ്രർക്കുവേണ്ടി, നിന്റെ വിശുദ്ധരുടെ

[43] ''സമഗ്രവും സുതാര്യവുമായ ഒരു പുത്തൻ മാനവികത,'' 2011 മെയ് 21 ശനിയാഴ്ച രാവിലെ പോൾ ആറാമൻ ഹാളിൽ തിരുഹൃദയ കത്തോലിക്കാ സർവകലാശാലയുടെ 90 -ാം വാർഷികവേളയിൽ നടന്ന കൂടിക്കാഴ്ചയ്ക്കു ക്ഷണം നല്കിക്കൊണ്ട് ബനഡിക്ട് പതിനാറാമൻ പാപ്പാ ഇറ്റാലിയൻ ഭാഷയിൽ നടത്തിയ പ്രഭാഷണം; *ഒസ്സെർവത്തോരെ റൊമാനോ* 4/14, 02 ജൂൺ 2011, പേജ് 3,8.

[44] = ഉച്ച കഴിഞ്ഞു 3 മണിവരെയും

ഉയർപ്പിനുവേണ്ടി, ഭൂമിയെ കുലുക്കണമെ! കഠിനഹൃദയങ്ങളായ പാറകളെ പിളർത്തണമെ! ഒരിക്കലും കീറരുതെന്നു ധരിപ്പിക്കപ്പെട്ട ശീലകളും ശീലങ്ങളും കീറട്ടെ! നിന്റെ ദരിദ്രർക്ക് ഉയിർപ്പിന്റെ ശീലകളും ശീലങ്ങളും ലഭിക്കട്ടെ! അവരുടെ നിലവിളി കേൾക്കണമെ. ഞങ്ങളുടെ പ്രാർഥന കേൾക്കണമെ!

ഓ, സത്യസ്നേഹമേ! ഞങ്ങളോരോരുത്തരുടെയും വ്യക്തിപരമായ ജീവിതവും സാമൂഹികഘടനകളും രൂപാന്തരപ്പെടുത്താനുള്ള പ്രവാചകദൗത്യവും നീ കുരിശിൽ പൂർത്തിയാക്കിയല്ലോ. വ്യക്തിയുടെ ജീവിതവും സാമൂഹികഘടനകളും രൂപാന്തരപ്പെടുത്താനുള്ള പ്രവാചകദൗത്യം നിറവേറ്റുന്നവരാകട്ടെ ഞങ്ങളോരോരുത്തരും. ഈ രൂപാന്തരപ്പെടലിനുള്ള സുവിശേഷാനുസൃതമായ വഴി തേടുന്നവരുമാകട്ടെ ഞങ്ങൾ. സുവിശേഷാനുസൃതവഴി മാനവിക ബന്ധങ്ങളുടെ നവീകരണമാണെന്നും, സമൂഹത്തിൽ ബന്ധങ്ങളുടെ നവീകരണം സംഭവിക്കാൻ വ്യക്തികളിൽ ഹൃദയപരിവർത്തനം സംഭവിക്കണമെന്നും നിന്റെ ദാസന്മാരുടെ ദാസൻ ഈ എളിയ ദാസരെ ഉദ്ബോധിപ്പിക്കുന്നു. ഹൃദയപരിവർത്തനവും സാമൂഹികബന്ധനവീകരണവും ഒരുമിച്ചു കാണുന്ന സഭയുടെ പ്രബോധനം പ്രാവർത്തികമാക്കാനും പ്രസംഗിക്കാനും നിയുക്തനാണല്ലോ ഞാൻ. ക്രൂശിതനായ മിശിഹായേ, എന്നെക്കുറിച്ചു നിനക്കും നിന്റെ മണവാട്ടിയും എന്റെ അമ്മയുമായവൾക്കുമുള്ള അഭിലാഷം എന്നെനിക്കു പൂർത്തിയാക്കാനാകും!

യേശുമിശിഹായേ, ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ എന്നു നിന്നെ നോക്കി ഈ പാപികൾ വിളിച്ചപേക്ഷിക്കുന്ന ഈ തിരുമണിക്കൂറിൽ ഞങ്ങൾക്കുവേണ്ടി നിന്നിലൂടെ വെളിപ്പെടുകയും പ്രകാശിക്കുകയും ചെയ്യുന്ന ദൈവസ്നേഹത്തിന്റെ ആഴവും പരപ്പും ഞങ്ങൾ അനുഭവിക്കുകയാണല്ലോ! *ദൈവത്തിനു ഞങ്ങളോടുള്ള സ്നേഹം ഞങ്ങൾ അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു.*[45]

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ദൈവത്തിന്റെ നിസ്സീമവും വ്യവസ്ഥാരഹിതവുമായ കരുണയിൽ ആശ്രയിക്കാൻ മഹാപാപികളായ ഞങ്ങൾക്കു നീ ധൈര്യം തരുന്നു. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, മഹാപാപികളായ ഞങ്ങൾ നിന്നിലേക്കു കണ്ണുകളുയർത്തുമ്പോൾ ഞങ്ങളെ ശുദ്ധ വെണ്മഞ്ഞുപോലെ വിശുദ്ധീകരിക്കാൻ ദൈവസ്നേഹത്തിനുള്ള ശക്തിയിൽ ഞങ്ങളുടെ വിശ്വാസം ഞങ്ങൾ ഏറ്റുപറയുകയാണല്ലോ!

---

[45] 1 യോഹ 4,16

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, മഹാപാപികളായ ഞങ്ങൾ നിന്നിലേക്കു കണ്ണുകളുയർത്തുമ്പോൾ ഞങ്ങളോടുള്ള ദൈവസ്നേ ഹത്തിന്റെ ഏറ്റവും വലിയ ഉറപ്പിൽ ഞങ്ങളുടെ പാദങ്ങളുറപ്പിക്കാൻ ഞങ്ങളെ നീ അനുഗ്രഹിക്കുകയാണല്ലോ! ഞങ്ങൾക്കുവേണ്ടി ക്രൂശി ക്കപ്പെട്ടവനേ, മഹാപാപികളായ ഞങ്ങൾ നിന്നിലേക്കു കണ്ണുകളുയർ ത്തുമ്പോൾ സ്നേഹിതർക്കും ശത്രുക്കൾക്കുംവേണ്ടിയുള്ള നിന്റെ സ്നേ ഹത്തിന്റെ ഏറ്റവും വലിയ തെളിവിൽ ഞങ്ങൾ ആവർത്തിച്ചാകർഷി ക്കപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയുമാണല്ലോ!

''ദൈവമേ, നീ പരിശുദ്ധനാകുന്നു'' എന്ന് സഭയിൽ ഉച്ചത്തിൽ ആല പിക്കുമ്പോൾ സമാന്തരമായി ഞാൻ എന്റെ ഉള്ളിന്റെയുള്ളിൽ കൂടു തൽ ഉച്ചത്തിലും ഉത്സാഹത്തോടെയും ഏശയ്യായുടെ ആ ഈരടി പാടട്ടെ: *ദൈവമേ, ഞാൻ അശുദ്ധനാകുന്നു; അശുദ്ധമായ അധരങ്ങ ളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാകുന്നു.* ''ബലവാനേ, നീ പരി ശുദ്ധനാകുന്നു'' എന്ന് സഭയിൽ ഉച്ചത്തിൽ ആലപിക്കുമ്പോൾ സമാ ന്തരമായി ഞാൻ എന്റെ ഉള്ളിന്റെയുള്ളിൽ കൂടുതൽ ഉച്ചത്തിലും ഉത്സാ ഹത്തോടെയും ഞാൻ പാടട്ടെ: *ദൈവമേ, ഞാൻ ബലഹീനാകുന്നു; ബലഹീനരുടെ മധ്യേ വസിക്കുന്നവനുമാകുന്നു.* ''മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു'' എന്ന് ഞാൻ സഭയിൽ ഉച്ചത്തിൽ ആലപിക്കു മ്പോൾ സമാന്തരമായി എന്റെ ഉള്ളിന്റെയുള്ളിൽ കൂടുതൽ ഉച്ചത്തിലും ഉത്സാഹത്തോടെയും സമ്മതിച്ചുപാടട്ടെ: *ദൈവമേ, ഞാൻ മരണാധീ നനും മരണാധീനരുടെ മധ്യേ വസിക്കുന്നവനുമാകുന്നു.* ഞങ്ങളുടെ വിശുദ്ധിയും ബലവും ജീവനുമായ ക്രൂശിതനേ, ഞങ്ങളോടുള്ള നിന്റെ കരുണ ഞങ്ങൾക്കു വിശുദ്ധിയും ബലവും ജീവനുമേകുമല്ലോ. യേശു വേ, നിന്റെ ''കുരിശ് ലോകത്തിന്റെ തിന്മയോടു ദൈവം പ്രതികരിച്ച വചന''മല്ലോ![46]

ഇരുളറയിൽ പ്രകാശം പ്രതീക്ഷിച്ചു പാർക്കുന്ന ആത്മാവിന്റെ ഈ അന്തർഗാനത്തിന്റെ വെണ്മ എന്റെ വിശുദ്ധീകരണത്തിന്റെ ശുഭചിഹ്ന മല്ലോ. അത് എന്റെ വിശുദ്ധീകരണത്തിന്റെ വിജയത്തിനുള്ള കാഹള നാദംതന്നെ. ബലവാനും മരണമില്ലാത്തവനും ക്രൂശിതനുമായ ദൈവത്തെ ''പരിശുദ്ധൻ'' എന്ന് ആവർത്തിച്ചു പാടി ശുദ്ധീകരിക്കു മ്പോൾ, അവന്റെ പരിശുദ്ധിയുടെ പരിമളതൈലം, തന്റെ ഏകജാതനെ

[46] ഫ്രാൻസിസ് പാപ്പാ, 2013 മാർച്ച് 29 ദുഃഖവെള്ളിയാഴ്ച റോമിലെ കൊളോസിയ ത്തിൽ സ്ലീബാപാതയുടെ 14-ാം സ്ഥലത്തിന്റെ അവസാനം നല്കിയ സന്ദേശത്തിൽ പറഞ്ഞത്

നല്കാൻതക്കവിധം ലോകത്തെ അത്രയ്ക്കും സ്നേഹിച്ച സ്നേഹത്തീ, എന്നിലേക്കും എന്നിലും ഒഴുകി കത്തിജ്വലിച്ച് എന്നെ വിശുദ്ധീകരിക്കും. ശുദ്ധീകരിക്കുന്ന ഈ സ്നേഹാഗ്നി കൈയ്യടിച്ചു പാട്ടുപാടിയുല്ലസിച്ചോടുന്ന കാട്ടാറുപോലെയും, "അഹറോന്റെ തലയിൽനിന്നു താടിയിലേക്കിറങ്ങി, അങ്കിയുടെ കഴുത്തുപട്ടയിലൂടെ ഒഴുകുന്ന അമൂല്യമായ അഭിഷേകതൈലംപോലെയും,"[47] പെന്തിക്കൊസ്തിപ്പെരുന്നാളിൽ സെഹിയോൻമാളികയിൽ അപ്പോസ്തലസംഘത്തെ സ്നാനപ്പെടുത്തിയ തീനാവുകൾപോലെയും എന്റെ ആത്മാവിന്റെ ഹൃദയവും അധരങ്ങളും കവിഞ്ഞൊഴുകും. എന്റെ ജീവനാഡികൾ പരിശുദ്ധിയുടെ നേർത്ത മന്ത്രോച്ചാരണങ്ങളുടെ തന്ത്രികളാസ്വദിച്ച് ആനന്ദനൃത്തത്തിനൊരുങ്ങുന്നു. ജീവിതത്തിന്റെ കാഠിന്യങ്ങളുടെ കണക്കുകൂട്ടിക്കുഴഞ്ഞു മടുത്ത മനസ്സിന്റെ ആത്മാവും നൃത്തത്തിനൊത്തു മദ്ദളം കൊഴുപ്പിക്കാനൊരുങ്ങുന്നു. എന്റെ വിശുദ്ധീകരണത്തിന്റെ കാല്വറിയിലേക്കുള്ള വഴിവിളക്കുകൾ ദുഃഖശനിയുടെ രാവിന്റെയന്തിയിൽ തെളിനാളങ്ങൾ നീട്ടിത്തുടങ്ങിയല്ലോ!

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട യേശുവേ, നിന്റെ കുരിശിനെയും ഞങ്ങളുടെ കുരിശുകളെയും സ്നേഹത്തോടെ ആശ്ലേഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. സ്നേഹത്തോടെ ആശ്ലേഷിക്കപ്പെടുമ്പോൾ നിന്റെ കുരിശും ഞങ്ങൾക്കു നല്കപ്പെടുന്ന കുരിശും ഒരിക്കലും ഞങ്ങളെ ദുഃഖത്തിലേക്കു നയിക്കുന്നില്ല. മറിച്ച്, സന്തോഷത്തിലേക്ക്, രക്ഷിക്കപ്പെട്ടതിന്റെയും നിന്റെ മരണദിവസം നീ ചെയ്തതിന്റെ ഒരംശം ചെയ്യുന്നതിന്റെയും സന്തോഷത്തിലേക്ക് അതു ഞങ്ങളെ നയിക്കുന്നു.[48]

---

[47] സങ്കീ 133,2 [48] ഫ്രാൻസിസ് പാപ്പാ 2013 മാർച്ച് 24-ാം തീയതി ഓശാനഞായറാഴ്ച സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചത്വരത്തിൽ കൂടിയ വിശ്വാസികളോടു പറഞ്ഞ വാക്കുകളോടു കടപ്പാട്

അധ്യായം

# 6

# ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 5

## യാമനമസ്കാരം

## വിശുദ്ധീകരണം കൗമായിലെ കർത്തൃപ്രാർഥനയിൽ

കർത്തൃപ്രാർഥന

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ.
നിന്റെ രാജ്യം വരണമെ.
നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ.
ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ.
പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ.
പിന്നെയോ, ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.
എന്തെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.[1]

---

[1]യേശു കർത്തൃപ്രാർഥന പഠിപ്പിച്ചത് ചില വ്യത്യാസങ്ങളോടെ സുവിശേഷകന്മാരായ വി. മത്തായിയും വി. ലൂക്കായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (മത്താ 6,9–13;ലൂക്കാ 11,2–4). മത്തായിയുടെ സുവിശേഷത്തിലെ രൂപമാണ് സഭ ആരാധനക്രമത്തിൽ ./.

കർത്തൃപ്രാർഥനയുടെ വിശുദ്ധീകരണശക്തിയെക്കുറിച്ചുള്ള വിചാരവഴിയുടെ ആരംഭത്തിലുള്ള ചില പാദമുദ്രകൾ ചൂണ്ടിക്കാട്ടുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളു. വിശദവിചാരം വിശുദ്ധകുർബാനയിലെ കർത്തൃപ്രാർഥനയെക്കുറിച്ചുള്ള പരിചിന്തനത്തിലാകാം.

## എന്തുകൊണ്ട് പ്രാർഥനയുടെ ആരംഭത്തിൽ?

അതിപരിശുദ്ധ ത്രിത്വത്തിനു സ്രോപ്പേകളുടെ സ്തുതിയും, അതിന്റെ പരാവർത്തനമായ സ്തുതി മനുഷ്യനായിത്തീർന്നു നമ്മെ രക്ഷിച്ച പുത്രനായ ദൈവത്തിനും അർപ്പിച്ചുകഴിഞ്ഞുടനെ നാം കർത്തൃപ്രാർഥന ചൊല്ലുന്നു. അതിൽ നാം സഹോദരരേ, "പുത്രൻ പഠിപ്പിച്ച അതേ പ്രാർഥനകൊണ്ടും അപേക്ഷകൊണ്ടും നാം പിതാവിനോടു സംസാരിക്കുന്നു. ... സത്യംതന്നെയായ പുത്രൻ പഠിപ്പിച്ചതിനെക്കാൾ ഏതു പ്രാർഥനയാണ് സത്യമായിട്ടുള്ളത്? അതിനാൽ, അവൻ പഠിപ്പിച്ച പ്രാർഥന ഉപയോഗിച്ചു പ്രാർഥിക്കാത്തയാൾ അജ്ഞതയിൽ കഴിയുന്നു. മാത്രമല്ല, തെറ്റു ചെയ്യുകയും ചെയ്യുന്നു."[2] ദൈവപുത്രൻ പഠിപ്പിച്ച പ്രാർഥനയെക്കാൾ കൂടുതൽ ആത്മാവിലുള്ള പ്രാർഥന ഏതാണ്?[3] ദൈവപുത്രൻ പഠിപ്പിച്ച പ്രാർഥനയെക്കാൾ കൂടുതൽ ആത്മാവിലുള്ള സ്വയംപ്രേരിതപ്രാർഥന ഏതാണ്? ത്രിശുദ്ധസ്തുതിപ്പുകൾ പ്രാർഥനകളുടെ ആരംഭമാകുന്നതിനു മുമ്പ് കർത്തൃപ്രാർഥനകൊണ്ടാണ് അവ ആരംഭിച്ചിരുന്നത്. കാരണം, "പ്രാർഥനാരീതി പഠിപ്പിച്ചതിനുശേഷം ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും (മത്താ 7,7) എന്ന് കർത്താവ് പറഞ്ഞിട്ടുള്ളതിനാലും, ഓരോരുത്തർക്കും അവരവരുടെ സാഹചര്യമനുസരിച്ച് അപേക്ഷകൾ ഉള്ളതിനാലും ക്രമപ്രകാരമുള്ളതും സമുചിതവുമായ ആ പ്രാർഥന തുടർന്നുള്ള യാചനകൾക്ക് അടിസ്ഥാനമെന്ന നിലയിൽ ആദ്യം ചൊല്ലുന്നു."[4]

---

./.സ്വീകരിച്ചിട്ടുള്ളത്. അതിനോട് "പിന്നെയോ, ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ" എന്ന അപേക്ഷയും, "എന്തെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു" എന്ന സ്തുതിയുടെ സൂത്രവാക്യവും ചേർത്തിരിക്കുന്നു. സ്തുതി യുടെ ഈ രൂപം ഇതുപോലെ സുവിശേഷങ്ങളിലില്ല. അവയുടെ ഏറ്റവും നല്ല കൈയെഴുത്തുപ്രതികളിലുമില്ല. അവസാനത്തെ അപേക്ഷയും സ്തുതിപ്പും ചേർത്ത രൂപം ക്രി.വ.70നും 80നും ഇടയ്ക്കു രൂപവത്കൃതമായ ഡിഡക്കെയിൽ (പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പ്രബോധനത്തിൽ) ഉണ്ട്. അതിലെ സ്തുതിപ്പിൽ "രാജ്യവും" എന്ന പദമില്ല. അത് ഗ്രീക്കുകാർ ചേർത്തതാണ്. ആരാധനക്രമത്തിലെ കർത്തൃപ്രാർഥനാരൂപം അതിപ്രാചീനമായ പാരമ്പര്യമാണ്. ഇത് ആദ്യം കാണപ്പെടുന്നത് സുറിയാനി ആരാധനക്രമങ്ങളിലാണ്, ജി. ചേടിയത്ത്, *ഡിഡക്കെ, സഭാപിതാക്കന്മാർ*, കോട്ടയം, 1980, 8.

[2] സിപ്രിയാൻ, *കർത്തൃപ്രാർഥന*, 2 (രചനാകാലം: 251–252), വിവ: ജി. ചേടിയത്ത്, *പ്രാർഥന സഭയിൽ*, കോട്ടയം 1988,40–41.

[3] അതേ കൃതി അതേ ഭാഗത്തോടു കടപ്പാട്.

[4] തെർത്തുല്യൻ, *പ്രാർഥനയെക്കുറിച്ച്*, 10; ലൂക്കാ 11,9

**സെറുഗിലെ മാർ യാക്കോബിന്റെ കൂടെ**

കർത്തൃപ്രാർഥനയെക്കുറിച്ചുള്ള ഇവിടത്തെ ധ്യാനം സെറുഗിലെ മാർ യാക്കോബിനോടു ചേർന്ന് ആരംഭിക്കട്ടെ. അദ്ദേഹത്തിന്റെ ധ്യാനത്തിന്റെ ഏറിയപങ്കും *ശ്ഹീമൊ* നമസ്കാരം *ശുബഹോ* ഭാഗത്ത് വ്യാഴാഴ്ചതോറും സൂത്താറായിൽ ആലപിക്കുന്നുണ്ടല്ലോ:

"ദൈവസുതൻ താനുരുവിട്ടേകിയ പ്രാർഥനയെത്ര
മോഹനമതിനെ ധ്യാനിച്ചീടുന്നവനായ് ഭാഗ്യം!" എന്നാരംഭിക്കുന്ന പ്രാർഥനാഗാനം. ഇതിന്റെ സുറിയാനി മൂലം കുറെക്കൂടി നീണ്ടതും ആശയസമ്പന്നവുമാണ്. അതിന്റെ ഗദ്യപരിഭാഷകൊണ്ട് നമ്മുടെ ധ്യാനമാരംഭിക്കാം:

"ദൈവപുത്രൻതന്നെ പഠിപ്പിച്ച പ്രാർഥന എത്ര സുന്ദരം! അതു തന്നിൽ സംഗ്രഹിച്ചു ധ്യാനിക്കുന്നവൻ അനുഗൃഹീതൻ! തീക്ഷ്ണതയോടെ അതു പ്രാർഥിക്കുന്നയാൾ നീതിയുടെയും പരിപൂർണതയുടെയും സൗന്ദര്യമെല്ലാം അതിൽ കണ്ടെത്തുന്നു.[5] നീ പ്രാർഥിക്കുമ്പോൾ, എന്റെ കടങ്ങൾ ക്ഷമിക്കണമെന്നു പറയാൻ അവൻ നിന്നെ പഠിപ്പിച്ചു. ക്ഷമയ്ക്ക് അപേക്ഷിക്കണമെന്നും, എന്തുകൊണ്ട് നീ ഇത് അവനോട് അപേക്ഷിക്കണമെന്നും അവൻ പഠിപ്പിച്ചു. അവൻ വാസ്തവത്തിൽ ക്ഷമക്കു സന്നദ്ധനല്ലായിരുന്നെങ്കിൽ എന്റെ കടങ്ങൾ എന്നോടു ക്ഷമിക്കണമെന്ന് അപേക്ഷിക്കാൻ നിന്നോടു പറയുകയില്ലായിരുന്നു.

കർത്താവേ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ (എന്നപേക്ഷിക്കാൻ) അവൻ അവരെ പഠിപ്പിച്ചു. പ്രാർഥിക്കുമ്പോൾ തന്റെ രഹസ്യത്തിന്റെ മക്കൾ പിതാവിനോടു പറയേണ്ടതും പഠിപ്പിച്ചു. കടക്കാരോടു ക്ഷമിക്കണമെന്നപേക്ഷിക്കാൻ ഉപദേശിച്ചു. ഇപ്രകാരം ക്ഷമയ്ക്ക് അപേക്ഷിക്കുന്നതിന്റെ കാരണവും പഠിപ്പിച്ചു.

പ്രാർഥിക്കാൻ പുത്രൻവഴി പഠിപ്പിച്ച പിതാവിനു സ്തുതി. ഞങ്ങളെപ്രതി വ്യഥയൊടു പ്രാർഥിച്ച പുത്രനു വന്ദനം. പ്രാർഥനകൾ കൈക്കൊള്ളുന്നവനും ഉത്തമ യാചനകൾക്ക് ഉത്തരമരുളുന്നവനുമായ റൂഹായ്ക്കു സ്തോത്രം. സകലവും കേൾക്കുന്നവനും പ്രാർഥനകൾ

[5] ഒരു കുറിപ്പ്:ആധ്യാത്മിക മേഖലയിൽ സൗന്ദര്യം എന്ന വാക്കു സൂചിപ്പിക്കുന്നത് ദൈവികതയുടെ പ്രതിഫലനമായ ശോഭയാണ്. ദൈവികമായതാണ് സുന്ദരം. ദൈവികമായത് നല്ലതാണ്. ഈ നന്മയുടെ ഹൃദ്യമായ ആകർഷണീയതയാണ് സൗന്ദര്യം. അത് ബാഹ്യസൗന്ദര്യമല്ല. ആന്തരിക സൗന്ദര്യമാണ്.

കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെമേൽ കരുണ ചെയ്യണമെ!''[6]

## പിതാവ് പുത്രൻവഴി പഠിപ്പിച്ച പ്രാർഥന

മാർ യാക്കോബ് ധ്യാനത്തിന്റെ ആരംഭത്തിൽ പറയുന്നു: ഇത് ദൈവപുത്രൻ പഠിപ്പിച്ച പ്രാർഥനയാണെന്ന്. ധ്യാനത്തിന്റെ അവസാനം പറയുന്നു, പ്രാർഥിക്കാൻ പുത്രൻവഴി പിതാവ് പഠിപ്പിച്ചതാണെന്ന്. മാർ യാക്കോബിന്റെ ഈ ജ്ഞാനബോധത്തിന്റെ ഉറവിടത്തിലെത്താൻ യേശു ഈ പ്രാർഥന പഠിപ്പിച്ച സന്ദർഭത്തെക്കുറിച്ചു ലൂക്കാ നല്കിയിട്ടുള്ള സാക്ഷ്യം ശ്രദ്ധിക്കാം. *അവൻ ഒരിടത്ത് പ്രാർഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിലൊരുവൻ അവനോടു പറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക. അവൻ അരുൾ ചെയ്തു: നിങ്ങൾ പ്രാർഥിക്കുമ്പോൾ ഇങ്ങനെ പ്രാർഥിക്കുവിൻ: പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ. ...*[7] യേശുകർത്താവ് പ്രാർഥനയിൽ തന്റെ പിതാവിനോടു ബന്ധപ്പെട്ടപ്പോഴുണ്ടായ പിതാ-പുത്രാനുഭവത്തിന്റെ തീക്ഷ്ണതയിൽനിന്ന് നിർഗളിച്ചതാണ് കർത്തൃപ്രാർഥന. യേശു പിതാവിന്റെ ഹിതമറിയുന്ന പുത്രനായിക്കൊണ്ടു പഠിപ്പിച്ച പ്രാർഥന. പിതാവിന്റെ ഹിതപ്രകാരം പഠിപ്പിച്ച പ്രാർഥന. ''അതിനാലാണ് മാർ യാക്കോബ് പാടുന്നത്, തീക്ഷ്ണതയോടെ അതു പ്രാർഥിക്കുന്നയാൾ നീതിയുടെയും പരിപൂർണതയുടെയും സൗന്ദര്യമെല്ലാം അതിൽ കണ്ടെത്തുന്നു'' എന്ന്. ഈ പ്രാർഥന യേശു കർത്താവ് എന്ന നിലയിൽ പഠിപ്പിച്ചതാണ്. നമ്മുടെ കർത്താവായ അവന്റെ കർത്താവ് അവൻവഴി തന്റെ ശിഷ്യരെ പഠിപ്പിച്ചതാണ്. ഉറവിടത്താലേ പൂർണമായും കർത്താവിന്റെ പ്രാർഥനതന്നെ. കർത്താവ് പഠിപ്പിച്ച പ്രാർഥനയായതിനാൽ കർത്തൃപ്രാർഥന എന്നു പേരായി. യേശുതന്നാണ് അത് ശിഷ്യന്മാരെ പഠിപ്പിച്ചതെന്നത്രേ സുവിശേഷകന്മാരായ മത്തായിയും ലൂക്കായും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.[8]

പ്രാർഥനയിൽ യേശുവഴി പരിശുദ്ധാത്മാവിൽ എനിക്കു നല്കപ്പെടുന്ന ദൈവപുത്രാനുഭവത്തീക്ഷ്ണതയിൽ ഞാൻ ചൊല്ലേണ്ടതും ചൊല്ലിപ്പഠിപ്പിക്കേണ്ടതുമാണ് കർത്തൃപ്രാർഥന. ഇതു ചൊല്ലാൻ എനിക്ക് അധികാരവും അവകാശവും ലഭിച്ചത് പിതാ-പുത്ര-പരിശുദ്ധാത്മാവിന്റെ നാമത്തിൽ ഞാൻ ഉന്നതത്തിൽനിന്ന് ജനിപ്പിക്കപ്പെട്ട

[6] ഈ ഗ്രന്ഥകാരന്റെ പരിഭാഷ [7] ലൂക്കാ 11,1-4 [8] മത്താ 6,9-13;ലൂക്കാ 11,2-4

പ്പോഴാണല്ലോ. മാർ യാക്കോബിന്റെ വാക്കുകളിൽ, ഞാൻ ക്രിസ്തുവിന്റെ ''രഹസ്യത്തിന്റെ'' പുത്രനാക്കപ്പെട്ടപ്പോൾ. ''രഹസ്യത്തിന്റെ പുത്രനായ'' ഞാൻ കർത്തൃപ്രാർഥന പ്രാർഥിക്കുമ്പോൾ *എന്റെ മുറിയിൽ കടന്ന്, കതകടച്ച്, അദൃശനായ എന്റെ പിതാവിനോടു പ്രാർഥിക്കണം. രഹസ്യത്തിൽ കാണുന്ന പിതാവ് എനിക്കു പ്രതിഫലം നല്കും.*[9]

ഏതാണ് എന്റെ മുറി? ഒന്നാമത്, എന്നെ രഹസ്യത്തിന്റെ പുത്രനാക്കിയ മുറി. അത് മാമോദീസാത്തൊട്ടിയാണ്. അത് എനിക്ക് എന്റെ ഹൃദയമാകുന്ന മുറിക്കുള്ളിൽ പ്രവേശിക്കാൻ പ്രാപ്തിയില്ലാതിരുന്ന കുഞ്ഞിപ്രായത്തിൽ എന്നെ ദൈവത്തിന്റെ മുറിക്കുള്ളിൽ, ദൈവത്തിന്റെ ഭവനത്തിൽ, പ്രവേശിപ്പിച്ച മുറിയാണ്. അതേ, ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ എനിക്കു പുത്രന്റെ അവകാശം നല്കപ്പെട്ട സംഭവത്തിൽ ഞാൻ പുനർജീവിക്കണം. കർത്തൃപ്രാർഥനയ്ക്കു കരങ്ങളുയർത്തുന്ന ഓരോ സന്ദർഭത്തിലും ഞാൻ എനിക്ക്, ഞങ്ങൾ ഞങ്ങൾക്ക്, മാമോദീസായിൽ നല്കപ്പെട്ട ദൈവപുത്രത്വം പുനരാഘോഷിക്കുകയാണ്. എന്റെ മുറി, രണ്ടാമത്, എന്റെ ഹൃദയമാണ്. അതിന്റെ വാതിലുകളും ജനാലകളും ലൗകായതികമായ സകലതിനുമെതിരേ മുറുക്കിയടച്ചുപൂട്ടണം. എന്റെ ഹൃദയത്തിൽ രഹസ്യത്തിൽ വസിക്കുകയും എന്നെ കാണുകയും കേൾക്കുകയും ചെയ്യുന്ന ദൈവത്തെ കാണണം, കേൾക്കണം. അവിടെ രഹസ്യത്തിൽ അവൻ തരുന്ന ഏറ്റവും വലിയ പ്രതിഫലം അവൻതന്നെയാണ്. എന്റെ മുറി, മൂന്നാമത്, ദൈവത്തിന്റെ ഭവനമാണ്. അത് ദൈവജനമാണ്. ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നാണ് കർത്തൃപ്രാർഥനയിൽ ദൈവത്തെ വിളിക്കേണ്ടത്. ''എന്റെ സ്വർഗസ്ഥനായ പിതാവേ'' എന്നല്ല. ''ഞങ്ങളുടെ'' എന്നാണ്. ഞാൻ ഞങ്ങളാകണം. ഹൃദയമാകുന്ന മുറിയുടെ വിസ്താരണമാകണം കുടുംബം സമ്മേളിക്കുന്ന വീടും ദൈവജനം സമ്മേളിക്കുന്ന ദേവാലയവും. ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നു ഞാൻ വിളിക്കുമ്പോൾ എന്റെ ഹൃദയത്തിന്റെ കണ്ണുകളും കരങ്ങളും കുടുംബത്തിലും ദേവാലയത്തിലുമുള്ളവരും അല്ലാത്തവരുമായ പിതാവിന്റെ എല്ലാ മക്കളിലേക്കും നീളണം.

മുറിയുടെ ആദ്യത്തെ രണ്ടു സാന്നിധ്യങ്ങളിലും രഹസ്യത്തിൽ പ്രവേശിച്ചു രഹസ്യത്തിൽ പിതാവിനോടു പ്രാർഥിക്കാൻ എനിക്കു സാധിച്ചാൽ മുറിയുടെ മൂന്നാം സാന്നിധ്യത്തിലേക്കുള്ള പ്രവേശനവും അതിലെ പ്രാർഥനയും അനായാസവും അത്യാസ്വാദ്യവുമാകും. എന്റെ

[9] മത്താ 6,6.

വീടിന്റെയോ ദേവാലയത്തിന്റെയോ മേല്ക്കൂര രഹസ്യത്തിലുള്ള എന്റെ പ്രാർഥനയ്ക്ക് എനിക്കു രഹസ്യത്തിൽ - എന്റെ ഹൃദയത്തിൽ - മറുപടി നല്കാൻ സ്വർഗസ്ഥപിതാവിനു തടസ്സമല്ല.

## ക്രൈസ്തവ പ്രാർഥന

ആദിസഭയുടെ ദൃഷ്ടിയിൽ കർത്തൃപ്രാർഥന യേശുശിഷ്യരുടെ മാത്രം പ്രാർഥനയായിരുന്നു. അവരെ യോഹന്നാന്റെ ശിഷ്യരിൽനിന്നും മറ്റു ശിഷ്യക്കൂട്ടങ്ങളിൽനിന്നും വ്യത്യസ്തരാക്കുന്ന പ്രാർഥന.[10] അവരെ വ്യത്യസ്തരാക്കിയ അടിസ്ഥാന കാര്യം അവരുടെ വിശ്വാസമാണ്: യേശു ദൈവത്തിന്റെ ഏകപുത്രനും മിശിഹായും രക്ഷകനുമെന്നും ദൈവം സ്വർഗസ്ഥനായ പിതാവെന്നുമുള്ള വിശ്വാസം. ഈ വിശ്വാസം അവരെ വിശുദ്ധീകരിച്ചു. അവർ മിശിഹാവഴി ദൈവത്തിന്റേതായി. വിശ്വാസം ഏറ്റുപറഞ്ഞവർക്കാണ് സ്നാനം (മാമോദീസാ) നല്കപ്പെട്ടിരുന്നത്. ക്രൈസ്തവ വിശ്വാസത്താലുള്ള വിശുദ്ധീകരണത്തിന്റെ അംഗീകാരവും സ്ഥിരീകരണവുംകൂടിയായിരുന്നു മാമോദീസായാലുള്ള വിശുദ്ധീകരണം. മാമോദീസായാൽ വിശുദ്ധീകൃതരായവരുടെ മാത്രം പ്രാർഥനയായിരുന്നു അവരുടെ അടയാളക്കൊടിയായ കർത്തൃപ്രാർഥന. മൗലികമായി കർത്തൃപ്രാർഥന ക്രിസ്തീയ വിശ്വാസികളുടെ, വിശ്വാസത്താലും മാമോദീസായാലും വിശുദ്ധീകൃതരായവരുടെ, പ്രാർഥനയാണ്.[11] അങ്ങനെയാണ് അതെപ്പറ്റിയുള്ള ഏറ്റവും പുരാതനങ്ങളായ സുവിശേഷേതര സാക്ഷ്യങ്ങൾ.[12] കർത്താവ് പഠിപ്പിച്ച പ്രാർഥനയും കർത്താവിന്റെ അത്താഴവും സഭയുടെ ഏറ്റവും വിശുദ്ധമായ നിക്ഷേപങ്ങളാണ്. അവ, സ്നാനം സ്വീകരിച്ച് സഭയുടെ പൂർണ അംഗങ്ങളായവർക്കു മാത്രമായി മാറ്റിവയ്ക്കപ്പെട്ടവയായിരുന്നു. സഭയ്ക്കു പുറത്തുള്ളവർക്കു നല്കപ്പെ

---

[10] ലൂക്കാ 11,1 [11] Joachim Jeremias, *The Sermon of the Mount - The Lord's Prayer - The Problem of the Historical Jesus*, TPI, Banglore, no year, 66

[12] *ഡിഡക്കേ*യും മോപ്സ്വേസ്തായിലെ തിയഡോറിന്റെ *മതാധ്യാപനപ്രസംഗങ്ങളും* ജറുസലേമിലെ വിശുദ്ധ സിറിലിന്റെ *മിസ്റ്റഗോഗിക്കൽ പ്രഭാഷണങ്ങളും. ഡിഡക്കേ*, 8,2: ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ*, 7-8. *ഡിഡക്കേ*, അദ്ധ്യായം 1-6: സ്നാനാർഥികൾക്കുള്ള ഉപദേശം; അദ്ധ്യായം 7: സ്നാനം; 7,4-8,2: ഉപവാസവും പ്രാർഥനയും(കർതൃപ്രാർഥനയുൾപ്പടെ). *ഡിഡക്കേ*യുടെ ആദിരൂപം ക്രി.വ. 70-90കളിൽ എഴുതപ്പെട്ടു (ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ*, 1.). 50-70 കാലഘട്ടത്തിലെന്നു കണക്കു കൂട്ടുന്ന പണ്ഡിതരുമുണ്ട് (Jean-Paul Audet, *LaDidache: Instructions des Apotres*, Paris: Gabalda,1958, 219). ക്രി.വ. 92-101ൽ റോമിലെ മെത്രാനായിരുന്ന ക്ലെമെന്റ് *ഡിഡക്കേ* ഉദ്ധരിച്ചിട്ടുണ്ട്. 338-392 കാലഘട്ടത്തിൽ മോപ്സ്വേസ്തായിലെ തിയഡോർ അന്ത്യോക്യയിൽ സ്നാനാർഥികളെ ലക്ഷ്യമാക്കി നടത്തിയവയവയാണ് *മതാധ്യാപന പ്രസംഗങ്ങൾ* (ജി. ചേടിയത്ത് (വിവ), തിയഡോർ, *മതാധ്യാപനപ്രസംഗങ്ങൾ*, ./.

ട്ടിരുന്നില്ല.[13] അത് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കും, സ്നാനം സ്വീകരിച്ചു സഭാക്കൂട്ടായ്മയിലായവർക്കും, ദൈവത്തെ സ്വർഗസ്ഥ പിതാവെന്ന് യേശു വിളിച്ചു പഠിപ്പിച്ചതനുസരിച്ചു പ്രാർഥിക്കുന്നവർക്കും സഭയിലൂടെ നല്കപ്പെട്ടിരുന്നതാണ്.[14]

## നീതിയുടെയും പരിപൂർണതയുടെയും സൗന്ദര്യമാകെയുള്ള പ്രാർഥന

"തീക്ഷ്ണതയോടെ അതു പ്രാർഥിക്കുന്നയാൾ നീതിയുടെയും പരിപൂർണതയുടെയും സൗന്ദര്യമെല്ലാം അതിൽ കണ്ടെത്തുന്നു" (മാർ യാക്കോബ്). നീതി എന്താണ്? എന്താണ് നീതിയുടെ പരിപൂർണത? എന്താണ് ഇവയുടെ സൗന്ദര്യം? ശിഷ്യന്റെ, വിശ്വാസികളുടെ, മനുഷ്യരുടെ നീതി ദൈവഹിതം നിറവേറ്റുന്നതിലാണ്. നോഹ നീതിനിഷ്ഠനായിരുന്നു. അബ്രാഹം നീതിനിഷ്ഠനായിരുന്നു. പുരോഹിതനായ സഖറിയായും ഏലിസബത്തും നീതിനിഷ്ഠരായിരുന്നു. അങ്ങനെ എത്രയോ നീതിനിഷ്ഠർ. അവരെയെല്ലാം പൂർത്തീകരിച്ചുകൊണ്ട് യേശു *വാസ്തവത്തിൽ നീതിനിഷ്ഠനായിരുന്നു*.[15] എന്തെന്നാൽ, അവരെല്ലാം ദൈവത്തിന്റെ ഹിതം പ്രവർത്തിച്ചു. അക്കാര്യത്തിൽ യേശു അവരുടെ പൂർത്തീകരണമായി. *എന്റെ ഹിതമല്ല, നിന്റേതു നിറവേറട്ടെ* എന്ന് യേശു പ്രാർഥിച്ചു. കർത്തൃപ്രാർഥനയിൽ നിന്റെ രാജ്യം വരണമെ; നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ എന്നു പ്രാർഥിക്കാൻ അവൻ പഠിപ്പിച്ചു. ദൈവത്തിന്റെ നീതി അവന്റെ ഹിതം നിറവേറ്റുന്നവർക്കു വാഗ്ദാനപ്രകാരം രക്ഷാകരമായ പ്രതിഫലം നല്കുക എന്നതുതന്നെ. ദൈവനീതിയുടെ പരമോന്നതാവിഷ്കാരം നീതിനിഷ്ഠനായിരുന്ന യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി തന്നോടൊപ്പം അധികാരം കയ്യാളുന്നവനാക്കി എന്നതിലാണ്.[16]

---

./. xxi-xxii. മാമ്മോദീസാ വിശദീകരിച്ചതിനുശേഷം 350ലെ ഉയിർപ്പുപെരുന്നാളിൽ ജറുസലേമിലെ തിരുക്കല്ലറയുടെ ദേവായത്തിൽ ജറുസലേമിലെ വിശുദ്ധ സിറിൽ ചെയ്ത ഇരുപത്തിനാലു പ്രസംഗങ്ങളിൽ അവസാനത്തെ അഞ്ചെണ്ണം വിശുദ്ധ രഹസ്യങ്ങളെ (കൂദാശകളെ) കുറിച്ചുള്ളവയാണ്. അതിനാലാണ് അവയെ മിസ്റ്റഗോഗിക്കൽ പ്രഭാഷണങ്ങൾ എന്നു വിളിക്കുന്നത്. ഇവയിൽ നാലും അഞ്ചും പ്രസംഗങ്ങൾ വി.കുർബാനയുടെ വിശദീകരണമാണ്. അഞ്ചാം പ്രസംഗത്തിലെ 11-18 ഖണ്ഡികകൾ വിശുദ്ധ കുർബാനസ്വീകരണത്തിനു മുമ്പുള്ള കർത്തൃ പ്രാർഥനയെക്കുറിച്ചാണ്; കാണുക; ജറുസലേമിലെ സിറിൽ, *മതാധ്യാപനപ്രസംഗങ്ങൾ*, 354-367.

[13] പ്രസിദ്ധനായ ഒരു പ്രൊട്ടസ്റ്റന്റ് ബൈബിൾപണ്ഡിതനായിരുന്ന T.W.Mansionന്റെ ഈ നിരീക്ഷണങ്ങൾ J. Jeremias, *The Sermon of the Mount - The Lord's Prayer*, 66.68ൽ കുറിച്ചിട്ടുണ്ട്

[14] അതേ കൃതി അതേ പേജ്.

[15] ലൂക്കാ 23,47

[16] അപ്പ 2,33-36

**ദൈവത്തിന്റെ നീതിയുടെ സൗന്ദര്യം**

യേശു ഫരീസേയനായ ശിമഓന്റെ ഭവനത്തിൽവച്ചു പട്ടണപ്പാപിനിയുടെ കണ്ണീരിന്റെ വിരുന്നുണ്ടതിൽ ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്. സ്വസൗന്ദര്യം നശിച്ചുപോയ രാജകീയ ഛായയുള്ള ആത്മാവിന്റെ സൗന്ദര്യം ആ ആത്മാവ് തിരിച്ചുവരുമ്പോൾ പെട്ടെന്നു തിരികെക്കൊടുക്കാൻവേണ്ടി സൂക്ഷിക്കുന്നതിലും തിരികെക്കൊടുക്കുന്നതിലും ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്.[17] പാപികളുടെ കണ്ണീർമുത്തുമാലകൾ വാരിയെടുത്തണിഞ്ഞ് തന്റെ സൗന്ദര്യത്തെയലങ്കരിക്കുന്നതിൽ ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്. നൂറു ദേനാറായുടെ കടം ഇളച്ചുകൊടുക്കുന്നവനു പതിനായിരം താലന്തിന്റെ കടമിളവു കൊടുക്കുന്നതിലും നൂറു ദേനാറായുടെ കടം ഇളച്ചുകൊടുക്കാത്തവന് കല്ത്തുറുങ്കു കൊടുക്കുന്നതിലും ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്. തൊണ്ണൂറ്റൊമ്പത് ആടിനെയും മലയിൽ വിട്ടിട്ട് നഷ്ടപ്പെട്ട ഒരാടിനെ തേടി കണ്ടെത്തി തോളിലേറ്റി സന്തോഷിച്ചു വരുന്ന ഇടയന്റെ സന്തോഷത്തിൽ ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്.  വീടും അപ്പനെയും സഹോദരനെയും ദാസരെയും മടുത്തു വെറുത്തു വീതവും വാങ്ങി വിജയിയായിപ്പോയി അശുദ്ധിയുടെ നാട്ടിൽ സ്വത്തും സ്വത്വവും നഷ്ടപ്പെടുത്തിയ ഇളയ പുത്രൻ. പട്ടിണി ഭക്ഷിക്കേണ്ടിവന്നപ്പോൾ തന്നിലേക്കു തിരിഞ്ഞുനോക്കി. പൊറുതിക്കുള്ള പാട്ടും മൂളി പീറത്തുണി ചുറ്റി പടിപ്പുരയ്ക്കപ്പുറത്തെത്തിയതേയുള്ളു. അവിടേക്കിറങ്ങിച്ചെന്ന് അവനെ ചുംബിച്ചെതിരേറ്റുകൊണ്ടുവന്ന് ആഢ്യതയുടെയും അവകാശത്തിന്റെയും ആടയാഭരണങ്ങളണിയിക്കുകയും വിശേഷാൽ വിരുന്നൊരുക്കി സന്തോഷമാഘോഷിക്കുകയും ചെയ്ത അപ്പൻ. അപ്പന്റെ നീതിയിൽ ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്. കൂടെ ക്രൂശിക്കപ്പെട്ട കുറ്റവാളികളിലൊരുവന്റെ ഓർമയ്ക്കുള്ള അപേക്ഷ കാതിലെത്തിയപ്പോഴേ പറുദീസായിലെ കൂട്ടുവാസം വാഗ്ദാനം ചെയ്ത ക്രൂശിതനായ ക്രിസ്തുവിന്റെ നീതിയിൽ ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്. സഹോദരന്റെ തെറ്റു ക്ഷമിച്ചിട്ട് തന്റെ തെറ്റുകൾക്കു ക്ഷമ ചോദിക്കുന്നവന്റെ തെറ്റുകുറ്റങ്ങളെല്ലാം കരുണാപൂർവം ക്ഷമിക്കുകയും, സഹോദരനോടു ക്ഷമിക്കാതെ തന്റെ തെറ്റിനു ക്ഷമ  ചോദിക്കുന്നവനോടു കാഠിന്യം കാട്ടുകയും ചെയ്യുന്നതിൽ ദൈവത്തിന്റെ നീതിയുടെ സൗന്ദര്യമുണ്ട്.

---

[17] *വലിയ നോമ്പിലെ പ്രാർത്ഥനക്രമം*, ചൊവ്വാ രാത്രി, ഒന്നാം കൗമാ, മാർ യാക്കോബിന്റെ ബോവൂസാ

**ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യം**

ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിനിഷ്ഠരുടെമേലും നീതിരഹിതരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്ന സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവാഹത്തിലുള്ളത് ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യമാണ്.[18] ശത്രുമിത്രഭേദമില്ലാതെ അയല്ക്കാരെ സ്നേഹിക്കുന്നതിൽ ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യമൊഴുകുന്നു. എന്നോടു ശത്രുതയോടെ പെറുമാറുന്നവനും സ്നേഹത്തോടെ പെരുമാറുന്നവനും ഒരുപോലെ എന്റെ സ്നേ ഹത്തിനവകാശമുള്ള അയല്ക്കാരാണെന്നു കണ്ട് അവരെ സ്നേഹിക്കുന്നതിൽ ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യമുണ്ട്. എന്നെ ആക്ര മിച്ചവനെ ഞാൻ തിരിച്ചാക്രമിക്കാതിരിക്കുന്നതിൽ, എന്നെ ചീത്ത പറഞ്ഞവനോടു ഞാൻ അതേ ഭാഷയിൽ പ്രതികരിക്കാതിരിക്കുന്നതിൽ ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യമുണ്ട്. എന്നെ ദ്വേഷിക്കുന്ന വർക്കു നന്മ ചെയ്യുകയും ശപിക്കുന്നവരെ അനുഗ്രഹിക്കുകയും. അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നതിൽ ദൈവ ത്തിന്റെ പരിപൂർണതയുടെ സൗന്ദര്യമുണ്ട്. പകരത്തിനു പകരം ചെയ്യാതിരിക്കുന്നതിലും, ശത്രുക്കളോടും നമ്മോടു ദുഷ്ടത പ്രവർത്തിക്കുന്ന വരോടും പ്രതികരിക്കുന്നതിന് പാപികളുടെ മാനദണ്ഡം സ്വീകരിക്കാതെ നാം പ്രാർഥനയിൽ വിളിക്കുന്ന സ്വർഗസ്ഥ പിതാവിന്റെ, ദൈവമക്കളുടെ, മാനദണ്ഡം സ്വീകരിക്കുന്നതിൽ ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യമുണ്ട്. നന്ദിഹീനരോടും ദുഷ്ടരോടും കരുണയുള്ള അത്യുന്നതന്റെ പുത്രരായിരിക്കുന്നതിൽ ദൈവത്തിന്റെ പരിപൂർണതയുടെ സൗന്ദര്യമുണ്ട്. നമ്മുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നമ്മളും കരുണയുള്ളവരായിരിക്കുന്നതിൽ ദൈവത്തിന്റെ പരിപൂർണതയുടെ[19] സൗന്ദര്യമുണ്ട്.

ഞാൻ കർത്തൃപ്രാർഥന തീക്ഷ്ണതയോടെ പ്രാർഥിച്ചാൽ എനിക്കതിൽ നമ്മൾ വിളിക്കുന്ന സ്വർഗസ്ഥപിതാവിന്റെ നീതിയുടെ സൗന്ദര്യമാകെ, ദൈവികനന്മയുടെ ആകർഷണീയതയാകെ, കണ്ടെത്താം. നമ്മോടു ക്ഷമിക്കാൻ സദാ സന്നദ്ധനായിരിക്കുന്ന ദൈവത്തെ കർത്തൃപ്രാർഥന കാട്ടിത്തരുന്നു. സ്വർഗസ്ഥപിതാവിനോടു ക്ഷമ ചോദിക്കാൻ അതു മക്കൾക്കു ധൈര്യമേകുന്നു. നമ്മോടു തെറ്റു ചെയ്യുന്ന സഹോദരങ്ങളോടു ക്ഷമിക്കാൻ അതു നമ്മെ ഉത്തേജിപ്പിക്കുന്നു. പിതാവിന്റെ

[18] മത്താ 5,43-48; ലൂക്കാ 6,27-28.32-36

[19] ലൂക്കാ 6,27-36

പരിപൂർണതയുടെ ഓഹരിക്കാരും അവകാശികളുമാകാൻ നമ്മെ പ്രചോദിപ്പിക്കുന്നതാണ് തീക്ഷ്ണതയോടെയുള്ള നമ്മുടെ കർത്തൃപ്രാർഥന. അതു നമ്മെ സാത്താനെതിരായി ശക്തീകരിക്കുന്നു. നമ്മുടെ കർത്താവ് നമ്മെ ചൊല്ലിപ്പഠിപ്പിച്ചിട്ടുള്ള ഈ പ്രാർഥനയിൽ "സുവിശേഷം മുഴുവന്റെയും സാരസംഗ്രഹംതന്നെ അടങ്ങിയിരിക്കുന്നു."[20]

കർത്തൃപ്രാർഥനയുടെ ക്രമവും എത്ര സുന്ദരം! ആദ്യം സ്വർഗസംബന്ധിയായ കാര്യങ്ങൾ പ്രാർഥനാവിഷയമാക്കുന്നു. അങ്ങനെ, ദൈവത്തിന്റെ നാമം, ദൈവത്തിന്റെ ഇഷ്ടം, ദൈവത്തിന്റെ രാജ്യം എന്നിവ. അനന്തരം നമ്മുടെ ഭൗമികാവശ്യങ്ങൾക്കുവേണ്ടി.[21] ഭൗതികവും ആധ്യാത്മികവുമായ ആവശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്. *നിങ്ങളാകട്ടെ, ആദ്യം ദൈവത്തിന്റെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുവിൻ. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു നല്കപ്പെടും* എന്ന് നമ്മുടെ കർത്താവ് പറയാനിരുന്നത് [22] അവൻ മുൻകൂറായി പ്രാർഥനയുടെ വിഷയത്തിൽത്തന്നെ പഠിപ്പിച്ചുകൊണ്ട്. അങ്ങനെ, ശിഷ്യരായ നമ്മുടെ പ്രാർഥനയിലും ജീവിതത്തിലും പാലിക്കേണ്ട മുൻഗണനാക്രമവും നമ്മുടെ കർത്താവ് പഠിപ്പിച്ചു.

ഈ മുൻഗണനാക്രമം എന്തുകൊണ്ടാണ് പ്രാർഥനയിലും പാലിക്കാൻ നമ്മുടെ കർത്താവ് പഠിപ്പിച്ചത്? കർത്താവ് തന്റെ വിശുദ്ധ ജനമായി തിരഞ്ഞെടുത്ത ഇസ്രായേലിന് കല്പനകൾ (വചനമെന്ന യഥാർഥ അപ്പം) കൊടുക്കുന്നതിനുമുമ്പ് അവരുടെ ശരീരത്തിനു വേണ്ട അപ്പത്തിനുള്ള അർഥന കേട്ട് അപ്പം കൊടുത്തു.[23] അവിടന്ന് അതു ചെയ്തത് *കർത്താവായ ഞാനാണ് നിങ്ങളുടെ ദൈവമെന്ന്* അവർ *മനസ്സിലാക്കാൻവേണ്ടിയാണ്.*[24] പക്ഷേ, കർത്താവായ ദൈവവുമായുള്ള ഉടമ്പടി ഉറപ്പിക്കുകയും പ്രധാനപുരോഹിതനായ അഹറോനെയുൾപ്പടെ പുരോഹിതന്മാരെ ലഭിക്കുകയും ചെയ്തശേഷം ഉടനെ അവരെന്താണ് ചെയ്തത്? ഉടമ്പടിപ്പത്രിക വാങ്ങാൻ മലയിൽ കർത്താവിന്റെ പക്കലേക്കു പോയ മോശ തിരിച്ചിറങ്ങിവരാൻ അല്പം വൈകിയ തക്കംനോക്കി അവർ സ്വർണക്കാളക്കുട്ടിയെ ഉണ്ടാക്കി; അതിന് 'കർത്താവ്' എന്ന നാമം നല്കി; *അതിന് ദഹനയാഗങ്ങളും അനുരഞ്ജനയാഗങ്ങളും അർപ്പിച്ചു; ജനം തീനും കുടിയും കഴിഞ്ഞു വിനോ*

[20] തെർത്തുല്യൻ, *പ്രാർഥന*, 8,6 (വിവ. ജി. ചേടിയത്ത്), *പ്രാർഥന സഭയിൽ*, കോട്ടയം, 1988, 12. [21] തെർത്തുല്യൻ, *പ്രാർത്ഥന*, 6,1 [22] മത്താ 6,33 [23] പുറ 16
[24] പുറ 16,12

*ദങ്ങളിലേർപ്പെട്ടു.*[25] 'കർത്താവ്'' എന്ന നാമം അവരുണ്ടാക്കിയ സ്വർണ ക്കാളക്കുട്ടിക്കു നല്കി അശുദ്ധമാക്കി. ദൈവമായ കർത്താവിന് അർപ്പി ക്കേണ്ട യാഗങ്ങൾ അതിനർപ്പിച്ച് അവയും അശുദ്ധമാക്കി. അവർ തങ്ങളുടെ തീനും കുടിയും അശുദ്ധമാക്കി. വിനോദങ്ങളിലേർപ്പെട്ട്, അതായത്, കാളക്കുട്ടിയെ പ്രസാദിപ്പിക്കാൻ അവിഹിത ലൈംഗിക കേളികളിലേർപ്പെട്ട്, തങ്ങളെത്തന്നെയും അശുദ്ധരാക്കി; ലൈംഗികത യെയും അശുദ്ധമാക്കി. തന്റെ ശിഷ്യർ, പ്രാർഥിക്കുമ്പോൾ പ്രഥമ സ്ഥാനം പിതാവിന്റെ നാമം പരിശുദ്ധമാക്കപ്പെടുന്നതിനാകണം എന്ന് നമ്മുടെ കർത്താവ് ക്രമീകരിച്ചു തന്നത് നമ്മുടെ വിശുദ്ധീകരണത്തി നുള്ള കാര്യങ്ങളെക്കൊണ്ട് പ്രാർഥന അവസാനിപ്പിക്കാനാണ്. അതേ, നമ്മുടെ വിശുദ്ധീകരണത്തിൽ പ്രാർഥന ഫലമണിയാനാണ്.

## സ്വീകാര്യമായ പൊതുപ്രാർഥന

ഇന്നിപ്പോൾ കർത്തൃപ്രാർഥന എല്ലാവർക്കും പൊതുവായൊരു പ്രാർഥനയാണ്. ദൈവത്തെ പിതാവും പരിപാലകനുമെന്ന്, പ്രപഞ്ച ത്തിന്റെയും മനുഷ്യകുലത്തിന്റെയും ആദിമൂലകാരണമായ സ്നേഹവും, ഇപ്പോഴുമെപ്പോഴും സ്നേഹിച്ചുകൊണ്ടിരിക്കുന്ന സ്നേഹക്കൂട്ടായ്മയായ ഒരു വ്യക്തിയെന്നും, അംഗീകരിക്കുന്ന സകലർക്കും ഏറ്റുചൊല്ലാവുന്ന ഒരു പൊതുപ്രാർഥന. ഈ സ്വീകാര്യത അതിന്റെ അർഥവും, ശുദ്ധീക രണപ്രവർത്തനവും സംബന്ധിച്ച വിചാരങ്ങളുടെ പ്രസക്തിയും പ്രാധാ ന്യവും കാലാനുസാരിയായി ഏറ്റുകയാണ്. ഇത് ശുഭോദർക്കംതന്നെ.

## സ്വർഗസ്ഥനായ പിതാവ് പരിശുദ്ധനായ പിതാവ്

''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നു ദൈവത്തെ വിളിച്ചു പ്രാർഥിക്കാനാണ് യേശു മലയിലെ പ്രസംഗത്തിൽ ശിഷ്യന്മാരെ പഠി പ്പിച്ചതെന്ന് സുവിശേഷകനായ മത്തായി സാക്ഷ്യപ്പെടുത്തുന്നു.[26] പ്രസം ഗത്തിന്റെ ഈ ഭാഗത്തിനു മുമ്പേതന്നെ മനുഷ്യർ ശിഷ്യരുടെ സ്വർഗ സ്ഥപിതാവിനെ മഹത്ത്വപ്പെടുത്തുന്നതിനെക്കുറിച്ച് യേശു അവരോടു പറഞ്ഞിരുന്നു.[27] സ്വർഗം എന്ന പദംകൊണ്ടുദ്ദേശിക്കുന്നത് ദൈവം വസി ക്കുന്ന, സൃഷ്ടിക്കതീതമായ, സ്ഥാനമാണ്. മനുഷ്യന്റെ തിന്മയും അശു ദ്ധിയുമൊന്നും ബാധിക്കാത്ത സ്ഥാനം. മനുഷ്യരായ നമ്മുടെ ഹൃദയ ത്തിൽ വസിക്കുമ്പോഴും അതിന് അതീനാണ് ദൈവം. ദൈവത്തിന്റെ ആലയമായ ജനം അവിടന്ന് ഇറങ്ങി വസിക്കുന്നിടമാണ്. എന്തെന്നാൽ,

[25] പുറ 32,1-6 [26] മത്താ 6,9 [27] മത്താ 6,1

അവിടന്ന് അരുൾചെയ്തിട്ടുണ്ട്: *ഞാൻ അവരിൽ വസിക്കുകയും അവരുടെയിടയിൽ വ്യാപരിക്കുകയും ചെയ്യും*; *ഞാൻ അവരുടെ ദൈവമായിരിക്കും; അവർ എന്റെ ജനവുമായിരിക്കും*.[28] ദൈവം ഇറങ്ങി വസിക്കുകയും വ്യാപരിക്കുകയും ചെയ്യുന്നിടം സ്വർഗമാണ്. ദൈവം വിശുദ്ധരിൽ വസിക്കുന്നതുപോലെതന്നെയാണ് സ്വർഗത്തിൽ വസിക്കുന്നതും. സ്വർഗീയന്റെ മുദ്ര പതിഞ്ഞിട്ടുള്ള വിശുദ്ധരാണ് സ്വർഗം.[29] സ്വർഗസ്ഥൻ എന്ന സ്ഥാനസൂചനയിൽത്തന്നെ ദൈവത്തിന്റെ പരിശുദ്ധിയുടെ സൂചനയുണ്ട്; ദൈവം പരിശുദ്ധനാകുന്നു എന്ന സൂചനയുണ്ട്.

## മക്കളാൽ പരിശുദ്ധമാക്കപ്പെടേണ്ട നാമം

കർത്തൃപ്രാർഥനയിലെ ആദ്യത്തെ അപേക്ഷയിൽത്തന്നെ അതിന്റെ വിശുദ്ധീകരണോദ്ദേശ്യം വ്യക്തമത്രേ: *നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം*. നിന്റെ നാമം എന്നു പറഞ്ഞാൽ നീതന്നെ. ദൈവനാമം പരിശുദ്ധമാണെന്ന് സർവത്ര അംഗീകരിക്കപ്പെടണം. ദൈവമായ കർത്താവിന്റെ നാമം വൃഥായും വ്യർഥമായും ഉപയോഗിക്കപ്പെടരുത്. ദൈവമല്ലാത്തവയെ ദൈവമെന്നു വിളിക്കരുത്. ദൈവമല്ലാത്തവയെ ദൈവമാക്കരുത്. ദൈവമായി ദൈവം മാത്രമേയുള്ളു. ദൈവപിതാവ് പരിശുദ്ധൻ എന്ന് എന്നേരവും എല്ലായിടവും സ്തുതിക്കപ്പെട്ടുകൊണ്ടിരിക്കണം. ദൈവമക്കളെല്ലാം - മനുഷ്യരെല്ലാം - പരിശുദ്ധരാക്കപ്പെടണം. പ്രത്യേകിച്ച്, എന്റെ ജനം എന്നു ദൈവം വിളിച്ചവരും ആ വിളി തിരിച്ചറിഞ്ഞവരെന്ന് അവകാശപ്പെടുന്നവരും. കർത്താവ് തന്റെ ജനത്തോട് ആവശ്യപ്പെടുന്നുണ്ടല്ലോ: *നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്*.[30] ഞങ്ങളുടെ ദൈവമായ സ്വർഗസ്ഥപിതാവിന്റെ പരിശുദ്ധി ഞങ്ങൾവഴി ഞങ്ങളുടെ അയല്ക്കാരനിലേക്കും അയലത്തേക്കും എത്തണം. അങ്ങനെ പ്രപഞ്ചത്തിലാകെ നമ്മുടെ സ്വർഗസ്ഥപിതാവിന്റെ നാമം പരിശുദ്ധമാക്കപ്പെടണം.

## *നിന്റെ രാജ്യം വരണം; നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണം*

സ്വർഗസ്ഥ പിതാവിന്റെ നാമം പരിശുദ്ധമാക്കപ്പെടാനുള്ള പ്രായോഗിക വഴികളാണ് തുടർന്നുള്ള അപേക്ഷകൾ: *നിന്റെ രാജ്യം വരണം; നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണം*. നിന്റെ രാജ്യം

---

[28]ലേവ്യ 26,11-12; 2കോറി 6,16 [29]ഒരിജൻ, *പ്രാർഥന*, 22,4 [30]ലേവ്യ 19,2

*വരണം* എന്ന അപേക്ഷയുടെ സാരം ദൈവപിതാവ് ഭരിച്ചുകൊണ്ടിരിക്കണം, ദൈവഹിതത്താൽ മാത്രം ഭരിക്കപ്പെടണം എന്ന്. ദൈവത്തിന്റെ ഭരിക്കൽ മാത്രം സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥാനങ്ങളും അവസ്ഥയും ഉണ്ടാകട്ടെയെന്നാണ്. അത് എന്നിലും ഞങ്ങളിലും സകല ദേശ,രാജ്യങ്ങളിലും സൃഷ്ടിയിലാകെയും സംഭവിക്കണം.

ലൂക്കാ 11,2ലെ *നിന്റെ രാജ്യം വരണം* എന്ന അപേക്ഷയുടെ സ്ഥാനത്ത് രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു പാഠഭേദമുണ്ട്: ''നിന്റെ പരിശുദ്ധാത്മാവ് ഞങ്ങളുടെമേൽ വന്നു ഞങ്ങളെ വിശുദ്ധീകരിക്കട്ടെ.''[31] ഈ പാഠഭേദം കർത്തൃപ്രാർഥനയുടെ വിശുദ്ധീകരണോദ്ദേശ്യത്തിനു പുരാതന സഭ നല്കിയിരുന്ന പ്രാധാന്യത്തിന്റെ സൂചകമാണ്. ദൈവഹിതം മാത്രം നിറവേറുന്നിടമാണ് സ്വർഗം. അതുപോലെ ഭൂമിയിലും ആകണം. ദൈവം മാത്രം ഭരിക്കുന്ന സ്ഥിതിവിശേഷം — കർത്താവ് ഏശയ്യായ്ക്കു ദേവാലയത്തിൽ ദൃശ്യനായതുപോലെ; സമയപൂർത്തിയിൽ യേശു ഗത്സമേനിൽ സ്വയം ദർശിച്ചതുപോലെ: *പിതാവേ, എന്റെ ഇഷ്ടമല്ല, നിന്റേതു നിറവേറട്ടെ.*[32] പിതാവിന്റെ മക്കൾ സത്യത്താൽ വിശുദ്ധീകൃതരാകേണ്ടതിനു വചനമാകുന്ന സത്യം സ്വയം വിശുദ്ധീകരിക്കുന്നു.[33]

സ്വർഗസ്ഥപിതാവിന്റെ ഭരണം, അവിടത്തെ ഇഷ്ടം, എന്നിൽ നിറവേറുമ്പോൾ എന്റെ വിശുദ്ധീകരണമായി. ഭൂമിയിൽ വിശുദ്ധീകൃതജീവിതം നയിക്കാനും പൂർണമാക്കാനും ഓരോ ദിവസവും അപ്പം അപ്പനിൽനിന്നു ലഭിക്കണം. വചനം വചനത്തിന്റെ പിതാവിൽനിന്നു സ്വീകരിക്കണം. വിശുദ്ധിക്കു തടസ്സമായേക്കാവുന്ന പാപങ്ങളും, തങ്ങളോടു തെറ്റു ചെയ്തവരോടു ക്ഷമിക്കാൻ മനസ്സില്ലായ്മയും, പരീക്ഷകളും, തടസ്സം സൃഷ്ടിക്കാൻ പിശാചും (ദുഷ്ടനും ദുഷ്ടശക്തികളും) ഉണ്ട്. പരീക്ഷ — എനിക്കു വിശുദ്ധീകരണത്തിനു വഴിയായ വിശ്വാസം ഉപേക്ഷിക്കാനുള്ള പ്രലോഭനം. ദുഷ്ടൻ — എന്നെക്കൊണ്ടു ദുഷിച്ചതു ചിന്തിപ്പിക്കുന്നവനും പറയിപ്പിക്കുന്നവനും പ്രവർത്തിപ്പിക്കുന്നവനും; പിശാച്. അവന് അധീനപ്പെട്ടു ഞങ്ങൾ പരീക്ഷകളിൽ വീണുപോകു

---

[31] ക്രി.വ. 140നടുത്ത് അബദ്ധോപദേശകനായ മാർസിയൻ ഇതേ അപേക്ഷ കർത്തൃപ്രാർഥനയിലെ ആദ്യ അപേക്ഷയ്ക്കു പകരം വച്ചു. നീസായിലെ ഗ്രിഗോറിയോസും (+ 394) വിശ്വാസസമർഥകൻ മാക്സിമൂസും (+ 662) ഗ്രീക്കു കൈയെഴുത്തുപ്രതികളിൽപ്പെട്ട 11-ാം നൂറ്റാണ്ടിലെയും 12-ാം നൂറ്റാണ്ടിലെയും രണ്ടു ലഘുരേഖകളും രണ്ടാം അപേക്ഷയ്ക്കു പകരം നല്കുന്നു: വിശദവിവരങ്ങൾക്ക്, Bruce M.Metzger, *A Textual Commentary of the Greek New Testament*, United Bible Societies, Stuttgart, 1975, 154-156. [32] ലൂക്കാ 22,42 [33] യോഹ 17,19

കയും അശുദ്ധിയിൽ ആണ്ടുപോകുകയും ചെയ്യും. അതിനാൽ, *പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ; പിന്നെയോ, ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ* എന്നു കർത്താവ് പഠിപ്പിച്ചിട്ടുള്ളതനുസരിച്ചു സഭയോടു ചേർന്നു ഞാൻ പ്രാർഥിക്കുന്നു.

മാമോദീസായിൽ എനിക്കു വിശുദ്ധീകരണത്തിനു വഴിയായ വിശ്വാസത്തിൽനിന്നു വ്യതിചലിച്ചും പിശാചിനെ അനുസരിച്ചും വിശുദ്ധി നഷ്ടപ്പെടുത്താതെ സൂക്ഷിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാകുന്നു. അതു നിറവേറ്റുംവിധം എന്നെ ഭരിക്കാൻ എനിക്കു ശക്തിയില്ല. സ്വർഗസ്ഥ പിതാവേ, നീ മാത്രം എന്നെ ഭരിക്കാൻ നിനക്ക് എന്നെ പൂർണമായി വിട്ടുനല്കാൻ ഇനിയും എനിക്കായിട്ടില്ല. ഓരോ ദിവസവും ആവശ്യമുള്ള, വിശുദ്ധീകരിക്കുന്ന, അപ്പം നിന്റെ മേശയിൽനിന്നു സ്വീകരിച്ചിട്ട് ചാഞ്ചല്യമില്ലാതെ ഞാൻ കപടതയിൽ കട്ടിലൊരുക്കി. എന്റെ എണ്ണമറ്റ കൊടുംപാപങ്ങൾക്കു നിന്നിൽനിന്നു ക്ഷമ സ്വീകരിച്ചിട്ടുള്ള ഞാൻ എന്നോടു തെറ്റു ചെയ്തവർ ഖേദം പ്രകടിപ്പിച്ചിട്ടും ഹൃദയപൂർവം ക്ഷമിക്കാൻ വിമുഖനായിരിക്കുന്നു. പതിനായിരം താലന്തിന്റെ കടം ഇളച്ചുകിട്ടിയ ഞാൻ എനിക്കു 100 ദേനാറ കടപ്പെട്ടിരിക്കുന്നയാൾ കാലുപിടിച്ചപേക്ഷിച്ചിട്ടും ഇളച്ചുകൊടുക്കാത്ത കൊടും ക്രൂരനായിരിക്കുന്നു! വീണ്ടെടുപ്പിനു ഞങ്ങളുടെ സ്വർഗസ്ഥപിതാവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു. *എന്തെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു;* ആമ്മീൻ.

അധ്യായം

# 7

# ദേവാലയത്തിലെ ഒരുക്കശുശ്രൂഷകൾ - 6

## യാമനമസ്കാരം

## വിശുദ്ധീകരണം കൗമായിലെ 'കൃപ നിറഞ്ഞ മറിയമേ'യിൽ

കൃപനിറഞ്ഞ മറിയമേ, നിനക്കു സമാധാനം
നമ്മുടെ കർത്താവ് നിന്നോടുകൂടെ.
നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു.
നിന്റെ ഉദരഫലമായ നമ്മുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവ നാകുന്നു.[1]
വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

കന്യകമറിയാമിനു ദൈവം കനിഞ്ഞ കൃപയുടെ വ്യവസ്ഥിതിക്കു വിധേയരാകാൻ, *ദൈവം തന്റെ പ്രിയനിലൂടെ നമുക്കു ചൊരിഞ്ഞിട്ടുള്ള കൃപയാൽ*[1a] വിശുദ്ധീകൃതരാകാൻ, അർഥികളായ നമ്മെ പ്രചോദിപ്പി ക്കുന്ന പ്രാർഥനയാണ് *കൃപനിറഞ്ഞ മറിയമേ...*

---

[1]ഈ അധ്യായം അടിക്കുറിപ്പ് 80 കാണുക [1a]എഫേ 1,6

ഈ പ്രാർഥനയുടെ സൗന്ദര്യം ഇതിന്റെ ആദ്യപകുതി തിരുഗ്രന്ഥ വചനങ്ങളാണ് എന്നതാണ്. അവയിൽത്തന്നെ ആദ്യമുള്ളത് കന്യക യായ അവളുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ട ഗബ്രിയേൽ മാലാഖ അവളെ അഭിവന്ദനം ചെയ്തു പറഞ്ഞ വാക്കുകളാണ്.[2] അവ ദൈവമായ കർത്താവിന്റെ വാക്കുകൾതന്നെ. തിരുഗ്രന്ഥവചനങ്ങളെന്ന നിലയിൽ അവ പരിശുദ്ധാത്മപ്രചോദനത്താലുമുള്ള വാക്കുകളാണ്. ആദ്യപകുതിയുടെ രണ്ടാം ഭാഗം, മാലാഖ അവളോടു പറഞ്ഞ കർത്താ വിന്റെ വാക്കനുസരിച്ചു ഗർഭിണിയായ അവൾ എലിസബത്തിനെ സന്ദർശിച്ച് അഭിവാദനം ചെയ്തപ്പോൾ എലിസബത്ത് പരിശുദ്ധാ ത്മാവാൽ പൂരിതയായി അവളോട് ഉദ്ഘോഷിച്ചവയാണ്.[3] അവ തിരു ഗ്രന്ഥവചനങ്ങളെന്ന നിലയിലും പരിശുദ്ധാത്മപ്രചോദനത്താലള്ള വാക്കു കളാണ്. എല്ലാം ദൈവവചനങ്ങൾതന്നെ. *കൃപനിറഞ്ഞ*(*വൾ*) എന്നു ലത്തീൻ ബൈബിളും പാശ്ചാത്യസുറിയാനി പുതിയ നിയമമാധാ രമാ ക്കുന്ന സുറിയാനി സഭകളും പി.ഒ.സി ബൈബിളും നവീകരണപ്ര സ്ഥാനങ്ങളുടെയുൾപ്പടെ[4] ബൈബിൾവിവർത്തനങ്ങളും പരാവർത്തനം ചെയ്തിട്ടുള്ള വാക്കുകൾകൊണ്ട് ആരംഭിക്കുന്ന പ്രാർഥന.

''*കൃപ നിറഞ്ഞ മറിയമേ*''യെന്ന പ്രാർഥന ധ്യാനവിഷയമാക്കാ നുള്ള ഒരുക്കത്തിന് എനിക്കു മൂന്നു വഴികൾ പ്രത്യേകാനുഗ്രഹമായി. ഒന്ന്, ഈ അഭിവന്ദനത്തിന്റെയും 'സമാധാനം' / 'സ്വസ്തി' എന്നതിന് ലൂക്കാ ഉപയോഗിച്ചിട്ടുള്ള ഗ്രീക്കുവാക്കിന്റെയും സവിശേഷതയും യഥാർഥ ധ്വനിയുമറിയാൻ ലൂക്കായുടെ ഗ്രീക്കുശൈലി കൂടുതൽ ശ്രദ്ധി ച്ചു പഠിക്കാൻ പ്രേരണയുണ്ടായി. രണ്ട്, പല സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ വായിക്കാൻ സാധിച്ചു. ചിലരുടെ കുറെ വാക്കുകൾ ഈ പരിചിന്തനത്തിൽ ചേർത്തിട്ടുണ്ട്. മൂന്ന്, അഗ്നിമയനായ ഗബ്രി യേൽമാലാഖ മറിയമിനോടു വചനിപ്പു നടത്തുന്നതിന്റെ ഒരു ഐക്കൺ - പൗരസ്ത്യ ഐക്കണോഗ്രഫിയുടെ സ്ഥാപകനും സുവിശേഷകനും ഒന്നാമത്തെ സഭാചരിത്രകാരനുമായ സിറിയായിലെ അന്ത്യോക്യയിൽനി ന്നുള്ള വിശുദ്ധ ലൂക്കാ വരച്ചതിന്റെ ഒരു കോപ്പി. എന്റെ പ്രാർഥനമുറി യിലുള്ളത്. എല്ലാ ദിവസവും അല്പസമയമെങ്കിലും നോക്കിയിരി ക്കും. അതു നോക്കി ഓരോ രാത്രിയിലും ''സ്വർഗരാജ്ഞീ, കരുണയുടെ മാതാവേ, ...'' എന്ന അപേക്ഷ സമർപ്പിച്ചിട്ടു കിടക്കാൻ പോകുന്നതിൽ പ്രത്യാശയുടെ ആനന്ദമുണ്ട്. കാരണം, അതിലെ അവസാനത്തെ

[2]ലൂക്കാ 1,28 [3]ലൂക്കാ 1,41-42 [4]Wycliffe, Tyndale, Coverdale, and Cranmer Binles, R.E. Brown, *The Birth of the Messiah*, Image Books: New York, 1979, 326 note no. 87

അപേക്ഷ ഇതാണല്ലോ: ''ഹാ, കൃപയും സ്നേഹവും മാധുര്യവും നിറഞ്ഞ കന്യക മറിയമേ, നിന്റെ തിരുവുദരത്തിന്റെ ഫലമായ യേശു മിശിഹായെ ഈ പ്രവാസജീവിതത്തിനുശേഷം ഞങ്ങൾക്കു നീ കാണിക്കണമെ. ആമ്മീൻ.'' ഈ പ്രവാസജീവിതമവസാനിപ്പിച്ചു നാം പോകുമ്പോൾ കുഞ്ഞേ, ഇങ്ങു പോരൂ; ദാ, എന്റെ ആദ്യജാതനേ കണ്ടാനന്ദിച്ചോളൂ എന്നു പറയുന്ന അമ്മ! അവളുടെ ഉദരഫലമാണല്ലോ നാം നിത്യമായ ഉറക്കത്തിലേക്കു പ്രവേശിക്കുമ്പോൾ നമുക്കുണ്ടായിരിക്കണമെന്നു നാം ആഗ്രഹിക്കുന്ന ഏറ്റവും വലിയ പ്രത്യാശ. മേല്പറഞ്ഞവ കൂടാതെ, പരിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ *രക്ഷകന്റെ അമ്മ* എന്ന ചാക്രികലേഖനവും[5] *കിഴക്കിന്റെ വെളിച്ചം* എന്ന അപോസ്തോലിക തിരുവെഴുത്തിലെ 'മറിയം - സഭയുടെ ഐക്കൺ' എന്ന ഭാഗവും[6] ഐക്കണെക്കുറിച്ചുള്ള എന്റെ പരിമിതമായ അറിവും എനിക്കു പ്രോത്സാഹകമായി.

ഐക്കണെക്കുറിച്ച് ഏതാനും വാക്കുകൾ പ്രാസംഗികമായി കുറിച്ചുകൊള്ളട്ടെ. ഐക്കൺ[7] ആണല്ലോ ഏറ്റവും ആദിയിലെ ദൈവികകലാസൃഷ്ടി.[8] ''മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച ദൈവംതന്നെയാണ് (തന്റെ പുത്രനിലൂടെ) ഐക്കൺന്റെ യഥാർഥ നിർമാതാവ്.''[9] ഈ കാഴ്ച വിശുദ്ധ ഗ്രന്ഥം നല്കുന്നതാണ്. ഐക്കണെഴുത്ത് മൗലികമായി സുറിയാനിസഭാപാരമ്പര്യത്തിന്റേതാണ്. തിരുഗ്രന്ഥവും മലങ്കര സുറിയാനി സഭയുടെ ആരാധനയും യാമപ്രാർഥനകളുമെല്ലാം ഐക്കോണിക് ദൈവശാസ്ത്രം നിറഞ്ഞതാണ്. പൗരസ്ത്യപിതാക്കന്മാരുടെ, ആ ദൈവശാസ്ത്രജ്ഞരുടെ, പ്രത്യേകിച്ച്, അവരിൽ അഗ്രേസരന്മാരായ മാർ അപ്രേമിന്റെയും സെറൂഗിലെ യാക്കോബിന്റെയും, ലിഖിതങ്ങൾ. ഏറെയും വാഗൈക്കണുകൾ.

വിശുദ്ധരുടെ ഐക്കണുകളിൽ അവരുടെ ബാഹ്യസൗന്ദര്യമല്ല, ആത്മാവിന്റെ സൗന്ദര്യമാണ് പ്രതിബിംബിക്കുന്നത്. ''അവർ ഐക്കൺന്റെ ഐക്കണും ഐക്കൺ ദൈവപുത്രനുമാകയാൽ അവർക്കു പുത്രത്വത്തിന്റെ മുദ്ര ലഭിക്കുന്നു. അവർ മിശിഹായുടെ മഹത്ത്വമുള്ള ശരീരം

---

[5]വത്തിക്കാൻ, 1987 [6]*കിഴക്കിന്റെ വെളിച്ചം* (*Orientale Lumen*), Vatican, 1995, no. 6 [7]ഗ്രീക്ക്: *എയ്കൊൻ*; സുറിയാനി: *ദ്മൂതൊ/സൊ* [8]ഉത്പ 1,26; 2 കോറി 4,4;കൊളോ 1,15 [9]S.H. Griffiths, "The Image of the Image Maker in the Poetry of St. Ephrem the Syrian," *Studia Patristica*, Vol. XXV, 1991, 262; ജോസഫ് കല്ലറങ്ങാട്ട്, "ഐക്കൺ: ദൈവശാസ്ത്രത്തിന്റെയും ആധ്യാത്മികയുടെയും സംഗമവേദി," *കിഴക്കിന്റെ ദൈവശാസ്ത്ര-ആദ്ധ്യാത്മിക പാരമ്പര്യങ്ങൾ*, കോട്ടയം, 1999, 78

പോലെ മാത്രമല്ല (ഫിലി 3,21), ആ ശരീരത്തിൽ കുടികൊള്ളുന്നവനെപ്പോലെയും ആയിത്തീരുന്നു. ... ദൈവത്തിൽനിന്നു ജനിച്ച അവരിൽ ദൈവത്തിന്റെ ചൈതന്യം കുടികൊള്ളുന്നു."[10] ക്രൂശിതനായ ക്രിസ്തുവിലാണ് സുറിയാനി സഭ ക്രിസ്തുവിന്റെ ഏറ്റവും മനംമയക്കുന്ന സൗന്ദര്യം ദർശിക്കുന്നതെന്ന് പേജ് 206-207ൽ കണ്ടുവല്ലോ. ദൈവത്തിൽനിന്നു ജനിച്ചവരിൽ കുടികൊള്ളുന്ന "ദൈവത്തിന്റെ വിത്തിന്റെ"[11] ശോഭയാണ് അവരുടെ ആത്മാവിന്റെ സൗന്ദര്യം. അതേറുന്തോറും ശാരീരിക (ബാഹ്യ) സൗന്ദര്യവും പുഷ്ടിയും പ്രസക്തമല്ല. ആത്മീയ സൗന്ദര്യത്തോടു താരതമ്യം ചെയ്യുമ്പോൾ ബാഹ്യസൗന്ദര്യത്തിനു സൗന്ദര്യം എന്ന വാക്കു പയോഗിക്കുന്നതേ അബദ്ധമാണെന്നത്രേ ശ്രേഷ്ഠരായ ആദ്ധ്യാത്മിക സിദ്ധരുടെ പ്രബോധനം. ഒരാളിന്റെ യഥാർഥ സൗന്ദര്യം കറുപ്പോ വെളുപ്പോ മഞ്ഞയോ തുടുതുടുപ്പോ പളപളപ്പോ ഒന്നുമല്ല. വ്രതശുദ്ധി പാലിച്ചും പ്രാർഥനകളുരുവിട്ടും എഴുതുന്ന ഐക്കണിന് കൗദാശികഭാവവുമുണ്ട്. ഇക്കാരണങ്ങളാലായിരിക്കണമല്ലോ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് സാമ്പത്തിക ഞെരുക്കത്തിനിടയിലും പട്ടം സെന്റ് മേരീസ് ഭദ്രാസനദേവാലയം പൗരസ്ത്യ ഐക്കണുകളുടെ സൗന്ദര്യംകൊണ്ടലങ്കരിച്ചു വിശ്വാസികളെ "മിശിഹായുടെ മഹത്ത്വമേറിയ സുവിശേഷവും"[12] സ്വർഗീയ ആരാധനയുടെ സൗന്ദര്യവും ദർശിക്കാനും ധ്യാനിക്കാനും പ്രചോദിപ്പിച്ചിരുന്നത്.

"കൃപ നിറഞ്ഞ മറിയമേ" എന്ന പ്രാർഥനയിലേക്കു നമുക്കു തിരിച്ചുവരാം. ഈ പ്രാർഥനയുടെ പരിചിന്തന-ധ്യാനങ്ങളിൽ ഇതിലെ ചില പദങ്ങളും ശൈലികളും വിശകലനം ചെയ്യും. അങ്ങനെ ചെയ്യുന്നതിന്റെ താത്പര്യം ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അത് ഇവിടെ അല്പംകൂടി വ്യക്തമാക്കട്ടെ. നാം പദ-ശൈലീവിശകലനം നടത്തുന്നത് ബൗദ്ധിക താത്പര്യത്തോടെയല്ല. 1 യോഹ 2,27ൽ എഴുതിയിട്ടുള്ളതുപോലെ, *ക്രിസ്തുവിൽനിന്നു നാം സ്വീകരിച്ചതും നമ്മിൽ നിലനില്ക്കുന്നതുമായ അഭിഷേകത്താൽ പഠിപ്പിക്കപ്പെടാൻ* നാം നമ്മെ അനുവദിക്കുകയാണ്. ഹിയെറൊത്തിയസിലെ ദീവന്നാസ്യോസിന്റെയും അതെ പിൻപറ്റിയുള്ള വിശുദ്ധ തോമസ് അക്വിനാസിന്റെയും വിചാരവഴിയോടു ചേർന്നുനിന്നു പറയട്ടെ: പദശൈലികളുടെ മുൻനിശ്ചിതമായ ആകർഷണീയതയും അവയിൽ അന്തർഭവിച്ചിട്ടുള്ള ദൈവികകാര്യങ്ങളും കുറെയെങ്കിലും അറിയാനും അറിയിക്കാനുമുള്ള താത്പര്യം കൊണ്ടുമാത്രമാണ്. ആ വാക്കുകളുടെ സൗന്ദര്യം ധ്യാനിക്കാൻ.

---

[10] ഒരിജൻ, *പ്രാർത്ഥന*, 22,4: ജി. ചേടിയത്ത്, *പ്രാർത്ഥന സഭയിൽ*, 136 [11] 1 യോഹ 3,9
[12] 2കോറി 4,4

''കൃപ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം'' എന്ന അഭിവന്ദന ത്തോടെയാണ് പരിശുദ്ധ മറിയമിനോടുള്ള ഈ പ്രാർഥന സുറിയാനി സഭകൾ (സുറിയാനി മൂലമനുസരിച്ച്) തുടങ്ങുന്നത്. കാരണം, സെമിറ്റിക് സംസ്കാരത്തിൽ, ''നിനക്കു സമാധാനം'' പറഞ്ഞ് അഭിവന്ദനം ചെയ്യുന്ന രീതിയാണ് ഉണ്ടായിരുന്നതും ഉള്ളതും. മറിയം സംസാരിച്ചിരുന്നത് അറമായ ഭാഷയാകണം. തത്സമമാണ് സുറിയാനി. അതിനാലാകണം ലൂക്കാ 1,28 സുറിയാനി പുതിയ നിയമത്തിൽ മറിയാമിനോടു മാലാഖ പറഞ്ഞ അഭിവന്ദനപദങ്ങൾ *ശ്ലോം ലേക് മല്യാസ് ടൈബൂസൊ...* എന്നായത്. അർഥം, വാക്കുകളുടെ ക്രമത്തിൽ, ''*സമാധാനം നിനക്ക്, കൃപ നിറഞ്ഞവളേ.*''[13]

## മറിയമിനോടുള്ള സമാധാനാശംസ

ഈ സന്ദർഭത്തിൽ മറിയമിനോടുള്ള സമാധാനാശംസയെപ്പറ്റി വിശുദ്ധ ഗ്രന്ഥത്തോടും സഭയോടും ചേർന്ന് നമുക്കൊരു പരിചിന്തനം നടത്താം. ഇതിൽ നമ്മുടെ അടിസ്ഥാനം മറിയമിന്റെ മനസ്സ് ആയിരി ക്കണം. *കൃപ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം. കർത്താവ് നിന്നോ ടുകൂടെ...* എന്നിങ്ങനെ മാലാഖ പറഞ്ഞ *വാക്കിനെക്കുറിച്ച് അസ്വസ്ഥ പ്പെട്ട്*, ലൂക്കാ 1,29സുറിയാനി അനുസരിച്ച്, *എന്തിന്റെയാണ് ഈ ശ്ലോമൊ എന്ന് ഏറെ ചിന്തിച്ചുകൊണ്ടിരുന്ന* (ധ്യാനിച്ചുകൊണ്ടിരുന്ന) മറിയമിന്റെ മനസ്സ്. ഈ *ശ്ലോമൊ* അവൾ കേൾക്കുന്ന പതിവു *ശ്ലോമൊ* അല്ല. ലൂക്കാ 1,29ഗ്രീക്ക് അനുസരിച്ച്, *ഈ വചനത്തിൽ അതീവം അസ്വസ്ഥ യായി, ഏതുതരം അഭിവാദനമായിരിക്കുമിത് എന്ന് ചിന്തിച്ചുകൊണ്ടി രുന്ന* മറിയമിന്റെ മനസ്സ്. *മറിയമേ, നീ ഭയപ്പെടേണ്ട* എന്നിങ്ങനെ മാലാഖ അവൾക്കു ധൈര്യം നല്കി വചനിപ്പ് തുടർന്നെങ്കിലും ഇടയ്ക്കിടപെട്ട് *ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ* എന്നു ചോദിച്ചറിഞ്ഞ മറിയമിന്റെ മനസ്സ്. ദൈവത്തിന്റെ മാലാഖയ്ക്ക് അവ ളോടു പറയാനുണ്ടായിരുന്നതു വചനിച്ചുകഴിഞ്ഞപ്പോൾ *ഇതാ, ഞാൻ കത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ*[14] എന്നു മറുപടിയേകി മാലാഖയെ മടക്കിയയച്ച മറിയമിന്റെ മനസ്സ്. എലിസബ ത്തിന്റെ വീട്ടിൽ തിരുഗ്രന്ഥവചനങ്ങൾ കൊരുത്തു പാട്ടുപാടി *കർത്താ വിനെ മഹത്ത്വപ്പെടുത്തിയ ആത്മാവും രക്ഷകനായ ദൈവത്തിൽ ആന ന്ദിച്ച ഉള്ളവുമുള്ള* മറിയമിന്റെ മനസ്സ്. അത് സമാധാനമായ കർത്താവ് കുടിപാർക്കുന്ന ഗർഭപാത്രമല്ലോ!

---

[13]ഈ അറമായ-സുറിയാനി രൂപം കൈമാറിവന്നതായിരിക്കാം അത് സുറിയാനി പാര മ്പര്യത്തിലും സുറിയാനി ബൈബിളിലും ഉള്ളതിന്റെ കാരണം. [14]ലൂക്കാ 1,38 സുറിയാനി,ഗ്രീക്ക്

യഥാർഥ യഹൂദഭക്തയും കർത്തൃദാസിയുമായ അവൾക്ക് ഇസ്രാ യേലിന്റെ തിരുഗ്രന്ഥത്തിലെ *ഷലോം*ന്റെ അർഥമറിയാം. അവളോടു തന്റെ മക്കളാവർത്തിക്കുന്ന *ശ്ലോമൊ*യുടെ, സമാധാനത്തിന്റെ, അർഥമ റിയാം. അമ്മയ്ക്കു മക്കളുടെ മനസ്സറിയാം. മക്കൾക്ക് അമ്മയുടെ മന സ്സ് ഏറെക്കുറെ അറിയാം. മറിയമേ, എന്റെ അമ്മേ, നിന്റെ മനസ്സറി യാൻ ഞാൻ നിന്റെ ആദ്യജാതന്റെ ശിഷ്യനായി ഗൊല്ഗോഥായിൽ നിന്നോടൊപ്പം അവന്റെ കുരിശിന്നരികെ നിന്ന് നിന്റെ മകനാക്കപ്പെട ണം. എന്റെ ഈ സ്നാനം പൂർത്തിയാക്കപ്പെടുന്നതുവരെ നീ തിരുഗ്ര ന്ഥത്തിലറിഞ്ഞ *സമാധാന*ത്തിന്റെ വഴിയേ ഞാൻ പരിചിന്തനയാത്ര തുടരട്ടെ! നിന്റെ മനസ്സിലെ സമാധാനം തിരുഗ്രന്ഥത്തിന്റെ മനസ്സിലേ താണ്. അത് ദൈവമായ കർത്താവിന്റെ മനസ്സിലേതാണല്ലോ. കർത്താ വാണ് സമാധാനമെന്നു തിരുഗ്രന്ഥത്തിൽനിന്നു തീർച്ചയായും നീയ റിഞ്ഞിരുന്നു. നിന്നെ അതോർപ്പിക്കുകയായിരുന്നോ മാലാഖ *ശ്ലോമൊ* ... കഴിഞ്ഞ് *കർത്താവ് നിന്നോടുകൂടെ* എന്നു പറഞ്ഞ്!

സുറിയാനി *ശ്ലോമൊ* ഹീബ്രു പഴയ നിയമത്തിലെ *ഷലോം* എന്ന ഹീബ്രു വാക്കിന്റെ തത്സമമാണ്. തത്സമമായി മലയാളത്തിൽ 'സമാധാ നം' എന്ന വാക്ക് ബൈബിൾവിവർത്തനങ്ങളും ആരാധനക്രമങ്ങളും സ്വീകരിച്ചിരിക്കുന്നു. *ഷലോം*-നു തത്സമമായ ഗ്രീക്കുവാക്ക് *എയിറേനേ* ആണ്. *ഷലോം* ഹെബ്രായ യഹൂദരുടെ ആശംസാവാക്കായിരുന്നു. 'സമാധാനം' (*ഷലോം - ശ്ലോമൊ*) ആത്മീയവും ഭൗതികവുമായ അർഥ ങ്ങളിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉണ്ട്. എങ്കിലും, ഈ പദങ്ങൾ സമഗ്രമായ അർഥത്തിലാണ് ബൈബിളിൽ പ്രമുഖമായി പ്രയോഗിച്ചിട്ടുള്ളത്. ഈ രീതിക്ക് തീർച്ചയായും ആരാധനക്രമപശ്ചാ ത്തലമുണ്ടായിരിക്കണം. '*യാഹ്‌വേ-ഷലോം*' എന്ന് ഗിദയോൻ പണിത ബലിപീഠത്തെ വിളിച്ചിട്ടുള്ളത് ഓർക്കാം.[15] '*യാഹ്‌വേ - ഷലോം*' എന്ന വിശിഷ്ട പ്രയോഗത്തിൽ *യാഹ്‌വേ* = സമാധാനം. *യാഹ്‌വേ* എന്ന നാമം കർത്താവ് തനിക്കുവേണ്ടി മാത്രം ഉപയോഗിച്ചതാണ്. അർഥം *ഞാൻ ആകുന്നവൻ ആകുന്നു* എന്ന്. നമുക്ക് 'കർത്താവ്' എന്നുപയോ ഗിക്കാം. അങ്ങനെ, കർത്താവ് = സമാധാനം. കർത്താവാണ് സമാധാ നം.[16] സമാധാനം = കർത്താവ്. കർത്താവിന്റെ അനുഗ്രഹമാണ് സമാ ധാനം എന്ന് സങ്കീ 29,11 പാടുന്നു. അതിനാൽ സമാധാനം കർത്താവി ന്റേതാണ്. കർത്താവിന്റെ സമാധാനമെന്ന് ന്യായാ 6,24സപ്തതി പരാ വർത്തനം ചെയ്തിട്ടുമുണ്ട്. സമാധാനം കർത്താവിന്റെ ദാനമാണ്. ന്യായാ

[15]ന്യായാ 6,23-24 [16]*Die Bibel*, Stuttgart,1982, 253

6,24ലെ '*യാഹ്‌വേ ഷലോം*' സമാധാനത്തിന്റെ കർത്താവ് എന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ദൈവം സമാധാനത്തിന്റെ ദൈവമാണ് എന്ന് പൗലോസ് പറഞ്ഞിട്ടുള്ളതോർക്കാം.[17] എന്തെന്നാൽ, ദൈവത്തിൽനിന്നാണ് സമാധാനം വരുന്നത്.[18] സമാധാനമായ കർത്താവിന്റെ ദാനമാണ് സമാധാനം. ഈ ദാനം കർത്താവ് തന്നെ. കർത്താവിന്റെ സ്വയം ദാനമാണ് സമാധാനം. കർത്താവ് തന്നത്തന്നെ നല്കുന്ന അനുഗ്രഹം.

കൃപ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം ആശംസിച്ച മാലാഖ നിന്നോടു പറഞ്ഞു: *ഇതാ, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരുവിളിക്കണം. അവൻ വലിയവനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. അവൻ യാക്കോബിന്റെ കുടുംബത്തിന്മേൽ എന്നേക്കും ഭരിക്കും. അവന്റെ രാജ്യത്തിന് അവസാനമില്ലായിരിക്കും.*[19] നീ ദൂതനോടു ചോദിച്ചു: *ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും?* എങ്കിലും, അവന്റെ വാക്കു കേട്ടപ്പോൾ, *സമാധാനത്തിന്റെ രാജാവിനെയും അവന്റെ അനന്തമായ സമാധാന*ത്തെയുംകുറിച്ച് കർത്താവ് ഏശയ്യായുടെ അധരങ്ങളിലൂടെ അരുൾചെയ്തിട്ടുള്ള വാക്കുകൾ[20] നിന്റെ മനസ്സിൽ ഉണർന്ന് നിന്നെ നോക്കിയിട്ടുണ്ടാകുമല്ലോ. അതുപോലെതന്നെ സമാധാനപ്രഘോഷകനെക്കുറിച്ചുള്ള ഏശയ്യായുടെ വാക്കുകളും: *സുവിശേഷം അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും നിന്റെ ദൈവം ഭരിക്കുന്നുവെന്നു സീയോനോടു പറയുകയും ചെയ്യുന്നവന്റെ പാദങ്ങൾ മലമുകളിൽ എത്ര മനോഹരം!*[21]

കൃപ നിറഞ്ഞ മറിയമേ, നീ പുരുഷനെ അറിയാതിരുന്ന അവസ്ഥയിൽ 'നമ്മുടെ സമാധാന'മായ യേശുക്രിസ്തുവിനെ[22] പരിശുദ്ധാത്മപ്രവർത്തനത്താൽ ഗർഭം ധരിച്ചു. *സമാധാനത്തിന്റെ ദൈവം നിന്നോടുകൂടെയായി.* നീ *കർത്താവിന്റെ അമ്മ*യായി; ദൈവമാതാവായി. നമ്മുടെ മനുഷ്യത്വവും ദൈവപുത്രന്റെ ദൈവത്വവും നിന്റെ ഗർഭപാത്രത്തിൽ രമ്യതപ്പെട്ടു. നിന്നിൽനിന്ന് അവൻ സമീപസ്ഥരുടെയും വിദൂരസ്ഥരുടെയും സമാധാനമായി, ഭൂമിയിൽ *ദൈവപ്രസാദമുള്ള ഏതു മനുഷ്യർക്കും സമാധാനമായി ദാവീദിന്റെ നഗരമായ ബേത്‌ലെഹെമിൽ*

---

[17] റോമ 15,33; 2കോറി 13,11;ഫിലി 6,9; എബ്രാ 13,20
[18] ഗലാ 1,3;എഫേ 1,2; വെളി 1,4 [19] ലൂക്കാ 1,31-33 [20] ഏശ 9, 6-7
[21] ഏശ 52,7;നാഹും 1,15 [22] എഫേ 2,14

*ജനിച്ചു.*[23] അമ്മേ, നീ സമാധാനത്തിന്റെ അമ്മയാണ്; സമാധാനത്തിന്റെ രാജ്ഞിയാണ്. നമ്മുടെ സമാധാനമായ യേശുക്രിസ്തുവിനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. അവൻ *വിദൂരസ്ഥരെയും സമീപസ്ഥരെയും തന്റെ രക്തത്തിൽ, തന്റെ ശരീരത്തിൽ, ഒന്നാക്കി* രമ്യതയും സമാധാനവും പൂർത്തിയാക്കി.[24] അപ്പോൾ *അവന്റെ കുരിശിന്നരികെ നീ നിന്റെ സഹോദരിയോടും ക്ലോപ്പാസിന്റെ ഭാര്യ മറിയത്തോടും മഗ്ദലേനമറിയത്തോടുമൊപ്പം നില്ക്കുന്നുണ്ടായിരുന്നു.* നീ ഇപ്പോഴും, *സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിൽ, ശ്രേഷ്ഠന്മാരുടെ നടുവിൽ, കൊല്ലപ്പെട്ടവനായി നില്ക്കുന്ന കുഞ്ഞാടിന്നരികെ* നില്ക്കുന്നതു നിന്റെ മക്കൾക്കു കാണാം. അവന്റെ ശിഷ്യനായി നില്ക്കണമെന്നാണ് എന്റെ വലിയ ആഗ്രഹവും പ്രത്യാശയും. കർത്താവായ അവൻ 'നമ്മുടെ സമാധാന'മാണല്ലോ. അവനോട് എനിക്കുവേണ്ടി അപേക്ഷിക്കണമെ!

സമാധാനം കർത്താവ് തന്റെ ജനത്തിനു നല്കുന്ന ശക്തിയാണ്.[25] ഈ ശക്തിയാണ് പുരുഷനെ അറിയാതിരുന്ന അവസ്ഥയിൽ അത്യുന്നതന്റെ പുത്രനെ ഗർഭം ധരിച്ച് തന്റെ ആദ്യജാതനായി പ്രസവിക്കാനും, തുടർന്നു ഗൊല്ഗോഥാവരെയും തന്നിലൂടെ വാൾ കടന്നുപൊയ്ക്കൊണ്ടേയിരുന്നപ്പോഴും മറിയമനുഭവിച്ച സമാധാനം.

കർത്താവുമായി സമ്പൂർണ ഐക്യത്തിലായിരിക്കുന്നയാൾക്കാണ് സമാധാനം പൂർണമായി അനുഭവിക്കാനാകുക. അതായത്, സമാധാനത്തിനു ദൈവികസ്വഭാവമുണ്ടെന്ന്. ആകയാൽ സമാധാനത്തിലായിരിക്കുന്നയാൾ സമ്പൂർണയാ/നായിരിക്കും. അയാൾ പൂർണതയുടെ അവസ്ഥയിലാണ്. *ഷലോം* - സമാധാനം ഒരു വ്യക്തിയുടെ പൂർണതയെ, അയാളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഉൾക്കൊള്ളിച്ചുള്ള പൂർണതയെ, സൂചിപ്പിക്കുന്നു. ജീവിതമേഖലകളിലെല്ലാം സുസ്ഥിതി നിറഞ്ഞ അനുഭവം. ആത്മീയവും ഭൗതികവുമായി സുസ്ഥിതിയിൽ. നാം ഐശ്വര്യപൂർണമെന്നു സാധാരണ പറയാറുള്ള സ്ഥിതി. പക്ഷേ, ഒരു കുഴപ്പം - ഐശ്വര്യത്തിന്റെ സ്രോതസ്സായ ഈശ്വരനു (ദൈവത്തിന്) ജീവിതത്തിൽ തെല്ലും സ്ഥാനമില്ലെങ്കിലും പണവും ഭൗതികസ്ഥാനമാനങ്ങളുമുണ്ടെങ്കിൽ ഐശ്വര്യപൂർണമായ ജീവിതമെന്നാക്കിക്കളയും നമ്മൾ. ഇങ്ങനെയല്ലായിരുന്നു 'സമാധാന'ത്തിനു *ഷലോം* ഉപയോഗിച്ചിരുന്നവർ. അവരുടെ ധാരണയിൽ ഭൗതിക സമ്പത്തുണ്ടെങ്കിലും ദൈവവുമായി സമ്പൂർണ ഐക്യത്തിലായിരിക്കുന്നയാളേ സമാധാന

---
[23] ലൂക്കാ 2,8-14;മത്താ 2,1-12 [24] എഫേ 2,13-14 [25] സങ്കീ 29,11

ത്തിലായിരിക്കൂ. എന്തെന്നാൽ, ദൈവമല്ലാത്ത സമാധാനവും ദൈവമില്ലാത്ത സമാധാനവും ദൈവത്തിൽനിന്നല്ലാത്ത സമാധാനവും സത്യമായ സമാധാനമല്ല.

കൃപ നിറഞ്ഞ മറിയമേ, യഥാർഥ ഇസ്രായേൽപുത്രിയായ *നിന്റെ സമാധാനം നദിപോലെ ഒഴുകി; നിന്റെ നീതി കടലലകൾപോലെ ഉയർന്നു.*[26] എന്തെന്നാൽ നിന്റെ ഹിതം കർത്താവിന്റെ ഹിതമായിരുന്നു. ദൈവത്തിന്റെ ഇഷ്ടമായിരുന്നു നിന്റെ ഇഷ്ടം. നീ നിനക്കു *ശ്ലോമൊ* – സമാധാനം – ആശംസിച്ച ദൈവവചനവാഹകനോടു പറഞ്ഞു: *ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ!* നിന്റെ ആദ്യജാതനെയും നീ പരിശീലിപ്പിച്ചു, *എന്റെ ഹിതമല്ല, നിന്റേതു നിറവേറട്ടെ* എന്നു പറയാൻ. ദൈവദൂതൻ നിനക്കു സമാധാനം ആശംസിച്ച് നിന്നെ സമാധാനത്തിൽ പ്രവേശിപ്പിച്ചു.[27] *നീ സമാധാനത്തെ നിന്റെ മേല്നോട്ടക്കാരും നീതിയെ നിന്റെ അധിപതിയും ആക്കി.*[28] അതിനാൽ നീ സമാധാനമനുഭവിച്ചു. *നീതിയുടെ ഫലമാണല്ലോ സമാധാനം.*[29] നിന്നിൽ സാക്ഷാൽ *നീതി തഴച്ചുവളർന്നു, വലിയ സമാധാനം പുലർന്നു;*[30] *നീതിയും സമാധാനവും തമ്മിൽ ചുംബിച്ചു.*[31] എന്നിൽ നീതിയും സമാധാനവും തമ്മിൽ ചുംബിക്കുംവരെയും നിനക്കു ഞാൻ സമാധാനാശംസാപ്രാർഥന അനവരതം ആവർത്തിച്ചർപ്പിച്ചാലും നീയനുഭവിച്ച സമാധാനം എനിക്ക് അനുഭവിക്കാനാവില്ല, അല്ലേ? സമാധാനം അനുഭവിക്കാൻ ഞാൻ  കർത്തൃഹിതം നിർവഹിക്കുന്നവനാകണം. എന്നിൽത്തന്നെ യുദ്ധമില്ലാതിരിക്കണം – ദൈവേഷ്ടവും എന്നിഷ്ടവും തമ്മിലുള്ള യുദ്ധം. യുദ്ധമില്ലാത്ത അവസ്ഥയുണ്ടായലേ സമാധാനമാകുകയുള്ളല്ലോ.[32] *കൃപ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം* എന്നുച്ചരിക്കുന്നതോടൊപ്പം നീ പറഞ്ഞ വാക്ക് ഞങ്ങൾ അന്തരംഗത്തിൽ പറഞ്ഞുകൊണ്ടിരിക്കണം: *ഇതാ, കർത്താവിന്റെ ദാസർ. നിന്റെ വാക്കുപോലെ ഞങ്ങൾക്കു ഭവിക്കട്ടെ!*

കൃപ നിറഞ്ഞ മറിയമേ, നിന്നോടു ഗബ്രിയേൽമാലാഖ ആശംസിച്ച *ശ്ലോമൊ* – സമാധാനം – ''തീപൂണ്ടോർ വായിൽ തിങ്ങും ശ്ലോമ്മോ'' യാണ്. അഗ്നിമയന്മാരായ സ്രോപ്പേകളുടെ ആശംസ. അത് ഞങ്ങളുടെ വായിൽ തീപൂണ്ടും ഞങ്ങൾ ദഹിപ്പിക്കപ്പെടാതെ എരിഞ്ഞും ഞങ്ങൾ ആവർത്തിക്കേണ്ടതാണ്. അങ്ങനെ, അത് ഞങ്ങളെ ശുദ്ധീകരിക്കുന്ന ശ്ലോമൊയാകട്ടെയെന്നും!

---

[26] ഏശ 48,18 [27] ഏശ 57,2 [28] ഏശ 60,17 [29] ഏശ 32,7 [30] സങ്കീ 72,7
[31] സങ്കീ 85,10 [32] ന്യായാ 21,13; 1സാമു 16,4-5;29,7; 1രാജാ 2,5;സങ്കീ 120,7;ജറെ 28,9; ലൂക്കാ 14,32;അപ്പ 13,20

**മറിയമിനോടുള്ള 'സ്വസ്തി' ആനന്ദിക്കാനാഹ്വാനം**

''നന്മ നിറഞ്ഞ മറിയമേ, സ്വസ്തി'' എന്ന പ്രാർഥനയിലെ 'സ്വസ്തി' യുടെ മൂലപദം ലൂക്കായുടെ ഗ്രീക്കുസുവിശേഷത്തിൽ ദൈവദൂതൻ ഉപയോഗിച്ചിട്ടുള്ള *ഖയിറെ* എന്ന അഭിവന്ദനപദമാണ്. ദൂതൻ മറിയമിനെ അഭിവന്ദനം ചെയ്തുകൊണ്ടു പറഞ്ഞ ആദ്യവാക്കുകൾ വിശുദ്ധ ലൂക്കായുടെ ഗ്രീക്കിൽ ഇവയാണ്: *ഖയിറെ, കെഖറിറ്റോമെനേ.*[33] അർഥം, *സ്വസ്തി* (*ആനന്ദിക്കൂ*), *കൃപ ലഭിച്ചവളേ. ഖയിറെ* എന്ന വാക്ക് ഗ്രീക്കുകാരുടെ സാധാരണ അഭിവന്ദനപദമായിരുന്നു. ഈയർഥത്തിൽ ലൂക്കാ *ഖയിറെ* അപ്പ 15, 23ൽ പ്രയോഗിച്ചിട്ടുമുണ്ട്.

അതേ സമയം *ഖയിറെ*യുടെ വാച്യാർഥം ആനന്ദിക്കൂ എന്നാണ്. മറിയമിനോടു മാലാഖ പറഞ്ഞ ഈ അഭിവന്ദനപദം പ്രവാചകന്മാരായ സെഫനിയായും സഖറിയായും സീയോൻപുത്രിയെ അഭിവാദനം ചെയ്ത് മുമ്പേ ഉപയോഗിച്ചിട്ടുള്ളതുമാണ്.[34] *സീയോൻപുത്രീ, ആനന്ദിക്കുക, ആർപ്പിടുക! ഇസ്രായേൽപുത്രീ, ആർത്തുവിളിക്കുക ... നിന്റെ ദൈവമായ കർത്താവ് നിന്നിലുണ്ട്, നിന്നെ രക്ഷിക്കാൻ കഴിയുന്നവൻ ...*[35] *സീയോൻപുത്രീ, ആനന്ദിക്കുക, ആർപ്പിടുക! ജറുസലേംപുത്രീ, ആർത്തുവിളിക്കുക...*[36]

*ഖയിറെ* ഗ്രീക്കുകാരുടെ സാധാരണ ഉപയോഗത്തിൽ 'സ്വസ്തി' എന്ന പദമുദ്ദേശിക്കുന്നതുപോലെ, അല്ലെങ്കിൽ 'നമസ്തേ' / 'ഹലോ' പോലെ കേവലമൊരു അഭിവന്ദനപദമായിരുന്നു. പക്ഷേ, ഇസ്രായേലിന്റെ ചരിത്രത്തിൽ, വിശുദ്ധ ബൈബിളിൽ, *ഖയിറെ* ദൈവം രക്ഷകനായി വരുന്നതിൽ ആനന്ദിക്കാനുള്ള ക്ഷണവുമാണ്. അത് സീയോൻപുത്രിക്ക്, ഇസ്രായേൽപുത്രിക്ക്, നല്കപ്പെട്ടതാണ്. 'സീയോൻപുത്രി' ഇസ്രായേലിന്റെ ശിഷ്ടഗണമായ ദരിദ്രരാണ്. ദൈവമായ കർത്താവിൽനിന്നു രക്ഷ പ്രതീക്ഷിച്ചു കാത്തുകഴിഞ്ഞവർ. ദൈവത്തിന്റെ പുതിയ ജനമായി രൂപവത്കൃതരാകാനുള്ളവർ.[37] എളിയ ദാസിയാണ് സീയോൻപുത്രി. യുഗാന്തരക്ഷയുടെ ആനന്ദം ഉൾക്കൊണ്ടുദ്ഘോഷിക്കാൻ അവൾ ആഹ്വാനിതയായി. അവൾ ക്ഷണിക്കപ്പെട്ടു: സീയോൻപുത്രീ, ആനന്ദിച്ചാലും!

---

[33] ലൂക്കാ 1,28 [34] സെഫ 3,14;സഖ 9,9. കൂടതൽ വിവരങ്ങൾക്ക്, കുര്യൻ വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി*, കോട്ടയം, 1995, 35–36 [35] സെഫ 3,14 -17സപ്തതി [36] സഖ 9,9സപ്തതി [37] വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി,* 35–37

വാസ്തവത്തിൽ *ഖയിറെ* (ആനന്ദിക്കൂ) എന്ന ആഹ്വാനം കേവല മൊരാശംസയല്ല. അതിന് അദ്ഭുതപ്പെടലിന്റെ ഭാവമുണ്ട്. എന്തോ പുതിയ നല്ല വാർത്ത സംഭവിച്ചിരിക്കുന്നതിൽ ആനന്ദിക്കുന്ന വിസ്മയം. സെഫ നിയായും സഖറിയായും ജോയേലും മറിയമിന്റെ അടുത്തു വന്ന മാലാഖയും വിസ്മയിച്ചുകൊണ്ടാണ് *ആനന്ദിക്കൂ* എന്ന് തങ്ങളുടെ അഭിവന്ദിതരെ അഭിവന്ദനം ചെയ്യുന്നത്. ലൂക്കായാകട്ടെ തന്റെ ഇരുവാല്യരചനയിലാകെ ആനന്ദപദാവലികൾ അണിനിരത്തിയിട്ടുണ്ട്. പ്രത്യേകിച്ച് സുവിശേഷത്തിന്റെ ആരംഭത്തിലും അവസാനത്തിലും.[38] അതേ, അത് പുതിയ സുവിശേഷത്തിന്റെ ആനന്ദമുളവാക്കുന്ന വിസ്മയമാണ്. പുതിയ സുവിശേഷത്തിന്റെ ആനന്ദമാണ് യേശു ജനിച്ചപ്പോൾ ആ പ്രദേശത്തെ വയലുകളിൽ ആടുകൾക്കു കാവലിരുന്ന ഇടയന്മാരോടു മാലാഖ പറഞ്ഞത്: *ഭയപ്പെടേണ്ടാ. ഇതാ, സകല ലോകത്തിനും സംഭവിക്കാനുള്ള വലിയ ആനന്ദം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ ഇന്നു ദാവീദിന്റെ നഗരത്തിൽ ജനിച്ചിരിക്കുന്നു.*[39]

യുഗാന്തരക്ഷയുടെ ആനന്ദം ഉൾക്കൊണ്ടുദ്ഘോഷിക്കാൻ വിളിക്കപ്പെട്ട യഥാർഥ സീയോൻപുത്രി മറിയമാണ്. യുഗാന്തരക്ഷകന്റെ വരവറിയിച്ചുകൊണ്ട് അവളോടാണ് ദൈവദൂതൻ പറഞ്ഞത്: *ആനന്ദിച്ചാലും*. യുഗാന്തരക്ഷ പ്രതീക്ഷിച്ചിരുന്ന സീയോൻപുത്രിക്ക് അത് ദാനം കിട്ടി. രക്ഷകനായ കർത്താവിന്റെ രക്ഷാകരമായ സ്നേഹത്താലും കരുണയാലും അവൾ രക്ഷകന്റെ മാതാവാകാനും വിളിക്കപ്പെടുകയും രൂപാന്തരീകൃതയാകുകയും ചെയ്തിരിക്കുന്നു. ഈ വിളി ദൈവം അവൾക്കായി പ്രത്യേകം കരുതിയിരുന്നതാണ്. കൃപയുടെ ഈ അനുഗ്രഹം അവൾക്കു മാത്രമുള്ളതാണ്. അവളുടെ ഉള്ളത്തിന് രക്ഷകനായ ദൈവത്തിൽ ആനന്ദിക്കാം.

യേശു എന്നിൽ ജനിച്ചിരിക്കുന്നു എന്ന സു-വിശേഷം എന്റെ ജീവിതത്തിൽ എന്നെ വിസ്മയിപ്പിക്കുന്ന ആനന്ദമാകുന്ന നിമിഷങ്ങളോരോന്നിലും എനിക്ക് മാലാഖ അഭിവന്ദനം ചെയ്ത സീയോൻ പുത്രിയുടെ പുത്രനായിത്തീരാമല്ലോ! സീയോൻ പുത്രിയുടെ പുത്രനായിത്തീരുമ്പോൾ എനിക്ക് ദൈവത്തെ സ്തുതിച്ചുകൊണ്ട് പതിവായി ദേവാലയത്തിൽ ആയിരിക്കാമല്ലോ! ഉയിർത്തെഴുന്നേറ്റ *യേശു ശിഷ്യരെ ബഥാനിയായിലേക്കു കൂട്ടിക്കൊണ്ടുപോയി*; *കൈകളുയർത്തി അവരെ അനുഗ്ര*

[38]സുവിശേഷത്തിന്റെ ആരംഭത്തിലുള്ളവയ്ക്ക് കാണുക, വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി,* 35-36 [39]ലൂക്കാ 2,10സുറിയാനി

*ഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്ന് അകലുകയും സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു. അവർ അവനെ ആരാധിച്ചു; വലിയ ആനന്ദത്തോടെ ജറുസലേമിലേക്കു മടങ്ങി. ദൈവത്തെ സ്തുതിച്ചുകൊണ്ട് പതിവായി ദേവാലയത്തിൽ ആയിരുന്നു.*[40]

നമുക്ക് വിശുദ്ധ റൊമാനോസിന്റെ *അകഥിസ്റ്റൊസ്*[41] പാട്ടിലെ ഒന്നാം ഗാനത്തിന്റെ ഈ വരികൾ ധ്യാനപൂർവം ആലപിക്കാം:

ആനന്ദിച്ചാലും, ആനന്ദപ്രകാശനത്തിൻ മുഖാന്തരമേ!
ആനന്ദിച്ചാലും, ശാപഗ്രസനത്തിൻ മുഖാന്തരമേ!
ആനന്ദിച്ചാലും, നിപതിച്ചാദാമിനെ വിളിച്ചെഴുനേല്പിക്കുവോളേ!
ആനന്ദിച്ചാലും, ഹവ്വായുടെ കണ്ണീരിൻ വീണ്ടെടുപ്പേ!
ആനന്ദിച്ചാലും, മനുഷ്യമസ്തിഷ്കത്തിന്നപ്രാപ്യശൃംഗമേ!
ആനന്ദിച്ചാലും, മാലാഖമാരുടെ കൺകൾക്കും തുളച്ചിറങ്ങാനാവാത്തഗാധതയേ!
ആനന്ദിച്ചാലും, എന്തെന്നാൽ, മഹാരാജാവിൻ സിംഹാസനമല്ലോ നീ!
ആനന്ദിച്ചാലും, എന്തെന്നാൽ, സർവസംവാഹകനെ വഹിക്കുവോ ളല്ലോ നീ!
ആനന്ദിച്ചാലും, സൂര്യനെ വെളിപ്പെടുത്തും നക്ഷത്രമേ!
ആനന്ദിച്ചാലും, ദിവ്യജഡധാരണത്തിൻ ഗർഭപാത്രമേ!
ആനന്ദിച്ചാലും, സൃഷ്ടിയിൻ നവീകരണത്തിൻ മുഖാന്തരമേ!
ആനന്ദിച്ചാലും, സ്രഷ്ടാവിൻ ശിശുവാകലിൻ മുഖാന്തരമേ!
ആനന്ദിച്ചാലും, അകന്യകയാകാത്തൊരു വധുവേ![42]

---

[40]ലൂക്കാ 24,50–53 [41]*അകഥിസ്റ്റൊസ്* = നില്ക്കുന്നത്; നിന്നാലപിക്കുന്ന ദൈവമാതൃസ്തവം. ഇത് പൗരസ്ത്യ ക്രൈസ്തവതയ്ക്ക് ദൈവപുത്രന്റെ മനുഷ്യാവതാരരഹസ്യത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെയും അവനെ ഗർഭത്തിൽ സ്വീകരിച്ചു പ്രസവിച്ച കന്യകാമാതാവായ മറിയമിനോടുള്ള പ്രത്യേകാദരവിന്റെയും ഉത്തമ സാക്ഷ്യമാണ്. ഇത് രചിച്ചത് വിശുദ്ധ റൊമാനൊസ് (+556) ആണെന്നു കരുതപ്പെടുന്നു. അദ്ദേഹം 5–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സിറിയായിൽ ജനിച്ചു. ജന്മനാ യഹൂദനായിരുന്നു. ക്രിസ്ത്യാനിയായി; ബെയ്റൂട്ടിലെ സഭയിൽ ശെമ്മാശശുശ്രൂഷ ചെയ്യുകയും, വിശുദ്ധ അപ്രേമിന്റെ രചനകളുടെ പഠനത്തിൽ വ്യാപൃതനാകുകയും ചെയ്തു. അനസ്താസിയുസിന്റെ ഭരണകാലത്ത് (491–518) കോൺസ്റ്റാന്റിനോപ്പിളിലെ ബ്ലഖേർണേയിൽ വിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു, *THE AKATHIST HYMN*, Udhanashram Editions, Udhanamala, 2000, 6-7
[42]*THE AKATHIST HYMN*, Udhanashram Editions, Udhanamala, 2000, 21ലെഗ്രീക്കിൽനിന്ന് ഈ ഗ്രന്ഥകാരന്റെ വിവർത്തനം. ഇതുപോലെ ഓരോ വരിയും 'ആനന്ദിച്ചാലും' (*ഖയിറെ*))കൊണ്ട് ആരംഭിക്കുന്ന പതിനൊന്നു പാട്ടുകൾകൂടിയുണ്ട്.

കോൺസ്റ്റാന്റിനോപ്പിളിലെ ജെർമാനുസിന്റെ മറിയസ്തവങ്ങളിലെ ഏതാനും പാദങ്ങളും നമ്മുടെ പരിചിന്തന-ധ്യാനത്തിനു സാധുതയും ധന്യതയുമേറ്റും: ''ആനന്ദിച്ചാലും, നീ നവ സീയോനേ, ദിവ്യ ജറുസലേം, മഹാരാജാവായ ദൈവത്തിന്റെ തിരുനഗരമേ; നിന്റെ നിവാസങ്ങളിൽ ദൈവംതന്നെ അറിയപ്പെട്ടിടുന്നു.''[43] ''അവൾ (ദൈവമാതാവായ മറിയം) സത്യമായും മഹത്ത്വമുള്ള ജറുസലേംനഗരമാണ്; അവളാണ് ആധ്യാത്മിക സീയോൻ.''[44] തിരുഗ്രന്ഥത്തിൽ മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങളിലാണ് ''മഹത്ത്വമുള്ള ജറുസലേംനഗര''ത്തിന്റെ ദർശനങ്ങളേറെയും രേഖപ്പെടുത്തിയിട്ടുള്ളത്. അവ മറിയമിൽ സാക്ഷാത്കൃതമായെന്നത്രേ വർണിക്കപ്പെട്ടിരിക്കുന്നത്. ഈ രീതിയിൽ, സ്വർഗത്തിൽനിന്ന്, ദൈവത്തിൽനിന്ന്, ഇറങ്ങിവരുന്ന വിശുദ്ധ നഗരമായ ജറുസലേമിനെക്കുറിച്ച് വെളി 21,9-10ലുള്ള ദർശനവും വ്യാഖ്യാനിക്കാം.[45]

മറിയമിനോടു മാലാഖ പറഞ്ഞ *ആനന്ദിക്കുക* എന്ന ആശംസാവാക്കിൽത്തന്നെ ആനന്ദിക്കാനുള്ള കാരണവും അന്തർഭവിച്ചിട്ടുണ്ട്. *ഖയിറെ*യുടെയും കൃപ എന്നതിനുള്ള ഗ്രീക്കുവാക്ക് *ഖാറിസ്*ന്റെയും മൂലം ഒന്നുതന്നെയാണ്. തന്നിലെ കൃപാസാന്നിധ്യത്താൽ മറിയമിന് ആനന്ദിക്കാം. ഈ യാഥാർഥ്യം കൂടുതൽ സ്പഷ്ടമാക്കുന്നവയാണ് *ഖയിറെ* എന്ന ആദ്യഭിവന്ദനവാക്കിനു ശേഷം വരുന്ന വാക്കുകൾ.

### *കൃപ നിറഞ്ഞവളേ - കെഖറിറ്റോമെനേ*

*ഖയിറേ* കഴിഞ്ഞുള്ള ആദ്യവാക്ക് *കെഖറിറ്റോമെനേ* ആണ്. നാമത് *കൃപ നിറഞ്ഞവളേ* എന്ന് പരാവർത്തനം ചെയ്തിരിക്കുന്നു. സൂക്ഷ്മമായി പറഞ്ഞാൽ, *ലഭിച്ച*, *നിറഞ്ഞ*, '*സമാധാനം*' എന്നിവയുടെ വാക്കുകൾ അഭിവന്ദനത്തിന്റെ ഗ്രീക്കുരൂപത്തിലില്ല. ''കൃപ നിറഞ്ഞവളേ'' എന്നു നാം പ്രാർഥനയിൽ പറയുന്നതിന്റെയും ലൂക്കാ 1,28സുറിയാനിയിലുള്ളതിന്റെയും ഉൾപ്പൊരുളും സവിശേഷതയുമറിയാൻ മറിയമിനെക്കുറിച്ചുള്ള *കെഖറിറ്റോമെനേ* എന്ന ഗ്രീക്കുവാക്ക് നന്നേ സഹായിക്കും. ''കൃപ നിറഞ്ഞ(വൻ)'' (*പ്ലേറേസ് ഖറിറ്റൊസ്*) എന്ന് ലൂക്കാ അപ്പ 6,8ൽ സ്തേഫാനോസിനെ വർണിച്ചിട്ടുണ്ട്.[46] ഈ ശൈലിയല്ല മറിയമിനെക്കുറിച്ചുള്ള *കെഖറിറ്റോമെനേ.* അർഥസാന്ദ്രതയുടെ കാര്യത്തിലും വ്യത്യാസമുണ്ട്. ഈ വാക്കിന്റെ സവിശേഷതകളറിയുമ്പോൾ ഇത് മറിയമിനെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിട്ടുള്ളതിൽ നാം ആനന്ദിക്കും.

---

[43] ഏറ്റവും പരിശുദ്ധയായ ദൈവമാതാവിന്റെ കാഴ്ചവയ്പുതിരുനാളിൽ ചെയ്ത പ്രസംഗം, I,16, PG 98, 306D [44] പരിശുദ്ധ മറിയമിന്റെ വാങ്ങിപ്പുതിരുനാളിൽ ചെയ്ത പ്രസംഗം, PG 98, 3373A [45] 41,42,44 നമ്പരുകൾക്ക് Ignace de la Potterie, *Mary in the Mystery of the Covenant*, Bombay, 1995, 57നോടു കടപ്പാട്. [46] അപ്പ 6,8.55

### *കെഖറിറ്റോമെനേ*യുടെ അപൂർവത

കന്യകമറിയമിനോട് ഗബ്രിയേൽദൂതൻ പറഞ്ഞ *കെഖറിറ്റോമെനേ* എന്ന അഭിവന്ദനം ദൈവം മറിയമിനു മാത്രമായി കരുതിവച്ചിരുന്ന താണെന്നും ഒരു പുരുഷനെയും ഇപ്രകാരം അഭിവാദനം ചെയ്തിട്ടി ല്ലെന്നും ഒരിജനും[47] വിശുദ്ധ അംബ്രോസും[48] അഭിപ്രായപ്പെട്ടിട്ടുണ്ട്. *കെഖറിറ്റോമെനേ* എന്ന വാക്ക് *ഖറിറ്റൊഓ* എന്ന കാരകക്രിയയുടെ (causative verbന്റെ) perfect participle passive feminine singular vocative ആണ്; *the one who has been graced. ഖാറിസ്* (= കൃപ) എന്ന നാമ മാണ് *ഖറിറ്റൊഓ*യുടെ ധാതുപദം. *ഖറിറ്റൊഓ* ഗ്രീക്കുസാഹിത്യത്തിലും ബൈബിളിലും അപൂർവമാണ്.[49] ബൈബിളിൽ പ്രഭാ 18,17; ലൂക്കാ 1,28; എഫേ 1,6 എന്നി വിടങ്ങളിൽ മാത്രം.

### *ഖറിറ്റൊഓ* എന്ന കാരകക്രിയയുടെ അർഥധ്വനികൾ

മൂലപദമായ *ഖാറിസ്*ന്റെ അർഥമാനങ്ങളനുസരിച്ച് *ഖറിറ്റൊഓയ്*ക്കും അർഥമാനങ്ങളുണ്ടാകാം. കൃപ എന്നാണ് *ഖാറിസ്*ന്റെ അടിസ്ഥാനയർഥം. *ഖറിറ്റൊഓ*യുടെ perfect participle passive masculine singular dative പ്രഭാ 18,17സപ്തതിയിൽ പ്രയോഗിച്ചിട്ടുണ്ട്. *കെഖറിറ്റോമെനൊസ്.* അത് *gracious* (RSV), കാരുണ്യവാൻ (പി.ഒ.സി), ഔദാര്യവാൻ (ഓശാന ബൈബിൾ) എന്നിങ്ങനെ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. മറിയമിനെ മാലാഖ അഭിസംബോധന ചെയ്തപ്പോൾ "കർത്താവ് നിന്നോടുകൂ ടെ," "ദൈവസമക്ഷം നീ കൃപ (*ഖാറിസ്*) കണ്ടെത്തിയിരിക്കുന്നു" എന്നീ കാര്യങ്ങളും ചേർത്തിട്ടുണ്ടല്ലോ.[50] അവളെ *കെഖറിറ്റോമെനേ* എന്നു വിളിച്ചതിൽ തീർച്ചയായും 'കൃപ' അടിസ്ഥാനമായുണ്ട്. *കെഖറിറ്റോമെനേ* എന്ന പദത്തിന്റെ ലളിതമായ ഭാഷാന്തരം 'കൃപ ലഭിച്ചുകഴിഞ്ഞിരിക്കു ന്നവൾ(ളേ)' എന്നാണ്. അതിനാലത്രേ, "നീ കൃപാവരത്തിലാണ്" എന്നു ദൈവദൂതൻ മറിയമിനോടു പറയുന്നതായി *കെഖറിറ്റോമെനേ* എന്ന വാക്ക് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ പരാവർത്തനം ചെയ്തിട്ടുള്ളത്.[51] ഇംഗ്ലീഷ് പരിഭാഷ, മുൻപേജിൽ നല്കിയിട്ടുള്ളതു പോലെ, *the one who has been graced* എന്നത്രേ. മലയാളത്തിൽ അസ്വീകാര്യമെങ്കിലും, 'കൃപവത്കൃതയായിക്കഴിഞ്ഞിരിക്കുന്നവളേ' എന്നു പരിഭാഷപ്പെടുത്തേണ്ട പ്രയോഗം. 'കൃപ ലഭിച്ചവൾ(ളേ)' എന്ന മലയാളശൈലിയാണ് ചിതം.

---

[47]ഒരിജൻ, *ലൂക്കാഭാഷ്യം* (വിവ: ജി. ചേടിയത്ത്) തിരുവനന്തപുരം, 2005, 41.

[48]കാണുക, Ignace de la Potterie, *Mary in the Mystery of the Covenant*, 59.

[49]അതേ കൃതി, പേജ് 58. [50]ലൂക്കാ 1,28.30 [51]"കർത്താവിന്റെ മുന്തിരിത്തോട്ട ത്തിലെ വേലക്കാർ," *ഒസ്സെ. റൊമാനോ*, 4/5, 31 മാർച്ച് 2011, (മല) പേജ് 8 കോളം 2

കൃപ എന്ന യാഥാർഥ്യം രക്ഷകനായ കർത്താവിന്റെ രക്ഷാകര മായ സ്നേഹത്തിന്റെയും കരുണയുടെയും സമ്മിശ്രശക്തിയാണെന്നു പറയാം.[52] *ഖാറിസ്* സംപ്രീതി, പ്രസാദം(ദാത്മകത), ദയ, കാരുണ്യം എന്നൊക്കെയും പരിഭാഷപ്പെടുത്താറുണ്ട്. തിരുഗ്രന്ഥഭാഷയിൽ 'കൃപ' ഒരു പ്രത്യേക ദാനമാണ്. അതിന്റെ സ്രോതസ്സ് സ്നേഹമാകുന്ന ദൈവ ത്തിന്റെതന്നെ[53] ത്രിത്വൈകജീവനിലാണെന്നു പുതിയ നിയമം സാക്ഷ്യ പ്പെടുത്തുന്നു. ദൈവസ്നേഹത്തിന്റെ ഫലം തന്റെതന്നെ ജീവനിൽ മനു ഷ്യർക്കു ക്രിസ്തുവിൽ ഭാഗഭാഗിത്വം നല്കി രക്ഷിക്കാനുള്ള ദൈവ ത്തിന്റെ നിത്യമായ തിരഞ്ഞെടുപ്പ് അഥവാ അഭിവാഞ്ചയാണ്.[54] ദൈവി കസ്വഭാവത്തിൽ പങ്കു നല്കപ്പെടുന്നതുവഴിയുള്ള രക്ഷ.[55]

> നിത്യമായ ഈ ദാനത്തിന്റെ, ദൈവം മനുഷ്യനെ തിരഞ്ഞെടുത്ത ഈ കൃപയുടെ, ഉത്തരഫലം തിരഞ്ഞെടുക്കപ്പെട്ടവർക്ക് കൃപയാൽ ജീവനും വിശുദ്ധിയും നല്കുന്ന ദൈവത്തിൽനിന്നുതന്നെയുള്ള ഒരു ദാനമായി അവ രുടെ ആത്മാവിലുയരുന്ന വിശുദ്ധിയുടെ ഒരു വിത്തുപോലെയോ ഉറവ പോലെയോ ആണ്. അങ്ങനെ, നിത്യമായി പിതാവിന്റെ "വത്സലപുത്രൻ" ആയിരിക്കുന്ന മിശിഹായിൽ അവിടുത്തെ ദത്തുപുത്രന്മാരും പുത്രിമാരും ആയിരുന്ന് "എല്ലാ ആത്മീയ അനുഗ്രഹങ്ങളുമുള്ള" മനുഷ്യന്റെ "അനു ഗ്രഹം" കൈവരുന്നു, പൂർത്തീകൃതമാകുന്നു.[56]

'കൃപ ലഭിച്ചവൾ(ളേ)' എന്നു മറിയമിനെ വിശേഷിപ്പിച്ചിട്ടുള്ളതിന്റെ അർഥവിശേഷമറിയാൻ കാരകക്രിയയുടെ സ്വഭാവവും കണക്കിലെടു ക്കണം. ലക്ഷ്യത്തിൽ (കർമത്തിൽ) നിശ്ചിതഫലമുളവാക്കുന്നതാണ് കാര കക്രിയ. ക്രിയയുടെ കർമമായ വ്യക്തിയിൽ /വസ്തുവിൽ കൃത്യവും നിർണായകവുമായ മാറ്റമുണ്ടാക്കുന്നത്. ലക്ഷ്യത്തിൽ (മറിയമിൽ) ഉ ളവാക്കിയ ഫലത്തിന്റെ തുടർച്ചയും വർത്തമാനകാലസാന്നിധ്യവും ഉൾക്കൊള്ളുന്നതുമാണ് ലൂക്കാ 1,28ൽ ഉപയോഗിച്ചിട്ടുള്ള പദരൂപം. കൃപ ലഭിച്ച അവസ്ഥയിൽ, കൃപ ലഭിച്ചതിന്റെ ഫലത്തിൽ, മറിയം തുട രുകയാണ്. "നീ കൃപാവരത്തിലാണ്." ലൂക്കാ 1,28ലുള്ള *കെഖറിറ്റോമെ നേ* ഒരു കർമിണിപ്രയോഗമാണ് - ദൈവികകർമിണി. താത്പര്യം എഫേ 1,6-7ന്റെ വെളിച്ചത്തിൽ ഇങ്ങനെയാകും: *ദൈവം കൃപ ചൊരിഞ്ഞു രൂപാന്തരപ്പെടുത്തിയിരിക്കുന്നവൾ.*

---

[52] കർത്താവായ ദൈവത്തിന്റെ കൃപയെ(*ഹെസെദ്*നെ)ക്കുറിച്ചുള്ള ധ്യാനാലാപനമാണ് സങ്കീ 136 [53] 1 യോഹ 4,8 [54] ജോൺ പോൾ രണ്ടാമൻ, *രക്ഷകന്റെ അമ്മ*, നമ്പർ 8
[55] എഫേ 1,6-7;2,7; 2 പത്രോ 1,4 [56] ജോൺ പോൾ രണ്ടാമൻ, *രക്ഷകന്റെ അമ്മ*, നമ്പർ 8

എന്താണ് ദൈവകൃപാവർഷത്താൽ കന്യകമറിയാമിനു സംഭവിച്ചുകഴിഞ്ഞിരുന്ന രൂപാന്തരീകരണം? പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടാനുള്ളവന്റെ മാതാവായി എന്നതാകാൻ സാധ്യതയില്ല. കാരണം, "കൃപ ലഭിച്ചവളേ" എന്നു സംബോധന ചെയ്യപ്പെടുമ്പോൾ അവൾ മാതാവായിക്കഴിഞ്ഞിരുന്നില്ല. അവൾ യേശുവിനെ ഗർഭം ധരിച്ചിരുന്നില്ല. ഗർഭധാരണവും പ്രസവവുമെല്ലാം സംഭവിക്കാനിരിക്കുന്നതേയുള്ളു. ലൂക്കാ 1, 31ലും 1,35ലും ഭാവികാല ക്രിയാപ്രയോഗങ്ങളാണല്ലോ: (ഗ്രീക്കനുസരിച്ച്) *നീ ഗർഭം ധരിക്കുകയും ഒരു പുത്രനെ പ്രസവിക്കുകയും അവന്റെ പേര് യേശു എന്നു വിളിക്കുകയും ചെയ്യും.*[57] *പരിശുദ്ധാത്മാവ് നിന്റെമേൽ വരുകയും അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കുകയും ചെയ്യും...*[58] *പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടാനുള്ളവന്റെ* മാതാവാകാൻ ദൈവം അവളെ യോഗ്യയാക്കിക്കഴിഞ്ഞിരുന്നത് വർണിക്കുന്ന സംബോധനയാണ് "കൃപ ലഭിച്ചവളേ." അത് അവളുടെ പേരുപോലെ മാലാഖ പ്രയോഗിച്ചിരിക്കുന്നു.[59]

ദൈവം അവളെ യോഗ്യയാക്കിയതെങ്ങനെ? എഫേ 1,6ൽ *ഖറിറ്റൊഓ* എന്ന ക്രിയയുടെ ഫലമനുഭവിക്കുന്ന ക്രിസ്ത്യാനികളെക്കുറിച്ചു പൊതുവെ പറഞ്ഞിട്ടുള്ളതിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാം. എഫേ 1,6 ഗ്രീക്കുപാഠമനുസരിച്ച് നാം ഇംഗ്ലീഷിൽ ഇപ്രകാരം പരിഭാഷപ്പെടുത്തുന്നു: *to the praise of his glorious grace by which he has graced us in his beloved one. അവിടുന്ന് (ദൈവം) തന്റെ പ്രിയനിലൂടെ നമ്മെ കൃപയാൽ രൂപാന്തരപ്പെടുത്തിയ (എഖറിറ്റൊസെൻ ഹേമാസ്) തന്റെ കൃപയുടെ മഹത്ത്വത്തിന്റെ പുകഴ്ചയ്ക്കുവേണ്ടി*(യാണ്). ഗ്രീക്കുഭാഷാ പണ്ഡിതനായിരുന്ന ജോൺ ക്രിസോസ്റ്റോം എഫേ 1,6 ഇപ്രകാരം വ്യാഖ്യാനിച്ചിട്ടുണ്ട്: *ദൈവം നമുക്കു കൃപ നല്കി (എഖറിസാറ്റൊ ഹേമിൻ) എന്നല്ല, മറിച്ച്, ദൈവം നമ്മെ തന്റെ വിസ്മയകരമായ കൃപയാൽ രൂപാന്തരപ്പെടുത്തിയിരിക്കുന്നു (എഖറിറ്റൊസെൻ ഹേമാസ്) എന്നാണ് പൗലോസ് പറയുന്നത്.*[60]

ദൈവം കൃപയാൽ തന്റെ പ്രിയപുത്രനിലൂടെ നമ്മെ 'കൃപയാൽ രൂപാന്തരപ്പെടുത്തിയത്' എപ്രകാരമെന്ന് അപ്പോസ്തലനായ പൗലോസ് എഫേ 1,7ൽ സംഗ്രഹിച്ചിട്ടുണ്ട്: *അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്ക് അവനിൽ* (ക്രിസ്തുവിൽ) *അവന്റെ രക്തംവഴി വീണ്ടെടുപ്പും, ലംഘനങ്ങൾക്കു മോചനവും ഉണ്ട്.* യേശുക്രിസ്തുവിൽ വിശ്വ

---

[57] ലൂക്കാ 1, 31 [58] ലൂക്കാ 1, 35 [59] ജോൺ പോൾ രണ്ടാമൻ, *രക്ഷകന്റെ മാതാവ്*, നമ്പർ 8

[60] Ignace de la Potterie, *Mary in the Mystery of the Covenant*, 59നോടു കടപ്പാട്.

സിക്കുന്ന വിശുദ്ധർക്ക്[61] ദൈവം തന്റെ കൃപയുടെ സമൃദ്ധിക്കനുസരിച്ച് തന്റെ പ്രിയ പുത്രനായ ക്രിസ്തുവിൽ അവന്റെ രക്തം മുഖാന്തരം വീണ്ടെടുപ്പും പാപമോചനവും നല്കിയിട്ടുണ്ട്. അതായത്, തന്റെ പ്രിയപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെ ദൈവം തന്റെ കൃപയുടെ സമൃദ്ധിക്കനുസരിച്ച് തന്റെ പ്രിയപുത്രനിൽ അവന്റെ രക്തം മുഖാന്തരം വിശുദ്ധീകരിച്ചിരിക്കുന്നു. ഈ വിശുദ്ധീകരണവും വീണ്ടെടുപ്പുമാണ് രൂപാന്തരീകരണം. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെയെല്ലാം ദൈവം കൃപയാൽ രൂപാന്തരപ്പെടുത്തി *ദൈവികസ്വഭാവത്തിൽ ഭാഗഭാക്കുകളാക്കി.*[62] "ദൈവം അവളിലേക്കു കടന്നുവന്നു; അവൾ ദൈവത്തിലേക്കു കടന്നു പോയി."[63] അവൾ "അതിപരിശുദ്ധ ത്രിത്വത്തോടു സംസർഗത്തിലെത്തി."[64] പേജ് 227ൽ നാം പങ്കെടുത്ത വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ ധ്യാനത്തോടു ചേർന്നു പറഞ്ഞാൽ, ദൈവദാനമായ നിത്യമായ തിരഞ്ഞെടുപ്പാൽ, അഭിവാഞ്ചയാൽ, ദൈവികസ്വഭാവത്തിൽ പങ്കു നല്കപ്പെടുന്നതുവഴിയുള്ള രക്ഷയെന്ന അനുഗ്രഹം. മാലാഖ മറിയമിനു നല്കിയ അഭിവാദനം എല്ലാ വിശ്വാസികൾക്കും എത്തേണ്ടതാണെന്നു ജറുസലേമിലെ സൊഫ്രോണിയുസ് (575-638) ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ പെരുന്നാളിൽ പ്രസംഗിച്ചിട്ടുണ്ട്.[65] യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന സകലരെയുംകുറിച്ച് എഫേ 1,6ൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ക്രിയ (*ഖറിറ്റൊഓ*) മുൻകൂട്ടി ലൂക്കാ 1,28ൽ മറിയമിനെക്കുറിച്ചു പ്രയോഗിക്കപ്പെട്ടു; ആ അനുഗ്രഹം അവൾക്ക് മുൻകൂട്ടിയും സവിശേഷമായും നല്കപ്പെട്ടു.[66]

സൊഫ്രോണിയുസ് *കെഖറിറ്റോമെനേ* ഇപ്രകാരം വ്യാഖ്യാനിക്കുന്നു: "നിന്നെപ്പോലെ പൂർണമായി ആരും വിശുദ്ധീകരിക്കപ്പെട്ടിട്ടില്ല ... ആരും നിന്നെപ്പോലെ മുൻകൂട്ടി പവിത്രീകരിക്കപ്പെട്ടിട്ടില്ല." അവൾ നിർവഹിക്കാനിരുന്ന ദൗത്യത്തെപ്രതി കൃപയാൽ അവൾ "രൂപാന്തരീകൃതയായിക്കഴിഞ്ഞിരുന്നു" എന്നും അദ്ദേഹം വ്യാഖ്യാനിച്ചിട്ടുണ്ട്.[67] രൂപാന്തരീകരണത്തിന്റെ കൃപാനിറവ് ആധാരമാക്കി *കെഖരിറ്റോമെനേ* 'കൃപ നിറഞ്ഞവൾ/ളേ' എന്നേ വിവർത്തനമാകൂ. മറിയമിന്റെ *മാതാവിന്റെ ഉദരത്തിൽ അവൾക്കു രൂപം നല്കുന്നതിനു മുമ്പേ കർത്താവ് അവളെ അറിഞ്ഞു; ജനിക്കുന്നതിനു മുമ്പേ അവളെ വിശുദ്ധീകരിച്ചു.*[68] കർത്താവ് തന്റെ *വചനങ്ങൾ നാവിൽ നിക്ഷേപിക്കാനുള്ള* പ്രവാചകനെ[69]

[61] എഫേ 1,1 [62] 2 പത്രോ 1,4 [63] ഇരനെയുസ്, *വേദവിപരീതികൾക്കെതിരേ*, 3,10,2 [64] രണ്ടാം വത്തിക്കാൻ കൗൺസിൽ, *എക്യുമേനിസം*, നമ്പർ 15
[65] PG 87/3, 3248 [66] ജോൺ പോൾ രണ്ടാമൻ, *രക്ഷകന്റെ മാതാവ്*, നമ്പർ 8
[67] Ignace de la Potterie, *Mary in the Mystery of the Covenant*, 60നോടു കടപ്പാട്.
[68] ജറെ1,5 [69] ജറെ1,9

ഇവ്വിധം വിശുദ്ധീകരിച്ചെങ്കിൽ ദൈവംതന്നെയായ വചനത്തിനു മാംസ മെടുക്കാൻ ഇറങ്ങിവസിക്കാനുള്ളവളും പ്രവാചികയുമായവളെ അവൾ *ജനിക്കുന്നതിനു മുമ്പേ* എത്രയധികമായി *വിശുദ്ധീകരിച്ചു*! മറിയമിന്റെ ഈ രൂപാന്തരീകരണസത്യമാണ് 'അമലോത്ഭവ'മെന്നു റോമാമെത്രാൻ ഔദ്യോഗികമായി വ്യാഖ്യാനിച്ചിട്ടുള്ളത്.

എന്റെ അമ്മേ, ശുദ്ധകന്യകേ, മാലാഖ നിന്നെ അഭിവാദനം ചെയ്യു ന്നതിനു മുമ്പുതന്നെ ദൈവം തന്റെ കൃപയുടെ സമൃദ്ധിക്കനുസരിച്ച് തന്റെ പ്രിയപുത്രനിൽ അവന്റെ രക്തം മുഖാന്തരം മുൻകൂട്ടി നിന്നെ രൂപാന്ത രപ്പെടുത്തിക്കഴിഞ്ഞിരുന്നു. കൃപാവർഷത്താലുള്ള രൂപാന്തരപ്പെടൽ നിന്നിൽ സംഭവിച്ചുകഴിഞ്ഞിരുന്നു. രൂപാന്തരീകരിക്കപ്പെട്ട അവസ്ഥയിൽ നീ നിലനില്ക്കുകയും തുടരുകയുമായായിരുന്നു. മലങ്കര സുറിയാനി സ ഭയ്ക്കു പ്രിയങ്കരമായ പൗരസ്ത്യപിതാക്കന്മാരുടെ ശൈലിയിൽ പറ ഞ്ഞാൽ, നീ ''ദൈവികീകരിക്കപ്പെട്ട'' അവസ്ഥയിലായിരുന്നു. കൃപയിലാ യിരിക്കുന്നതിന്റെ, ദൈവികീകരണത്തിന്റെ, ആ അവസ്ഥയിൽ നീ ആയി രിക്കുമ്പോളാണ് ഗബ്രിയേൽമാലാഖ ''കൃപ നിറഞ്ഞവളേ'' എന്ന് നിന്നെ വിളിച്ചത്! നിനക്കു മാത്രം നല്കപ്പെട്ടിട്ടുള്ളത്! *ജനിക്കുന്നതിനു മുമ്പേ* ദൈവം നിന്നെ സമ്പൂർണമായി *വിശുദ്ധീകരിച്ചിരുന്നതിനാൽ*, ദൈവം തന്നെയായ വചനത്തിന് മനുഷ്യനായിത്തീരാൻ നിന്നിൽനിന്ന് എടു ക്കാൻ ഉചിതമായവിധം നിന്റെ ശരീരവും വിശുദ്ധീകരിക്കപ്പെട്ടിരുന്ന സ്ഥിതി യിലായിരുന്നു നീ. അതിനാൽ മാലാഖ നിന്നെ ''കൃപ നിറഞ്ഞവളേ'' എന്നു വിളിച്ചു. നീ കന്യകയും കൃപ നിറഞ്ഞവളും ആയിരുന്നതിനാൽ നിന്റെ ശരീരത്തിന് അനന്യമായ വിശുദ്ധിയുടെ സൗന്ദര്യം ഉണ്ടായിരുന്നു. വചന ത്തിനും റൂഹായ്ക്കും ഒത്തുപ്രവർത്തിക്കാൻതക്ക നല്ല - സുന്ദരമായ - മണ്ണായിരുന്നു നീ. നീ സദ്ഭൂവായിരുന്നു. പരിശുദ്ധാത്മാവ് നിന്മേൽ വരി കയും അത്യുന്നതന്റെ ശക്തി നിന്മേൽ ആവസിക്കുകയും ചെയ്തപ്പോൾ നിന്റെ വിശുദ്ധിയുടെ സൗന്ദര്യം നിത്യമായി സുസ്ഥിരവും മനുഷ്യരിൽ അതുല്യവും ആക്കപ്പെട്ടു. നീ സദ്ഭൂവായിരുന്നതിനാൽ നിന്മേൽ വരികയും അത്യുന്നതന്റെ ശക്തികൊണ്ടു നിന്നെ ആവരണം ചെയ്യുകയും ചെയ്യുകയെ ന്നത് പരിശുദ്ധാത്മാവിന് അത്യാനന്ദകരമായ പ്രവൃത്തികളായിരുന്നു. നിന്നെ ആനന്ദിപ്പിക്കുന്ന പ്രവൃത്തികളുമായിരുന്നു. അതിനാൽ കൂടിയല്ലേ *ആന ന്ദിക്കൂ* എന്ന് ആദ്യമേ മാലാഖ നിന്നെ ആഹ്വാനം ചെയ്തത്?

''കൃപ നിറഞ്ഞവളേ'' എന്ന് മാലാഖ മറിയമിനെ വിളിച്ചതിന്റെ അന്ത രാർഥത്തെക്കുറിച്ചുള്ള നമ്മുടെ ധ്യാനത്തെ അവളോടൊത്ത് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ *രക്ഷകന്റെ അമ്മ* എന്ന ചാക്രികലേഖ

നത്തിൽ നടത്തിയിട്ടുള്ള സുദീർഘമായ ധ്യാനത്തിന്റെ (നമ്പർ 8-9ലെ) ചില വിചിന്തനങ്ങൾകൊണ്ടു കൂടുതൽ സമ്പന്നമാക്കാം. ദൈവം ഗബ്രിയേൽ മാലാഖയെ മറിയമിന്റെ അടുത്തേക്കയച്ചു വചനിപ്പു നടത്തി. അവൻ അവളെ ''കൃപ നിറഞ്ഞവളേ'' എന്ന് പുതിയൊരു പേരിൽ വിളിച്ചു. അവളെ മിശിഹായുടെ രഹസ്യത്തിലേക്ക് ആനയിച്ചു. അങ്ങനെ വിളിച്ചുകൊണ്ട് അവളെക്കുറിച്ച് ഇക്കാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു: പുത്രന്റെ മനുഷ്യാവതാരത്തിലെ മാതാവാകാൻ പിതാവ് തിരഞ്ഞെടുത്ത അവൾ ലോകസൃഷ്ടിക്കു മുമ്പേതന്നെ മിശിഹാരഹസ്യത്തിൽ സന്നിഹിതയായിരുന്നു. പിതാവിനോടൊപ്പം പുത്രനും അവളെ തിരഞ്ഞെടുക്കുകയും വിശുദ്ധിയുടെ ആത്മാവിന് നിത്യമായി ഏല്പിച്ചുകൊടുക്കുകയും ചെയ്തു. തികച്ചും പ്രത്യേകവും അനന്യവുമായവിധം മറിയം യേശുവിനോട് ഐക്യപ്പെടുത്തപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ, പിതാവിനോട് ഒന്നായിരിക്കുകയും കൃപയുടെ മഹത്ത്വമാകെ കേന്ദ്രീകൃതമായിട്ടുള്ളവനുമായ പുത്രനിൽ അവൾ പൂർണമായും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു. ''കൃപ നിറഞ്ഞവളേ'' എന്ന പേര് പ്രഥമമായി സൂചിപ്പിക്കുന്നത് മറിയം ദൈവപുത്രന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയാണ്. അതേ സമയം മിശിഹായുടെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെടുകയും നിയോഗിക്കപ്പെടുകയും ചെയ്തതിലുള്ള ദൈവിക ഔദാര്യം മറിയം ഫലവത്താക്കി എന്ന യാഥാർഥ്യവും അവളുടെ ''കൃപാപൂർണത'' സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ഈ തിരഞ്ഞെടുപ്പ് മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിന് അടിസ്ഥാനപരമാണ്.

കൃപയാൽ രൂപാന്തരപ്പെട്ട മറിയം ''കൃപാവരത്തിൽ രൂപാന്തരപ്പെട്ട മനുഷ്യവർഗത്തിന്റെ പ്രതീകവും മുന്നോടിയുമാണ്.''[70] മലങ്കര സുറിയാനി സഭ ആരാധനാസംഘമായി അവളെ ''കൃപ നിറഞ്ഞവളേ'' എന്ന് അഭിവാദനം ചെയ്യുന്നത് അവൾ സഭയുടെ ഐക്കൺ (ഛായ) ആകുന്നു എന്ന ബോധത്തോടെയുമാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ ഇവ്വിധ വാക്കുകൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുരോഹിതനായ എനിക്കു ധന്യമായ സമ്പത്തായിരിക്കുമല്ലോ. മാർപാപ്പായുടെ അപ്പോസ്തോലിക ലേഖനത്തിലെ ഒരു ഭാഗം ഗ്രന്ഥസൂചികകൾ ഒഴിവാക്കി ഭാഷാന്തരം ചെയ്തുദ്ധരിക്കട്ടെ:

> ദൈവികീകരണത്തെക്കുറിച്ചുള്ള കപ്പഡോചിയൻ പിതാക്കന്മാരുടെ പ്രബോധനം എല്ലാ പൗരസ്ത്യസഭകളുടെയും പാരമ്പര്യത്തിൽ കട

[70] ജോൺ പോൾ രണ്ടാമൻ, *കിഴക്കിന്റെ വെളിച്ചം*, വത്തിക്കാൻ, 1987, no. 6

ന്നു. അത് അവയുടെ പൊതു പൈതൃകത്തിന്റെ ഭാഗവുമാണ്. ഇത്, രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വിശുദ്ധ ഇരനേയുസ് വാഗ്രൂപം നല്കിക്കഴിഞ്ഞിട്ടുള്ള വിചാരത്തിൽ സംഗ്രഹിക്കാം: മനുഷ്യൻ ദൈവ ത്തിലേക്ക് എത്താൻ ദൈവം മനുഷ്യനിലേക്കു കടന്നുവന്നു. ദൈവി കീകരണത്തിന്റെ ഈ ദൈവശാസ്ത്രം പൗരസ്ത്യ ക്രിസ്തീയവിചാര ത്തിനു പ്രിയപ്പെട്ട നേട്ടങ്ങളിലൊന്നായി നിലകൊള്ളുന്നു... കൃപയാലും നന്മയുടെ മാർഗത്തിനുള്ള സമർപ്പണത്താലും ''ഏറ്റവും ക്രിസ്തുവനുരൂ പരാക്കപ്പെട്ടവർ'' ദൈവികീകരണത്തിന്റെ ഈ പാതയിൽ നമുക്കു മുമ്പേ പോകുന്നു; രക്തസാക്ഷികളും വിശുദ്ധരും. അവരുടെയിടയിൽ കന്യക മറിയം എല്ലാംകൊണ്ടും സവിശേഷമായ സ്ഥാനം അലങ്കരിക്കുന്നു. അവളിൽനിന്ന് ജെസ്സെയുടെ മുള പൊട്ടി (ഏശ 11,1). നമുക്കുവേണ്ടി കാത്തിരിക്കുന്ന അമ്മയെന്നു മാത്ര മല്ല അവളുടെ ആകാരം. ആ പരമ പരിശുദ്ധ – പഴയനിയമത്തിലെ നിരവധി മുൻകുറികളുടെ പൂർത്തീകര ണം – സഭയുടെ ഒരു ഐക്കൺ ആണ്; കൃപയാൽ രൂപാന്തരീകൃതമായ മനുഷ്യവർഗത്തിന്റെ പ്രതീകവും മുൻകുറിയും; സ്വർഗീയ ജറുസലേമി ലേക്കു പാദങ്ങൾ തിരിക്കുന്നവരുടെ മാതൃകയും അസ്തമിക്കാത്ത പ്രതീക്ഷയും.[71]

''കൃപ നിറഞ്ഞ മറിയമേ,'' പരിശുദ്ധ ലെയോ പതിമൂന്നാമൻ പാപ്പാ യുടെ വാക്കുകൾ ഞാനിങ്ങനെ പരാവർത്തനം ചെയ്യട്ടെ: കൃപനിറഞ്ഞ വളേ, എന്ന മാലാഖയുടെ അഭിവന്ദനമുപയോഗിച്ചു നിന്നെ ഞങ്ങൾ അഭിവന്ദനം ചെയ്യുമ്പോൾ അത് നിനക്ക് എത്രയേറെ സന്തോഷകരവും പ്രസാദകരവും ആയിരിക്കുമെന്നു പറയാൻ ഞങ്ങൾക്കാവില്ലല്ലോ. എങ്കിലും ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു – പ്രസ്തുത അഭിവന്ദനം ആവർത്തി ക്കുമ്പോൾ സ്തുതിയുടെ ആ പദങ്ങൾ നിനക്ക് സ്തുതിയുടെ അനുഷ്ഠാ നക്രമപരമായ കിരീടങ്ങളായി രൂപപ്പെടുന്നു. എന്തെന്നാൽ, ഞങ്ങൾ അതു ച്ചരിക്കുമ്പോഴെല്ലാം നിന്റെ മഹത്ത്വവും നിന്നിലൂടെ ദൈവം സമാരംഭിച്ച മനുഷ്യകുലരക്ഷയും ഞങ്ങൾ സ്മരിക്കുന്നു. അതുപോലെതന്നെ, നിത്യ ജീവിതത്തിലേക്കു മനുഷ്യകുലത്തെ നയിക്കുകയും സഹായിക്കുകയും ചെയ്യുന്നതിൽ ക്രിസ്തുവിനുണ്ടായ സന്തോഷങ്ങളോടും ദുഃഖങ്ങ ളോടും അപമാനത്തോടും വിജയങ്ങളോടും നിന്നെ ഐക്യപ്പെടുത്തുന്ന ദിവ്യമായ ശാശ്വതബന്ധങ്ങളും ഞങ്ങൾ അനുസ്മരിക്കുകയാണല്ലോ.[72]

---

[71]ജോൺ പോൾ രണ്ടാമൻ, *കിഴക്കിന്റെ വെളിച്ചം*, വത്തിക്കാൻ, 1987, no. 6

[72]*മാഞ്ഞേ ദെയി മാത്രിസ് – മഹിതയായ ദൈവമാതാവ്*, റോമാ, 1892 സെപ്തംബർ 8, നമ്പർ 10

കന്യക മറിയമിനു ഗബ്രിയേൽമാലാഖ പറഞ്ഞ *ഖയിറെ, കെഖ റിറ്റോമെനേ* എന്ന അഭിവന്ദനമാധാരമാക്കി വി. ബേസിൽ (370–378) കപ്പദോചിയായിൽ ചെയ്ത ഒരു പ്രസംഗത്തിന്റെ ഒരു ഭാഗം സ്തുതിപ്പായി നമ്മുടെ അമ്മയ്ക്കു സമർപ്പിക്കാം:

കൃപാപൂരിതേ, ആനന്ദിച്ചാലും!
നിന്റെ അമ്മ ഹവ്വാ
കല്പന ലംഘിച്ചു ശിക്ഷയ്ക്കർഹയായി;
വേദനയിലവൾ സന്താനങ്ങളെ പ്രസവിച്ചു.
നിന്നോടോ, മാലാഖ ചൊല്ലുന്നു:
സ്വസ്തി, ആനന്ദിച്ചാലും!
അവൾ കായേനെ പ്രസവിച്ചു;
അവനോടൊപ്പം പകയ്ക്കും പാതകത്തിനുമവൾ ജന്മമേകി.
നീ പ്രസവിക്കുന്ന ശിശുവാകട്ടെ,
സകലർക്കും അമർത്യതയും ജീവനുമായിരിക്കും.
അതിനാൽ നീ ആനന്ദിച്ചുല്ലസിക്കുക!
ആനന്ദിച്ചാലും; സർപ്പത്തിന്റെ തല തകർക്കുക.
കൃപാപൂരിതേ, ആനന്ദിച്ചാലും,
എന്തെന്നാൽ, ശാപത്തിന്നന്തമായി;
ശോകാന്തരീക്ഷമാകെ മാറി;
ആനന്ദമിതാ സമീപസ്ഥം.
പ്രവാചകന്മാർ പ്രഘോഷിച്ച നന്മ നാമ്പുയർത്തി.
ഏശയ്യാ പ്രവചിച്ചതു നിന്നെക്കുറിച്ചുതന്നെ:
ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
ആ കന്യക നീതന്നെ.
നിന്നിൽ സ്രഷ്ടാവ് സംപ്രീതനായി.
നിന്നെ കർത്താവ് സ്നേഹിച്ചു.
ആത്മാവിന്റെ സൗന്ദര്യത്തിൽ ആനന്ദിക്കുന്നവനെ
നീ പ്രസാദിപ്പിച്ചു.
നിന്റെ കന്യാത്വം കാക്കുന്ന അവികല കാന്തനെ നീ കണ്ടെത്തി

മനുഷ്യസ്നേഹത്തെപ്രതി നിന്റെ സുതനാകാനിഷ്ടപ്പെടുന്നവനെ
നാഥനായി നിനക്കു ലഭിച്ചു.[73]

---

[73]PG 62, 763-770 ഗ്രന്ഥകാരന്റെ വിവർത്തനം

''കൃപ നിറഞ്ഞ മറിയമേ,'' ദൈവകൃപയുടെ സമൃദ്ധിയാൽ ദൈവത്താൽ രൂപാന്തരീകൃതയായിക്കഴിഞ്ഞിരുന്ന, ദൈവികീകൃതയായിരുന്ന, നിന്നെ ദൈവത്താൽ അയയ്ക്കപ്പെട്ട ദൂതൻ അഭിവന്ദനം ചെയ്തതുപോലെ നിന്നെ വിളിച്ചു ദിനംതോറും പലവട്ടം പ്രകീർത്തിക്കാൻ എനിക്കു കൃപ നല്കപ്പെടുന്നുണ്ടല്ലോ. അപ്പോഴെല്ലാം ഞാനോർക്കേണ്ടേ ഒരിക്കൽ എന്റെ മാമോദീസായിൽ എന്നെയും ദൈവം തന്റെ കൃപയുടെ സമൃദ്ധിക്കനുസൃതം തന്റെ പ്രിയപുത്രനിലൂടെ, അവന്റെ രക്തം മുഖാന്തരം, കൃപയാൽ രൂപാന്തരപ്പെടുത്തിയിരുന്നെന്ന്; എന്നെയും ദൈവികീകരിച്ചിരുന്നെന്ന്. കൃപാവരത്തിൽ രൂപാന്തരപ്പെട്ട മനുഷ്യവർഗത്തിന്റെ പ്രതീകവും മുന്നോടിയുമായ നിന്റെ പിറകേയും നിന്നെ ചുറ്റിപ്പറ്റിയും ദൈവം നിന്നെ ധരിപ്പിച്ചിട്ടുള്ള കൃപാവസ്ത്രത്തിൽനിന്നു പിടിവിടാതെ അള്ളിപ്പിടിച്ചും നടക്കുന്ന കുഞ്ഞുപൈതലാകേണ്ടതായിരുന്നു ഞാനെന്ന്. നിന്നെ ദൈവം രൂപാന്തരപ്പെടുത്തിയ അവസ്ഥയിൽനിന്നു നീയൊരിക്കലും വ്യതിചലിച്ചിട്ടില്ല. ഞാനാകട്ടെ, ഓർമയുള്ള നാൾതൊട്ടു അറിവോ ഓർമയോ വീണ്ടുവിചാരമോയില്ലാതെ ദിനംതോറും ഏഴ് എഴുപതു തവണ എന്ന ക്രമത്തിൽ പാപത്തിന്റെ കളിക്കൂട്ടുകാരനാകുന്നെങ്കിലും ധൈര്യപൂർവം നിന്നെ ''കൃപ നിറഞ്ഞ മറിയമേ'' എന്നു വിളിച്ചുപോരുന്നു. കൃപയിൻ വ്യവസ്ഥിതിയുടെ വാക്കുകളിലൊഴുകുന്ന ചൈതന്യം നുകർന്നു രൂപാന്തീകരണത്തിൽ നവീകരിക്കപ്പെട്ടവനായി, കൂടുതൽ പ്രകാശിതനായി, നിന്റെ മുമ്പിൽ നിന്നു ''കൃപ നിറഞ്ഞ മറിയമേ'' എന്നു വിളിക്കാൻ കൃപ നിന്റെ പ്രിയ പുത്രനോടപേക്ഷിച്ചു വാങ്ങിത്തരണമെ. ''സ്വർഗീയ ജറുസലേമിലേക്കു പാദങ്ങൾ തിരിക്കുന്നവരുടെ മാതൃകയും അസ്തമിക്കാത്ത പ്രതീക്ഷയുമായവളേ,''എന്റെ പാദങ്ങൾ സദാ സ്വർഗീയ ജറുസലേമിലേക്കു തിരിഞ്ഞിരിക്കാൻ, *വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.*

കൃപ നിറഞ്ഞ മറിയമേ, നീ കൈകളിൽ വഹിക്കുകയും മുലപ്പാൽ നല്കുകയും ചെയ്ത അഗ്നിയോട് അപേക്ഷിക്കണമേ. ആ അഗ്നി ഈ മഹാപാപിയെ സമീപിക്കുകയും ഇവനവനെ കൈകളിലെടുക്കുകയും ചെയ്യുമ്പോൾ ഇവൻ എരിഞ്ഞില്ലാതാകാൻ അനുവദിക്കരുതേ. പിന്നെയോ, നീ മുലപ്പാൽ നല്കിയവൻ ഈ കൊടുംപാപിയുടെ നാവിൽ വയ്ക്കപ്പെടുമ്പോൾ അവ അവന്റെ നാമം ഉരുവിട്ടുകൊണ്ടിരിക്കാൻ ശുദ്ധീകരിക്കപ്പെടട്ടെ! *വീണ്ടും അല്പസമയം കഴിഞ്ഞാൽ ഇവന് യേശുവിനെ കാണാം.* അപ്പോൾ ഇവന് ആനന്ദിക്കാമല്ലോ. എന്തെന്നാൽ, *കർത്താവിനെ കണ്ട് ശിഷ്യന്മാർ ആനന്ദിച്ചു. കർത്താവ് വീണ്ടും എന്നെ കാണും.*

*അപ്പോൾ എന്റെ ഹൃദയം ആനന്ദിക്കും. ആ ആനന്ദം ആരും എന്റെ ഹൃദയത്തിൽനിന്ന് എടുത്തുകളയാനിടയാകാതിരിക്കട്ടെ.*

കൃപ നിറഞ്ഞ മറിയമേ, പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, നിന്നെ പരിശുദ്ധ മറിയമേ, എന്നു വിളിച്ചപേക്ഷിക്കുമ്പോൾ ഞങ്ങൾ വിശ്വസിക്കുന്നു: നിന്റെ *മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനു മുമ്പേ കർത്താവ് നിന്നെ അറിഞ്ഞു; ജനിക്കുന്നതിനു മുമ്പേ നിന്നെ വിശുദ്ധീകരിച്ചു.*[74] "സർവശക്തനായ ദൈവം" "മനുഷ്യവംശത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകൾ മുൻകൂറായി പരിഗണിച്ചുകൊണ്ട് തന്റെ അവാച്യമായ കൃപയാലും സവിശേഷാനുകൂല്യത്താലും"[75] *നിന്നെ വിശുദ്ധീകരിച്ചു.* "നിന്റെ വിശിഷ്ടമായ വിശുദ്ധി ദൈവിക ഔദാര്യത്തിന്റെ അനന്യമായ ദാനമാകുന്നു."[76] ഞങ്ങളുടെ കർത്താവിന്റെ, എന്റെ തമ്പുരാന്റെ, അമ്മയാകാൻ നിന്നെ യോഗ്യയാക്കാൻ ദൈവം അത്യുദാരമായി അനന്യമായി നിനക്കു ദാനം ചെയ്തതാണ് നിന്റെ വിശുദ്ധി.

കൃപ നിറഞ്ഞ മറിയമേ, പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, നിന്നെ പരിശുദ്ധ മറിയമേ, എന്നു വിളിച്ചപേക്ഷിക്കുമ്പോൾ ഞങ്ങളോർക്കുന്നു, നിന്റെ വിശിഷ്ട വിശുദ്ധി ദൈവിക ഔദാര്യത്തിന്റെ അനന്യമായ ദാനം മാത്രമല്ലെന്ന്. പൗലോസ് ആറാമൻ പാപ്പാ ഞങ്ങളെ ഓർപ്പിക്കുന്നു: പരിശുദ്ധാത്മാവ് നല്കിയ ആന്തരികപ്രചോദനങ്ങളോടു നിന്റെ മനസ്സ് ഔദാര്യപൂർവം നിരന്തരം നിർവിഘ്നം സഹകരിച്ചതിന്റെ സദ്ഫലവുംകൂടിയാണ് നിന്റെ വിശിഷ്ട വിശുദ്ധി. ദൈവിക കൃപയും മാനുഷികസ്വഭാവത്തിന്റെ പ്രവൃത്തിയും തമ്മിലുള്ള സമ്പൂർണമായ സമന്വയത്താലാണ് പരിശുദ്ധ കന്യകയായ നീ പരിശുദ്ധ ത്രിത്വത്തിനു പരമമായ മഹത്ത്വമേകിയതും സഭയുടെ സുപ്രസിദ്ധമായ അലങ്കാരമായിത്തീർന്നതും.[77] മനുഷ്യരായ ഞങ്ങൾ, നിന്റെ മക്കളായ ഞങ്ങൾ, കൃപയാൽ നിറയാൻ, പരിശുദ്ധ ത്രിത്വത്തിനു പരമമായ മഹത്ത്വമേ കാൻ, സഭയുടെ അലങ്കാരമായിത്തീരാൻ, നിന്നെപ്പോലെ ദൈവിക കൃപയോട് ഞങ്ങളുടെ മനുഷ്യസ്വഭാവത്തിന്റെ പ്രവൃത്തിയെ സമന്വയിപ്പിക്കണം! ഈയനുഗ്രഹം ഞങ്ങൾക്കുണ്ടാകാൻ ഞങ്ങളുടെ അമ്മേ, ഇപ്പോഴുമെപ്പോഴും അപേക്ഷിച്ചുകൊണ്ടിരിക്കണമെ.

---

[74] ജറെ 1,5; [75] പിയുസ് ഒമ്പതാമൻ പാപ്പാ, *അവാച്യനായ ദൈവം*, (അമലോദ്ഭവവിശ്വസപ്രഖ്യാപനത്തിന്റെ അപ്പോസ്തോലിക കോൺസ്റ്റിറ്റ്യൂഷൻ, നിർവചനഭാഗം, 1854 ഡിസംബർ 8, നമ്പർ [76] പൗലോസ് ആറാമൻ പാപ്പാ, *മഹത്തായ അടയാളം*, റോമാ, 1967 മെയ് 13, ഭാഗം 1 [77] അതേ കൃതി അതേ ഭാഗം.

## 'നന്മ നിറഞ്ഞ' മറിയമേയും 'കൃപ നിറഞ്ഞ' മറിയമേയും

സുറിയാനി 'ടൈബൂസൊ'യ്ക്ക് നന്മ എന്നും കൃപ എന്നും അർഥമുണ്ട്. 'നല്ലതായിരിക്കുക' എന്നർഥമുള്ള '*ഠേബ്*' എന്ന ക്രിയാപദമാണ് ധാതു. ആദ്യത്തേതാണ് അടിസ്ഥാന അർഥം. അതുകൊണ്ടായിരിക്കണം പയേൻ സ്മിത്തിന്റെ സുറിയാനി നിഘണ്ടുവിൽ 'ടൈബൂസൊ'യ്ക്കു നന്മ എന്നയർഥം ആദ്യം കൊടുത്തിട്ടുള്ളത്. അതിനാൽ, ലൂക്കാ 1,28 സുറിയാനിപ്രകാരം 'നന്മ നിറഞ്ഞ' മറിയമേ എന്ന അഭിവന്ദനത്തിനാണ് മുൻഗണന. ഈ വഴിയെ ആകണം വിദേശമിഷനറിമാരുടെ ആഗമനത്തിനു മുമ്പുതന്നെ പൗരസ്ത്യസുറിയാനി പാരമ്പര്യമനുസരിച്ച് മലങ്കരയിലെ മാർത്തോമാ സുറിയാനി നസ്രാണികൾ 'നന്മ നിറഞ്ഞ മറിയമേ' എന്നു പയോഗിച്ചുപോന്നതും ഇപ്പോഴും തുടരുന്നതും. ദൈവവിചാരമേഖലയിൽ 'നന്മ'യുടെ പ്രഥമവിവക്ഷ ദൈവികതയാണ്. ദൈവികതയാണ് സൗന്ദര്യവും. 'സ്ത്രീകളിലേറ്റം സൗന്ദര്യവതി'യെന്നും 'സുന്ദരികളിലതി സുന്ദരി'യെന്നും മറിയമിനെ വിശേഷിപ്പിക്കുന്നതിർഥം സ്ത്രീഗണത്തിൽ ദൈവികത ഏറ്റവുമധികം കുടിപാർത്തിരിക്കുന്നവൾ എന്നത്രേ.

സിറിയൻ അന്ത്യോക്യാപാരമ്പര്യം ആരംഭംമുതൽ 'ടൈബൂസൊ' യുടെ കൃപ എന്നയർഥത്തിനു പ്രാധാന്യം നല്കി. അതാകണം ലൂക്കാ 1,28ഗ്രീക്കിൽ *കെഖറിറ്റോമെനേ* എന്നായതിന്റെ ചരിത്രപശ്ചാത്തലം. രക്ഷാനുഭൂതിയിലും രക്ഷാചരിത്രവിചാരത്തിലും കൃപ എന്ന പദത്തിനും അതാവിഷ്കരിക്കുന്ന യാഥാർഥ്യത്തിനും നന്മ എന്ന പദത്തെക്കാൾ പ്രത്യേകമൊരു സൂചനയുണ്ട്. കൂടാതെ, മറിയവും കൃപയാലാണ് രക്ഷിക്കപ്പെട്ടതെന്ന വിശ്വാസവും അന്തർഭവിച്ചിട്ടുമുണ്ട്. *കെഖറിറ്റോമെനേ* യുടെ മൂലഗ്രീക്കുപദം കൃപയെന്നർഥമുള്ള 'ഖാരിസ്' ആണല്ലോ. ഈ വിചാരപാരമ്പര്യം അന്ത്യോക്യയിൽനിന്നു കൈമാറി ചുറ്റുമുണ്ടായിരുന്ന പൗരസ്ത്യഗ്രീക്കുസഭകൾക്കും ലഭിച്ചു. കാലക്രമേണ അവിടങ്ങളിലെ മരിയവിജ്ഞന്മാരായ ഭക്തന്മാർ കൃപാപൂർണയായ മറിയമിനെ തങ്ങൾക്കു ലഭിച്ച കൃപയ്ക്കുമേൽ കൃപയ്ക്കനുസൃതം അവളുടെ കൃപാനിറവിനനുസൃതം അനവരതം പ്രകീർത്തിച്ച് പരിശുദ്ധ ത്രിത്വൈകദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ടിരുന്നു. അവരുടെ പ്രകീർത്തനങ്ങൾ അനന്തര തലമുറകൾക്ക് മരിയസ്തുതിയുടെ നിറപ്പാട്ടുകളായിത്തുടരുന്നു.

ലൂക്കായുടെ സാക്ഷ്യത്തിലുള്ള *കെഖാറിറ്റോമെനേ* ആദ്യഘട്ടത്തിൽത്തന്നെ റോമൻ പാരമ്പര്യത്തെയും സ്വാധീനിച്ചു. തദ്ഫലമായിക്കൂടിയാകണമല്ലോ കൃപ നിറഞ്ഞവളേ എന്നുതന്നെ അർഥമുള്ള ലത്തീൻ 'ഗ്രാസിയാ പ്ലേനാ' വിശുദ്ധ ജറോം വുൾഗാത്താവിവർത്തനത്തിൽ സ്വീക

രിച്ചത്. എങ്കിലും, ലത്തീൻ മിഷനറിമാർ മലങ്കരയിൽ പ്രവർത്തനമാരംഭി ച്ചുറപ്പിച്ചതിനുശേഷവും അവരുടെ പ്രേഷിതപ്രവർത്തനഫലമായി ലത്തീൻ കത്തോലിക്കാ സഭയുടെ അംഗങ്ങളായവരും അവരുടെ പിന്തലമുറകളും 'നന്മ നിറഞ്ഞ മറിയമേ' എന്നു പരിശുദ്ധ മറിയമിനെ അഭിവന്ദനം ചെയ്തു പ്രാർഥിക്കുന്നു. അത്, മുമ്പേ ഇവിടെ മലങ്കരയിലുണ്ടായിരുന്ന മാർത്തോമാ സുറിയാനി നസ്രാണിസമുദായത്തിൽനിന്നു ലഭിച്ചതാകണം. സീറോ മല ബാർ കത്തോലിക്കാ സഭ അതിപ്പോഴും തുടരുന്നു. അങ്ങനെയായി രുന്നു സീറോ മലങ്കര കത്തോലിക്കാ സഭ തുടക്കം മുതൽ ഈയടുത്ത സമയം വരെയും. മലങ്കര സഭകൾക്ക് സുറിയാനി പദപ്രകാരം 'നന്മ നിറഞ്ഞ മറിയമേ' എന്നും 'കൃപ നിറഞ്ഞ മറിയമേ' എന്നും ഉപയോഗിക്കാം. ഈ അപേക്ഷ മലങ്കര സുറിയാനി സഭാവിഭാഗങ്ങളിൽപ്പെട്ടവർ ലത്തീൻ, സീറോമലബാർ എന്നീ സഭാക്കൂട്ടായ്മകളിൽ ചൊല്ലേണ്ടിവരുമ്പോൾ 'നന്മ നിറഞ്ഞ മറിയമേ' എന്ന് അവരോടൊത്തു ചൊല്ലാം. ഈ അപേക്ഷ ലത്തീൻ, സീറോ മലബാർ സഭാംഗങ്ങൾ മലങ്കരസഭാക്കൂട്ടായ്മകളിൽ ചൊല്ലേണ്ടിവരുമ്പോൾ 'കൃപ നിറഞ്ഞ മറിയമേ' എന്ന് അവരോടൊത്തു ചൊല്ലാം. പരിശുദ്ധ മറിയമിനോടുള്ള ഈ അപേക്ഷ തങ്ങളുടെ പ്രാർഥ നാഭാഗമാകാനും പാശ്ചാത്യസുറിയാനി പുതിയനിയമം തങ്ങളുടെ തിരു ഗ്രന്ഥഭാഗമാകാനും അനുഗ്രഹം സിദ്ധിച്ചിട്ടുള്ള മലങ്കര സഭകളിലെ സഭാ മക്കൾ മലയാണ്മക്കാരായ മറ്റു കത്തോലിക്കരോടൊത്തു സമ്മേളിക്കു മ്പോൾ 'നന്മ'യ്ക്കു പകരം 'കൃപ'യ്ക്കു ശഠിക്കേണ്ട കാര്യം *മലിയാസ് ധൈബൂസൊ* എന്ന തിരുഗ്രന്ഥവാക്കുകളിലില്ല. ഇംഗ്ലീഷിൽ പ്രശ്നമില്ല. എല്ലാവർക്കും *ഫുൾ ഓഫ് ഗ്രേസ്* തന്നെ. ലത്തീനിലും എല്ലാവർക്കും 'ഗ്രാസിയാ പ്ലേനാ' തന്നെ. ഇംഗ്ലീഷിനും ലത്തീനിനും സുറിയാനി *മലി യാസ് ധൈബൂസൊ*യ്ക്കുള്ള ആനുകൂല്യമില്ല. സന്ദർഭോചിതമായി 'നന്മ നിറഞ്ഞ മറിയമേ' എന്ന വിശിഷ്ടാഭിവന്ദനംകൊണ്ടാരംഭിച്ച് ദൈവമാ താവായ പരിശുദ്ധ മറിയമിനോടുള്ള അപേക്ഷയർപ്പിക്കുന്നത് മലയാ ളികളുടെ ആഴമായൊരു സഭൈക്യസംഭവമാക്കാം.

### *നമ്മുടെ കർത്താവ് നിന്നോടുകൂടെ*

കൃപ നിറഞ്ഞ മറിയമേ, എന്ന പ്രാർഥനയിലെ ആരംഭാഭിവന്ദന ത്തിന്റെ മൂന്നാം ഭാഗം. മാലാഖയുടെ വാക്കുകളായി സുറിയാനി പാര മ്പര്യം തങ്ങളുടെ സുവിശേഷപാഠത്തിൽ സ്വീകരിച്ചിട്ടുള്ളത്: *നമ്മുടെ കർത്താവ് നിന്നോടുകൂടെ*: *മോറാൻ ആമേക്*. അഭിവന്ദനത്തിന്റെ ഗ്രീക്കു രൂപത്തിൽ ''നമ്മുടെ'' ഇല്ല; *കർത്താവ് നിന്നോടുകൂടെ* എന്നേയുള്ളു *നമ്മുടെ കർത്താവ് നിന്നോടുകൂടെ* എന്നു മാലാഖ മറിയമിനോടു പറ

ഞ്ഞെന്ന വിശുദ്ധ പാരമ്പര്യം സുറിയാനിസഭ കൈമാറിത്തരുന്നു. ഇ പ്രകാരം മാലാഖ പറഞ്ഞതിന്റെ ധ്വന്യാന്തരങ്ങൾ അവളുടെയും നമ്മു ടെയും കാതുകളിൽ മുഴങ്ങുന്നു.

മാലാഖമാരുടെയും മറിയത്തിന്റെയും കർത്താവും, മാലാഖയെ മറിയത്തിന്റെ പക്കലേക്ക് അയച്ച കർത്താവും അവളോടുകൂടെ. *നിനക്കു സമാധാനം* എന്നയാശംസയുടെ അന്തര്യാമിയായ കർത്താവ് അവളോ ടുകൂടെ. *ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെയുണ്ട്* എന്ന് മുമ്പ് പല രോടു പറഞ്ഞ കർത്താവ് മറിയത്തോടുകൂടെ. ഇത് സ്വർഗീയ സമാശ്വാ സത്തിന്റെയും ശക്തീകരണത്തിന്റെയും സ്വർഗീയ വചസ്സുകൾതന്നെ. യഥാർഥ ഇസ്രായേൽപുത്രിക്ക് കർത്താവ് കൂടെയുണ്ടെന്ന കർത്തൃ വാഗ്ദാനവും അനുഭവവും സ്വാഭാവികമല്ലോ! ഇസ്രായേൽ ജനത്തിനു കർത്താവ് കൂടെയെന്നത് കർത്താവിന്റെ വാഗ്ദത്തസാന്നിധ്യത്തിന്റെ അനവരതാനുഭവമാണ്. ഇസ്രായേലിന്റെ മരുഭൂയാത്രയിൽ കർത്താവ് കൂടെയെന്നതിന്റെ ദിവ്യപ്രതീകങ്ങളായിരുന്നു മേഘസ്തംഭവും അഗ്നി ത്തൂണും സാക്ഷ്യപേടകവും. കർത്താവ് കൂടെയെന്ന സാന്നിധ്യബോ ധത്തിന്റെ ശക്തിയുടെ അടയാളങ്ങൾ.[78]

ഇസ്രായേലിന്റെ രക്ഷാചരിത്രത്തിൽ ഭാരിച്ച ദൗത്യനിർവഹണ ത്തിനു താൻ വിളിച്ചവരോടൊക്കെ വിളിച്ചവൻ / കർത്താവ് പറഞ്ഞിട്ടുണ്ട്: കർത്താവ് / ഞാൻ നിന്നോടുകൂടെ. ആദ്യനിമിഷത്തിൽ ഭയപ്പെട്ടു വിസ മ്മതിച്ചവരെയെല്ലാം ദൗത്യനിർവഹണത്തിനു ശക്തീകരിച്ച വാഗ്ദാനവും സാന്നിധ്യവും. അങ്ങനെ, മോശയും[79] ജോഷ്വായും[80] ഗിദയോ നും[81] റൂത്തും,[82] പിന്നെ "കർത്താവ് / ഞാൻ കൂടെ"യുടെ പരാവർത്തന ങ്ങൾ നല്കപ്പെട്ട അനേകരും. ഇവരെല്ലാം നിന്റെ ഓർമയിലൂടെ കടന്നു പോയില്ലേ അമ്മേ, *നമ്മുടെ കർത്താവ് നിന്നോടുകൂടെ* എന്നു മാലാഖ നിന്നോടു പറഞ്ഞപ്പോൾ. അവർക്കെല്ലാവർക്കും നല്കപ്പെട്ട വിളിയുടെയും ദൗത്യത്തിന്റെയും അത്യുന്നതിയാണല്ലോ കൃപനിറഞ്ഞമറി യമേ, നിനക്ക്, നിനക്കു മാത്രം നല്കപ്പെട്ടത്! ഞങ്ങളുടെ അമ്മേ, കൃപനി റഞ്ഞ മറിയമേ, ഇസ്രായേൽജനമനുഭവിച്ചിരുന്ന തന്റെ രക്ഷകനായ കർത്താവിന്റെ സാന്നിധ്യത്തിന്റെ തികവ് നിനക്കുണ്ട്. അവരനുഭവിച്ചി രുന്ന കർത്തൃസാന്നിധ്യശക്തി നിന്നിൽ സമൂർത്തമാകുന്നു! ദൈവം നമ്മോടുകൂടെ എന്നർഥമുള്ള അമ്മാനുയേൽ എന്നു വിളിക്കപ്പെടാനു ള്ളവൻ നിന്നോടുകൂടെ, നിന്നിൽ, വസിക്കാൻ വരുന്നു. ഈ ലോകത്ത് അതുല്യവും അസമാനവുമായവിധം ദൈവം നിന്നോടുകൂടെയാകുന്നു.

[78]വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി,* 38-39 [79]പുറ 3,10-12
[80]ജോഷ്വാ 1,9 [81]ന്യായാ 6,12 [82]റൂത്ത് 2,14

ജറുസലേമിലെ സൊഫ്രോണിയുസിന്റെ (575-635) വാക്കുകൾ ആ സത്യം ഇപ്രകാരം ഉദ്ഘോഷിക്കുന്നു:

> ... നിന്നെപ്പോലെ ദൈവത്തോട് അടുത്തുകഴിഞ്ഞവർ മറ്റാരുമില്ല. ആരുമില്ല. നിന്നിൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു മറ്റാരും അർഹരായിട്ടുമില്ല. മറ്റാർക്കു കഴിഞ്ഞിട്ടുണ്ട് നിന്നെപ്പോലെ ദൈവകൃപയോടു സമ്പൂർണ മായി സഹകരിക്കാൻ?
>
> സർവസൃഷ്ടികൾക്കുമുപരി നീ പ്രതിഷ്ഠിതയായി. ദൈവം തന്റെ അനന്തനന്മയാൽ സൃഷ്ടികളിൽ വർഷിച്ച അനുഗ്രഹങ്ങൾ ഏറ്റവും കൂടുതൽ സ്വീകരിച്ചവൾ നീയാകുന്നു. നിന്നിൽ അധിവസിക്കുന്ന ദൈവം മുഖാന്തരം നീ സകലരെക്കാളും സമ്പന്നയായിത്തീർന്നു. നിന്നെപ്പോലെ ദൈവത്തെ സംവഹിക്കാൻ സാധിച്ചവരാരുമില്ല.
>
> ഇതിനുമുമ്പൊരിക്കലും ഒരു സൃഷ്ടിയും ദൈവസാന്നിധ്യപൂർണതയിലെത്തിയിട്ടില്ല. ഇപ്രകാരം വ്യാപരിക്കാൻ യോഗ്യയായ വേറൊരാളെയും ദൈവം കണ്ടില്ല. സർവതിന്റെ കർത്താവും സ്രഷ്ടാവുമായ ദൈവത്തെ നീ സ്വീകരിച്ചെന്നു മാത്രമല്ല; അദ്ഭുതകരമായി അവിടുന്നു നിന്നിൽനിന്നു മാംസമെടുക്കുകയും ചെയ്തു. അവിടുന്നു നിന്റെ ഉദരത്തിൽ വളർന്നു. തന്റെ പിതാവിന്റെ ശാപമേറ്റു വേദനിച്ചിരുന്നവരെ രക്ഷിക്കാൻ ജന്മമെടുത്തു. സ്വയം ശൂന്യമാക്കുന്ന സ്വയാർപ്പണത്താൽ അനശ്വര രക്ഷ മനുഷ്യനേകി.
>
> അതിനാലിതാ, അനവരതം നിന്നെ ഞാൻ വിളിച്ചുണർത്തിച്ചിരുന്നു; ഇനിയും ഉണർത്തിച്ചുകൊണ്ടിരിക്കും; *കൃപാപൂരിതേ, ആനന്ദിക്കൂ. കർത്താവ് നിന്നോടുകൂടെയുണ്ട്. നീ സ്ത്രീകളിൽ അനുഗൃഹീത.*[83]

കൃപ നിറഞ്ഞ മറിയമേ, *നമ്മുടെ കർത്താവ് നിന്നോടുകൂടെ* എന്നു ഞങ്ങൾ നിന്നോടു പറയുമ്പോൾ, അമ്മേ, നിന്റെയും നിന്റെ മക്കളായ ഞങ്ങളുടെയും കർത്താവ് നിന്നോടുകൂടെ എന്ന ധ്വനികൂടിയുണ്ടല്ലോ. നിന്നെയും ഞങ്ങളെയും, നിന്നെയും എന്നെയും, തന്റെ ഔദാര്യമായ കൃപാദാനത്താൽ വിശുദ്ധീകരിച്ച കർത്താവ് നിന്നോടുകൂടെയുണ്ട് എന്നുമുണ്ടല്ലോ. അവിടുന്നു വിശുദ്ധീകരിച്ച അവസ്ഥയിൽത്തന്നെ നീ വിശ്വസ്തയായി നിലനിന്നു. നിന്റെ പരിശുദ്ധി, നിന്റെ ആത്മാവിന്റെ സൗന്ദര്യം, നീ ഒരിക്കലും നഷ്ടപ്പെടുത്തിയില്ല. ഞാനാകട്ടെ, അവിശ്വസ്തനാണ്; പിഴച്ചവനാണ്; ആത്മാവിന്റെ സൗന്ദര്യം നഷ്ടപ്പെടുത്തിയ

[83] വചനിപ്പുതിരുനാളിലെ രണ്ടാം പ്രസംഗം, 25 PG 87, 3,3248; നമ്പർ 103 കാണുക

വനാണ്. എന്നിട്ടും *നമ്മുടെ കർത്താവ്* എന്നെ തേടി നിന്റെകൂടെയും നിന്നിലുമായിരുന്ന് എന്നിലും എന്റെകൂടെയുമായിരിക്കാൻ വരുന്നതിന്റെ സ്വർഗത്തിൽനിന്നുള്ള ഇടിമുഴക്കമല്ലോ മാലാഖ നിന്നോടു പറഞ്ഞത്: *നമ്മുടെ കർത്താവ് നിന്നോടുകൂടെ*. അമ്മേ, നിന്റെയും നിന്റെ മക്കളുടെയും കർത്താവ് നിന്നോടുകൂടെ. നിന്റെയും എന്റെയും കർത്താവ് നിന്റെകൂടെ. നീ എപ്പോഴും നമ്മുടെ കർത്താവിനോടുകൂടെയായിരിക്കും. പക്ഷേ, ഞാൻ എപ്പോഴും കർത്താവിനോടുകൂടെയായിരിക്കുമോ? എന്നാലും നമ്മുടെ കർത്താവ് എന്നോടുകൂടെ ആയിരിക്കും. നിന്റെ പുത്രനാൽ നിന്റെ മകനാക്കപ്പെട്ട ഞാനും നിന്നോടൊത്ത് അവനോടു കൂടെയായിരിക്കാൻ എനിക്കുവേണ്ടി അപേക്ഷിച്ചുകൊണ്ടിരിക്കണമെ.

കൃപ നിറഞ്ഞ മറിയമേ, നിന്നിലെ കൃപാനിറവിന്റെ മൂർത്തീകരണംതന്നല്ലോ നമ്മുടെ കർത്താവ് നിന്നോടുകൂടെയാകുന്നത്! നമ്മുടെ കർത്താവ് നിന്നോടുകൂടെയും നീ നമ്മുടെ കർത്താവിനോടുകൂടെയും! എന്തൊരു ശക്തി നിങ്ങളുടെ ഈ കൂടെയായിരിപ്പിന്! എന്തൊരു സൗന്ദര്യം നിങ്ങളുടെ ഈ കൂടെയായിരിപ്പിന്! നമ്മുടെ കർത്താവ് എന്നോടുകൂടെയും ഞാൻ നമ്മുടെ കർത്താവിനോടുകൂടെയും ആയിരിക്കുമ്പോൾ എനിക്കു ഭയപ്പാടകറ്റി ശക്തീകരിക്കപ്പെട്ടവനായി എന്റെ വിളിയും അതിന്റെ ദൗത്യവും നിറവേറ്റാമല്ലോ. നമ്മുടെ കർത്താവ് എന്നോടുകൂടെയും ഞാൻ നമ്മുടെ കർത്താവിനോടുകൂടെയും! നമ്മുടെ കർത്താവ് എന്നോടുകൂടെയും ഞാൻ നമ്മുടെ കർത്താവിനോടുകൂടെയും! നമ്മുടെ കർത്താവ് എന്നോടുകൂടെയും ഞാൻ നമ്മുടെ കർത്താവിനോടുകൂടെയും! ഹാ! ഇതെന്റെ നിത്യാനുനിമിഷാനുഭവം ആയിരുന്നെങ്കിൽ! ഹാ, കൃപയും സ്നേഹവും മാധുര്യവും നിറഞ്ഞ കന്യകമറിയമേ, എന്റെ അമ്മേ, നിന്റെ തിരുവുദരത്തിന്റെ ഫലമായ യേശുമിശിഹായെയുംകൊണ്ട് ഈ പ്രവാസജീവിതത്തിന്റെ ഓരോ നിമിഷവും എന്റടുത്തുണ്ടായിരിക്കണമെ. അപ്പോഴെല്ലാം നമ്മുടെ കർത്താവ് നിന്നോടൊത്ത് എന്നോടുകൂടെ ആയിരിക്കുമല്ലോ. ആമ്മീൻ.

## നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു

പരിശുദ്ധ കന്യകമറിയമേ, എന്റെ അമ്മേ, നീ *ഇതാ, ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ*[84] എന്നു ദൈവത്തിന്റെ മാലാഖയോടു പറഞ്ഞു. ദൈവം പ്രസാദിച്ചു നിനക്കു നല്കിയ സമാധാനത്തോടെ ആനന്ദിച്ചുകൊണ്ടു നീ പറഞ്ഞു. അതുവഴി വചനമായ

[84] ലൂക്കാ 1,38 സുറിയാനി

ദൈവത്തെ നീ നിന്റെ ഉദരത്തിന്റെ ഹൃദയത്തിൽ സ്വീകരിച്ചു. നിന്റെ മനുഷ്യത്വം അവനു കൊടുത്തു. അവൻ നിന്നിൽനിന്നു മനുഷ്യത്വമെടുത്തു. നീ ആത്മാവിലും ശരീരത്തിലും കന്യകയായിരുന്നുകൊണ്ടുതന്നെ യേശു എന്നു പേരു വിളിക്കപ്പെടാനുള്ള ദൈവപുത്രനെ ഗർഭം ധരിച്ചു. ദൂതൻ നിന്നെ വിട്ടു പോയി. ആ ദിവസങ്ങളിൽ നിന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തിക്കൊണ്ടിരുന്നു. കർത്താവ് നിന്നോടും നിന്നിലും പ്രവർത്തിച്ചതം ഗീകരിച്ച് അവിടുത്തേക്കു നന്ദിയർപ്പിച്ചുകൊണ്ടിരുന്നു. നിന്റെ ഉള്ളം നിന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിച്ചുകൊണ്ടിരുന്നു. ആനന്ദിക്കാൻ ദൈവത്തിന്റെ മാലാഖ ആഹ്വാനം ചെയ്തിരുന്നവളല്ലേ നീ! *ഇതാ, ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ* എന്നു മാലാഖയോടു പറഞ്ഞപ്പോൾമുതൽ നീ ഉള്ളത്തിൽ ആനന്ദിച്ചുകൊണ്ടേയിരുന്നു! എപ്പോൾ ഞാൻ ഇതാ, ഞാൻ കർത്താവിന്റെ ദാസൻ! നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ എന്ന് പൂർണമനസ്സോടെ ദൈവദൂതിനോടു പറയുമോ അപ്പോൾമുതൽ മാത്രമേ എനിക്ക് ഉള്ളത്തിൽ ആനന്ദിച്ചുകൊണ്ടിരിക്കാനാകൂ, അല്ലേ?

*ആ ദിവസങ്ങളിൽത്തന്നെ മറിയം എഴുന്നേറ്റ് യൂദയായിലെ മലപ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു.* മറിയം *തിടുക്കത്തിൽ യാത്ര പുറപ്പെട്ടത്* തനിക്കു *ശക്തനായ കർത്താവ് ചെയ്തിട്ടുള്ള വലിയ കാര്യങ്ങൾ* തന്നിൽ നിറച്ച ആനന്ദംകൊണ്ട് എലിസബത്തിനെയും അവളുടെ ഉദരസ്ഥശിശുവിനെയും ആനന്ദിപ്പിക്കാനായിരുന്നു. തനിക്കു ദൈവത്തിന്റെ മാലാഖ നല്കിയിരുന്ന ആനന്ദിക്കാനുള്ള ആശംസ അവർക്കു പകരാനായിരുന്നു. അവരെ പരിശുദ്ധാത്മനിറവാൽ ആനന്ദതുന്ദിലരാക്കാനായിരുന്നു, ആനന്ദത്തിൽ ആറാടിക്കാനായിരുന്നു. *അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം എലിസബത്ത് കേട്ടപ്പോൾ അവളുടെ ഉദരത്തിൽ ശിശു ആനന്ദത്താൽ കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവാൽ പൂരിതയായി. അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീത. നിന്റെ ഉദരഫലവും അനുഗൃഹീതം....*[85]

പരിശുദ്ധാത്മാവ് വരികയും ആവസിക്കുകയും ചെയ്ത മറിയമിനോടുകൂടെ കർത്താവ് ഗർഭസ്ഥനായുള്ളപ്പോൾ അവളുടെ അഭിവ

[85]ലൂക്കാ 1,39-45. ലൂക്കാ 1,39-45 സുറിയാനി. മറിയമിനും അവളുടെ ഉദരഫലത്തിനും ഉപയോഗിച്ചിട്ടുള്ളത് ഒരേ സുറിയാനിവാക്കിന്റെ (*മ്ബാറക്*) സ്ത്രീലിംഗ/പുല്ലിംഗ രൂപങ്ങളാണ്. അനുഗ്രഹിക്കപ്പെട്ടവൾ/ൻ എന്നോ വാഴ്ത്തപ്പെട്ടവൾ/ൻ എന്നോ പരിഭാഷപ്പെടുത്താം.

ന്ദനസ്വരം എലിസബത്തിനും അവളുടെ ഗർഭസ്ഥശിശുവിനും പരിശു ദ്ധാത്മാവാൽ നിറയാനും പരിശുദ്ധാത്മനിറവാൽ ആനന്ദിക്കാനും ഇടയാക്കി. എലിസബത്തിനു മറിയമിനെ *നീ സ്ത്രീകളിൽ അനുഗൃ ഹീതയാണ്* എന്നു പുകഴ്ത്താൻ ഇടയാക്കി. പരിശുദ്ധാത്മാവ് എലി സബത്തിനെക്കൊണ്ടു *മറിയമിനോട് ഉച്ചസ്വരത്തിൽ ഉദ്ഘോഷിപ്പിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃ ഹീതമാണ്....*

*നീ സ്ത്രീകളിൽ അനുഗൃഹീതയാണ്* എന്ന പ്രകീർത്തനത്തിൽ ഇസ്രായേലിന്റെ രക്ഷാചരിത്രത്തിൽ നിർണായകവും ധീരവുമായി പ്രവർത്തിച്ച യൂദിത്തിനും യാവേലിനും നല്കപ്പെട്ട പ്രശംസാവചന ങ്ങളുടെ പ്രതിധ്വനിയും പിൻതുടർച്ചയുമുണ്ട്. മറിയമിനെ യഥാർഹം പ്രകീർത്തിക്കാൻ ഉചിതമായ തിരുവെഴുത്തുവചനങ്ങൾ പരിശുദ്ധാത്മാവ് എലിസബത്തിനെ ഓർപ്പിച്ചു. യൂദിത്ത് സീയോന്റെ മഹിമയ്ക്ക് ഹൊളോ ഫെർണസിന്റെ ശിരസ്സ് ഇസ്രായേലിൽ പ്രവർത്തിക്കുന്ന ദൈവശക്തി യാൽ അറുത്തു.[86] വിവരമറിഞ്ഞ് പട്ടണവാസികൾ ആബാലവൃദ്ധം അവ ളുടെ ചുറ്റും കൂടി. കൂട്ടത്തിൽ ഊസിയാരാജാവും ഉണ്ടായിരുന്നു. രാജാവ് അവളെ പ്രശംസിച്ചു: *ഓ മകളേ, നീ അത്യുന്നതനായ ദൈവ ത്താൽ ഭൂമിയിലെ സകല സ്ത്രീകളിലും അനുഗൃഹീതയാകുന്നു.* ജന ങ്ങളും അതേറ്റുപാടി.[87] യാവേൽ കൗശലം പ്രയോഗിച്ച് കനാന്യരുടെ പട്ടാളത്തലവൻ സിസെറായെ വധിച്ച് ഇസ്രായേലിനു വിജയമൊരുക്കി. ഇസ്രായേൽ കനനാനിൽ വാസമുറപ്പിക്കാൻ ബദ്ധപ്പെട്ടിരുന്ന ആദ്യ ഘട്ടത്തിൽ ഇസ്രായേലിന്റെ രക്ഷയ്ക്കു പ്രവർത്തിച്ച ഒരു വീരാംഗന യാണ് യാവേൽ.[88]

ഇസ്രായേലിന്റെ രക്ഷാപൂർത്തീകരണത്തിനുള്ള ദൗത്യം ദൈവ ഹിതാനുസാരം ഏറ്റെടുത്ത വിനീതയായ കർത്തൃദാസിയായ മറിയ മിനെ എലിസബത്ത് പരിശുദ്ധാത്മപൂരിതയായി പ്രകീർത്തിച്ചു: *നീ സ്ത്രീകളിൽ അനുഗൃഹീതയാണ്.* അത് പ്രാരംഭസഭ മറുരൂപങ്ങളിലും ഏറ്റുപാടിക്കൊണ്ടിരുന്നു.[89] സുവിശേഷകനെക്കൊണ്ടു പരിശുദ്ധാത്മാവ് എഴുതിച്ചു. മറിയമിന്റെ ആത്മീയസന്ദർശനസാന്നിധ്യത്താൽ പരിശു ദ്ധാത്മനിറവു നല്കപ്പെടുന്ന കോടാനുകോടികൾ ഇടമുറിയാതെ ഏറ്റു പാടിക്കൊണ്ടിരിക്കുന്നു. തലമുറകളുടെ ഈ ഏറ്റുപാട്ടിന്റെ സ്വരം കേൾക്കാത്ത ഒരു നിമിഷവുമില്ലല്ലോ ഈ ഭൂമിയിൽ! ഈ അനുഗൃ

[86] യൂദി 13,4.11; വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി*, 50-51 [87] യൂദി 13,12-20
[88] ന്യായാ 4; വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി*, 50-51 [89] ലൂക്കാ 11,27

ഹീത തലമുറകളിലൊരു കുഞ്ഞനംഗമാകാൻ ഈ അയോഗ്യനെയും പരിശുദ്ധാത്മാവ് അനുഗ്രഹിച്ചിരിക്കുന്നതിനു നിനക്കു നന്ദി അമ്മേ. നീ നിന്റെ ഉദരഫലത്തെയും വഹിച്ചുകൊണ്ട് ഇവനെ നിരന്തരം സന്ദർശിക്കുകയും അഭിവാദ്യം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യണമെ. എങ്കിൽ മാത്രമേ *നീ സ്ത്രീകളിൽ അനുഗൃഹീതയാണ്* എന്ന് എലിസബത്തിനെപ്പോലെ നിന്നെ പ്രകീർത്തിക്കാൻ എനിക്കാകൂ. നിന്റെ സന്ദർശനത്തിന്റെ അനുനിമിഷസ്വരത്തിനായി ഇവനിതാ കാതോർത്തിരിക്കുന്നു.

*ഇതാ, ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ അനുഗൃഹീതയെന്നു പ്രകീർത്തിക്കും.* മറിയം എലിസബത്തിന്റെ വീട്ടിൽ പ്രവചിച്ചു. അവളുടെ ഈ വാക്കുകളുടെ നിവർത്തി അവളും അവളുടെ ആദ്യജാതനും ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾത്തന്നെ സംഭവിച്ചു. അതും, അവന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ജനക്കൂട്ടത്തിൽ ഒരു സ്ത്രീ അവനോടുതന്നെ പറഞ്ഞ്.[90] *രക്ഷകനായ ദൈവത്തിൽ ആനന്ദിച്ച ഉള്ളത്തിൽ*നിന്നുതിർന്ന പ്രവചനത്തിന്റെ നിവർത്തിയിൽ ആനന്ദിക്കാത്ത ഏതെങ്കിലും നിമിഷമുണ്ടോ ഈ ലോകത്ത്? ഇല്ല. അമ്മേ, നീ സ്ത്രീകളിൽ അനുഗൃഹീതയെന്ന് പ്രകീർത്തിതയായി; നിരന്തരം പ്രകീർത്തിതയായിക്കൊണ്ടിരിക്കുന്നു. കാരണം, *നിന്റെ ഉദരഫലം അനുഗൃഹീതമാണ്;*[91] നീ ദൈവവചനം കേട്ട് അതു നിനക്കു സംഭവിക്കാൻ നീ നിന്നെ അർപ്പിച്ചു;[92] *കർത്താവ് നിന്നോട് അരുൾചെയ്തവയ്ക്കു പൂർത്തീകരണമുണ്ടാകുമെന്നു നീ വിശ്വസിച്ചു.*[93] *നീ ദൈവവചനം കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്തു;*[94] *ദൈവവചനം കേട്ട് അതു പാലിച്ചു.*[95] നീ സ്ത്രീകളിൽ അനുഗൃഹീതയാണ്, എന്തെന്നാൽ, നീ താഴ്മയുള്ള ദാസിയാണ്;[96] താഴ്മയിൽ നിന്നെ വെല്ലാൻ ആരുമില്ല; അതിനാൽ ദൈവം നിന്നിലിറങ്ങിവസിച്ചു നിന്നെ ദൈവജനനിയെന്ന ഉന്നതപദത്തിലേറ്റി.[97] നീ സ്ത്രീകളിൽ അനുഗൃഹീതയാണ്, എന്തെന്നാൽ, ആനന്ദത്തിന്റെ കതിരുകൾ വിളവായുള്ള അനുഗൃഹീത വിളഭൂമിയാണു നീ.[98] നീ സ്ത്രീകളിൽ അനുഗൃഹീതയാണ്, എന്തെന്നാൽ, നിന്നാൽ ആദ്യമാതാവിൻ ശാപം നീങ്ങിപ്പോയി.[99] നീ സ്ത്രീകളിൽ അനുഗൃഹീതയാണ്, എന്തെന്നാൽ, മനുഷ്യരെ നിഹനിപ്പാൻ സർപ്പം

[90] ലൂക്കാ 11,27 [91] ലൂക്കാ 1,42 [92] ലൂക്കാ 1,38 [93] ലൂക്കാ 1,45 [94] ലൂക്കാ 8,21 [95] ലൂക്കാ 11,28 [96] ലൂക്കാ 1,48 [97] മാർ യാക്കോബിന്റെ ബോവൂസാ, *ശ്ഹീമൊ*, ശുബഹോ, ബുധൻ മൂന്നാം മണി [98] *ശ്ഹീമൊ*, ശുബഹോ, തിങ്കൾ രാത്രി ഒന്നാം കൗമാ, കോലൊ [99] *ശ്ഹീമൊ*, ശുബഹോ, ചൊവ്വാ രാത്രി ഒന്നാം കൗമാ, കോലൊ സുറിയാനി

തരുനിരയിൽ രോഷത്തോടെ വീഴ്ത്തിയ വിഷം നീമൂലം മധുരമായി മാറി. മാത്രമല്ല, നീ വിൺവൃഷ്ടിയെ സ്വീകരിച്ച് മോദത്തിൻ നീർച്ചാലൊഴുക്കി സൃഷ്ടിയെ നിറച്ചു.[100] നീ സ്ത്രീകളിൽ അനുഗൃഹീതയാണ്, എന്തെന്നാൽ, "ഹവ്വായുടെ കാതിലൂടെ മരണം കടന്നുകയറി; അതുപോലെ നിന്റെ കാതിലൂടെ ജീവൻ പ്രവേശിച്ചു."[101] ഹവ്വായുടെ കുതികാലിൽ കടിച്ച സർപ്പത്തെ (ഉത്പ 3:15) നിന്റെ പാദം ചവിട്ടിഞെരിച്ചു.[102]

വചനപാലനത്തിൽ വിശ്വസ്തയായ മറിയമേ, നിന്റെ അനുഗൃഹീതനായ ഉദരഫലത്താൽ നിന്റെ മകനാക്കപ്പെട്ട ഞാൻ അനുഗൃഹീതനാകാൻ നീ ദൈവവചനംപോലെ നിനക്കു സംഭവിക്കാൻ നിന്നെ സമർപ്പിച്ചതുപോലെ ദൈവവചനംപോലെ എനിക്കു സംഭവിക്കാൻ എന്നെ ഞാൻ സമർപ്പിക്കണം: കർത്താവ് എന്നോട് അരുൾചെയ്യുന്നവയ്ക്കു പൂർത്തീകരണമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കണം; ഞാൻ ദൈവവചനം കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യണം; ദൈവവചനം കേട്ട് അതു പാലിക്കണം. നിന്റെ ഉദരഫലത്തെ എന്റെ ഹൃദയത്തിലധിവസിപ്പിക്കണം. ഇവയ്ക്കുവേണ്ട കൃപ കൃപനിറഞ്ഞ നീ നിന്റെ ഉദരഫലത്തിൽനിന്ന് എനിക്കു വാങ്ങിത്തരണമെ അമ്മേ. അമ്മേ, നിന്നെ നോക്കി പരിശുദ്ധാത്മനിറവിൽ ഏറ്റുപറയപ്പെടുകയും പരിശുദ്ധാത്മനിറവിന്റെ തിരുവചനസ്തുതിപ്പുകൾ ആക്കപ്പെടുകയും ചെയ്ത ഉദ്ഘോഷണവാക്കുകൾ ഉരുവിടാനാകുന്നത് എത്ര വലിയൊരനുഗ്രഹം! നിന്റെ ഉദരഫലമായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നെന്ന് ഏറ്റുപറയുകയും അവനെ പ്രഘോഷിക്കുകയും ചെയ്യുന്ന എല്ലാവർക്കും നിന്നെക്കുറിച്ചുള്ള പരിശുദ്ധാത്മനിറവിന്റെ തിരുവചനസ്തുതിപ്പുകൾ നിന്നെ നോക്കി ഏറ്റുപറയാനാവശ്യമായ പരിശുദ്ധാത്മനിറവും ധൈര്യവും ലഭിക്കാനനുഗ്രഹിക്കണമെ. അവരെയെല്ലാം നീ പ്രത്യേകം സന്ദർശിക്കണമെ.

### സൊഫ്രോണിയുസിന്റെ വാക്കുകളിൽ

പരിശുദ്ധ ദൈവമാതാവിനോടുള്ള വചനിപ്പുതിരുനാളിൽ ജറുസലേമിലെ സൊഫ്രോണിയുസ് (575–635) ചെയ്ത പ്രസംഗത്തിലെ ഈ വാക്കുകൾ ധ്യാനപൂർവം ആവർത്തിച്ച് നമുക്ക് അവളെ അനുഗൃഹീതയെന്നു സ്തുതിക്കാം:

[100]*ശ്ഹീമൊ*, മെനഗാ, ബുധൻ മൂന്നാം മണി, കോലൊ [101]മാർ അപ്രേം, *ദിയതെസ്സറോൻ ഭാഷ്യം*, 20, 32 (വിവ. ജി ചേടിയത്ത്, *സുവിശേഷഭാഷ്യം*, കോട്ടയം, 2002,) 316. [102]മാർ അപ്രേം, *ദിയതെസ്സറോൻ ഭാഷ്യം*, 10,13 (വിവ. ജി ചേടിയത്ത്, *സുവിശേഷഭാഷ്യം*, 153.

സത്യമായും നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. എന്തെന്നാൽ, ഹവ്വ യുടെമേൽ പതിച്ച ശാപം അനുഗ്രഹമായി പകർത്തിയവൾ നീയാണ്.ദൈവാജ്ഞയുടെ ഭാരത്തിന്നടിയിലമർന്ന ആദമിനു പ്രത്യാശ പ്രദാനം ചെയ്തവൾ നീയത്രേ. ദൈവപിതാവിന്റെ ആ അനുഗ്രഹം – ആ അതിപുരാതനമായ ശാപത്തിൽനിന്നു മനുഷ്യകുലത്തെയാകെ മോചിപ്പിക്കുന്ന ആ അനുഗ്രഹം – ഞങ്ങൾക്കു ലഭിച്ചത് നിന്നിലൂടെയാണ്. ആയതിനാൽ തീർച്ചയായും നീ സ്ത്രീകളിൽ അനുഗൃഹീതതന്നെ.

സത്യമായും നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. എന്തെന്നാൽ, നിന്നിലൂടെ പൂർവികരെല്ലാം രക്ഷ കണ്ടെത്തി; അവർക്കു സ്വർഗം തുറന്നു കൊടുക്കുന്ന രക്ഷകനു ജന്മമേകിയതു നീയാണല്ലോ. ലോകത്തിൽ കൃപ നിറയ്ക്കുകയും തിന്മയുടെ കളകളെ പിഴുതുകളയുകയും ചെയ്യുന്ന ഫലത്തെ പുരുഷസംഗമമില്ലാതെ നീ പുറപ്പെടുവിച്ചു. ആയതിനാൽ തീർച്ചയായും നീ സ്ത്രീകളിൽ അനുഗൃഹീതതന്നെ.

സത്യമായും നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. എന്തെന്നാൽ, സ്ത്രീയായി നിന്നുകൊണ്ട്, ഞങ്ങളെപ്പോലൊരു സൃഷ്ടിയായി നിന്നുകൊണ്ട്, ദൈവമാതാവായിത്തീർന്നു നീ. നിന്നിൽനിന്നു പിറന്ന പരിശുദ്ധൻ അവതീർണനായ സത്യദൈവമാകയാൽ നീ യഥാർഥത്തിൽ ദൈവപ്രസവത്രിയെന്നു വിളിക്കപ്പെടണം. ദൈവത്തിനാണ് നീ ജന്മം നല്കിയത്.

മറിയമേ, നീ ഭയപ്പെടേണ്ടാ. നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു. ഇത് നഷ്ടപ്പെടാനസാധ്യം. ഇത് അളവറ്റതാണ്. പ്രതീക്ഷകളെയാകെ അതിലംഘിക്കുന്നത്. എന്നെങ്കിലും ആർക്കെങ്കിലും നല്കിയിട്ടുള്ളതിനെക്കാൾ മഹനീയവും. ഒരിക്കലും പതനസാധ്യതയില്ലാത്തത്ര വൻകൃപയാണ് നീ കണ്ടെത്തിയിട്ടുള്ളത്!

ദൈവസന്നിധിയിൽ കണ്ടെത്തിയിട്ടുള്ള കൃപ നിന്റെ രക്ഷയ്ക്കുതകും. അതിനെ ഒരു ശക്തിയും ഉലയ്ക്കില്ല; അധീനപ്പെടുത്തുകയുമില്ല. തീർച്ചയായും അതു നിത്യതയോളം നിലനില്ക്കും. വിശുദ്ധിയുടെ വിളനിലങ്ങളായി നിനക്കുമുമ്പേ പലരും കടന്നുപോയിട്ടുണ്ട്. പക്ഷേ, അവരാരും നിന്നെപ്പോലെ കൃപാപൂരിത ആയിത്തീർന്നിട്ടില്ല.

ഇത്ര മഹോന്നതമായ സ്ഥാനത്തേക്ക് ഇതുവരെയാരും നിന്നെപ്പോലെ ഉയർത്തപ്പെട്ടിട്ടില്ല. ഉദ്ഭവത്താലേ നിർമലയായി നിന്നെപ്പോലാരും പരിലസിച്ചിട്ടില്ല. നിന്നെപ്പോലാരും സ്വർഗീയ ശോഭയാൽ ഇത്രയ്ക്കും പ്രോജ്വലിക്കുകയോ ആകാശസീമകൾക്കുപരി ഉയർത്തപ്പെടുകയോ ചെയ്തിട്ടില്ല.

ഈ പ്രസ്താവം ന്യായമാണ്. എന്തെന്നാൽ, നിന്നെപ്പോലെ ദൈവത്തോട് അടുത്തുകഴിഞ്ഞവർ ആരുമില്ല. നിന്നിൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു മറ്റാരും അർഹരായിട്ടുമില്ല. മറ്റാർക്കു കഴിഞ്ഞിട്ടുണ്ട് നിന്നെപ്പോലെ ദൈവകൃപയോടു സമ്പൂർണമായി സഹകരിക്കാൻ?

സർവസൃഷ്ടികൾക്കുമപരി നീ പ്രതിഷ്ഠിതയായി. ദൈവം തന്റെ അനന്തനന്മയാൽ സൃഷ്ടികളിൽ വർഷിച്ച അനുഗ്രഹങ്ങൾ ഏറ്റവും കൂടുതൽ സ്വീകരിച്ചവൾ നീയാകുന്നു. നിന്നിൽ അധിവസിക്കുന്ന ദൈവം മുഖാന്തരം നീ സകലരെക്കാളും സമ്പന്നയായിത്തീർന്നു. നിന്നെപ്പോലെ ദൈവത്തെ വഹിക്കാൻ സാധിച്ചവരാരുമില്ല.

ഇതിനുമുമ്പൊരിക്കലും ഒരു സൃഷ്ടിയും ദൈവസാന്നിധ്യപൂർണതയിലെത്തിയിട്ടില്ല. ഇപ്രകാരം വ്യാപരിക്കാൻ യോഗ്യയായ വേറൊരാളെയും ദൈവം കണ്ടില്ല. സർവതിന്റെ കർത്താവും സ്രഷ്ടാവുമായ ദൈവത്തെ നീ സ്വീകരിച്ചെന്നു മാത്രമല്ല; അദ്ഭുതകരമായി അവിടന്നു നിന്നിൽനിന്നു മാംസമെടുക്കുകയും ചെയ്തു. അവിടുന്നു നിന്റെ ഉദരത്തിൽ വളർന്നു. തന്റെ പിതാവിന്റെ ശാപമേറ്റു വേദനിച്ചിരുന്നവരെ രക്ഷിക്കാൻ ജന്മമെടുത്തു. സ്വയം ശൂന്യമാക്കുന്ന സ്വയാർപ്പണത്താൽ അനശ്വരരക്ഷ മനുഷ്യനേകി.

അതിനാലിതാ, അനവരതം നിന്നെ ഞാൻ വിളിച്ചുണർത്തിച്ചിരുന്നു; ഇനിയും ഉണർത്തിച്ചുകൊണ്ടിരിക്കും; *കൃപാപൂരിതേ, ആനന്ദിക്കൂ. കർത്താവ് നിന്നോടുകൂടെയുണ്ട്. നീ സ്ത്രീകളിൽ അനുഗൃഹീത.*[103]

## നിന്റെ ഉദരഫലമായ യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു[104]

*നീ സ്ത്രീകളിൽ അനുഗൃഹീത*യെന്നു മറിയമിനെ പ്രകീർത്തിച്ചതിനോടു ചേർത്ത് അവളുടെ ഉദരഫലത്തെയും എലിസബത്ത് പ്രകീർത്തിച്ചു: *നിന്റെ ഉദരഫലം അനുഗൃഹീതം*! പരിശുദ്ധാത്മാവ് എലിസബത്തിനെക്കൊണ്ടു പറയിപ്പിച്ചു. മറിയമിന്റെ ഉദരഫലം അനുഗൃഹീതമാണ്. എന്തെന്നാൽ, അവളുടെ ഉദരഫലം അവൾ ദൈവമായ കർത്താവിന്റെ വചനം ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമാണ്. മോശ ഇസ്രായേലിനോടു പറഞ്ഞിരുന്നു: *നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താവിന്റെ സ്വരം അനുസരിച്ചാൽ നിങ്ങളുടെ ഉദരഫലം അനുഗൃഹീതമായിരിക്കും.*[105] *അനുഗൃഹീതമായിരിക്കും*

---

[103]വചനിപ്പുതിരുനാളിലെ രണ്ടാം പ്രസംഗം, 25 PG 87, 3,3248 ഗ്രന്ഥകർത്താവിന്റെ പരിഭാഷ; വെള്ളിയാൻ, *മാതൃമഹിമ*, 1980,35-37ന്റെയും സഹായമുണ്ട്.

[104]അനുഗൃഹീതം എന്നും വാഴ്ത്തപ്പെട്ടവൻ എന്നും ഭാഷാന്തപ്പെടുത്താവുന്ന പദമാണ് *മ്ബാറക്* (ഗ്രീക്ക്: *എവുലൊഗേമെനൊസ്*: ലൂക്കാ 19,38).

[105]നിയ 28,1-4

എന്നതിനർഥം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതായിരിക്കുമെന്ന്. *ഇതാ, ഞാൻ കർത്താവിന്റെ ദാസി. നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ* എന്നു പറഞ്ഞ് മറിയം വചനത്തെ തന്റെ ഹൃദയത്തിലേക്ക് അനന്യമായവിധം സ്വീകരിച്ചു. മാലാഖ പറഞ്ഞതുപോലെ, പരിശുദ്ധാത്മാവ് വരാനും വചനത്തെ തന്റെ ഗർഭപാത്രത്തിൽ നിക്ഷേപിക്കാനും മറിയം സമ്പൂർണഹൃദയത്തോടെ സമ്മതിച്ചു. പരിശുദ്ധാത്മാവിന്റെയും വചനമായ ദൈവത്തിന്റെയും അവരിരുവരെയും മറിയമിന്റെ പക്കലേക്കയച്ച പിതാവായ ദൈവത്തിന്റെയും പ്രവർത്തനത്താലും അവളുടെ സ്വതന്ത്രമായ സമ്മതത്താലും ഉരുവാക്കപ്പെട്ടതാണ് അവളുടെ ഉദരഫലം. അത് അനുഗൃഹീതമാകാതിരിക്കാൻ ആവില്ലല്ലോ.

തന്റെ ഉദരഫലം അനുഗൃഹീതമായിരിക്കാൻ മറിയവും അതീവ ശ്രദ്ധാലുമായിരുന്നു. അവൾ ദൈവമായ കർത്താവിന്റെ സ്വരം അനുസരിച്ചുകൊണ്ടിരുന്നു. ഉദരഫലം ഉരുവായ നിമിഷംമുതൽ അവളുടെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തിക്കൊണ്ടിരുന്നു; അവളുടെ ഉള്ളം തന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിച്ചുകൊണ്ടിരുന്നു. അവന്റെ ദാസിയായ തന്റെ താഴ്മയ്ക്കു പ്രതിഫലമായി ശക്തനായവൻ ചെയ്ത വലിയ കാര്യങ്ങളെപ്രതി അവിടുത്തെ പരിശുദ്ധൻ എന്നു പാടി സ്തുതിച്ചുകൊണ്ടിരുന്നു. ഗർഭധാരണസമയത്തും ഗർഭാവസ്ഥയിലും പ്രസവത്തിന്റെ നാളുകളിലുമൊക്കെ താൻ താണ്ടിയ എല്ലാ കഠിനവഴികളിലിലും അവൾ തന്റെ ഉദരഫലം അനുഗൃഹീതമാകാൻ വഴിവയ്ക്കുന്ന വൈകാരികവും മാനസികവും ആധ്യാത്മികവുമായ വ്യാപാരങ്ങൾ ചെയ്യാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. *ശക്തനായവൻ തനിക്കു ചെയ്തുതന്ന വലിയ കാര്യ*മെന്ന് തന്റെ ഉദരഫലത്തെ വിലമതിച്ചിരുന്നു.

നിന്റെ ഉദരഫലമായ യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. എന്തെന്നാൽ, *അവൻ കർത്താവിന്റെ നാമത്തിൽ വരുന്നവനാകുന്നു*.[106] ഭൂമിയിലെ സകല ജനതകൾക്കും വാഴ്‌വിനു മുഖാന്തരമായിരിക്കുമെന്നു കർത്താവ് അബ്രഹാമിനു വാഗ്ദാനം ചെയ്ത സന്തതിയാകുന്നു[107] നിന്റെ ഉദരഫലം. അനുഗൃഹീതയായ അമ്മേ, നിന്റെ ഉദരഫലമാണ് ഞങ്ങളുടെ ഏറ്റവും വലിയ അനുഗ്രഹം. വാഴ്ത്തപ്പെട്ട അവൻ കൈകളുയർത്തി ഞങ്ങളെ വാഴ്ത്തിക്കൊണ്ടിരിക്കുന്ന[108] വാഴ്‌വാകുന്നു. നിന്റെ ഉദരഫലമായ യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. എന്തെന്നാൽ, ഹവ്വാ പ്രസവിച്ചതു കൊലപാതകിയായിരുന്നു; നീ പ്രസവിച്ചതു ജീവദാതാവാണ്.[109]

---

[106] ലൂക്കാ 19,38 [107] ഉത്പ 18,17-17 [108] ലൂക്കാ 24,50-51 [109] മാർ അപ്രേം, *ദിയതെസ്സറോൻ ഭാഷ്യം*, 10,13 (വിവ. ജി ചേടിയത്ത്, *സുവിശേഷഭാഷ്യം,* 153).

സ്ത്രീകളിൽ അനുഗൃഹീതയായ അമ്മേ, നിന്റെ ക്രൂശിതനായ ഉദരഫലത്തെ പ്രഘോഷിക്കുന്ന അനേകരെ ഇവൻ പ്രത്യേകമോർക്കുന്നു. താൻ ക്രൂശിതനായിക്കിടന്നപ്പോൾ അവൻ അവരെയും നിന്റെ മക്കളെന്നും നിന്നെ അവരുടെ അമ്മയെന്നും വെളിപ്പെടുത്തി അന്യോന്യം ഏല്പിച്ചിട്ടുള്ളതാണല്ലോ. ഗൊല്ഗോഥായിൽ എല്ലാം പൂർത്തിയാക്കി ആത്മാവിനെ ഏല്പിക്കുന്നതിനു തൊട്ടുമുമ്പ് യേശുവേ, നീ നിന്റെ അമ്മയെ നിന്റെ ശിഷ്യരുടെ അമ്മയായി നല്കിയല്ലോ.[110] നീ നല്കിയ ഈ അതുല്യദാനം അനേകർ പരസ്യമായി അംഗീകരിക്കുന്നില്ലെങ്കിലും നിന്റെ അമ്മ നിന്നാൽ അവരുടെയും അമ്മയാക്കപ്പെട്ടവളല്ലോ! ഗൊല്ഗോഥായിലെ അമ്മേ, അവർക്കുവേണ്ടിയും എപ്പോഴും നിന്റെ ഉദരഫലത്തോട് അപേക്ഷിച്ചുകൊണ്ടിരിക്കണമെ. അവരും നിന്നെ തങ്ങളുടെ അമ്മയായി സ്വീകരിക്കാനുള്ള അനുഗ്രഹം നല്കിപ്പിക്കണമെ.

അനുഗൃഹീതയായ അമ്മേ, നിന്റെ അനുഗൃഹീതമായ ഉദരഫലം ഗൊല്ഗോഥായിലെ മരത്തിന്റെ ഫലം ആയപ്പോൾ എന്നെ തന്റെ ശിഷ്യനായി കണ്ടു വിളിച്ച് നിന്റെ മകനെന്നു നിനക്കും നിന്നെ എന്റെ അമ്മയെന്ന് എനിക്കും വെളിപ്പെടുത്തി;[111] എന്നെയും നിന്നെയും അവൻ അന്യോന്യമേല്പിച്ചു. എന്നെ സഭ ആദ്യമായി സ്ലീബായുടെ - ക്രൂശിതന്റെ - സംരക്ഷണയിലാക്കിയപ്പോൾത്തന്നെ അവൻ നിന്നെ രഹസ്യത്തിൽ വിളിച്ച് എന്നെ നിന്റെ ഒരു മകനായി നിനക്കു നല്കിയെന്നും നിന്നെ എന്റെ അമ്മയായി ഇവനു നല്കിയെന്നും ഇവൻ വിശ്വസിക്കുന്നു. ഇവൻ കുരിശിന്റെയും ക്രൂശിതന്റെയും അടുത്തു നില്ക്കുമ്പോളെല്ലാം അമ്മേ, നിന്നെ എന്റെ അമ്മയെന്ന് ഓർക്കണമെന്ന് അവൻ ഏല്പിച്ചുതന്നിട്ടുണ്ടല്ലോ. അമ്മേ, ആദിയുണ്ടായിരുന്നപ്പോഴേ ദൈവമായിരുന്ന വചനം നിന്റെ മാംസത്തിൽനിന്നു മാംസമെടുത്ത് മാംസമായി നമ്മുടെയിടയിൽ കൂടാരമടിച്ചു. അവൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ട ഗൊല്ഗോഥായിലെ കുരിശിന്നരികെ നീയില്ലാതെ അവിടുത്തെ ക്രൂശിതനില്ലല്ലോ. ഈ കാഴ്ച ലഭിക്കാൻ ഇവനെപ്രതി കുരിശിലേറ്റപ്പെട്ട നിന്റെ ഉദരഫലം ഓരോ നിമിഷവും സ്നേഹിക്കുന്ന ശിഷ്യനായി ഇവൻ ഗൊല്ഗോഥായിലെ ക്രൂശിതന്റെ കുരിശിന്നരികെ നില്ക്കണം. നിന്റെ ഉദരഫലം സ്നേഹിക്കുന്ന ഒരു ശിഷ്യനായി അവന്റെ കുരിശിന്നരികെ നിന്നോടൊപ്പം നില്ക്കുന്നവനായി അവന് എന്നും ഇവൻ കാണപ്പെടണം. ഇക്കാര്യങ്ങൾ സാധ്യമാകാൻ ഇവനുവേണ്ടി നീ നിരന്തരം അപേക്ഷിച്ചുകൊണ്ടിരുന്നേ പറ്റൂ. ഇല്ലെങ്കിൽ നിന്റെ ഈ മകന്റെ

---

[110] യോഹ 19,28-30

[111] വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി*, 98-102

കാര്യം പോക്കാ. അങ്ങനെ പോക്കാകാൻ നീ അനുവദിക്കില്ലെന്ന ഉറപ്പുണ്ടിവന്. നിന്റെ ക്രൂശിതനായ ഉദരഫലത്തിന്റെ കുരിശിന്നരികെ നിന്നോടൊപ്പം നില്ക്കുന്നതിന് ഒരു സുഖമുണ്ടെന്ന് വല്ലപ്പോഴുമെങ്കിലും നിന്റെ ഈ മകനു തോന്നാറുണ്ടെന്നു നിനക്കറിയാമല്ലോ.

വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ,
പാപികളായ ഞങ്ങൾക്കുവേണ്ടി
ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

**വിശുദ്ധ മറിയമേ,**

'വിശുദ്ധ മറിയമേ' എന്നുള്ള നമ്മുടെ വിളിയിൽ ദൈവം അവളെ കൃപയാൽ രൂപാന്തരീകരിച്ചിരുന്നു എന്ന വിശ്വാസത്തിന്റെ അംഗീകാരവും ആദരവുമുണ്ട്. മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പേ ദൈവം അറിയുകയും കൃപയാൽ രൂപാന്തരപ്പെടുത്തുകയും ചെയ്തവൾ അനന്യമായ വിധം വിശുദ്ധീകൃതയാണല്ലോ. 'വിശുദ്ധ മറിയമേ' എന്നു നാം നമ്മുടെ അമ്മയെ വിളിക്കുന്നത് സാധാരണ വിശുദ്ധരെ വിളിക്കുന്നതുപോലല്ല. തമ്പുരാന്റെ അമ്മ – കർത്താവിന്റെ അമ്മ – എന്ന നിലയിലും അവളുടെ വിശുദ്ധിക്ക് അനന്യതയുണ്ട്. മാനുഷിക മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവരിൽ അവളെപ്പോലെ സമ്പൂർണവിശുദ്ധയായി മറ്റാരുമില്ല എന്ന വിശുദ്ധിവിചാരത്തോടെയാണ് നാം 'വിശുദ്ധ മറിയമേ' എന്ന് അവളെ വിളിക്കുന്നത്. ഹിപ്പോളിറ്റസിന്റെ (രണ്ടാം നൂറ്റാണ്ട്) വാക്കുകളിൽ, അവൾ "കേടില്ലാത്ത മരംകൊണ്ടു നിർമിക്കപ്പെട്ട പെട്ടക"മാണ്. ചൊവ്വാ രാത്രികളിൽ മലങ്കര സഭ അവളെ ഇങ്ങനെ പുകഴ്ത്തുന്നു: നിന്റെ വിശുദ്ധിയിലാണ് രാജാവ് ഇറങ്ങിയതും അതിലാണ് അവൻ വെളിപ്പെട്ടതും. ദൈവവചനത്തെ ഗർഭംധരിച്ച പുതിയ സ്വർഗമാണ് നീ. നീ അഗ്നിയെ കൈകളിലെടുത്തവളും ദഹനനു സ്തന്യം നല്കിയവളുമാണ്. ... നിന്നിൽ ശരീരമെടുത്ത പിതാവിന്റെ വചനം നിന്റെ കന്യാത്വത്തിനു ഭംഗമുണ്ടാക്കാതെ നിന്നിൽനിന്നു ജനിക്കുകയും ചെയ്തു.[112] അവൻ കന്യകയുടെ സമ്പൂർണവിശുദ്ധിമൂലം അവളിൽ ഇറങ്ങിവസിച്ചു ശരീരമെടുക്കുകയും ദൈവംതന്നായ വചനത്തിന്റെ വിശുദ്ധിയാൽ അവളുടെ വിശുദ്ധിയെ പ്രശോഭിപ്പിക്കുകയും ചെയ്തു. അവളിൽനിന്നു പിറന്നപ്പോഴും അവളുടെ സമ്പൂർണവിശുദ്ധിയെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്തു. അവളെക്കുറിച്ചു വിശുദ്ധ ജോൺ ക്രിസോസ്റ്റോം പ്രഘോഷിച്ചതു നമുക്കേറ്റുപറയാം:

---
[112] *ശ്ഹീമൊ*, ചൊവ്വാ രാത്രി, മെനഒാ, കോലൊ

> സകല മനുഷ്യരെയുംകാൾ വിശ്വസ്തതയോടെ നൈർമല്യം കാത്തു സൂക്ഷിച്ച മറിയമാണ് ക്രിസ്തുവിനെ ഗർഭംധരിച്ച അനുഗൃഹീതയായ സ്ത്രീ. ... പ്രിയരേ, നിത്യകന്യകയായ മറിയം സത്യമായും ഒരു അദ്ഭുതമാണ്. ... അവളെക്കാൾ പരിശുദ്ധരായി ആരുണ്ട്? പ്രവാചകന്മാരില്ല. അപ്പോസ്തലന്മാരില്ല. രക്തസാക്ഷികളില്ല. പാത്രിയർക്കാമാരുമില്ല. ക്രോബകളോ സ്രോപ്പേകളോ ഇല്ല. മാലാഖമാരുടെ മറ്റൊരു ഗണവുമില്ല. ഒരു സൃഷ്ടിപോലും, ദൃശ്യവും അദൃശ്യവുമായതൊന്നും അവളെ അതിശയിക്കുന്നില്ല. ... കന്യാമാതാവേ, ഞങ്ങളുടെ സഭയുടെ മഹത്ത്വവും സിംഹാസനവുമായവളേ, അതിന്റെ അടിസ്ഥാനവും അലങ്കാരവുമായവളേ, സ്വസ്തി.[113]

മാർട്ടിൻ ലൂഥർ വിശദീകരിച്ചിട്ടുള്ളതുപോലെ, അവളുടെ ആത്മാവ് നിവേശിപ്പിക്കപ്പെട്ടപ്പോൾ, അമ്മയുടെ ഗർഭപാത്രത്തിൽ അവൾക്കു ജീവനുണ്ടായപ്പോഴേ, മറിയം പാപമില്ലാത്തവളായിരുന്നെന്ന് ഭക്തിപൂർവവും യുക്തമായും വിശ്വസിക്കപ്പെടുന്നു. നിവേശിതമായ വിശുദ്ധാത്മാവിനെ സ്വീകരിക്കാൻതക്കവിധം അവൾ ഉദ്ഭവപാപത്തിൽനിന്ന് വെടുപ്പാക്കപ്പെടുകയും ദൈവികദാനങ്ങളാൽ അലങ്കൃതയാകയും ചെയ്തിരുന്നു. അങ്ങനെ, അവൾ ജീവിക്കാനാരംഭിച്ച നിമിഷംതന്നെ അവൾ സമ്പൂർണമായി പാപരഹിതയായിരുന്നു.[114] “മനുഷ്യകുലത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകൾ മുൻകൂട്ടി പരിഗണിച്ചുകൊണ്ട് സർവശക്തനായ ദൈവം പ്രദാനം ചെയ്ത അനന്യമായ കൃപയാലും വിശേഷാനുകൂല്യത്താലും എത്രയും അനുഗൃഹീതയായ കന്യകമറിയം ഉദ്ഭവത്തിന്റെ ആദ്യനിമിഷത്തിൽ ഉദ്ഭവപാപത്തിന്റെ സകല മാലിന്യത്തിലുംനിന്നു സംരക്ഷിക്കപ്പെട്ടു.”[115] ദൈവം അവളെ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പുതന്നെ കൃപയാൽ രൂപാന്തരപ്പെടുത്തിയിരുന്ന വിശുദ്ധ സ്ഥിതിയിൽനിന്ന് അവൾ ഒരിക്കലും വ്യതിചലിച്ചിട്ടില്ല. നിത്യവിശുദ്ധയായി നിലനില്ക്കാൻ നിമിഷാനുനിമിഷം അവൾ ദൈവത്തോടു ചേർന്നുനിന്നു. എല്ലായ്പ്പോഴും കർത്തൃദാസിയായിത്തന്നെ വ്യാപരിച്ചു. അവൾ സമ്പൂർണവിശുദ്ധയാണ് - *പാൻ ഹഗിയ* (ഒരിജൻ), ഓൾ ഹോളി. ദൈവകൃപയാൽ അവൾ വിശുദ്ധയല്ലാതിരുന്ന ഒരു നിമിഷവുമില്ല.

---

[113]Metaphrasten-ൽനിന്നു വെള്ളിയാൻ, *മാതൃമഹിമ*, 71നോടു കടപ്പാട്.

[114]Martin Luther's Works (ET by William J.Cole) Weimar Edition, Vol 4, 694

[115]പിയുസ് ഒമ്പതാമൻ പാപ്പാ, *അവാച്യനായ ദൈവം*, ‘നിർവചനം’

'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാരംഭസംബോധന ജ്ഞാനസ്നത്തിൽ ദൈവം നമ്മെ കൃപയാൽ രൂപാന്തരപ്പെടുത്തിയിരുന്നത്, വിശുദ്ധീകരിച്ചിരുന്നത്, അനുസ്മരിക്കാൻ നമുക്കിടയാക്കുന്നു. ഇതേ അപേക്ഷയുടെ രണ്ടാം പകുതിയുടെ ആരംഭത്തിലുള്ള 'വിശുദ്ധ മറിയമേ' എന്ന വിളിയുടെ പ്രേരകചൈതന്യം നാം പാപികളാണെന്ന ബോധമാണ്. പാപീബോധത്തിന്റെ ഉൾവിളി വിശുദ്ധിക്കുവേണ്ടിയാണ്. വിശുദ്ധിക്കുവേണ്ടിയല്ലെങ്കിൽ പാപികളായ നാം എന്തിനാണ് 'കൃപ / നന്മ നിറഞ്ഞ മറിയ'മിനെ 'വിശുദ്ധ മറിയമേ' എന്നു വിളിക്കുന്നത്? അവൾ വിശുദ്ധയാണെന്ന് അവളെ പ്രശംസിക്കാൻ മാത്രമാണോ? ആ പ്രശംസ അവൾക്കാവശ്യമില്ല. നാം 'വിശുദ്ധ മറിയമേ' എന്നു വിളിക്കുന്ന ഈ നിമിഷം മുതൽ മരണസമയംവരെയും വിശുദ്ധ ജീവിതത്തിന് അവളെ അനുകരിക്കാനുള്ള ആഗ്രഹത്തോടും നിശ്ചയത്തോടുംകൂടി ഉയർത്തേണ്ട വിളിയാണ് 'വിശുദ്ധ മറിയമേ.' എന്റെ ജീവിതവിശുദ്ധിയെ സൂക്ഷ്മമായൊന്നു വീക്ഷിക്കാൻ വെല്ലുവിളിക്കുന്ന വിളിയാണ് 'വിശുദ്ധ മറിയമേ.' ഇത് വിശുദ്ധിക്കുവേണ്ടിയുള്ള വിളിയാണ്. വിശുദ്ധ മറിയമേ, പാപികളായ ഞങ്ങൾക്കു വിശുദ്ധി വേണം. ഇപ്പോൾ നിന്നെ എലിസബത്തിനെപ്പോലെ തമ്പുരാന്റെ അമ്മേ എന്നു വിളിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെയും നാവുകളെയും വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിനെ വേണം. ഞങ്ങൾ ദൈവസന്നിധിയിൽ കുറ്റമറ്റവരാക്കപ്പെടണം.[116]

### തമ്പുരാന്റെ അമ്മേ

പരിശുദ്ധാത്മാവാൽ പൂരിതയായ എലിസബത്താണ് ആദ്യമായി മറിയമിനെ തമ്പുരാന്റെ അമ്മ (= കർത്താവിന്റെ അമ്മ) എന്നു വിളിച്ചത്. പരിശുദ്ധാത്മാവ് എലിസബത്തിനെക്കൊണ്ട് മറിയമിനെ അങ്ങനെ വിളിപ്പിക്കുകയായിരുന്നു. സംഭവം സുവിശേഷകനായ ലൂക്കാ സാക്ഷിച്ചിട്ടുണ്ട്.[117] ദൈവദൂതനായ ഗബ്രിയേലിന്റെ വാക്കുപ്രകാരം ഗർഭിണിയായ മറിയം *ആ ദിവസങ്ങളിൽത്തന്നെ എഴുന്നേറ്റ് യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ പുറപ്പെട്ടു*. മറിയം എന്തിനാണ് നസറത്തിൽനിന്നു 170 കി.മീ. ദൂരമുള്ള അയിൻകെരെമിലേക്ക് *തിടുക്കത്തിൽ പുറപ്പെട്ടത്? തിടുക്കത്തിൽ* എന്നു വിവർത്തനം ചെയ്തിട്ടുള്ള ഗ്രീക്കുവാക്ക് ലൂക്കാ 2,16ലും പ്രയോഗിച്ചിട്ടുള്ളതനുസരിച്ചു കണ്ടാൽ, ഗബ്രിയേൽദൂതൻ പറഞ്ഞിരുന്ന അടയാളം കാണാനാണ് മറിയം *തിടുക്കത്തിൽ പുറപ്പെട്ടത്*. വന്ധ്യയും വയസ്സി

[116] ലൂക്കാ 1,6 [117] ലൂക്കാ 1,39-43

യുമായിരുന്നവൾക്ക് ആറാം മാസമായതു കാണാൻ; ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലെന്നു സ്ഥിരീകരിക്കാൻ.[118] അമ്മയുടെ ഉദര ത്തിലായിരുന്ന യോഹന്നാനെ പവിത്രീകരിക്കാൻ പരിശുദ്ധാത്മാവ് തന്റെമേൽ ആവസിച്ചിരുന്ന മറിയം തിടുക്കത്തിൽ പുറപ്പെട്ടു.[119] ‘‘അവൾ പരിശുദ്ധാത്മാവാൽ നിറഞ്ഞിരുന്നു: ഉന്നതതലങ്ങളിലേക്ക് നയിക്ക പ്പെടുകയും ദൈവികശക്തി അവളെ സംരക്ഷിക്കുകയും ചെയ്യുക അവൾക്കു ചേർന്നതായിരുന്നു. കാരണം, ആ ശക്തി അവളുടെമേൽ ആവസിച്ചിരുന്നു.’’[120] പക്ഷേ, *തിടുക്കത്തിൽ പുറപ്പെട്ട* മറിയം സഖറി യായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്ത പ്പോൾ സംഭവിച്ചത് ജറുസലേമിൽ മറിയമിന്റെ സാന്നിധ്യത്തിൽ സംഭ വിക്കാനിരുന്ന പെന്തിക്കൊസ്തിയുടെ[121] മുൻകൂട്ടിയുള്ള ചെറുപതിപ്പ്! *മറിയമിന്റെ അഭിവാദനം എലിസബത്ത് കേട്ടപ്പോൾ അവളുടെ ഉദര ത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവാൽ പൂരിത യായി. അവൾ ഉദ്ഘോഷിച്ചു*: ... *എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തേക്കു വരാൻ ഞാനാര്*! ...[122]

തന്റെ ഉദരഫലത്തെ വഹിക്കുന്ന മറിയമിന്റെ അഭിവാദനസ്വര ത്തിന്റെ ശക്തി! മറിയമിന്റെ സന്ദർശനവും അവളുടെ ഉദരസ്ഥഫല ത്തിന്റെ സാന്നിധ്യവും ഉളവാക്കുന്ന ഫലങ്ങൾ! മറിയമിന്റെ ഉദരസ്ഥഫ ലത്തെ ‘എന്റെ കർത്താവ്’ എന്നും, അവളെ ‘എന്റെ കർത്താവിന്റെ അമ്മ’ എന്നും തിരിച്ചറിഞ്ഞു വിളിക്കാൻ അവളുടെ അഭിവാദനത്താൽ മനുഷ്യ കുലത്തിൽ ആദ്യം പരിശുദ്ധാത്മനിറവ് ലഭിച്ച എലിശുബാമ്മേ, നീ എത്ര ധന്യ! നിന്റെ പേരക്കുട്ടിയാകാൻ പോലും പ്രായമില്ലാത്ത മറിയമിന്റെ മുമ്പിൽ സ്വയം ചെറുതാക്കുന്ന നിന്റെ എളിമയുടെ വലുപ്പവും മാഹാ ത്മ്യവും! *എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തേക്കു വരാൻ ഞാനാര്* എന്നു നീ വിസ്മയിക്കുന്നു. അതേ, ഈ അതുല്യഭാഗ്യം പരി ശുദ്ധാത്മാവ് നിനക്കുവേണ്ടി കരുതിയിരുന്നതാണ്. മറിയമേ, നീ *തിടു ക്കത്തിൽ പുറപ്പെട്ടത്* നിനക്കു വേണ്ടി ദൈവം ഒരുക്കിയിരുന്നതിലേക്കും അത്യുന്നതമായ അഭിധാനത്തിൽ നിന്റെ പുത്രന്റെ വഴിയൊരുക്കുകാ രന്റെ അമ്മയുടെ നാവിലൂടെ പരിശുദ്ധാത്മാവിനാൽ ആദ്യമായി നീ വിളിക്കപ്പെടേണ്ടതിനുമായിരുന്നു. കർത്താവിന്റെ അമ്മ എന്ന നാമം ആദ്യമായി നിനക്കു വിളിക്കപ്പെടേണ്ടതിനുമായിരുന്നു. കർത്താവിന്റെ

[118]ലൂക്കാ 1,35-36 [119]ഒരിജൻ, *ലൂക്കാ ഭാഷ്യം*, പ്രസംഗം, 7 (വിവ: ജി. ചേടിയത്ത്, തിരുവനന്തപുരം, 2005) 33. [120]അതേ കൃതി അതേ ഭാഗം. എലിസബത്ത് ഉദ്ഘോ ഷിച്ചു എന്നതിന്റെ സ്ഥാനത്ത് അനുഗൃഹീതയായ മറിയം പ്രവചിച്ചു എന്നു ചില കൈയെഴുത്തുപ്രതികളിലുണ്ട്. [121]അപ്പ 1,12-2,40 [122]ലൂക്കാ 1,41-45

അമ്മ! തമ്പുരാന്റെ അമ്മ! അനുനിമിഷം ലക്ഷോപലക്ഷം കണ്ഠങ്ങ ളിൽനിന്ന് ഉയരേണ്ട ഈ നാമത്തിന്റെ ഉച്ചരണം പരിശുദ്ധാത്മപൂരിത യായ എലിശുബാമ്മയാൽ ഉദ്ഘാടനം ചെയ്യപ്പെടേണ്ടതിനുമായിരുന്നു.

എന്റെ കർത്താവിന്റെ അമ്മ ദിനംതോറും എത്രയോ പ്രാവശ്യം വീതം എന്റെ അടുത്തേക്കു വരുന്നു! എനിക്കൊരിക്കലും അനർഹതാ ബോധം ഉദിച്ചിട്ടില്ലെങ്കിൽ ഞാൻ എന്റെ കർത്താവിന്റെയും അവന്റെ അമ്മയുടെയും ഔന്നത്യം തിരിച്ചറിഞ്ഞിട്ടില്ലെന്നല്ലേ? മറിയമിനെ എന്റെ കർത്താവിന്റെ അമ്മ എന്നു വിളിക്കണമെങ്കിൽ അവളുടെ സാന്നിധ്യം ആവഹിക്കുന്ന പരിശുദ്ധാത്മസാന്നിധ്യത്താൽ ഞാൻ നിറയണം. എന്റെ കർത്താവായ യേശു തന്റെ അമ്മയെ എന്റെയും അമ്മയായി നല്കി യിട്ടുള്ളതിനാൽ കൂടുതൽ അവകാശബോധത്തോടെ എനിക്കു വിളി ക്കാമല്ലോ: *തമ്പുരാന്റെ അമ്മേ. തമ്പുരാന്റെ അമ്മേ,* അതിദുർഘടഘ ട്ടങ്ങളിൽ നിന്റെ ചിത്രത്തിൽ നോക്കി നെഞ്ചകത്തടിച്ച് 'തമ്പുരാനെ പെറ്റ അമ്മച്ചീ' എന്നു വിളിച്ചു മാർ ഈവാനിയോസ്പിതാവ് കരഞ്ഞ പേക്ഷിക്കുമായിരുന്നെന്ന് നിത്യസമ്മാനത്തിനു കടന്നുപോയ ചില ബഹു. സന്യാസിനികൾ പറഞ്ഞിട്ടുള്ളത് നിന്റെ ഈ മകൻ ഓർക്കുന്നു.

മുതിർന്ന തലമുറയുടെ ജ്ഞാനത്തികവിന്റെയും പാകമായ വിവേ കത്തിന്റെയും വിനയത്തിന്റെയും സ്വതസിദ്ധമായ മന്ത്രണമല്ലോ മറി യമിന്റെ മുമ്പിലെ എലിസബത്തിന്റെ എളിമപ്പെടൽ! പരിശുദ്ധാത്മനിവേ ശിതമായ ഈ തിരുവചനസാക്ഷ്യമുണ്ടായിട്ടും കർത്താവിന്റെ അമ്മ യായ മറിയമിനെ *എന്റെ കർത്താവിന്റെ അമ്മ*യെന്ന് ആദരപൂർവം അംഗീകരിക്കാനും അവളുടെ സന്ദർശനത്തിനുപോലും അർഹതയി ല്ലെന്നു വിനയപ്പെടാനും അറിയാത്ത തിരുവചനപ്രഘോഷകരെയും കർത്തൃസാക്ഷികളെയും വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, നിന്റെ മുമ്പിൽ ഇവൻ പ്രത്യേകം ഓർക്കുന്നു. നിന്നെ എന്റെ കർത്താവിന്റെ അമ്മേ എന്നു വിളിക്കാനുള്ള പരിശുദ്ധാത്മനിറവ് അവർക്കു നല്കി ക്കണമെ. അവർ നിന്നെ *എന്റെ കർത്താവിന്റെ അമ്മ*യെന്ന് ആദര പൂർവം അംഗീകരിക്കുകയും വിളിക്കുകയും ചെയ്യുന്നില്ലെങ്കിലും നീ അവരെ സന്ദർശിക്കുകയും അഭിവാദനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യണമെ.

മറ്റുള്ളവരോടുള്ള എന്റെ അഭിവാദനങ്ങൾ അവരെ സന്തോഷി പ്പിക്കുന്നവയായിരിക്കാനുള്ള പ്രത്യേക കൃപ എനിക്കാവശ്യമുണ്ടെന്നു നിനക്കറിയാമല്ലോ അമ്മേ. അത് എനിക്കു വാങ്ങിത്തരണമെ. ഞാൻ നിന്റെ പുത്രനാലും പരിശുദ്ധാത്മാവിനാലും നിറഞ്ഞവനായി നിന്റെ

പുത്രന്റെ അജഗണത്തെ അഭിവന്ദനം ചെയ്യുന്നവനായിത്തീരാൻ എനിക്കുവേണ്ടി അപേക്ഷിക്കണമെ. അമ്മാനുയേലിനെ പ്രസവിച്ച രണ്ടാം ഹവ്വായായ നിനക്ക് രാത്രിയിൽ സമാധാനം ചൊല്ലുന്ന[123] ഞാൻ രാവിലെ മുതൽ രാത്രിവരെയും സമാധാനം അനുഭവിക്കുന്നവനും മറ്റുള്ളവർക്കു സമാധാനം നല്കുന്നവനുമായിരിക്കാൻ എനിക്കുവേണ്ടി അപേക്ഷിക്കണമെ.

**മറിയം എന്ന നാമം**

സിറിയാ-പാലസ്റ്റൈൻ മേഖലയിൽ വ്യാപകമായിരുന്നു മറിയം എന്ന പേര്. ഹീബ്രുവിനോടു സാമ്യമുണ്ടായിരുന്ന അവിടത്തെ ഭാഷയിലെ *റോം* എന്ന വാക്കാണ് മറിയം എന്ന പേരിന്റെ മൂലധാതു. അതിന് ഉന്നതം, ശ്രേഷ്ഠം, മഹത്ത് എന്നൊക്കെ വാച്യാർഥമുണ്ട്.[124] ഞങ്ങളുടെ അമ്മയായ മറിയമേ, പേരിനാൽത്തന്നെ നീ ഉന്നതയും, ശ്രേഷ്ഠയും, ഉത്കൃഷ്ടയും, മഹത്ത്വവതിയും മഹിമയുള്ളവളുമാണ്. മനുഷ്യകുലത്തെ വീണ്ടെടുക്കാൻവേണ്ടി ദൈവം താണിറങ്ങിവസിച്ചു ശരീരമെടുത്തത് നിന്നിൽനിന്നാണല്ലോ. നിന്നെക്കാൾ ഉന്നതയും ശ്രേഷ്ഠയും ഉത്കൃഷ്ടയും മഹത്ത്വവതിയും മഹിമയുള്ളവളുമായി മനുഷ്യകുലത്തിൽ വേറാരുമില്ല.

മറിയം എന്ന പേര് ഈജിപ്ഷ്യൻ പദമായ *മാറ*യോടു ബന്ധപ്പെടുത്തിയും വിചാരം ചെയ്യപ്പെട്ടിട്ടുണ്ട്. അവ്വിധത്തിൽ പേരിനർഥം സമ്പുഷ്ട, സംതൃപ്ത എന്നിങ്ങനെയാകും.[125] അത് അവളുടെ സൗന്ദര്യത്തിന്റെ സൂചകമാകും. സൗന്ദര്യം ആന്തരികമാണെന്ന് വേണ്ടത്ര വ്യക്തമാക്കപ്പെട്ടിട്ടുണ്ടല്ലോ. കൃപാപൂരിതയായ മറിയം സ്ത്രീകളിലേറ്റം സൗന്ദര്യവതിയാണ്. അവൾ ഏറ്റവും സംതൃപ്തയുമാണ്. അവളുടെ സംതൃപ്തിയുടെ കൃതജ്ഞതാഗാനമല്ലേ അവൾ സഖറിയായുടെ വീട്ടിൽ എലിസബത്തിന്റെ മുമ്പിൽ ആലപിച്ചത്! ഓ! മറിയമേ, ഞാൻ രാവുതോറും സഭയോടൊത്തു നിന്റെ ആ ഗാനം ആലപിക്കുന്നത് നിന്നെപ്പോലെ ആത്മാവിൽ സമ്പൂർണ സംതൃപ്തി അനുഭവിച്ചുകൊണ്ടാകാൻ അനുഗ്രഹിക്കണമെ! അതിന്റെ ആലാപനം നിന്റെകൂടെയായാൽ കൂടുതൽ സംതൃപ്തിദായകമാക്കാം, അല്ലേ?

---

[123] *ശ്ഹീമൊ*, മെനഗാ, വ്യാഴം രാത്രി ഒന്നാം കൗമാ, ബോവൂസൊ

[124] ഈ വ്സ്തുത 1929ൽ സിറിയാ-പാലസ്റ്റൈൻ മേഖലയിലെ റാഷ് ഷർമായിൽ / ഉഗറിറ്റിൽ കണ്ടെടുത്ത രേഖകൾ സൂചിപ്പിക്കുന്നു. *Dictionary of Mary*, St. Pauls, 2006, 360

[125] *Dictionary of Mary*, St. Pauls, 2006, 361

ഇനി, ഇജിപ്ഷ്യൻ പദമായ *മാറി*യോടു ബന്ധപ്പെടുത്തി. എങ്കിൽ നീ 'സ്നേഹിക്കപ്പെട്ടവൾ' ആണെന്ന്[126] മറിയം എന്ന പേരുതന്നെ പ്രസ്താവിക്കുന്നു. പിതാവായ ദൈവം നിന്നെ സ്നേഹിച്ചു. അതിനാലല്ലേ ദൈവം തന്റെ വാഗ്ദാനങ്ങളുടെയും ഒരുക്കങ്ങളുടെയും പൂർത്തീകരണത്തിനു തുടക്കംകുറിച്ച വചനിപ്പ് ഗബ്രിയേൽദൂതൻവഴി നടത്താൻ നിന്നെ തിരഞ്ഞെടുത്തതും നിന്നോടു നടത്തിയതും! പിതാവ് ഒരു കത്തെഴുതി ദൂതൻവഴി നസറത്തിൽ കന്യകയായ നിന്റെ പേർക്ക് അയച്ചുതന്ന് നിന്നെ നിയോഗിച്ചത്![127] നീ പിതാവിന്റെ വത്സലപുത്രിയാണ്. ശക്തനും പരിശുദ്ധനുമായവൻ നിനക്കു വലിയ കാര്യങ്ങൾ ചെയ്തുതന്നെന്നു നീതന്നെ സാക്ഷ്യഗാനം ആലപിച്ചിട്ടുണ്ടല്ലോ.[128] പുത്രനായ ദൈവം തനിക്കു ശരീരമെടുക്കാൻ മഹോന്നതങ്ങളിൽനിന്നു താണിറങ്ങി നിന്നിൽനിന്നു ശരീരമെടുക്കാൻതക്കവിധം നിന്നെ സ്നേഹിച്ചു. അവൻ തന്റെ ദൈവത്വത്തിനു ഭേദമൊന്നും വരുത്താതെയും നിന്റെ കന്യാത്വം സംരക്ഷിച്ചുകൊണ്ടും നിന്റെ ഉദരഫലമായി നിന്നിൽനിന്നു ജനിച്ചു. നിന്നെ അവൻ തന്റെ അമ്മയാക്കി. മരണനാഴികയിൽ നിന്നോടുള്ള സ്നേഹം തന്റെ കുരിശോളം ഉയരത്തിലെന്നു വെളിപ്പെടുത്തി. താൻ സ്നേഹിക്കുന്ന ശിഷ്യരുടെയല്ലാം അമ്മയാണ് നീയെന്ന് അവൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടപ്പോൾ വെളിപ്പെടുത്തുകയും ഔദ്യോഗികമായി നിന്നെ നിയമിക്കുകയും ചെയ്തു. ഈ ലോകത്തിൽനിന്നുള്ള നിന്റെ വേർപാടിന്റെ നിമിഷംതന്നെ അവൻ നിന്നെ സ്വർഗത്തിലേക്കു കരേറ്റി മഹത്ത്വംകൊണ്ടു കിരീടമണിയിച്ചു. നീ സ്വർലോകരാജ്ഞിയാണ്.

മറിയമേ, നീ പരിശുദ്ധാത്മാവിന്റെയും സ്നേഹപാത്രമാണ്. പരിശുദ്ധാത്മാവ് നിന്നെ തന്റെ വധുവാക്കി. അമ്മയുടെ ഉദരത്തിൽ ഉരുവാക്കപ്പെടുന്നതിനുമുമ്പേ വിശുദ്ധീകരിക്കപ്പെട്ടിരുന്ന നിന്റെ ഉദരത്തിന്റെ വിശുദ്ധീകരണം വിശുദ്ധീകരിക്കുന്നവനും ജീവദാതാവുമായ പരിശുദ്ധാത്മാവ് പൂർത്തിയാക്കിത്തികച്ചു. നിന്നിൽനിന്ന് എടുക്കപ്പെട്ട മനുഷ്യപ്രകൃതിയിൽ പിതാവിന്റെ നിത്യസുതനെ ഗർഭംധരിക്കാൻ നിന്നെ സജ്ജമാക്കിക്കൊണ്ട് ദൈവികമായി ഗർഭധാരണം സാധ്യമാക്കുകയും ചെയ്തു.[129] നീ പരിശുദ്ധനും ദൈവപുത്രനുമായവനെ വിശുദ്ധമായി ഗർഭംധരിക്കാൻ പരിശുദ്ധാത്മാവ് നിന്മേൽ വന്നു. നീ പരിശുദ്ധനും ദൈവപുത്രനുമായവനെ വിശുദ്ധമായി പ്രസവിക്കാൻ അത്യുന്നതന്റെ ശക്തി

---

[126] *Dictionary of Mary*, St. Pauls, 2006, 361 [127] *ശ്ഹീമൊ*, ബുധൻ രാത്രി ഒന്നാം കൗമാ, എക്ബൊ [128] ലൂക്കാ1,46-55 [129] *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, നമ്പർ 485

യായ പരിശുദ്ധാത്മാവ് നിന്മേൽ ആവസിച്ചു.[130] അങ്ങനെ നിന്റെ കന്യാത്വം സംരക്ഷിച്ചു. നിന്നെ നിത്യകന്യകയായി പരിപാലിച്ചു.

ഇന്നു നിന്നെ സ്നേഹിക്കുന്നവരുടെ എണ്ണം എണ്ണിത്തീർക്കാനാവില്ലല്ലോ! ഞങ്ങളുടെ അമ്മേ, നീ സർവത്ര സ്നേഹിക്കപ്പെടുന്നു. നീ ജാതിമതഭേദമില്ലാതെ 'സ്നേഹിക്കപ്പെട്ടവൾ' തന്നെ. കാരണം നിനക്കു സകലരും സ്നേഹിക്കപ്പെടേണ്ടവരാണ്. മഹാപാപിയായ എന്നെ നീ ഇത്രമാത്രം സ്നേഹിക്കുന്നതിന്റെ രഹസ്യം നിനക്കറിയാമെങ്കിലും എനിക്ക് അത്രയ്ക്കങ്ങറിഞ്ഞുകൂടാ. അമ്മയ്ക്കു മക്കളെ സ്നേഹിക്കാതിരിക്കാൻ പറ്റുകില്ലെന്നറിയാം. നിന്നെ സ്നേഹിക്കുന്നതിൽ ഞാൻ ഇനിയേറെ ഉയരണമെന്നറിഞ്ഞാശിക്കുന്നു. എന്റെ സ്നേഹം കുറഞ്ഞാലും എന്നെ സ്നേഹിക്കുന്നതിൽ തെല്ലും കുറവുണ്ടാകില്ലല്ലോ അമ്മേ.

നാഥൻ, കർത്താവ് എന്നിങ്ങനെ അർഥമുള്ള *മാർ /മാറാ* എന്ന അറമായ പദത്തിൽനിന്നാണ് മറിയം എന്ന പേരിന്റെ വ്യുത്പത്തിയെന്ന് വിശുദ്ധ ജറോം അഭിപ്രായപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് മറിയം എന്ന പേരിനർഥം നാഥ എന്നാണ്.[131] ഇതിനെ പിൻപറ്റിയാണ് കർത്താവിന്റെ അമ്മ മറിയമിന് മഡോണ (എന്റെ നാഥ) എന്ന് ഇറ്റാലിയനിലും നോതൃദാം (ഞങ്ങളുടെ നാഥ) എന്ന് ഫ്രെഞ്ചിലും തത്സമമായി ഔവർ ലേഡി എന്ന് ഇംഗ്ലീഷിലും പേരുണ്ടായത്. മറിയം എന്ന പേരിന് നാഥ എന്ന അർഥം പറഞ്ഞത് ഒരു ഭക്തവിചാരണയായി വിലമതിക്കാം.

## തിരുഗ്രന്ഥത്തിലെ മറിയനാമധാരികൾ

എന്റെ കർത്താവും എന്റെ ദൈവവുമായവന്റെ അമ്മേ, സ്ത്രീകളിൽ നിന്റെ നാമം എത്ര അനുഗൃഹീതം! വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, നിന്റെ നാമധാരികൾ എത്രയോ ധന്യർ! പേരിന്റെ കാര്യത്തിൽ രക്ഷാചരിത്രത്തിൽ നിനക്കുമുമ്പേ മോശയുടെയും അഹറോന്റെയും സഹോദരി മിറിയം ഉണ്ട്. തന്റെ സഹോദരന്റെ ഇടപെടൽവഴി താനുൾപ്പെടുന്ന സമൂഹം ചെങ്കടൽ കടന്നുകഴിഞ്ഞപ്പോൾ കർത്താവിനെ സ്തുതിച്ചുകൊണ്ടു ഗാനമാലപിച്ചെന്ന് മേലെഴുത്തു ചാർത്തപ്പെട്ട മിറിയം.[132] രക്ഷകനായ ദൈവം തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചതിന്റെ പൂർത്തീകരണം ഗബ്രിയേൽദൂതൻ

---

[130]വാലുപറമ്പിൽ, *ഇതാ, കർത്താവിന്റെ ദാസി*, 45-47; Ignace de la Potterie, *Mary in the Mystery of the Covenant*, 71

[131]വി. ജറോം പറയുന്ന അറമായ പദമനുസരിച്ച് നാഥ എന്ന അർഥമുള്ള അറമായ വാക്ക് മർത്താ എന്നാകണം; മറിയം എന്നാകില്ല

[132]പുറ 15,20-21

നിന്നോടു ചെയ്ത വചനിപ്പിൽ തിരിച്ചറിഞ്ഞ് നിന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുകയും നിന്റെ ഉള്ളം രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുകയും ചെയ്തപ്പോൾ നീയും ഗാനമാലപിച്ചു.[133] മിറിയം മോശയെ എതിർത്തതിനാൽ ഏഴു നാളിലേക്കെങ്കിലും ശിക്ഷിക്കപ്പെട്ടു. നീയാകട്ടെ ദൈവഹിതത്തിനു വിരുദ്ധമായി ഒരിക്കലും നിനയ്ക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. ഹവ്വാവഴിയുണ്ടായ ശാപം നീ കർത്താവിന്റെ വചനംപോലെ നിന്നിൽ നിറവേറാൻ സ്വയം സമർപ്പിച്ചുകൊണ്ടു നീക്കിക്കളഞ്ഞു. മിറിയമിന്റെ തത്കാല എതിർപ്പിനെയും നീ തിരുത്തി.

യൂദായുടെ വംശാവലിയിൽ എസ്രായുടെ സന്തതിപരമ്പരയിൽ മറിയം എന്നു പേരുള്ള ഒരു പുരുഷനെയും തിരുഗ്രന്ഥത്തിൽനിന്നു മറിയം ഓർത്തിട്ടുണ്ടാകും.[134] ഇന്നും എത്രയോ പുരുഷന്മാരുടെ പേരുകൾ അവളുടെ പേരു തൊട്ടുതുടങ്ങുന്നു! അവളുടെ പേരോർക്കാതെ സ്വന്തം പേരോർക്കാൻ സാധ്യമല്ലാത്തവിധം അവളുടെ പേരിനോടു പറ്റിച്ചേർന്നുനില്ക്കാനുള്ള അവരുടെ ഭാഗ്യം! മറിയമേ, നിന്റെ നാമധാരികളായ അവർക്കു നീ പ്രത്യേകസംരക്ഷണം നല്കണമെ!

വിശുദ്ധ മറിയമേ, നിനക്കു നേരിട്ടറിയാമെന്നു പുതിയനിയമം സൂചന നല്കുന്ന സ്ത്രീകളായ മറിയമാരെയും ഞങ്ങളോർക്കുന്നു. ഒന്നാമത്, നിന്റെ മകന്റെ സഹോദരന്മാരെന്നു പറയപ്പെട്ടിട്ടുള്ള (ചെറിയ)യാക്കോബ്, യോസെ(ഫ്), യൂദാസ്, ശിമയോൻ എന്നിവരുടെ അമ്മയും ക്ലോഫാസിന്റെ ഭാര്യയുമായ (മറ്റെ)മറിയം.[135] അവൾ നിന്റെ മകൻ യേശു കുരിശിൽ മരിക്കുന്നതും അതോടനുബന്ധിച്ചു നടന്ന സംഭവങ്ങളും കണ്ടുനിന്ന സ്ത്രീകളിൽ ഒരുവളാണ്. അങ്ങനെ അവൾ നിന്റെ ആത്മാവിലൂടെ വാളിന്റെ തുളച്ചുകയറൽ ഗൊല്ഗോഥായിൽ പൂർത്തിയായ നിമിഷങ്ങളിൽ സംഭവിച്ചവയെല്ലാം കണ്ടുകൊണ്ട് അല്പം ദൂരെയായി നിന്ന് നിന്റെ വേദനയിൽ അനല്പമായി പങ്കുകൊണ്ടു. ഇവൾ സാബത്ത് കഴിഞ്ഞപ്പോൾ സുഗന്ധദ്രവ്യങ്ങൾ വാങ്ങി ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ കല്ലറയിങ്കലേക്കു പോകുകയും, അവിടെ അവന്റെ ഉയിർപ്പിന്റെ സുവിശേഷം കേൾക്കുകയും, അതിന്റെ സാക്ഷ്യങ്ങൾ കാണുകയും, അതെല്ലാം അപ്പോസ്തലന്മാരോടു പറയുകയും ചെയ്ത സ്ത്രീകളിൽ ഒരുവളാണ്.[136] അങ്ങനെ അവൾ നിനക്ക് ആനന്ദത്തിന്റെ സുവിശേഷം വീണ്ടും കേൾക്കാൻ വഴിയൊരുക്കിയ സ്ത്രീകളിൽ ഒരുവളാണ്. നിനക്കും അവൾക്കും ഒരേ പേരായത് അനുഗ്രഹപ്രദംതന്നെ.

---

[133] ലൂക്കാ 1,46–55 [134] 1ദിന 4,17 [135] മർക്കോ 6,3;15,40.47; 16,1–8; മത്താ 27,56.61;28,1–10;യോഹ 19,25; വാലുപറമ്പിൽ, ഇതാ, *കർത്താവിന്റെ ദാസി*, 116–117
[136] ലൂക്കാ 23,49–24,10

അടുത്തത്, മഗ്ദലേന മറിയം. ഏഴു ദുഷ്ടാത്മാക്കൾ നിറഞ്ഞവളായിരുന്നു - പരിപൂർണമായി പിശാചിന്റെ പിടിയിലായിരുന്നു. നിന്റെ പുത്രൻ അവളെ സ്വതന്ത്രയാക്കി.[137] അവൾ ഗലീലിയിൽനിന്നു ഗൊല്ഗോഥായിലേക്കും കല്ലറയിങ്കലേക്കും അവനെ അനുഗമിച്ച സ്ത്രീകളിലോരുവളാണ്. അവളും യേശു കുരിശിൽ മരിക്കുന്നതും അതോടനുബന്ധിച്ചു നടന്ന സംഭവങ്ങളും കണ്ടുനിന്ന സ്ത്രീകളിലുണ്ട്. അങ്ങനെ അവളും നിന്റെ ആത്മാവിലൂടെ വാളിന്റെ തുളച്ചുകയറൽ ഗൊല്ഗോഥായിൽ പൂർത്തിയായ നിമിഷങ്ങളിൽ സംഭവിച്ചവയെല്ലാം കണ്ടുകൊണ്ട് അല്പം ദൂരെയായി നിന്ന് നിന്റെ വേദനയിൽ അനല്പമായി പങ്കുകൊണ്ടു. ഇവളും സാബത്ത് കഴിഞ്ഞപ്പോൾ സുഗന്ധദ്രവ്യങ്ങൾ വാങ്ങി ആഴ്ചയുടെ ആദ്യ ദിവസം അതിരാവിലെ കല്ലറയിങ്കലേക്കു പോകുകയും, അവിടെ അവന്റെ ഉയിർപ്പിന്റെ സുവിശേഷം കേൾക്കുകയും അതിന്റെ സാക്ഷ്യങ്ങൾ കാണുകയും അതെല്ലാം അപ്പോസ്തലന്മാരോടു പറയുകയും ചെയ്ത സ്ത്രീകളിൽ ഒരുവളാണ്. അങ്ങനെ അവളും നിനക്ക് ആനന്ദത്തിന്റെ സുവിശേഷം വീണ്ടും കേൾക്കാൻ വഴിയൊരുക്കിയ സ്ത്രീകളിൽ ഒരുവളത്രെ. യേശു ഉയിർപ്പിക്കപ്പെട്ടെന്ന സത്യം അവന്റെ കല്ലറയ്ക്കകത്തു വച്ചുതന്നെ അവൾ കേട്ടെന്നു മാത്രമല്ല, കല്ലറയ്ക്കു വെളിയിൽവച്ച് അവനെ കാണുകയും, അവൻ അവളെ മറിയം എന്നു വിളിക്കുകയും അവൾ അവനെ റബ്ബോനി - ഗുരു - എന്നു തിരിച്ചുവിളിക്കുകയും ചെയ്തു.[138] അവളുടെ ഈ വിളി താൻ യേശുവിന്റെ ശിഷ്യയായതുമുതൽ അവനോടു ഹൃദയകുണ്ഠത്തിൽ ആളിക്കത്തിക്കൊണ്ടിരുന്ന സ്നേഹാഗ്നിയുടെ ഉജ്ജ്വലോച്ഛ്വാസമല്ലോ! പൈശാചികബന്ധനത്തിൽനിന്ന് യേശുവിനാൽ മോചിതരായവർക്കും - മാനസാന്തരപ്പെട്ട പാപികൾക്കും, പൈശാചികബന്ധനത്തിൽനിന്ന് യേശുവിനാൽ മോചിതരാകേണ്ടവർക്കും - മാനസാന്തരപ്പെടേണ്ടവർക്കും, ധൈര്യമേകുന്ന മഗ്ദലേന മറിയം! യേശുവിന്റെ ഉയിർപ്പോർക്കുന്ന ശുശ്രൂഷകൾ നിർവഹിക്കുമ്പോൾ അവൻ എന്നെ പേരുചൊല്ലി വിളിക്കുന്നതു കേൾക്കാനും റബ്ബോനി - ഗുരു - എന്ന് 'ഇരുട്ടായിരിക്കുമ്പോൾത്തന്നെ' അവന്റെ സ്വരവും അവനെയും തിരിച്ചറിയാനും എന്നെ വെല്ലുവിളിക്കുന്ന അവളുടെ ഗുരു-ശിഷ്യബന്ധം! 'ഇരുട്ടായിരിക്കുമ്പോൾത്തന്നെ' യേശുവിനെയും അവന്റെ സ്വരവും തിരിച്ചറിയാൻ പതിനായിരങ്ങൾക്കു പതിന്മടങ്ങു പ്രചോദനമേകി പ്രശോഭിക്കുന്ന മഗ്ദലേന മറിയം!

മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാന്റെ അമ്മ മറിയമിനെ അപ്പ 12,12ൽ ലൂക്കാ പരിചയപ്പെടുത്തുന്നു. യാക്കോബിനെ വധി

[137] ലൂക്കാ 8,2 [138] യോഹ 20,11-18

ച്ചത് യഹൂദരെ പ്രീതിപ്പെടുത്തിയെന്നു ഹേറോദേസ്‌രാജാവ കണ്ടു. അതേവിധം പത്രോസിനെയും കൈകാര്യം ചെയ്യാനുള്ള പദ്ധതിയുടെ പ്രാരംഭമായി അവനെ ജറുസലേമിലെ ജയിലിൽ അടച്ചിരുന്നു. രാത്രി കർത്താവിന്റെ ഒരു ദൂതൻ പത്രോസിനെ മോചിപ്പിച്ച് അവനെയുംകൂട്ടി നഗരകവാടവും കടന്ന് തെരുവും പിന്നിട്ടു. അപ്പോൾ ദൂതൻ പെട്ടെന്ന് പത്രോസിനെ വിട്ടുപോയി. പരിസരബോധവും തുടർന്നു കാര്യബോധവുമുണ്ടായപ്പോൾ പത്രോസ് പോയത് മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാന്റെ അമ്മ മറിയമിന്റെ വീട്ടിലേക്കാണ്. അവിടെ വളരെയേറെ ആളുകൾ സമ്മേളിച്ച് പത്രോസിനുവേണ്ടി തീക്ഷ്ണമായി പ്രാർഥിച്ചുകൊണ്ടിരിക്കുകയായിരുന്നു.[139] മർക്കോസിന്റെ അമ്മ മറിയം തന്റെ വീട് ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന അപ്പോസ്തലന്മാർക്കും മറ്റുള്ളവർക്കുംവേണ്ടി പ്രാർഥിക്കാനുള്ള സമ്മേളനസ്ഥാനമായി വിട്ടുകൊടുത്തവളാണ്. അക്കാരണത്താൽത്തന്നെ താനും രക്തസാക്ഷിയാകാനുള്ള സാധ്യത കണ്മുമ്പിൽ കണ്ടുകൊണ്ടാണ് അവൾ തന്റെ ഭവനം പ്രാർഥനാസമ്മേളത്തിനു വേദിയാക്കിയത്. അവളുടെ വീട് പതിവായി പ്രാർഥനാസമ്മേളനത്തിൻെറയും പത്രോസിന്റെ സുവിശേഷപ്രസംഗങ്ങളുടെയും ഭവനമായിരുന്നു. ആ പരിചയത്തിന്റെ ബലത്തിലല്ലേ ദൈവദൂതൻ പെട്ടെന്നു വിട്ടുപോയപ്പോൾ പരിസരബോധവും തുടർന്നു കാര്യഗ്രഹണവും ഉണ്ടായ പത്രോസ് നേരേ ആ വീട്ടിലേക്കു പോയത്. വാതിൽ തുറക്കാതെതന്നെ അവളുടെ വേലക്കാരി റോദായ്ക്ക് അവന്റെ സ്വരം തിരിച്ചറിയത്തക്കപോലെ ആ ഭവനത്തിന് പത്രോസിനെ പരിചയമായിരുന്നു! ആ ഭവനത്തിന്റെ അമ്മ മറിയമിന്റെ ക്രിസ്തുസ്നേഹവും പത്രോസിന്റെ അവിടത്തെ സ്മരണീയ സാന്നിധ്യങ്ങളുമാകണം ആ അമ്മയുടെ മകൻ മർക്കോസിനെ പത്രോസിന്റെ സഹപ്രവർത്തകനും,[140] പത്രോസിന്റെ പ്രസംഗങ്ങളുടെ സമാഹർത്താവും ലേഖകനും,[141] പൗലോസിന്റെയും ബർണബാസിന്റെയും സഹപ്രവർത്തകനും[142] ആക്കിയത്. മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാന്റെ അമ്മ മറിയം ക്രൈസ്തവരായ അമ്മമാർക്ക് ഉത്തമമാതൃകയാകുന്നു. അവളും അവളുടെ മകനും യേശുക്രിസ്തുവിന്റെ ധീരയോദ്ധാക്കൾ! മറിയമേ, അഭിവന്ദനങ്ങൾ! നിന്നെപ്പോലെയുള്ള ഏറെ അമ്മമാരെ ഇന്ന് യേശുവിന് അടിയന്തരമായി ആവശ്യമുണ്ട്.

---

[139]അപ്പ 12,1-17 [140]1 പത്രോ 5,13 [141]മർക്കോസ് സമാഹരിച്ച പത്രോസിന്റെ പ്രസംഗങ്ങളാണ് മർക്കോസിന്റെ സുവിശേഷത്തിന്റെ പ്രഥമ ഉറവിടം എന്നാണല്ലോ പാരമ്പര്യം [142]അപ്പ 12,25;13,5.13. 15,37; കൊളോ 4,10; 2 തിമോ 4,11; ഫിലെ 24

വിശുദ്ധ ഗ്രന്ഥത്തിൽ അവസാനമായി നാം കാണുന്ന മറിയനാമ ധാരി റോമിലെ സഭയ്ക്കുവേണ്ടി അവിടത്തെ സഭാംഗങ്ങളുടെയിട യിൽ ''കഠിനാധ്വാനം ചെയ്ത'' ഒരു ക്രൈസ്തവവ്യക്തിയാണ്.[143] പുരുഷനോ സ്ത്രീയോയെന്ന് വ്യക്തമല്ല. പൗലോസ് റോമായിലെ സഭാംഗങ്ങളോട് അഭ്യർഥിക്കുന്നു: *നിങ്ങളുടെയിടയിൽ കഠിനാധ്വാനം ചെയ്ത മറിയ മിനും അഭിവാദനം നല്കുവിൻ*. പൗലോസിന്റെയും റോമിലെ സഭയു ടെയും പ്രത്യേക പരാമർശവും അഭിവാദനവും അർഹിക്കുന്ന ശുശ്രൂഷ റോമിലെ സഭാംഗങ്ങളുടെയിടയിൽ നിർവഹിച്ചയാളാണ് അവിടത്തെ മറിയം. ഈ മറിയവും അനുകരണീയ മാതൃകതന്നെ.

വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, നിന്റെ നാമം ഉച്ചരിക്കു മ്പോൾ നിന്റെ നാമധാരികളായി ഇന്നു ലോകത്തുള്ള സകലരെയും ഞങ്ങൾ പ്രത്യേകമായി ഓർക്കട്ടെ. അവരോരോരുത്തരും തങ്ങളായി രിക്കുന്ന സ്ഥലങ്ങളിലും സ്ഥാനങ്ങളിലും നിന്റെ നാമത്തിന്റെ വിശുദ്ധ സാന്നിധ്യങ്ങളായിരിക്കാൻ അനുഗ്രഹിക്കണമെ. അവർക്കുവേണ്ടി നീ തമ്പുരാനോട് പ്രത്യേകം അപേക്ഷിച്ചുകൊണ്ടിരിക്കണമെ.

**പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ.**

വിശുദ്ധ മറിയമേ, പാപത്തിന് അധീനയാകാതെതന്നെ നീ പാപ ത്തിന് അധീനരായിത്തീർന്നവരും യഥാർഥ്യത്തിൽ പാപികളായി ത്തീർന്നവരുമായ മനുഷ്യകുലത്തിനു രക്ഷകനെ നല്കിക്കൊണ്ട് മനു ഷ്യർക്കു മധ്യസ്ഥയായവളാകുന്നു. പാപികൾക്കും രക്ഷകനായ യേശുവി നുമിടയിൽ നീ മധ്യസ്ഥയാക്കപ്പെട്ടു - ദൈവം നിന്നെ മധ്യസ്ഥയാക്കി.

നമ്മൾ ആവശ്യപ്പെടാതെതന്നെ വിശുദ്ധ മറിയം നമ്മുടെ ഇല്ലായ്മ കളും ആവശ്യങ്ങളും നോക്കിക്കണ്ടറിഞ്ഞ് തന്റെ പുത്രനെ അറിയിക്കും. നമുക്കുറപ്പുണ്ട്. അവൻ അവളുടെ അഭ്യർഥന സ്വീകരിച്ച് നമുക്ക് ആവശ്യ മായതിലുമധികം തന്നു നമ്മെ അനുഗ്രഹിക്കും. ഈ വസ്തുത ''മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ നടന്ന വിവാഹവിരുന്നിൽ'' വെളി പ്പെടുത്തപ്പെട്ടതാണ്.[144] കാനായിലെ വിവാഹത്തിൽ യേശു നല്കിയ വീഞ്ഞ് വിരുന്നിന് അത്യാവശ്യമായ ഒരു വിഭവവും, സ്വർഗീയ മണ വാളനായ യേശുവിന്റെ വിവാഹവിരുന്നിൽ സംബന്ധിക്കുന്നവർക്കു ലഭിക്കുന്ന അതിരറ്റ ആനന്ദത്തിന്റെ അടയാളവുമാണ്.[145] നമുക്കാവശ്യ

[143]റോമ 16,6 [144]യോഹ 2,1-12

[145]വാലുപറമ്പിൽ, ഇതാ, *കർത്താവിന്റെ ദാസി*, 76-115

മായ ആധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങൾ പരിഹരിക്കാൻ വിശുദ്ധ മറിയം തന്റെ പുത്രനായ തമ്പുരാന്റെ (കർത്താവിന്റെ) പക്കൽ മാധ്യസ്ഥം വഹിക്കും.

കൃപ നിറഞ്ഞ മറിയമേ എന്ന പ്രാർഥനയിൽ ഒരപേക്ഷ മാത്രമേ നാം തമ്പുരാന്റെ അമ്മയായ വിശുദ്ധ മറിയമിന്റെ മധ്യസ്ഥതയ്ക്കു സമർപ്പിക്കുന്നുള്ളു. അതും നാം പാപികൾ എന്ന നിലയ്ക്ക്. ഇത് തികച്ചും ഉചിതമാണ്. എന്തെന്നാൽ, പാപത്തിലേക്കു സ്വതേ ചായ്‌വുള്ള മനുഷ്യത്വത്തോടെയാണ് നാം ജനിക്കുന്നത്. നാം യഥാർഥ്യത്തിൽ പാപികളുമാണ്. അവളാണെങ്കിൽ സർപ്പത്തിന്റെ തല തകർത്ത സന്തതിയുടെ അമ്മയായ 'സ്ത്രീ'യാണ്. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന വിശുദ്ധ തരാസിയുസ് എഴുതിയിട്ടുള്ളതുപോലെ, ''അഭിലാഷങ്ങളുടെ മനുഷ്യനായ ദാനിയേൽപ്രവാചകൻ, പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കാനും അവന്റെ ശക്തിയെ ചിതറിക്കാനുമുള്ള മൂലക്കല്ലായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നു. ആ കല്ല് അത്ഭുതപർവതമായ മറിയമിൽനിന്നാണ്.''[146] നമുക്കു പാപമോചനവും വിശുദ്ധിയും വേണം. പ്രാർഥനയുടെ ഈ ഘട്ടത്തിൽ വിശുദ്ധ മറിയമേ എന്നു വിളിക്കുന്നതിന്റെ പ്രഥമ താത്പര്യം നമുക്കു വിശുദ്ധി വേണമെന്നാണെന്ന് നാം മുകളിൽ ധ്യാനിച്ചു.[147] വിശുദ്ധിക്ക് പാപമോചനവും വിശുദ്ധീകരണവും പാപത്തിൽ വീഴാതിരിക്കാനുള്ള ശക്തിയും കൃപയും നമുക്കാവശ്യമാണ്. അവൾ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പേ ദൈവമായ കർത്താവിനാൽ വിശുദ്ധീകരിക്കപ്പെട്ടവളാണ്. പാപരഹിതയാണ്. സമ്പൂർണവിശുദ്ധയാണ്. തന്റെ പുത്രന്റെ മുമ്പിൽ ശക്തയായ മധ്യസ്ഥയാണ്. പുത്രൻതന്നെ നമ്മെ അവളുടെ മക്കളായി ഏല്പിച്ചിട്ടുള്ളതാണ്. ഏല്പിക്കപ്പെട്ടവർ ക്കെല്ലാംവേണ്ടി ഏല്പിച്ചവന്റെ മുമ്പിൽ മാധ്യസ്ഥം വഹിക്കാൻ അവളെപ്പോലെ അവകാശമുള്ളവളും സന്നദ്ധയും ശക്തയുമായി മനുഷ്യകുലത്തിൽ വേറെയാരുമില്ല. മക്കളായ നമുക്ക് അവകാശവുമുണ്ട്. പരിപൂർണവിശുദ്ധയായ ആ അമ്മയുടെ പാപികളായ മക്കളാണെന്ന ഉൾബോധത്തോടെയും അനുതാപത്തോടെയും അതേസമയം ധൈര്യത്തോടെയും നമുക്ക് നമ്മുടെ അമ്മയെ സമീപിക്കാം.

ഓരോ ഇപ്പോഴും നമുക്കു നിർണായകമാണ്, വിലപ്പെട്ടതുമാണ്. കാരണം, നമ്മുടെ ഈ താത്കാലികവും അസ്ഥിരവുമായ ജീവിതത്തിൽ നാമെത്തിപ്പെട്ടിരിക്കുന്ന ഓരോ ഇപ്പോഴിനെക്കുറിച്ചു മാത്രമേ

---

[146] വെള്ളിയാൻ, *മാതൃമഹിമ*, 26നോടു കടപ്പാട്  [147] പുറം 250-251

നമുക്കുറപ്പുള്ളു. നാമെടുത്തുകൊണ്ടിരിക്കുന്ന ശ്വാസം പൂർത്തിയാക്കാനൊക്കുമോയെന്നുപോലും നമുക്കു തീർച്ചയില്ല. അതിനാൽ, നമ്മുടെ 'എല്ലാ ശ്വാസവും' തമ്പുരാന്റെ അമ്മയായ വിശുദ്ധ മറിയമിനെ ഓർക്കട്ടെ! ഓരോ ഇപ്പോഴും അവളുടെ മാധ്യസ്ഥം നമുക്കാവശ്യമാണ്. ഓരോ ഇപ്പോഴിലും നമ്മുടെ അമ്മ നമുക്കുവേണ്ടി തന്റെ പുത്രനായ തമ്പുരാനോട് അപേക്ഷിക്കാൻ സന്നദ്ധയും സന്തോഷവതിയും ശ്രദ്ധാലുവുമാണ്. അവൾ നമ്മുടെ ഓരോ ഇപ്പോഴിനെക്കുറിച്ചും തത്പരയായിയിരിക്കുന്നതിന് അനുസൃതം നാം നമ്മുടെ ഓരോ ഇപ്പോഴിനെക്കുറിച്ചും തത്പരരായെങ്കിൽ! നമ്മുടെ ഒരു ഇപ്പോഴുപോലും നാമായിട്ടു പാഴാക്കാതിരിക്കാൻ ഇടയായെങ്കിൽ! അമ്മയുടെ നാമം എന്റെ ഓർമയുടെ നാവിൽനിന്നുതിരാത്ത ഒരു ഇപ്പോഴും എന്റെ ജീവിതത്തിൽ ജനിക്കാതിരുന്നെങ്കിൽ!

ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ. ഈ ലോകത്തിലെ നമ്മുടെ അവസാനത്തെ ഇപ്പോഴാണല്ലോ നമ്മുടെ മരണസമയം. ഒരു വ്യക്തിയുടെ ലോകജീവിതത്തിലെ എല്ലാ ഇപ്പോഴുകളുടെയും പൂർത്തീകരണം. പാപികളായ നമുക്കു മരണം സുനിശ്ചിതമാണ്. അത് മാനുഷികതയുടെ ഭാഗവും മനുഷ്യത്വത്തിന്റെ പാപബദ്ധത നിമിത്തമുള്ള ഓരോരുത്തരുടെയും പാപത്തിന്റെ ശിക്ഷയുമാണ്. മരണത്തിന്റെ വരവിന്റെ സമയം നമുക്കാർക്കും സങ്കല്പിക്കാനാവില്ല. അതിന്റെ കടന്നുവരവ് നമ്മുടെ പ്രായമനുസരിച്ചല്ല. എപ്പോഴും ഓർക്കുക, മരണം തൊട്ടടുത്തുതന്നെയുണ്ട്.

മനുഷ്യന്റെ എല്ലാ ഇപ്പോഴുകളും നിർണായകമാണെങ്കിലും മരണസമയംപോലെ അതിനിർണായകമായ ഒരു ഇപ്പോഴ് ഒരു മനുഷ്യവ്യക്തിയുടെയും ജീവിതത്തിൽ വേറെയില്ലല്ലോ. ഇത്, ഒരുതരത്തിൽ പറഞ്ഞാൽ, ഏറ്റവും അപകടകരമായ ഇപ്പോഴ് ആണ്. അത്യധികം കൈപ്പുള്ളതും ദുഃഖകരവും ഭയങ്കരവും കഠിനതമവുമാകുന്നു. എന്റെ ആത്മാവും ശരീരവും സാത്താനെയും സൈന്യങ്ങളെയും ഭയപ്പെടുന്നുണ്ടോ? ചുറ്റും ഭീഷണിയാണോ? എനിക്കെതിരെ അവർ ഒന്നുചേർന്നിരിക്കുന്നോ? ഈ അവസാന ഇപ്പോഴിൽ എന്റെ പ്രത്യാശയുറച്ചിരിക്കുന്നതും ഞാൻ അപേക്ഷിക്കുന്നതും എനിക്കു തിരുത്താനാവില്ല. കർത്താവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു എന്നും എന്റെ ദൈവം നീയാണ് എന്നും പ്രഖ്യാപിക്കുമോ? എന്റെ ആത്മാവ് ശരീരത്തോട് എന്തു പറയും? വിദേശവാസിയായിരുന്ന എനിക്ക് വീട്ടുടമസ്ഥൻ ആൾ വിട്ടതിനാൽ എനിക്ക് ഉടൻതന്നെ പോയേ പറ്റൂ. കർത്താവിന് ഇഷ്ടമു

ള്ളിടത്തോളം കാലം ഞാൻ പാർത്ത സുന്ദരമായ താത്കാലിക ഭവനമേ, ശരീരമേ, നിനക്കു സമാധാനം; ഇനി ഉയിർപ്പുവരെ സമാധാനത്തോടെ വസിക്കുക എന്നു പറയുമോ? ദൈവപുത്രൻ മരിച്ചിറങ്ങിവന്ന് ജീവന്റെ സുവിശേഷം മരിച്ചവരോടു പ്രസംഗിച്ച സ്ഥാനത്ത് ഞാൻ പ്രത്യാശയിൽ വസിക്കുമെന്ന്[148] ശരീരം ആത്മാവിനോടു പറയുമോ? ''മരണനിഴലുകൾ എന്നെ മറച്ചതിനാൽ പാതാളത്തിൽ നിന്റെ സ്ലീബാ എന്നെ പ്രകാശിപ്പിക്കുമാറാകണമെ. ഞങ്ങളുടെ രക്ഷയ്ക്കായി വന്ന മിശിഹാ, നീ എനിക്ക് അനുയാത്രികനും സങ്കേതസ്ഥാനവുമായിരിക്കണമെ.''[149] എന്ന് യേശുവിനോടു പറയുമോ? ''നിങ്ങളിൽനിന്ന് എന്നെ വേർപെടുത്തിയ ദൈവത്തെയോർത്ത് പ്രാർഥനയിൽ എന്നെ ഓർക്കുവിൻ'' എന്നു പ്രിയരോടും,[150] ''ഞാൻ നിങ്ങളുടെ അടുക്കൽനിന്ന് ദൈവത്തിന് ഇഷ്ടമുള്ളിടത്തേക്കു പോകേണ്ടതിനായി നിങ്ങൾ പ്രാർഥിക്കുവിൻ'' എന്നു മാതാപിതാക്കന്മാരോടും[151] നമ്മൾ പറയുന്നു.

വിശുദ്ധ മറിയം സ്വന്തം പുത്രന്റെ ഈലോകജീവിതത്തിലെ അവസാനത്തെ ഇപ്പോഴിൽ മരണക്കിടക്കയ്ക്കരികെ നിന്ന് അവന്റെ പ്രത്യാശയുടെ വലിയ ശബ്ദത്തിലുള്ള അപേക്ഷ കേട്ടതാണ്. *പിതാവേ, നിന്റെ കരങ്ങളിലേക്ക് എന്റെ ആത്മാവിനെ ഞാൻ ഏല്പിക്കുന്നു.*[152] *അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു, ഇനിയും മഹത്ത്വപ്പെടുത്തും.* ഇടിമുഴക്കംപോലെ മാലാഖ സംസാരിച്ചു.[153] അതിനുമുമ്പേ, *യേശുവേ, നീ നിന്റെ രാജ്യത്തു വരുമ്പോൾ എന്നെയും ഓർക്കണമേ* എന്ന് ക്രൂശിതരായിരുന്ന കുറ്റവാളികളിൽ ഒരുവൻ അപേക്ഷിച്ചതും, യേശു മറുപടിയായി, *സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും* എന്നു പറഞ്ഞതും[154] അവൾ കേട്ടിരുന്നതാണ്.

'സ്വർഗീയ മധ്യസ്ഥ'യായ മറിയമിനെക്കുറിച്ചു വി. ജോൺ ക്രിസോസ്റ്റോം നമ്മെ ധൈര്യപ്പെടുത്തുന്നു:

> മറിയമാകട്ടെ, താൻ ജന്മം കൊടുത്തവന് മനുഷ്യസ്വഭാവം പ്രദാനം ചെയ്യുന്നു. അവൾവഴി നമ്മുടെ പാപങ്ങൾക്കു മോചനം ലഭിച്ചിരിക്കുന്നു. കന്യാംബേ, ഞങ്ങളുടെ സഭയുടെ മഹത്ത്വവും സിംഹാസനവുമായവളേ, അതിന്റെ അടിസ്ഥാനവും അഭയവുമായവളേ, സ്വസ്തി. അന്ത്യവിധിനാളിൽ

[148] അപ്പ 2,26 [149, 150, 151] മാർ അപ്രേമിന്റെ ബോവൂസാ, *മലങ്കര സുറിയാനി കത്തോലിക്കാ സഭ*, പുരുഷന്മാരുടെ ശവസംസ്കാരം, മൂന്നാം ശുശ്രൂഷ [152] ലൂക്കാ 23,46
[153] യോഹ 12,28-29 [154] ലൂക്കാ 23,40-43

ഞങ്ങളുടെമേൽ കനിവുണ്ടാകാൻ ഞങ്ങളുടെ കർത്താവായ നിന്റെ തിരുസുതനോട് നിന്റെ മാധ്യസ്ഥംവഴി തീക്ഷ്ണമായി പ്രാർഥിക്കണമെ. ദൈവത്തെ സ്നേഹിക്കുന്നവർക്കായി നീക്കിവച്ചിരിക്കുന്നതെല്ലാം ഞങ്ങൾ സ്വീകരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക. പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊത്ത് ആർക്ക് ശക്തിയും ബഹുമാനവും മഹത്ത്വവും ഉചിതമായിരിക്കുന്നുവോ ആ നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപയാൽ എന്നും എന്നേക്കും. ആമ്മീൻ.[155]

വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും അന്ത്യവിധിനാളിലും തമ്പുരാനോട് അപേക്ഷിച്ചുകൊണ്ടിരിക്കാനുള്ള അനുഗൃഹീത സ്ഥാനം നിനക്കുണ്ട്. എന്തെന്നാൽ, ദൈവം നിന്നിൽ നിന്നു ശരീരമെടുത്താണ് ആദാമിന്റെ മക്കളായ ഞങ്ങളെ മരണത്തിന്റെ അടിമത്തത്തിൽനിന്നു വീണ്ടെടുത്തത്. ഞങ്ങളുടെ വിശുദ്ധയായ അമ്മയുടെ അനന്യമായ ഈ അനുഗ്രഹത്തിന്റെ ശക്തിയിൽ ഞങ്ങൾ ആശ്രയിക്കുന്നു. നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു:

ഹാ, നിൻ ഭാഗ്യം ദാവീദിൻ
മകൾ മറിയാമേ,
ദൈവം നിന്നിൽനി-
ന്നു ശരീരം പൂ-ണ്ടി-
ട്ടാദാമ്യരെയടിമത്തമൊഴി-
ച്ചെല്ലാം വീണ്ടു.

ദൈവമാതാവേ, അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പേ ദൈവം വിശുദ്ധീകരിച്ചവളേ, ദൈവത്തിന്റെ രക്ഷാകരകൃപയാൽ പൂരിതയായ ഞങ്ങളുടെ അമ്മേ, വിശുദ്ധ മറിയമേ, പാപികളായ ഈ മക്കൾക്കുവേണ്ടിയുള്ള നിന്റെ മാധ്യസ്ഥം ഇവർ നിന്റെ പുത്രനും നമ്മുടെ വിശുദ്ധീകരണവുമായ യേശുമിശിഹാ മുഖാന്തരം വിശുദ്ധീകരിക്കപ്പെടാനും വിശുദ്ധരായിത്തീരാനും ഉതകുമാറാകട്ടെ. ഞങ്ങളുടെ വിശുദ്ധ അമ്മേ, നിന്റെ പക്കലേക്കുള്ള ഞങ്ങളുടെ ഓരോ ചുവടും ഓരോ വിളിയും ഞങ്ങളുടെ വിശുദ്ധീകരണത്തിനു മധ്യസ്ഥത തേടിയുള്ളതാകാനും ഇടയാക്കണമെ. ആമ്മീൻ.

---

[155] വെള്ളിയാൻ, Metaphrasten-ൽനിന്നു വിവർത്തനം, *മാതൃമഹിമ*, 71-72